എറകോന്നി പുത്തൻപുര
കുടുംബ ചരിത്രം

Malayalam
Erakonny Puthenpura Kudumba Charithram
by
Joseph Mathew Ancheril M. Sc.
and
K. I. Varkey Kizhakkekara Peedikayil B. Sc., B. T.

First published
March 1972

Printed at
St. Thomas Press, Palai

Published by
P. O. Kuriakose Pazhokaitholil
President
Erakonny Puthenpura Kudumba Yogam
Palai

Price: Rs. 10-00



എറകോന്നിപുത്തൻപുര കുടുംബചരിത്രഗ്രന്ഥം, അതിന്റെ ഒരു പ്രതി കുടുംബയോഗം രക്ഷാധികാരി റവ. ഡോ. സി. റ്റി. കൊട്ടാരത്തിനു നൽകിക്കൊണ്ടു്, കുട്ടിനാടം ജോസഫ് പാറേക്കാട്ടിൽ തിരുമേനി 1972 മേയ് 8-ാം തീയതി ഉദ്ഘാടനം ചെയ്യുന്നു.

എറകോന്നി പുത്തൻപുര

കുടുംബ ചരിത്രം

പ്രസാധകൻ :

പ്രസിഡൻറ്
എറകോന്നി പുത്തൻപുര കുടുംബയോഗം
പാലാ



SAHITHYALANKAR REV. DR. C. T. KOTTARAM
B. A., L. T., L. D., PH. D., F. R. S. A.
PATRON
ERAKONNY PUTHENPURA KUDUMBA YOGAM

പ്രസ്താവന

ഏതു രാഷ്ട്രത്തിന്റെയും സമുദായത്തിന്റെയും അടിസ്ഥാനഘടകം കുടുംബമാണ്. കുടുംബങ്ങൾ ചേർന്ന് സമൂഹങ്ങളും സമൂഹങ്ങൾ ചേർന്ന് ജനപദങ്ങളും ഉണ്ടാകുന്നു. കുടുംബങ്ങളുടെ ഭദ്രതയിലും കെട്ടുറപ്പിലുമാണ് രാഷ്ട്രങ്ങൾ പടുത്തുയർത്തപ്പെടുന്നത്. രാഷ്ട്രനിർമ്മിതിയിൽ കുടുംബങ്ങൾ വഹിക്കുന്ന പങ്കു സുപ്രധാനമാണ്. ചില കുടുംബങ്ങൾ ഇക്കാര്യത്തിൽ പ്രത്യേക പരിഗണന അർഹിക്കാറുമുണ്ട്. അത്തരം കുടുംബങ്ങളുടെയും അവയുടെ നട്ടുനായകരായി വർത്തിച്ച പ്രബല വ്യക്തികളുടെയും നടപടികളാണ്, അവരുൾപ്പെട്ട സമൂഹങ്ങളുടേയും അവരുടെ അധിവാസ ദേശങ്ങളുടേയും ചരിത്രത്തിനു ഊടും പാവും ഇട്ടുന്നത്. രാജ്യത്തിന്റെ ചരിത്രത്തിൽ പുതിയ അധ്യായങ്ങൾ എഴുതിച്ചേർത്തിട്ടുള്ള കുടുംബങ്ങളും വ്യക്തികളും വിരളമല്ല.

ഉൾപ്പെട്ട കുടുംബത്തിന്റെ പാരമ്പര്യത്തിലും പ്രശസ്തിയിലും പ്രസ്തുത കുടുംബം നാടിനും സമൂഹത്തിനും നൽകിയിട്ടുള്ള സംഭാവനകളിലും അനുസ്മരിച്ചിട്ടുള്ള സേവനങ്ങളിലും അഭിമാനംകൊള്ളാത്ത

വുകതികളില്ലതന്നെ. പക്ഷേ, നിർഭാഗ്യമെന്നതന്നെ പറയാം, സ്വന്തം കുടുംബത്തിന്റെതന്നെ മൂന്നു നാലു തലമുറകൾക്കപ്പുറമുള്ള കാര്യങ്ങൾ പലർക്കും ഇന്നു് അജ്ഞാതമത്രെ. മൂലകുടുംബം ഏതെതന്നോ, അതിൽനിന്നു പൊട്ടിവളർന്നു പന്തലിച്ച ശാഖോപശാഖകൾ ഏവയെന്നോ, അറിയാവുന്നവർ നമ്മുടെ നാട്ടിൽ വളരെ അധികം ഉണ്ടായിരിക്കുമെന്നു തോന്നുന്നില്ല. ഒരേ മാതാപിതാക്കളുടെ സന്താനപരമ്പരകൾക്കുപോലും പലപ്പോഴും പരസ്പരം അറിയുവാനോ, സഹകരിക്കുവാനോ സൗഹൃദബന്ധങ്ങൾ പുലർത്തുവാനോ ഇതുമൂലം കഴിയാതെവരാറുണ്ടു്. അടുത്ത ബന്ധുക്കൾക്കുപോലും അതിർത്തിയില്ലാത്ത അകൽച്ചയിൽ കഴിഞ്ഞുകൂടേണ്ടതായും വരുന്നുണ്ടു്. സമൂഹബന്ധങ്ങളെപ്പോലും ഈ ദുരവസ്ഥ ദോഷകരമായി ബാധിക്കാറുണ്ടു്. കുടുംബഭദ്രതയുടെയും ഇതു ദോഷകരമാണു്. ഒരേകുടുംബത്തിൽപ്പെട്ടവർക്കെങ്കിലും പരസ്പരം അറിയുവാനും സ്നേഹബന്ധങ്ങൾ പുലർത്തുവാനും സാധിച്ചിരുന്നെങ്കിൽ തീർച്ചയായും നമ്മുടെ സമൂഹത്തിൽ ഇന്നുള്ളതിൽ കൂടുതൽ കെട്ടുറപ്പും ഐകുബോധവും ഉണ്ടാകുമായിരുന്നുതന്നെ. കുടുംബചരിത്രങ്ങൾ ശ്രദ്ധാപൂർവ്വം എഴുതി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയിലേക്കത്രെ ഈ വസ്തുതകളെല്ലാം വിരൽചൂണ്ടുന്നതു്.

ഞാൻക്രൂടി ഉൾപ്പെട്ടുന്ന "എറകോന്നി പുത്തനൂര കുടുംബത്തി"ന്റെ പ്രാമാണികമായ ഒരു ചരിത്രഗ്രന്ഥം ഇതുവരെ ഉണ്ടായിട്ടില്ല. തന്നിമിത്തം ഞങ്ങ

ളുടെ കുടുംബത്തിന്റെ ഈ ചരിത്രം തയാറാക്കുന്നതിനു വളരെയധികം ബുദ്ധിമുട്ടുകളും ക്ലേശങ്ങളും ഞങ്ങൾക്കു നേരിടേണ്ടതായിവന്നു. ഏതായാലും കുടുംബാംഗങ്ങളുടെ ഏകോപിച്ചുള്ള ഉത്സാഹഭരിതമായ പരിശ്രമത്തിന്റെ പരിണതഫലമായി ഒരു ചരിത്രം തയാറാക്കി പ്രസിദ്ധപ്പെടുത്തുവാൻ ഇടവന്നതിൽ ഞങ്ങൾക്ക് അതുധികമായ സന്തോഷവും ചാരിതാർത്ഥ്യവുമുണ്ട്.

പാലായുടെ മണ്ണിൽ നൂറാണ്ടുകൾക്കു മുമ്പ്, വളർന്ന്, പടർന്ന്, പന്തലിച്ച് ഒരു മഹാവൃക്ഷമായി വിരാജിക്കുന്ന ഒരു കുടുംബത്തിന്റെ പൂർണ്ണമായ ചരിത്രമാണിതെന്നു ഞങ്ങൾ അവകാശപ്പെടുന്നില്ല. പതിനൊന്നാം ശതാബ്ദംവരെയും, പതിനൊന്നാം ശതാബ്ദത്തിനു ശേഷം പതിനേഴാം ശതാബ്ദത്തിന്റെ ആദ്യഘട്ടംവരെയുമുള്ള ചരിത്രം വിശ്വാസയോഗ്യവും അനിഷേധ്യങ്ങളും ആയ രേഖകളുടെ അഭാവത്തിൽ വിട്ടുകളയുവാൻ ഞങ്ങൾ നിർബന്ധിതരായിട്ടുണ്ട്. പതിനെട്ടാം ശതാബ്ദത്തിലാവട്ടെ വിശ്വാസയോഗ്യമായ ചില രേഖകൾ ഞങ്ങൾക്കു സഹായമായി നിലകൊള്ളുന്നുണ്ട്. വിശുദ്ധ തോമ്മാ അപ്പസ്തോലനിൽനിന്നും ജ്ഞാനസ്നാനം സ്വീകരിച്ച കൃസ്ത്യാനികളായിത്തീർന്ന ചില പ്രമുഖനമ്പൂതിരിക്കുടുംബങ്ങളുടെ സന്താനപരമ്പരയിൽപ്പെട്ടവരാണു്, ഞങ്ങളുടെ പൂർവ്വികന്മാർ എന്നു് പരമ്പരാഗതമായി വിശ്വസിക്കപ്പെട്ടുവരുന്നു. എന്നാൽ അക്കാര്യം ഉറപ്പിച്ചുപ്രസ്താവിക്കുവാൻ സഹായിക്കുന്ന ചരിത്രരേഖകൾ ഇനിയും കണ്ടുകിട്ടേണ്ടതായി

ട്ടാണിരിക്കുന്നത്. "മീനച്ചൽ കത്താക്കന്മാ"രിൽപ്പെട്ട പ്രമുഖനായ ഒരു നാടുവാഴിയുടെ ക്ഷണം സ്വീകരിച്ചാണു് ഞങ്ങളുടെ പൂർവ്വികന്മാർ മീനച്ചൽ താലൂക്കിൽപ്പെട്ട മേവിട എന്ന സ്ഥലത്തുവന്നു താമസമുറപ്പിച്ചതു്. ക്രിസ്താബ്ദം 1002-ൽ പാലാ വലിയപള്ളി പണികഴിപ്പിക്കപ്പെട്ട കാലത്തു് ഞങ്ങളുടെ പൂർവ്വികന്മാർ മീനച്ചൽ താലൂക്കിലെ പൊതുപ്രവർത്തനങ്ങളിൽ പങ്കുവഹിച്ചിരുന്നുവെന്നുള്ളതിനു ചരിത്രരേഖകളുണ്ടു്. എറകോന്നി, വയലക്കൊമ്പു്, തറയിൽ, കുട്ടുകൽ എന്നീ നാലു പ്രമുഖ കുടുംബക്കാരാണു് പാലാ വലിയപള്ളി പണികഴിപ്പിച്ചതെന്നുള്ള വസ്തുത പ്രസിദ്ധമാണല്ലോ.

പണ്ടു കേരളത്തിലെ വിവിധഭാഗങ്ങളിൽ ഭരണം നടത്തിയിരുന്ന രാജകുടുംബങ്ങളിൽ ഒന്നായിരുന്നു "തെക്കുംക്കൂർ." തെക്കുംക്കൂറിന്റെ ഭരണസീമയിൽപ്പെട്ടിരുന്ന പാലാ ഉൾപ്പെട്ട മീനച്ചിൽ താലൂക്കിലെ ചില പ്രദേശങ്ങൾ. തെക്കുംക്കൂറിന്റെ കീഴിൽ ഈ പ്രദേശങ്ങൾ ഭരിച്ചിരുന്നതു്, "വിരകേരള ഭാമോടരൻ ചങ്ങാർ" എന്ന സ്ഥാനപ്പേർ ലഭിച്ചിരുന്ന "മീനച്ചൽ കത്താക്കന്മാ"രായിരുന്നു. കത്താക്കന്മാരുടെ ഒരു പൂർവികൻ മധുരയിൽനിന്നുവന്നു് ഇവിടെ അധിവാസം ഉറപ്പിക്കുകയും അദ്ദേഹത്തിന്റെ അനന്തിരവർ ഇടപ്രഭുക്കളും നാടുവാഴികളും ആയിത്തീരുകയും ചെയ്തു. മധുര നിവാസികളായ ഹൈന്ദവരുടെ ഒരു ദേവത "മീനാക്ഷി" ദേവിയാണു്. തമിഴർ 'മീനാക്ഷി' എന്നല്ലാ,

"മീനാച്ചി" എന്നാണ് ഉച്ചരിക്കാറുള്ളത്. 'മീനാച്ചി' എന്ന ശബ്ദം ഉപയോഗിച്ചിരുന്ന തമിഴരുമായുള്ള ബന്ധംമൂലം അവരുടെ അധികാരസീമയിൽപ്പെട്ട പ്രദേശത്തിന് "മീനച്ചിൽ" എന്ന നാമം ഉണ്ടായതായിട്ടാണ് ഐതിഹ്യം.

നാടുവാഴിയായ മീനച്ചിൽ കർത്താവുതന്നെയാണ് ക്രി: 1736-ൽ മീനച്ചിലാറിന്റെ വടക്കേക്കരയിൽ, ഇപ്പോൾ പാലാ നഗരം സ്ഥിതിചെയ്യുന്ന സ്ഥലത്തു്, ഒരു 'അങ്ങാടി' സ്ഥാപിച്ചതു്. കാടുപിടിച്ചു കിടന്നിരുന്ന കുറേ സ്ഥലം വെട്ടിത്തെളിപ്പിച്ചു്, കമ്പു നാട്ടി അതിരുകൾ തിട്ടപ്പെടുത്തി അന്നത്തെ പ്രമുഖ കുടുംബങ്ങൾക്കു പതിച്ചുകൊടുത്തുകൊണ്ടു്, പാലാ അങ്ങാടിയുടെ ഉദ്ഘാടനം കർത്താവുതന്നെ നിർവ്വഹിച്ചതായി കാണുന്നുണ്ടു്. പൂർവകാലത്തു് "പാലാഴി" ഹിന്ദുക്കളുടെ ഒരു പുണ്യസ്ഥലമായിരുന്നു. അവിടം "പാലാഴി"യായിട്ടാണു് ഹിന്ദുക്കൾ കരുതിയിരുന്നതു്. "പാലാഴി" നാമത്തിൽ നിന്നാണു് "പാലാ" എന്ന പേരു്, പാലാ അങ്ങാടിക്കു ലഭിച്ചതെന്നു പറയപ്പെടുന്നു.

പതിനൊന്നാം ശതാബ്ദംവരെ പാലാക്കാരായ കർത്താക്കന്മാർ അരുവിത്തുറ പള്ളിയിൽ പോകേണ്ടിയിരുന്ന ദിവ്യപൂജയിൽ സംബന്ധിക്കുവാനും മറ്റു മതാനുഷ്ഠാനങ്ങൾ നിർവ്വഹിക്കുവാനും. പള്ളി നടത്തിക്കൊണ്ടുപോകുവാൻ കഴിവുള്ള നാലു വീട്ടുകാർ ഉണ്ടെങ്കിൽ പാലായിൽ ഒരു പള്ളി വയ്പ്പിക്കുന്നതിനാ

വശ്യമായ സ്ഥലവും മറ്റു് ആനുകൂല്യങ്ങളും നൽകാമെന്നു നാടുവാഴിയായ കത്താവു സമ്മതിച്ചു. അതനുസരിച്ചു് എറകോന്നി, വയലക്കൊമ്പു്, തറയിൽ, കുട്ടുങ്കൽ വീട്ടുകാർ മുന്നോട്ടുവന്നു ക്രി. 1002 ജൂലായി 3-ാംനു- വിശുദ്ധ തോമ്മാശ്ലീഹായുടെ നാമത്തിൽ പള്ളിക്കു കല്ലിട്ടു പണി ആരംഭിച്ചു. പള്ളിപണിക്കെതിരായി ചിലർ പ്രതിബന്ധങ്ങൾ സൃഷ്ടിച്ചെങ്കിലും മീനച്ചൽ കത്താവിന്റെ ഇടപെടൽനിമിത്തം അവയെല്ലാം നീങ്ങിക്കിട്ടി. ഒരു വർഷത്തിനകം ഏതാണ്ടു ക്ഷേത്രമാതൃകയിൽ ആദ്യത്തെ പാലാ പള്ളിയുടെ പണിപൂർത്തിയാക്കുകയും ഉയിർപ്പുതിരുനാൾ ദിവസം പള്ളിയുടെ വെഞ്ചരിപ്പു കർമ്മം നിർവഹിക്കപ്പെടുകയുമുണ്ടായി. ഇടവകക്കാർ വർദ്ധിച്ചതു നിമിത്തം പാലാപ്പള്ളി മൂന്നു നാലു പ്രാവശ്യം പുതുക്കിപ്പണിയേണ്ടതായി വന്നിട്ടുണ്ടു്. 18-ാം ശതാബ്ദത്തിൽ പണികഴിക്കപ്പെട്ട പള്ളിയാണു് ഇപ്പോഴത്തെ പാലാ വലിയ പള്ളി. 1738-ൽ റോമയിലേക്കു പുറപ്പെട്ട കരിയാറ്റി മെത്രാപ്പോലീത്തായ്ക്കും പാറേമ്മാക്കൽ ഗോവർണ്ണദോർക്കും യാത്രച്ചെലവിനുവേണ്ടി പാലാ ഇടവകക്കാർ പള്ളിയുടെ വെള്ളിക്കുരിശു സംഭാവനയായി നല്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ റോമാമതിരുസിംഹാസനം പാലാപ്പള്ളിക്കു "പാലാവലിയപള്ളി" എന്ന സ്ഥാനപ്പേരു നല്കിയ വസ്തുത പ്രസ്താവാർഹമാണു്. സമീപകാലത്തു്, പാലാ ഒരു രൂപതയായും പാലാ വലിയ പള്ളി രൂപതയുടെ കത്തീ

ദ്രൽ ദൈവാലയമായും ഉയർത്തപ്പെട്ടിരിക്കയാണല്ലോ. പാലായിൽ ഒരു ദൈവാലയം സ്ഥാപിക്കുന്നതിനു് മീനച്ചിൽ കർത്താവു നല്കിയ അനുക്രമങ്ങൾ പാലായിലെ ക്രൈസ്തവർ എക്കാലവും കൃതജ്ഞതയോടുകൂടെ സ്മരിക്കുന്നതായിരിക്കും.

പാലാ വലിയപള്ളിയുടെ സ്ഥാപനകാലത്തെ തുടർന്നു്, നീണ്ട ഒരു കാലഘട്ടത്തിലെ എറകോന്നി കുടുംബത്തിന്റെ ചരിത്രം അനുഷ്ഠേയങ്ങളായ രേഖകളുടെ അഭാവത്തിൽ ഈ ഗ്രന്ഥത്തിൽ ചേർക്കുന്നില്ലെന്നു് ഉപരി പ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്നാൽ എറകോന്നി കുടുംബത്തിൽപ്പെട്ട "തൊമ്മപ്പണിക്കർ" എന്ന ഒരു കാരണവർ പാലായിൽ "പുത്തൻപുര"യ്ക്കൽ പുരയിടത്തിൽ സ്ഥിരതാമസമാക്കിയ കാലം മുതൽ (see page 3) ഇന്നുവരെയുള്ള ചരിത്രം തുടച്ചയായി ഈ ഗ്രന്ഥത്തിൽ ചേർക്കുവാൻ ഞങ്ങൾക്കു കഴിഞ്ഞിട്ടുണ്ടു്. ഇതിനു കാരണഭൂതൻ ഞങ്ങളുടെ കുടുംബത്തിലെ പ്രശസ്താംഗവും യശഃശരീരനുമായ കിഴക്കേക്കര പീടികയിൽ ഇട്ടിയയിപ്പു് ഇട്ടിയയിപ്പു് എന്ന കാരണവരാണു് (1847–1961). ചരിത്രപണ്ഡിതനും, ബുദ്ധിമാനും സമുദായസ്നേഹിയുമായ ആ വന്ദ്യനു് ദീർഘകാലത്തെ നിസ്സന്ദ്ര പരിശ്രമത്തിന്റെ ഫലമായി തന്റെ മാതൃകുടുംബത്തിന്റെ ഒരു ചരിത്രം കൊല്ലവർഷം 1106—ൽ പൂർത്തിയാക്കുവാൻ കഴിഞ്ഞു. പ്രസ്തുത ഗ്രന്ഥം കയ്യെഴുത്തുപ്രതിയായി അദ്ദേഹത്തിന്റെ വീട്ടുകാർ ഇന്നും സൂക്ഷിച്ചുവരുന്നു. ഈ ചരിത്ര

ഗ്രന്ഥത്തെ ആധാരമാക്കിയും കൊല്ലവർഷം 1106-ന് (ക്രി: വർഷം 1930) ശേഷമുള്ള കുടുംബചരിത്രം താത്പ രുപൂർവം ബുദ്ധിമുട്ടുകൾ സഹിച്ച് വിവിധമാർഗ്ഗങ്ങൾ വഴി ശേഖരിക്കയും ചെയ്താണ്, ഞങ്ങളുടെ കുടുംബ ത്തിലെ ചരിത്രപഠനത്തിന് പരമം സമർത്ഥമായ ശ്രീ. ജോസഫ് മാത്യു, എം. എസ്സ്സി, അഞ്ചേരിൽ, ശ്രീ കെ. ഐ. വക്കി, ബി. എസ്സ്സി., ബി. റ്റി., കിഴക്കേക്കരപ്പീടികയിൽ എന്നിവർ ഈ ഗ്രന്ഥം ത യാറാക്കിയതു്. ഈ ഗ്രന്ഥം പ്രസിദ്ധപ്പെടുത്തുന്നതിനു നിസ്തുലസേവനങ്ങൾ അനുഷ്ഠിച്ച മേല്പറഞ്ഞ മൂന്നു മഹ ത്തുക്കളെയും എറകോന്നി പുത്തനുര കുടുംബാംഗങ്ങൾ എക്കാലവും കൃതജ്ഞതാപൂർവം സ്മരിക്കുന്നതായിരി ക്കും. മൂലകുടുംബത്തിന്റെ വിവിധശാഖകളെ സംബ ന്ധിച്ച് ആശിക്കയും ആഗ്രഹിക്കയും ചെയ്തവിധം രേ ഖകൾ ശേഖരിക്കുവാൻ കഴിയാഞ്ഞതിൽ ഞങ്ങൾക്കു അപാരമായ ഖേദമുണ്ടു്. വസ്തുതകൾ ശേഖരിക്കുന്ന തിലും ചില അപാകതകൾ വന്നിട്ടുണ്ടായിരിക്കാം. ചില കുടുംബശാഖകളെ സംബന്ധിച്ചു് പൂർണ്ണമായ വി വരങ്ങൾ ഈ ഗ്രന്ഥത്തിൽ കണ്ടില്ലെന്നും വരും. മീന ച്ചിൽ, തെക്കുപുഴ, മൂവാറ്റുപുഴ, ചങ്ങനാശ്ശേരി, പിറ മേടു്, ദേവികുളം മലബാർ തുടങ്ങി കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായിട്ടാണു എറകോന്നി പുത്തനുര കുടുംബാംഗങ്ങൾ ഇന്നു താമസിച്ചുവരുന്നതെന്നും ഉദ്യോഗം പ്രമാണിച്ചു് ചിലരെല്ലാം കേരളത്തിനു വെളിയിലാണെന്നും ഉള്ള വസ്തുത കണക്കിലെടുക്ക

മ്പോൾ ചരിത്രവിവരശേഖരണം എത്ര ദുഷ്കരമായിരുന്നെന്ന് ഊഹിക്കാമല്ലോ. ഏതായാലും ഈ ഗ്രന്ഥത്തിൽ വന്നിട്ടുള്ള എല്ലാ പോരായ്മകളേയും, അവ യഥാവിധി ചൂണ്ടിക്കാണിക്കപ്പെട്ടാൽ, ഒട്ടുത്തപതിപ്പിൽ പരിഹരിക്കുന്നതാണെന്നു ബന്ധപ്പെട്ടവർക്കെല്ലാം ഞങ്ങൾ ഉറപ്പുനല്കുന്നു. ഞങ്ങളുടെ ഈ ഉദ്യമത്തിൽ ഞങ്ങളോടു സഹകരിച്ച എല്ലാവരോടും ഞങ്ങൾക്കുള്ള കൃതജ്ഞത സ്നേഹപൂർവം രേഖപ്പെടുത്താനും ഈ അവസരം വിനിയോഗിച്ചുകൊള്ളട്ടെ.

പതിനേഴാംനൂറ്റാണ്ടിൽ മേവിടെ വെട്ടിക്കാട്ടുപുരയിടത്തിൽ പുതുവച്ചുതാമസമാക്കിയ എറകോന്നി ഇട്ടിച്ചെറിയയുടെ ഏഴുപുത്രന്മാരിൽ ഒരാളാണ് പാലായിൽ കിഴതടിയൂർഭാഗത്തു് പുത്തനുയ്യൽ പുരയിടത്തിൽ താമസിച്ച തൊമ്മപ്പണിക്കർ. തൊമ്മപ്പണിക്കരുടെ സന്താനപരമ്പരയുടെ ചരിത്രമാണ് ഈ ഗ്രന്ഥം. തൊമ്മപ്പണിക്കരുടെ മറ്റു് ആറുസഹോദരന്മാർ അയർക്കുന്നത്തു കടകശ്ശേരിലും, മീനച്ചിൽ പരിന്തിരിക്കലും, മേവിട പുളിക്കലും, നെയ്യൂർ നാഗനോലിലും, തറവാടായ വെട്ടിക്കാട്ടും, മേവിട തൊട്ടകയിലും ആയി താമസിച്ചു. ഈ ആറുകുടുംബക്കാരും അവരുടെ കുടുംബചരിത്രങ്ങൾ യഥാകാലം പ്രസിദ്ധപ്പെടുത്തുമെന്നു ഞങ്ങൾ പ്രത്യാശിക്കുന്നുണ്ടു്. കൊഴുവനാൽ താമസിക്കുന്ന എറകോന്നി കുടുംബങ്ങൾ യോജിച്ചു് "എറകോന്നിവയലിൽ കുടുംബയോഗം" എന്നപേരിൽ ഒരു സംഘടന വളരെ വിജയപ്രദമായി നടത്തി

വരുന്നുണ്ട്. പ്രസ്തുത കുടുംബയോഗത്തിന്റെ ഒരു സംക്ഷിപ്തവിവരണം അതിന്റെ ഇപ്പോഴത്തെ പ്രസിഡന്റായ ശ്രീ. വി. കെ. എമ്മാനുവലിൽനിന്നും വാങ്ങി വളരെ സന്തോഷപൂർവ്വം ഈ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നു. (See Pages 229–235)

മുത്തോലിഭാഗത്തു് കുറേ എറകോന്നികുടുംബങ്ങളുണ്ടു്. തൊമ്മപ്പണിക്കരുടെ ഒരു സഹോദരനായ "പോത്തൻ" നാഗന്തുഖി കുടുംബത്തിന്റെ നായകനായി. നാഗന്തുഖികുടുംബത്തിന്റെയും അതിന്റെ വിവിധശാഖകളുടേയും ചരിത്രം ശ്രീ. ജോജ്ജു് തെത്തോട്ടം തയ്യാറാക്കിത്തന്നതും അത്യധികം സന്തോഷത്തോടുകൂടി അനുബന്ധമായി ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ടു്. (See അനുബന്ധം II, Pagei 242–298, & അനുബന്ധം V, Page 326–327)

തൊമ്മപ്പണിക്കരുടെ മറു സഹോദന്മാരെപ്പറ്റിയൊ, അവരുടെ കുടുംബങ്ങളെപ്പറ്റിയോ, റിപ്പോർട്ടുകളൊന്നും സമ്പാദിക്കുവാൻ ഞങ്ങൾക്കു കഴിഞ്ഞിട്ടില്ല. അടുത്തപതിപ്പിൽ ഇക്കാര്യം ഞങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നതായിരിക്കും. ഇപ്പോൾ റിപ്പോർട്ടു നല്കിയവരോടു ഞങ്ങൾ കൃതജ്ഞരാണു്.

ഈ ചരിത്രഗ്രന്ഥത്തിൽ രണ്ടായിരത്തിലധികം എറകോന്നികുടുംബങ്ങളെപ്പറ്റി നാമമാത്രമായിട്ടെങ്കിലും പരാമർശിച്ചിട്ടുണ്ടു്. ഈ കുടുംബങ്ങളിൽനിന്നും

വിവാഹം ചെയ്യിച്ചയച്ചിട്ടുള്ള മഹതികളുടെ കുടുംബങ്ങളും നാലായിരത്തിലധികം വരുമെന്നും കണക്കാക്കപ്പെട്ടിരിക്കുന്നു. അംഗങ്ങളുടെ സംഖ്യ ഞങ്ങളും കണക്കാക്കിയിട്ടില്ല. പെൺവഴിയിൽ ഞങ്ങളോടു ബന്ധപ്പെട്ടവരിൽ വളരെ പ്രശസ്തരായ മഹത്തുക്കളും ഉണ്ടു്. അവരുടെ പേരുകളും ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തുവാൻ ഞങ്ങളും തുനിഞ്ഞിട്ടില്ല. ചിലരുടെ പേരുകളുംമാത്രം ചേർത്താൽ അതിനുള്ള പ്രത്യുപകാരത്തെപ്പറ്റി ഞങ്ങളും ബോധവാന്മാരാണു്.

ഈ ചരിത്രഗ്രന്ഥത്തിനു് സമുചിതവും പണ്ഡിതോചിതവുമായ ഒരു അവതാരിക എഴുതിത്തന്നതിനു് ഷെവലിയർ ശ്രീ. വി. സി. ജോർജ്ജു് അവർകളോടും ഞങ്ങൾക്കുള്ള അഗാധമായ കടപ്പാടു് ഇവിടെ രേഖപ്പെടുത്തുവാൻ ഞങ്ങൾക്കു സന്തോഷമുണ്ടു്. കത്തോലിക്കസമുദായത്തിൽ ഇന്നു ജീവിച്ചിരിക്കുന്ന ചരിത്രപണ്ഡിതരിൽ അഗ്രഗണ്യനാണു ഷെവ. ജോർജ്ജു്. കടന്നുപോയ തലമുറകളിലെ ചരിത്രപണ്ഡിതരെ പരിഗണിച്ചാലും അവരിൽ സമുന്നതമായ ഒരു സ്ഥാനം അദ്ദേഹത്തിനുണ്ടു്. പണ്ഡിതനും, ഗ്രന്ഥകാരനും, പ്രശസ്തവിദ്യാഭ്യാസപ്രവർത്തകനും സർവ്വോപരി സമുദായസ്നേഹിയുമായ ശ്രീ. ജോർജ്ജു് കത്തോലിക്കസമുദായത്തിന്റെ പൊതുജനസമ്മതരായ സമുന്നതനേതാക്കളിൽ ഒരാളുമാണു്. അഖിലകേരള കത്തോലിക്ക കോൺഗ്രസ്സിന്റെ അദ്ധ്യക്ഷപദത്തിലേക്കു് ജന

ങ്ങൾ അദ്ദേഹത്തെ തെരഞ്ഞെടുത്തു് അദ്ദേഹത്തോടു ള്ള ബഹുമാനവും അദ്ദേഹത്തിന്റെ നേതൃത്വപത്തിലുള്ള വിശ്വാസവും പ്രകടിപ്പിച്ചിട്ടുള്ളതാണു്. ശ്രീ. ജോ ജ്ജിനു ലഭിച്ച ഏറ്റവും വലിയ ബഹുമതി ഇതാണെന്നു് ഞങ്ങൾ കരുതുന്നു. ശ്രീ. ജോജ്ജിനു ഞങ്ങളുടെ ക്രൂപ്പു കൈ.

ഈ പുസ്തകം അച്ചടിക്കയും ബ്ലോക്കുകൾ ഉണ്ടാക്കിച്ചേർക്കുകയും ചെയ്തതു്, പാലാ സെൻറ് തോമസ് പ്രസ്സിലാണു്. പ്രസ്സിന്റെ പൊതുജനസമ്മതനായ മാനേജർ റവ. ഫാ. തോമസ് മണ്ണൂരിനോടും അവിടത്തെ ജോലിക്കാരോടും ഞങ്ങൾ കൃതജ്ഞരാണു്

എറകോന്നി പുത്തനമ്പുരകുടുംബത്തിലെ ഞങ്ങളുടെ പ്രിയപ്പെട്ട സഹോദരീസഹോദരന്മാർ എല്ലാവരും ഈ ചരിത്രഗ്രന്ഥം സഹർഷം സ്വാഗതം ചെയ്യുമെന്നു ഞങ്ങൾക്കു ബോദ്ധ്യമുണ്ടു്. അവക്കെല്ലാം ഞങ്ങളുടെ സ്നേഹാദരങ്ങളും മംഗളാശംസകളും!

റവ. ഡോ. സി. റ്റി. കൊട്ടാരം
രക്ഷാധികാരി
എറകോന്നി പുത്തനമ്പുരകുടുംബയോഗം
പാലാ

പാലാ
15–2–1972



ഇട്ടിയയിപ്പ് ഇട്ടിയയിപ്പ്

കിഴക്കേക്കര പീടികയിൽ

1873 — 1961

എറകോന്നി പുത്തമ്പുര കുടുംബചരിത്രം

മൂലഗ്രന്ഥത്തിന്റെ രചയിതാവ്

See Pages 17 & 166



ജോസഫ് മാത്യു M. Sc. അഞ്ചേരിൽ
ഗ്രന്ഥകർത്താവു്
എറകോന്നി പുത്തമ്പുര കുടുംബചരിത്രം
(പടിഞ്ഞാറെക്കര വിഭാഗം)



കെ. പൈ. വക്കി B.Sc., B.Ed. കിഴക്കേക്കര പീടികയിൽ
ഗ്രന്ഥകർത്താവു്
എറകോന്നി പുത്തമ്പുര കുടുംബചരിത്രം
(കിഴക്കേക്കര വിഭാഗം)

ഉപോദ്ഘാതം

വിവിധമതാനുയായികളായ ഭക്തജനങ്ങൾ ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള തീർത്ഥങ്ങൾ സന്ദർശിക്കുന്നതും, ആ സ്ഥലങ്ങളിൽ പ്രാർത്ഥനാപൂർവ്വം ഭക്തകൃത്യങ്ങൾ നിർവ്വഹിക്കുന്നതും, അർപ്പണങ്ങൾ നടത്തുന്നതും അനാദിനസംഭവങ്ങളാണല്ലോ. ഈ സംഭവവികാസങ്ങൾക്കുള്ള കാരണം, ആ ഭക്തജനങ്ങൾ ആരാധ്യവും സംപൂജ്യവുമായി കരുതുന്ന വ്യക്തികളും സംഭവങ്ങളുമായി പ്രസ്തുത സ്ഥലങ്ങൾ ദൃഢബന്ധം പുലർത്തുകയും, ആ വ്യക്തികളുടെയും സംഭവങ്ങളുടെയും, സജീവസ്മരണ അവരിൽ പ്രബലീകരിക്കുകയും ചെയ്യുന്നതുതന്നെ. ലോകരക്ഷകനായ ക്രിസ്തുനാഥൻ ഒരു കാലിത്തൊഴുത്തിലെ പുൽക്കൂട്ടിൽ ഭൂജാതനായ ബെത്ലഹം വഞ്ചകാഗ്രേസരനായ സ്വശിഷ്യൻ യൂദാസ് യേശുവിനെ ഒറ്റിക്കൊടുത്തശേഷം നാഥന്റെ പീഡാനുഭവം, കുരിശുമരണം ഇവയുമായ് രംഗമായ ഗാഗുൽത്താ, വിശുദ്ധ കുടുംബത്തിന്റെ വീട് സൂക്ഷിക്കപ്പെട്ടുന്ന ലൊറേത്താ, സംഖ്യാതീതങ്ങളായ അത്ഭുതങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ലൂർദ്ദ്, ഫാത്തിമാ, ഇവയെല്ലാം പലപ്പോഴും ബഹുസഹസ്രം ഭക്തജനങ്ങളുടെ അഭ്യുന്നതവിഷയമായിത്തീർന്നിരിക്കുന്നതു് അവയ്ക്കു ക്രിസ്തുനാഥനോടും ദിവ്യാംബികയോടുമുള്ള ബന്ധംകൊണ്ടു മാത്രമാണു്. ഈ കേന്ദ്രങ്ങളുടെ പ്രാധാന്യത്തെപ്പറ്റി വിശുദ്ധ ഗ്രന്ഥമോ, മറ്റു പ്രസിദ്ധീകരണങ്ങളോ യഥോചിതം

പ്രതിപാദിക്കാതിരുന്നുവെങ്കിൽ അവ വിസ്മൃതിയിലാണ്ടുപോകുമായിരുന്നുവെന്നു സംശയിക്കുവാൻ അവകാശമുണ്ട്.

വിശുദ്ധ മത്തിയാസ് ഉൾപ്പടെ നമ്മുടെ രക്ഷകന്റെ പന്ത്രണ്ടു ശിഷ്യന്മാരിൽ മാർ തോമ്മായുടെ വേദസാക്ഷിത്വംഗവും, പൂജ്യാവശിഷ്ട സംരക്ഷണസ്ഥാനവുമായ മൈലാപ്പൂർ സന്ദർശിക്കുന്ന തീർത്ഥകരുടെ സംഖ്യ, മറ്റു അപ്പസ്തോലന്മാരുടെ നിര്യാണരംഗങ്ങളും മറ്റും സന്ദർശിക്കുന്നവരുടെതിനെ അപേക്ഷിച്ചു വളരെ അധികമായി അനുഭവപ്പെടുന്നതു മാത്തോമ്മായുടെ പ്രവർത്തനരംഗങ്ങളും അത്ഭുതകൃത്യങ്ങളും വിശുദ്ധഗ്രന്ഥത്തിൽ മാത്രമല്ലാ, പാശ്ചാത്യരും പൗരസ്ത്യരും വിരചിച്ച വേറെ പ്രമാണഗ്രന്ഥങ്ങളിലും, പ്രതിപാദിച്ചിട്ടുള്ളതുകൊണ്ടാകുന്നു.

Nihil volitum nisi precognitum എന്ന ലത്തീൻ ഭാഷയിൽ ഒരു പഴഞ്ചൊല്ലുണ്ടു്. അറിയാത്തതിൽ ആഗ്രഹമുണ്ടാവുക സ്വാഭാവികമല്ല. അതുകൊണ്ടാണു് അച്ചടിയന്ത്രനിർമ്മാണത്തിനു മുമ്പും നമ്മുടെ പൂർവികന്മാർ അവരുടെ സന്തതികൾ അറിയണമെന്നാഗ്രഹിച്ച പല സംഗതികളും ശിലകളിലും, ലോഹഫലകങ്ങളിലും താളിയോലകളിലും മറ്റും രേഖപ്പെടുത്തി ഭാവിതലമുറകളുടെ ഉപയോഗത്തിനായി വിട്ടതന്നിരിക്കുന്നതു്. ഈവക പുരാതനരേഖകളുടെ അഭാവത്തിൽ പല കുടുംബക്കാരും സമുദായാംഗങ്ങളും തങ്ങ

ളുടെ പൂർവ്വജന്മദേശം, വംശപരമ്പരയും മുതലായവ യെപ്പറ്റി അന്ധതയിൽ കഴിയുമായിരുന്നു. അവ്വിധം കഴിയുന്ന പലരും ഇദാനീന്തനന്മാരുടെയിടയിൽ ഉണ്ടെന്നുള്ളതും വിസ്മരിച്ചുകൂടാ. ഈദൃശാനർത്ഥങ്ങൾ ഒഴിവാക്കുന്നതിനായിട്ടാണു് പാലായിലെ സുപ്രസിദ്ധ എറകോന്നി പുത്തന്പുര കുടുംബത്തിന്റെ ഒരു ചരിത്രം പ്രസിദ്ധപ്പെടുത്തുവാൻ പ്രസ്തുത കുടുംബയോഗ ഭരണ സമിതി അതിന്റെ രക്ഷാധികാരിയായ റവ. ഡോ. സി. റ്റി. കൊട്ടാരം, ബി. എ., എൽ. റ്റി., എൽ. ഡി., പി. എച്ച്. ഡി., അവർകളുടെ നിർദ്ദേശം അനുസരിച്ചു് (കുടുംബയോഗ റിപ്പോർട്ടു് പേജ് 225) തീരുമാനിക്കുകയും ഗ്രന്ഥരചനയ്ക്കു് ശ്രീ. ജോസഫ് മാത്യു, അഞ്ചേരിൽ, എം. എസ്സ്. സി. യെ ചുമതലപ്പെടുത്തുകയും ചെയ്തതു. പുത്തന്പുര കുടുംബത്തിന്റെ കിഴക്കേക്കര ശാഖയുടെ ചരിത്രം തയാറാക്കുന്നതിൻ പിന്നീടു് ശ്രീ. കെ. ഐ. വക്കി, ബി. എസ്സ്. സി., ബി. റ്റി. യെ നിയോഗിച്ചതും ഡോ. കൊട്ടാരംതന്നെയാണു്.

പഠിതാക്കളെ, പൂർവ്വികന്മാരുടെ ഉയരം, പേരു്, ഉയരവും, നിറവും, പ്രായവും, പെരുമയും, ധരിപ്പിക്കുന്നതിനു മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയല്ല കുടുംബചരിത്രങ്ങൾ. പൂർവ്വികന്മാരുടെ ഗുണങ്ങൾ, അനുശയവിശേഷങ്ങൾ, പരിശ്രമഫലങ്ങൾ, ഇവയെ യഥാർഹം മനസ്സിലാക്കി, അവരെ സദ്പന്ഥാവിലൂടെ അനുഗമിച്ചു്, ഐഹികപാരത്രിക സൗഭാഗ്യം കൈവരുത്തു

ന്നതിനും, മാനവസമൂഹത്തെ നിസ്വാർത്ഥമായി സേവിക്കുന്നതിനും, അനന്തരഗാമികൾക്കു", പ്രേരണനൽകുകയാണു കുടുംബചരിത്രങ്ങളുടെ ലക്ഷ്യം. ആദേയമായതു സ്വീകരിക്കുകയും, ഗർഹ്യമായതു ഉപേക്ഷിക്കുകയും അവശ്യാവശ്യമെന്നു പറയേണ്ടതില്ലല്ലോ. ഈ വിഷയത്തിൽ ഈ കുടുംബചരിത്രരചയിതാക്കൾ ശ്രദ്ധിച്ചിട്ടുണ്ടെന്നു കാണുന്നതിൽ സന്തോഷമുണ്ടു".

പാലാ വലിയപള്ളിയുടെ സ്ഥാപകരായ നാലു പുരാതന കുടുംബങ്ങളിൽ ഏറ്റക്കോന്നി കുടുംബത്തിനു പ്രമുഖസ്ഥാനമുണ്ടായിരുന്നു. പ്രസ്തുത കുടുംബത്തിലെ ചിലരോ അനന്തര തലമുറയിലും, സഭയുടെയും, സമുദായത്തിന്റെയും സുസ്ഥിതിക്കും, അഭിവൃദ്ധിക്കുമായി അക്ഷീണപരിശ്രമവും, അസാധാരണ ത്യാഗവും ചെയ്തിട്ടുള്ള ഒട്ടധികം വ്യക്തികൾ പ്രശോഭിച്ചിരുന്നുവെന്നുള്ളതും പ്രസ്താവയോഗ്യമാണു". പാലാ ശ്രുതയെ ദൈവവീഥിയുടെ നിസ്തുല വിളഭ്രമിയാക്കിത്തീർക്കുന്നതിനു് ഏറ്റക്കോന്നി പുത്തനുരക്കുടുംബാംഗങ്ങൾ നല്കിയിട്ടുള്ള സംഭാവനകളെ എത്രമാത്രം പ്രകീർത്തിച്ചാലും അധികമാവുന്നതല്ല.

ഒരു കുടുംബത്തിൽ ജാതരായ രണ്ടു പുത്രന്മാരിൽ ഒരാൾ ശെമ്മാശനായും, ഏകപുത്രി കന്യാസ്ത്രീയായും, മറെറാരു കുടുംബത്തിലെ വിധവയായ മാതാവും, ഏകപുത്രിയും കന്യാസ്ത്രീകളായും, വേറൊരു കുടുംബത്തിലെ ഏകപുത്രി കന്യാസ്ത്രീയായും, ഒരു കുടുംബ

ത്തിലെ രണ്ടു പുത്രന്മാരിൽ ഒരാൾ വൈദികനായും, ഒരു പിതാവിനുണ്ടായിരുന്ന പുത്രിമാർ മൂന്നുപേരും കന്യാസ്ത്രീകളായും, ഒരു കുടുംബത്തിലെ ഏക പുത്രൻ വൈദികനായും, ഒരു കുടുംബത്തിലെ ഏകപുത്രി കന്യാസ്ത്രീയായും, ആറു പുത്രിമാരിൽ മൂന്നുപേർ കന്യാസ്ത്രീകളായും, നാലു പുത്രിമാരിൽ മൂന്നുപേർ കന്യാസ്ത്രീകളായും, ആറു പുത്രിമാരിൽ അഞ്ചു പേർ കന്യാസ്ത്രീകളായും ദൈവസ്തുതിക്കും, ആത്മശാന്തിക്കുംവേണ്ടി അപ്പിതജീവിതം നയിക്കുന്ന ആശയസന്നന്പരെ രംഗത്തിറക്കുവാൻ എറകോന്നി പുത്തനുര കുടുംബത്തിലെ ശാഖകൾക്കു സാധിച്ചിട്ടുള്ളതായി കുടുംബചരിത്രത്തിൽ നിന്നു ഗ്രഹിക്കാം.

അതീതകാലങ്ങളിലെ എറകോന്നി കുടുംബാംഗ വൈദികരുടെ മുന്നണിയിൽ സുപ്രസിദ്ധ സുറിയാനി പണ്ഡിതൻ കളപ്പുരയ്ക്കൽ ബ. അന്ത്രയോസ് മല്പാൻ, മുണ്ടാങ്കൽ പള്ളിയുടെ സ്ഥാപകൻ കൊട്ടാരത്തിൽ ബ. യൗസേപ്പച്ചൻ, കവീക്കുന്നുപള്ളിയുടെ സ്ഥാപകൻ വെട്ടുകാട്ടിൽ ബ. ഈപ്പച്ചൻ മുതലായവർ പരിലസിച്ചിരുന്നു.

പുത്തൻപുരയ്ക്കൽ തൊമ്മപ്പണിക്കർ, പടിഞ്ഞാറെക്കര കൊച്ചിപ്പൻ തരകൻ മുതലായ മൻഗാമികളുടെ അപദാനങ്ങളെ അനുസ്മരിപ്പിക്കുകയും അവയെ അനുദിനപ്രവർത്തനരംഗത്തിറക്കുകയും ചെയ്ത പല പ്രതിഭാശാലികളും എറകോന്നി കുടുംബാംഗങ്ങളായി പ്രശോഭിച്ചിരുന്നു, പ്രശോഭിക്കുന്നുമുണ്ട്. അവരിൽ

വിദ്യാദാനം, സമുദായസേവനം ആദിയായ പ്രവർത്തന മണ്ഡലങ്ങളിൽ സമുന്നതിനേടിയ അഞ്ചേരിൽ ഏ. ക. ജോസഫ്, എം. എ., എൽ. റ്റി., കിഴക്കേക്കര കെ. സി. സെബാസ്റ്റ്യൻ, ബി. എ., എൽ. റ്റി., മുതലായ ഒട്ടധികം പ്രഗല്ഭരുടെ പേരുകൾ രേഖപ്പെട്ടത്തേണ്ടതുണ്ടെങ്കിലും വിസ്തരഭയത്താൽ അതിനു മുനിയുന്നില്ല. അവരിൽ പലരും അമേരിക്ക, ഇംഗ്ലണ്ട് മുതലായ വിദേശങ്ങളിലും കേരളത്തിലും ഭാരതത്തിലെ ഇതരസംസ്ഥാനങ്ങളിലും ഉത്കൃഷ്ടമായ ജോലികളിൽ ഏർപ്പെട്ടു ലോകോപകാരികളായി ഖ്യാതി ആർജ്ജിക്കുന്നവരെന്ന വുരുക്കിപ്പറയാതെ മുതിരുന്നില്ല. എറകോന്നി കുടുംബാംഗങ്ങളായ ഇടവകവൈദികർക്കുപുറമേ, വിവിധ സന്ന്യാസ സംഘടനകളിലെ അംഗങ്ങളായ വൈദികരും, കന്യാസ്ത്രീകളും ലോകത്തിന്റെ നാനാഭാഗങ്ങളിൽ ക്രിസ്തുനാഥന്റെ മന്ത്രിരിത്തോട്ടത്തിൽ സ്നേഹത്തിന്റെയും സേവനത്തിന്റെയും സാഹോദര്യത്തിന്റെയും കൃതുക്കളിൽ ഏർപ്പെട്ടിരിക്കുന്നവെന്നുള്ളതും വിസ്മരിക്കാവുന്നതല്ല.

എറകോന്നികുടുംബത്തിന്റെ കൊട്ടാരം ശാഖയിലെ പ്രമുഖാംഗവും, വിശ്രവിഖ്യാത വിദ്യാഭ്യാസപ്രവർത്തകനും, ഇൻഡ്യൻപ്രസിഡൻറിൽനിന്നു ദേശീയഅവാർഡു സമ്പാദകനും, മന്നിലധികം സവ്വകലാശാലകളിലെ ഭരണസമിതി അംഗവും, പ്രശസ്തനുമായ റവ. ഡോക്ടർ സി. റ്റി. കൊട്ടാരം അവർകൾ എറകോന്നി പുത്തൻമുറകുടുംബയോഗത്തിന്റെ രക്ഷാധി

കാരം സ്വീകരിച്ചു് ഉന്നയിച്ച നിർദ്ദേശത്തെ കൂടം ബയോഗരേണസമിതി അംഗീകരിച്ചതിന്റെ ഫല മായിട്ടാണല്ലോ ശ്രീ. ജോസഫ് മാത്യു അഞ്ചേരിയും ശ്രീ. കെ. വെ. വക്കി കിഴക്കേക്കരയും വിരചിച്ച വി ജ്ഞാനപ്രദവും രസകരവുമായ ഈ കുടുംബചരിത്രം രൂപം പ്രാപിച്ചിരിക്കുന്നതു്. അനുവാചകരിൽ ഒരു നല്ലവിഭാഗത്തെ വിദ്യ, സദ്വൃത്തി, വിത്തം ഇത്യാദി സ്പൃഹണീയലക്ഷ്യങ്ങളിലേക്കു നയിക്കുന്ന രാജപാത യിലേക്കുള്ള കവാടമായി ഈ ചെറുഗ്രന്ഥത്തെ പരിഗ ണിക്കാവുന്നതാകുന്നു. എന്റെ ദീർഘകാലസുഹൃത്തും സഹപാഠിയും സുഹൃത്തുമായ റവ. ഡോക്ടർ സി. റ്റി. കൊട്ടാരം അവർകളുടേയും മറ്റും സൗമനസ്യത്താൽ ഈ ചരിത്രഗ്രന്ഥവുമായി ഈവിധം ബന്ധപ്പെടുവാൻ ഇടയായതിൽ ഞാൻ സന്തോഷിക്കുകയും അദ്ദേഹ ത്തെയും ഗ്രന്ഥകാരന്മാർ ഇരുവരെയും മറ്റു കുടുംബാം ഗങ്ങളെയും ഹൃദയപൂർവ്വം അനുമോദിക്കുകയും, അവ രെല്ലാവരോടും ഉള്ള എന്റെ നന്ദി പ്രകാശിപ്പിക്കുക യും ചെയ്തുകൊണ്ടു് "എറകോന്നി പുത്തൻപുരകുടും ബചരിത്രം" ബഹുജനസമക്ഷം അവതരിപ്പിച്ചുകൊ ള്ളുന്നു.

വി. സി. ജോർജ്ജ്

കുറവിലങ്ങാടു്
5–2–1972

ബി. എ., എൽ. റ്റി.



എറകോന്നി പുത്തന്വര കുടുംബയോഗം ഭരണസമിതി

ഇരിക്കുന്നവർ (ഇ.വ.) ഡോമനിക്ക ജോസഫ് മണ്ടവത്തിൽ, പി. ഒ. കുര്യാക്കോസ് പഴോകൈതോലിൽ (പ്രസിഡൻറ്), റവ. ഡോ. സി. ററി. കൊട്ടാരം (രക്ഷാധികാരി), കരുവിള തോമസ് കെടമ്പൻപുരയിടം (വൈസ് പ്രസിഡൻറ്) & ദേവസ്യാ ജോസഫ് തെരുവിൽ.

നില്ലുന്നവർ (ഇ.വ.) ജോസഫ് സ്കറിയാ ഒററപ്ലാക്കൽ, ജോസഫ് അബ്രാഹം പടിഞ്ഞാറെക്കര, പി.സി. ജോസഫ് വെട്ടുകാട്ടിൽ (അസി. സെക്രട്ടറി) & സി.കെ. തോമസ് ചീരാംകുഴിയിൽ (സെക്രട്ടറി&ഖജാൻജി)

See Page 225



പി. ഒ. കുര്യാക്കോസ് പഴോകൈതോലിൽ
പ്രസിഡൻറ്
എറകോന്നി പുത്തമ്പുര കുടുംബയോഗം

See Page 40



റവ. ഫാ. ജോജ്ജ് കുത്തിവളപ്പിൽ
ഉപരക്ഷാധികാരി
എറകോന്നി പുത്തമ്പുര കുടുംബയോഗം

See Page 44

ഉള്ളടക്കം

I പ്രസ്താവന പേജ്

II ഉപോദ്ഘാതം

III A. കുടുംബചരിത്രം (പടിഞ്ഞാറേക്കര വിഭാഗം)

അദ്ധ്യായം	1	ഏറകോന്നി മാതൃകുടുംബം	1
,,	2	ഓറപ്പാക്കൽ കുടുംബം	8
,,	3	കിഴക്കേക്കര കുടുംബം	15
,,	4	പടിഞ്ഞാറെക്കര കുടുംബം	17
,,	5	തെരുവിൽ കുടുംബം	20
,,	6	കൊട്ടാരം കുടുംബം	28
,,	7	ചക്കൻകുളം കുടുംബം	60
,,	8	തെക്കേക്കണ്ടം കുടുംബം	91
,,	9	മണപ്പേത്തിൽ കുടുംബം	110
,,	10	കളപ്പുരയ്ക്കൽ കുടുംബം	113
,,	11	പടിഞ്ഞാറെക്കര കൊച്ചീപ്പൻതരകൻ	119
,,	12	മേടയ്ക്കൽ കുടുംബം	122
,,	13	പടിഞ്ഞാറെക്കര കുടുംബം	128

III B. കുടുംബചരിത്രം (കിഴക്കേക്കര വിഭാഗം)

അദ്ധ്യായം	14	കിഴക്കേര കുടുംബശാഖകളും (കരോട്ടെവീട്ടിൽ വിഭാഗം)	143
,,	15	പുത്തൻപുരയ്ക്കൽ കുടുംബം	144
,,	16	A പീടികയിൽ കുടുംബം	162
,,	16	B ആലയ്ക്കൽ കുടുംബം	180

,, 17 കരോട്ടെവീട്ടിൽ കുടുംബം 197
,, 18 കിഴക്കേക്കര അയ്പ് 205
,, 19 കിഴക്കേക്കര കുടുംബശാഖകൾ
(താഴത്തുവീട്ടിൽ വിഭാഗം)
താഴത്തുവീട്ടിൽ ഇട്ടിച്ചെറിയ വൈദ്യൻ 206

IV കുടുംബയോഗങ്ങൾ 220
1) കിഴക്കേക്കര കുടുംബപരിപാലനയോഗം
പാലാ 221
2) എറകോന്നി പുത്തനമ്പര കുടുംബയോഗം
പാലാ 224
3) എറകോന്നി വയലിൽ കുടുംബയോഗം
കൊഴുവനാൽ 229

V അനുബന്ധങ്ങൾ:-
1. വെട്ടുകാട്ടിൽ ശാഖ 236
2. മുത്തോലിലെ എറകോന്നി കുടുംബങ്ങൾ 242
3. ഡോ. സി. റവി. കൊട്ടാരം 299
i. മുട്ടത്തുവക്കി
ii. ബാബു ചെങ്ങന്നൂർ
iii. മാത്യു മരങ്ങാട്ടുമാലി
4. തിരുത്തലുകളും ഭേദഗതികളും 315
5. മുത്തോലിലെ എറകോന്നികുടുംബങ്ങൾ
(തുടർച്ച) 326
6. സംഭാവന ലിസ്റ്റ് 328

N. B. ഈ ഗ്രന്ഥത്തിന്റെ പ്രതികൾ പാലാ സെൻറ് തോമസ് പ്രസ്സിൽ നിന്നും ലഭിക്കുന്നതാണ്. പുസ്തകത്തിന്റെ വില പത്തു രൂപാ മാത്രം.

അദ്ധ്യായം ഒന്ന്

എറകോന്നി മാതൃകുടുംബം

പുത്തൻപുരയ്ക്കൽ തൊമ്മപ്പണിക്കർ

പാലായിലും പരിസരങ്ങളിലുമുള്ള കത്തോലിക്കർ തങ്ങളുടെ പാരമ്പര്യത്തിന്റെ പ്രതീകമായി എടുത്തുകാണിക്കാറുള്ളത് പത്തു നൂറ്റാണ്ടുകൾക്കു മുമ്പ് സ്ഥാപിതമായ പാലാ വലിയ പള്ളിയേയാണ്. ഈ പള്ളിയുടെ സ്ഥാപനത്തിൽ മുന്നിട്ടുനിന്നു പ്രവർത്തിച്ചിരുന്നവർ സുപ്രസിദ്ധരായ എറകോന്നി, വയലക്കാമ്പൻ, കുട്ടുകൽ, തറയിൽ എന്നീ കുടുംബക്കാരാണ്. മീനച്ചിൽ താലൂക്കിലെ ഭരണാധികാരികളായിരുന്ന മേവിട നമ്പിക്കാട്ട കർത്താക്കന്മാരുടെ ആത്മാർത്ഥമായ പ്രോത്സാഹനവും ഇവർക്ക് ഇക്കാര്യത്തിൽ ഉണ്ടായിരുന്നു. പള്ളിസ്ഥാപകരായ എറകോന്നി ശാഖക്കാർ മീനച്ചിൽ താലൂക്കിൽ വന്നതു സംബന്ധിച്ചു പലേ ഐതിഹ്യങ്ങളും നിലവിലുണ്ട്. എറകോന്നി കുടുംബത്തിലെ ആദ്യകാരണവർ ബാബേലിൽനിന്നു വന്നു ചേർന്ന ഒരു യഹൂദക്രിസ്ത്യാനി ആണെന്നാണ് ഒരു പക്ഷം. മറെറാരഭിപ്രായം ഇയാൾ മൈലാപ്പൂരിൽനിന്നു വന്നുചേർന്ന ഒരു മാർത്തോമ്മാക്രിസ്ത്യാനി ആണെന്നാണ്. ഈ രണ്ടഭിപ്രായങ്ങളേക്കാൾ കൂടുതൽ സ്വീകാര്യമായി തോന്നുന്നതു മറെറാരു വാദഗതിയാണ്.

ക്രിസ്തുവർഷം പത്താം നൂറ്റാണ്ടിന്റെ ആരംഭകാലത്തു് മീനച്ചിൽ ഭരണാധിപന്മാരായ നമ്പിക്കാട്ടു കർത്താക്കന്മാർ എണ്ണ, ഉപ്പു് തുടങ്ങിയ തീണ്ടലുള്ള സാധനങ്ങൾ തൊട്ടുകൊടുത്തു് ശുദ്ധി വരുത്തുവാനായി മേവിട കൊണ്ടുവന്ന പാപ്പിച്ചുവരാണു് എറകോന്നി കുടുംബക്കാർ എന്നതാണു് ഈ അഭിപ്രായം. ഇവർ ഇടപ്പള്ളിയിൽനിന്നു വന്നു കോട്ടയത്തിനടുത്ത മണർകാട്ടു പ്രദേശത്തു കല്ലുക്കടമ്പു് എന്ന വീട്ടിൽ താമസിച്ചുവരികയായിരുന്നു. ഈ അവസരത്തിലാണു കർത്താക്കന്മാരുടെ ക്ഷണം സ്വീകരിച്ചു മേവിട എറകോന്നി പുരയിടത്തിൽ വന്നു താമസമാക്കിയതു്.

എ. ഡി. ആയിരാമാണ്ടോടടുത്തു് മേവിടവന്നു താമസമാക്കിയ കുടുംബത്തലവൻ കാലക്രമേണ പണം കൊണ്ടും പദവികൊണ്ടും സുപ്രസിദ്ധനായിത്തീർന്നു. ഇദ്ദേഹത്തിന്റെ കുടുംബം കുറെ വർഷങ്ങൾകൊണ്ടു സമ്പത്തിലും ആൾ ബലത്തിലും ഈ പ്രദേശങ്ങളിൽ അദ്വിതീയമായിത്തീർന്നു. അക്കാലങ്ങളിൽ പ്രസിദ്ധിയാർജ്ജിച്ചിരുന്ന ഈ കുടുംബത്തിൽനിന്നു ഒരാൾ പതിനേഴാം നൂറ്റാണ്ടിന്റെ ആരംഭകാലത്തോടടുക്കുടി മേവിടവെട്ടിക്കാട്ടു പുരയിടത്തിൽ പുരവച്ചു മാറിത്താമസിക്കയുണ്ടായി. ഇദ്ദേഹത്തിന്റെ പേർ എറകോന്നി ഇട്ടിച്ചെറിയ എന്നായിരുന്നു. ഇദ്ദേഹത്തിനു് ഏഴു പുത്രന്മാർ ഉണ്ടായിരുന്നു. ഇവരിൽ ഒരാൾ അയർക്കുന്നത്തു കുടകശ്ശേരിലേക്കു മാറിത്താമസിച്ചു. രണ്ടാമതൊരാൾ മീനച്ചിൽ പരിന്തിരിക്കലും മൂന്നാമൻ മേവിട

തന്നെ പുളിക്കലും നാലാമൻ നെയ്യൂർ നാഗനോലി ക്കലും അഞ്ചാമൻ തറവാടായ വെട്ടിക്കാട്ടും താമസിച്ചു. ആറാമത്തെ സഹോദരൻ വൈദികപഠനത്തിലേർപ്പെ ട്ടുവെങ്കിലും പഠനം പൂർത്തിയാക്കാതെ വിവാഹം ചെയ്ത യാണുണ്ടായതു്. ഇദ്ദേഹത്തിന്റെ വംശാവലിയിൽ പെട്ടവരാണു് തൊട്ടകയിൽ കുടുംബക്കാർ. ഏഴാമ ത്തെ സഹോദരനാണു് പടിഞ്ഞാറേക്കര, കിഴക്കേക്കര ഓറപ്ലാക്കൽ എന്നീ കുടുംബങ്ങളുടെ പിതാവായ പു ത്തൻപുരയ്ക്കൽ തൊമ്മപ്പണിക്കർ.

ഇദ്ദേഹം കിഴതടിയൂർ പ്രദേശത്തുവന്നു കോട്ട യ്ക്കകത്തു പീടിയേയ്ക്കൽ തൊമ്മൻ തരകനുമായി ചേ ന്നു് ഒരു പങ്കുകച്ചവടം തുടങ്ങി. ഉദ്ദേശം രണ്ടുവർഷക്കാ ലത്തിനുശേഷം പങ്കുപിരിഞ്ഞു സ്വകുടുംബമായ വെട്ടി ക്കാട്ടേക്കു തിരിച്ചുപോകയും ചെയ്തു. അക്കാലത്തു കിഴതടിയൂർ ഭാഗത്തു വള്ളോണ്ടനായർ, ചോറുകല നായർ, പടവിൽ നായർ തുടങ്ങിയ നായർ കുടുംബ ങ്ങളും വലിയ പ്രതാപികളായിക്കഴിഞ്ഞിരുന്നു. ഇവരു ടെ ആവശ്യത്തിനുവേണ്ട സാധനങ്ങളും തൊമ്മപ്പണി ക്കരുടെ കടയിൽനിന്നാണു വാങ്ങിപ്പോന്നിരുന്നതു്. തൊമ്മപ്പണിക്കർ കച്ചവടം നിർത്തി പോയപ്പോൾ മറ്റു കടകളൊന്നും ഈ പ്രദേശത്തില്ലായിരുന്നതിനാൽ ഇവർക്കും വലിയ അസൗകര്യം നേരിട്ടു. അതുകൊണ്ടു തൊമ്മപ്പണിക്കരെ കച്ചവടത്തിനായി എങ്ങിനെയും തിരെ കൊണ്ടുവരണമെന്നു് ഇവർ ആലോചിച്ചു. എന്നാൽ വീണ്ടും വരണമെന്നുണ്ടെങ്കിൽ കിഴതടിയൂർ

ഭാഗത്തുതന്നെ പുരവയ്ക്കുവാൻ സ്ഥലവും പുരയ്ക്കുവേണ്ട സാമഗ്രികളും കിട്ടണമെന്നു തൊമ്മപ്പണിക്കർ ആവശ്യപ്പെട്ടു. നായന്മാർ ഈ ആവശ്യം സ്വീകരിക്കുകയും വിവരം നമ്പിക്കാട്ടു കുത്താവിനെ അറിയിക്കുകയും ഇതിനുവേണ്ട അനുവാദം സമ്പാദിക്കുകയും ചെയ്തു. സ്ഥലം അന്വേഷിച്ചതിൽ പുത്തൻപുരയ്ക്കൽ നായരുടെ വകയായ അനുംനില്പായ പുത്തൻപുരയ്ക്കൽ പുരയിടം സൗകര്യമാണെന്നു കണ്ടു. അതനുസരിച്ചു നമ്പിക്കാട്ടുമഠത്തിൽ മൂപ്പായിരുന്ന ഒരു വലിയമ്മ വന്നു പുരവയ്ക്കുന്നതിനു പത്തൽ കുത്തിക്കൊടുക്കുകയും ചെയ്തു. അക്കാലങ്ങളിൽ രാജസ്ഥാനത്തുനിന്നു പത്തൽ കുത്തികൊടുക്കാതെ പുരവയ്ക്കുവാൻ അനുവാദമില്ലായിരുന്നു.

തൊമ്മപ്പണിക്കർവന്ന പൊരുന്നോലിൽ താമസിച്ചുകൊണ്ടു പുരപണി ആരംഭിക്കുകയും താമസിയാതെ പണിതീർത്തു് അങ്ങോട്ടു താമസം മാറുകയും കച്ചവടം പുനരാരംഭിക്കുകയും ചെയ്തു. ഈ വീട്ടുകിഴക്കേക്കരത്താഴെ എന്നു പേരിൽ ഇന്നും നിലനില്ക്കുന്നു. ഈ ഭവനത്തിന്റെ പടിവാതിൽക്കലൂടെയാണു് അക്കാലങ്ങളിൽ മീനച്ചിൽനിന്നു തൊടുപുഴയ്ക്കു പോകുവാനുള്ള "നാട്ടുവഴി"യുണ്ടായിരുന്നതു്. ഈ വഴിക്കു ളാലം തോടിനു് ഒരു പാലവും ഉണ്ടായിരുന്നു. അതിനാണു പഴയപാലം എന്നു പറഞ്ഞുപോരുന്നതു്. ഇന്നുകാണുന്ന ളാലംപാലം തിരുവിതാംകൂർ രാജാവു മീനച്ചിൽ പിടിച്ചടക്കി തൊടുപുഴയ്ക്കുള്ള റോഡു വെട്ടിയപ്പോൾ പണിതീർത്തതാണു്.

പുത്തൻപുരയ്ക്കൽ തൊമ്മപ്പണിക്കർ കച്ചവട സംബന്ധമായ ഏതോ കാര്യംപ്രമാണിച്ചു കൊല്ലവർഷം 836-ാമാണ്ടു വടക്കുംദിക്കിനു പോയി. പിറവത്തു ചെന്നപ്പോൾ വടക്കുംമനയ്ക്കൽ ഇല്ലത്തെ പ്രായപൂർത്തിയാവാത്ത ഒരു ഉണ്ണിയെ വഴിമദ്ധ്യേ "മറിപ്പു" വച്ചിരിക്കുന്നതായിക്കണ്ടു. അക്കാലങ്ങളിൽ കടം വാങ്ങിയതുക ഈടാക്കുവാനായി ഉടമസ്ഥൻ ഒരാളയച്ചാൽ പണം കിട്ടാത്തപക്ഷം കടക്കാരനെ പിടിച്ചു തടവിൽ വയ്ക്കുവാൻ അവകാശം ഉണ്ടായിരുന്നു. കടം കൊടുക്കാതെ യാതൊരാവശ്യത്തിനും അയാളെ വിടുകയുമില്ല. ഈ സമ്പ്രദായത്തിനാണു് "മറിപ്പു വയ്ക്കുക" എന്നു പറഞ്ഞുപോന്നിരുന്നതു്. പ്രായപൂർത്തിയായ തമ്പുരാക്കന്മാർ സ്ഥലത്തില്ലാതിരുന്നതിനാലാണു വടക്കുംമനയ്ക്കൽ ഇല്ലത്തെ കടത്തിന്റെ പേരിൽ ഒരു ഉണ്ണിയെ ഇങ്ങിനെ തടവിൽവയ്ക്കാൻ ഇടയായതു്. ഇതുകണ്ട തൊമ്മപ്പണിക്കർ കാര്യമെന്തെന്നന്വേഷിച്ചു. ഉണ്ണി "മറിപ്പു" ചീട്ടിനിരിക്കയാണെന്നും കൂലിച്ചില്ലെന്നും പറഞ്ഞപ്പോൾ "പകരം ഞാനിരുന്നുകൊള്ളാം ഉണ്ണി പൊയ്ക്കൊള്ളട്ടെ" എന്നു് പണിക്കർ നിർദ്ദേശിച്ചു. അങ്ങിനെ പണത്തിന്റെ ഉത്തരവാദിത്വം തൊമ്മപ്പണിക്കർ ഏല്ക്കുകയും ഉണ്ണിയെ സ്വതന്ത്രനാക്കുകയും ചെയ്തു. ഉണ്ണി ഇല്ലത്തുചെന്നപ്പോൾ അന്തർജ്ജനമായ വല്യതമ്പുരാട്ടി കാര്യംതിരക്കി. തെക്കൻ ഒരു മാപ്പിള വഴിക്കു വന്നു കടം ഏറ്റു തന്നു വിടുവിച്ചതാണെന്നു് ഉണ്ണി പറഞ്ഞു. ഉടൻതന്നെ ആ മാപ്പിളയെ ഇല്ലത്തേക്കു കൂട്ടിക്കൊണ്ടുവരാൻ തമ്പുരാട്ടി ഉണ്ണിയെത്തന്നെ പറ

ഞയച്ചു. ഉണ്ണി അവിടെ ചെന്നപ്പോൾ കടം കൊടുക്കുവാനുണ്ടായിരുന്ന 150 രാശി തന്റെ മുളവടിയുടെ അഗ്രംതുറന്ന് ഒരു ഇലയിൽ കുടഞ്ഞിട്ടുകൊടുത്തിട്ട തൊമ്മപ്പണിക്കർ ഇല്ലത്തേക്കു ചെന്നു. അദ്ദേഹത്തെ കണ്ടപ്പോൾ തമ്പുരാട്ടി സന്തോഷപൂർവ്വം അദ്ദേഹത്തിന്റെ ജന്മസ്ഥലവും പേരും വീട്ടുപേരും ചോദിച്ചു മനസ്സിലാക്കുകയും പ്രത്യുപകാരമായി എന്തെങ്കിലും പ്രതിഫലം സ്വീകരിക്കണമെന്ന് നിർബ്ബന്ധിക്കുകയും ചെയ്തു. എന്നാൽ താൻ തന്റെ ധർമ്മം നിറവേറ്റിയിട്ടേയുള്ളൂ എന്നും പ്രതിഫലമൊന്നും ആവശ്യമില്ലെന്നും പറഞ്ഞു തൊമ്മപ്പണിക്കർ അവിടെനിന്നു പോവുകയാണുണ്ടായതു്. അതിനുശേഷം വടക്കുംമനയ്ക്കൽ തമ്പുരാൻ ഇല്ലത്തുവന്നപ്പോൾ തമ്പുരാട്ടി ഈ കഥകളെല്ലാം അദ്ദേഹത്തെ പറഞ്ഞു മനസ്സിലാക്കുകയും ചെയ്തു.

പിന്നീടു് ഒരവസരത്തിൽ തമ്പുരാൻ ളാലത്തു് അമ്പലത്തിൽ വഴിപാടു കഴിക്കാനായി വന്നു. അദ്ദേഹം തൊമ്മപ്പണിക്കരെ ആളയച്ചു വരുത്തുകയും പണിക്കർ എന്തെങ്കിലും ഉപകാരം സ്വീകരിച്ചേ മതിയാവൂ എന്നു നിർബ്ബന്ധിക്കയും ചെയ്തു. അങ്ങിനെയെങ്കിൽ തന്റെ വീടിനു സമീപം കാട്ടുപൊന്തു വീഴുന്ന ഒരു കുഴിയും കുറെ വയലും കിടക്കുന്നതു തനിക്കു കിട്ടിയാൽ മതി എന്നു പണിക്കർ ബോധിപ്പിച്ചു. ഇതനുസരിച്ചു പാമ്പൂരാം പാറയ്ക്കു മേക്കു്, കവണാറിനു (മീനച്ചിലാർ) വടക്കു്, ളാലം തോടിനു കിഴക്കു്,

കാട്ടുകിടപ്പിനും തെക്ക്, വടക്കുംമനവക സ്ഥലങ്ങളും എല്ലാം കാണിച്ചു് ഒരാധാരം എഴുതി തമ്പുരാൻ പണിക്കർക്കു നല്കി. അങ്ങിനെ കിട്ടിയ പാടവും വസ്തുക്കളും ഇന്നും തൊമ്മപ്പണിക്കരുടെ അനന്തരാവകാശികളുടെ കയ്യിൽ തന്നെ ഇരിക്കുന്നു.

കാലം കുറെക്കഴിഞ്ഞു. കച്ചവടത്തിൽനിന്നു ധാരാളം സമ്പത്തും രാജസ്ഥാനത്തുനിന്നു സ്ഥാനമാനങ്ങളും നേടിയ തൊമ്മപ്പണിക്കർ തന്റെ പദവിക്കനുസരണമായി ഒരു പുതിയ കെട്ടിടം പണിയണമെന്നു് ആഗ്രഹം ഉണ്ടായി. പുരയിടത്തിൽ പുതുതായി ഒരു പുരവയ്ക്കുകയും താമസം അങ്ങോട്ടു മാറുകയും, ആദ്യം പണിത പുത്തൻപുരയ്ക്കൽ പുര പൂട്ടിയിടുകയും ചെയ്തു.

തൊമ്മപ്പണിക്കർക്കു മൂന്നു പുത്രന്മാരും മൂന്നു പുത്രിമാരുമാണുണ്ടായിരുന്നതു്. അവരിൽ മൂത്ത പുത്രന്റെ പേർ ഇട്ടിച്ചെറിയ എന്നും, രണ്ടാമന്റെ പേരു കൊച്ചിട്ടിഎഴുപ്പു് എന്നും, മൂന്നാമന്റെ പേരു കൊച്ചുമത്തായി എന്നുമായിരുന്നു ഇവർ മൂവരുമാണു യഥാക്രമം ഒറവപ്പാക്കൽ, കിഴക്കേക്കര, പടിഞ്ഞാറേക്കര എന്നീ കുടുംബങ്ങളുടെ നായകന്മാരായി തീർന്നതു്. തൊമ്മപ്പണിക്കരുടെ മൂത്ത പുത്രിയെ പൊരുന്നോലിലും, രണ്ടാമത്തെ പുത്രിയെ മയിലാട്ടുരും, മൂന്നാമത്തെ പുത്രിയെ കടനാട്ടു വെട്ടിക്കാപ്പള്ളിയിലും വിവാഹംചെയ്തയച്ചു.

അദ്ധ്യായം രണ്ടു്

ഒറവപ്പാക്കൽ കുടുംബം

മന്ത്രി ഒറവപ്പള്ളാക്കൽ ഇട്ടിച്ചെറിയതു്

പുത്തൻ പുരയ്ക്കൽ തൊമ്മപ്പണിക്കരുടെ പ്രഥമ പുത്രൻ ഇട്ടിച്ചെറിയതു വെള്ളാപ്പാട്ടകരയിൽ കയ്യാലയ്ക്കകത്തു നിന്നു വിവാഹം കഴിച്ചു കിഴതടിയൂർ ഒറവപ്പാക്കൽ പുരയിടത്തിൽ താമസമാരംഭിച്ചു. ഇദ്ദേഹം അതീവ ബുദ്ധിമാനും കർമ്മകുശലനുമായിരുന്നു. താൻ ദത്തെടുത്ത ഏറകോന്നി കുടുംബത്തിലെ ഒരംഗമായ ഇട്ടിച്ചെറിയതിന്റെ സാമർത്ഥ്യത്തിൽ ആകൃഷ്ടനായ മീനച്ചിൽ കർത്താവു് അദ്ദേഹത്തെ തന്റെ മന്ത്രിയായി നിയമിച്ചു.

ഇട്ടിച്ചെറിയതു് മന്ത്രിയായിരിക്കുന്ന അവസരത്തിൽ കൊല്ലവർഷം 930-ൽ തിരുവിതാംകൂർ മഹാരാജാവു മാർത്താണ്ഡവർമ്മ തന്റെ പടയൊരുക്കമാരംഭിച്ചു. തിരുവിതാംകൂറിനെ അപേക്ഷിച്ചു താരതമ്യേന ചെറിയ രാജ്യമായിരുന്ന മീനച്ചിൽ തിരുവിതാംകൂറുമായി ഒരു ഉടമ്പടിയിൽ ഏർപ്പെടുകയും സാമന്തപദവി ഏറ്റെടുക്കുകയുമാണുണ്ടായതു്. മന്ത്രിയുടെ ഉപദേശപ്രകാരമാണു കർത്താവു് ഇങ്ങനെ ഒരു തീരുമാനമെടുക്കാനിടയായതു്. ഈ ഉടമ്പടി പ്രകാരം മീനച്ചിൽ തിരുവിതാംകൂറിനു കരുമുളകു കപ്പമായി കൊടുക്കേണ്ടി വന്നു.

ഇടത്തുനിന്ന് വലത്തോട്ട് ഇരിക്കുന്നവർ: ഗോപാലകൃഷ്ണൻ, ഗോപിനാഥൻ, ഗോപാലൻ, ഗോപിനാഥൻ, ഗോപാലൻ, ഗോപിനാഥൻ, ഗോപാല



ഈപ്പൻ ജെ അഞ്ചേരി, മിസ്സ് മേരി ഈപ്പൻ, പുത്രന്മാരായ ബേബി, റോമി & സണ്ണി
പുത്രിമാരായ എൽസമ്മ, റോസിലി & ടെറസാ എന്നിവരുമൊത്തമ ച്ചു്.

See Page 102

ഈ അവസരത്തിലാണ് മീനച്ചിലിനു് അടുത്തുള്ള വെള്ളിലാപ്പള്ളി കത്താവു തിരുവിതാംകൂറിനോടു യുദ്ധത്തിനൊരുമ്പെട്ടതു്. വെള്ളിലാപ്പള്ളി കത്താവു യുദ്ധത്തിൽ തന്നെ സഹായിക്കുന്നതിനു മീനച്ചിൽ കത്താവിനോടു് അഭ്യർത്ഥിച്ചു. വെള്ളിലാപ്പള്ളി ജയിക്കുന്ന പക്ഷം താൻ കപ്പം കൊടുക്കേണ്ടതില്ലല്ലോ എന്നോർത്തു മീനച്ചിൽ കത്താവു വെള്ളിലാപ്പള്ളിയെ സഹായിക്കുന്നതിനു തീരുമാനിച്ചു. എന്നാൽ മന്ത്രി ഇട്ടിച്ചെറിയതു് ഇതിനു് എതിരായിരുന്നു. വെള്ളിലാപ്പള്ളിക്കു വിജയസാദ്ധ്യത വളരെ കുറവാണെന്നും, തോറ്റാൽ വലിയ ആപത്താകുമെന്നും, അതുകൊണ്ടു് ഇക്കാര്യത്തിൽ ഇടപെടാതിരിക്കുകയാണു നല്ലതെന്നും മന്ത്രി ഉപദേശിച്ചു. എന്നാൽ കത്താവു് ഈ ഉപദേശം സ്വീകരിക്കാതെ തന്റെ വക യുദ്ധസാമഗ്രികൾ– നാനച്ചൻ എന്നു കത്താവിന്റെ പേരുകൊത്തിയ നാലുതോക്കുകളുൾപ്പടെ–ഏതാനും വാൾക്കാർ സഹം വെള്ളിലാപ്പള്ളിക്കു് എത്തിച്ചുകൊടുത്തു.

ഈ യുദ്ധത്തിൽ വെള്ളിലാപ്പള്ളി പ്രയോഗിച്ച ഒരു തന്ത്രം രസാവഹമാണു്. വെള്ളിലാപ്പള്ളിയുടെ സേവകർ തിരുവിതാംകൂർ സൈന്യം വരുന്ന വഴിക്കു സമീപസ്ഥമായ ക്രൂഴ മലയിൽ വിഷം കലക്കിയ കുറെ പായസം വയ്ക്കുകയും എതിരാളികൾ വരുന്നതു കണ്ടു പായസം ഉപേക്ഷിച്ചു് ഓടിപ്പോവുകയും ചെയ്തു. മുമ്പിൽ വന്ന ശത്രുക്കൾ പായസം കുടിച്ചു ചത്തുവീണു. കൊണിമനസ്സിലാക്കിയ പിൻ നിരക്കാർ വെ

ള്ളിലാപ്പള്ളിയെ യുദ്ധംചെയ്തു തോല്പിക്കുകയും നാനച്ചൻ എന്നു പേരുകൊത്തിയ രണ്ടുതോക്കുകളും ഏതാനും വാളുകളും പിടിച്ചെടുക്കുകയും ചെയ്തു.

തിരുവിതാംകൂറിന്റെ സേനാപതിമാർ തിരുവനന്തപുരത്തെത്തി മഹാരാജാവിനെക്കണ്ടു വിവരങ്ങൾ അറിയിച്ചു. "നാനച്ചൻ നിങ്ങളെ സഹായിക്കാൻ എത്തിയില്ലേ? നാനച്ചനു ഞാൻ എഴുതിയിട്ടുണ്ടായിരുന്നല്ലോ." എന്നു രാജാവു ചോദിച്ചു. നാനച്ചൻ ചതിക്കുകയാണുണ്ടായതെന്നറിഞ്ഞ രാജാവു കോപാക്രാന്തനായി ഉടൻ മീനച്ചിൽ പോയി "കുറിക്കുമ്പിൾ കുടുക്കട്ടെ" എന്നാജ്ഞാപിച്ചു. യുദ്ധം ആരംഭിക്കുന്നതിനു് അക്കാലങ്ങളിൽ ഇങ്ങനെയാണു കല്പന പുറപ്പെടുവിച്ചിരുന്നതു്.

മീനച്ചിൽ കത്താവു വിവരമറിഞ്ഞു പരിഭ്രാന്തനാവുകയും മന്ത്രിയെ അടിയന്തിരമായി വിളിച്ചു കാര്യങ്ങൾ ഗ്രഹിപ്പിക്കുകയും ചെയ്തു. മന്ത്രിക്കു് അപ്പോൾ കലശലായ ദോഷ്യമാണുണ്ടായതു്. "ഞാൻ നേരത്തെ പറഞ്ഞിരുന്നല്ലോ തെക്കുനിന്നു വരുന്ന മാത്താണ്ഡൻ ശക്തനാണെന്നു്. വേണാടിനെ എങ്ങനെ തോല്പിക്കാമെന്നു വച്ചാണു യുദ്ധത്തിനു പോയതു്? ഇനി ഇപ്പോൾ വെള്ളിലാപ്പള്ളിയുടെ പടിക്കൽ മുട്ടുകയേ തരമുള്ളൂ" എന്നു മന്ത്രി പറഞ്ഞു. നിരാശനായ കത്താവു യുദ്ധത്തിനൊരുങ്ങാതെ ആനപ്പുറത്തു കയറി പൂലമരമലയിൽ പോയാളിച്ചു. തിരുവിതാംകൂർ സൈന്യങ്ങൾ വെള്ളിയേപ്പള്ളിയിൽ വന്നു യുദ്ധം ചെയ്യുകയും ഒളി

വിലായിരുന്ന കത്താവിനെ തെരഞ്ഞു പിടിക്കുകയും ചെയ്തു. കത്താവിന്റെ കുടുംബാംഗങ്ങൾക്കു തൃപ്തമായ അടിത്തുണ് നല്കി തിരുവിതാംകൂറിന്റെ കീഴ്വരുതിയിൽ കഴിഞ്ഞുകൂട്ടുവാൻ ഉടമ്പടിയുമുണ്ടാക്കി. തിരുവിതാംകൂർ പട്ടാളക്കാർ പാലാ അങ്ങാടി മുഴുവൻ കൊള്ളയിടുകയും കെട്ടിടങ്ങൾ തീ വച്ചു നശിപ്പിക്കുകയും ചെയ്തു. കത്താവുമായുള്ള അഭിപ്രായ വ്യത്യാസത്തെ തുടർന്ന് ഇട്ടിച്ചെറിയത്തു മന്ത്രിസ്ഥാനത്തുനിന്നും വിരമിക്കുകയാണുണ്ടായത്. ഒറപ്പാക്കൽ ഇട്ടിച്ചെറിയത്തു മന്ത്രിയായിരിക്കുന്ന അവസരത്തിലാണു പാലാ അങ്ങാടിയുടെ സ്ഥാപനം നടന്നതു്. കൊല്ലവർഷം 910-ാം മാണ്ടിൽ മീനച്ചിൽ കത്താവു കടപ്പാട്ടൂർ എന്ന സ്ഥലത്തു് ഒരു അങ്ങാടി സ്ഥാപിക്കാൻ തീരുമാനിക്കുകയും വിവരം മന്ത്രിയെ അറിയിക്കുകയും ചെയ്തു. മന്ത്രി സ്വപിതാവായ തൊമ്മപ്പണിക്കരുമായി ആലോചിച്ചു തങ്ങളുടെ വകയായ തൊമ്മനാമറ്റത്തിൽ (ഇപ്പോൾ ബസ് സ്റ്റാൻഡ് സ്ഥിതിചെയ്യുന്ന സ്ഥലം) അങ്ങാടി സ്ഥാപിക്കുവാൻ കത്താവിനോടു് അപേക്ഷിച്ചു. തൊമ്മപ്പണിക്കരുടെ പേരിൽ നിന്നുമാണു് ആ സ്ഥലത്തിനു തൊമ്മനാമറ്റം എന്ന പേരുണ്ടായതു്. മന്ത്രിയുടെ താത്പര്യമനുസരിച്ചു മീനച്ചിലാറിന്റെ തീരത്തു തൊമ്മനാമറ്റത്തിൽ പാലാ പട്ടണം സ്ഥാപിക്കപ്പെടുകയാണുണ്ടായതു്. അങ്ങാടിയുടെ നടുവിലായി തൊമ്മപ്പണിക്കർ ഒരു പള്ളിയും പണികഴിപ്പിച്ചു. ഇതാണു പാലാപ്പട്ടണത്തിൽ ഇന്നും കാണുന്ന അമലോത്ഭവമാതാവിന്റെ കുരിശുപള്ളി.

മന്ത്രി ഇട്ടിച്ചെറിയതിനു് ഒരു പുത്രിയും രണ്ടു പുത്രന്മാരുമുണ്ടായി. പുത്രിയെ പാലാ കുട്ടക്കയത്തു ചാണ്ടി മാപ്പിളയുടെ പുത്രൻ ചെറിയതു വിവാഹം കഴിച്ചു. അവരുടെ പുത്രനായിരുന്ന കുട്ടക്കയത്തു കൊച്ചു ചാണ്ടി മല്ലാൻ. പുത്രന്മാരിൽ കുഞ്ഞറിയ ചെറുപ്പത്തിലേ മരിച്ചുപോയി. ശേഷിച്ച പുത്രൻ തൊമ്മൻ ചങ്ങനാശ്ശേരി കല്ലറയ്ക്കൽ കൊച്ചീപ്പൻ തരകന്റെ മകളെ വിവാഹം ചെയ്തു് ഒറവപ്പാക്കൽ താമസിച്ചു. ഇദ്ദേഹത്തിനു് ഇട്ടിച്ചെറിയ എന്ന ഒരു പുത്രനും രണ്ടുപുത്രിമാരുമുണ്ടായി.

പുത്രിമാരിൽ ഒരാളെ ളാലം കരയിൽ വെള്ളരിങ്ങാട്ടു കുര്യൻ വിവാഹം ചെയ്യുകയും സ്ത്രീധനമായി കിട്ടിയ പുരയിടത്തിൽ (വള്ളുവൻ പുലയൻ കിടന്ന സ്ഥലം) താമസിക്കുകയും ചെയ്തു. ഇവരാണു വള്ളോമൻ പുരയിടത്തിൽ കുടുംബക്കാർ.

രണ്ടാമത്തെ പുത്രിയെ ഇടപ്പാടിയിൽ ആട്ടപ്പാട്ടു് തൊമ്മൻ വിവാഹം കഴിക്കുകയും സ്ത്രീധനമായിക്കിട്ടിയ കല്ലറയ്ക്കൽ പുരയിടത്തിൽ താമസമാക്കുകയുംചെയ്തു. ഇവരാണു കല്ലറയ്ക്കൽ കുടുംബക്കാർ. ഏകപുത്രൻ ഇട്ടിച്ചെറിയതു മീനച്ചിൽ ഓടയ്ക്കൽനിന്നു വിവാഹം ചെയ്തു് ഒറവപ്പാക്കൽ പാർത്തു. ഇദ്ദേഹത്തിനു തൊമ്മൻ ദേവസ്യാ എന്ന രണ്ടുപുത്രന്മാരും ഒരു പുത്രിയുമുണ്ടായി. പുത്രിയെ ഇടമറ്റത്തു കാവിൽപുരയിടത്തിൽ വിവാഹം ചെയ്തയച്ചു. പുത്രൻ തൊമ്മൻ കുളത്തൂർ കരയിൽ വിളങ്ങാട്ടു വീട്ടിൽ നിന്നും വിവാഹം ചെയ്തു പുളിക്കപ്പു

റമ്പിൽ താമസിച്ചു. ഇയാൾക്കു രണ്ടുപുത്രിമാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. മൂത്തപുത്രി അന്നായെ അന്തീനാട്ടു മുണ്ടനാട്ടു വിവാഹം ചെയ്തയച്ചു. ഇളയപുത്രിയെ കുണ്ടുകുളത്തു മാണി വിവാഹം ചെയ്തു ഭത്തവുകാശമായി താമസിച്ചതിൽ തൊമ്മൻ, ഔസേപ്പു് എന്നാ രണ്ടുപുത്രന്മാരുണ്ടായി. തൊമ്മൻ പാലാ, പാലംകുന്നേൽനിന്നു് അന്നായെ വിവാഹം ചെയ്തു് ഇളങ്ങുളത്തേക്കു താമസം മാറി. തൊമ്മനു് കുരുവിള, കൊച്ചു് എന്നാ രണ്ടു പുത്രന്മാരുണ്ടായി. കുരുവിള മലബാറിൽ പേരാവൂരിനടുത്തു താമസമാക്കി.

ഇളയപുത്രൻ ഔസേപ്പു് കീഴ്തടിയൂർ വരിക്കമാക്കൽ ഏലിയെ വിവാഹം കഴിച്ചു പുളിക്കപ്പറമ്പിൽ തന്നെ താമസിച്ചു. ഔസേപ്പിനു മറിയാമ്മ എന്നാ ഒരു പുത്രി മാത്രമേ ഉണ്ടായിരുന്നുള്ളൂ. പുത്രിയെ ഇടമറത്തു് ഒട്ടലാങ്കൽ ദേവസ്യാ വിവാഹം കഴിച്ചു. ഔസേപ്പിന്റെ മരണാനന്തരം ഭാര്യ ഏലിയും പുത്രിയുടെക്രൂടെ ഇടമറത്തു് അവളുടെ ഭർത്തൃവീട്ടിലേക്കു പോയി. മറിയാമ്മയ്ക്കു മൂന്നു പുത്രന്മാരും നാലു പുത്രിമാരും ഉണ്ടായി. പുത്രന്മാർ ഇപ്പോൾ പെരുവന്താനത്തു താമസിച്ചുവരുന്നു.

ഇട്ടിച്ചെറിയതിന്റെ രണ്ടാമത്തെ പുത്രൻ ദേവസ്യാ മീനച്ചിൽ വാഴയിൽനിന്നു് വിവാഹം ചെയ്തതിൽ ഇട്ടിച്ചെറിയ എന്നാ ഒരു പുത്രനുണ്ടായി. ഈ ദ്ദേഹം ഭരണങ്ങാനത്തിനടുത്തു കീഴമ്പാറെ മാറാമറ്റത്തിൽ ഏലിയെ വിവാഹം ചെയ്തതിൽ ജോസഫ്

എന്നൊരു പുത്രനുണ്ടായി. ഈ ജോസഫ് ചങ്ങനാ
ശ്ശേരിയിൽനിന്നു രാമപുരത്തു വന്നു താമസിക്കുന്ന വെ
ട്ടിക്കഴിച്ചാലിൽ കുടുംബാംഗമായ അന്ത്രയോസിന്റെ
പുത്രി റോസയെ വിവാഹം ചെയ്തു. റോസയുടെ മാ
താവു് അന്നമ്മ പടിഞ്ഞാറെക്കര ശാഖയിൽപ്പെട്ട
കുത്തിവളച്ചേൽ കുടുംബാംഗമാണു്. ജോസഫിനു് ഒരു
പുത്രനും രണ്ടു പുത്രിമാരുമുണ്ടായി. മൂത്ത പുത്രി ഏലി
ക്കുട്ടിയെ പ്രവിത്താനത്തു ഔസേപ്പുപറമ്പിലും ഇളയ
പുത്രി അന്നമ്മയെ ചക്കാമ്പുഴ ഓലിക്കലും വിവാഹം
ചെയ്തയച്ചു. പുത്രൻ സ്കറിയാ ഭരണങ്ങാനത്തു കൊല്ല
മ്പറമ്പിൽ തോമസിന്റെ പുത്രി പെണ്ണമ്മയെ വിവാ
ഹം ചെയ്തതിൽ ഒരു പുത്രിയും നാലു പുത്രന്മാരുമുണ്ടു്.
പാലാ സെൻറു് തോമസു് കോളേജിൽ ചീഫു് അ
ക്കൗണ്ടൻറായി ജോലി ചെയ്തുവരുന്ന ശ്രീ. സ്കറിയാ
ജനസമ്മതനായ ഒരു പൊതുക്കാര്യപ്രസക്തനാണു്.
പാലാ മണ്ഡലം കോൺഗ്രസു് കമ്മറ്റി സെക്രട്ടറിയാ
യും, സഹകരണസംഘങ്ങളുടെ ഭരണസമിതികളിലും
ഇദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. ഇദ്ദേഹത്തി
ന്റെ മൂത്ത പുത്രൻ ബാബു എൻജിനീയറിംഗിനു് പ
ഠിച്ചുകൊണ്ടിരിക്കുന്നു. പുത്രി ഗീതമ്മ ഒരു കോളെജു്
വിദ്യാർത്ഥിനിയാണു്. ഇളയ പുത്രന്മാരായ തോമസ്സും
പയസ്സും ബന്നിയും സ്കൂൾ വിദ്യാർത്ഥികളാണു്. ഒറ
പ്ലാക്കൽ ജോസഫിന്റെ ഭാര്യ റോസ ഇന്നും ആരോ
ഗ്യവതിയായി സപുത്രനോടൊത്തു ജീവിച്ചിരിക്കുന്നു.

അദ്ധ്യായം മൂന്നു്

കിഴക്കേക്കര കുടുംബം

കിഴക്കേക്കര കൊച്ചിട്ടിഐപ്പു്

പുത്തൻപുരയ്ക്കൽ തൊമ്മപ്പണിക്കരുടെ ദ്വിതീയ പുത്രൻ കൊച്ചിട്ടിഐപ്പു് ആണ്ടൂർ കരയിൽ പള്ളിപ്പുറത്തുനിന്നു വിവാഹം ചെയ്തു ഭരണവകാശമായി താമസിച്ചുപോന്നു. ഈ വിവാഹം നടക്കുന്നതിൽ ആണ്ടൂർ പ്രദേശത്തെ അധിപനായ അഞ്ചകുളപണിക്കർക്കു് എതിർപ്പുണ്ടായിരുന്നു. ഇട്ടിഐപ്പും പണിക്കരുമായുള്ള എതിർപ്പു പിന്നീടു ചില വഴക്കുകൾക്കും വാക്കേറ്റങ്ങൾക്കും കാരണമായി. ആണ്ടൂരെ തന്റെ താമസം അപകടകരമാണെന്നുകണ്ടു കൊച്ചിട്ടിഐപ്പു ഭാര്യാസമേതം കിഴതടിയൂർക്കു തിരിച്ചുപോന്നു.

പുത്രന്റെ ഈ തിരിച്ചുവരവു പിതാവായ തൊമ്മപ്പണിക്കർക്കു രസിച്ചില്ല. തിരിച്ചു് ആണ്ടൂർക്കുതന്നെ പോകാനാണു് അദ്ദേഹം മകനോടു നിർദ്ദേശിച്ചതു്. എങ്കിലും പിതാവിന്റെ ഇച്ഛയ്ക്കു വിരുദ്ധമായി കൊച്ചിട്ടിഐപ്പു പൂട്ടിക്കിടന്നിരുന്ന കിഴക്കേക്കരവീട്ടിൽ താമസം തുടങ്ങി. ഇക്കാരണത്താൽ പിതാവും പുത്രനും തമ്മിൽ നല്ല രസമില്ലാതെ കഴിഞ്ഞുപോന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം തൊമ്മപ്പണിക്കരുടെ ഒരു കൃഷിക്കാരനായ പടവീലുൻറാൻ എന്നനായർ തന്നെ ശമ്പളത്തിൽനിന്നു മാറുവാൻ പോകുന്നു എന്നറിഞ്ഞു തൊമ്മപ്പണിക്കരെ വധിക്കാൻ ഒരു ശ്രമം നടത്തി. തളത്തിൽ ഒരു കുട്ടിലിൽ കിടന്നുറങ്ങുകയിരുന്ന പണിക്കരെ വെട്ടാനായി ഉൻറാനയത്തിയ വാൾ എങ്ങനെയോ കഴുക്കോലിൽ തട്ടി ശബ്ദമുണ്ടായി. ശബ്ദംകേട്ടു പിടച്ചെണീറ്റ തൊമ്മപ്പണിക്കർ ഉൻറാനെ വട്ടംപിടിച്ചു. ശബ്ദം കേട്ടെത്തിയ ഒരു പുലയി ഓടി കിഴക്കേക്കരച്ചെന്നു്, "മൂത്തിരോ മൂത്തിരോ പണിക്കരു മൂത്തിരോരെ ഉൻറാൻ വെട്ടിക്കൊല്ലാൻ തുടങ്ങുന്നേ ഓടിവായോ" എന്നു വിളിച്ചുപറഞ്ഞു. ഇതു കേട്ട കൊച്ചിട്ടിഐപ്പു് കിതച്ചെത്തിയപ്പോഴേക്കും ഉൻറാൻ പിടിവിടുവിച്ചു ഓടാൻ തുടങ്ങി. പിറകേ ഓടിച്ചെന്നു് ഇട്ടിഐപ്പു് അയാളെ എറിഞ്ഞുവീഴ്ത്തി പിടിച്ചുകെട്ടി. വിവരം അറിഞ്ഞു തൊമ്മപ്പണിക്കരുടെ മൂത്ത പുത്രൻ മന്ത്രി ഇട്ടിച്ചെറിയതു സ്ഥലത്തെത്തി ഉൻറാനെ കാനാട്ടുപാറ കൊണ്ടുപോയി വെടിവച്ചുകൊല്ലാൻ വിധിച്ചു. അതനുസരിച്ചു പടവീലുൻറാനെ കാനാട്ടുപാറവച്ചു വെടിവച്ചുകൊല്ലുകയും ചെയ്തു.

തൻെറ ജീവൻ രക്ഷിച്ച കൊച്ചിട്ടിഐപ്പിനോടു തൊമ്മപ്പണിക്കർക്കു വലിയ സ്നേഹം തോന്നുകയും തൻെറ സ്വത്തിൽ മൂന്നിലൊരുഭാഗം അയാൾക്കായി ഭാഗം ചെയ്തുകൊടുക്കുകയും ചെയ്തു. തൻെറ മൂന്നുമക്കളേയുംപറ്റി തൊമ്മപ്പണിക്കർക്കുണ്ടായിരുന്ന അഭിപ്രാ



മണ്ടെവത്തിൽ തേട്ടത്തിൽ കുടുംബം. ഒന്നാംനിര (ഇ.വ.) ഡോമനിക്ക് (കൊച്ചുപാപ്പൻ), മിസ്സസ് കുഞ്ഞേലി ഡോമിനിക്ക്, & പൌത്രി ഡാർലി. രണ്ടാംനിര (ഇ.വ.) ഇളയ മകൻ ദേവസ്യാച്ചൻ, മൂത്തമകൻ ഔസേപ്പച്ചൻ, മിസ്സസ് എൽസമ്മ ഔസേപ്പച്ചൻ & അനുജന്റെ മകൾ സാലി

See Page 110



തെങ്ങവിൽ ദേവസ്യാ ജോസഫും (കഞ്ഞ്) കുടുംബാംഗങ്ങളും

ഇരിക്കുന്നവർ:— (ഇ.വ.) പുത്രി തങ്കമ്മ, പുത്രി ലൂസി (സി. കല്ലിസ്റ്റസ്), ദേവസ്യാ ജോസഫ്, മിസ്സസ്
നക്കുട്ടി ജോസഫ്, പുത്രി മേരി (സി. ഇന്നസൻറ് മേരി), പിതൃസഹോദരപുത്രി തങ്കമ്മ (സി. അനൻസിയേറ്റ),
ുന്നവർ:— (ഇ.വ.) പുത്രി ടേസി, പുത്രന്മാരായ തങ്കച്ചൻ, കുട്ടിയച്ചൻ, അപ്പച്ചൻ, ബേബി, പുത്രി ആനിയമ്മ &
മിസ്സസ് കുഞ്ഞമ്മ കുട്ടിയച്ചൻ, നിലത്തിരിക്കുന്നവർ ടേസിയുടെ കുട്ടികളാണ്.

See Page 26 & 27

യം അദ്ദേഹം ഒരവസരത്തിൽ അവരോടുതന്നെ പറഞ്ഞതിപ്രകാരമായിരുന്നു. "എന്റെ മക്കളിൽ കാര്യത്തിനു് ഇട്ടിച്ചെറിയ, മല്ലിനു് കൊച്ചിട്ടിഐപ്പു്, പണത്തിനു കൊച്ചുമത്തായി" ഇങ്ങനെ പറഞ്ഞു് അദ്ദേഹം അവരെ അനുഗ്രഹിച്ചു.

കൊച്ചിട്ടിഐപ്പിനു മൂന്നു പുത്രന്മാരും അഞ്ചു പുത്രിമാരുമുണ്ടായി. ഈ പുത്രന്മാർ മൂവരിൽനിന്നുമാണു് ഇന്നറിയപ്പെടുന്ന കിഴക്കേക്കര കുടുംബങ്ങളെല്ലാം ഉത്ഭവിച്ചതു്. കൊച്ചിട്ടിഐപ്പിന്റെ രണ്ടാമത്തെ പുത്രന്റെ വംശത്തിൽപ്പെട്ട കിഴക്കേക്കര പീടികയിൽ ശ്രീ. ഇട്ടിഐപ്പു് അവർകൾ ഈ ഗ്രന്ഥനിർമ്മാണത്തിനു ചെയ്ത സഹായം സ്തുത്യർഹമാണു്. അദ്ദേഹം ശേഖരിച്ചു എഴുതിവച്ചിരുന്ന കൈയെഴുത്തുപ്രതിയിൽ നിന്നുമാണു് അധികം വിവരവും ലഭിച്ചിട്ടുള്ളതു്. ജ്ഞാനിയും ചരിത്രപഠനത്തിൽ തൽപരനുമായിരുന്ന മഹാനായ അദ്ദേഹത്തിന്റെ നാമം എക്കാലവും സ്മരണാർഹമാണു്.

അദ്ധ്യായം നാലു്

പടിഞ്ഞാറേക്കര കുടുംബം

പുത്തൻപുരയ്ക്കൽ മത്തായിത്തരകൻ

എറകോന്നി മാപ്പിളയായ പുത്തൻപുരയ്ക്കൽ തൊമ്മപ്പണിക്കരുടെ മൂന്നാമത്തെ പുത്രൻ മത്തായിത്തരകൻ കാഞ്ഞിരപ്പള്ളി കല്ലറയ്ക്കൽ നിന്നു വിവാഹം

ചെയ്യ പടിഞ്ഞാറേക്കര വീട്ടിൽ താമസിച്ചു. "പടിഞ്ഞാറേക്കര" എന്ന പേരു പുലയരും വേലക്കാരികളും പറഞ്ഞുണ്ടാക്കിയതാണു്. ഒലിപ്പാടത്തിന്റെ കിഴക്കും പടിഞ്ഞാറുമായി രണ്ടു കെട്ടിടങ്ങളുണ്ടായിരുന്നതിനെ "കീഴക്കേക്കര" എന്നും "പടിഞ്ഞാറേക്കര" എന്നും ഇവർ വിളിച്ചുപോന്നു. മത്തായിത്തരകൻ വളരെ ധനപുഷ്ടിയും അസാമാന്യ ജനസമ്മതിയുമുള്ളവനായിരുന്നു. അക്കാലങ്ങളിൽ കിഴതടിയൂർ പ്രദേശത്തുണ്ടായിരുന്ന ക്രിസ്ത്യാനികളുടെ പല അവശതകളും പരിഹരിച്ചുകൊടുത്തതു് ഇദ്ദേഹമാണു്. ഗവണ്മെൻറധികൃതർക്കും ഇദ്ദേഹം സമ്മതനായിരുന്നു.

മത്തായിത്തരകന്റെ കാലത്തു് മീനച്ചിലാറിന്റെ ഇരുവശങ്ങളിലും ചെട്ടികൾ താമസിച്ചിരുന്ന ചെട്ടിത്തെരുവുകളായിരുന്നു. ക്രിസ്ത്യാനികളുടെ വിവാഹഘോഷയാത്ര, ശവസംസ്ക്കാരയാത്ര, തുടങ്ങിയവ പാലാപ്പള്ളിയിലേക്കു പോകാൻ ഇവർ പലപ്പോഴും തടസ്സംചെയ്തിരുന്നു. ഈ ശല്യത്തിനു് ഒരവസാനമുണ്ടാക്കിയതു് മത്തായിത്തരകൻ തന്നെയായിരുന്നു. അദ്ദേഹത്തിന്റെ മൂത്ത പുത്രന്റെ വിവാഹഘോഷയാത്ര തുളുനാട്ടിൽനിന്നു വന്നുചേർന്ന ആയുധാഭ്യാസികളുടെ അകമ്പടിയോടെയാണു പാലാപ്പള്ളിയിലേക്കുതിരിച്ചതു്. ചെട്ടിത്തെരുവിൽ എത്തിയപ്പോഴേക്കും ചെട്ടികൾ കല്യാണയാത്ര തടയുവാൻ തയ്യാറെടുത്തു. ചെട്ടിയുടെ വരാന്തയിലുണ്ടായിരുന്ന ഒരു ഉരുൾത്തൂൺ മുൻപിൽ നിന്ന അഭ്യാസി വെട്ടിമുറിച്ചിട്ടു. തൂണിന്റെ അടിവശം

വീഴുകയും മുകൾവശം വീഴാതെ നില്ക്കുകയും ചെയ്യുന്നതുകണ്ടു ഭയപ്പെട്ട ചെട്ടികൾ വൈരാഗ്യം വെടിഞ്ഞു മത്തായിത്തരകനുമായി രമ്യപ്പെടുകയാണുണ്ടായതു്. മറ്റൊരവസരത്തിൽ, മത്തായിത്തരകനും ചെട്ടികളുമായി വാക്കേറുമുണ്ടായി. അതിൽപിന്നെ മാപ്പിളമാരുടെ ചരക്കുകൾ ചെട്ടികൾക്കു കൊടുത്തുകൂടാ എന്നു മത്തായിത്തരകൻ അറിഞ്ഞാപിക്കയും തന്മൂലം ചെട്ടികളുടെ വ്യാപാരത്തിനു മാന്ദ്യമുണ്ടാകയും ചെയ്തു. ചെട്ടികളുടെ നേതാവു മത്തായിത്തരകനെ കണ്ടു ക്ഷമ പറഞ്ഞശേഷം മാത്രമാണു പിന്നീടു് അവരുമായുള്ള കച്ചവടം ആരംഭിച്ചതു്.

പടിഞ്ഞാറേക്കര മത്തായിത്തരകനു രണ്ടു പുത്രന്മാരുണ്ടായി, തൊമ്മനും കൊച്ചീപ്പനും. തൊമ്മന്റെയും കൊച്ചീപ്പന്റെയും പിൻഗാമികളായി ധാരാളം കുടുംബങ്ങൾ ഉണ്ടായിട്ടുണ്ടു്. പ്രതിപാദനസൗകര്യത്തിനുവേണ്ടി ഈ രണ്ടു വിഭാഗങ്ങളെയും ഏ വിഭാഗം എന്നും, ബി വിഭാഗം എന്നും വേർതിരിക്കാം.

ഏ. വിഭാഗം

മത്തായിത്തരകന്റെ പ്രഥമ പുത്രൻ തൊമ്മൻ കോതമംഗലത്തു് ഇലഞ്ഞിക്കൽനിന്നു വിവാഹം ചെയ്തു് കളപ്പുരയ്ക്കൽ താമസിച്ചു. ഈ വിവാഹത്തിൽ മത്തായി, തൊമ്മൻ, കുഞ്ഞൻ എന്നിങ്ങനെ മൂന്നു പുത്രന്മാരുണ്ടായപ്പോൾ ഭാര്യ മരിച്ചു. അദ്ദേഹം വീണ്ടും അങ്കമാലി മുണ്ടാടശ്ശേരിൽ വീട്ടിൽ നിന്നു വിവാഹം ചെയ്തു.

പുനർവിവാഹത്തിൽ ഈപ്പൻ, വർഗ്ഗീസ്, പൈലോ എന്നിങ്ങനെ മൂന്നുകുട്ടികൾകൂടി ജനിച്ചു. ഇവരിൽ മൂത്തപുത്രൻ മത്തായിയാണു് ഇന്നറിയപ്പെടുന്ന തെരുവിൽ കുടുംബത്തിന്റെ കാരണവർ. രണ്ടാമനായ കുര്യനാണു് കൊട്ടാരത്തിൽ കുടുംബത്തിന്റെ പൂർവ്വപിതാവു്. മൂന്നാമത്തെ പുത്രനായ തൊമ്മന്റെ പിൻഗാമികളാണു് ഇന്നത്തെ ചക്കൻകളം കുടുംബക്കാർ. നാലാമത്തെ പുത്രനായ ഈപ്പന്റെ സന്താനങ്ങളാണു തെക്കേക്കണ്ടം കുടുംബക്കാരും അവരുടെ ശാഖകളും. അഞ്ചാമത്തെ പുത്രനായ വർഗ്ഗീസ്, മണ്ടപത്തിൽ കുടുംബത്തിന്റെ ജനയിതാവാണു്. ഏഴാമനും ഇളയവനുമായ പൈലോ തറവാടായ കളപ്പുരയ്ക്കൽതന്നെ താമസിച്ചു. അദ്ദേഹത്തിന്റെ പിൻഗാമികളാണു കളപ്പുരയ്ക്കൽ കുടുംബക്കാർ.

അദ്ധ്യായം അഞ്ചു്

തെരുവിൽ കുടുംബം

തെരുവിൽ മത്തായി

കളപ്പുരയ്ക്കൽ താമസമാക്കിയ തൊമ്മന്റെ പ്രഥമ പുത്രൻ മത്തായി ചേന്നങ്കരി—ചെറുകാട്ടുശ്ശേരിൽ നിന്നു വിവാഹം കഴിച്ചു തെരുവിലേക്കു മാറിത്താമസിച്ചു. ഇദ്ദേഹം താമസമുറപ്പിച്ച കെട്ടിടം തന്റെ ചിറ്റ

ട്ടപ്പൻ കൊച്ചുവീട്ടപ്പൻ തരകൻ അദ്ദേഹത്തിന്റെ പ്രതാപകാലത്തു പണിയിച്ചതായിരുന്നു. തെരുവീഥിക്കു താമസം മാറിയ മത്തായി ചിറ്റാട്ടപ്പന്റെ കാരുണ്യങ്ങളിൽക്കൂടി അന്വേഷിച്ചുപോന്നു. തത്ഫലമായി പില്ക്കാലത്തു കൊച്ചുവീട്ടപ്പന്റെ വകയായ പടിഞ്ഞാറേക്കര പുരയിടവും കെട്ടിടവും തെരുവിൽക്കാക്കുതന്നെ ലഭിച്ചു.

തെരുവിൽ മത്തായിക്കു് ഈപ്പൻ എന്ന ഒരു പുത്രൻ മാത്രമാണുണ്ടായതു്. ഈ പുത്രൻ കൈതൊളായിൽ നിന്നു വിവാഹം ചെയ്തു് തെരുവിൽ തന്നെ താമസിച്ചു. ഈപ്പനു് മത്തായി എന്ന ഒരുപുത്രൻ മാത്രം ജനിച്ചു. മത്തായി മേവിട മണ്ണൂരുനിന്നു വിവാഹം ചെയ്തു് തെരുവിൽ താമസിച്ചു. ഇദ്ദേഹത്തിനു് ഈപ്പൻ, ദേവസ്യാ എന്നു രണ്ടു പുത്രന്മാരും രണ്ടുപുത്രിമാരുമുണ്ടായി. ഭാര്യ മരിക്കയാൽ പുനർവിവാഹം ചെയ്തതിൽ ഒരു പുത്രിക്കൂടിയുണ്ടായി. പുത്രിമാരെ യഥാക്രമം പടിഞ്ഞാറെക്കരയും, കടമാളൂർ തുരുത്തുമാലിലും, കണിയാരട്ടേലിലും വിവാഹം ചെയ്തയച്ചു.

ഇളയപുത്രൻ ദേവസ്യാ പുളിങ്കുന്നിൽ എട്ടുപറയിൽനിന്നു വിവാഹം കഴിച്ചു. ഒരു പുത്രി ജാതയായി. ദേവസ്യായുടെ പുത്രിയെ മേനാമ്പറമ്പിൽ വിവാഹം ചെയ്തയച്ചു.

മൂത്തപുത്രൻ ഈപ്പൻ ഞാവള്ളിൽനിന്നു വിവാഹം ചെയ്തതിൽ മത്തായി, ഉത്തുപ്പു്, തൊമ്മൻ, ദേവസ്യാ എന്നിങ്ങനെ നാലു പുത്രന്മാരും നാലു പുത്രിമാരും ജാതരായി. പെൺമക്കളിൽ ഒരാളെ അരുവിത്തുറ

വെള്ളക്കുന്നേലും ഒരാളെ കിഴക്കേക്കര കരോട്ടേവീട്ടിലും വിവാഹം ചെയ്തയച്ചു. മൂന്നാമത്തെ പുത്രിയെ ആരക്കുഴ പൂക്കാട്ടും, നാലാമത്തെ പുത്രിയെ കടനാട്ടിൽ ഉപ്പുമാക്കലുമാണു വിവാഹം ചെയ്തിച്ചുവിട്ടതു്.

തെരുവിൽ ഈപ്പന്റെ പ്രഥമ പുത്രൻ മത്തായി കൊട്ടുകാപ്പള്ളിൽനിന്നു വിവാഹം ചെയ്തു് ഭത്തവകാശമായി നിന്നു. ഒരു പുത്രി ജനിച്ചപ്പോൾ ഭാര്യ മരിക്കയാൽ വീണ്ടും പാറപ്പള്ളിൽ വയലിൽനിന്നും വിവാഹം ചെയ്തു. പുനർവിവാഹത്തിൽ നാലു പുത്രന്മാരും നാലു പുത്രിമാരുമുണ്ടായി. മൂത്ത പുത്രൻ കുഞ്ഞവുസേപ്പു് ഇലവുങ്കൽ കൊട്ടുകാപ്പള്ളിൽനിന്നു കൊച്ചുന്നയെ വിവാഹം ചെയ്തതിൽ മത്തായി എന്ന ഒരു പുത്രനും, അന്ന എന്ന ഒരു പുത്രിയുമുണ്ടായി. കൊച്ചുന്ന ഇരിമ്പനത്തു പുനർവിവാഹം ചെയ്തു താമസിക്കുന്നു. പുത്രൻ മത്തായി (പ്രൊഫ. വി. ജെ. മത്തായി) പാലാ സെൻറ് തോമസ് കോളെജിൽ എക്കണോമിക്സ് പ്രഫസറാണു്. സഹോദരി അന്നയെ കോട്ടവാതുക്കൽ പരേതനായ ശ്രീ. കെ. സി. ചാണ്ടിയാണു വിവാഹം കഴിച്ചതു്. തെരുവിൽ ഈപ്പൻ മത്തായിയുടെ ദ്വിതീയപുത്രൻ മാണി, കുരീക്കാട്ടു (കുരിപ്പാത്തു്) ജോസഫിന്റെ മകൾ മറിയാമ്മയെ വിവാഹം ചെയ്തു. ഇവക്കു മൂന്നു പുത്രന്മാരും നാലു പുത്രിമാരുമുണ്ടു്. പുത്രിമാരിൽ ഒരാളെ തറവട്ടത്തിലും, മറെറാരാളെ കാഞ്ഞിപ്പുറത്തും, മൂന്നാമത്തെയാളെ ഭരണങ്ങാനത്തു പൈകടയും നാലാമത്തെയാളെ കോതമംഗലത്തു പാറങ്കിനെട്ടംപുറത്തും വി

വാഹം ചെയ്യിച്ചയച്ചു. മാണിയുടെ മൂത്ത പുത്രൻ ജോസഫ് വിളക്കുമാടത്തു കോക്കാട്ട് ഇട്ടിയവിരായുടെ പുത്രി മറിയാമ്മയെ വിവാഹം ചെയ്തതിൽ നാലുപുത്രന്മാരും രണ്ടു പുത്രിമാരുമുണ്ട്. മൂത്ത പുത്രി സി: മേരി ഫിയർ, മധുര ഫാത്തിമാ കോളെജിൽ എം. എസ്സി. ക്കു പഠിക്കുന്നു. പുത്രന്മാർ മാണി, അബ്രാഹം, ജോസഫ്, മത്തായി എന്നിവരും ഇളയപുത്രിറോസമ്മയും പഠിച്ചു കൊണ്ടിരിക്കുന്നു. മാണിയുടെ രണ്ടാമത്തെ പുത്രൻ, ഫാദർ റവ. എം. മത്തായി S. J. മധുരയിൽ ഈശോ സഭവക ഹൈസ്കൂൾ ഹെഡ്മാസ്റ്ററാണു്. ഇളയപുത്രൻ മാണി S. D. B. സഭയിൽ ചേർന്നു ഡാർജിലിംഗിൽ വൈദികപഠനം നടത്തുന്നു. തെരുവിൽ ഈപ്പൻ മത്തായിയുടെ മൂന്നാമത്തെ പുത്രൻ മത്തായി വെള്ളാപ്പാട്ടുകുന്നേൽ ത്രേസ്യായെ വിവാഹം ചെയ്തു. ഇവർക്കു് മത്തായി, ഔസേപ്പു് എന്നു രണ്ടു പുത്രന്മാരുണ്ടു്. മത്തായി തിടനാട്ടു തെള്ളിയിൽനിന്നും, ഔസേപ്പച്ചൻ എടത്വാ വാണിയപ്പുരയ്ക്കൽനിന്നും വിവാഹം ചെയ്തിരിക്കുന്നു. മത്തായിയുടെ മക്കളിൽ ഒരാൾ വൈദികനും ഒരാൾ കന്യാസ്ത്രീയുമാണു്. മറ്റുള്ളവർ വിദ്യാഭ്യാസം നടത്തിവരുന്നു. ഔസേപ്പച്ചനു് ഏഴു മക്കളുള്ളതിൽ മൂത്തവർ വിദ്യാർത്ഥികളാണു്. തെരുവിൽ ഈപ്പൻ മത്തായിയുടെ നാലാമത്തെ പുത്രൻ തൊമ്മൻ (കുഞ്ഞമ്മൻ) ഇളങ്ങുളം കരിപ്പാലയിൽനിന്നു് അന്നമ്മയെ വിവാഹം ചെയ്തതിൽ നാലു പുത്രന്മാരും നാലു പുത്രിമാരുമുണ്ടു്.

തെരുവിൽ ഈപ്പന്റെ ദ്വിതീയ പുത്രൻ ഉത്തപ്പ് ഇടമറ്റത്തു നായർകുളത്തുനിന്നു വിവാഹം ചെയ്ത് കുന്നേപകുതിയിൽ താമസിച്ചു. ഇദ്ദേഹത്തിനു് ജോസഫ്, ജോജ്ജ് എന്ന രണ്ടുപുത്രന്മാരും അഞ്ചുപുത്രിമാരുമുണ്ടായി. പെൺമക്കളെ യഥാക്രമം, മണ്ണാറമറ്റത്തിലും, പുത്തൻകണ്ടത്തിലും, കാഞ്ഞിരത്തുങ്കലും, കിഴക്കേക്കര താഴത്തുവീട്ടിലും, കുടക്കച്ചിറ വള്ളോപ്പള്ളിയിലും വിവാഹം ചെയ്തിച്ചു. മൂത്തമകൻ ജോസഫ് പ്രവിത്താനത്തു വടക്കൻ ചാക്കോ അഗസ്തിയുടെ മകൾ മാമ്മിയെ വിവാഹം ചെയ്തതിൽ ജോസഫ്, അഗസ്തി, മാത്യു എന്ന മൂന്നു പുത്രന്മാരും, റോസ, മേരി, ഏലി എന്ന മൂന്നു പുത്രിമാരുമുണ്ടു്. പുത്രിമാരിൽ മൂത്തയാളെ ഭരണങ്ങാനത്തു പറമുണ്ടയിലും രണ്ടാമത്തെയാളെ തോട്ടുങ്കലും വിവാഹം ചെയ്തിച്ചു. ഇളയപുത്രി സ്റ്റെല്ലാ മെഡിക്കൽ മിഷനിൽ ചേർന്നു. ഇപ്പോൾ എം. ബി. ബി. എസ്സ്. പാസ്സായി ഡൽഹി ഹോളി ഫാമിലി ഹോസ്പിറ്റലിൽ ജോലിചെയ്യുന്നു. പുത്രന്മാരിൽ ജോസഫ്, ഇളന്തോട്ടത്തു് ഇല്ലിമൂട്ടിൽ തോമസിന്റെ മകൾ അന്നക്കുട്ടിയെ വിവാഹം ചെയ്തതിൽ തോമസ്, ബേബി, ജോസ് എന്ന മൂന്നു പുത്രന്മാരും മേരിക്കുട്ടി, റോസമ്മ എന്നമ്മ എന്ന മൂന്നു പുത്രിമാരുമുണ്ടു്. മേരിക്കുട്ടി കോതമംഗലം ധർമ്മഗിരി മെഡിക്കൽ മിഷൻ കോൺവന്റിലാണു്. പുത്രന്മാർ മൂവരും വിദ്യാർത്ഥികളാണു്. രണ്ടാമത്തെ പുത്രൻ അഗസ്തി ഭരണങ്ങാനത്തു കുളത്തിനാൽ ജോസഫിന്റെ മകൾ ഏലിക്കുട്ടിയെ വിവാഹം ചെയ്തതിൽ ബാബു, ജോണി,

ചേരമാൻ പള്ളിയുടെ പുറംകാഴ്ച



തെങ്ങവിൽ ഈപ്പൻ ദേവസ്യായുടെ കുടുംബം

ഇരിക്കുന്നവർ: L. R. ഈപ്പൻ ദേവസ്യാ & ശ്രീമതി മറിയം ദേവസ്യാ

നിൽക്കുന്നവർ: L. R. ദേവസ്യാ ജോസഫ് (കുഞ്ഞ്), ദേവസ്യാ മാത്യു (പാപ്പച്ചൻ), മിസ്സ് ഏലിക്കുട്ടി, മിസ്സസ് കൊച്ചുത്രസ്യാ മാത്യു, മിസ്സസ് അന്നക്കുട്ടി അബ്രാഹം തറപ്പേൽ & മിസ്സസ് മാമ്മി കുരുവിള ഇല്ലിമൂട്ടിൽ. ദേവസ്യായുടെ രണ്ടു പുത്രിമാരായ അച്ചാമ്മയും കുട്ടിയമ്മയും പടത്തിലില്ല.

(പുത്രൻ തോമസിന്റെ ചരമവേളയിൽ എടുത്ത പടമാണിത്)

മാത്യു, റോമി എന്ന നാലുപുത്രന്മാരും മറിയാമ്മ, കൊച്ചുറാണി, ജോജമ്മ എന്ന മൂന്നു പുത്രിമാരുമുണ്ട്. ഇവരെല്ലാം വിദ്യാർത്ഥികളാണ്. മൂന്നാമത്തെ മകൻ മാത്യു, ചങ്ങനാശ്ശേരി തയ്യിൽ ചാക്കോയുടെ മകനും ജസമ്മയെ വിവാഹം ചെയ്തതിൽ ജിജി, ബാബു എന്നു രണ്ടു പുത്രന്മാരുണ്ട്. മാത്യു പീമേനി എസ്റ്റേറ്റിൽ സൂപ്രണ്ടാണ്. തെരുവിൽ ഈപ്പൻ ഉതുപ്പിന്റെ രണ്ടാമത്തെ പുത്രൻ ജോജ്ജ് തലച്ചിറ തൊമ്മന്റെ മകനും മാമ്മിയെ വിവാഹം ചെയ്തു. അപ്രേം, തൊമ്മച്ചൻ എന്ന രണ്ടുപുത്രന്മാരുണ്ടായപ്പോഴേ മാമ്മി നിര്യാതയായി. ജോജ്ജ്, അരുവിത്തുറ വലുവീട്ടിൽ ത്രസ്യാമ്മയെ പുനർ വിവാഹം ചെയ്തു. ഈ വിവാഹത്തിൽ ഒരു പുത്രിയും ജാതയായി. ഈ പുത്രിയെ അരുവിത്തുറ വെള്ളൂക്കുന്നേൽ മാത്യു വിവാഹം ചെയ്തു. അപ്രേം മുരിങ്ങയിൽ നിന്നു വിവാഹം ചെയ്തതിൽ ഒരു പുത്രനുണ്ട്. തൊമ്മച്ചൻ പൂഞ്ഞാറിൽ കുന്നേൽനിന്നു വിവാഹം ചെയ്തതിൽ മൂന്നു പുത്രന്മാരുണ്ട്.

തെരുവിൽ ഈപ്പന്റെ മൂന്നാമത്തെ പുത്രൻ തൊമ്മൻ മണ്ണാറമറ്റത്തുനിന്നും വിവാഹം ചെയ്തതിൽ ഒരു പുത്രനും ആറു പുത്രിമാരുമുണ്ടായി. മൂത്തപുത്രി ഏലിയെ മുത്തോലിൽ വല്ലിക്കാട്ടകുഴിയിലും, റോസയെ തെരുത്തോട്ടത്തിലും, ത്രസ്യമ്മയെ തറപ്പേലും, ഇത്തമ്മയെ മുകപ്പുഴയ്ക്കലും കുഞ്ഞുപെണ്ണിനെ അരുവിത്തുറ പുളിക്കലും, വിവാഹം ചെയ്തിച്ചയച്ചു. ഇളയപുത്രി മാമ്മി അവിവാഹിതയായി വീട്ടിൽതന്നെ സഹോദര

നോടൊത്തു താമസിക്കുന്നു. ഈപ്പൻ തൊമ്മന്റെ ഏക പുത്രൻ ഫ്രാൻസിസ് (പാപ്പച്ചൻ) മിത്രക്കരിയിൽ നിന്നും ത്രസ്യായെ വിവാഹം ചെയ്തു. ഇദ്ദേഹത്തിനു രണ്ടു പെൺമക്കളും അഞ്ചു ആൺമക്കളുമുണ്ട്. മൂത്ത മകൾ തങ്കമ്മ ളാലം ക്ലാരമഠത്തിൽ ചേർന്ന് കന്യകാജീവിതം നയിക്കുന്നു. രണ്ടാമത്തെ മകൾ മറിയാമ്മയെ ചക്കുങ്കൽ വിവാഹം ചെയ്തിച്ചയച്ചു. ആൺകുട്ടികൾ, കുഞ്ഞ്, വക്കച്ചൻ, ഔസേപ്പച്ചൻ, മത്തായിക്കുഞ്ഞ്, കുട്ടിയച്ചൻ, എന്നിവർ, വിദ്യാർത്ഥികളാണ്.

തെരുവിൽ ഈപ്പന്റെ നാലാമത്തെ പുത്രൻ ദേവസ്യാ തലച്ചിറ നിന്നും വിവാഹം ചെയ്തു കൊണ്ടുപോയി. പിന്നീട് അമ്മായി അപ്പൻ പുനർവിവാഹം ചെയ്തതിനാൽ പടിഞ്ഞാറേക്കര പുരയിടവും നിലവും വാങ്ങി അവിടെ താമസിച്ചുവരുന്നു. ഇദ്ദേഹത്തിനു മൂന്നു പുത്രന്മാരും, അഞ്ചു പുത്രിമാരുമുണ്ട്. മൂത്തപുത്രി ഏലിക്കുട്ടി അവിവാഹിതയായി വീട്ടിൽ തന്നെ താമസിക്കുന്നു. രണ്ടാമത്തെ പുത്രി അന്നക്കുട്ടിയെ തറപ്പേൽ അവിരാച്ചനും, മൂന്നാമത്തെ പുത്രി മാമ്മിയെ ഇല്ലിമൂട്ടിൽ കുരുവിളയും നാലാമത്തെ പുത്രി അച്ചാമ്മയെ തലയോലപറമ്പ് ആനാപറമ്പിൽ ജോസഫും അഞ്ചാമത്തെ പുത്രി കുട്ടിയമ്മയെ ചങ്ങനാശ്ശേരി, നെല്ലിക്കുന്നത്തു ബേബിച്ചനും വിവാഹം ചെയ്തു. മൂത്തപുത്രൻ ജോസഫ് (കുഞ്ഞ്) പുറപ്പുഴ വയറാട്ടിൽ പാലത്തിനാൽ അന്നക്കുട്ടിയെ വിവാഹം ചെയ്തു മാതൃസഹോദരനായ തലച്ചിറ എട്ടുപറയിൽ താമസിക്കുന്നു. അന്നക്കുട്ടി 1968 ആഗസ്റ്റ്

8-ാം തീയതി മരണംപ്രാപിച്ചു. ജോസഫിനു് നാലു പുത്രന്മാരും അഞ്ചു പുത്രിമാരുമുണ്ടു്. മൂത്തമകൾ മേരി ക്ലാരമഠത്തിലെ ഒരു കന്യാസ്ത്രീയാണു്. രണ്ടാമത്തെ മകൾ ഗ്രേസിയെ തൊടുപുഴ കല്ലൂർ വെട്ടിയാങ്കൽ പോളും, നാലാമത്തെ മകൾ തങ്കമ്മയെ വൈക്കത്തു കടവിൽ വറീച്ചനും വിവാഹം ചെയ്തിരിക്കുന്നു. ഇളയപുത്രി ആനിയമ്മ വിദ്യാർത്ഥിനിയാണു്. തെരുവിൽ കുഞ്ഞിന്റെ മൂത്തമകൻ ജോസഫ്, കുറവിലങ്ങാട്ടിൽ എടതടത്തിൽ ഏലിയാമ്മയെ വിവാഹംചെയ്തു. ഇവർക്കു് ഒരു പെൺകുട്ടിയുണ്ടു്. ജോസഫ് പാലാ സെന്റ് തോമ്മസ് കോളേജിൽ കെമിസ്ട്രി ലക്ചററും ഏലിയാമ്മ അൽഫോൻസാ കോളേജിൽ ഫിസിക്സ് ലക്ചററുമാണു്. രണ്ടാമത്തെ മകൻ സെബാസ്റ്റ്യൻ മണിമല മുട്ടത്തു തങ്കമ്മയെ വിവാഹം ചെയ്തതിൽ ഒരു ആൺകുട്ടിയുണ്ടു്. ഇളയപുത്രന്മാർ, തങ്കച്ചനും, ബേബിയും വിദ്യാർത്ഥികളാണു്. തെരുവിൽ ഇയ്യപ്പൻ ദേവസ്യായുടെ രണ്ടാമത്തെ മകൻ തൊമ്മൻ, അവിവാഹിതനായി പിതാവിനോടൊത്തു താമസിക്കുന്നു. മൂന്നാമത്തെ മകൻ മാത്യു (പാപ്പച്ചൻ) ആലപ്പുഴ മലയിൽ ത്രസ്യാമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്കു് ഒരു പുത്രിയുണ്ടു്.



അദ്ധ്യായം ആറു്

കൊട്ടാരം കുടുംബം

കൊട്ടാരത്തിൽ കുര്യൻ

കളപ്പുരയ്ക്കൽ തൊമ്മന്റെ രണ്ടാമത്തെ പുത്രൻ കുര്യൻ കോതമംഗലത്തു പെരുമ്പള്ളിച്ചിറനിന്നു വിവാഹംചെയ്തുകൊട്ടാരത്തിൽ മാറിത്താമസിച്ചു. ഇദ്ദേഹത്തിനു തൊമ്മൻ, വക്കി, മത്തായി, എന്നു മൂന്നുപുത്രന്മാരും ഒരു പുത്രിയും ജാതരായി. പുത്രിയെ പാലായിൽ തയ്യിൽ കുടുംബത്തിൽ വിവാഹംചെയ്യിച്ചയച്ചു. മൂത്തതൻ തൊമ്മൻ വെട്ടുകാട്ടിലേക്കും രണ്ടാമത്തെ പുത്രൻ പഴവൂരേക്കും വിവാഹാനന്തരം മാറിത്താമസിച്ചു. ഇളയ മകൻ മത്തായി തറവാട്ടിൽ തന്നെ താമസിക്കയും ചെയ്തു.

കൊട്ടാരം കുടുംബം

A

വെട്ടുകാട്ടിൽ ശാഖ

വെട്ടുകാട്ടിലേക്കു മാറിത്താമസിച്ച തൊമ്മൻ പനയ്ക്കച്ചാലിൽനിന്നാണു വിവാഹം ചെയ്തിരുന്നതു്. ഇദ്ദേഹത്തിനു കുര്യൻ, ചെറിയാച്ചൻ, തൊമ്മൻ, ഈപ്പൻ എന്നിങ്ങനെ നാലു പുത്രന്മാരും മൂന്നു പുത്രിമാരുമുണ്ടായി. ഒരു പുത്രിയെ ഓലിക്കുന്നേലും രണ്ടാമത്തെയാളെ പന്തലാടിക്കലും ഇളയപുത്രിയെ ചെറുവള്ളാത്തും വിവാഹം ചെയ്യിച്ചയച്ചു.

a) വെട്ടുകാട്ടിൽ കുരുൻ. പ്രഥമപുത്രൻ കുരുൻ വേ ങ്ങോട്ടനിന്ന വിവാഹംചെയ്തതിൽ ഒരു പുത്രനും ഒരു പു ത്രിയുമുണ്ടായി. പുത്രിയെ കാവാലത്തു മാമ്പറമ്പിൽ വി വാഹം ചെയ്യിച്ചയച്ചു. പുത്രൻ തൊമ്മൻ, പുഞ്ചക്കു ന്നേൽനിന്നും വിവാഹംചെയ്തു വെട്ടുകാട്ടിൽത്തന്നെ താ മസിച്ചു.

b) വെട്ടുകാട്ടിൽ ചെറിയാച്ചൻ. ചീരാംകുഴി പുരയി ടത്തിലേക്കു മാറിത്താമസിച്ച ഉണ്ണിച്ചെറിയതു് എന്നു വിളിച്ചിരുന്ന ചെറിയാൻ രണ്ടു വിവാഹം കഴിക്കയു ണ്ടായി. ആദ്യ വിവാഹം ആലപ്പുഴ കടവിൽനിന്നും രണ്ടാം വിവാഹം മേവിട എൎത്തേടത്തു നിന്നുമായിരു ന്നു. ഈ രണ്ടു വിവാഹത്തിലുംകൂടി ഉണിച്ചെറിയതിനു് 5 ആൺമക്കളും, 7 പെൺമക്കളും ഉണ്ടായി

പെൺമക്കളിൽ മൂത്തമകൾ റോസയെ മരങ്ങാട്ടു പള്ളിൽ കുട്ടമ്പറമ്പിൽ കെട്ടിച്ചു. രണ്ടാമത്തെ മകളായ ത്രേസ്യായെ പ്രയിത്താനത്തു് പ്ലാത്തോട്ടത്തിൽ ഔസേ പ്പു് വിവാഹംകഴിച്ചു. റവ. ഫാ. വലേരിയൻ C. M. I. റവ. ഫാ. ജോൺ പ്ലാത്തോട്ടം എന്നിവർ ത്രേസ്യയുടെ മക്കളാണു്. റവ. ഫാദർ ജേക്കബ് പ്ലാത്തോട്ടം ത്രേസ്യ യുടെ മൂത്തമകന്റെ പുത്രനാണു്. മൂന്നാമത്തെ മകൾ മറിയത്തിനെ ഇളന്തോട്ടത്തിൽ വരിക്കമാക്കൽ മത്താ യി വിവാഹം കഴിച്ചു. നാലാമത്തെ മകൾ ഏലിയെ കിഴവറയാറ്റിൽ നീലിയറ തൊമ്മൻ വിവാഹം കഴി ച്ചു. അഞ്ചാമത്തെ മകൾ റോസയെ കാനാട്ടുപാറ കി

ഴക്കേക്കര പീടികയിൽ ആഗസ്തി വിവാഹം കഴിച്ചു. ആറാമത്തെ മകൾ കുഞ്ഞി ഏഴാമത്തെ വയസ്സിൽ മരിച്ചുപോയി. ഏഴാമത്തെ മകൾ ബ്രിജിത്തായെ കോട്ടയം പരിപ്പിൽ മണ്ണപ്പറമ്പിൽ കുര്യാക്കോ വിവാഹം കഴിച്ചു.

ഉണിച്ചെറിയതിന്റെ അഞ്ചു് ആൺമക്കളിൽ മൂത്തമകൻ തൊമ്മൻ പൈങ്ങളത്തുനിന്നു മറിയത്തിനെ വിവാഹം കഴിച്ചു. ഇവർക്കു് ഒരു മകനും, 3 പെൺമക്കളും ഉണ്ടായിരുന്നു. മകൻ കുഞ്ചെറിയാൻ ഇളന്തോട്ടത്തിൽ ചോക്കാട്ടു നിന്നു് അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് 5 ആൺമക്കളും 3 പെൺമക്കളും ഉണ്ടു്. മറിയവും തൊമ്മനും മരിച്ചു പോയി. തൊട്ടപുഴ മുട്ടത്തിലായിരുന്ന ഇവരുടെ താമസം. ഇപ്പോൾ മലബാറിലേക്കു് താമസം മാറിയിരിക്കുകയാണു്.

പെൺമക്കളിൽ മൂത്തകുഞ്ഞുപെണ്ണിനെ ആനിക്കാട്ടു കെട്ടിച്ചു. രണ്ടാമത്തെ മകളായ മാമ്മിയെ കിടങ്ങരു് വലിയവീട്ടിൽ അബ്രാഹം വിവാഹം കഴിച്ചു. മൂന്നാമത്തെ മകളായ ഏലിക്കുട്ടിയെ ആരക്കുഴ വെങ്ങാപ്പിള്ളിൽ വിവാഹം കഴിപ്പിച്ചയച്ചു.

ഉണിച്ചെറിയതിന്റെ ചാക്കോ എന്നു് വിളിച്ചിരുന്ന രണ്ടാമത്തെ മകൻ ഔസേപ്പു് ഇലഞ്ഞിയിൽ മണിക്കുറി എന്ന വീട്ടിൽനിന്നു മറിയത്തിനെ വിവാഹം കഴിച്ചു്, കവീക്കുന്നു പള്ളിക്കു സമീപം താമസിച്ചു. ഈ വിവാഹത്തിൽ ഔത എന്ന ഒരു മകൻ

ജനിച്ചു. ആദ്യഭാര്യ മരിച്ചു പോയതിനാൽ ഇദ്ദേഹം ഭരണങ്ങാനത്തു വടക്കേൽനിന്നു് ഏലിയെ പുനർവിവാഹം ചെയ്തു. ഈ വിവാഹത്തിൽ 2 ആൺമക്കളും 4 പെൺമക്കളും ജനിച്ചു. ചാക്കോയും ഏലിയും മരിച്ചു പോയി. ആദ്യവിവാഹത്തിലെ പുത്രൻ ഔത അന്തീനാട്ടു് തലച്ചിറനിന്നു മറിയത്തിനെ വിവാഹം കഴിച്ചു. ഇവർക്കു മൈക്കിൾ എന്നുവിളിക്കുന്ന ഒരുമകൻജനിച്ചു. ഔത മരിച്ചു പോയി. മൈക്കിൾ വെള്ളാപ്പാട്ടു് ചെറുവള്ളിൽനിന്നു ചിന്നമ്മയെ വിവാഹം കഴിച്ചു് കവീക്കുന്നേൽ തന്നെ താമസിച്ചു വരുന്നു. ഇവർക്കു് ഒരാണും അഞ്ചു് പെൺമക്കളും ഉണ്ടു്.

പുനർ വിവാഹത്തിലെ ആൺമക്കളിൽ മൂത്തമകനായ കുട്ടി എന്നു വിളിക്കുന്ന ചെറിയാൻ മരങ്ങാട്ടുപള്ളി എളശ്ശേരിൽ നിന്നു് ഏലിയെ വിവാഹം കഴിച്ചു മലബാറിൽ താമസിച്ചുവരുന്നു. ഇവർക്കു് 2 ആൺമക്കളും 5 പെൺമക്കളും ഉണ്ടു്.

രണ്ടാമനായ തൊമ്മൻ കടനാട്ടു് തൈയ്യിൽനിന്നു മറിയത്തിനെ വിവാഹം കഴിച്ചു. ഇവർക്കു് 5 ആൺമക്കളും 2 പെൺമക്കളും ഉണ്ടു്. ഇവരും മലബാറിലാണു താമസിക്കുന്നതു്.

മൂത്തമകൾ മറിയക്കുട്ടിയെ വൈക്കത്തു തൊയപ്പുള്ളിൽ ജോസഫ് വിവാഹം കഴിച്ചു. രണ്ടാമത്തെ മകൾ ഏലിയാമ്മയെ വൈക്കത്തു് മണ്ണൂപ്പറമ്പിൽ ജോൺ വൈദ്യൻ വിവാഹം കഴിച്ചു തറവാട്ടിൽ തന്നെ താമസിക്കുന്നു. മൂന്നാമത്തെ മകൾ ത്രേസ്യാമ്മയെ ചെ

മ്പിളാവിൽ പേരുക്കുന്നേൽ തോമസ്സ് വിവാഹം കഴി ച്ചു. നാലാമത്തെ മകൾ അന്നമ്മയെ നരിയങ്ങാനത്തു് പനന്താനത്തു് സ്കറിയാ വിവാഹം ചെയ്തു.

ഉണിച്ചെറിയതിന്റെ മൂന്നാമത്തെ മകനായ മത്തായി ഇടപ്പാടിയിൽ കൊച്ചുപ്ലാക്കൽ (മൂക്കന്തോട്ടം) നിന്നു് ഏലിയെ വിവാഹം കഴിച്ചു തറവാട്ടിൽ താമസിച്ചു. ഇവർക്കു് 4 ആൺമക്കളും 3 പെൺമക്കളും ഉണ്ടായി. മത്തായിയും ഏലിയും മരിച്ചുപോയി.

മൂത്തമകൾ മറിയത്തിനെ പ്രവിത്താനത്തു് കല്ലുക്കാവുങ്കൽ മത്തായി വിവാഹം കഴിച്ചു. രണ്ടാമത്തെ മകൾ അന്നക്കുട്ടി കന്യാസ്ത്രീയായി ബാംഗ്ലൂരിൽ താമസിക്കുന്നു. മൂന്നാമത്തെ മകൾ ബ്രിജീത്തായെ പ്രവിത്താനത്തു് ചന്ദ്രൻകുന്നേൽ മത്തായി വിവാഹം ചെയ്തു.

ആൺമക്കളിൽ മൂത്തവനായ ചെറിയാൻ പാലായിൽ പുതുമനപോത്തന്റെ മകൾ ഏലിയെ വിവാഹം കഴിച്ചു് ഇടമറുകിൽ താമസിക്കുന്നു. ഏലി മരിച്ചുപോയി. ഇവർക്കു് മത്തായി, ഫിലിപ്പു്, ചെറിയാൻ, ജോസഫ്, എന്നീ 4 ആൺമക്കളും, തങ്കമ്മ, മേരി, ലിസ്സി, ലില്ലി, എന്നീ 4 പെൺമക്കളും ഉണ്ടു്. തങ്കമ്മ കളത്തുക്കടവു് L.P. സ്കൂൾ അദ്ധ്യാപികയാണു്.

രണ്ടാമത്തെ മകൻ മത്തായി തൊടുപുഴ മുട്ടത്തു് പള്ളിവാതുക്കൽ വീട്ടിൽനിന്നു ത്രേസ്യായെ വിവാഹം കഴിച്ചു് മുട്ടത്തിൽ താമസിക്കുന്നു. ഇവർക്കു് നാലു് ആൺമക്കളും ഒരു പുത്രിയും ഉണ്ടു്. മൂത്തമകൻ



ഏറകോന്നി പുത്തമ്പുര കുടുംബയോഗം സെക്രട്ടറി വെട്ടുകാട്ട് ശ്രീ.സി. ജോസഫും (തങ്കച്ചൻ) മിസ്സിസ് ത്രസ്യാമ്മക്കുട്ടി ജോസഫും പുത്രന്മാരായ സണ്ണി & ജോഷി, പുത്രിമാരായ കൊച്ചുറാണി & എമിലി എന്നിവരോടുകൂടി.

See Page 35



വെട്ടുകാട്ടിൽ ചീരഞ്കഴിയിൽ സി. ചെറിയാനും കുടുംബവും
മുൻനിര: (ഇ. വ.) കാതറയിൻ, സി. ചെറിയാൻ,
മിസ്സിസ് സ്റ്റെല്ലാ ചെറിയാൻ & റൊണാൾഡ്
പിൻനിര: (ഇ. വ.) മേരി, ജോജ്ജ് & ത്രസ്യാ

See Page 37

അപ്പച്ചൻ മൂട്ടപിറ അന്നമ്മയെ വിവാഹം കഴിച്ചു. ഇവക്ക് ഒരു കുട്ടിജനിച്ചു. രണ്ടാമത്തെമകൻ തോമസ് മൂട്ടം പഞ്ചായത്താഫീസിൽ ക്ലാർക്കാണ്. തോമസ് അഞ്ചിരിയിൽ നിന്നു ലിസ്സിയെ വിവാഹം കഴിച്ചു. ലിസ്സി അഞ്ചിരി L. P. സ്കൂളിലെ അദ്ധ്യാപികയാണ്. മൂന്നാമത്തെ മകനായ ചെറിയാൻ 20—ാമത്തെ വയസ്സിൽ മരിച്ചു. നാലാമത്തെ മകൻ ജോസ് വിദ്യാർത്ഥിയാണ്. ഏകമകളായ പെണ്ണമ്മയെ തുടങ്ങനാട്ട് കുട്ടവന്മാക്കൽ ജോജ്ജ് വിവാഹം കഴിച്ചു.

മൂന്നാമത്തെ മകൻ ഔസേപ്പ് കിഴതടിയൂർ മൂലയിൽ നിന്നു മറിയത്തിനെ വിവാഹം കഴിച്ച് മൂട്ടത്തു താമസിച്ചു. ഇവക്ക് 2 ആൺമക്കളും 3 പെൺമക്കളും ഉണ്ടായി. മറിയം ഒരു ഓപ്പറേഷനെ തുടർന്നു മരണമടഞ്ഞു. ഔസേപ്പ് തുടങ്ങനാട്ടിൽ കാവുകാട്ടുനിന്നു മറിയത്തിനെ വിവാഹം കഴിച്ചു. ഈ വിവാഹത്തിൽ ഒരു പെൺകുട്ടി ഉണ്ട്. ഔസേപ്പ് മരിച്ചുപോയി. മൂത്തമകൻ മത്തച്ചൻ പാലായിൽ തോപ്പിൽനിന്നു റോസക്കുട്ടിയെ വിവാഹം കഴിച്ചു. ഇവക്ക് രണ്ടു കുട്ടികളുണ്ട്. രണ്ടാമനായ ഔപ്പച്ചൻ അഞ്ചിരി L. P. സ്കൂളിലെ അദ്ധ്യാപകനാണ്. മൂത്തമകൾ കുട്ടിയമ്മയെ ഏഴല്ലൂർ മത്തായി വിവാഹംകഴിച്ചു. രണ്ടാമത്തെ മകൾ ലീലയെ എഴുമുട്ടത്തിൽ കുഞ്ഞാച്ചൻ വിവാഹം കഴിച്ചു. മൂന്നാമത്തെ മകൾ സൂസ വിദ്യാർത്ഥിനിയാണ്.

നാലാമത്തെ മകൻ തോമസ് മേരിലാൻഡ് കാഞ്ഞിരത്തുങ്കൽനിന്നു ഏലിക്കുട്ടിയെ വിവാഹം കഴിച്ചു. തോമസ് പാലാ ഗവ. U. P. സ്കൂളിലെ അദ്ധ്യാപകനാണു്. ഇവർക്കു് 7 ആൺമക്കളും 2 പെൺമക്കളും ഉണ്ടു്. മൂത്തമകൾ ചിന്നമ്മ കോതമംഗലത്തു് തിരുഹൃദയമഠത്തിൽ കന്യാസ്ത്രീയാണു്. രണ്ടാമത്തെ മകൾ എൽസി വിദ്യാർത്ഥിനിയാണു്. മൂത്തമകൻ അപ്പച്ചൻ (മത്തായി) മിലിറ്ററിസർവ്വീസിൽ എൻജിനീയറായി ജോലി നോക്കുന്നു. രണ്ടാമത്തെ മകൻ ജോസ് M. Sc. വിദ്യാർത്ഥിയാണു്. ചെറിയാൻ, സണ്ണി, ഷാജി, വിൽസൺ, ജന്റിൽ, എന്നിവരും വിദ്യാർത്ഥികളാണു്

ഉണ്ണിച്ചെറിയതിന്റെ നാലാമത്തെ മകനായ ചെറിയാൻ പാലായിൽ പനയ്ക്കൽ തൊമ്മച്ചന്റെ മകൾ ഏലിയെ വിവാഹം കഴിച്ചു കവിക്കുന്നേൽ തന്നെ മാറിത്താമസിച്ചു. ഇവർക്കു് 4 ആൺമക്കളും 5 പെൺമക്കളും ഉണ്ടു്. ചെറിയാനും, ഏലിയും മരിച്ചുപോയി.

മൂത്തമകൾ കൊച്ചുമറിയാമ്മയെ പ്രവിത്താനത്തു് പുതിയടത്തു് K. C. ജോൺ വിവാഹം കഴിച്ചു. രണ്ടാമത്തെ മകൾ അന്നമ്മയെ ഇടപ്പാടിയിൽ വാളിപ്ലാക്കൽ (പരുന്തുവീട്ടിൽ) എസ്തപ്പാൻ വിവാഹം കഴിച്ചു. അന്നമ്മ മരിച്ചു പോയി. മൂന്നാമത്തെ മകൾ ഏലിക്കുട്ടിയെ അന്തീനാട്ടിൽ കവിയിൽ കളപ്പുരയ്ക്കൽ ജോബു് വിവാഹം കഴിച്ചു. നാലാമത്തെ മകൾ ഈത്തമ്മയെ (ബ്രിജീത്താ) മരങ്ങാട്ടുപിള്ളിൽ മുതിരക്കാലായിൽ

കുര്യച്ചൻ വിവാഹം കഴിച്ചു. അഞ്ചാമത്തെ മകൾ തങ്കമ്മ (ത്രേസ്യാമ്മ) അവിവാഹിതയാണു്.

ആൺമക്കളിൽ മൂത്തയാളായ കുട്ടിയച്ചൻ (ചെറിയാൻ) പയപ്പാറയിൽ കാടൻകാവിൽ മാത്യുവിന്റെ മകൾ അന്നക്കുട്ടിയെ വിവാഹം കഴിച്ചു് അളനാട്ടിൽ താമസിക്കുന്നു. ഇപ്പോൾ മിലിട്ടറി സർവ്വീസിൽ ഉദ്യോഗമാണു്. ഒരു മകനും ഒരു മകളും ഉണ്ടു്. മകൻ ബേബി (ചെറിയാൻ) പൂവരണി ഈറ്റത്തോട്ടു് ജോസഫിന്റെ മകൾ ഏലിക്കുട്ടിയെ വിവാഹം കഴിച്ചു. മകൾ ആലീസ്സിനെ ഇളന്തോട്ടത്തിൽ പാഴ്ക്കുന്നേൽ കുഞ്ഞിന്റെ മകൻ ഔസേപ്പച്ചൻ വിവാഹം കഴിച്ചു.

രണ്ടാമത്തെ മകനായ പാപ്പച്ചൻ (തോമസു്) പംലായിൽ പനയ്ക്കൽനിന്നു് അച്ചാമ്മയെ വിവാഹം കഴിച്ചു. കേന്ദ്രറിസേർവ്വു് പോലീസിൽ സബ് ഇൻസ്പെക്ടറായി ജോലിനോക്കിയിരുന്നു. ഇവർക്കു് ഒരു ആൺ മകനും രണ്ടു പെൺമക്കളും ഉണ്ടു്. ഇപ്പോൾ മലബാറിലാണു് താമസം.

മൂന്നാമത്തെ മകൻ തങ്കച്ചൻ (വി. സി. ജോസഫു്) ഇടപ്പാലിപാലോലിൽ മാത്യുവിന്റെ മകൾ ത്രേസ്യാക്കുട്ടിയെ വിവാഹംകഴിച്ചു് അറവാട്ടിൽ താമസിക്കുന്നു. കവീക്കുന്നു് "സെൻറു" അപ്രേംസു് അപ്പർ പ്രൈമറി സ്കൂളിന്റെ ഹെഡ്മാസ്റ്ററായി ജോലിനോക്കുന്നു. ഇവക്കു് 2 ആൺ മക്കളും, 2 പെൺമക്കളും ഉണ്ടു്. ആൺമക്കളിൽ മൂത്തവനായ സണ്ണി (ഷെറി)

കോളെജ് വിദ്യാർത്ഥിയാണു്. രണ്ടാമനായ ജോഷി (മാത്യുക്കുട്ടി) ഹൈസ്കൂൾ വിദ്യാർത്ഥിയാണു്. എമീലി, കൊച്ചുറാണി എന്നീ രണ്ടു പെൺമക്കളും വിദ്യാർത്ഥികളാണു്. തങ്കച്ചൻ (വി. സി. ജോസഫ്) എറകോന്നി പുത്തനൂര കുടുംബയോഗത്തിന്റെ ഇപ്പോഴത്തെ സെക്രട്ടറിമാരിൽ ഒരാളാണു്.

നാലാമത്തെ മകൻ മത്തായിച്ചൻ കറുകച്ചാൽ കുമ്പിളുവയലിൽ കുഞ്ഞച്ചന്റെ മകൾ പെണ്ണമ്മയെ വിവാഹം കഴിച്ചു് പാലായിൽ താമസിക്കുന്നു. പാലാ മുനിസിപ്പാലിറ്റിയിൽ റവന്യൂ ഇൻസ്പെക്ടറായി ജോലി നോക്കുന്നു. ഇവർക്കു് രണ്ടു് പെൺമക്കളുണ്ടു്.

ഉണിച്ചെറിയതിന്റെ അഞ്ചാമത്തെ മകനായ ഈപ്പൻ മീനച്ചിൽ നരിപ്പാറയിൽനിന്നു മറിയത്തിനെ വിവാഹംകഴിച്ചു് കവീക്കുന്നിൽ തന്നെ താമസിച്ചു. ഈ വിവാഹത്തിൽ ഒരു മകനും, മൂന്നു് പെൺമക്കളും ഉണ്ടായി. മറിയം മരിച്ചുപോയി. പിന്നീടു് ഇടമറ്റത്തു് മുണ്ടാട്ടുചുണ്ടയിൽ വക്കിയുടെ മകൾ റോസയെ പുനർവിവാഹം ചെയ്തു. ഇതിൽ രണ്ടാൺമക്കളും ഒരു പെണ്ണും ജനിച്ചു. ഈപ്പൻ മരിച്ചുപോയി.

ആദ്യ വിവാഹത്തിലെ മൂത്ത മകളായ മറിയക്കുട്ടി കന്യാസ്ത്രീയായി ബാംഗ്ലൂരിൽ താമസിക്കുന്നു. രണ്ടാമത്തെ മകളായ ത്രേസ്യാമ്മയെ ഭരണങ്ങാനത്തു് ഏഴോലിൽ മത്തച്ചൻ വിവാഹം കഴിച്ചു. മൂന്നാമത്തെ മകൾ പെണ്ണമ്മയെ കിഴതടിയൂരു് മണ്ണാറാകത്തു്

മത്തച്ചൻ വിവാഹം കഴിച്ചു. രണ്ടാം വിവാഹത്തിലെ മകൾ സോഫിയാമ്മയെ വലവൂർ ചെല്ലിയിൽ ആഗസ്തി വിവാഹം കഴിച്ചു.

ആദ്യവിവാഹത്തിലെ ഏകമകൻ പാപ്പച്ചൻ (ചെറിയാൻ) തിരുവനന്തപുരത്തു് ചിറയിൽ ജോജ്ജിന്റെ മകൾ സ്റ്റെല്ലാമ്മയെ വിവാഹംകഴിച്ചു് ഇപ്പോൾ മലയായിൽ ഉദ്യോഗത്തിൽ കഴിയുകയാണു്. ബിരുദധാരിയായ ഇദ്ദേഹത്തിനു് 2 ആൺമക്കളും 3 പെൺമക്കളും ഉണ്ടു്. രണ്ടാം വിവാഹത്തിലെ മൂത്തമകൻ ജോസ് ചേന്നാട്ടു് തൈലംമാനാൽ ചാക്കോയുടെ മകൾ മേരിക്കുട്ടിയെ വിവാഹം കഴിച്ചു് തറവാട്ടിൽ തന്നെ താമസിക്കുന്നു. ഇവക്കു് രമക്കുട്ടി, ഹണി എന്നു് രണ്ടു പെൺകുട്ടികളുണ്ടു്. ഇളയപുത്രൻ വക്കിച്ചൻ അവിവാഹിതനാണു്. ഹോമിയോ ഡോക്ടർ ബിരുദം പാസ്സായി ഇപ്പോൾ കുറിച്ചി ഹോമിയോ ആശുപത്രിയിൽ പ്രാക്ടീസുചെയ്യുന്നു.

c) തൊമ്മൻ. വെട്ടുകാട്ടിൽ തൊമ്മന്റെ മൂന്നാമത്തെ മകൻ തൊമ്മൻ, കവിയിൽ നിന്നു വിവാഹം ചെയ്തു് ഓടയ്ക്കലേക്കു് മാറിത്താമസിച്ചു. തൊമ്മനു് ഒരു മകനും, ഒരു മകളും ജനിച്ചു. കൊച്ചു് എന്നു വിളിക്കുന്ന മകൻ ഭരണങ്ങാനത്തു് ചിറയ്ക്കപ്പുരയിടത്തിൽ നിന്നു് വിവാഹം കഴിച്ചു. ഇവക്കു് 2 ആൺമക്കളും 2 പെൺമക്കളും ഉണ്ടായിരുന്നു. മൂത്തമകനായ കുഞ്ഞാപ്പൻ കാവാലത്തു് മാമ്പറമ്പിൽ നിന്നു് അച്ചാമ്മയെ വിവാഹം കഴിച്ചു. ഇവക്കു് സന്താനമില്ലായിരുന്നു.

ഇവർ ഇരുവരും മരിച്ചുപോയി. രണ്ടാമത്തെ മകനായ കുഞ്ഞീപ്പൻ വെള്ളാപ്പാട്ടിൽ എടപ്പാട്ട നിന്ന് വിവാഹം കഴിച്ച് തൊട്ടപുഴ മുട്ടത്ത് താമസിച്ചു. കുഞ്ഞീപ്പൻ മരിച്ചുപോയി.

മൂത്തമകൾ മറിയാമ്മയെ ഇടപ്പാടിയിൽ പീടിക ആട്ടപ്പാട്ടം, അന്നമ്മയെ മീനച്ചിലും വിവാഹം ചെയ്തയച്ചു.

d) വെട്ടുകാട്ടിൽ ഈപ്പൻ. വെട്ടുകാട്ടിൽ തൊമ്മന്റെ നാലാമത്തെ പുത്രനായ ഈപ്പൻ വൈദികപഠനത്തിനു പോയി. പ്രഭാതനായ ഇദ്ദേഹമാണ് കവീക്കുന്നേപള്ളിയുടെ സ്ഥാപകനായ വെട്ടുകാട്ടിൽ ബ. ഈപ്പച്ചൻ.

കൊട്ടാരം കുടുംബം

B

പഴവൂരു ശാഖ:

കൊട്ടാരത്തിൽ കുര്യന്റെ രണ്ടാമത്തെ മകൻ വക്കി വെളിയനാട്ട നാല്പതാംകളത്തിൽ നിന്നു വിവാഹം ചെയ്ത് പഴവൂരേക്കു മാറിത്താമസിച്ചു. ഇദ്ദേഹത്തിനു കുര്യൻ, വക്കി, മത്തായി, എന്നിങ്ങനെ മൂന്നു പുത്രന്മാരും മൂന്നുപുത്രിമാരും ജാതരായി. പുത്രിമാരെ യഥാക്രമം, വള്ളോൻപുരയിടത്തിലും, കുമ്പുക്കലും, പാലക്കിയിലും, വിവാഹം ചെയ്തയച്ചു.

a) കുര്യൻ. പ്രഥമ പുത്രൻ കുര്യൻ മുട്ടുവിറ വൈദ്യൻവീട്ടിൽനിന്നു വിവാഹം ചെയ്ത് വടക്കേകൈതവ

യലിൽ താമസിച്ചു. ഇദ്ദേഹത്തിനു് വക്കി, ഔസേപ്പ് കുരുൻ, എന്നിങ്ങനെ മൂന്നുപുത്രന്മാരും മൂന്നുപുത്രിമാരും ഉണ്ടായി. പുത്രിമാരെ പാലാക്കിവയലിലും, കാഞ്ഞിരപ്പള്ളി കല്ലറയ്ക്കലും, പതിനാറിയ്ക്കലും വിവാഹം ചെയ്തിച്ചയച്ചു.

മൂത്തപുത്രൻ വക്കി കടക്കനാൽ റോസയെ വിവാഹം ചെയ്തതിൽ രണ്ടാൺമക്കളും മൂന്നുപെൺമക്കളുമുണ്ടു്. പെൺകുട്ടികളിൽ മൂത്തയാളെ കുപ്പാട്ടു് തെരുവൻകുന്നേലും, രണ്ടാമത്തെ പുത്രിയെ കാഞ്ഞിരപ്പള്ളി കടവിലും, മൂന്നാമത്തെയാളെ തിടനാട്ടു് തുരുത്തിയിലും വിവാഹം ചെയ്തിച്ചയച്ചു. ആൺമക്കളിൽ മൂത്തയാൾ കുരുൻ കുപ്പാട്ടു് തടത്തിൽ ഏലിയെ വിവാഹം കഴിച്ചതിൽ മൂന്നാൺമക്കളും മൂന്നുപെൺമക്കളുമുണ്ടു്. പെൺമക്കളിൽ മൂത്തവർ രണ്ടും വിവാഹിതരാണു്. ഇളയവൾ മേഴ്സി വിദ്യാർത്ഥിനിയാണു്. മൂത്തപുത്രൻ ജോസഫു് (കുഞ്ഞു്)വിവാഹം ചെയ്തിരിയ്ക്കുന്നതു് വാഴൂരു് കണ്ണമുണ്ടയിൽ തെയ്യാമ്മയെയാണു്. ഈ ദമ്പതികൾക്കു് ജയിസൺ എന്ന ഒരു പുത്രനുണ്ടു്. ഇവർ ഇപ്പോൾ മലബാറിലാണു താമസം. രണ്ടാമത്തെ പുത്രൻ വക്കച്ചൻ വിദ്യാഭ്യാസാനന്തരം പിതാവിനോടൊത്തു വീട്ടിൽ താമസിക്കുന്നു. മൂന്നാമത്തെ പുത്രൻ ഇട്ടിരാച്ചൻ ഗോവയിൽ ഒരധ്യാപകനാണു്. വക്കിയുടെ രണ്ടാമത്തെ മകൻ ജോസഫു്, പെൺകുന്നത്തു് തെക്കേക്കണ്ടത്തിൽ മത്തയുടെ മകൾ ഏലിക്കുട്ടിയെയാണു് വിവാഹം ചെയ്തിരിക്കുന്നതു്. ഇവർക്കു് രണ്ടു പുത്രന്മാ

രും രണ്ടു പുത്രിമാരുമുണ്ട്. മൂത്തപുത്രിയെ പൊടിമറ്റത്തിൽ വിവാഹം ചെയ്തയച്ചിരിക്കുന്നു. രണ്ടാമത്തെ പുത്രി ലീലാമ്മ, അവിവാഹിതയാണ്. മൂത്തപുത്രൻ ജോജ്ജ് അതിരമ്പുഴ പേമല ആലീസിനെ വിവിഹം ചെയ്തതിൽ ജോളി, ജെസ്സി, കൊച്ചുറാണി, സാബു, ബെന്നി, എന്നിങ്ങനെ മൂന്നു പുത്രിമാരും രണ്ടുപുത്രന്മാരുമുണ്ട്. രണ്ടാമത്തെ മകൻ മത്തച്ചൻ പാലായിൽ നീലിയറ തങ്കമ്മയെ വിവാഹം ചെയ്തതിൽ ഔസേപ്പച്ചൻ, മത്തായി, എന്നിങ്ങനെ രണ്ടു പുത്രന്മാരുണ്ട്.

വടക്കേകൈതവയലിൽ (പഴേകൈതവയലിൽ) കുര്യന്റെ രണ്ടാമത്തെമകൻ ഔസേപ്പ് മംഗലത്തിൽനിന്നു വിവാഹംചെയ്തതിൽ രണ്ടുപുത്രന്മാരും ഒരു പുത്രിയുമുണ്ട്. ഇവപുത്രിയെ തുടിയംപ്ലാക്കൽ ദേവസ്യായുടെ മകൻ സ്കറിയ വിവാഹംചെയ്തിരിക്കുന്നു. അവർ ഇപ്പോൾ കുമരകത്തിൽ താമസിച്ചുവരുന്നു. ഇവരുടെ മൂത്തപുത്രനാണ് തുടിയൻപ്ലാക്കൽ ബ. ദേവസ്യാച്ചൻ. ഔസേപ്പിന്റെ മൂത്തപുത്രനാണ് ശ്രീ. പി.ഒ. കുര്യാക്കോസ്. ഇദ്ദേഹം എറകോന്നിപുത്തൻപുര കുടുംബയോഗത്തിന്റെ ഇപ്പോഴത്തെ പ്രസിഡണ്ടാണ്. പൊതുക്കാര്യപ്രസക്തനായ ഇദ്ദേഹം, റബർ കർഷകസംഘം പ്രസിഡണ്ട്, പാലാ മുനിസിപ്പൽ കൗൺസിൽ അംഗം, എന്നിങ്ങനെ വിവിധ പദവികളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇദ്ദേഹം കാഞ്ഞിരപ്പള്ളി കല്ലറയ്ക്കൽ ശ്രീ. ജോസിന്റെ മകൾ അന്നയെയാണ് വിവിഹം കഴിച്ചിരിക്കുന്നതു്. ഈ ദമ്പതികൾക്ക് ഒരു പുത്രനും നാലു പുത്രി



ത്തിവളച്ചേൽ വക്കി വക്കിയും മ സ്സസ് ഏലി വക്കിയും മറ്റു കുടുംബാംഗങ്ങളും. വക്കിയുടെ സീമന്തപുത്രനും കുടുബാംഗം ഉപരക്ഷാധികാരിയുമായ ബ. ജോജ്ജച്ചനാണു മദ്ധ്യത്തിൽ. ഇളയപുത്രന്മാരായ ജോസഫ്, തൊമ്മൻ, മത്ത (ഡോ. കെ. വി. മത്തായി), കുര്യാക്കോസ്, ഏകപുത്രി മാമ്മി (സിസ്റ്റർ ജോൺ) എന്നിവരേയും പടത്തിൽ കാണാം.

See Page 44 46



പഴോക്കെതോലിൽ കുര്യൻ കുര്യനും (മദ്ധ്യത്തിൽ) സഹോദരപുത്രനും കുടുംബയോഗം പ്രസിഡണ്ടുമായ
പി. ഒ. കുര്യാക്കോസ്, മിസ്സസ് അന്നമ്മ കുര്യാക്കോസ്, പുത്രൻ ഈപ്പച്ചൻ, മിസ്സസ് മോളി ഈപ്പച്ചൻ,
പുത്രിമാരായ ഏലിക്കുട്ടി, അന്നക്കുട്ടി, മേരി, ടേസി എന്നിവരും അവരുടെ പുത്രീപുത്രന്മാരും.

See Pages 40 & 41

മാത്രമുണ്ട്. പെൺമക്കളിൽ മൂത്തവൾ ഏലിക്കുട്ടിയെ ഇടമറ്റത്തു് തകടിയേൽ കുഞ്ഞുമാത്തുവിന്റെ പുത്രൻ മാണി, വിവാഹംചെയ്തു് മലബാറിൽ കറിയാടിയിൽ താമസിക്കുന്നു. രണ്ടാമത്തെ മകൾ അന്നക്കുട്ടിയുടെ ഭർത്താവു് എറകോന്നി കിഴക്കേക്കര ശ്രീ. ഈപ്പന്റെ മകൻ മാത്യു(മാമ്മച്ചൻ)ആണു്. മൂന്നാമത്തെപുത്രി മേരിയെ ആരക്കുഴ കുറുപ്പുമഠത്തിൽ മാണിയുടെപുത്രൻ ജോസഫ് വിവാഹം ചെയ്തിരിക്കുന്നു. ഇളയപുത്രി ഗ്രേസി കളളിക്കാട്ട് മൂരാപ്പുഴ ശ്രീ. അന്ത്രയോസിന്റെ മകൻ തോമസിന്റെ സഹധർമ്മിണിയാണു്. ശ്രീ പി. ഒ. കുര്യക്കോസിന്റെ ഏക പുത്രൻ ഈപ്പച്ചൻ(ഇദ്ദേഹം എം. എ. ബിരുദധാരിയാണു്.) ചങ്ങനാശ്ശേരി ഒളശ്ശയിൽ നിന്നും കൊച്ചിയിൽ താമസിക്കുന്ന ശ്രീ ഒ. സി. തോമസിന്റെ പുത്രി മോളിയെ വിവാഹം കഴിച്ചു. ഇദ്ദേഹത്തിനു് ഒരാൺകുട്ടിയും ഒരു പെൺകുട്ടിയുമുണ്ടു്.

പഴയാകെതവയലിൽ ഔസേപ്പിന്റെ രണ്ടാമത്തെ പുത്രൻ ശ്രീ. ജോസഫ് എറകോന്നി കെട്ടാരത്തിൽ ശ്രീ. കുര്യന്റെ മകൾ മറിയാമ്മയെ വിവാഹം ചെയ്തു. ഇവർ മൂഴിക്കാട്ടാണു് താമസം. ഇവർക്കു് നാലാൺമക്കളും അഞ്ചുപെൺമക്കളും ഉണ്ടു്. മൂത്തമകൾ ഏലിക്കുട്ടിയെ പാലായിൽ പുഞ്ചക്കുന്നേൽ ശ്രീ. ദേവസ്യാ വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി ചിന്നമ്മയെ ഉള്ളനാട്ടിൽ ഇലവുങ്കൽ ശ്രീ. തോമസാണു് വിവാഹം കഴിച്ചിരിക്കുന്നതു്. അച്ചാമ്മ, ഫിലോമിനാ സെലിൻ എന്നീ ഇളയകുട്ടികൾ വിദ്യാർത്ഥികളാണു്.

മൂത്തപുത്രൻ ശ്രീ. ജോസ് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ തേക്കടിയിൽ ഒരുദ്യോഗസ്ഥനാണ്. രണ്ടമത്തെ പുത്രൻ ജോയി പഠനംകഴിഞ്ഞു പിതാവിനോടൊപ്പം വീട്ടിൽ താമസിക്കുന്നു. ഇളയമക്കൾ വിൻസെന്റ്, ടോമി എന്നിവർ രണ്ടും വിദ്യാർത്ഥികളാണ്.

പഴയാകൈതവയലിൽ കുഞ്ഞന്റെ ദ്വിതീയ പുത്രൻ കുര്യൻ (കുര്യപ്പച്ചൻ) തന്റെ സഹോദരനായ ശ്രീ. ഔസേപ്പിനോട്ടുകൂടി താമസിച്ചുപോന്നു. ഇദ്ദേഹം 1968 ജൂൺ 20-നു് നിര്യാതനായി.

---

b) വക്കി. പഴവൂരു വക്കിയുടെ ദ്വിതീയപുത്രൻ വക്കി, വണ്ടമറവത്തു പുത്തൻപുരയ്ക്കൽനിന്നു റോസയെ വിവാഹം ചെയ്തു കുഞ്ഞിവളച്ചേൽ താമസിച്ചു. ഇദ്ദേഹത്തിനു് ഔസേപ്പു്, വക്കി എന്നിങ്ങനെ രണ്ടു പുത്രന്മാരും ഏലി, അന്ന എന്നു രണ്ടു പുത്രിമാരുമുണ്ടായി. ഇവരിൽ ഏലിയെ അരുവിത്തുറ തടിയ്ക്കലും അന്നയെ രാമപുരത്തു വെട്ടിക്കുഴച്ചാലിലും വിവാഹം ചെയ്തയച്ചു.

മൂത്തപുത്രൻ ഔസേപ്പു് ഭരണങ്ങാനത്തു് തുടിപ്പാറനിന്നു മറിയത്തെ വിവാഹം ചെയ്തു. സന്താനങ്ങളുണ്ടാകുന്നതിനു മുമ്പു തന്നെ മറിയം അകാലചരമം പ്രാപിച്ചു. ഔസേപ്പു് ഇടമറവത്തു പുളിക്കൽ റോസയെ പുനർവിവാഹം ചെയ്തു കുഞ്ഞിവളച്ചേൽ



കൊട്ടാരത്ത ൽ കുര്യയിപ്പ തോമസും (കുഞ്ഞമ്മൻ) എല സബത്തു തോമസും (കൊച്ചേലി) കുടുംബാംഗങ്ങളും.
ീമന്തപുത്രൻ (ഡോ. കൊട്ടാരം) 1932 ഒക്ടോബറിൽ വൈദികപഠനത്തിനു റോമിനുപുറപ്പെട്ടവേളയിൽ എടുത്ത പട



റവ. ഡോ. സി. റ്റി. കൊട്ടാരവും സഹോദരീസഹോദരന്മാരും

ഇരിക്കുന്നവർ: കെ. റ്റി. ചെറിയാൻ, ഫാദർ തോമസ് എസ്. ജെ., ഡോ. കൊട്ടാരം, സിസ്റ്റർ തോമസ്, മറിയ
(മിസ്സസ് ഈപ്പൻ പുത്തൻപുരക്കൽ) നില്ക്കുന്നവർ: കെ.റ്റി. മാത്യു, കെ.റ്റി. സെബാസ്റ്റ്യൻ, & കെ.റ്റി. ജോസഫ

തന്നെതാമസിച്ചു. ഔസേപ്പിന്റെ രണ്ടാംവിവാഹത്തിൽ വക്കി, പൈലോ, ജോസഫ് എന്ന മൂന്നു പുത്രന്മാരും, മൂന്നു പുത്രിമാരുമുണ്ട്. പുത്രിമാരെ യഥാക്രമം കിഴക്കേക്കര തട്ടാംപറമ്പിലും, ഞാവള്ളിൽ ക്രമാനത്തും വിവാഹം ചെയ്തിച്ചയച്ചു: ഇളയപുത്രി ഫ്രാൻസിസ്കാൻ സന്യാസിനിയായി ആജ്മീറിൽ മിഷ്യൻ പ്രവർത്തനത്തിലേർപ്പെട്ടിരിക്കയാണു്. ആൺമക്കളിൽ മൂത്തയാൾ വക്കി, ഇടമറ്റത്തു ക്രറനാൽ ഏലിയെ വിവാഹം ചെയ്തു വെട്ടുകാട്ടിൽ താമസിക്കുന്നു. ഇദ്ദേഹത്തിനു മൂന്നു പുത്രന്മാരും നാലു പുത്രിമാരുമുണ്ട്. മൂത്തപുത്രി അന്നക്കുട്ടിയെ കോതമംഗലത്തു ചാരിയിൽ അവിരാച്ചൻ വിവാഹം ചെയ്തിരിക്കുന്നു. മൂത്തപുത്രൻ ഡോക്ടർ ജോസഫ് ബി. ഏസ്സ്സി. എം. ബി. ബി. എസ്സ്. റാന്നിയിൽ ചെങ്ങളത്തുപറമ്പിൽ നിന്നു കുഞ്ഞുമേരി എന്നയുവതിയെയാണു് വിവാഹംകഴിച്ചിരിക്കുന്നതു്. ഇദ്ദേഹം ഇപ്പോൾ ഭരണങ്ങാനം മേരിഗിരി ആശുപത്രിയിൽ സേവനം അനുഷ്ഠിച്ചു വരുന്നു. മറ്റു കുട്ടികൾ ജോജ്ജ് എലിസമ്മ മേരി ചാക്കോ എന്നിവർ വിദ്യാർത്ഥികളാണു്. ഔസേപ്പിന്റെ രണ്ടാമത്തെ മകൻ പൈലോ നരിവേലിൽ കുടകല്ലേരിൽ ജോസഫിന്റെ മകൾ ത്രേസ്യായെ വിവാഹം ചെയ്തു മുഴിക്കാട്ടു താമസിക്കുന്നു. ഇദ്ദേഹത്തിനു മൂന്നു പുത്രന്മാരും നാലു പുത്രിമാരുമുണ്ട്. പുത്രിമാരിൽ മൂത്തവരായ റോസ, ത്രേസ്യാ എന്നിവരെ യഥാക്രമം പൈകയിൽ പുന്നത്താനത്തുകുന്നേലും, പാലായിൽ പനയ്ക്കലും വിവാഹം ചെയ്തയച്ചു. എലിസമ്മ, ഔസേപ്പു്, മേരി, അന്ന,

വക്കീ എന്നിവർ പഠനം നടത്തിക്കൊണ്ടിരിക്കുന്നു. കുത്തിവളച്ചേൽ ഔസേപ്പിന്റെ മൂന്നാമത്തെ മകൻ ജോസഫ് ഭരണങ്ങാനത്തു മാറാമറ്റത്തിൽ അവിരായുടെ മകൾ റോസയെയാണു് വിവാഹം ചെയ്തിരിക്കുന്നതു്. ഇവർക്കു് ജോസഫ്, ബേബി എന്നു രണ്ടു പുത്രന്മാരും റോസലിൻ, സാലി എന്നു രണ്ടുപുത്രിമാരുമുണ്ടു്. ഇവരെല്ലാവരും വിദ്യാർത്ഥികളാണു്.

കുത്തിവളച്ചേൽ വക്കിയുടെ രണ്ടാമത്തെ പുത്രൻ വക്കി ഭരണങ്ങാനത്തു തുടിപ്പാറ ഏലിയെ വിവാഹം ചെയ്തു ഇളങ്ങുളത്തു താമസിച്ചു വരുന്നു. ഇദ്ദേഹത്തിനു് 5 പുത്രന്മാരും ഒരു പുത്രിയുമാണുള്ളതു്. ഈ പുത്രി മെഡിക്കൽ മിഷൻ സന്യാസ സമൂഹത്തിൽ ചേർന്നു് എത്യോപ്യയിൽ വൈദ്യസേവനം നടത്തിവരുന്നു. മൂത്തപുത്രൻ ജോജ്ജു് വൈദികപഠനത്തിലേർപ്പെട്ടുകയാണുണ്ടായതു്. ഇദ്ദേഹം 1937 ഡിസംബർ 21-നു വൈദികപട്ടം സ്വീകരിച്ചു. അതിനു ശേഷം പാലാ രൂപതയിൽപ്പെട്ട പല ഇടവകകളിൽ വികാരിയായി ജോലി നോക്കിയിട്ടുണ്ടു്. ബ. കുത്തിവളച്ചേൽ ജോജ്ജച്ചൻ എറകോന്നി പടിഞ്ഞാറേക്കര കുടുംബയോഗത്തിന്റെ സഹരക്ഷാധികാരിക്രൂടിയാണു്. കുടുംബയോഗത്തിന്റെ ആവിർഭാവത്തിനും അതിന്റെ പുരോഗതിക്കും കുടുംബചരിത്ര നിർമ്മാണത്തിനും ഇദ്ദേഹം ചെയ്തിട്ടുള്ള സേവനങ്ങൾ നിരവധിയത്രെ. രണ്ടാമത്തെ പുത്രൻ ജോസഫ് ഇളങ്ങുളത്തു വാതല്ലൂർ സ്കറിയായുടെ മകൾ ത്രേസ്യായെ വിവാഹം കഴിച്ചു മൂഴ

ക്കാട്ട് താമസിക്കുന്നു. ഈ ദമ്പതിമാക്കു രണ്ടാൺമക്കളും രണ്ടുപെൺമക്കളുമുണ്ട്. ആൺമക്കളിൽ മൂത്തയാൾ വക്കി വെളിച്ചിയാനിയിൽ നീറനാക്കുന്നേൽ കുരുവിളയുടെ മകൾ മേരിയെ വിവാഹം ചെയ്തതിൽ ത്രേസ്യാ, ജോസഫ് എന്നു രണ്ടു കുട്ടികളുണ്ട്. ജോസഫിന്റെ മറ്റു കുട്ടികൾ കുര്യാക്കോസ്, ഏലി, മേരി എന്നിവരാണു്. ഇവരെല്ലാം വിദ്യാർത്ഥികളാണു്. വക്കിയുടെ മൂന്നാമത്തെ പുത്രൻ പാലായിൽ വടക്കേമുറിയിൽ അന്നയെ വിവാഹം ചെയ്തതിൽ ഒരു പെൺകുട്ടിയുണ്ട്. അന്ന നിര്യാതയായതിനാൽ തൊമ്മൻ നരിവേലിൽ കുടകശ്ശേരിൽ ഏലിക്കുട്ടിയെ പുനർവിവാഹം ചെയ്തു. വക്കിയുടെ നാലാമത്തെ പുത്രൻ ഡോക്ടർ മത്തായി എം. ബി. ബി. എസ്സ്. ചങ്ങനശ്ശേരി കുറിക്കാട്ട് ത്രേസ്യായെ (തങ്കമ്മ എം. എസ്സ്സി.) യാണു വിവാഹം ചെയ്തിരിക്കുന്നതു്. വക്കിയുടെ അഞ്ചാമത്തെപുത്രൻകുര്യാക്കോസ് അവിവാഹിതനാണു്.

(c) മത്തായി. പഴവൂരു വക്കിയുടെ മൂന്നാമത്തെ പുത്രൻ മത്തായി ഔസേപ്പുപറമ്പിൽനിന്നു വിവാഹം ചെയ്തു പഴവൂരു തന്നെ താമസിച്ചു. ഈ വിവാഹത്തിൽ തൊമ്മൻ, വക്കി എന്നരണ്ടു പുത്രന്മാർ ജനിച്ചു. ഭാര്യ മരിക്കയാൽ ചേപ്പുങ്കൽ കോഴിമല നിന്നു പുനർവിവാഹം ചെയ്തതിൽ മത്തായി, ജോസഫ് എന്നു രണ്ടു പുത്രന്മാരും ഏലി എന്നു ഒരുപുത്രിയും ജാതരായി. ഏലിയെ വയലായിൽ ചെറുകരെ വിവാഹം ചെയ്തയച്ചു. മൂത്തപുത്രൻ തൊമ്മൻ വണ്ടമറ്റം

പുത്തൻപുരയ്ക്കൽനിന്നും വിവാഹം ചെയ്തതിൽ ഒരു പുത്രിയുണ്ടായി. ഭാര്യ മരിക്കയാൽ ചീരാംകുഴിയിൽ ചിന്നമ്മയെ പുനർവിവാഹം കഴിച്ചു. ഈ വിവാഹത്തിൽ ജനിച്ച ഏകമകൾ മറിയാമ്മയെ എളങ്ങളത്തു് വാതല്ലൂർ വിവാഹം ചെയ്തയച്ചു. പഴവൂരു മത്തായിയുടെ ദ്വിതിയ പുത്രൻ വക്കി പാലായിൽ പതിപ്പള്ളിൽ നിന്നു വിവാഹം ചെയ്തു മരുതോലിൽ താമസിക്കുന്നു. ഇദ്ദേഹത്തിനു് മത്തായി, ജോജ്ജു്, ജോസഫ്, തോമസു് എന്നീ നാലാൺമക്കളും ഏലിയാമ്മ അന്നമ്മ എന്ന രണ്ടു പെൺമക്കളുമുണ്ടു്. ഇവരിൽ ഏലിയാമ്മയെ കടുവമ്മാക്കൽ ആഗസ്തിയും അന്നമ്മയെ ആട്ടപാട്ടു് മത്തായിയും വിവാഹം കഴിച്ചു. മത്തായിക്കു നാലാൺമക്കളും രണ്ടു പെൺമക്കളുമുണ്ടു്. പഴവൂരു മത്തായിയുടെ മൂന്നാമത്തെ മകൻ മത്തായി ഇടമറുകിൽ താന്നിപോത്തിയിൽ നിന്നും പുനരായി ഇടമറുകിൽ പതിപ്പള്ളിൽ നിന്നും വിവാഹം ചെയ്തതിൽ ആദ്യവിവാഹത്തിൽ എട്ടും രണ്ടാം വിവാഹത്തിൽ നാലും ഉൾപ്പെടെ പന്ത്രണ്ടു മക്കൾ ജാതരായി. പഴവൂരു മത്തായിയുടെ നാലാമത്തെ മകൻ ജോസഫ്, അഞ്ചേരിൽ അന്നമ്മയെ വിവാഹം ചെയ്തു പഴവൂരു തന്നെതാമസിച്ചു. ഇദ്ദേഹത്തിനു് മാത്യു(പാപ്പച്ചൻ) എന്ന ഒരു പുത്രനും റോസമ്മ, അന്നക്കുട്ടി എന്ന രണ്ടു പുത്രിമാരുമുണ്ടായി. റോസമ്മയെ മണിയാക്കുപാറയിൽ സെബാസ്റ്റ്യൻ വിവാഹം ചെയ്തതിൽ എട്ടു മക്കളുണ്ടു്. അന്നക്കുട്ടിയെ മീനച്ചിൽ തകടിയേൽ മാത്യു വാണു വിവാഹം കഴിച്ചിരിക്കുന്നതു്. പുത്രൻ

മാത്യു ചീരാംകുഴിയിൽ ത്രേസ്യാമ്മയെ വിവാഹം ചെയ്തുപഴവൂരു തന്നെ താമസിച്ചു വരുന്നു. ഇദ്ദേഹത്തിനു ജോസ്, ജോയി എന്നു രണ്ടാൺമക്കളും ആൻസമ്മ, മേരിക്കുട്ടി എന്നു രണ്ടുപെൺമക്കളുമുണ്ട്. മൂത്തകുട്ടികൾ മൂന്നുപേരും വിദ്യാർത്ഥികളാണു്.

കൊട്ടാരം കുടുംബം

C

കൊട്ടാരം ശാഖ

കൊട്ടാരത്തിൽ കുഞ്ഞന്റെ ഇളയപുത്രൻ മത്തായി, കരിമണ്ണൂർ ആലപ്പാട്ട കുടുംബത്തിൽനിന്നു മറിയത്തെ വിവാഹം ചെയ്തു് തറവാടായ കൊട്ടാരത്തിൽ തന്നെ താമസിച്ചു. കൊട്ടാരം തറവാട്ടു സ്ഥിതി ചെയ്തിരുന്നതു്, പാലാ ടൗണിനു സമീപം, "എറകോന്നി റോഡി"നു തെക്കുവശത്തു്, റവ. ഡോക്ടർ സി. ററി. കൊട്ടാരത്തിനു പിതൃസ്വത്തായി ലഭിച്ചതും ഇന്നദ്ദേഹത്തിന്റെ കൈവശം ഇരിക്കുന്നതുമായ കൊട്ടാരം പുരയിടത്തിലായിരുന്നു.

തറവാട്ടിൽ താമസമാക്കിയ മത്തായിക്കു കുഞ്ഞിപ്പു്, ഔസേപ്പു്, മത്തായി, എന്നു മൂന്നു പുത്രന്മാരും, മറിയം, ത്രേസ്യാ, ഏലിസബത്തു് എന്നു മൂന്നു പുത്രിമാരും ജാതരായി. ഇവരിൽ "ചെറിച്ചി" എന്നു വിളിക്കപ്പെട്ടിരുന്ന ത്രേസ്യായെ ഭരണങ്ങാനം പൂവത്തോട്ടു കളരിപ്പറമ്പിലായ ആലക്കളത്തിലും ഏലിസബത്തി

നെ പുറപ്പുഴെ തയ്യിലും, അന്നയെ വാഴക്കുളത്തു കൊച്ചുമുട്ടത്തും വിവാഹം കഴിപ്പിച്ചയച്ചു. ചെറിച്ചിയുടെ പുത്രനാണു ദിവ്യകാരുണ്യ സന്യാസസഭയുടെ സ്ഥാപകരിൽ പ്രധാനിയും പ്രസിദ്ധ ധ്യാനഗുരുവുമായ ആലക്കളത്തിൽ പെ. ബ. മത്തായി അച്ചൻ. മൂവാറ്റുപുഴ പൈങ്ങോട്ടൂർ പള്ളിയുടേയും അവിടത്തെ ക്ലാരമഠത്തിന്റെയും സ്കൂളിന്റെയും സ്ഥാപകനായ കൊച്ചുമുട്ടത്തു ബ. ശെമ്മരിയാരച്ചൻ അന്നയുടെ പുത്രനാണു്.

മത്തായിയുടെ സീമന്തപുത്രൻ കുഞ്ഞിപ്പു് മുണ്ടാങ്കൽ പള്ളിക്കു തെക്കുവശത്തു് തെക്കെമുണ്ടാങ്കൽ പുരയിടം വിലയ്ക്കുവാങ്ങി അവിടെ താമസമാക്കി. കുഞ്ഞിപ്പു വിവാഹം ചെയ്തതു് രാമപുരത്തു കുഴമ്പിൽ തറവാട്ടിലെ മറിയത്തെയാണു്. മത്തായിയുടെ രണ്ടാമത്തെ മകൻ ഔസേപ്പു് (1848-1935) അക്കാലത്തു നിലവിലിരുന്ന വാഴക്കുളം സെമിനാരിയിൽ വൈദികവിദ്യാഭ്യാസം പൂർത്തിയാക്കി 1873 ആഗസ്റ്റു് 3-ൽ ഉരുപ്പട്ടമേറ്റു. ഇദ്ദേഹമാണു്, പാലാ വലിയപള്ളിയുടെ വികാരിയായിരുന്ന കാലത്തു പാലാ വലിയപള്ളിയുടെ കുരിശുപള്ളിയായി മുണ്ടാങ്കൽപള്ളി സ്ഥാപിക്കുകയും, തന്റെ വാർദ്ധക്യം പരിഗണിച്ചു് ജോലിയിൽനിന്നു വിരമിക്കുന്നതുവരെ മുണ്ടാങ്കൽ പള്ളിയുടെ വികാരിയായി തുടർന്നു് 1935 മാർച്ചു് മാസം 23-ാംനു- ദിവംഗതനാകുകയും ചെയ്ത കൊട്ടാരത്തിൽ പെ. ബ. യൗസേപ്പച്ചൻ. ഇദ്ദേഹത്തെ സംസ്കരിച്ചിരിക്കുന്നതു് മുണ്ടാങ്കൽ പള്ളിയിൽ പ്രത്യേകം തയാറാക്കിയിരിക്കുന്ന

കല്ലറയിലാണു്. മത്തായിയുടെ മൂന്നാമത്തെ പുത്രനായ മത്തായി പാലായിൽ ഇല്ലിമൂട്ടിൽനിന്നു മറിയത്തിനെ വിവാഹം ചെയ്തു തറവാട്ടിൽത്തന്നെ താമസിച്ചു.

മൂഴിക്കാട്ടെ കൊട്ടാരം കുടുംബം

തറവാട്ടിൽ താമസമാക്കിയ മത്തായിക്കു് ഔസേപ്പു്, തോമസു്, മാത്യു എന്ന മൂന്നു പുത്രന്മാരും ത്രെസ്യാമ്മ, അന്നമ്മ, മറിയക്കുട്ടി, ഏലിക്കുട്ടി എന്ന നാലു പുത്രിമാരും ജാതരായി. ത്രെസ്യാമ്മയെ കുറവിലങ്ങാട്ടു മേച്ചേരിക്കുന്നേലും, അന്നമ്മയെ പാലായിൽ മങ്ങലത്തിലും, മറിയക്കുട്ടിയെ മീനച്ചിൽ തുംകുഴിയിലും, ഏലിക്കുട്ടിയെ പിണ്ണാക്കനാട്ടു മുട്ടത്തുകുന്നേലും വിവാഹം നടത്തിച്ചയച്ചു. മൂത്ത പുത്രനായ ഔസേപ്പു് അകാലനിര്യാണം പ്രാപിച്ചു. ദ്വിതീയ പുത്രനായ തോമസു് അന്തീനാട്ടിൽ കല്ലറയ്ക്കൽനിന്നു മറിയത്തെ വിവാഹം ചെയ്തു് മൂഴിക്കാട്ടേക്കു താമസം മാറ്റി. അവർക്കു് രണ്ടു് ആൺമക്കളും മൂന്നു പെൺമക്കളും ജനിച്ചു. തോമസു് ഇപ്പോൾ ജീവിച്ചിരിപ്പില്ല. മക്കളുടെ പേരുകൾ യഥാക്രമം മാത്യു, തോമസു്, ഏലിക്കുട്ടി, മറിയക്കുട്ടി, ത്രെസ്യാമ്മ എന്നാണു്. ഏലിക്കുട്ടിയെ തിടനാട്ടിൽ നീണ്ടൂർവീട്ടിൽ ജോസപ്പും മറിയക്കുട്ടിയെ ഇടമറ്റത്തു് ചുവപ്പുങ്കൽ ജോസപ്പും വിവാഹം ചെയ്തു. ത്രെസ്യാമ്മ റവ. സിസ്റ്റർ കർമലൈൻ എന്ന പേരിൽ ഒരു മിഷ്യനറിയായി രാജസ്ഥാനിൽ ജോലി ചെയ്തുവരുന്നു. മാത്യു മൂഴിക്കാട്ടു് വാണിയപ്പുരയ്ക്കൽ ഏലി

ക്കുട്ടിയെ വിവാഹം ചെയ്തു. അവൾക്ക് ഒരു കുട്ടിയുണ്ടായി. ഏലിക്കുട്ടി നിര്യാതയായപ്പോൾ മാത്യു പുനർവിവാഹം ചെയ്ത് കാഞ്ഞിരപ്പള്ളിയിൽ താമസിച്ചുവരുന്നു. തോമസ് (പാപ്പച്ചൻ) പാലായിൽ ചിലമ്പിക്കുന്നേൽനിന്നു വിവാഹം കഴിച്ച് മൂഴിക്കാട്ടതന്നെ താമസിക്കുന്നു.

മത്തായിയുടെ മൂന്നാമത്തെ പുത്രനായ മാത്യു പാലായിൽ തലച്ചിറെ വക്കീൽ മകൾ മറിയക്കുട്ടിയെ വിവാഹംചെയ്ത് സപത്നീകനായ മത്തായിയോടുകൂടി ചുങ്കപ്പാറ നിർമ്മലപുരത്തേക്കു താമസം മാറ്റി. കൊട്ടാരം തറവാട്ടും പുരയിടവും മത്തായി സഹോദരനായ കുര്യപ്പിനു വിറ്റു. ആ വഴിക്കാണു കൊട്ടാരം പുരയിടം കുര്യപ്പിന്റെ പൗത്രനായ ഡോ. സി. റ്റി. കൊട്ടാരത്തിനു ലഭിച്ചതു്. നിർമ്മലപുരത്തുവച്ചു മത്തായി നിര്യാതനായി. കൊച്ചുമാത്യുവിനു രണ്ടു് ആൺമക്കളും നാലു പെൺമക്കളുമുണ്ടായി. അവരുടെ പേരുകൾ യഥാക്രമം മാത്യു, വക്കീസ്, അന്നമ്മ, ആലീസ്, മേരിക്കുട്ടി, ത്രെസ്യാമ്മ. ത്രെസ്യാമ്മ അകാല ചരമമടഞ്ഞു. മാത്യു (പാപ്പച്ചൻ) ചെറുവള്ളിയിൽ പതാലിൽ മത്തായിയുടെ മകൾ ഏലിക്കുട്ടിയെ വിവാഹം കഴിച്ചു. അവൾക്ക് അഞ്ചു് ആൺകുട്ടികളാണുള്ളതു്. മാത്യു, ജോസ്, തോമസ്, ജോർജ്, സേവ്യർ എന്നീ ആൺമക്കൾ മാതാവിനോടുകൂടി നിർമ്മലപുരത്തുതാമസിക്കുന്നു. പാപ്പച്ചൻ ജീവിച്ചിരിപ്പില്ല. കൊച്ചുമാത്യുവിന്റെ രണ്ടാമത്തെ പുത്രനായ

വറുഗീസ് (വക്കച്ചൻ) മിത്രക്കരി ചെമ്പുത്താറ കഞ്ചെറിയായുടെ മകൾ ത്രെസ്യായെ വിവാഹം ചെയ്തു സപിതാവിനോടുകൂടി നിമ്മലപുരത്തുതന്നെ താമസിക്കുന്നു. വക്കച്ചനു രണ്ടു ആൺകുട്ടികളും രണ്ടു പെൺകുട്ടികളുമാണിപ്പോഴുള്ളതു്. മാത്യു, കുഞ്ചെറിയ, മറിയം, ത്രെസ്യാ എന്നീ നാലു മക്കളും സ്കൂളിൽ പഠനം നടത്തിവരികയാണു്. കൊച്ചുമാത്യുവിന്റെ പെൺമക്കളിൽ അന്നമ്മയെ (അച്ചാമ്മ) ചങ്ങനാശ്ശേരിൽ മൂലയിൽ ജോസഫും, മേരിക്കുട്ടിയെ കുമ്പനാടത്തു് പുല്ലാങ്കുളത്തിൽ സെബാസ്റ്റ്യന്റെ മകൻ കുഞ്ഞനും വിവാഹം ചെയ്തു. മകൾ ആലീസ് (കുട്ടിയമ്മ) കമ്മെലീത്താ സന്യാസിനിസഭയിൽ ചേർന്നു. റവ. സിസ്റ്റർ മേരി ജെയിൻ, എം. എസ്സ്സി. എന്ന പേരിൽ അറിയപ്പെടുന്ന ആലിസ് ഇപ്പോൾ ചങ്ങനാശ്ശേരി അസ്സംപ്ഷൻ കോളെജിൽ കെമിസ്ട്രി പ്രൊഫസറാണു്.

പാലായിലെ കൊട്ടാരം കുടുംബം (തുടർച്ച)

A

കൊട്ടാരം തറവാട്ടിൽനിന്നു മുണ്ടാങ്കൽ പള്ളിക്കുസമീപത്തേക്കു താമസം മാറിയ കുര്യിപ്പിനു് ഔസേപ്പു്, തൊമ്മൻ, മാത്യു എന്ന മൂന്നാൺമക്കളും മറിയം, അന്നമ്മ, ഏലിസബത്തു് (കൊച്ചേലി), ത്രേസ്യാമ്മ, മേരി, (മമ്മി) എന്ന അഞ്ചു പെൺമക്കളും ഭ്രജാതരായി. മറിയാമ്മയെ വാഴക്കുളത്തു കൊച്ചുമുട്ടത്തു തോമ്മായും, അന്നമ്മയെ പാലായിൽ വായുമറ്റത്തായ മണ്ണപത്തിക്കുന്നേൽ ചെറിയതും, കൊച്ചേലിയെ

പൈങ്ങളത്തു കുളപ്രത്താഴെയായ തുരുത്തിക്കാവിൽ പിലിപ്പോസും ത്രെസ്യാമ്മയെ വാഴക്കുളത്തു ക്രാറമ്പാട ത്തായ പുൽപ്പറമ്പിൽ ചാക്കോയും വിവാഹം ചെയ്തു. 1915 ജൂലൈ 3-ാം തീയതി മാതേ്താമ്മശ്ലീഹായുടെ ദുക്റാനത്തിരുന്നാൾ ദിനം പാലാ വലിയ പള്ളിയിൽ വച്ചു പെട്ടെന്നുണ്ടായ ദേഹാസ്വാസ്ഥ്യത്തെ തുടർന്നു കുര്യ യിപ്പു ദേഹവിയോഗം ചെയ്തു.

കൊട്ടാരത്തിൽ അരീക്കൽ

B

കുര്യയിപ്പിന്റെ മൂത്തപുത്രനായ ഔസേപ്പ് ഭരണങ്ങാനത്തു മനയാനിക്കൽനിന്നു മറിയത്തിനെ വി വാഹം ചെയ്തു. അവർക്ക് ഒരു പുത്രനും ഒരു പുത്രിയുമു ണ്ടായി. പുത്രി മാമ്മിയെ പാലായിൽ വായുമറത്തു പെണ്ണിക്കൽ ഔസേപ്പു വിവാഹം കഴിച്ചു. മാമ്മി (മറിയം) ഇന്നു ജീവിച്ചിരിപ്പില്ല. മകൻ കൊച്ചുകു യ്യിപ്പ് ഭരണങ്ങാനത്തു മഴവണ്ണൂർനിന്നും അന്നയെ വിവാഹം കഴിച്ചു. ഔസേപ്പ് ഐഹികവാസം വെ ടിഞ്ഞതിനെത്തുടർന്നു കൊച്ചുകുയ്യിപ്പ് (കൊച്ച്) അരീക്കലേക്കു മാറിത്താമസിച്ചു. കൊച്ചുകുയ്യിപ്പിനു നാലു് ആൺമക്കളും അഞ്ചു പെൺമക്കളുമാണുള്ളതു്. മൂത്തമകൻ ഔസേപ്പ് (കുഞ്ഞു്) ചക്കൻകുളത്തു തൊ മ്മൻ മകൾ ഏലിയേയും, രണ്ടാമൻ സെബാസ്റ്റ്യൻ (പാപ്പച്ചൻ) കരൂർ കാടൻകാവിൽ ചാണ്ടിയുടെ മകൾ ഏലിയേയും, മൂന്നാമൻ മത്തായി (മത്ത) പൂവത്തോട്ട്

ൻപുരയ്ക്കൽ ദേവസ്യാ മകൾ മറിയത്തിനേയും വിവാഹം ചെയ്തു. നാലാമത്തെ മകൻ സിറിയക്ക് (ഈക്കുട്ടി) അവിവാഹിതനാണ്.

ഔസേപ്പിനു് എട്ട് ആൺമക്കളും എട്ടു പെൺമക്കളുമുണ്ട്. ജോസഫ്, തോമസ്, ആനി, മേരി, ആലീസ്, സിറിയക്ക്, വിൻസെൻറ്, ഫിലോമിനാ, സിസിലി, സെലിൻ, ഫ്രാൻസിസ്, റോസ, എമിലി, ജസ്റ്റിൻ, ഗിൽബർട്ട്, അലക്സ് എന്നിവയാണ അവരുടെ പേരുകൾ. ആൺമക്കളിൽ തോമസ് വൈദികപഠനം പൂർത്തിയാക്കി 1969 ഡിസംബറിൽ ഉദ്യോഗം സ്വീകരിച്ചു. സെബാസ്റ്റ്യൻ (പാപ്പച്ചൻ) സിറിയക്ക്, അന്ന, ത്രേസ്യാ, അലക്സ് എന്ന രണ്ടു പുത്രന്മാരും രണ്ടു പുത്രികളുമാണുള്ളത്. മാത്യുവിനു് (മത്തച്ചൻ) അന്നയെന്നും മറിയമെന്നും പേരുകളോടുകൂടി രണ്ടു പെൺമക്കൾകൂടിയുണ്ട്.

കുര്യാപ്പിന്റെ പുത്രിമാരായ മറിയത്തെ പഴേകൈതോലിൽ ഔസേപ്പും, അന്നമ്മയെ കുറുമണ്ണിൽ ചന്ദ്രൻകുന്നേൽ അന്തോനിയും, അച്ചാമ്മയെ (ത്രേസ്യാ) വെളിയനാട്ട് നാല്പത്താംകളത്തിൽ സ്കറിയായും, ഏലിയാമ്മയെ വിളക്കുമാടത്തു് ചെമ്പകശ്ശേരിൽ ലൂക്കായും, വിവാഹം ചെയ്തിരിക്കുന്നു. ഏറ്റവും ഇളയമകൾ റോസമ്മ ധർമ്മഗിരി മെഡിക്കൽ മിഷ്യൻ സന്യാസിനിസമൂഹത്തിൽ ചേർന്ന് റവ. സിസ്റ്റർ ലീമാ എന്ന പേരു സ്വീകരിച്ചു് ആതുരശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുകയാണു്.

കുയ്യിപ്പിന്റെ മൂത്തപുത്രൻ കുടുംബസ
കുപ്പാട്ടം, രണ്ടാമത്തെ പുത്രൻ സെബാസ്റ്റ്യൻ കു
സഹിതം നീലൂരും താമസിച്ചുവരുന്നു.

തെക്കെ മുണ്ടാങ്കൽ താമസമാക്കിയ കുരു
ന്റെ പുത്രൻ മാത്യു (കെ. കെ. മാത്യു) ഇലഞ്ഞിയി
തിരുവിളക്കിൽ ചുമ്മാർ മകൾ ഏലിയെ വിവാഹ
ചെയ്തു ഇലഞ്ഞിയിൽ താമസമാക്കി. മേരി, കുരു
ക്കോസ് എന്ന രണ്ടു മക്കളാണു ശ്രീ മാത്യുവിനുള്ള
തു്. ഭാര്യ ഏലി ഇപ്പോൾ ജീവിച്ചിരിപ്പില്ല. മേര
യെ പാലായിൽ അഞ്ചേരിയിൽ തോമസ് (ഡോക്ടർ
എ. ജെ. തൊമ്മൻ) വിവാഹം ചെയ്തു. കുര്യാക്കോസ
അറക്കളത്തു മീനാട്ടൂർ തൊമ്മന്റെ മകൾ ഏലിക്കുട്ടി
യെയാണു വിവാഹം ചെയ്തിരിക്കുന്നതു്. അവർക്കു
ഇപ്പോൾ ഒമ്പതു മക്കളുണ്ടു്. ശ്രീ. കെ. കെ. മാത്യു
പാലാ സെൻറു് തോമസ് ഹൈസ്കൂൾ ആരംഭിച്ച
ഘട്ടത്തിൽ പ്രസ്തുത സ്കൂളിലെ ഒരധ്യാപകനായി സ്തു
ത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ടു്.

ഇപ്പോഴത്തെ കൊട്ടാരം തറവാടു്: (A–തുടർച്ച)

മത്തായി കുര്യയിപ്പിന്റെ ദ്വിതീയ പുത്രൻ
തൊമ്മൻ (കുഞ്ഞമ്മൻ) പാലായിൽ വായുമറ്റത്താ
മണ്ഡപത്തിക്കുന്നേൽ ചെറിയതു് ക്രുടല്ലൂർ അയ്യമ്പ
ത്തിൽനിന്നു മേരിയുമായുണ്ടായ പ്രഥമ വിവാഹത്തിൽ
ഭ്രജാതയായ ഏലിസബത്തിനെ (കൊച്ചേലി) വിവ
ഹംചെയ്തു തറവാട്ടിൽ താമസിച്ചു. തോമസിനു് ആ

പുത്രന്മാരും രണ്ടുപുത്രിമാരുമാണുള്ളത്. മൂത്തമകൾ മറിയത്തിനെ കിഴക്കേക്കര പുത്തൻപുരയിൽ മത്തായി മകൻ ഔസേപ്പ്(കുഞ്ഞീപ്പൻ)വിവാഹം കഴിച്ചു. അവർക്കു മൂന്നാൺമക്കളും രണ്ടുപെൺമക്കളുമാണുള്ളത്. തൊമ്മന്റെ രണ്ടാമത്തെപുത്രി അന്നമ്മ അമേരിക്കൻ മെഡിക്കൽമിഷ്യൻ സന്ന്യാസിനിസഭയിലെ അംഗമായ റവ. സിസ്റ്റർ തോമസാണ്. സിസ്റ്റർ തോമസ് ഇപ്പോൾ ഭരണങ്ങാനം മേരിഗിരി ആശുപത്രിയിൽ സേവനമനുഷ്ഠിച്ചുവരുന്നു. റവ. സിസ്റ്റർ തോമസ് മെഡിക്കൽ മിഷ്യന്റെ കേരള ശാഖയിലെ പ്രഥമ ബാച്ചിൽ പെട്ടയാളാണ്.

കുഞ്ഞ്പുതൊമ്മന്റെ സീമന്തപുത്രനായ കുഞ്ഞാക്കോസ്(1907)റോമിലെ പ്രൊപ്പഗാന്താകോളെജിൽ വൈദികവിദ്യാഭ്യാസം പൂർത്തിയാക്കി, അവിടെവച്ചുതന്നെ 1935 ഡിസംബർ 21-ാം തീയതി ഉന്നതപ്പട്ടം സ്വീകരിച്ചു. ഇദ്ദേഹമാണ് എറകോന്നി കുടുംബയോഗത്തിന്റെ രക്ഷാധികാരിയായ റവ. ഡോ. സി. റ്റി. കൊട്ടാരം, ബി. എ., എൽ. റ്റി, എൽ. ഡി., പി. എച്ച്. ഡി. വിദ്വത്തും പ്രാഗല്ഭ്യവുമായ അദ്ധ്യാപനത്തിനു് ഇൻഡ്യൻ പ്രസിഡന്റിൽനിന്നു 1960-ൽ ദേശീയ അവാർഡു നേടിയ ഇൻഡ്യയിലെ ഏക കത്തോലിക്കാവൈദികനായ ഇദ്ദേഹം അഖിലേന്ത്യാ പ്രശസ്തിയാർജ്ജിച്ച ഒരു വിദ്യാഭ്യാസ പ്രവർത്തകനും കൂടിയാണ്. 1955-ൽ ഓക്സ്ഫോർഡിൽ വച്ചു നടത്തപ്പെട്ട അന്തർദ്ദേശീയ വിദ്യാഭ്യാസകോൺഫ്രൻ

സിൽ നമ്മുടെ സംസ്ഥാനത്തെ പ്രതിനിധാനം ചെയ്യുവാൻ ഗവൺമെന്റ് തെരഞ്ഞെടുത്തതു് ബ. കൊട്ടാരത്തിലച്ചനെയാണു്. ഇദ്ദേഹം രണ്ടു പ്രാവശ്യം യൂറോപ്പിലും അമേരിക്കൻ ഐക്യനാടുകളിലും പര്യടനം നടത്തുകയും ചിക്കാഗോയിലെ ഡി പോൾ സർവ്വകലാശാലയിൽ വിസിറ്റിംഗ് പ്രൊഫസ്സറായി ജോലി നോക്കുകയും ചെയ്തിട്ടുണ്ടു്.

ചങ്ങനാശ്ശേരി രൂപതയുടെ ചാൻസലർ, കാളാശ്ശേരിൽ ജെയിംസ് മെത്രാനച്ചന്റെ സെക്രട്ടറി, ചങ്ങനാശ്ശേരി സെന്റ് ബർക്മാൻസ് കോളെജ് പ്രൊഫസ്സർ, പാലാ, പ്രവിത്താനം, വിളക്കുമാടം, ഹൈസ്കൂളുകളുടെ ഹെഡ്മാസ്റ്റർ എന്നീ നിലകളിൽ മുപ്പതു വർഷക്കാലം പ്രശസ്തസേവനമനുഷ്ഠിച്ച ഡോ. കൊട്ടാരം ഇപ്പോൾ കേരളസർവ്വകലാശാലാ സെനറ്റിലും, കോഴിക്കോട്ടു സർവ്വകലാശാല ഫാക്കൽറ്റി ഓഫ് എഡ്യൂക്കേഷനിലും അംഗമാണു്. അഖിലേന്ത്യാ സെക്കണ്ടറി സ്കൂൾഹെഡ്മാസ്റ്റേഴ്സ് അസോസിയേഷന്റെ പ്രസിഡൻറുക്രൂടിയായ ഇദ്ദേഹം തന്റെ സ്വന്തം ഉടമസ്ഥതയിൽ പാലാ കേന്ദ്രമാക്കി ഒരു അന്തർദ്ദേശീയ ഭാഷാ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ടു സ്ഥാപിച്ചു നടത്തിപ്പോരുന്നു. അതിനും പുറമെ കേരളത്തിലെ ടെലഫോൺ സബ്സ്ക്രൈബേഴ്സ് അസോസിയേഷൻ തുടങ്ങിയ വിവിധ സാമൂഹ്യസംഘടനകളുടേയും അദ്ധ്യക്ഷപദവും ഇദ്ദേഹം അലങ്കരിച്ചുപോരുന്നുണ്ടു്. പണ്ഡിതനും വാഗ്മിയുമായ ഇദ്ദേഹം അറിയപ്പെട്ട



തൊമ്മൻ സെബാസ്റ്റ്യൻ (കെ. റ്റി. സെബാസ്റ്റ്യൻ) കൊട്ടാരവും കുടുംബാംഗങ്ങളും.
(ഇ.വ.) ബാബു (സിറിയക്കു്), കെ. റ്റി. സെബാസ്റ്റ്യൻ, തോമസ് (സോജൻ), ജോസഫ് (ജോജി),
മിസ്സസ് കൊച്ചുത്രേസ്യാ സെബാസ്റ്റ്യൻ, & ഏലി (വിൽസി), പുത്രൻ ജോൺ പടത്തിലില്ലാ.
സെബാസ്റ്റ്യൻ ഇപ്പോൾ മദ്രാസ് സംസ്ഥാനത്തു് കോട്ടഗിരിയിൽ പോലീസ് സർക്കിൾ ഇൻസ്പക്ടറാണു്.

See Page I 59



കൊട്ടാരത്തിൽ തൊമ്മൻ ജോസഫ് (കുഞ്ഞവുസേപ്പ്) തന്റെ പുത്രന്മാരും പുത്രികളും ഒരുമിച്ച്. (ഇ.വ.) സക്കറിയാസ് (ബേബി), തോമസ് (ടോമി), എമലി, ജോർജ്ജ് (പാപ്പച്ചൻ), മേരി, ജോസഫ് (ജോയ) & സിറിയക്ക് (കുഞ്ഞ്). കുഞ്ഞവുസേപ്പ് തന്റെ പുത്രന്മാരോടുകൂടി തൃശ്ശൂർപട്ടണത്ത നടുത്ത് കാവറംപിള്ളിയിലേക്ക താമസം മാറ്റിയിരിക്കുന്നു

See Pgae 57

ന്ന ഒരു ഗ്രന്ഥകാരൻക്കൂടിയാണു്. അയ്യോല്യാ സംസ്കൃത സവ്വകലാശാല, ഡോക്ടർ കൊട്ടാരത്തിനു് "സാഹിത്യാലംകാർ" എന്ന ബഹുമതി 1960-ൽ നല്കിയിട്ടുണ്ടു്.

അറക്കളത്തെ കൊട്ടാരം ശാഖ

C

കുയ്യിപ്പു തൊമ്മന്റെ രണ്ടാമത്തെ മകൻ ചെറിയാൻ ചേപ്പുങ്കൽ കുളപ്രത്താഴെയായ ആരമ്പുളിക്കൽനിന്നു് അന്നമ്മയെ വിവാഹം ചെയ്തു് അറക്കളത്തു സ്ഥിരതാമസമാക്കിയിരിക്കയാണു്. മൂന്നാമത്തെ മകൻ ജോസഫ് (കുഞ്ഞവുസേപ്പു്) കിഴക്കേക്കര വക്കീയുടെ മകൾ അന്നക്കുട്ടിയെ വിവാഹം ചെയ്തു് അറക്കളത്തു താമസിച്ചുവരുന്നു. അന്നക്കുട്ടി ഇപ്പോൾ ജീവിച്ചിരിപ്പില്ല. ജോസഫിനു്, ജോജ്ജു് (പാപ്പച്ചൻ), തോമസു് (ടോമി), ജോസഫു്, സിറിയക്കു്, ബേബി, എന്നിങ്ങനെ അഞ്ചു പുത്രന്മാരും, എമലി, മേരി, എന്നു രണ്ടു പുത്രികളുമുണ്ടു്. പാപ്പച്ചൻ മുട്ടുചിറ പാറപ്പുറത്തുനിന്നു സാലിയമ്മയെ വിവാഹം കഴിച്ചു. അവക്കു രണ്ടു പുത്രികളുണ്ടു്. ടോമി കരിങ്കുന്നത്തു് തോട്ടുങ്കൽനിന്നു് അന്നമ്മയെ വിവാഹം ചെയ്തു. ജോസഫിന്റെ മറ്റുള്ള കുട്ടികളെല്ലാം വിദ്യാഭ്യാസം നടത്തിക്കൊണ്ടിരിക്കയാണു്.

പാലായിലെ കൊട്ടാരം തറവാട്: (A തുടർച്ച)

റവ. ഫാദർ തോമസ്. എസ്. ജെ. കുര്യ്പുതൊമ്മന്റെ 4-ാമത്തെ മകൻ തോമസ്(കുഞ്ഞിത്തൊമ്മൻ)കോളെജു വിദ്യാഭ്യാസാനന്തരം ഈശോസഭയിൽ ചേന്നു് ബൽജിയത്തിലെ ലുവയിൻ സർവകലാശാലയിൽ വൈദികപഠനം പൂത്തിയാക്കി അവിടെ വച്ചു ഉന്നതപട്ടം സ്വീകരിച്ച ശേഷം ഇൻഡ്യയിൽ മടങ്ങിയെത്തി ബൽഗാം പ്രോവിൻസിൽ മിഷ്യൻ പ്രവത്തനം നടത്തിവരുകയാണു്.

കുര്യ്പുതെമ്മന്റെ അഞ്ചാമത്തെ പുത്രൻ മാത്യു (കെ. റ്റി. മാത്യു ബി. എസ്സ്സി.) ഉള്ളനാട്ട് കുടികണ്ടത്തിലായ മുളകുന്നത്തുനിന്നു് അന്നമ്മയെ (അച്ചാമ്മ) വിവാഹം ചെയ്തു തറവാട്ടിൽ താമസിക്കുന്നു. മാത്യു ഇപ്പോൾ കിഴതടിയൂർ സഹകരണബാങ്കിന്റെ സെക്രട്ടറിയാണു്.

മീനച്ചിൽ റബ്ബർ ഗ്രോവേർസ് മാർക്കറ്റിംഗ് സൊസൈറ്റിയുടെ ആവിർഭാവത്തിനും അഭ്യുന്നതിക്കുംവേണ്ടി മുൻനിന്നു സജീവമായി പ്രവത്തിച്ച ഒരാളാണു മാത്യു. പാലാ മുനിസിപ്പൽ കൗൺസിലറായും മാത്യു പ്രശസ്ത സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. മാത്യുവിനു്, തോമസ് (ടോമി), എമലി, വിമലമ്മ, ലില്ലി, സിസിലി, മൈക്കിൾ, ടെസ്സിയമ്മ, എന്നരണ്ടു പുത്രന്മാരും അഞ്ചു പുത്രികളുമുണ്ടു്. തോമസ്, ബി. എസ്സി. ബാങ്കുളർ സെൻറു് പീറ്റേഴ്സ്

സെമിനാരിയിൽ വൈദികവിദ്യാഭ്യാസം നടത്തിക്കൊണ്ടിരിക്കുകയാണു്. എമലി അമേരിക്കൻ മെഡിക്കൽ മിഷൻ സന്യാസിനിസമൂഹത്തിൽ അംഗമായി ചേന്ന ശേഷം വെല്ലൂർ മെഡിക്കൽ മിഷൻ കോളെജിൽ മെഡിസിൻ ഡിഗ്രി കോർസിൽ പഠിച്ചുകൊണ്ടിരിക്കുന്നു. മറ്റുള്ള കുട്ടികളെല്ലാം കോളെജിലും സ്കൂളിലുമായി പഠിച്ചുകൊണ്ടിരിക്കയാണു്.

കുയ്യിപ്പു തൊമ്മന്റെ ഏറ്റവും ഇളയമകനായ സെബാസ്റ്റ്യൻ ബി. എസ്സി. (ദേവസുച്ചൻ) വരാപ്പുഴ തളിയത്തു ലോനയുടെ പുത്രി കൊച്ചുത്രേസ്യായെ വിവാഹം ചെയ്തു. സെബാസ്റ്റ്യനു് സേവ്യർ (തോമസ്), ജോണി, ബാബു, (സിറിയക്കു്) ജോസഫ് എന്ന നാലു പുത്രന്മാരും, ഏലിയാമ്മ (വിൽസി) എന്ന ഒരു പുത്രിയുമുണ്ടു്. കുട്ടികളെല്ലാം വിദ്യാഭ്യാസം കഴിച്ചുകൊണ്ടിരിക്കയാണു്. സെബാസ്റ്റ്യൻ മദ്രാസ് സ്റ്റെയിറ്റിലെ പോലീസ് വകുപ്പിലെ ഒരു സബ് ഇൻസ്പെക്ടരായി ജോലി നിർവ്വഹിക്കുകയാണിപ്പോൾ. സെബാസ്റ്റ്യന്റെ ഇപ്പോത്തെ ലാവണം കുന്നൂരാണു് (നീലഗിരി).

കൊട്ടാരം തറവാട്ടിലെ കുയ്യിപ്പു തൊമ്മന്റെ കുടുംബക്കാരുടേതായി മുണ്ടാങ്കൽപള്ളി സെമിറ്ററിയിൽ പ്രത്യേകം പണികഴിപ്പിച്ചിട്ടുള്ള കല്ലറയിൽ കുയ്യിപ്പു തൊമ്മന്റെയും, തൊമ്മന്റെ ഭാര്യ ഏലിയുടെയും (ഏലിസബത്തു്) ഭൗതികാവശിഷ്ടങ്ങൾ നിക്ഷേപിച്ചിരിക്കുന്നു. അവിടെ ഒരു മാർബിളും സ്ലാബും സ്ഥാപിച്ചിട്ടുണ്ടു്

അദ്ധ്യായം ഏഴ്

ചക്കൻകുളം കുടുംബം.

പുത്തൻ പുരയ്ക്കൽ മത്തായിത്തരകന്റെ പ്രഥമപുത്രൻ, തൊമ്മന്റെ ആറു് ആൺമക്കളിൽ മൂന്നാമനായ തൊമ്മൻ, ആലപ്പുഴ കടവിൽനിന്നു വിവാഹം ചെയ്തു ചക്കൻകുളത്തേക്കു മാറിത്താമസിച്ചു. ഇദ്ദേഹത്തിനു മൂന്നുപുത്രന്മാരും ഒരു പുത്രിയും ജാതരായി. പുത്രിയെ മുട്ടുചിറ കോക്കിവൈദ്യന്റെ വീട്ടിൽ വിവാഹം ചെയ്തയച്ചു. പുത്രന്മാർ A) തൊമ്മൻ (തലച്ചിറശാഖ) B) മാത്യു (ചക്കൻകുളംശാഖ) C) കുരുൻ (വൈദികൻ) എന്നിവരാണു്. ചക്കൻകുളത്തേക്കു മാറിത്താമസിച്ച തൊമ്മൻ വിദ്വാനായ ഒരു നായാട്ടുകാരനും നല്ല കൃഷിക്കാരനുമായിരുന്നു. 30000 പറ മുതുകോൽ ചേരിക്കൽ ഇദ്ദേഹത്തിനു സ്വന്തമായുണ്ടായിരുന്നു.

ഒരിക്കൽ തന്റെ മൂത്തസഹോദരൻ മത്തായിയുമൊരുമിച്ചു മുതുകോൽ (പയപ്പാർ) ചേരിക്കൽ നായാട്ടിനുപോയി. പാടത്തിനു് അക്കരെയും ഇക്കരെയും രണ്ടു മരങ്ങളിൽ പതുങ്ങിയിരിക്കവെ, സഹോദരൻ മാത്തു ഇരുന്ന മരത്തിൽ അദ്ദേഹത്തിന്റെ തലയ്ക്കുനേരെ മുകളിലായി ഒരു ഉഗ്രൻ പാമ്പിറങ്ങി വരുന്നതാണു തൊമ്മൻ കണ്ടതു്. ഒട്ടും മടിച്ചില്ല, അദ്ദേഹം തന്റെ തോക്കുപയോഗിച്ചു പാമ്പിനെ വെടിവച്ചുതാഴെയിട്ടു. നായാട്ടിൽ അദ്ദേഹത്തിനുണ്ടായിരുന്ന സാമർത്ഥ്യം ഈ സംഭവം തെളിയിച്ചു കാണിക്കുന്നുണ്ടു്.

A) തലച്ചിറ ശാഖ. ചക്കൻകുളത്തു തൊമ്മന്റെ പ്രഥമപുത്രൻ തൊമ്മൻ ആരക്കുഴ, പിട്ടാപ്പിള്ളിൽനിന്നു വിവാഹം ചെയ്തു തലച്ചിറയിലേക്കു മാറിത്താമസിച്ചു. ഇദ്ദേഹത്തിനു മൂന്നുപുത്രന്മാരും ഒരു പുത്രിയുമാണുണ്ടായിരുന്നതു്. പുത്രിയെ അരുവിത്തുറ വലിയ വീട്ടിൽ വിവാഹം ചെയ്യിച്ചയച്ചു. പുത്രന്മാർ (a) വക്കി (b) തൊമ്മൻ, (c) മാണി എന്നിവർ യഥാക്രമം ചീരാംകുഴി, കെട്ടമ്പൻപുരയിടം, തലച്ചിറ എന്നീ കുടുംബങ്ങളുടെ കാരണവന്മാരാണു്.

A) (a) ചീരാംകുഴി ശാഖ. തലച്ചിറ തൊമ്മന്റെ മകൻ വക്കി ഭരണങ്ങാനത്തു് ആലംപുള്ളിക്കൽനിന്നു വിവാഹം ചെയ്തു. ചീരാംകുഴിയിൽ താമസമാക്കി. വക്കിക്കു് തൊമ്മൻ, മാണി ഇങ്ങനെ രണ്ടു പുത്രന്മാരും ഏഴു പുത്രിമാരും ഉണ്ടായിരുന്നു. പുത്രിമാരെ ഞാവള്ളിൽ പടവിൽ, ഞാവള്ളി പുത്തൻപുര, ഞാണമണ്ണാറാകത്തു്, വരിക്കമാക്കൽ, ആനിക്കാട്ടു തച്ചുപറമ്പിൽ, മേവിട നെടുമ്പുറത്തു് എന്നീ വീടുകളിൽ വിവാഹം ചെയ്തയച്ചു.

തൊമ്മൻ ഇടമറ്റം തുങ്കുഴിയിൽനിന്നും വിവാഹം ചെയ്തു ചീരാങ്കുഴി തറവാട്ടിലും മാണി പാലാ മംഗലത്തിൽനിന്നു വിവാഹം ചെയ്തു കിഴക്കെ ചീരാങ്കുഴിയിലും താമസമാക്കി.

തൊമ്മനു് വക്കി, കുര, തൊമ്മൻ, മത്ത, മാണി, കുരുൻ, ഔസേപ്പു് എന്നിങ്ങനെ ഏഴു പുത്രന്മാരും നാലുപുത്രിമാരും ഉണ്ടായിരുന്നു. പുത്രിമാരെ മീ

നച്ചിൽ പൂവത്താനിക്കലും, കിഴക്കേക്കര പുത്തൻപുര യ്ക്കലും, പൈകടയും, തമ്പലയ്ക്കാട്ടുവെട്ടത്തും വിവാഹം ചെയ്തു കൊടുത്തു. 94-ാമത്തെ വയസിൽ തൊമ്മൻ ചരമം പ്രാപിച്ചു. വെട്ടുകാട്ടിൽ ബ. ഈപ്പച്ചൻ സ്ഥാപിച്ച കവീക്കുന്നു പള്ളിക്കുവേണ്ടി ഇദ്ദേഹം ചെയ്തസേവനങ്ങളെ പരിഗണിച്ചു് പള്ളിക്കുള്ള കഴിക്കാണം ക്രൂടാതെ അടക്കുവാൻ പള്ളിയോഗത്തിൽ തീരുമാനം ചെയ്തയും പ്രസ്തുത യോഗനിശ്ചയം അന്നത്തെ ചങ്ങനാശ്ശേരി മെത്രാനായിരുന്ന കാളാശ്ശേരിൽപിതാവു് അംഗീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇദ്ദേഹം ആ തീരുമാനം സപ്രമനസ്സാ ഉപേക്ഷിക്കയാണുണ്ടായതു്.

കിഴക്കേചീരാംകുഴിയിൻ താമസമാക്കിയ മാണിക്കു് ഔസേപ്പു്, വർഗീസ്, തൊമ്മൻ, മാണി, മത്ത, ദേവസ്യാ എന്നിങ്ങനെ ആറുപുത്രന്മാരും മൂന്നു പുത്രിമാരുമുണ്ടായിരുന്നു. മൂത്തപുത്രിയെ പ്രവിത്താനത്തു പ്ലാത്തോട്ടത്തിലും, രണ്ടാമത്തെ പുത്രിയെ പ്രവിത്താനത്തു് അറയ്ക്കലും, ഇളയപുത്രിയെ ഇടപ്പാടി പുരയിടത്തിലും വിവാഹം ചെയ്തുകൊടുത്തു. മൂത്തപുത്രി വിവാഹാനന്തരം അധികം താമസിയാതെ മരണം പ്രാപിച്ചു.

ചീരാംകുഴി കുടുംബം – ഇപ്പോഴത്തെനില: ചീരാംകുഴിയിൽ തൊമ്മനു് 7 പുത്രന്മാർ ഉണ്ടായിരുന്നതിൽ 5 പേരും പ്രായപൂർത്തിയായതിനുശേഷം ഇളങ്ങുളത്തു തറമസം ആരംഭിച്ചു.

1) തൊമ്മന്റെ മൂത്തപുത്രൻ വക്കി പാലായിൽ വടക്കേയിൽനിന്നു വിവാഹം ചെയ്തു. ഇദ്ദേഹത്തിനു

മൂന്നു പുത്രന്മാരും ഒരു പുത്രിയും ഉണ്ടായിരുന്നതിൽ, സീമന്തപുത്രനായ തോമസും പുത്രി അന്നായും പരലോകപ്രാപ്തരായി. അന്നയെ വിവാഹം ചെയ്തിരുന്നതു മീനച്ചൽ കണിയാരശേരിയിലാണു്. വക്കീയുടെ രണ്ടാമത്തെ പുത്രനായ വക്കീ സ്വസഹോദരനായ ജോസഫുമൊത്തു് ഇളങ്ങളത്തു പിതൃഭവനത്തിൽ താമസിക്കുന്നു.

വക്കീ തമ്പലയ്ക്കാട്ടു മടുക്കക്കുഴിയിൽനിന്നു വിവാഹം കഴിച്ചു. ഈ ദമ്പതിമാക്കു് വക്കീ, ജോസഫ്, തോമസ്, മാത്യു എന്നിവരുൾപ്പടെ അഞ്ചു പുത്രന്മാരും, അന്ന, മേരി, ഏലി, ത്രെസ്യാ എന്നിങ്ങനെ നാലു പുത്രിമാരും ഉണ്ടു്. ജോസഫ് ബി. എ. ബീ. റ്റീ., അദ്ധ്യാപകവൃത്തിയിലും തോമസ് ബി. എ. ബി. എൽ., അഭിഭാഷകവൃത്തിയിലും പ്രവേശിച്ചു. മകൻ മാത്യു കമ്മ്യൂണിത്താസഭയിൽ ചേർന്നു പഠനം നിർവ്വഹിക്കുകയാണു്. പുത്രിമാരിൽ മേരി, ക്ലാരമഠത്തിലും, ത്രെസ്യാ മെഡിക്കൽമിഷൻ സന്യാസിനീ സമൂഹത്തിലും ചേർന്നു. വക്കീ സ്ഥലത്തെ പൊതുപ്രവർത്തനങ്ങളിൽ താത്പര്യപൂർവ്വം പങ്കെടുക്കുകയും പഞ്ചായത്തു മെമ്പർ എന്ന നിലയിൽ സേവനം അനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ടു്.

2) ചീരാംകുഴിയിൽ വക്കീ തൊമ്മന്റെ രണ്ടാമത്തെ പുത്രൻ കുറു ചിറക്കടവിൽ വെട്ടിക്കാട്ടുനിന്നു വിവാഹം കഴിച്ചു. ആറു പുത്രന്മാരും ഒരു പുത്രിയുമാണു് ഇവർക്കുള്ളതു്. ആൺമക്കളിൽ അപ്രേം, തോമസ്, ഉമ്മിനി, വക്കീ, ജോസഫ്, കുരുവിള, ഇവർ വിവാ

ഹിതരായി കാഷ്ികപ്രവത്തനങ്ങളിൽ വ്യാപൃതരായി രിക്കയാണു്. തോമസ്, ഉമ്മിനി, കുരുവിള ഇവർ എരുമേലിൽ താമസമാക്കിയിട്ടു് ഇരുപതു വഷ്ം കഴി ഞ്ഞു. കുരുവിന്റെ മകൻ തോമസ് ജനസമ്മതനും പൊതുക്കാര്യപ്രസക്തനുമാണു്. കേരളത്തിൽ ആദ്യ മായി നടത്തിയ പഞ്ചായത്തു തെരഞ്ഞെടുപ്പിൽ എരു മേലിൽനിന്നു മത്സരിക്കയും വിജയിക്കുകയും ചെയ്തു. മകൾ മേരി ബി. എസ്സി. ബി. റ്റി. അധ്യാപിക യാണു്. മേരിയെ പറയരുതോട്ടത്തിൽ ചെറിയാൻ ബി. എ., ബി. റ്റി. വിവാഹം ചെയ്തു.

3) മൂന്നാമത്തെ മകൻ തൊമ്മൻ പ്രവിത്താനത്തു ക്രൂട്ട ങ്കൽനിന്നു വിവാഹം കഴിച്ചു. ഇവക്കു് തോമസ്, വക്കി, ജോസഫ്, കുരുവിള, ദേവസ്യാ, മാണി, കുര്യൻ എന്നീ പുത്രന്മാരും, 4 പുത്രിമാരും ഉണ്ടായിരുന്നു. കൃ ഷി സൗകര്യം പരിഗണിച്ചു് ഇവർ മലബാറിൽ സ്ഥ ലമെടുത്തു് അവിടെ താമസമുറപ്പിച്ചു.

4) നാലാമത്തെ മകൻ മത്ത മുത്തോലിൽ നാഗനോ ലിൽ വക്കി പോത്തന്റെ മകളെ വിവാഹം കഴിച്ചു ഭത്തുപോയി. ആദ്യഭാര്യ ചരമം പ്രാപിച്ചതിനാൽ പ്ലാക്കാട്ടു് ഏലി എന്ന വനിതയെ വിവാഹം കഴിച്ചു. ആദ്യവിവാഹത്തിൽ ഒരു പുത്രനും, രണ്ടു പുത്രിമാരും ജനിച്ചു. രണ്ടാമത്തെ വിവാഹത്തിൽ ഏഴു പുത്രന്മാ രും മൂന്നു പുത്രിമാരും ഉണ്ടു്. പുത്രിമാരിൽ രണ്ടു പേർ കന്മ്മലീത്താമഠത്തിൽ ചേന്നു. പുത്രന്മാരിൽ മൂന്നു പേർ വിളവംകോടു താലൂക്കിൽ നെട്ടേൽ എന്ന സ്ഥ



ഔസേപ്പ മറിയം കൊട്ടാരം (അരീക്കൽ)
ജനനം: 15 — 9 — 1874
മരണം: 10 — 10 — 1956

See Page 52



ക്കുട്ടാരത്തിൽ (അരീക്കൽ) ഔസേപ്പ് കൊച്ചുകുര്യയിപ്പും, മിസ്സിസ്
ന കൊച്ചുകുര്യയിപ്പും, അവരുടെ പുത്രന്മാരായ (ഇ. വ) സെബാസ്റ്റ്യൻ,
മാത്യു, ജോസഫ് & സിറിയക്ക് (കുര്യാക്കുട്ടി) എന്നിവരോടുകൂടി.

See Page 52 — 53

ലത്തു കൃഷിപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നു. മത്തായുടെ മൂത്തപുത്രൻ പാപ്പച്ചൻ മണ്ണത്തുനിന്നും വിവാഹം കഴിച്ചു അറവാട്ടിൽ താമസിക്കയാണു്. ആ പുത്രന്മാരും രണ്ടു പുത്രിമാരും ഉണ്ടു്. ഒരു പുത്രി കമ്മേലിത്താമഠത്തിൽ പ്രവേശിച്ചു. പുത്രന്മാരിൽ മൂന്നു പേർ വിളവംകോട്ടേക്കു താമസം മാറി കാഷ്ടികവൃത്തിയിൽ കഴിയുന്നു.

5) അഞ്ചാമത്തെ മകൻ മാണി കിഴക്കേക്കര മൂന്നുമാക്കൽനിന്നു വിവാഹം കഴിച്ചു. മൂന്നു പുത്രിമാരും ഒരു പുത്രനും ഉണ്ടായിരുന്നതിൽ മൂത്ത പുത്രിയെ ഇടപ്പാടി പൈകടെ വിവാഹം കഴിപ്പിച്ചയച്ചു. വിവാഹാനന്തരം അധികം താമസിയാതെ ഈ പുത്രി നിര്യാതയായി. രണ്ടാമത്തെ പുത്രിയെ ഇളംതോട്ടത്തിൽ കിഴക്കേക്കരയും, ഇളയപുത്രിയെ കിഴതടിയൂർ പഴയാരം വിവാഹം ചെയ്യിച്ചയച്ചു. മാണിയുടെ പുത്രൻ ജോസഫും യഥാസമയം വിവാഹജീവിതത്തിൽ പ്രവേശിച്ചു.

6) ആറാമത്തെ മകൻ കുഞ്ഞൻ അളനാട്ടിൽ ചൂരനോലിക്കൽനിന്നു വിവാഹം കഴിച്ചു. തോമസ്, ജോൺ എന്നിങ്ങനെ രണ്ടു പുത്രന്മാരും അന്ന, മേരി, ഏലിയാമ്മ എന്നിങ്ങനെ മൂന്നു പുത്രിമാരും ഉണ്ടായിരുന്നതിൽ ഇടപ്പാടി കൊച്ചുപ്പാക്കൽനിന്നും വിവാഹം കഴിപ്പിച്ച മേരി 1963—ൽ നിര്യാതയായി. മൂത്ത മകനും അന്നയെ കുരിശുന്നത്തു തോട്ടുങ്കൽ വിവാഹം ചെയ്തു. പുത്രന്മാരായ തോമസ്, ജോൺ, പുത്രി ഏലിയാമ്മ ഇവർ അദ്ധ്യാപകവൃത്തിയിലാണു്. കവീക്കുന്നു പള്ളി

വകയായി നടത്തിവരുന്ന സെൻറ് അപ്രേം യു. പി. സ്കൂളിന്റെ പ്രഥമപ്രേവത്തകർ എന്ന നിലയിലും മാനേജർ എന്ന നിലയിലും ചീരാങ്കഴിയിൽ വക്കി മാണിയും, ചീരാങ്കഴിയിൽ തൊമ്മൻ കുര്യനും ഗണ്യമായ സേവനങ്ങൾ ചെയ്തിട്ടുണ്ട്. കുര്യൻ 1955-ൽ മരണം പ്രാപിച്ചു. ഏഴാമത്തെ പുത്രനായ ഔസേപ്പ് കിഴക്കേക്കര നെച്ചിമലയിൽ നിന്നു വിവാഹം കഴിച്ചു. ആദ്യവിവാഹത്തിൽ മേരി, അന്നമ്മ, ജോസഫ്, തോമസ് എന്നീ സന്താനങ്ങൾ ഉണ്ടായി. ആദ്യഭാര്യ മരിച്ചുപോയതിനാൽ പുനർവിവാഹം കഴിച്ചു. ഇപ്പോൾ മലബാറിൽ പോത്തൻപാറ എന്ന സ്ഥലത്തു സകുടുംബം താമസിക്കുന്നു.

b) കിഴക്കെചീരാങ്കഴി – (ചീരാംകഴി താഴെ) കിഴക്കെചീരാംകഴിയിൽ വക്കി മാണിയുടെ പുത്രന്മാർ പ്രായപൂർത്തിയായ ശേഷം വിവാഹം കഴിക്കുകയും ഇടമറുകിൽ താമസത്തിനായി പോകുകയും ചെയ്തു.

മാണിയുടെ മൂത്തമകൻ ഔസേപ്പ് കിഴതടിയൂർ പനയ്ക്കൽനിന്നും വിവാഹം കഴിച്ചു. മൂന്നു പുത്രന്മാരും, ഏഴു പുത്രിമാരുമാണുള്ളത്. മൂത്തമകൾ മേരി കന്യകാലയത്തിൽ പ്രവേശിക്കുകയും മറ്റു മക്കൾ വിവാഹജീവിതത്തിൽ പ്രവേശിക്കുകയും ചെയ്തു. ഔസേപ്പിന്റെ ഭാര്യ മറിയം നിര്യാതയായിട്ട് ഏതാനും മാസങ്ങൾ കഴിഞ്ഞു. രണ്ടാമത്തെ മകൻ വർഗീസ് ആദ്യഭാര്യ മരിച്ചതിനാൽ തോണിക്കുഴിയിൽനിന്നു വിവാ

ഹം കഴിച്ചതിൽ അഞ്ചു പുത്രന്മാരും അഞ്ചു പുത്രിമാരും ഉണ്ട്. ഇവർ ഇടമറുകിൽനിന്നു മലബാറിൽ പൈസക്കര എന്ന സ്ഥലത്തു കൃഷികവൃത്തിയിൽ കഴിയുന്നു.

മൂന്നാമത്തെ മകൻ തൊമ്മൻ കരുർ കാടങ്കാവിൽനിന്നു വിവാഹം കഴിച്ചു. ഇടമറുകിൽ താമസിച്ചുവരവെ ആദ്യഭാര്യ നിര്യാതയായി. അതിനാൽ പുനർ വിവാഹം കഴിക്കുകയും മേലുകാവിലേക്കു താമസം മാറുകയും ചെയ്തു.

നാലാമത്തെ മകൻ മാണി ഇളംതോട്ടത്തിൽ കീഴക്കേക്കര കൊച്ചുമറ്റത്തിൽനിന്നു വിവാഹം കഴിച്ചു. നാലു പുത്രന്മാരും ആറു പുത്രിമാരും ഉള്ളതിൽ രണ്ടു പേർ കന്യകാലയത്തിൽ പ്രവേശിച്ചു.

അഞ്ചാമത്തെ മകൻ മത്ത അന്ത്യാളത്തു പാമ്പയ്ക്കൽനിന്നു വിവാഹം കഴിച്ചു. മൂന്നു പുത്രന്മാരും ആറു പുത്രിമാരും ഉണ്ട്. പുത്രി തെയ്യാമ്മ ആലുവായിലുള്ള ഫ്രാൻസിസ്കൻസഭയിൽ ചേർന്നു. മൂത്ത പുത്രൻ മാനുവലും രണ്ടു പുത്രിമാരും വിവാഹജീവിതത്തിൽ പ്രവേശിച്ചു.

കേരളത്തിൽ നടന്ന ഐതിഹാസികമായ വിമോചനസമരത്തിൽ കവീക്കുന്നിൽനിന്നു അറസ്റ്റ് വരിക്കാൻ ആദ്യമായി മുമ്പോട്ടുവന്നതു [illegible] മാത്യുവായിരുന്നു. ഇളയപുത്രൻ ദേവസ്യാ [illegible] പ്ലാത്തോട്ടത്തിൽനിന്നു വിവാഹം കഴിച്ചു മൂന്നു പുത്രന്മാരും ഏഴു പുത്രിമാരുമാണു ദാമ്പത്യഫലങ്ങൾ. ഇവർ

ഇടമറുകിൽനിന്ന ഉപ്പുംതറ എന്ന സ്ഥലത്തേക്ക താമസം മാററി.

B) കെട്ടമ്പൻപുരയിടം ശാഖ

തലച്ചിറയിലേക്ക മാറിത്താമസിച്ച തൊമ്മന്റെ രണ്ടാമത്തെ പുത്രൻ തൊമ്മൻ കുടമാളൂർ ഇലഞ്ഞിയിൽനിന്ന വിവാഹം ചെയ്ത തെക്കേകെട്ടമ്പൻപുരയിടത്തിൽ താമസിച്ചു. ഇദ്ദേഹത്തിന മൂന്ന പുത്രന്മാരണ്ടായിരുന്നതു്.

പ്രഥമപുത്രൻ തൊമ്മൻ ഭരണങ്ങാനത്തു മീനാട്ടൂർ നിന്ന വിവാഹം ചെയ്ത തൊഴുത്തുങ്കവയലിൽ (കാരിപ്പടവിൽ) താമസിച്ചു. ഇദ്ദേഹത്തിന്റെ രണ്ടു പുത്രന്മാരിൽ ആദ്യപുത്രൻ ഔസേപ്പ് മേവട പ്ലാക്കാട്ട (നാഗനോലിൽ) നിന്നും വിവാഹം ചെയ്ത തൊഴുത്തുങ്കവയലിൽ തന്നെ താമസിച്ചു. ഈ വിവാഹത്തിൽ രണ്ടു പുത്രന്മാരും ഒരു പുത്രിയുമുണ്ടായി. ഭാര്യയുടെ മരണശേഷം ഇദ്ദേഹം ചങ്ങനാശ്ശേരി തച്ചുകരിയിൽനിന്നും പുനർവിവാഹം ചെയ്തതിൽ രണ്ടു പുത്രനും ഒരു പുത്രിയുംകൂടിയുണ്ടായി. ആദ്യഭാര്യയിലെ പുത്രിയെ പനയ്ക്കലും രണ്ടാമത്തെ പുത്രി ഏലിക്കുട്ടിയെ നെടുങ്കുന്നത്തും വിവാഹം ചെയ്യിച്ചയച്ചു. ആദ്യത്തെ പുത്രൻ തൊമ്മൻ (റവ. ഫാദർ തോമസ് തലച്ചിറ) വൈദികപഠനം പൂർത്തിയാക്കി പുത്തൻകുർബാന കഴിഞ്ഞു വീട്ടിലേക്ക മടങ്ങുന്നവഴി ഏറ്റവുമാദ്യമിടത്ത പട്ടിത്താന

ത്തുവച്ചു ബസ്സുപകടത്തിൽ അകാലമരണം പ്രാപിച്ചു. രണ്ടാമത്തെപുത്രൻ ഈപ്പൻ വരിയ്ക്കമാക്കൽനിന്നു കുറിയെ വിവാഹം ചെയ്തു തൃശ്ശൂരിനടുത്തു മുടിയൂർക്കര താമസിച്ചു വരുന്നു.

ഇവർക്കു ജോസഫ്, തോമസ്, മാത്യു, ജോർജ്ജ്, കുര്യൻ, ജെയിംസ്, സെബാസ്റ്റ്യൻ എന്നു ഏഴു ആൺമക്കളും ബ്രിജിറ്റു, മേരി, റോസ്, കൊച്ചുത്രേസ്യാ എന്നു നാലു പെൺമക്കളുമുണ്ടു്. ഇവരിൽ തോമസ് വൈദികനായി ചേന്ദമംഗലത്തിനടുത്ത പുത്തുവേലിക്കര ഇൻഫൻറ് ജീസസ് പള്ളിൽ വികാരിയാണു് (റവ. ഫാദർ തോമസ് തലച്ചിറ). ബ്രിജിറ്റു സിസ്റ്റർ അലസ്സാൻഡ്രാ എന്നു പേരിൽ തലൂർ ഹോളിഫാമിലി കോൺവന്റിലാണു്. മാത്യു മുതുപ്ലാക്കൽ ചിന്നമ്മയെ വിവാഹം ചെയ്തതിൽ ജോസഫ്, തോമസ്, കുറിനാ എന്നീ മൂന്നു കുട്ടികളുണ്ടു്. ജോർജ്ജ് സുവോളജിയിൽ എം. എസ്സി. ബിരുദം സമ്പാദിച്ചയാളാണു്. കുര്യൻ സഹോദരനായ ജോസഫുമൊത്തു കൃഷികാര്യങ്ങളിൽ ഏർപ്പെട്ടുകഴിയുന്നു. മേരിയെ ഇടപ്പാടി കളരിക്കൽ സെബാസ്റ്റ്യനും, റോസിനെ പുളിയമ്മാക്കൽ കുര്യാച്ചനും വിവാഹം കഴിച്ചു. ജയിംസ്, സെബാസ്റ്റ്യൻ, കൊച്ചുത്രേസ്യാ എന്നിവർ വിദ്യാർത്ഥികളാണു്.

നാലാമത്തെ പുത്രൻ ചെറിയാൻകുഞ്ഞു് അവിവാഹിതനാണു്. ഇദ്ദേഹം (കിഴതടിയൂർ കാനാട്ടുപാര) സഹോദരൻ പാപ്പച്ചനൊത്തു വ്യാപാരം നടത്തിപ്പോരുന്നു.

തൊഴുത്തുങ്കവയലിൽ തൊമ്മന്റെ രണ്ടാമത്തെ പുത്രൻ വക്കീ കിഴതടിയൂർ മനയാനിക്കൽനിന്നു വിവാഹം ചെയ്തു മൂഴിക്കാട്ട (കപ്പാട്ട്) താമസിച്ചുവരുന്നു. ഇദ്ദേഹത്തിനു തോമസ്, മാത്യു, ജോസഫ്, ആൻറണി എന്ന നാലു പുത്രന്മാരും, മേരി, അന്ന, ഏലി, എന്ന മൂന്നു പുത്രിമാരുമുണ്ട്. മേരിയെ കൊട്ടാരത്തിലും അന്നയെ തെള്ളിയിലും, ഏലിയെ മഴവൻചേരിയിലും വിവാഹം ചെയ്തുകൊടുത്തു. തോമസ് മുത്തോലി നാഗനോലിൽകുന്നുംപുറത്തുനിന്നു മറിയയെ വിവാഹം ചെയ്തു. ഇവർ മലബാറിൽ താമസിച്ചുവരുന്നു. ഇവർക്ക് ജോജ്ജ്, ജെയിംസ്, ജോസഫ്, തോമസ്, മാത്യു, ആൻറണി, ജോൺ, സിറിയക്ക്, എന്നിങ്ങനെ എട്ടു പുത്രന്മാരും, ഏലിക്കുട്ടി, മേരിക്കുട്ടി, ആനിയമ്മ, സോഫിയാമ്മ എന്നിങ്ങനെ നാലു പുത്രിമാരുമുണ്ട്. ഏലിക്കുട്ടിയെ വൈയ്ക്കത്തു് മാണിക്കകത്തു് ജേക്കബ് ജോസഫ് വിവാഹം ചെയ്തു. മേരിക്കുട്ടിയെ വെച്ചൂച്ചിറ പുതുപ്പറമ്പിൽ ജോസ് വിവാഹം ചെയ്തു. ആനിയമ്മ ബി. എസ്സ്സി. യെ പുതിയാപറമ്പിൽ ജോസ് വിവാഹം ചെയ്തു.

മൂത്തപുത്രൻ ഡാക്ടർ റവി. റവി. ജോജ്ജ് ബി. എസ്സ്സി. എം. ഡി. ഇറവലിയിൽ ജോലിനോക്കുന്നു. ഇദ്ദേഹത്തിനു രൂബി, സ്റ്റെല്ലമ്മ, ശ്രീദേവി എന്നീ മൂന്നു കുട്ടികളുണ്ട്. ഇദ്ദേഹത്തിന്റെ പത്നി ഇരുപ്പക്കാട്ട് ശ്രീമതി മേരിയാണു്. റവി. റവി. ജെയിംസ് കാഞ്ഞിരമറ്റം മുങ്ങാമാക്കൽ ഏലിക്കുട്ടിയെ വിവാഹം ചെയ്തു.

ഇവക്കു് ബെൻസി, റെറസി, തോമസു് എന്നിവരുംപ്പെടെ നാലു കുട്ടികളുണ്ടു്. റവ. റവ. ജോസഫു് എമ്മേലി ഞള്ളിമാക്കൽ മേരിക്കുട്ടിയെ വിവാഹം കഴിച്ചതിൽ തോമസു്, മേരി, ജേക്കബു് എന്നിവരുംപ്പെടെ അഞ്ചു കുട്ടികളുണ്ടു്. റവ. റവ. തോമസു് മുത്തോലി കോയിപ്പുറത്തു മേരിക്കുട്ടിയെ വിവാഹം കഴിച്ചു. ഇവക്കു് തോമസു്, മേരി, ജോജ്ജു് എന്നിവരുംപ്പെടെ അഞ്ചു കുട്ടികളുണ്ടു്. മാത്യു ശ്രീമതി ഡോളി എം. എസ്സിയെ വിവാഹംചെയ്തു ലണ്ടനിൽ ജോലിചെയ്യുന്നു. റവ. റവ. ആൻറണി ചെറുപുഴ കാണ്ടാവനത്തിൽ ത്രേസ്യായെ വിവാഹം ചെയ്തു. റവ. റവ. ജോൺ മെഡിക്കൽ കോളെജിൽ വിദ്യാർത്ഥിയാണു്. റവ. റവ. സിറിയക്കു് കോളെജിൽ പ്രീ ഡിഗ്രിക്കു പഠിയ്ക്കുന്നു.

തൊഴുത്തുങ്കൽ വയലിൽ തൊമ്മൻ വക്കിയുടെ രണ്ടാമത്തെ പുത്രൻ മാത്യു പുതുമനനിന്നു വിവാഹം ചെയ്തു് ആലുവായിൽ താമസിക്കുന്നു. ഇവക്കു് ജോജ്ജു്, ജോൺ, മാത്യു, ആൻറണി എന്നിങ്ങനെ നാലു പുത്രന്മാരും, ആലീസു്, ഗ്രേസി, മേരി, ഇത്താമ്മ, സിസിലി, പുഷ്പമ്മ എന്ന ആറു പുത്രിമാരുമുണ്ടു്. ആലീസിനെ പുത്തൻവേലിക്കര മാളിയേയ്ക്കൽ ദേവസിക്കുട്ടിയും, മേരിയെ വാഴപ്പള്ളി കുട്ടപ്പനും വിവാഹം ചെയ്തു. ഗ്രേസി കന്യാസ്ത്രീയായി സത്യദീപം പ്രസ്സിൽ ജോലിയാണു്. മൂത്ത പുത്രൻ ജോജ്ജു് കൃഷികാര്യങ്ങളിൽ ഏർപ്പെട്ടുവരുന്നു. മറ്റു മക്കളും വിദ്യാർത്ഥികളാണു്

തൊഴുത്തുങ്കൽ വക്കീലിൽ തൊമ്മൻ വക്കീയുടെ മൂന്നാമത്തെ പുത്രൻ ജോസഫ് ഞാവള്ളിൽ ചൂരനാട്ട മേരിയെ വിവാഹം ചെയ്ത് എരുമേലിക്കടുത്തു വെച്ചു ച്ചിറ താമസിക്കുന്നു. ഇവക്ക് മൂന്നു പെൺകുട്ടികളും രണ്ടാൺമക്കളുമുണ്ട്. മൂത്തമകൾ സെലിനെ ഞാവള്ളി ചോനക്കാലായിൽ ചാണ്ടിക്കുഞ്ഞ് വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ ഏത്സിയെ അരുവിത്തുറ പ്ലാത്തോട്ടത്തിൽ ശ്രീ പി. റ്റി. മാത്യു ബി. എസ്സ്സി. വിവാഹം ചെയ്തു. മൂന്നാമത്തെ മകൾ വത്സലയും ആൺമക്കൾ വാവച്ചൻ, തൊമ്മച്ചൻ എന്നീ രണ്ടു പേരും വിദ്യാർത്ഥികളാണ്.

തൊഴുത്തുങ്കവയലിൽ തൊമ്മൻ വക്കീയുടെ ഇളയപുത്രൻ ആൻറണി തകടിയേൽ ശ്രീമതി അന്നമ്മയെ വിവാഹം ചെയ്ത് കപ്പാട്ട താമസിക്കുന്നു. ഇവക്ക് വക്കീ, ജോസഫ്, തോമസ്, ആൻറണി, മാത്യു എന്നീ പുത്രന്മാരും, ഏലിക്കുട്ടി, റോസ എന്നീ പുത്രിമാരുമുണ്ട്. ഇവരിൽ ഏലിക്കുട്ടിയെ മണ്ണപത്തിൽ ശ്രീ അവിരാച്ചൻ വിവാഹം ചെയ്തു. വക്കീ, ജോസഫ് എന്നീ പുത്രന്മാർ പിതാവിനോടൊപ്പം കൃഷികാര്യങ്ങളിൽ ഏർപ്പെട്ടുവരുന്നു. മറ്റു കുട്ടികൾ വിദ്യാർത്ഥികൾ. തൊഴുത്തുങ്കവയലിൽ ശ്രീ തൊമ്മൻ വക്കീ തന്റെ ഇളയപുത്രനായ ആൻറണിയോടുകൂടി താമസിച്ചുവരുന്നു.

കെട്ടുമ്പൻപുരയിടത്തിൽ തൊമ്മന്റെ രണ്ടാമത്തെ പുത്രൻ കുരുവിള മനയാനിക്കൽനിന്നും വിവാ



കൊട്ടാരത്തിൽ തോമ്മൻ മാത്യൂവും (കെ. റ്റി. മാത്യൂ) കുടുംബാംഗങ്ങളും.

ഇരിക്കുന്നവർ: (ഇ.വ) സിസ്റ്റർ എമിലി, കെ.റ്റി.മാത്യൂ, അച്ചാമ്മ (മിസ്സസ് മാത്യൂ), റവ. ബ്രദർ തോമസ
നിൽക്കുന്നവർ: (ഇ.വ.) ടെസ്സിയമ്മ, സിസിലിക്കുട്ടി, വിമലമ്മ, ലില്ലിക്കുട്ടി & മൈക്കിൾ

See Page



കൊട്ടാരത്തിൽ തൊമ്മൻ പൊറിയനും (കെ. റ[illegible] പൊറിയൻ) [illegible] (അന്നമ്മ) [illegible]
ബേബി ജോസഫിനോടുകൂടി. ബേബ ച്ചന്റെ പ്രഥമദ[illegible]

See Pag[illegible]

ഹം ചെയ്തു കെടുമ്പൻപുരയിടത്തിൽത്തന്നെ താമസി ച്ചു. ഇദ്ദേഹത്തിനു് തൊമ്മൻ, മത്തായി എന്ന രണ്ടു പുത്രന്മാരും ഏലി എന്ന പുത്രിയുമുണ്ടായി. ഇവരിൽ മത്തായി വൈദികനായി സേലം മിഷനിൽ ജോലി ചെയ്തുവരവേ 1960-ൽ നിര്യാതനായി. പുത്രി ഏലി കമ്മേലീത്താസഭയിൽ ചേർന്നു (റവ: സിസ്റ്റർ വെറോ നിക്കാ) മുണ്ടാങ്കൽ മഠത്തിൽതാമസിച്ചുവരുന്നു. മൂത്ത പുത്രൻ തൊമ്മൻ പുതുമന റോസയെ വിവാഹം ചെ യ്തതിൽ കുരുവിള, അബ്രാഹം, ജോസഫു്, മാത്യു, തൊ മ്മൻ എന്നിങ്ങനെ അഞ്ചു പുത്രന്മാരും, ഏലി എന്ന ഒരു പുത്രിയുമുണ്ടായി. പുത്രി ഉപവിയുടെ കന്യാസ്ത്രീ വിഭാഗത്തിൽ ചേർന്നു വയനാട്ടിൽ ചുണ്ടേൽ ഉള്ള മഠ ത്തിൽ താമസിക്കുന്നു. പുത്രൻ ശ്രീ കുരുവിള (തോമസു് കുരുവിള കെടുമ്പൻപുരയിടം) കിഴക്കേക്കര വാകാനി യിൽ ശ്രീമതി അന്നമ്മയെയാണു വിവാഹം കഴിച്ചു രിക്കുന്നതു്. അദ്ദേഹമാണു് പാലായിൽ പ്രശസ്തമായ രീതിയിൽ നടക്കുന്ന റബ്ബർ ഫാക്ടറിയുടെ സ്ഥാപകൻ. പാലാ മുനിസിപ്പൽ കൗൺസിൽ അംഗമായ ഇദ്ദേ ഹം എറകോന്നി പുത്തൻപുര കുടുംബയോഗത്തിന്റെ വൈസ്പ്രസിഡൻറുക്രൂടിയാണു്. ഇദ്ദേഹത്തിനു് തോമസു്, ജോജ്ജു്, ജോസു്, മാത്യു, ഫെലിക്സു് എന്നീ ആൺമക്കളും അന്ന, റോസ, ബിയാട്രിസു്, മേരി എ ന്നീ പെൺമക്കളുമുണ്ടു്. മൂത്തപുത്രൻ തോമസു് വൈ ദികനായി സേലം മിഷനിൽ ജോലി ചെയ്യുന്നു. പുത്രി മാരിൽ അന്നയും, റോസ ബി. എസ്സി. യും ഉപവി

യുടെ സഹോദരികളുടെ സഭയിൽ കന്യാസ്ത്രീമാരാണു്. മകൻ ജോജ്ജു് ഗോവയിൽ ജോലി ചെയ്യുവരുന്നു. മറ്റു മക്കളും വിദ്യാർത്ഥികളാണു്.

കെട്ടമ്പൻപുരയിടത്തിൽ കുരുവിള തൊമ്മന്റെ രണ്ടാമത്തെ പുത്രൻ കെ. റ്റി. എബ്രാഹം എം. എ. (അവിരാപ്പു) ചെങ്ങന്നൂർ പീടിയേക്കൽ ഏലി സബത്തിനെ വിവാഹം ചെയ്തു. ഇദ്ദേഹം നൈജീറിയായിൽ വിദ്യാഭ്യാസവകുപ്പിലെ ഒരു ഉദ്യോഗസ്ഥനാണു്. ഈ ദമ്പതിമാക്കു് തോമസു് എന്ന പുത്രനും, അന്ന, റോസ എന്ന രണ്ടു പുത്രിമാരുമുണ്ടു്. ഇവരെല്ലാവരും വിദ്യാർത്ഥികളാണു്.

കെട്ടമ്പൻപുരയിടത്തിൽ കുരുവിള തൊമ്മന്റെ മൂന്നാമത്തെ പുത്രൻ ജോസഫു് (അപ്പച്ചൻ) പാമ്പാടിയിൽ വള്ളാട്ടുനിന്നു് ക്ലാരമ്മയെ വിവാഹം ചെയ്തു. ഇവക്കു് തൊമ്മൻ, കുര്യൻ, മത്തായി, ജോസഫു് എന്ന നാലു പുത്രന്മാരും റോസ, ത്രെസ്യാമ്മ, അന്ന, ഏലി എന്ന നാലു പുത്രിമാരുമുണ്ടു്.

കെട്ടമ്പൻപുരയിടത്തിൽ കുരുവിള തൊമ്മന്റെ നാലാമത്തെ പുത്രൻ മാത്യു (കുട്ടി) മേവിട പ്ലാക്കാട്ടുനിന്നു റോസമ്മയെ വിവാഹം ചെയ്തു മലബാറിൽ താമസിച്ചുവരുന്നു. ഇവക്കു് തൊമ്മൻ, മാത്യു, കുരുവിള, സജി എന്നീ നാലു പുത്രന്മാരും, റോസ, മേഴ്സി മേരി, അന്ന എന്ന നാലു പുത്രിമാരുമുണ്ടു്.

കെട്ടമ്പൻപുരയിടത്തിൽ കുരുവിള തൊമ്മന്റെ ഇളയപുത്രൻ തോമസു് (കുഞ്ഞുഞ്ഞു്) പാലാ

യിൽ പനയ്ക്കൽ ചിന്നമ്മയെ വിവാഹം കഴിച്ചു മല ബാറിൽ കൃഷിയിലേർപ്പെട്ടു താമസിക്കുന്നു. ഇവർക്ക് തൊമ്മൻ, ദേവസ്യാ, വക്കി എന്നു മൂന്നു പുത്രന്മാരും, റോസ, മേരി എന്നു രണ്ടു പുത്രിമാരുമുണ്ട്.

കെട്ടമ്പൻപുരയിടത്തിൽ തൊമ്മന്റെ മൂന്നാമത്തെ മകൻ മത്തായി ചങ്ങനാശ്ശേരി രൂപതയിലെ പ്രഗല്ഭനായ ഒരു വൈദികനായിരുന്നു. ഇദ്ദേഹം പാലാ വലിയ പള്ളിയുൾപ്പെടെ പലേ പള്ളികളിലും വികാരിയായിരുന്നു. 1943-ാമാണ്ട് ജൂലായി 9-ൽ പാലാ വലിയ പള്ളിയിൽ വിശ്രമിച്ചുവരവേ ഇദ്ദേഹം നിര്യാതനായി.

C) തലച്ചിറ ശാഖ (തുടർച്ച)

തലച്ചിറയിലേക്കു മാറിത്താമസിച്ച തൊമ്മന്റെ മൂന്നാമത്തെ പുത്രൻ മാണി മേവിട മണ്ണൂർനിന്നു വിവാഹംചെയ്തു തലച്ചിറത്തന്നെ താമസിച്ചു. ഇവർക്ക് ഒരു പുത്രനും രണ്ടു പുത്രിമാരും ഉള്ളതിൽ ഒരു പുത്രിയെ കരുനാട്ടു മറ്റത്തിലും, രണ്ടാമത്തെ പുത്രിയെ വാഴചാരിക്കലും വിവാഹം ചെയ്തുകൊടുത്തു. പുത്രൻ തൊമ്മൻ ആദ്യം കിഴക്കേക്കര താഴെനിന്നു വിവാഹം ചെയ്തു. ഒരു പുത്രി ഉണ്ടായപ്പോൾ ഭാര്യ മരിച്ചു. ഈ പുത്രിയെ തെരുവിൽ ശ്രീ ദേവസ്യാ വിവാഹംചെയ്തു. തൊമ്മൻ ചെറുവാണ്ടൂർ തോട്ടത്തിൽനിന്നു കുഞ്ഞിയെ പുനർവിവാഹം കഴിച്ചതിൽ ഒരു പുത്രിയുണ്ടായി. ഇവരെ തെരുവിൽ കുഞ്ഞുവക്കി വിവാഹം ചെയ്തു ഭത്തവകാശമായി താമസിച്ചു.

തലച്ചിറ തൊമ്മൻ അക്കാലങ്ങളിൽ പാലാ പ്രദേശങ്ങളിൽ അതിപ്രശസ്തനായിരുന്നു. പാലാ വലിയപള്ളിയുടെ മാറാക്കൈക്കാരനായിരുന്ന ഇദ്ദേഹം ഒരു തികഞ്ഞ പൊതുക്കാര്യപ്രസക്തനും കൂടിയായിരുന്നു.

ഭത്തവകാശമായി താമസിച്ച വക്കിക്കു് തൊമ്മച്ചൻ, പാപ്പച്ചൻ എന്ന രണ്ടു പുത്രന്മാരുണ്ടായി. ഇവരിൽ പാപ്പച്ചൻ (അഫ്രേം) ഇടപ്പാടി മുരിങ്ങയിൽ നിന്നു വിവാഹം ചെയ്തതിൽ വക്കച്ചൻ എന്ന ഒരു പുത്രനുണ്ടു്. ഇദ്ദേഹം മണർകാട്ടുനിന്നു മോളിയെ വിവാഹം ചെയ്തു. ഇവക്കു് അഫ്രേം എന്ന ഒരു കുട്ടിയുണ്ടു്.

തൊമ്മച്ചൻ ചിത്രപുരത്തേക്കു താമസം മാറ്റി. ഇദ്ദേഹത്തിനു നാലു കുട്ടികളുണ്ടു്.

ചക്കൻകുളം കുടുംബം (തുടർച്ച)

ചക്കൻകുളത്തു തൊമ്മന്റെ രണ്ടാമത്തെ പുത്രൻ മാത്തു വായിമറ്റത്തിലായ പുഞ്ചക്കുന്നേൽനിന്നു വിവാഹം ചെയ്തു ചക്കൻകുളത്തുതന്നെ താമസിച്ചു. ഇദ്ദേഹത്തിനു് ആറു പുത്രന്മാരും ഒരു പുത്രിയും ജാതരായി. പുത്രിയെ പാലായിൽ മൂലയിൽ വിവാഹം ചെയ്തുകൊടുത്തു. പുത്രന്മാരിൽ മൂത്തയാൾ ഈപ്പൻ ചങ്ങനാശ്ശേരി ചക്കാലയിൽനിന്നു വിവാഹം ചെയ്തു തറപ്പേൽ താമസിച്ചു. ഇവരാണു് തറപ്പേൽ ശാഖക്കാർ. രണ്ടാമൻ തൊമ്മൻ പാലായിൽ ഇലഞ്ഞിയിൽനിന്നു വിവാ

ഹം ചെയ്തു വെള്ളൂമൂഴയിൽ താമസിച്ചു. മൂന്നാമൻ ഇട്ടിച്ചെറിയാ ഇടമറ്റത്തു് തകടിയേൽനിന്നു വിവാഹം ചെയ്തു പയപ്പാറയിൽ കളപ്പുരയിൽ താമസിച്ചു. നാലാമൻ കുര്യൻ കുറവിലങ്ങാട്ടു മൂലയിൽനിന്നു വിവാഹം ചെയ്തു ചക്കൻകളത്തുതന്നെ താമസിച്ചു. അഞ്ചാമൻ മാത്തു സന്യാസിയായി ജീവിച്ചുപോന്നു. ആറാമൻ മത്തായി ഇടവക വൈദികനായി വൈക്കം, ആലുക്കുഴ, വാഴക്കുളം, പാലാ മുതലായ പള്ളികളിൽ പ്രശസ്തമായി വികാരി ഭരണം നടത്തിയതിന്റെ ശേഷം കമ്മെലീത്താസഭയിൽ ചേർന്നു ജീവിതം നയിച്ചുവരവേ 1941—ൽ മുത്തോലി കമ്മെലീത്താ ആശ്രമത്തിൽവച്ചു നിര്യാതനായി.

---

(1) തറപ്പേൽ ശാഖ

തറപ്പേൽ കുടുംബത്തിലേക്കു മാറിത്താമസിച്ച ഈപ്പനു് ഒരു പുത്രനും രണ്ടു പുത്രിമാരുമുണ്ടായി. പുത്രിമാരിൽ ഒരാളെ കടനാട്ടിൽ ഉപ്പുമാക്കലും, രണ്ടാമത്തെ ആളെ പടിഞ്ഞാറേക്കര മേടയ്ക്കലും വിവാഹം ചെയ്തിച്ചയച്ചു. പുത്രൻ മാത്തു കോട്ടവാതുക്കൽനിന്നു വിവാഹം ചെയ്തു. നാലു പുത്രന്മാരും രണ്ടു പുത്രിമാരുമുണ്ടായി. പുത്രിമാരിൽ മറിയത്തിനെ മരുതുക്കുന്നേലും, ഏലിയെ ഞാവള്ളി പുത്തൻപുരയിലും വിവാഹം ചെയ്തിച്ചയച്ചു. മൂത്തപുത്രൻ ജോസഫ്, ചാണ്ടി എന്നിവർ ചെറുപ്പത്തിൽത്തന്നെ നിര്യാതരായി. മൂന്നാമത്തെ പുത്രനും ജോസഫ് എന്നു തന്നെയാണു് പേർ. ഇദ്ദേഹം

തെങ്ങവിൽ ശ്രീമതി ത്രെസ്യായെ വിവാഹം ചെയ്തു. ഇവരുടെ ആദ്യജാതരായ മാത്യു, തൊമ്മൻ, ചിന്നമ്മ എന്നിവർ ചെറുപ്പത്തിലേ മരിച്ചുപോയി. പിന്നീട് ഉള്ളവർ തങ്കമ്മ, മാത്യു, ജോസഫ്, തോമസ്, ലീലാമ്മ, ചാണ്ടി, ഫ്രാൻസിസ് എന്നിവരാണ്. തങ്കമ്മയെ പൊൻകുന്നത്തു ഞാറയ്ക്കൽ ശ്രീ സെബാസ്റ്റ്യൻ വിവാഹം ചെയ്തു. ഇദ്ദേഹം കേരളാ റവന്യൂവകുപ്പിൽ ഡപ്യൂട്ടി തഹസീൽദാരാണ്. ലീലാമ്മയെ മുത്തോലിൽ കുന്നംപുറത്തു് വിവാഹം ചെയ്തു. റവ. ജെ. മാത്യു നീലിയറ ശ്രീമതി ത്രെസ്യായെ വിവാഹം ചെയ്തു. ത്രെസ്യാ, ഏലി എന്നു രണ്ടു കുട്ടികളുണ്ട്. റവ. ജെ. ജോസഫ് ബി. കോം. എലഞ്ഞിമറ്റത്തിൽ എൽസിയെ വിവാഹം ചെയ്തു. റവ. ജെ. തോമസ് കമ്മ്യൂണിത്താസഭയിൽ ചേർന്ന് വൈദികപഠനം നടത്തുന്നു. ചാണ്ടി പിതാവിനോടൊപ്പം കൃഷികാര്യങ്ങളിൽ ഏർപ്പെട്ടുകഴിയുന്നു. ഇളയപുത്രൻ ഫ്രാൻസിസ് കോളെജ് വിദ്യാർത്ഥിയാണ്.

തറപ്പേൽ ഈപ്പൻ മാത്യുവിന്റെ രണ്ടാമത്തെ പുത്രൻ ശ്രീ. റവ. എം. മാത്യു (കൊച്ചുകുട്ടി) നെടുംകുന്നം കാട്ടർ ശ്രീ കെ. ഇ. ജോബ് എം. എ., എൽ. റവ. യുടെ പുത്രി തങ്കമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്കു് റോസ, മറിയം, മത്തായി, ജോബ്, അൽഫോൻസാ, ജോസഫ് എന്നിങ്ങനെ ആറു മക്കളുണ്ട്. ഇവരിൽ മറിയം, ജോബ് എന്നിവർ കോളെജ് വിദ്യാർത്ഥികളാണ്. ശ്രീ റവ. എം. മാത്യു തറപ്പേൽ

പൊതുജനോപകാരപ്രദമായ പല പരിപാടികളും ആവിഷ്കരിച്ചു നടപ്പാക്കുന്നതിൽ അത്യധികം ഉത്സുകനാണ്. ഇദ്ദേഹം, പാലാ കർഷകസംഘം സ്ഥാപക സെക്രട്ടറി, മിൽക്ക് സപ്ലൈ സംഘം ഭരണസമിതി അംഗം എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചുവരുന്നു.

(2) വെള്ളിമൂഴയിൽ ശാഖ

ചക്കൻകുളത്തു തൊമ്മൻ മാത്തുവിന്റെ രണ്ടാമത്തെ പുത്രൻ തൊമ്മൻ പാലായിൽ ഇലഞ്ഞിയിൽ നിന്നു വിവാഹം ചെയ്തു വെള്ളിമൂഴയിൽ താമസിച്ചു. ഇദ്ദേഹത്തിന് മാത്യു, ഔസപ്പ്, പൈലോ എന്നീ പുത്രന്മാരും രണ്ടു പുത്രിമാരുമുണ്ടായി. പുത്രിമാരെ ചേപ്പുങ്കൽ ചെല്ലൻകോട്ടം, കരൂർ ഞാവള്ളിൽ തെരുവൻ കുന്നേലും വിവാഹം ചെയ്യിച്ചയച്ചു.

വെള്ളിമൂഴയിൽ തൊമ്മൻ മാത്യു കുടമാളൂർ കരിമ്പാനിൽ ശ്രീമതി അന്നമ്മയെ വിവാഹം ചെയ്തു തുടങ്ങനാട്ടിൽ താമസിച്ചു. ഇദ്ദേഹത്തിന് തൊമ്മൻ, പൈലോ, മത്തായി എന്ന മൂന്നു പുത്രന്മാരും, അന്നമ്മ, റോസ, മറിയം, ത്രെസ്യാ എന്ന നാലു പുത്രിമാരുമുണ്ട്. അന്നമ്മയെ മൈലാട്ടുങ്കൽ, റോസയെ മീനച്ചൽ പൂവത്താനിക്കലും, മറിയം, ത്രെസ്യാ എന്നിവരെ തുടങ്ങനാട്ടിൽ തെരുവംകുന്നേലും വിവാഹം ചെയ്യിച്ചയച്ചു. പുത്രൻ തൊമ്മൻ പടിഞ്ഞാറേക്കര ക്രൂട്ടപ്പാക്കൽനിന്ന് ഏലിയെ വിവാഹം ചെയ്തു. മാത്യു എന്ന ഒരു പുത്ര

ന്നും, അന്ന, മറിയം എന്ന രണ്ടു പുത്രിമാരുമുണ്ട്. അന്നയെ തൊട്ടുപുഴ പാറേക്കന്നേലും, മറിയത്തിനെ തുടങ്ങനാട്ടിൽ പൂവത്തുങ്കലും വിവാഹം ചെയ്യിച്ചയച്ചു. മകൻ മാത്യു കരിങ്കുന്നത്തു തുടിയൻപ്ലാക്കൽനിന്നു മേരിയെ വിവാഹം ചെയ്തു. ഇവർക്ക് തോമസുകുട്ടി, ജോസ്, മാത്യു, പോൾ എന്ന നാലു പുത്രന്മാരും, ഏലി, അന്ന, മേഴ്സി, സിസിലി എന്ന നാലു പുത്രിമാരുമുണ്ട്. തോമസുകുട്ടി, കുമ്പുക്കൽ മേരിയെ വിവാഹം ചെയ്തു. ഷെർലി എന്നൊരു പെൺകുട്ടിയുണ്ട്. ഏലിയെ തിടനാട്ട് തെക്കൻചേരിക്കുന്നേൽ വിവാഹം ചെയ്യിച്ചയച്ചു.

വെള്ളാമൂഴയിൽ തൊമ്മൻ മാത്യുവിന്റെ രണ്ടാമത്തെ പുത്രൻ പൈലോ കിഴതടിയൂർ കടമ്പളിക്കാട്ടിൽ നിന്നു മറിയത്തിനെ വിവാഹം ചെയ്തു. ഇദ്ദേഹത്തിനു മാത്യു, ജോസഫ്, തോമസ്, പൗലോസ് എന്ന നാലു പുത്രന്മാരും, അന്ന, മേരി, ത്രെസ്യാ എന്ന മൂന്നു പുത്രിമാരുമുണ്ട്. അന്നയെ തുടങ്ങനാട്ടിൽ കവളക്കാട്ടും മേരിയെ മലബാറിൽ കൊച്ചുപുരയ്ക്കലും, ത്രെസ്യായെ മലബാറിൽ ഇലവുങ്കലും വിവാഹം ചെയ്യിച്ചയച്ചു. മകൻ മാത്യു രാമപുരത്തു് ഇടക്കര ബ്രിജിറ്റിനെ വിവാഹം ചെയ്തു. പൗലോസ് ബി. എസ്സി., ആഗസ്തി, തോമസ് എന്ന മൂന്നു പുത്രന്മാരുണ്ട്. തോമസ് പാലായിൽ പടവിൽനിന്നു മേരിയെ വിവാഹം ചെയ്തു. മേരി എന്ന ഒരു മകളുണ്ട്. ജോസഫ് കവളക്കാട്ട് അന്നയെ വിവാഹം ചെയ്തു. പൗലോസ്, ജോസഫ്, മേരി,

ലീല, ഫിലോമിനാ, ലിസി, അന്നാ എന്നിങ്ങനെ ഏഴു മക്കളുണ്ട്. പൗലോസ് കല്ലൂർക്കാട്ട് ചെറുപറമ്പിൽ ആനീസിനെ വിവാഹം ചെയ്തു.

വെള്ളിമൂഴയിൽ തൊമ്മൻ മാത്യുവിന്റെ മൂന്നാമത്തെ പുത്രൻ മത്തായി മലബാറിൽ ആലക്കോട്ടത്തു് ഒറവത്തെ എന്ന സ്ഥലത്തു താമസിക്കുന്നു. ഇദ്ദേഹം രാമപുരത്തു് താന്നിക്കൽ മറിയത്തിനെ വിവാഹം കഴിച്ചതിൽ ജോസഫ്, മാത്യു എന്നു രണ്ടു പുത്രന്മാരും, അന്നാ, മറിയം, ത്രെസ്യാ, പെണ്ണമ്മ, സിസിലി, ഇത്താമ്മ എന്നു് ആറു പുത്രിമാരുമുണ്ട്. ഇവരിൽ ജോസഫ് പുളിക്കൽ (കാഞ്ഞാർ) ചിന്നമ്മയെ വിവാഹം ചെയ്തു. ജോയി, മേരി, ലിസ്സി, ജോസ് എന്നിങ്ങനെ നാലു കുട്ടികൾ ഉണ്ടു്. മാത്യു ഇടക്കര മേരിയെ വിവാഹം ചെയ്തു. മാത്യു, ത്രെസ്യാ എന്നിങ്ങനെ രണ്ടു കുട്ടികൾ ഉണ്ടു്. പുത്രിമാരിൽ അന്നയെ തുടങ്ങനാട്ടു് പൊടിമറ്റത്തിലും, മറിയത്തിനെ കറുമണ്ണു പുളിക്കലും, ത്രെസ്യാമ്മയെ വേരനാനിക്കലും, പെണ്ണമ്മയെ അറക്കളത്തു് മൈലാട്ടവും, സിസ്സിലിയെ കരിങ്കുന്നത്തു് മുല്ലക്കരിയിലും വിവാഹം ചെയ്തു. ഇളയമകൾ ഇത്താമ്മ ആലക്കോട്ടു് ഹൈസ്കൂൾ അദ്ധ്യാപികയാണു്.

വെള്ളിമൂഴയിൽ തൊമ്മൻ ഔസേപ്പു് ചേപ്പുങ്കൽ ചെറുചേരിൽനിന്നു റോസമ്മയെ വിവാഹം ചെയ്തു. 1) മത്തായി 2) തൊമ്മൻ 3) അവിരാ 4) ഔസേപ്പു് 5) പൈലോ എന്നു അഞ്ചു ആൺമക്കളുണ്ടു്.

1) മത്തായി ഭരണങ്ങാനത്തു പൈകടനിന്നു വിവാഹം ചെയ്തു. മറിയം, റോസ, ഏലി, മറിയം എന്നു നാലു പെൺമക്കളാണുണ്ടായതു്. ഇവരിൽ മറിയത്തിനെ മരങ്ങാട്ടുപിള്ളി വട്ടുകളത്തിലും റോസയെ പാലായിൽ തെക്കേക്കണ്ടത്തിലും, മറിയത്തിനെ കുറവിലങ്ങാട്ടു് പെട്ടയ്ക്കാട്ടും വിവാഹം ചെയ്യിച്ചയച്ചു. ഏലിയെ ഇടക്കര നടുപറമ്പിൽ ആഗസ്തി വിവാഹം ചെയ്തു ദത്തവകാശമായി താമസിച്ചതിൽ ജോസഫ്, അന്ന, ആഗസ്തി, മാത്യു എന്നു നാലു മക്കൾ ഉണ്ടു്.

2) തൊമ്മൻ പാലായിൽ ഞരളക്കാട്ടുനിന്നു റോസയെ വിവാഹം ചെയ്തു തുടങ്ങനാട്ടിൽ താമസിക്കുന്നു. ഇദ്ദേഹത്തിനു് (x) ഔസേപ്പു് (y) മത്തായി (z) തോമസ് എന്നു് മൂന്നു പുത്രന്മാരും, റോസ എന്നു ഒരു പുത്രിയുമുണ്ടു്. ഔസേപ്പു് കരൂർ മഞ്ഞക്കടമ്പിൽ ഏലിയെ വിവാഹം ചെയ്തു കലയന്താനിയിൽ താമസിക്കുന്നു. ഇദ്ദേഹത്തിനു് ഔസേപ്പു് എന്ന പുത്രനും, റോസ, അന്നക്കുട്ടി, മേരി, ആലീസ് എന്നീ പുത്രിമാരുമുണ്ടു്. ഔസേപ്പു് വിദ്യാർത്ഥിയാണു്. റോസയെ കരിമണ്ണൂർ പീടിയേക്കലും, അന്നക്കുട്ടിയെ മുട്ടത്തിൽ വരിക്കമാക്കലും വിവാഹം ചെയ്തു. (y) മത്തായി കരിംകുന്നത്തു് തുടിയംപ്ലാക്കൽ ത്രെസ്യായെ വിവാഹം ചെയ്തു താമസിക്കുന്നു. ഇവർക്കു് തൊമ്മൻ, മത്തായി, ജോസഫ്, ജെയിംസ്, ജോൺസൺ എന്നിങ്ങനെ അഞ്ചു പുത്രന്മാരുണ്ടു്. (z) തൊമ്മൻ തുടങ്ങനാട്ടിൽ കടുകന്മാക്കൽ നിന്നു റോസയെ വിവാഹം ചെയ്തു. റോസ, ജോസഫ് എന്നു രണ്ടു കുട്ടികളുണ്ടു്.

3) അവിരാ പാലായിൽ വള്ളോൻപുരയിടത്തിൽ ഏലിയെ വിവാഹം ചെയ്തു. റോസ, മേരി എന്ന രണ്ടു പുത്രിമാരുണ്ട്. റോസയെ കലയന്താനിയിൽ പാറേക്കണ്ടത്തിൽ വിവാഹം ചെയ്തുകൊടുത്തിരിക്കുന്നു. രണ്ടാമത്തെ പുത്രി സിസ്റ്റർ മേരി ബനഡിക്ടിൻ എന്ന പേരിൽ ചങ്ങനാശ്ശേരി എസ്. എച്ച്. കോൺവന്റിൽ വസിക്കുന്നു.

4) ഔസേപ്പ് അന്തിനാട്ട് കാഞ്ഞിരത്തുങ്കൽ ഏലിയെ വിവാഹം ചെയ്തു. ഇവർക്ക് ഔസേപ്പ് എന്ന ഒരു പുത്രനും, മറിയം, ഏലി, റോസ എന്ന മൂന്നു പുത്രിമാരുമുണ്ട്. മറിയത്തിനെ കുറിഞ്ഞിയിൽ നെടുംകുന്നേലും, ഏലിയെ മരങ്ങാട്ടുപള്ളിൽ ഇട്ടിയെക്കാട്ടും വിവാഹം ചെയ്തുകൊടുത്തു. റോസ കോളെജ് വിദ്യാർത്ഥിനിയാണ്. പുത്രൻ ഔസേപ്പ് പാലായിൽ കുട്ടിക്കയത്തു് ഏലിയെ വിവാഹം ചെയ്തു. ഏലി, മേരി ത്രെസ്യാ എന്ന മൂന്നു പുത്രിമാരുണ്ട്.

5) പൈലോ പ്രവീത്താനത്തു് തെങ്ങുംപിള്ളിൽ മേരിയെയാണു വിവാഹം കഴിച്ചിരിക്കുന്നതു്. ഇവരുടെ പുത്രൻ ഡോക്ടർ ജോസ് പോൾ എം. ബി. ബി. എസ്., എം. ഡി., വാഴക്കുളത്തു് സെന്റ് ജോർജ്ജ് ആശുപത്രിയിൽ ജോലി ചെയ്യുന്നു. കോതമംഗലത്തു് ഇടത്തലനിന്നും മേരിയെ വിവാഹം ചെയ്തതിൽ മേരി ജോസ് എന്ന രണ്ടു കുട്ടികളുണ്ട്. പുത്രിമാരിൽ മൂത്തവൾ റോസ് പോൾ എം. എ, ഇരുവായൂർ ലിറിയ

ഫ്ളൗവർ കോളെജിൽ ഇംഗ്ലീഷ് ലക്ചററാണ്. മേരി പോൾ കന്യാസ്ത്രീയാണ്. ലൂസിയമ്മ പോൾ വിദ്യാർത്ഥിനിയാണ്.

വെള്ളിമൂഴയിൽ തൊമ്മൻ പൈലോ ഇടമററത്ത് തെക്കേതിൽ അന്നയെ വിവാഹം ചെയ്തു. തൊമ്മൻ എന്ന ഒരു പുത്രനും മറിയം, അന്ന എന്ന രണ്ടു പുത്രിമാരുണ്ട്. മറിയത്തിനെ ഞാവള്ളിൽ ചൂരനാട്ടും, അന്നയെ കരൂർ മൈലാട്ടൂർ വെള്ളമററത്തിലും വിവാഹം ചെയ്യിച്ചയച്ചു. പുത്രൻ കദളിക്കാട്ടിൽനിന്നു വിവാഹം ചെയ്തു. പൈലോ എന്ന ഒരു പുത്രനുണ്ടായി. ഭാര്യ മരിക്കയാൽ വീണ്ടും ഭരണങ്ങാനത്ത് കുററനാൽ കത്രിയെ വിവാഹം ചെയ്തു. ഈ വിവാഹത്തിൽ ജോസഫ്, തോമസ് എന്ന രണ്ടു പുത്രന്മാരും, അന്ന, അച്ചാമ്മ, കത്രി, ത്രെസ്യാ എന്നിങ്ങനെ നാലു പുത്രിമാരുമുണ്ട്. മൂത്തപുത്രൻ പൈലോ വിവാഹം ചെയ്ത് വെള്ളിയാമററത്ത് താമസിക്കുന്നു. ജോസഫ് വെള്ളാപ്പാട്ടുനിന്നു വിവാഹം കഴിച്ചു. ഒരു ആൺകുട്ടിയുണ്ട്. അന്നയെ കടനാട്ടിൽ വട്ടക്കാട്ടു വിവാഹം ചെയ്യിച്ചയച്ചു. അച്ചാമ്മയും, കത്രിയും തിരുഹൃദയമഠത്തിൽ കന്യാസ്ത്രീമാരാണ്. ത്രെസ്യാ വിദ്യാർത്ഥിനിയുമാണ്. തോമസ് ഇപ്പോൾ അവിവാഹിതനാണ്.

(3) കളപ്പുരയിൽ ശാഖ

കളപ്പുരയിലേക്കു മാറിത്താമസിച്ച ഇട്ടിച്ചെറിയ ഇടമറ്റത്തു തകടിയേൽ മറിയത്തിനെ വിവാഹം ചെയ്ത കാര്യം മുമ്പു പ്രസ്താവിച്ചിരുന്നല്ലൊ. ഈ ദമ്പതിമാക്കു് മത്തായി, (അവിരാ) എബ്രാഹം, തൊമ്മൻ എന്ന മൂന്നു പുത്രന്മാരും അന്ന എന്ന ഒരു പുത്രിയുമുണ്ടായി. പുത്രിയെ മണിമല കാടൻകാവിൽ വിവാഹം ചെയ്തിച്ചയച്ചു. ഇളയപുത്രൻ തൊമ്മൻ മനയാനിക്കൽനിന്നു വിവാഹം ചെയ്തു. ഒരു പുത്രിയുണ്ടായശേഷം നിര്യാതനായി. അദ്ദേഹത്തിന്റെ ഭാര്യയും പുത്രിയും തിരുഹൃദയമഠത്തിൽ ചേർന്നു കന്യാസ്ത്രീമാരായി. പുണ്യമഠത്തിൽവച്ചു മകളും മരിച്ചുപോയി.

മൂത്തപുത്രൻ മത്തായി മൈലാട്ടൂർ റോസയെ വിവാഹം കഴിച്ചു് കളപ്പുരയിൽതന്നെ താമസിച്ചു. രണ്ടാമത്തെ പുത്രൻ അവിരാ ഭരണങ്ങാനത്തു് ചെറുവള്ളാത്തുനിന്നു മറിയത്തിനെ വിവാഹം ചെയ്തു പാലിയക്കുന്നേൽ താമസിച്ചു. കളപ്പുരയിൽ മത്തായിക്കു് വക്കീ (കൊച്ചു്), ജോസഫ് (ഔത) എന്ന രണ്ടു പുത്രന്മാരും, മറിയം എന്ന ഒരു പുത്രിയും ജാതരായി. മറിയത്തിനെ ഭരണങ്ങാനത്തു് തകടിയേൽ വിവാഹം ചെയ്തിച്ചയച്ചു.

മത്തായിയുടെ മൂത്തപുത്രൻ വക്കി (കൊച്ചു്) തെക്കേക്കണ്ടത്തിൽ ഏലിയെ വിവാഹംചെയ്തു കളപ്പു

രയിൽത്തന്നെ താമസിക്കുന്നു. ഇദ്ദേഹം ഒരു സമർത്ഥനായ കർഷകനും നാട്ടിലുള്ള എല്ലാ നല്ലകാര്യങ്ങളിലും ഇടപെട്ടു് പൊതുജനസമ്മതി സമ്പാദിച്ചിട്ടുള്ളയാളാണു്. മുണ്ടാങ്കൽ പള്ളിയിലെ "ലീജിയൻ് ഓഫ് മേരി" എന്ന സംഘടനയുടെ പ്രസിഡണ്ടും ശ്രീ വക്കിയാണു്. ഇവർക്കു് ജോസഫ് എന്ന ഒരു പുത്രനും, ത്രേസ്യാ, റോസ, ഏലി എന്ന മൂന്നു പുത്രിമാരുമുണ്ടു്. ത്രേസ്യായെ മണിമല മൈലാട്ടർ കീരിക്കാട്ടു തൊമ്മച്ചനും, റോസയെ വടയാറു് പാറയ്ക്കലിൽ മത്തച്ചൻ എം. എസ്സ്സി. യും വിവാഹം ചെയ്തു. പുത്രൻ ജോസഫ് കാഞ്ഞിരപ്പള്ളി പള്ളിവാതുക്കൽ മേരിയെ വിവാഹം ചെയ്തു. ഏലി, ജോജ്ജു്, എന്ന രണ്ടു കുട്ടികളുണ്ടു്. ഏലി കോളെജു് വിദ്യാർത്ഥിനിയാണു്.

കുളപ്പുരയിൽ ജോസഫ് (മൃത) ഞാവള്ളിൽ തെക്കേൽനിന്നു ബ്രിജീത്തയെ വിവാഹം ചെയ്തു് മൂലമറ്റത്തു താമസിച്ചുവരുന്നു. സാമ്പത്തിക വിദഗ്ദ്ധവീക്ഷണശാലി, വിദഗ്ദ്ധനായകർഷകൻ, എന്നീ നിലകളിൽ ഉയർന്മാനമുണ്ടു് പുലർത്താൻ ഇദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ടു്. പള്ളിപണി, മഠംപണി എന്നുവേണ്ടാ എല്ലാ നല്ലകാര്യങ്ങളിലും സജീവമായി പങ്കെടുത്തു് പൊതുജനസമ്മതി നേടിയിട്ടുണ്ടു്. ഇവർക്കു് മാത്യു, കുര്യൻ ബി. എസ്സ്സി., ചെറിയാൻ എം. എ., ജോജ്ജു്, ജോസഫ് എന്നു് അഞ്ചു പുത്രന്മാരും, റോസ, മേരി, അച്ചാമ്മ, അന്ന, ബ്രിജീത്താ എന്ന അഞ്ചു പുത്രിമാരുമുണ്ടു്.

പുത്രിമാരിൽ റോസ കർമ്മലീത്താമഠത്തിലും, മേരി ബി. എസ്സി.യും അച്ചാമ്മ ബി. എസ്സി. യും തിരുഹൃദയമഠത്തിലും ചേർന്നിരിക്കുന്നു. മേരി ജർമ്മനിയിൽ ഡോക്ടർ പരീക്ഷയ്ക്കു പഠിക്കുന്നു. അന്നയും, ബ്രിജീത്തായും വിദ്യാർത്ഥിനികൾ. പുത്രന്മാരിൽ മാത്യു തുടങ്ങനാട്ടിൽ പൂവത്തുങ്കൽനിന്നു് ഏലിയെ വിവാഹംചെയ്തു വെള്ളിയാമററത്തു താമസിക്കുന്നു. കുര്യൻ പ്രവിത്താനത്തു് പുത്തൻകണ്ടത്തിൽ (മററപ്പള്ളിൽ) മേരിയെ വിവാഹം ചെയ്തു. മാത്യുവിനു് ജോസ്, ജോയി ബ്രിജീത്താ, അച്ചാമ്മ, ജിമ്മി എന്നു് അഞ്ചു സന്താനങ്ങളും, കുര്യനു് ബ്രിജീത്താ എന്ന ഒരു പുത്രിയുമുണ്ടു്.

പാലിയക്കുന്നേൽ

ഇട്ടിച്ചെറിയയുടെ ദ്വിതീയപുത്രൻ അവിരാ ഇടപ്പാടി ചെറുവള്ളാത്തുനിന്നു വിവാഹം ചെയ്തു പാലിയക്കുന്നേൽ താമസിച്ചതിൽ ചെറിയാൻ എന്ന ഒരു പുത്രനും, മറിയം, റോസ എന്ന രണ്ടു പെൺമക്കളുമുണ്ടു്. മറിയത്തിനെ കിഴക്കേക്കര കൊച്ചുമററത്തിലും റോസയെ കരിമണ്ണൂർ പറയൻനിലത്തു മാളികയിലും വിവാഹം ചെയ്യിച്ചയച്ചു. പുത്രൻ ശ്രീ ചെറിയാൻ പ്ലാശ്ശനാൽ ആലപ്പാട്ടു കുന്നേൽനിന്നു റോസയെ വിവാഹംചെയ്തു. ഇദ്ദേഹം പാലാ സെൻറു് തോമസ് ഹൈസ്കൂളദ്ധ്യാപകനാണു്. ഇദ്ദേഹത്തിനു് അബ്രാഹം, മേരി, കുര്യൻ, ജോസ്, തോമസ് എന്നിങ്ങനെ അഞ്ചു സന്താനങ്ങളുണ്ടു്. മൂത്ത പുത്രൻ അബ്രാഹം ബി.

എസ്സ്സി. ബി. ഇഡ്. പാസ്സായിട്ടുണ്ട്. പുത്രി മേരി എം. എസ്സ്സി., പാലാ അൽഫോൻസാ കോളെജിൽ മാത്തമാററിക്സ് ലക്ചററാണ്. മറെറ സന്താനങ്ങൾ വിദ്യാർത്ഥികളുമാണ്.

4) ചക്കൻകുളം ശാഖ

മൂലകുടുംബമായ ചക്കൻകുളത്തുതന്നെ താമസിച്ച കുര്യൻ ആദ്യംപുളിക്കൽനിന്നു വിവാഹം ചെയ്തു. താമസിയാതെ ഭാര്യ മരിക്കയാൽ കറവിലങ്ങാട്ടു മൂലയിൽനിന്നു പുനർവിവാഹം ചെയ്തു. ഈ വിവാഹത്തിൽ മാത്തു, തൊമ്മൻ എന്ന രണ്ടു പുത്രന്മാരും, അന്ന, മറിയം റോസ എന്ന മൂന്നു പുത്രിമാരുമുണ്ടായി. ഇവരിൽ അന്നയെ ഞാവള്ളിൽ തെക്കേലും, റോസയെ ഇടമറത്തു മണ്ണുപത്തിലും വിവാഹം ചെയ്യിച്ചയച്ചു. മൂന്നാമത്തെ പുത്രി മറിയം, കർമ്മലീത്താസഭയിൽ സിസ്റ്റർ സ്റ്റാളാസ്റ്റിക്കാ എന്ന പേരിൽ കന്യാസ്ത്രീയായി.

കുര്യന്റെ മൂത്തപുത്രൻ മാത്തു ഞാവള്ളി പേനക്കാലായിൽനിന്നു വിവാഹം ചെയ്തു. പത്തു കുട്ടികളുണ്ടായി. ഇവരിൽ അഞ്ചു കുട്ടികൾ ചെറുപ്പത്തിൽത്തന്നെ മരിച്ചുപോയി. ഇപ്പോഴുള്ള പുത്രന്മാർ കുര്യാക്കോസ്, സി. എം. ആൻറണി എന്നിവരും, പുത്രിമാർ ഏലി, തൊസ്യാമ്മ എന്നിവരുമാണ്. മറെറാരു പുത്രനായ ജോസഫ് വൈദികനായി പൊടിമറ്റം പള്ളി വികാരിയായിരിക്കവെ 1944-ൽ പ്രമേഹരോഗം മൂലം അകാലചരമം പ്രാപിച്ചു. പുത്രി തൊസ്യാമ്മയെ



ചക്കൻകളത്തു കളപ്പുരയിൽ
ഇട്ടിച്ചെറിയത്ത മത്തായി
ജനനം 10 — 6 — 1875
മരണം 16 — 5 — 1947

See Page 85



ചക്കൻകളത്തു കളപ്പുരയിൽ
റോസ (അച്ച ·മ്മ) മത്തായി
ജനനം 8 — 7 — 1877
മരണം 15 — 1 — 1936

See Page 8



ചക്കൻകുളത്തു കളപ്പുരയിൽ മത്തായി വർക്കിയും ശ്രീമതി ഏലി വർക്കിയും കുടുംബാംഗങ്ങളും. പുത്രൻ ഔസേപ്പച്ച
പുത്രീഭർത്താക്കന്മാരായ കിക്കിരിക്കാട്ടു തോമസും, പാറശ്ശേരിൽ മാത്യുവും ആണ് പിൻനിരയിൽ (ഇ.വ.) നില്ക്കു

വൈയ്ക്കത്ത് മണിപ്പാടത്ത് ശ്രീ മാത്തച്ചൻ വിവാഹം ചെയ്തു. ഏലി ഉപവിയുടെ സഹോദരികളുടെ സഭയിൽ ചേർന്ന് സിസ്റ്റർ അലസ്സാൻഡ്രിനാ എന്ന പേരിൽ മലബാറിൽ കുമ്പളമഠത്തിലെ ശ്രേഷ്ഠത്തിയായി ജോലി നോക്കുന്നു. പുത്രൻ കുര്യാക്കോസ് മനയാനിക്കൽ ശ്രീമതി മറിയത്തിനെ വിവാഹം ചെയ്തു. അദ്ദേഹം 1966-ൽ നിര്യാതനായി. ഭാര്യ ഇപ്പോൾ സ്വസഹോദരനായ സി. എം. ആൻറണിയോടൊത്തു താമസിക്കുന്നു. ശ്രീ സി. എം. ആൻറണി അമ്പാറ പാറയിൽ ശ്രീ മാത്യുവിൻെറ പുത്രി ചിന്നമ്മയെ വിവാഹം ചെയ്തു. ഇദ്ദേഹം പൊതുപ്രവർത്തനങ്ങൾകൊണ്ടും ആസൂത്രണപാടവംകൊണ്ടും നാട്ടുകാരുടെ സ്നേഹാദരങ്ങൾ സമ്പാദിച്ചിട്ടുണ്ട്. പാലാ മുനിസിപ്പൽ കൗൺസിൽ അംഗം, പാലാ കോൺഗ്രസ് മണ്ഡലം കമ്മിറ്റി പ്രസിഡൻറ് എന്നീ നിലകളിൽ ഇദ്ദേഹം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പാലാ മിൽക്ക് സപ്ലൈസ് സൊസൈറ്റിയുടെ സ്ഥാപക പ്രസിഡൻറായ ഇദ്ദേഹം ഇപ്പോഴും അതിൻെറ ഭരണസമിതി അംഗമാണ്. ഇദ്ദേഹത്തിനു് ആറു പുത്രന്മാരും ആറു പുത്രിമാരുമുണ്ട്. മൂത്തപുത്രി ഫ്ലോറമ്മ പാലാ കോളെജിൽ സ്പെഷൽ ബി. എസ്സിക്കു പഠിക്കുന്നു. മറ്റു മക്കൾ മാത്യു, കുര്യൻ, ജോൺവിയാനി, ആൻറണി അലക്സാണ്ടർ, യൂജിൻ, സാലിമ്മ, ജെസിയമ്മ, മോളിയമ്മ, നിമ്മല, ജോസഫീനാ എന്നിവരാണ്.

ചക്കൻകുളത്തു കുര്യന്റെ രണ്ടാമത്തെ പുത്രനായ തൊമ്മൻ ചെറുവാണ്ടൂർ തെങ്ങുംതയ്യിൽനിന്നു വിവാഹം കഴിച്ചു. ഈ വിവാഹത്തിൽ ഏലിക്കുട്ടി, കുര്യാക്കോസ് എന്നു രണ്ടുകുട്ടികളുണ്ടായി. ഭാര്യ മരിക്കയാൽ വീണ്ടും കടളിക്കാട്ടിൽനിന്നു വിവാഹം കഴിച്ചതിൽ മാമ്മച്ചൻ, ജോസ്, ലോറൻസ്, എന്നീ പുത്രന്മാരും മേരി, ഗ്രേസി, സെലിൻ, ലില്ലി എന്നു നാലു പെൺകുട്ടികളുമുണ്ട്. പുത്രിമാരിൽ ഏലിക്കുട്ടിയെ കൊട്ടാരത്തിൽ വിവാഹം ചെയ്യിച്ചയച്ചു. മേരിയെ ഇടമറ്റത്തു ചുവപ്പുങ്കലും സെലിനെ തയ്യിലും വിവാഹം കഴിപ്പിച്ചയച്ചു. കുര്യാക്കോസ് തെങ്ങുംപള്ളിൽ ശ്രീമതി മറിയക്കുട്ടിയെ വിവാഹം കഴിച്ചതിൽ തോമസ് ചിന്നമ്മ, ജോസ്, സുശീല, റോബർട്ട്, ജോണി, ജേയി, സണ്ണി എന്നിങ്ങനെ എട്ടുകുട്ടികളുണ്ട്. മൂത്ത പുത്രൻ ജോസ് ഇൻഡ്യൻ എയർഫോഴ്സിൽ ജോലി നോക്കുന്നു. പുത്രി ചിന്നമ്മയെ കാപ്പിപ്പറമ്പിൽ ശ്രീ ജോജ്ജ് വിവാഹം കഴിച്ചു.

മാമ്മച്ചൻ ചുങ്കപ്പുരയിൽ ശ്രീമതി തങ്കമ്മയെ വിവാഹം ചെയ്തതിൽ ജാൻസി, സിസിലി, ഫിലോ, ജോവാൻ, ടോയിച്ചൻ, റോസമ്മ, ജോയിച്ചൻ, റാണി എന്നിവരുൾപ്പെടെ എട്ടു സന്താനങ്ങളുണ്ട്. ഇവരിൽ ആദ്യത്തെ അഞ്ചു പേർ വിദ്യാർത്ഥികളാണ്.

ജോസ് ഭരണങ്ങാനത്തു പൂത്തേടത്തു ശ്രീമതി റോസമ്മയെ ഈയിടെ വിവാഹം കഴിച്ചു. ലോറൻസ് വൈദികവിദ്യാർത്ഥിയാണ്. ലില്ലി ബി. എസ്സി. വിദ്യാർത്ഥിനിയാണ്.

അദ്ധ്യായം എട്ട്

തെക്കേക്കണ്ടം കുടുംബം

കളപ്പുരയ്ക്കൽ തൊമ്മന്റെ നാലാമത്തെ പുത്രൻ ഈപ്പൻ വിവാഹാനന്തരം തറവാടിനു സമീപമായ തെക്കേക്കണ്ടം പുരയിടത്തിലേക്കു മാറിത്താമസിച്ചു. ഇദ്ദേഹത്തിനു് ഇട്ടിച്ചെറിയ, തൊമ്മൻ, ഈപ്പൻ, മത്തായി, വക്കി എന്നിങ്ങനെ അഞ്ചു് ആൺമക്കളാണുണ്ടായിരുന്നതു്. ഇവരിൽ ഇട്ടിച്ചെറിയ വിവാഹാനന്തരം അഞ്ചേരിലേക്കും, തൊമ്മൻ ഒഴാക്കലേക്കും മാറിത്താമസിച്ചു. മൂന്നാമത്തെ പുത്രൻ ഈപ്പൻ തെക്കേക്കണ്ടത്തിൽതന്നെ താമസിച്ചു. നാലാമത്തെ മകൻ മത്തായി വൈദികനായിത്തീർന്നു. തെക്കേക്കണ്ടത്തിൽ മത്തായികത്തനാർ എന്ന പേരിൽ പിൽക്കാലത്തു പ്രസിദ്ധനായ ഇദ്ദേഹം വരാപ്പുഴ മാർ ബർണർദീനോസു് മെത്രാപ്പോലീത്തയുടെ സെക്രട്ടറിയായി അനേകവർഷം സേവനമനുഷ്ഠിച്ചിട്ടുണ്ടു്. ഈപ്പന്റെ ഇളയ മകൻ വക്കി ആലയ്ക്കാപ്പള്ളിൽ നിന്നും വിവാഹം കഴിച്ചു ഭത്തവകാശിയായി പോവുകയാണുണ്ടായതു്.

A) അഞ്ചേരിൽ ശാഖ

തെക്കേക്കണ്ടത്തിൽ ഈപ്പന്റെ പ്രഥമ പുത്രൻ ഇട്ടിച്ചെറിയ, കരിമണ്ണൂർ ചാലപ്പാട്ടുനിന്നു വിവാഹം

കഴിച്ചു് അഞ്ചേരിലേക്കു മാറിത്താമസിച്ചു. ഇദ്ദേഹത്തിനു് ഈപ്പൻ എന്ന ഒരു പുത്രനും, ഒരു പുത്രിയും മാത്രമാണുണ്ടായിരുന്നതു്. പുത്രിയെ മൈലാട്ടൂർ വിവാഹം ചെയ്യിച്ചയച്ചു. പുത്രൻ ഈപ്പൻ മീനച്ചിൽ പൂവത്താനിക്കുന്നേൽനിന്നു വിവാഹം കഴിച്ചു് അഞ്ചേരിൽ തന്നെ താമസിച്ചു. ഇദ്ദേഹത്തിനു ഇട്ടിച്ചെറിയ, ഔസേപ്പു്, ഈപ്പൻ എന്നു മൂന്നു പുത്രന്മാരും രണ്ടു പുത്രിമാരും ജാതരായി. ഇവരിൽ മൂത്ത പുത്രിയെ വെള്ളരിങ്ങാട്ടം, ഇളയപുത്രിയെ കുമരകത്തു കുട്ടക്കയത്തും വിവാഹം ചെയ്യിച്ചയച്ചു.

1) അഞ്ചേരിൽ ഇട്ടിച്ചെറിയ. അഞ്ചേരിൽ ഈപ്പന്റെ പ്രഥമ പുത്രൻ ഇട്ടിച്ചെറിയ മീനച്ചിൽ മാപ്പിളക്കുന്നേൽനിന്നു വിവാഹം കഴിച്ചു് മേലുകാവിലേക്കു താമസം മാറ്റി. ഇദ്ദേഹത്തിനു തൊമ്മൻ, ഔസേപ്പു്, സ്കറിയ, മത്തായി എന്ന നാലുപുത്രന്മാരും ഒരു പുത്രിയും ജനിച്ചു. പുത്രിയെ പാലായിൽ മൂലയിൽ അന്തോനിയാണു വിവാഹം കഴിച്ചതു്.

ഇട്ടിച്ചെറിയായുടെ പ്രഥമ പുത്രൻ തൊമ്മൻ മേലുകാവിൽത്തന്നെ താമസിച്ചു. ഇദ്ദേഹത്തിനു തൊമ്മൻ, ഔസേപ്പു്, മത്തായി എന്നു മൂന്നുപുത്രന്മാരും അന്നമ്മ എന്നൊരു മകളുമാണുണ്ടായിരുന്നതു്. അന്നമ്മയെ ഉള്ളനാട്ടു് പൊട്ടംപറമ്പിൽ ഔസേപ്പു് വിവാഹം കഴിച്ചു. ആൺമക്കൾ മൂന്നുപേരും വിവാഹിതരാണു്. ഇട്ടിച്ചെറിയായുടെ ദ്വിതീയപുത്രൻ ഔസേപ്പു് പൊരു

നോലിലായ പുഴക്കരനിന്ന വിവാഹം കഴിച്ചതിൽ ഇ ട്ടിച്ചെറിയ, കുഞ്ഞുകുട്ടി, ഔസേപ്പ്, മത്തക്കൊച്ച് എന്നീ ആൺമക്കളും മൂന്ന പെൺമക്കളും ജാതരായി. ഔസേപ്പ് കമ്മേലീത്താ സഭയിൽ സന്യാസിയാണ്. ഇട്ടിച്ചെറിയായുടെ മൂന്നാമത്തെ പുത്രൻ സ്കറിയ പ്രവി ത്താനത്ത് മുണ്ടനാട്ട് ഏലിയെ വിവാഹം കഴിച്ച് മേ ലുകാവിൽത്തന്നെ താമസിച്ചു. ഇദ്ദേഹത്തിന് ഇട്ടി ച്ചെറിയ(പാപ്പച്ചൻ)് ഔസേപ്പ്, ഈപ്പൻ, ചാക്കോ, ദേവസ്യാ, മൈക്കിൾ, മത്തായി എന്നീ ആൺമക്കളും ബ്രിജീത്താ എന്ന മകളുമുണ്ടായി. ബ്രിജീത്താ ചങ്ങ നാശ്ശേരി സെൻറ് ജോസഫ്സ് കോൺവൻറിൽ ക ന്യാസ്ത്രീയാണ്. ഇട്ടിച്ചെറിയ ജോഡ്പൂരിൽ എൻ ജിനീയറാണ്. ഈപ്പൻ ഇടമറുകിൽ അരീക്കാട്ട നിന്ന വിവാഹം കഴിച്ചു. ഇദ്ദേഹവും എൻജിനീയറാ ണ്. ചാക്കോ കാഞ്ഞൂർ ഹൈസ്കൂളിൽ അദ്ധ്യാപകനും മൈക്കിൾ കോഴിക്കോട് റീജിയനൽ എൻജിനീയറിം ഗ് കോളെജ് വിദ്യാർത്ഥിയുമാണ്. അടുത്തകാലത്ത് സ്കറിയയും കുടുംബവും മേലുകാവിൽനിന്ന കാഞ്ഞൂരേ ക്ക താമസം മാറിയിരിക്കയാണ്.

അഞ്ചേരിൽ ഇട്ടിച്ചെറിയായുടെ നാലാമത്തെ പുത്രൻ മത്തായി ഇടപ്പാടി മൂക്കൻതോട്ടത്തിൽ മറിയ ത്തിനെ വിവാഹം ചെയ്തതിൽ ബ്രിജീത്താ, മേരി, അ ന്നമ്മ എന്ന മൂന്ന പെൺമക്കൾ മാത്രമാണുണ്ടായത്. ഇവരിൽ ബ്രിജീത്തായെ ഉള്ളനാട്ടിൽ രാമപുരത്തു വീ ട്ടിലും അന്നമ്മയെ ഇടമറുകിലും വിവാഹം ചെയ്യിച്ച യച്ചു. മേരി സന്യാസിനീസഭയിൽ ചേർന്നു.

:) അഞ്ചേരിൽ ഔസേപ്പ്: അഞ്ചേരിൽ ഈപ്പ
ന്റെ ദ്വിതീയപുത്രൻ ഔസേപ്പ് മുകാലുനിന്നു് അന്ന
ായ വിവാഹം ചെയ്തതിൽ നാലു പുത്രന്മാരും, മൂന്നു പു
ത്രിമാരും ജനിച്ചു. ഭാര്യ മരിച്ചുപോയതിനാൽ, പാലാ
യിൽ കല്ലാശ്ശേരിയിൽ ഏലിയെ പുനർവിവാഹം ചെ
യ്തു. രണ്ടാം വിവാഹത്തിൽ ഒരു പുത്രനും ഒരു പുത്രി
യുംകൂടി ജാതരായി. ഭാര്യ നിര്യാതയായതിനാൽ വീ
ണ്ടും തലപ്പലത്തു വാഴയിൽനിന്നു് വിവാഹം ചെയ്തു.
ഈ വിവാഹത്തിൽ സന്താനങ്ങളുണ്ടായിരുന്നില്ല. പെ
ൺമക്കളിൽ മൂത്തവളായ അന്നമ്മയെ എറകോന്നി പ
ഴവൂരു ശ്രീ ജോസഫാണു വിവാഹം ചെയ്തതു്. രണ്ടാ
മത്തെ മകൾ മാമ്മിയെ പറമുണ്ടയിൽ ശ്രീ ജോസഫ്
വിവാഹം കഴിച്ചു. മൂന്നാമത്തെ മകൾ ഏലിക്കുട്ടി,
പ്രസിദ്ധ സാഹിത്യകാരനും, മലയാളപണ്ഡിതനുമായ
ശ്രീ ജെ. സി. പാലക്കീയുടെ സഹധർമ്മിണിയായിത്തീ
ർന്നു. ഇവർ ഇരുവരും ഗവ: സെക്രട്ടറിയേറ്റിൽ ഉ
ദ്യോഗംവഹിച്ചു് തിരുവനന്തപുരത്തു താമസിച്ചിരുന്നു.
നാലാമത്തെ മകൾ ത്രെസ്യായെ കുറുമണ്ണിൽ വട്ടക്കാവു
കൽ ശ്രീ ഈപ്പനാണു വിവാഹം ചെയ്തിരിക്കുന്നതു്.
ഇവരിൽ അന്നമ്മയും ഏലിക്കുട്ടിയും നിര്യാതരായി.

അഞ്ചേരിൽ ഔസേപ്പിന്റെ പ്രഥമപുത്രനാ
ണു് യശശ്ശരീരനായ ശ്രീ ഏ. ഒ. ജോസഫ് എം. എ.
എൽ. റ്റി. ഈ ഗ്രന്ഥരചയിതാവു്–(ജോസഫ് മാ
ത്യു) ഇദ്ദേഹത്തിന്റെ രണ്ടാമത്തെ പുത്രനാണു്. ഒരു
മാതൃകാധ്യാപകൻ എന്ന നിലയിലും പൊതുപ്രവർത്തക

നെന്ന നിലയിലും മീനച്ചിൽ താലൂക്കിലെ ജനങ്ങളുടെ സ്നേഹാദരങ്ങൾ സമ്പാദിച്ചിട്ടുള്ളയാളായിരുന്നു. ശ്രീ. ഏ. ഒ. ജോസഫ് 1898-ാമാണ്ടു് ജനിച്ചു. ശ്രീ. ജോസഫ് പാലായിലെ പ്രാഥമിക വിദ്യാഭ്യാസാനന്തരം, തുരുത്തിനാപ്പള്ളി സെൻറ് ജോസഫ്സ് ഹൈസ്കൂളിലും, കോളെജിലും പഠിച്ചു് എം. ഏ. ബിരുദം സമ്പാദിച്ചു. അതിനുശേഷം തിരുവനന്തപുരം ട്രെയിനിംഗ് കോളെജിൽനിന്നു് എൽ. റ്റി. പാസ്സായി, പാലാ സെൻറ് തോമസ് ഹൈസ്കൂളിൽ അദ്ധ്യാപകനായി സപ്രജീവിതം ആരംഭിച്ചു. ഏകദേശം 28 വർഷക്കാലത്തെ സേവനത്തിനുശേഷം 1947-ൽ ഉദ്യോഗം രാജിവച്ചു സ്വന്തമായി ബിസ്സിനസ് ആരംഭിച്ചു.

ഇക്കാലത്തായിരുന്നു പാലായിൽ ഒരു കോളെജ് സ്ഥാപിക്കാനാലോചനയുണ്ടായതു്. കോളെജ് സ്ഥാപനക്കമ്മിറ്റിയിലെ ഒരു സജീവാംഗമായിരുന്ന ശ്രീ ജോസഫ് പാലാ സെൻറ് തോമസ് കോളെജിന്റെ സ്ഥാപനത്തിനുവേണ്ടിനിസ്വാർത്ഥമായി പ്രവർത്തിച്ചു. 1950-ൽ കോളെജ് സ്ഥാപിച്ചപ്പോൾ അദ്ദേഹം ഹിസ്റ്ററി ലക്ചററായി ജോലിയിൽ പ്രവേശിച്ചു. 1957-ൽ പാലാ സെന്റ് തോമസ് ട്രെയിനിംഗ് കോളെജ് സ്ഥാപിച്ചപ്പോൾ അതിന്റെ പ്രഥമ പ്രിൻസിപ്പലായി നിയമിക്കപ്പെട്ടതു് ശ്രീ ജോസഫായിരുന്നു. ട്രെയിനിംഗ് കോളെജ് പ്രിൻസിപ്പലായി തുടരവേ 1961 ജൂലായ് 31-നു് ഔദ്യോഗികമുഖം ഇദ്ദേഹം നിരുത്തനായി. മീനച്ചിൽ താലൂക്കിന്റെ എല്ലാ

പൊതുപ്രശ്നങ്ങളിലും സജീവമായ പങ്കുവഹിച്ചിരുന്ന ഇദ്ദേഹം ഒരു നല്ല വാഗ്മികൂടിയായിരുന്നു. പാലായിൽ സഹകരണപ്രസ്ഥാനത്തിന്റെ ജനയിതാക്കളിലൊരാളായ ഇദ്ദേഹം മുന്നിട്ടുനിന്നു പ്രവർത്തിച്ചാണു് മീനച്ചിൽ സഹകരണബാങ്കു സ്ഥാപിച്ചതു്. ഒരു പ്രൈമറി അദ്ധ്യാപകനായിരുന്ന ഇദ്ദേഹം കേരളാ യൂണിവേഴ്സിറ്റിയുടെ സെനറ്റിൽ പല പ്രാവശ്യം അംഗമായിരുന്നിട്ടുണ്ടു്. അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിലെ ഒരു സജീവ പ്രവർത്തകനായിരുന്ന ജോസഫ് കോൺഗ്രസ് ജനറൽ സെക്രട്ടറിയായിരുന്ന സംഘടനയുടെ നേതൃത്വം നല്കിയിട്ടുണ്ടു്. എല്ലാ പൊതുപ്രവർത്തനങ്ങളിലും മുന്നിട്ടുനിന്നു പ്രവർത്തിച്ചിരുന്നു. അദ്ദേഹത്തിന്റെ സൽക്കീർത്തി നിലനില്ക്കുന്നതിനു കാരണം ഒരു പക്ഷേ എല്ലാ അവസരങ്ങളിലും അദ്ദേഹം സ്വാർത്ഥരഹിതമായി പെരുമാറി എന്നതാവാം. ഏ. ഒ. സാർ എന്ന പേരിലറിയപ്പെട്ടിരുന്ന ഇദ്ദേഹത്തിന്റെ സ്മരണയെ നിലനിറുത്താനായി പാലാ മുനിസിപ്പാലിറ്റിയിൽനിന്നു്, ഇദ്ദേഹത്തിന്റെ വസതിക്കു മുൻപിലൂടെയുള്ള റോഡിനു ഏ. ഒ. റോഡെന്നു നാമകരണം ചെയ്തിട്ടുണ്ടു്. അതുപോലെതന്നെ പാലാ സെൻറ് തോമസ് ടെയിനിംഗ് കോളെജിൽ ഇദ്ദേഹത്തിന്റെ നാമത്തിൽ ഒരു ലൈബ്രറി കെട്ടിടം പണിയുകയും അദ്ദേഹത്തിന്റെ ഛായാപടം അവിടെ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടു്. ജോസഫ് വിവാഹം ചെയ്തതു് പാലാ അങ്ങാടിയിൽ രാമപുരത്തുവീട്ടിൽ ശ്രീ മത്തച്ചന്റെ മൂത്തമകൾ ശ്രീമതി ഏലിയാമ്മയെയാണു്. ഈ ദമ്പ



ചക്കൻകുളത്തു് (പാലിയേക്കന്നേൽ) കുടുംബം

ഇരിക്കുന്നവർ: L. R. ചെറിയാൻ റോസ, അവിരാ ചെറിയാൻ,
കെ. പി. ചാക്കോ രനട്ടമ്പൂരം, പ്രൊഫസർ പി. സി. മേരി

നില്ക്കുന്നവർ: L. R. പി. സി. അബ്രാഹം, പി. സി. ജോസു്,
പി. സി. കര്യൻ & പി. സി. തോമസു്

ഇട്ടിച്ചെറിയത്തു് അവിരാ
കുടുംബനാഥൻ

ജനനം: 15–5–1876
മരണം: 27–7–1971

See Page 87



അഞ്ചേരിൽ സ്റ്റാറിയായുടെ കുടുംബം

ഇരിക്കുന്നവർ: (ഇ. വ.) ഇമ്മാനുവൽ ജോസ് ചീരാങ്കുഴി, ജോസഫ് അന്ന പഴൂർ, ജോസഫ് സ്റ്റാറിയാ, ജോബ്, ഏലിയാമ്മ സ്റ്റാറിയാ, എ. എസ്. ജോസഫ് M. Sc.

നില്ക്കുന്നവർ: ജസ്സമ്മ, പെണ്ണമ്മ R. N. R. M., ഇത്താമ്മ, മേരിയമ്മ

See Pages 101 & 102



അഞ്ചേരിൽ ഈപ്പൻ ഔസേപ്പ്
(കുഞ്ഞവുത)

ജനനം: 1050 കർക്കടകം 31

മരണം: 1105 കർക്കടകം 1

See Page 94

തിമാക്ക് മൂന്നു ആൺമക്കളും അഞ്ചു പെൺമക്കളുമുണ്ടായി. മൂത്തമകൻ ഏ. ജെ. ജോസഫ് ബി. എസ്. സി. ബി. ററി. പൂവരണി നടുത്തൊട്ടിയിൽ ശ്രീമതി അന്നമ്മ ബി. എ., ബി. ററി. യെ വിവാഹം ചെയ്തു. ശ്രീ ജോസഫ് പാലാ സെൻറ് തോമസ് ഹൈസ്കൂളിലും അന്നമ്മ പാലാ സെൻറ് മേരീസ് ഹൈസ്കൂളിലും ഒന്നാം ഗ്രേഡ് അദ്ധ്യാപകരാണു്. ഇവക്ക് സിബി, സുജി എന്നു രണ്ടാൺകുട്ടികളുള്ളവർ രണ്ടും വിദ്യാർത്ഥികളാണു്. ജോസഫിൻെറ രണ്ടാമത്തെ പുത്രൻ മാത്യു (ജോസഫ് മാത്യു എം. എസ്സ്സി.) ചക്കാമ്പുഴ വെട്ടുകല്ലേൽ ചാക്കോച്ചൻെറ പുത്രി തങ്കമ്മയെയാണു് വിവാഹം കഴിച്ചിരിക്കുന്നതു്. പാലാ സെൻറ് തോമസ് കോളെജിൽ ഫിസിക്സ് ലക്ചററായ മാത്യു പാലാ മുനിസിപ്പൽ കൗൺസിൽ അംഗവും പാലാ മിൽക്ക് സപ്ലൈസ് സഹകരണസംഘം ഭരണസമിതി അംഗവുമാണു്. ഈ ഗ്രന്ഥകർത്രിയായ മാത്യുവിനു ബിന്ദു എന്നു പേരായ ഒരു പെൺകുട്ടിയുണ്ടു്. ഏ. ഒ. ജോസഫിൻെറ ഇളയപുത്രൻ തോമസ് (ജോസ് തോമസ് അഞ്ചേരി എം. എസ്സ്സി.) കോഴിക്കോട്ട് സെൻറ് ജോസഫ്സ് കോളെജിൽ കെമിസ്ട്രി ലക്ചററാണു്. ജോസഫിൻെറ പുത്രിമാരിൽ മൂത്തവളായ അന്നക്കുട്ടിയെ (കുട്ടിയമ്മ) ആരക്കുഴ മാളിയേക്കൽ ശ്രീ എം. എം. മാത്യുവാണു വിവാഹം ചെയ്തിരിക്കുന്നതു്. ഇവക്ക് നാലാൺമക്കളും മൂന്നു പെൺകുട്ടികളുമുണ്ടു്. ജോസഫിൻെറ രണ്ടാമത്തെ പുത്രി മറിയക്കുട്ടിയെ

പൂഞ്ഞാററിൽ ഈന്തുംപ്ളാക്കൽ കുന്നേൽ ശ്രീ. ജോ ജ്ജ് വിവാഹം ചെയ്തു. മറിയക്കുട്ടി (മിസ്സസ് മറിയ ക്കുട്ടി ജോജ്ജ് എം. എ.) പാലാ അൽഫോൻസാ കോളെജിൽ ഇംഗ്ലീഷ് പ്രൊഫസറും, ജോജ്ജ് ഹിന്ദു സ്ഥാൻ സ്റ്റീൽ കമ്പനി കൊച്ചി ബ്രാഞ്ചു മാനേജരുമാ ണ്. ജോസഫിന്റെ മൂന്നാമത്തെ മകൾ ത്രേസ്യാമ്മയെ ഇടമറുക് ഞാററുകാലായിൽ ശ്രീ എൻ. ജെ. ദേവസ്യാ എം. എ. യാണ് വിവാഹം ചെയ്തിരിക്കുന്നതു്. ത്രേസ്യാ മ്മ (മിസ്സസ് ത്രേസ്യാമ്മ ദേവസ്യാ ബി. എ. ബി. ററി.) പാലാ ജൂണിയർ ടെക്നിക്കൽ സ്കൂളിൽ അദ്ധ്യാ പികയും, ദേവസ്യാ ആലുവാ എഫ്. ഏ. സി. ററി. യിൽ സെയിൽസ് അസി: മാനേജരുമാണ്. ശ്രീ എ. ഒ. ജോ സഫിന്റെ നാലാമത്തെ മകൾ ആലീസ് വിദ്യാർത്ഥി നിയായിരിക്കുമ്പോൾത്തന്നെ ഹൃദയസംബന്ധമായ അ സുഖംനിമിത്തം 1962 ജൂൺ 11-ന് അകാലചരമം പ്രാപിച്ചു. ജോസഫിന്റെ ഇളയപുത്രി സിസിലിയാ മ്മ ജോസഫ് ബി. എസ്സി. ഡി. പി. എഡ്. തിരുവനന്തപുരം ഗവ: എൻജനീയറിംഗ് കോളെജിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ലക്ചററായി ജോലി നോക്കിവരുന്നു. ശ്രീ. ഏ. ഒ. ജോസഫിന്റെ പത്നി ശ്രീമതി ഏലിയാമ്മ സ്വപുത്രന്മാരോടൊത്തു് തന്റെ വസതിയിൽ സുഖമായി കഴിഞ്ഞു വരുന്നു.

അഞ്ചേരിൽ ഔസേപ്പിന്റെ ദ്വതീയ പുത്രൻ മാത്യു (മത്ത) വെള്ളാത്തോട്ടത്തിൽ ശ്രീമതി അന്നമ്മ യെ വിവാഹം കഴിച്ചു. സ്വന്തമായി കൃഷിയും ബി

സ്സിനസ്സും നടത്തിവരുന്ന ഇദ്ദേഹം മേലുകാവിലാണു് താമസമുറപ്പിച്ചതു്. പിൽക്കാലത്തു ക്രൂടതൽ സൗകര്യാർത്ഥം പാലായിൽ തന്റെ തറവാട്ടുകെട്ടിടത്തിലേക്കു തന്നെ താമസം മാറ്റുകയുണ്ടായി. ബിസിനസ്സു് രംഗത്തെന്നപോലെ തന്നെ സഹകരണരംഗത്തും ഇദ്ദേഹം മുന്നിട്ടു പ്രവർത്തിച്ചിട്ടുണ്ടു്. മേലുകാവു സർവീസു് കോ ഓപ്പറേറ്റീവു് ബാങ്കു സ്ഥാപിക്കാൻ മുന്നിട്ടു നിന്നു പ്രവർത്തിക്കുകയും അതിന്റെ പ്രസിഡൻറായി 12 വർഷക്കാലം ഇദ്ദേഹം സേവനം അനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ടു്.

ഇദ്ദേഹത്തിനു ജോസഫു്, മാത്യു എന്നു രണ്ടു പുത്രന്മാരും അന്നക്കുട്ടി, മറിയക്കുട്ടി, ത്രേസ്യാമ്മ, ആലീസു്, പെണ്ണമ്മ, ലീല, ഗ്രേസി, എന്നിങ്ങനെ ഏഴു പുത്രിമാരും ജാതരായി. പുത്രിമാരിൽ പെണ്ണമ്മ ചെറുപ്പത്തിലേ തന്നെ നിര്യാതയായി. മൂത്തമകൾ അന്നക്കുട്ടിയെ തിടനാടു് കുമ്മണ്ണൂപ്പറമ്പിൽ ശ്രീ. ജോസഫും, രണ്ടാമത്തെ പുത്രി മറിയക്കുട്ടിയെ കുറുമണ്ണു് അമ്പുകുണ്ടത്തിൽ ശ്രീ. തോമസും, മൂന്നാമത്തെ പുത്രി ത്രേസ്യയെ മേലുകാവു് വട്ടക്കാനായിൽ ശ്രീ ജോസഫും, നാലാമത്തെ മകൾ ആലീസിനെ മേലുകാവിൽ ഞാറയ്ക്കാട്ടു് കുഞ്ഞും (എൻ. കെ. മാത്യു ബി. എസ്സു്സി. ബി. റ്റി.) വിവാഹം കഴിച്ചു. ഇളയ പുത്രിമാർ ലീലയും ഗ്രേസിയും വിദ്യാർത്ഥിനികളാണു്. മൂത്തപുത്രൻ ശ്രീ. ജോസഫു് തിടനാടു് കുമ്മണ്ണൂപറമ്പിൽ പെണ്ണമ്മയെ വിവാഹം ചെയ്തു മേലുകാവിൽ താമസിച്ചു വരുന്നു.

ഇദ്ദേഹത്തിനു് ബാബു, ജോജ്ജു്, സോമൻ, ടോമി, ജെയിംസു്, മാർട്ടിൻ എന്ന ആറുപുത്രന്മാരും ആൻസമ്മ, ജോയിമ്മ എന്ന രണ്ടു പുത്രിമാരുമുണ്ടു്. ഇവരെല്ലാവരും വിദ്യാർത്ഥികളാണു്. അഞ്ചേരിൽ മത്തച്ചന്റെ ഇളയപുത്രൻ മാത്യു(ജോയി) ബി. എസ്സ്സി. ബി. എൽ. പാസ്സായി പാലായിൽ അഡ്വോക്കറേറായി പ്രാക്ടീസു ചെയ്യുന്നു. ഇദ്ദേഹം അവിവാഹിതനാണു്.

അഞ്ചേരിൽ ഔസേപ്പിന്റെ മൂന്നാമത്തെ പുത്രൻ തോമസു് (ഡോ: എ. ജെ. തൊമ്മൻ) കൊട്ടാരത്തിൽ ശ്രീകുഞ്ഞിപ്പു മാത്യുവിന്റെപുത്രി മേരിയെയാണവിവാഹംചെയ്തിരിക്കുന്നതു്. മദ്രാസു് മെഡിക്കൽ കോളെജിൽനിന്നുബിരുദം സമ്പാദിച്ചശേഷംഗവ:സർവ്വീസിൽ പ്രവേശിച്ച ഡോ. തൊമ്മൻ ആലപ്പുഴ, കോട്ടയം, തൃശ്ശൂർ എന്നിവിടങ്ങളിൽ അസി: ഡി. എം. ഓ. ആയി സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. സർവ്വീസിലിരിക്കവേ ഡോ. തൊമ്മൻ കൽക്കട്ട, ഡൽഹി മെഡിക്കൽ കോളെജുകളിൽ ഉപരിപഠനം നടത്തി ഡി. പി. എച്ചു്. തുടങ്ങിയ ഉന്നതബിരുദങ്ങളും ഡിപ്ലോമകളും സമ്പാദിച്ചു. സർവ്വീസിൽനിന്നു റിട്ടയർ ചെയ്തു പാലായിൽ താമസമാരംഭിച്ച ഡോ. തൊമ്മൻ 1968 ഒക്ടോബർ 26 നു ഹൃദയസ്തംഭനംമൂലം നിര്യാതനായി. ഡോ. തൊമ്മനു സണ്ണി, പാപ്പച്ചൻ, ജോയി എന്നു മൂന്നാൺമക്കളും, ഡോട്ടി, ഏലിയാമ്മ, ലില്ലിക്കുട്ടി എന്നീ മൂന്നു പെൺമക്കളുമുണ്ടു്. മൂത്തമകൾ ഡോട്ടിയെ കായാമ്മാക്കൽ ശ്രീ ഫിലിപ്പാണു വിവാ

ഹം ചെയ്തിരിക്കുന്നതു്. ഫിലിപ്പ് സ്റ്റോറ് ബാങ്കു് ഓഫ് ട്രാവൻകൂർ രാമപുരം ബ്രാഞ്ചു മാനേജരാണു്. ഏലിയാമ്മയും ലില്ലിക്കുട്ടിയും വിദ്യാർത്ഥിനികളാണു്. ഡോ: തൊമ്മന്റെ മൂത്തപുത്രൻ സണ്ണി (കുഞ്ഞൻ ഡോ: എ. റ്റി. ജോസ് എം. ബി. ബി. എസ്സ്.) മെഡിക്കൽ ബിരുദം പാസ്സായ ശേഷം ഗവ: സർവ്വീസിൽ ചേർന്നു. പിന്നീടു് മിലിട്ടറി സർവ്വീസിൽ കുറച്ചുനായി ജമ്മു—കാശ്മീരിൽ ജോലി നോക്കി. ഇപ്പോൾ ഇദ്ദേഹം ആലപ്പുഴ ഡിസ്ട്രിക്ട് ആശുപത്രിയിൽ അസി: സർജനായി സേവനം അനുഷ്ഠിച്ചു വരുന്നു. ഇദ്ദേഹം വിവാഹം ചെയ്തിരിക്കുന്നതു് തലയോലപ്പറമ്പിൽ ഡോ: മാത്യു മാണിക്കത്തിന്റെ പുത്രി ബെറിയെയാണു്. ഡോ: തൊമ്മന്റെ ഇളയ പുത്രന്മാർ പാപ്പച്ചനും, ജോണിയും വിദ്യാർത്ഥികളാണു്.

അഞ്ചേരിൽ ഔസേപ്പിന്റെ നാലാമത്തെ പുത്രൻ സ്കറിയാ വിളക്കുമാടം കൊരട്ടിയിൽ ശ്രീമതി ത്രേസ്യായെയാണു വിവാഹം ചെയ്തിരിക്കുന്നതു്. സഹകരണപ്രസ്ഥാനത്തിൽ വിശ്വാസമായ ഇദ്ദേഹം, മീനച്ചിൽ സഹകരണബാങ്കിന്റെ സ്ഥാപനകാലം മുതൽ അതിന്റെ സെക്രട്ടറിയായി ജോലി നോക്കിവരുന്നു. അതോടൊപ്പം തന്നെ തീക്കോയി റബ്ബേഴ്സ് കമ്പനിയിലും ഉദ്യോഗം നോക്കി വരുന്നു. ഇദ്ദേഹത്തിനു ജോസഫ്, ജോബ് എന്നു രണ്ടാൺമക്കളും അന്നക്കുട്ടി, ത്രേസ്യാമ്മ, ജസ്സമ്മ, മേരിയമ്മ എന്നു നാലു പെൺമക്കളുമുണ്ടു്. മൂത്തപുത്രി അന്നക്കുട്ടി(പെണ്ണമ്മ) കുവൈത

ഡയിൽ ഉദ്യോഗസ്ഥയാണു്. രണ്ടാമത്തെ മകൾ ത്രേസ്യാമ്മയെ, ചീരാംകുഴിയിൽ ശ്രീ പാപ്പച്ചനാണു വിവാഹം ചെയ്തിരിക്കുന്നതു്. ഇവർ ഇപ്പോൾ അറക്കളത്തു താമസിച്ചു വരുന്നു. ഇളയ പുത്രിമാർ രണ്ടും വിദ്യാർത്ഥിനികളാണു്. അഞ്ചേരിൽ സ്റ്റീഫന്റെ മൂത്തപുത്രൻ ജോസഫ് (എ. എസ്സ്. ജോസഫ് എം. എസ്സ്സി.) കൈനകരി കോയിത്തറ ശ്രീമതി ആനിയമ്മയെയാണു് വിവാഹം ചെയ്തിരിക്കുന്നതു്. ഇദ്ദേഹം കുത്തുപറമ്പു് നിർമ്മലഗിരി കോളെജിൽ ഫിസിക്സ് പ്രൊഫസറാണു്. ഇളയപുത്രൻ ജോബിച്ചൻ പാലാ സെൻറ് വിൻസെൻറ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വിദ്യാർത്ഥിയാണു്.

അഞ്ചേരിൽ ഔസേപ്പിന്റെ ഇളയ പുത്രൻ ഈപ്പൻ കടനാട്ടിൽ പാണ്ടിയന്മാക്കൽ ശ്രീമതി മേരിയെയാണു വിവാഹം കഴിച്ചിരിക്കുന്നതു്. അദ്ധ്യാപകനായി ജീവിതം ആരംഭിച്ച ശ്രീ ഈപ്പൻ പിന്നീടു് ഗവ: സർവ്വീസിൽ ചേരുകയും ഇപ്പോൾ മീനച്ചിൽ സബ് ട്രഷറി ആഫീസിൽ ട്രഷററായി ജോലി നോക്കി വരികയും ചെയ്യുന്നു. ഇദ്ദേഹത്തിനു ബേബി, റോയി, സണ്ണി എന്നു മൂന്നാൺമക്കളും എത്സമ്മ, കുമാരി, തങ്കമ്മ എന്നിവരുൾപ്പെടെ അഞ്ചു പെൺമക്കളുമുണ്ടു്. എത്സമ്മയെ അറക്കളത്തു മൈലാട്ടൂർ അപ്പച്ചൻ വിവാഹം കഴിച്ചു. കുമാരി ഏഴാച്ചേരിൽ വേരനാനിക്കൽ മത്തായിച്ചന്റെ സഹധർമ്മിണിയാണു്. തങ്കമ്മ രാമപുരം ക്ലാരമഠത്തിലെ സന്യാസിനിയാണു്. മറ്റു കുട്ടികൾ എല്ലാവരും വിദ്യാർത്ഥികളാണു്.

3) അഞ്ചേരിൽ ഈപ്പൻ

അഞ്ചേരിൽ ഈപ്പന്റെ ഇളയമകൻ ഈപ്പന് ജോസഫ്, വക്കി, തോമ്മാ, അവിരാ എന്നു നാലാൺ മക്കളും അന്നമ്മ, മാമ്മി, കുഞ്ഞേലി എന്നു മൂന്നു പെൺമക്കളുമുണ്ടു്. ഇവരിൽ അന്നമ്മയെ പൂഞ്ഞാറൻ കുടുംബത്തിലും, കുഞ്ഞേലിയെ ചിറാറാറിലും വിവാഹം ചെയ്യിച്ചയച്ചു. മാമ്മിയെ രാമപുരത്തു തോട്ടങ്കൽ ശ്രീ ആഗസ്തിയാണു വിവാഹം ചെയ്തതു്. ഇദ്ദേഹം രാമപുരത്തു് സബ്രജിസ്ട്രാറായി ജോലി നോക്കിവരുന്നു.

പുത്രന്മാരിൽ ജോസഫ്, അവിരാ എന്നിവർ വിവാഹാനന്തരം മലബാറിലേക്കു താമസം മാറ്റി. വക്കി വിവാഹം ചെയ്തതു പൈക്കത്തുനിന്നുമാണു്. ഇദ്ദേഹത്തിനു് ഈപ്പൻ എന്നൊരു പുത്രനും, തങ്കമ്മ എന്ന ഒരു പുത്രിയുമുണ്ടു്. തങ്കമ്മയെ പിഴകിൽ ഇരുവേലിക്കുന്നേൽ വിവാഹം ചെയ്യിച്ചയച്ചു. ഈപ്പൻ (കുട്ടപ്പൻ) അറയ്ക്കൽ കുന്നംപുറത്തുനിന്നാണു് വിവാഹം ചെയ്തിരിക്കുന്നതു്. അഞ്ചേരിൽ ഈപ്പന്റെ മൂന്നാമത്തെ പുത്രൻ തോമ്മാ രാമപുരത്തുനിന്നു വിവാഹം ചെയ്തു തറവാട്ടിൽത്തന്നെ താമസിക്കുന്നു.

B) ഒഴാക്കൽ ശാഖ

തെക്കേക്കണ്ടത്തിൽ ഈപ്പന്റെ ദ്വിതിയപുത്രൻ തൊമ്മൻ കവളമ്മാക്കൽനിന്നു വിവാഹം ചെയ്തു

ഒഴാക്കലേക്കു മാറിത്താമസിച്ചു. ഇട്ടേഹത്തിനു് ഈപ്പൻ എന്ന ഒരു പുത്രൻ മാത്രമേ ജാതനായതു്. ഇട്ടേഹം പാലാ നീലിയറനിന്നു വിവാഹം കഴിച്ചതിൽ നാലു പുത്രന്മാരും രണ്ടു പുത്രിമാരും ജാതരായി. ഇത്തരുണത്തിൽ ഒഴാക്കൽ തൊമ്മൻ നിർധനനാവുകയും മക്കൾ വസ്തുക്കൾവിറ്റു് മലബാറിലേക്കു താമസം മാറുകയും ചെയ്തു.

C) തെക്കേക്കണ്ടം ശാഖ

തെക്കേക്കണ്ടത്തിൽ ഈപ്പന്റെ മൂന്നാമത്തെ പുത്രൻ ഈപ്പൻ രാമപുരത്തു കോട്ടിരിക്കൽനിന്നു വിവാഹം ചെയ്തു തറവാട്ടിൽത്തന്നെ താമസമാക്കി. ഇട്ടേഹത്തിനു നാലു പുത്രന്മാരും മൂന്നു പുത്രിമാരുമുണ്ടായി. പുത്രിമാരിൽ ഒരാളെ പള്ളിവാതുക്കലും, മറെറാരാളെ മംഗലത്തിലും വിവാഹം ചെയ്യിച്ചയച്ചു. പുത്രന്മാർ ഈപ്പൻ, ഈട്ടിയവിരാ, അന്ത്രയോസ്, തൊമ്മൻ എന്നിവരായിരുന്നു.

1) തെക്കേക്കണ്ടത്തിൽ ഈപ്പൻ

ഇട്ടേഹം പാലായിൽ വടക്കേൽനിന്നു വിവാഹം കഴിച്ചതിൽ ഔസേപ്പു്, മത്തായി എന്നു രണ്ടു പുത്രന്മാരും മറിയം, അനസ്താസിയാ എന്നു രണ്ടു പെൺമക്കളുമുണ്ടായി. പെൺമക്കളിൽ ഇളയവൾ കർമ്മലീത്താ സന്യാസസഭയിൽ സിസ്റ്റർ അനസ്താസിയ എ



കൊട്ടാരത്തിൽ പെ. ബ. യൌസേപ്പച്ചന്റെ പൌരോഹിത്യ സുവർണ്ണജൂബിലിയാഘോഷത്തിൽ (2–10–1924) പാലാ വലിയപള്ളിയിലെ എല്ലാ ഇടവക, സന്യാസവൈദികരും സംബന്ധിച്ചിരുന്നു. എറകോന്നി കടുംബത്തിൽപ്പെട്ട തലച്ചിറെ ബ. മത്തായിച്ചൻ (1), ജൂബിലേറിയൻ ബ. യൌസേപ്പച്ചൻ (2), ചക്കൻകുഴത്തു ബ. മത്തായിച്ചൻ C. M. I. (3), കളപ്പുരയ്ക്കൽ ബ. അന്ത്രയോസച്ചൻ (4), കിഴക്കേക്കരപീടികയിൽ ബ. യൌസേപ്പച്ചൻ (5), കിഴക്കേക്കര ബ. കുഞ്ഞലോച്ചൻ (6) എന്നിവരെ പടത്തിൽ കാണാം.



ഇരിക്കുന്നവർ: (ഇ.വ.) റവ. ഫാദേർസ് തോമസ് തലച്ചിറ, മാത്യു തലച്ചിറ, മാത്യു ചക്കൻകുളം (C. M. I.), മാത്യു തലച്ചിറ & ജോസഫ് ചക്കൻകുളം. നില്ക്കുന്നവർ: (ഇ.വ) ജോസഫ് ചക്കൻകുളത്തു കളപ്പുരയിൽ, സിസ്റ്റേർസ് പ്രെമ്മേനാ, മേരി & ഏഗ്നസ്തരീത്താ, പൌലോസ് വെള്ളിമൂഴയിൽ.

ന്നപേരിൽ സന്യാസിനിയാണ്. സിസ്റ്റർ അനസ്താസിയാ ഇപ്പോൾ മുണ്ടാകൽ കമ്മേലമഠത്തിൽ താമസിക്കുന്നു.

ഈപ്പന്റെ പ്രഥമ പുത്രൻ ഔസേപ്പ് മണ്ണനാൽ നിന്നു വിവാഹം ചെയ്തതിൽ ഔസേപ്പ്, കുര്യാക്കോസ് എന്നു രണ്ടാൺമക്കളും ആറുപെൺമക്കളും ജാതരായി. പെൺമക്കളിൽ മൂന്നുപേർ കന്യാസ്ത്രീമാരാണ്. ഇവർ കമ്മേലീത്താ സഭയിലെ സി: ബർണദീത്താ സി: റീത്ത എന്നിവരും ക്ലാരമഠത്തിലെ സി: സ്കോളാസ്റ്റിക്കായുമാണ്. മൂത്തപുത്രൻ ഔസേപ്പ് വെള്ളൂമൂഴിയിൽ നിന്നു വിവാഹം ചെയ്തതിൽ ഒരു പെൺകുട്ടി മാത്രമേയുള്ളൂ. ഇളയപുത്രൻ കുര്യാക്കോസ് തീക്കോയി മേക്കാട്ടുനിന്നു വിവാഹം കഴിച്ചു. ഇദ്ദേഹത്തിനു് ഔസേപ്പ്, തോമ്മാ, സെബാസ്റ്റ്യൻ, പീയൂസ് എന്നു നാലാൺമക്കളും അഞ്ചുപെൺമക്കളുമുണ്ട്. ഇവരിൽ മൂത്തമകൻ ഔസേപ്പ് അന്തീനാട്ടു മഞ്ഞക്കുന്നേൽനിന്നു വിവാഹം ചെയ്തു. മൂത്തമകളും ഏലിയാമ്മ കമ്മേലീത്താ സഭയിൽ സി: ഇൻഫന്റ് മേരി എന്ന പേരിൽ സന്യാസിനിയാണ്. കുര്യാക്കോസിന്റെ മറ്റു മക്കളെല്ലാവരും വിദ്യാർത്ഥികളാണ്.

ഈപ്പന്റെ ദ്വിതീയ പുത്രൻ മത്തായി പ്രവിത്താനത്തു് കല്ലറയ്ക്കൽനിന്നു വിവാഹം ചെയ്തു. ഇദ്ദേഹത്തിനു് ഈപ്പൻ, തോമ്മാ, അന്ത്രയോസ്, മത്തായി, കുര്യാക്കോസ്, ജോർജ്ജ് എന്നു ആറു പുത്രന്മാരും

രണ്ടു പുത്രിമാരും ജനിച്ചു. പുത്രിമാരിൽ ഒരാളാണ് കർമ്മെലീത്താസഭയിലെ സി: കൊച്ചുത്രേസ്യാ.

1) ഇയ്യപ്പൻ. ഇദ്ദേഹം വാഴച്ചാരിക്കൽനിന്നു വിവാഹം ചെയ്തു. മാത്തപ്പൻ, ജോണി, മാർട്ടിൻ, വിന്നി, ടോമി, ദാസ് എന്നു് ആറു് ആൺമക്കളും നാലു പെൺമക്കളുമാണ് ഇദ്ദേഹത്തിനുള്ളതു്. അവരെല്ലാം വിദ്യാത്ഥികളാണ്. 2) തോമ്മാ ആദ്യം തറപ്പേൽനിന്നും ,വീണ്ടും കുന്നോന്നിയിൽ വലിയപറക്കാട്ടിൽനിന്നും വിവാഹം ചെയ്തു രണ്ടുവിവാഹത്തിലുമായി ജോസ്, മാത്യു, എമ്മാനുവൽ, ജോജ്ജ്, ആൻഡ്രൂസ്, സിറിയക്ക്, തോമസ് എന്നു് ഏഴു് ആൺമക്കളും, അഞ്ചു പെൺമക്കളുമുണ്ട്. ഇവരിൽ മൂത്തമകൻ വിവാഹിതനാണ്. മറ്റുള്ളവർ വിദ്യാഭ്യാസം ചെയ്യുവരുന്നു. 3) അന്ത്രയോസ്. ഇദ്ദേഹം മുത്തോലി ഏലവനാൽനിന്നു വിവാഹം ചെയ്തതിൽ മാത്യു, ജോജ്ജ് എന്നു രണ്ടു പുത്രന്മാരും, ആറു പുത്രിമാരും ജാതരായി. ഒരു പുത്രി റോസമ്മ ബസ് വാഡായിൽ സെൻറ് ആൻസ് സഭയിൽ സിസ്റ്റർ ആൻഡ്രൂമാ എന്ന പേരിൽ സന്യാസിനിയാണ്. മറ്റു കുട്ടികൾ വിദ്യാഭ്യാസം ചെയ്യുവരുന്നു ശ്രീ ആൻഡ്രൂസ് ഒരു കോൺട്രാക്ടറായി പ്രവർത്തിക്കുന്നു. മലബാറിൽനിന്നുള്ള പ്രതിനിധിയായി അദ്ദേഹം കെ. പി. സി. സി യിൽ അംഗമായിരുന്നിട്ടുണ്ട്. 4) മത്തായി ഇദ്ദേഹം കർമ്മെലീത്താ സന്യാസസഭയിൽ ചേർന്ന് ഫാദർ സക്കറിയാസ് എന്ന പേരിൽ

വൈദികനായി. ഇദ്ദേഹം ഇപ്പോൾ പാലാ കൊല്ലീത്താ ആശ്രമത്തിൽ താമസിക്കുന്നു. 5) കുര്യാക്കോസ്. (ഠഠി. എം. കുര്യാക്കോസ്, ബി. എ., ബി എൽ.) ഇദ്ദേഹം പുളിക്കീൽനിന്നു വിവാഹം ചെയ്തതിൽ മാത്തുക്കുട്ടി, ജോജോ എന്നു രണ്ടാൺമക്കളും മൂന്നു പെൺമക്കളുമുണ്ട്. അവരെല്ലാം വിദ്യാഭ്യാസം ചെയ്തവരാണു. 6) ജോജ്ജ്. (ഠഠി. എം. ജോജ്ജ്, എം. എ) വക്കച്ചൻ എന്നു വിളിക്കപ്പെടുന്ന ഇദ്ദേഹം കുന്നേൽ കുഞ്ഞന്റെ മകൾ കൊച്ചുത്രേസ്യാമ്മയെ വിവാഹം ചെയ്തു. മക്കളായി ജോണി എന്നു രണ്ടു പുരുഷൻമക്കളും രണ്ടു പെൺമക്കളും ഇദ്ദേഹത്തിനുണ്ട്. അവർ നാലു പേരും പഠനം നടത്തിക്കൊണ്ടിരിക്കുന്നു.

2) തെക്കേക്കണ്ടത്തിൽ ഇട്ടിയവിരാ

തെക്കേക്കണ്ടത്തിൽ ഈപ്പന്റെ ദ്വിതീയപുത്രൻ ഇട്ടിയവിരാ പുളിവാതുക്കൽനിന്നു വിവാഹം ചെയ്തു വേലിക്കകത്തു താമസിച്ചു. ഇദ്ദേഹത്തിനു് നാലു പുത്രന്മാരും രണ്ടു പുത്രിമാരുമുണ്ടായി. പെൺമക്കളിൽ ഒരാളെ ഇളംപുരയിടത്തിലും മറ്റൊരാളെ മുകാട്ടിലും വിവാഹം ചെയ്തിച്ചയച്ചു. ആൺമക്കളിൽ ഈപ്പൻ പനയ്ക്കച്ചാലിൽനിന്നു വിവാഹം ചെയ്തു മലബാറിലേക്കു താമസം മാറി. രണ്ടാമത്തെ പുത്രൻ മത്തപൊൻകുന്നത്തു താമസിക്കുന്നു. മൂന്നാമത്തെ മകൻ അന്ത്രയോസ് തൊട്ടുപുഴ കോളപ്രയിൽ താമസമാക്കി. ഇളയപുത്രൻ കുഞ്ഞമ്മൻ കിഴക്കേ

ക്കൂ താഴത്തുവീട്ടിൽനിന്നു വിവാഹം ചെയ്തു പിഴകിൽ താമസിച്ചുവരുന്നു.

---

3) തെക്കേക്കണ്ടത്തിൽ അന്ത്രയോസ്

(കളപ്പുരയ്ക്കൽ ബ. അന്ത്രയോസ് മല്പാൻ)

തെക്കേക്കണ്ടത്തിൽ ഇയ്പ്പന്റെ മൂന്നാമത്തെ പുത്രൻ അന്ത്രയോസ് വൈദികനായി. ഇദ്ദേഹമാണ് പ്രസിദ്ധനായ കളപ്പുരയ്ക്കൽ ബ. അന്ത്രയോസ് മല്പാൻ. അരശ്ശതാബ്ദക്കാലം പുത്തൻപള്ളി—മങ്ങലപ്പുഴ സെമിനാരിയിൽ സുറിയാനി ഭാഷയുടെയും ലിറർജിയുടെയും ശില്പനായിരുന്ന ഇദ്ദേഹം. സുറിയായി വ്യാകരണം, നിഘണ്ടു, തക്സാ, ശവസംസ്കാരക്രമം, ദവഞ്ചരിപ്പു പുസ്തകം തുടങ്ങിയ അനവധി അമൂല്യഗ്രന്ഥങ്ങളുടെ നിർമ്മാണപ്രസിദ്ധീകരണങ്ങൾവഴി ബ. അന്ത്രയോസ് മല്പാനച്ചൻ ചെയ്തിട്ടുള്ള സേവനങ്ങൾ പ്രസിദ്ധമാണ്. വൈദികമേലദ്ധ്യക്ഷന്മാരും വൈദികരുമായി അനേകം ശിഷ്യന്മാരും ഇദ്ദേഹത്തിനുണ്ട്. 1864 മാർച്ച് 19-ാം തീയതി ഭ്രജാതനായ ബ. അന്ത്രയോസച്ചൻ 1944 നവംബർ 25-ാം തീയതി ദിവംഗതനായി. ഇദ്ദേഹം ജോലിയിൽനിന്നു വിരമിച്ചശേഷം വളരെക്കാലം എറണാകുളത്തുള്ള ബങ്കളാവിലും പിന്നീട് മരണംവരെ മേലുകാവു പള്ളിക്കലുള്ള ബങ്കളാവിലാണ് താമസിച്ചിരുന്നതു്. ബ. അന്ത്രയോസച്ചന്റെ മരണശേഷം അദ്ദേഹത്തിന്റെ സഹോദരപുത്രൻ വിൽപ്പത്രപ്ര

കാരം ലഭിച്ച ഏറ്റുമാനൂർ മുണ്ടിലെ ബങ്കളാവു് റവ. ഡോക്ടർ സി. റ്റി. കൊട്ടാരം വിലയ്ക്കുവാങ്ങി ആധുനികരീതിയിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി അവിടെ താമസിച്ചുവരുന്നു. "കൊട്ടാരം ബങ്കളാവു്" എന്നറിയപ്പെടുന്ന ആ മന്ദിരത്തിലാണു് ഏറ്റുമാനൂർ പുത്തനുര കുടുംബയോഗം ആഫീസു് താല്ക്കാലികമായി സ്ഥിതിചെയ്യുന്നതു്. കുടുംബയോഗത്തിന്റെ രക്ഷാധികാരിക്കുടിയാണു് ഡോ. കൊട്ടാരം. എല്ലാവരാലും ബഹുമാനിക്കപ്പെട്ടുപോന്ന ബഹുമല്പാനച്ചന്റെ ജീവചരിത്രവും, ആദ്ധ്യാത്മികവും ഭൗതികവുമായ നേട്ടങ്ങളും മറ്റും ശേഖരിച്ചുകൊണ്ടു്, "കരുപ്പുരയ്ക്കൽ അന്ത്രയോസു് മല്പാൻ" എന്ന പേരിൽ ഒരു പുസ്തകം മംഗലപ്പുഴ സെമിനാരിയിൽനിന്നു് 25-ാം ചരമ വാർഷിക സ്മാരകമായി 1969 നവംബറിൽ പ്രസിദ്ധം ചെയ്തിട്ടുണ്ടു്. മല്പാനച്ചന്റെ അനന്തരവനും ഇപ്പോൾ മൈലികവിദ്യാർത്ഥിയുമായ റവ. അന്ത്രയോസു് തെക്കേക്കണ്ടമാണു് ഈ സ്മാരകപ്രസിദ്ധീകരണത്തിനായി മുമ്പിട്ട പ്രവർത്തിച്ചതു്.

---

4) തെക്കേക്കണ്ടത്തിൽ തൊമ്മൻ

തെക്കേക്കണ്ടത്തിൽ ഈപ്പന്റെ ഇളയപുത്രൻ തൊമ്മൻ കടമാളൂർ ഇല്ലിക്കൽനിന്നു വിവാഹം ചെയ്തു് തറവാട്ടിൽത്തന്നെ താമസിച്ചു. തൊമ്മനു് കുഞ്ഞുവിള, മത്തായി, തോമസു്, അന്ത്രയോസു് എന്നു നാലാൺമക്കളും രണ്ടു പെൺമക്കളും ജനിച്ചു. ഇവരിൽ മൂത്ത

പുത്രൻ കുരുവിള പയപ്പാററിൽ വട്ടക്കുന്നേൽനിന്നു വിവാഹം ചെയ്തു മലബാറിൽ താമസിച്ചുവരുന്നു. രണ്ടാമത്തെ മകൻ മത്തായി മീനച്ചിൽ വളയത്തിൽ നിന്നു വിവാഹം ചെയ്തു് അറക്കുളത്തു താമസിക്കുന്നു. മൂന്നാമത്തെ മകൻ തോമസ് മാപ്പിളക്കുന്നേൽനിന്നും വീണ്ടും ചങ്ങനാശ്ശേരി കടുക്കാമുക്കിൽനിന്നും വിവാഹം ചെയ്തു. എരുമേലിൽ താമസിച്ചുവരുന്ന ഇദ്ദേഹത്തിന്റെ മൂത്തപുത്രൻ കെമിസ്ത്രി എം എസ്സി പാസായശേഷം അമേരിക്കയിൽ ഉപരിപഠനം നടത്തിവരുന്നു. തെക്കേക്കണ്ടത്തിൽ തൊമ്മന്റെ ഇളയപുത്രൻ അന്ത്രയോസ് മേലുകാവിൽ ആട്ടപ്പാട്ടുനിന്നു വിവാഹം ചെയ്തു് തറവാട്ടിൽത്തന്നെ താമസിച്ചുവരുന്നു.

അദ്ധ്യായം ഒൻപതു്

മണ്ഡപത്തിൽ കുടുംബം

കുളപ്പുരയ്ക്കലേക്കു മാറിത്താമസിച്ച മത്തായി തൊമ്മന്റെ ആറു പുത്രന്മാരിൽ അഞ്ചാമൻ വറുഗീസ് പാലായിൽ വായുമററത്തുനിന്നു വിവാഹം ചെയ്തു മണ്ടപത്തിലേക്കു താമസം മാററി. ഇദ്ദേഹത്തിനു രണ്ടു പുത്രന്മാരും ഏഴു പുത്രിമാരും ഉണ്ടായി. പുത്രിമാരെ യഥാക്രമം ആരക്കുഴ പീട്ടാപ്പള്ളിലും, വാഴക്കുളത്തു് നമ്പേരിലും, അരുവിത്തുറ പാലത്തനാലും, ഭരണങ്ങാനത്തു

തുരുത്തിയിലും, വയലായിൽ ചെറുകരയും, കൊങ്ങാ
ണ്ടൂർ ക്രർക്കമറ്റത്തിലും വിവാഹം ചെയ്യിച്ചയച്ചു.

മൂന്നപുത്രൻ തൊമ്മൻ പനമറ്റത്തു് വള്ളാ
ച്ചേരിയിൽനിന്നു വിവാഹം ചെയ്തതിൽ രണ്ടാൺമക്ക
ളും രണ്ടു പെൺമക്കളുമുണ്ടായി. പുത്രിമാരെ അന്തീ
നാട്ടു കാഞ്ഞിരത്തുങ്കലും, മുത്തോലി കോയിപ്പുറത്തും
വിവാഹം ചെയ്യിച്ചയച്ചു. ആൺമക്കളിൽ മൂത്തയാൾ
ഉമ്മിനി പാലായിൽ പനയ്ക്കൽനിന്നു വിവാഹം കഴി
ച്ചതിൽ ഒരു പുത്രനും രണ്ടു പുത്രിമാരുമുണ്ടായി. പുത്രി
മാരെ പുവിത്താനത്തു് വന്ദ്രൻകുന്നേലും, അയർക്കുന്ന
ത്തു കുടകുഴിയിലുമാണു് വിവാഹം ചെയ്യിച്ചയച്ചതു്.
ഉമ്മിനിയുടെ ഏകപുത്രൻ തൊമ്മനു രണ്ടു വിവാഹം
കഴിച്ചു ആദ്യവിവാഹം പാലായിൽ മനയ്ക്കൽ
നിന്നും പുനർവിവാഹം പാലായിൽ മുത്തോട്ടുനിന്നു
മായിരുന്നു ആദ്യവിവാഹത്തിലെ രണ്ടു പുത്രന്മാരും
രണ്ടു പുത്രിമാരും, രണ്ടാം വിവാഹത്തിലെ മൂന്നു പുത്ര
ന്മാരും ഒരു പുത്രിയുംക്രടി തൊമ്മനു് അഞ്ചു പുത്രന്മാ
രും മൂന്നു പുത്രിമാരുമുണ്ടായിട്ടുള്ളതു്. പുത്രിമാരിൽ മൂത്ത
മകൾ സന്യാസിനിയാണു്. രണ്ടാമത്തെ പുത്രിയെ
പുന്നത്തുറ പാലോറയിലും, ഇളയവളെ തൊട്ടുപുഴ പാറ
യ്ക്കലും വിവാഹം ചെയ്യിച്ചയച്ചു. പുത്രന്മാർ ഉമ്മിനി,
ഔസേപ്പു, മത്തായി, തോമസ്, ജോസഫ് എന്നിവ
രാണു്.

1) ഉമ്മിനി. ഇദ്ദേഹം വിവാഹം ചെയ്തിരിക്കുന്നതു്
കടനാട്ടിൽ പൂവത്തുങ്കൽനിന്നാണു്. കോട്ടയത്തു് റ

ബ്ബർ വ്യാപാരം നടത്തിവരുന്ന ഇദ്ദേഹത്തിനു രണ്ടാൺമക്കളും രണ്ടു പെൺമക്കളുമുണ്ട്. ഒരു പെൺമക്കളെ അമ്പല്ലൂർ കൈതക്കാട്ടിലും, പൂവരണി മറ്റപ്പള്ളിലും വിവാഹം ചെയ്തിച്ചയച്ചു. ആൺമക്കളിൽ മൂത്തയാൾ ജോസഫ് രാമപുരത്തു് എടക്കര ചീങ്കല്ലേൽ നിന്നു വിവാഹം ചെയ്തു് പിതാവിനോടൊപ്പം താമസിക്കുന്നു ഇളയപുത്രൻ ദേവസ്യാ ബിസിനസ്സിൽ പിതാവിനെ സഹായിച്ചുകൊണ്ടിരിക്കുന്നു. ഇദ്ദേഹം അവിവാഹിതനാണു്.

2) ദേവസ്യാ ഇദ്ദേഹം ഭരണങ്ങാനത്തു് മറ്റത്തിൽ നിന്നു് വിവാഹം ചെയ്തതിൽ നാലു പുത്രന്മാരും ആറു പുത്രിമാരുമുണ്ടു്. പുത്രന്മാർ തോമസ്, വക്കി, ജോസഫ്, ഷാജു എന്നിവരും പെൺകുട്ടികളും വിദ്യാർത്ഥികളാണു്.

3) മത്തായി ചെങ്ങളത്തു പുൽത്തകിടിയേൽനിന്നു വിവാഹം ചെയ്ത ഇദ്ദേഹത്തിനു രണ്ടു പുത്രന്മാരുണ്ടു്.

4) തോമസ്. തൊട്ടുപുഴ മാളിയേക്കൽനിന്നാണു് ഇദ്ദേഹം വിവാഹം കഴിച്ചിരിക്കുന്നതു്. ഇദ്ദേഹത്തിനു് ഒരു പുത്രിയാണുള്ളതു്.

5) ജോസഫ്. ഇദ്ദേഹം വിവാഹം ചെയ്തിരിക്കുന്നതു് ഭരണങ്ങാനത്തു് ചെവ്വാറുകുന്നേൽനിന്നാണു്. ഇദ്ദേഹത്തിനു് ഒരു പുത്രനുണ്ടു്.



കളപ്പുരക്കൽ പെ. ബ. അന്ത്രയോസ് മല്പാനച്ചൻ

ജനനം: 19 — 3 — 1864

ഉത്പ്പട്ടം: 31 — 3 — 1895

മരണം; 24 — 11 — 1944

See Page 108



ഈപ്പൻ മത്തായി തെക്കേക്കണ്ടത്തിൽ
ജനനം 20 – 7 – 1875
മരണം 29 – 6 – 1960



മിസ്സസ് റോസ മത്തായി തെക്കേക്കണ്ടത്തിൽ
ജനനം: 14 — 9 — 1878
മരണം: 13 — 8 — 1960

അദ്ധ്യായം പത്തു്

കളപ്പുരയ്ക്കൽ കുടുംബം

കളപ്പുരയ്ക്കൽ തൊമ്മന്റെ ഇളയപുത്രൻ പൈലോ അങ്കവിത്തറ കല്ലറയ്ക്കൽനിന്നു വിവാഹം കഴിച്ചു് അവിടെത്തന്നെ താമസിച്ചു. ഇദ്ദേഹത്തിനു് തൊമ്മൻ, ഉണ്ണിച്ചെറിയതു്, പൈലോ എന്ന മൂന്നുപുത്രന്മാരും രണ്ടുപുത്രിമാരുമുണ്ടായി. ഒരു പുത്രിയെ പുതുമനയും, മറ്റൊരാളെ ഞാലപ്പുഴ കുണ്ടഞ്ഞിലും (ചാഴത്തോട്ടിൽ) വിവാഹം ചെയ്തിച്ചയച്ചു ഇളയപുത്രൻ പൈലോ വൈദികനായിത്തീർന്നു കളപ്പുരയ്ക്കൽ ബ പൈ ലോപ്പിൽ എന്ന പേരിൽ ഇദ്ദേഹം അറിയപ്പെട്ടുന്നു

A) മുണ്ടാങ്കൽ ശാഖ

കളപ്പുരയ്ക്കൽ പൌലോസിന്റെ മൂത്തപുത്രൻ തൊമ്മൻ മുണ്ടാങ്കലേക്കുമാറിത്താമസിച്ചു. തൊമ്മൻ വിവാഹം ചെയ്തിരുന്നതു് പാലായിൽ ഇലഞ്ഞിയിൽ നിന്നാണു്. ഇദ്ദേഹമാണു് മുണ്ടാങ്കൽ പള്ളിപണിയുന്നതിനുള്ള സ്ഥലം ദാനം ചെയ്തതു്. തൊമ്മനു് മൂന്നു പുത്രന്മാരും അഞ്ചു പുത്രിമാരുമാണുണ്ടായിരുന്നതു്. പുത്രന്മാരിൽ മൂത്ത ആളായ ഇയ്യപ്പൻ മൂലയിൽനിന്നു വിവാഹം ചെയ്തു് മുണ്ടാങ്കൽ വലിക്കകത്തു് മാറി താമസിച്ചു. രണ്ടാമത്തെ പുത്രൻ കുര്യാക്കോസു് വൈദികനായി. മൂന്നാമത്തെ പുത്രൻ പൈലോ തറവാട്ടിൽ

താമസിച്ചു. പുത്രിമാരിൽ മൂത്തയാളെ പനയ്ക്കൽ ഇ
ണ്ടത്തിലും, രണ്ടാമത്തെ ആളിനെ ചങ്ങനാശ്ശേരിയിൽ
വയലാറും, മൂന്നാമത്തെ ആളിനെ മേടയ്ക്കലും വിവാ
ഹം ചെയ്യിച്ചയച്ചു. രണ്ടുപേർ അകാലചരമം പ്രാ
പിച്ചു.

മുണ്ടാങ്കൽ വേലിക്കകത്തു് താമസിച്ചിരുന്ന
ഈപ്പനു് മൂന്നുപെൺമക്കൾ മാത്രമാണുണ്ടായിരുന്നതു്.
അതിൽ രണ്ടാമത്തെയാളായ അന്നമ്മയെ ഞാവള്ളിൽ
വിലങ്ങുപാറ മത്തായി വിവാഹം കഴിച്ചു. മൂന്നാമ
ത്തെയാൾ ഏലിയാമ്മ ക്ലാരമഠത്തിൽ ചേന്നു. മൂത്ത
പുത്രിയായ മറിയത്തിനെ കാപ്പിൽ ചെറിയാൻ വി
വാഹം ചെയ്തു് ഭത്തായി വേലിക്കകത്തു തറവാട്ടിൽ
താമസിക്കുന്നു. ചെറിയാനു് ജോസഫു്, തോമസു്,
ജെയിംസു് എന്നു മൂന്നാൺമക്കളും, മറിയം, ഏലി,
ത്രേസ്യാ എന്നുമൂന്നു പെൺമക്കളുമാണുള്ളതു്. ജോ
സഫു് കടമാളൂർ ചാവറയിൽനിന്നു കല്യാണം കഴിച്ചു.
ജോസഫിനു ജെയിംസു്, ചെറിയാൻ, ദേവസ്യാ എ
ന്നു മൂന്നാൺമക്കളും, മറിയം, ഏലി, അന്നമ്മ, ഫി
ലോമിനാ എന്നു നാലു പെൺമക്കളും ഉൾപ്പെടെ
ഏഴു കുട്ടികളാണുള്ളതു്. തോമസു് ആട്ടും കാര്യാ
ങ്കൽനിന്നും, പിന്നീടു് തീക്കോയിൽ ഞള്ളുമുഴ നി
ന്നും വിവാഹം ചെയ്തു. തോമസിനു ചെറിയാൻ, ജോ
സഫു്, ആൻറണി, എന്നു് മൂന്നു് ആൺകുട്ടികളും,
മേരി, റോസമ്മ എന്നു് രണ്ടു പെൺകുട്ടികളും ഉൾ
പ്പെടെ അഞ്ചു മക്കളാണുള്ളതു്. ഇവരിൽ ചെറിയാൻ

ആദ്യവിവാഹത്തിലെ കുട്ടിയാണ്. കുട്ടികൾ വിദ്യാഭ്യാസം കഴിച്ചു വരുന്നു. ജെയിംസ് പൂവരണിയിൽ ചരളയിൽനിന്നു വിവാഹം ചെയ്തു. ജെയിംസിന് ചെറിയാൻ, മാത്യു, ജോസഫ് എന്നു മൂന്നാൺകുട്ടികളും, ഷൈനി, ലൈസമ്മ എന്നു രണ്ടു പെൺകുട്ടികളും ഉൾപ്പെടെ അഞ്ചുകുട്ടികളാണുള്ളത്.

ചെറിയാന്റെ പെൺമക്കളിൽ ഒരാളെ തമ്പലയ്ക്കാട്ട് വടശ്ശേരിലും, ഒരാളെ കടപ്ലാമററത്തു നീലിപ്ലാക്കലും, ഇളയപുത്രിയെ പൂവരണിയിൽ മണിയഞ്ചിറയിലും വിവാഹം ചെയ്യിച്ചയച്ചു.

തറവാട്ടിൽ താമസിച്ച തൊമ്മൻ പൈലോപാലായിൽ പുഞ്ചക്കുന്നേൽനിന്നു വിവാഹം കഴിച്ചു. ഇദ്ദേഹത്തിന് തൊമ്മൻ, ഔസേപ്പ്, കുര്യാക്കോസ്, മത്തായി എന്നിങ്ങനെ നാലാൺമക്കളും, മറിയം, ഏലി, അന്നമ്മ, ത്രേസ്യാ, എന്നിങ്ങനെ നാലുപെൺമക്കളുമാണു ജനിച്ചത്. പെൺമക്കളിൽ മൂത്ത ആൾ മറിയം കമ്മെലീത്താമഠത്തിൽ ചേർന്നു ഏലിക്കുട്ടിയെ പ്ലശനാൽ കാരിപറമ്പിലും, അന്നമ്മയെ വള്ളിച്ചിറ മുല്ലമംഗലത്തും, ത്രേസ്യാമ്മയെ കാഞ്ഞിരമററത്ത് ഇഞ്ചിക്കാലായിലും വിവാഹം ചെയ്യിച്ചയച്ചു. ആൺമക്കളിൽ മൂത്ത ആൾ തൊമ്മൻ മേടയ്ക്കൽനിന്നു വിവാഹം കഴിച്ച് ദത്തായി പോയി (തൊമ്മന് ജോസഫ്, മത്തായി, തോമസ്, സിറിയക്ക്, ജോസ് എന്ന് അഞ്ചു് ആൺമക്കളും ആലീസ്, ത്രേസ്യാമ്മ, മേരി, ഗ്രേസി എന്നു നാലു് പെൺമക്കളും ആണു

ള്ളതു്) രണ്ടാമത്തെ മകൻ ഔസേപ്പ് ആദ്യം കലേക്കാട്ടിൽനിന്നും, രണ്ടാമതു് ഞാറുമണ്ണാറത്തുനിന്നും വിവാഹം ചെയ്തു. പരേതനായ ഔസേപ്പിനു് രണ്ടാം വിവാഹത്തിൽ പാപ്പച്ചൻ എന്ന ഒരു പുത്രൻ മാത്രമാണുള്ളതു്. മൂന്നാമത്തെ മകൻ കുര്യാക്കോസ് അകാലചരമം പ്രാപിച്ചു. നാലാമത്തെ മകൻ മത്തായി ഏററുമാന്തൂർ കണ്ണാശ്ശേരിൽനിന്നു വിവാഹം കഴിച്ചു് തറവാട്ടിൽ താമസിക്കുന്നു. മത്തായിക്കു് രണ്ടു പുത്രന്മാരും ഒരു പുത്രിയും ഉണ്ടു്. പുത്രി ആലീസ് സന്യാസസഭയിൽ ചേർന്നു് ആഗ്രായിൽ മിഷ്യൻ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്നു. മത്തായിയുടെ മൂത്ത പുത്രൻ പോൾ ആരക്കുഴ അറയ്ക്കൽനിന്നു വിവാഹം ചെയ്തു് പിതാവിനോടൊപ്പം താമസിക്കുന്നു. പോൾ ഇപ്പോൾ ടെലിഫോൺ ഡിപ്പാർട്ടുമെൻറു് സർവ്വീസിലാണു്. പോളിനു് മാത്യു (ജോയിസ്) എന്നൊരാൺകുട്ടിയുണ്ടു്. മത്തായിയുടെ രണ്ടാമത്തെ മകൻ ടോമി പഠിച്ചുകൊണ്ടിരിക്കുന്നു.

B) കളപ്പുരയ്ക്കൽ ശാഖ

കളപ്പുരയ്ക്കൽ പൈലോയുടെ രണ്ടാമത്തെ പുത്രൻ ഉണിച്ചെറിയായ്ക്കു് നാലാൺമക്കളും ഒരു പെൺമകളുമുണ്ടായി. മകൾ മറിയത്തിനെ കടനാട്ടിൽ കാനാട്ടു വിവാഹം ചെയ്തു. ഉണിച്ചെറിയായുടെ സീമന്ത പുത്രൻ കുരുവിള ചങ്ങനാശ്ശേരി ചക്കാലയിൽ നിന്നു വിവാഹം ചെയ്തു പയപ്പാററിൽ താമസിച്ചു. ഇദ്ദേഹ

ത്തിനു സന്താനങ്ങളില്ലായിരുന്നു ഉണിച്ചെറിയായുടെ രണ്ടാമത്തെ മകൻ തൊമ്മൻ മാന്നാനത്തു തുരുത്തേൽ നിന്നു വിവാഹം ചെയ്തു ദത്തവകാശമായി മാന്നാനത്തുതന്നെ താമസിച്ചു. ഇദ്ദേഹത്തിനു മൂന്നുപെൺമക്കളാണു ജാതരായത്. കളപ്പുരയ്ക്കൽ ഉണിച്ചെറിയായുടെ മൂന്നാമത്തെ മകൻ ഔസേപ്പ് കുളത്തൂർ മൂലയിൽനിന്നു വിവാഹം ചെയ്തു. തൊമ്മൻ എന്ന ഒരു പുത്രനുണ്ടായി. തൊമ്മൻ അളനാടു വടക്കൻ കുടുംബത്തിൽനിന്നു വിവാഹം ചെയ്തു മലയിൽ കളപ്പുരയിൽ താമസിച്ചു. തൊമ്മന്റെ ഏകപുത്രനായ കുഞ്ഞവുസേപ്പ് കിഴക്കേക്കരനിന്നു വിവാഹംചെയ്തു കിഴതടിയൂർ താമസിക്കുന്നു. പ്രഗല്ഭനായ ഒരു കൃഷീവലനായ ഇദ്ദേഹത്തിന് നാലാൺമക്കളും നാലുപെൺമക്കളുമുണ്ട്. പ്രഥമ പുത്രനും, മൂന്നാമത്തെ പുത്രനും വിവാഹിതരാണ്. രണ്ടാമത്തെ പുത്രൻ വക്കി (കെ. ജി. വക്കി. ബി. എസ്. സി., ബി. ററി., എച്ച്. ഡി. സി) പാലാമിൽക്ക് സപ്ലൈസ് കോ: ഓപ്പറേററീവ് സൊസൈററിയിൽ സെക്രട്ടറിയായി ഉദ്യോഗം വഹിക്കുന്നു.

ഉണിച്ചെറിയായുടെ ഇളയപുത്രൻ പൈലോ കളപ്പുരയ്ക്കൽതന്നെ വിവാഹം ചെയ്തു താമസിച്ചു. ഇദ്ദേഹത്തിനു നാലുപെൺമക്കളുണ്ടായി. ഇവർ മറിയാമ്മ, കുഞ്ഞേലി, അന്നമ്മ, ത്രേസ്യാമ്മ എന്നിവരായിരുന്നു. ഇവരിൽ മറിയാമ്മയെ പൈങ്ങളം ക്രൂററാരപ്പള്ളിയിലും, കുഞ്ഞേലിയെ കടനാട്ടിൽ അറയ്ക്കലും വിവാഹം ചെയ്യിച്ചയച്ചു. അന്നമ്മയെ മുത്തോലി ചെല്ലം

കോട്ട് കുരുവിള വിവാഹംചെയ്ത് കളപ്പുരക്കൽത്തറ
ഭത്തവകാശമായി താമസിക്കുന്നു. ഇവർക്ക് ജോസഫ്
പൈലോ, തോമസ്, കുരുവിള എന്നു നാലു പുത്രന്മ
രും, അന്നമ്മ, പെണ്ണമ്മ എന്നു രണ്ടു പുത്രിമാരുമുണ്ട്
അന്നമ്മയെ അളനാട്ട് തൂട്ടിയൻപ്ലാക്കലും, പെണ്ണമ
യെ പൈകയിൽ നടയ്ക്കലും വിവാഹം ചെയ്തിച്ചയച്ചു
മൂത്തപുത്രൻ ശ്രീ കെ. കെ. ജോസഫ് അന്തീനാട്ട
പുതിയിടത്തിൽ നിന്നാണു വിവാഹം കഴിച്ചിരിക്കുന
ത്. ഇദ്ദേഹം ഒരുപൊതുക്കാര്യപ്രസക്തനാണ്. പ
ലാ മുനിസിപ്പൽ കൗൺസിലംഗം, കോ-ഓപ്പറേറ്റ
വ് സൊസൈറ്റി കമ്മിറ്റിയംഗം തുടങ്ങിയ വിവിധ
നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള ഇദ്ദേഹം ഒരു
എസ്റ്റേറ്റു സൂപ്രണ്ടാണ്.

രണ്ടാമത്തെ പുത്രൻ പൈലോ ആലപ്പുഴ പ
ള്ളിത്താഴെനിന്നുമാണു വിവാഹം കഴിച്ചിരിക്കുന്നത്.
ഇളയപുത്രന്മാർ തോമസും, കുരുവിളയും അവിവാഹി
തരാണ്.



ബി വിഭാഗം

അദ്ധ്യായം പതിനൊന്ന്

പടിഞ്ഞാറേക്കര കൊച്ചീപ്പൻ തരകൻ

പുത്തൻപുരയ്ക്കൽ തൊമ്മപ്പണിക്കരുടെ ഇളയ പുത്രൻ മത്തായിത്തരകനു് തൊമ്മൻ എന്നും കൊച്ചീപ്പൻ എന്നും രണ്ടു പുത്രന്മാർ ജാതരായ വിവരം മുൻ അദ്ധ്യായങ്ങളിൽ പ്രതിപാദിച്ചിട്ടുള്ളതാണല്ലോ. ഇവരിൽ കളപ്പുരയ്ക്കലേക്കു താമസംമാറിയ തൊമ്മന്റെയും സന്താനങ്ങളുടേയും ചരിത്രം ഏ. വിഭാഗത്തിലുൾക്കൊള്ളിച്ചിരിക്കുന്നു. ഇളയപുത്രൻ കൊച്ചീപ്പന്റെയും സന്താനങ്ങളുടേയും ചരിത്രമാണു് ബി. വിഭാഗത്തിൽ ചേർക്കുന്നതു്.

പടിഞ്ഞാറേക്കര കൊച്ചീപ്പൻ തരകൻ വളരെ ജനസമ്മതിയും ധനശേഷിയുമുള്ള ആളായിരുന്നു. ഇദ്ദേഹത്തിന്റെ അസാമാന്യ കഴിവുകളിൽ പ്രീതി തോന്നി രാജസ്ഥാനത്തുനിന്നു് വലിയതരകൻ എന്ന സ്ഥാനപ്പേരു കല്പിച്ചു നല്കിയിരുന്നു. തന്റെ സ്ഥാനമാനങ്ങൾക്കൊത്ത തന്റേടവും ധാർഷ്ട്യവും ഇദ്ദേഹത്തിനുണ്ടായിരുന്നതു് തികച്ചും സ്വാഭാവികമാണല്ലോ. കുത്തിയതോട്ടച്ചിൽ മാത്തൂത്തരകന്റെ പുത്രൻ തങ്കുതിന്റെ വിവാഹാഘോഷങ്ങളിൽ പങ്കുകൊള്ളുവാൻ

എത്തിയ വലിയ തരകനെ ആദരവോടും സ്നേഹത്തോടുംകൂടി തച്ചിൽ മാത്തുത്തരകൻ സ്വീകരിച്ചു സൽക്കരിക്കുകയുണ്ടായി. സ്വദേശത്തു മാത്രമല്ല പുറംനാടുകളിലും ഇദ്ദേഹത്തിനുണ്ടായിരുന്ന കീർത്തിക്ക് ഈ സംഭവം ഉദാഹരണമാണ്. ഒരവസരത്തിൽ കുറവിലങ്ങാട്ടു മൂന്നുനോമ്പു പെരുന്നാൾ കൂടി തിരെ വരുമ്പോൾ ആണ്ടൂർപ്രദേശത്തുകണ്ട ഒരു കരിമ്പിൻ തോട്ടത്തിൽ നിന്നു വേലക്കാരെ വിട്ടു കരിമ്പുവെട്ടിച്ചു. ഈ തോട്ടം ആണ്ടൂർ പ്രദേശങ്ങളുടെ അധിപനായിരുന്ന അഞ്ചുകുളം പണിക്കരുടേതായിരുന്നു. തോട്ടം കാവൽക്കാരൻ എതിർത്തെങ്കിലും വലിയ തരകൻ തന്റെ ഭൃത്യന്മാരെക്കൊണ്ടു കരിമ്പുവെട്ടിക്കുക തന്നെ ചെയ്തു. വിവരമറിഞ്ഞു സ്ഥലത്തെത്തിയ പണിക്കർ വലിയതരകനുമായി ഏററുമുട്ടി. മല്പിടുത്തത്തിൽ പണിക്കർ തോററു പിൻവാങ്ങുകയാണുണ്ടായത്. ഈ സംഭവം നേരത്തെ തന്നെ അഞ്ചുകുളം പണിയ്ക്കരോടുള്ള തന്റെ വൈരാഗ്യംവർദ്ധിപ്പിക്കുവാൻ കാരണമായി. അവസരം പാർത്തിരുന്ന തരകൻ ഒരിക്കൽ പണിക്കർ പാലായിൽ വന്നപ്പോൾ പണിക്കരെ പിടിച്ചു കെട്ടുകയും ആറടി നൽകുകയും ചെയ്തു. "മൂന്നടി എന്നോടു വഴക്കിട്ടതിനും മൂന്നടി എന്റെ പേരപ്പനോടു വഴക്കിട്ടതിനും ഇരിക്കട്ടെ" എന്നു പറഞ്ഞാണത്രേ മർദ്ദനം നടത്തിയത്.

വലിയതരകന് ഏലിക്കുട്ടി എന്നു പേരായ ഒരു പുത്രിമാത്രമാണു ജാതയായത്. ഈ പുത്രിയെ



കൊട്ടാരത്തിൽ (തിരുവില്ലക്കൽ) കുഞ്ഞിപ്പ മത്തായി (കെ. കെ. മാത്യു), പുത്രൻ കുഞ്ഞാക്കോസ്, മിസ്സസ് ഏലി കുഞ്ഞാക്കോസ്, പുത്രി നേരി (മിസ്സസ് എ ജെ. തൊമ്മൻ അഞ്ചേരിൽ) എന്നിവരും മറ്റു കുടുംബാംഗങ്ങളും



ഡോ. എ. ജെ. തൊമ്മൻ അഞ്ചേരിൽ

ജനനം: 1 — 9 — 1909

മരണം: 26 — 10 — 1968

See Page 100



മിസ്സസ് മേരി തൊമ്മൻ

(ഡോ. എ. ജെ. തൊമ്മൻ)

അഞ്ചേരിൽ

See Page 100

ആലപ്പുഴ കടവിൽ കൊച്ചുമത്തായി വിവാഹം ചെയ്യു
ദത്തവകാശമായി താമസിച്ചു. വലിയ തരകന്റെ പു
ത്രി ഏലിക്കുട്ടിക്കു് അന്നാ എന്ന ഒരു പുത്രി മാത്രമുണ്ടാ
യി. അന്നയെ ആരക്കുഴ പിട്ടാപ്പിള്ളിൽ ഇട്ടിയവിരാ
വിവാഹം ചെയ്തു ദത്തവകാശമായി താമസിച്ചതിൽ
രണ്ടു പുത്രന്മാരും അഞ്ചു പുത്രിമാരും ജാതരായി. ഇവ
രിൽ ഒരു പുത്രിയെ മുട്ടുചിറയും, ഒരാളെ വയലായിൽ
പാലാട്ടും, ഒരാളെ പൊരുന്നോലിലും, ഒരാളെ വായിമ
റത്തും, ഒരാളെ വരിക്കേലും വിവാഹം ചെയ്യിച്ചയച്ചു.
പടിഞ്ഞാറേക്കര കൊച്ചീപ്പൻ തരകനു് ആൺ സന്താ
നങ്ങളില്ലാതിരുന്നതിനാൽ ഇക്കാലങ്ങളിലെല്ലാം അവി
ടത്തെ കാര്യങ്ങൾ നടത്തിപ്പോന്നതു് തെരുവിൽ മത്താ
യി ആയിരുന്നു. ഇക്കാരണത്താൽ പടിഞ്ഞാറേക്കര
ക്കാരുടെ വസ്തുക്കളെല്ലാം പിന്നീടു് തെരുവിൽക്കാർക്കു
തന്നെ ലഭിച്ചു.

അദ്ധ്യായം പന്ത്രണ്ട്

മേടയ്ക്കൽ കുടുംബം

വലിയതരകന്റെ പൗത്രി അന്നയുടെ പ്രഥമ പുത്രൻ മത്തായി തെരുവിൽനിന്നു വിവാഹം ചെയ്തു. രണ്ടാൺമക്കൾ ജനിച്ചപ്പോഴേക്കും ഭാര്യ മരിക്കയാൽ ളാലത്തു മഞ്ഞക്കുന്നേൽനിന്നു പുനർവിവാഹം ചെയ്തു. ഈ വിവാഹത്തിൽ മത്തായി, കുര്യൻ, ഇട്ടിയവിരാ എന്നു മൂന്നാൺമക്കളും ചാച്ചി, അന്നമ്മ, കുഞ്ഞേലി, ത്രേസ്യാമ്മ, കുഞ്ഞൂഞ്ഞു് എന്നു് അഞ്ചുപെൺമക്കളും ജനിച്ചു. ഇവരിൽ ചാച്ചിയെ കളപ്പുരയ്ക്കലും, കുഞ്ഞൂഞ്ഞിനെ ചൂണ്ടച്ചേരി ചിറയ്ക്കപ്പുരയിടത്തിലും, അന്നമ്മയെ പാലായിൽ ഇലഞ്ഞിയിലും, ത്രേസ്യാമ്മയെ പ്ലാശനാൽ പോറുകളത്തും, കുഞ്ഞേലിയെ അമ്പാറ വെട്ടുവേലിലും വിവാഹം ചെയ്യിച്ചയച്ചു. തന്റെ പിതാവു് ആധുനികരീതിയിൽ പണികഴിപ്പിച്ച മേടക്കളപ്പുര പൊളിച്ചു കൊണ്ടുപോയി കുഴമ്മാക്കൽ പുരയിടത്തിൽ വച്ചു് അങ്ങോട്ടാണു മത്തായി മാറിത്താമസിച്ചതു്. ഇക്കാരണത്താലാണു് മേടയ്ക്കൽ എന്ന പേരു ലഭിച്ചതു്.

മത്തായിയുടെ ആദ്യവിവാഹത്തിലെ ആൺമക്കളിൽ ഒരാൾ അകാലചരമമടഞ്ഞു. രണ്ടാമൻ ദേവസ്യാ, അരുവിത്തുറ വലിയവീട്ടിൽനിന്നും വിവാഹം ചെയ്തു ക്ലാപ്പാക്കലേക്കു മാറി. രണ്ടാം വിവാഹത്തി

ലെ പുത്രന്മാരിൽ മത്തായി വടക്കേമുണ്ടാങ്കൽ നിന്നു വിവാഹം കഴിച്ചു് തെക്കേത്തെരുവിലേക്കും, കുര്യൻ തറപ്പേൽനിന്നു വിവാഹം ചെയ്തു് മരുതോലിലേക്കും മാറിത്താമസിച്ചു. ഇളയപുത്രൻ ഇട്ടിയവിരാ കിഴക്കേക്കര പീടികയിൽനിന്നും വിവാഹം കഴിച്ചു് മേടയ്ക്കൽത്തന്നെ താമസിക്കുകയും ചെയ്തു.

A) കുട്ടപ്പ'ളാക്കൽ ശാഖ

കുട്ടപ്പാക്കലേക്കു താമസം മാറിയ ദേവസ്യായ്ക്കു് മത്തായി, ഔസേപ്പു് എന്നു രണ്ടാൺമക്കളും ആറു പെൺമക്കളും ജനിച്ചു. പെൺമക്കളിൽ മറിയത്തെ ഞാവള്ളി ചെറിയാന്റെ മരുമകൻ ഔസേപ്പു് വിവാഹം ചെയ്തു് മലബാറിൽ വക്കിട്ടപാറ താമസിക്കുന്നു. അന്നയെ കടനാട്ടിൽ കോഴിക്കോട്ടു കുടുംബശാഖയിൽപെട്ട വട്ടയ്ക്കാട്ടു് കുഞ്ഞു കല്യാണം കഴിച്ചു. ഏലിയെ വെള്ളാമൂഴിയിൽ കുഞ്ഞമ്മനും, ബ്രൂശീത്തായെ തെക്കേൽ സ്കറിയായും വിവാഹം ചെയ്തു. ത്രേസ്യായും കുടുംബവും ഇപ്പോഴും മുണ്ടക്കയത്താണു താമസം. ഇളയമകൾ റോസയെ കണിഞ്ഞിയിൽ പെരുമ്പള്ളിപ്പാറെ ജോസഫ് വിവാഹം കഴിച്ചു.

കുട്ടപ്പ'ളാക്കൽ മത്തായി. (കുഞ്ഞാപ്പൻ) മത്തായി മുണ്ടുപാലം പുതിയടത്തു നിന്നു റോസയെ വിവാഹം ചെയ്തു കുട്ടപ്പ'ളാക്കൽ തന്നെ താമസിച്ചു. ഇദ്ദേഹത്തിനു രണ്ടാൺമക്കളും ഒരു മകളുമുണ്ടായി.

മകൾ മറിയത്തെ മുത്തോലിൽ മണ്ണൂരു് ഇത്താക്കു് വിവാഹം ചെയ്തു. ആൺമക്കളിൽ മൂത്തയാൾ ദേവസ്യാ (അപ്പച്ചൻ) കിഴപറയാർ കാരിക്കൊമ്പിൽ വീട്ടിൽ ഏലിയെ (പെണ്ണമ്മ) വിവാഹം ചെയ്തു് ക്രട്ടപ്പളാക്കൽ തെക്കേചാത്തിക്കല്ലു് പുരയിടത്തിൽ വീടുപണിയിച്ചു താമസിക്കുന്നു. ഇദ്ദേഹം ഒരു ഹോമിയോ ഡോക്ടറാണു്. ഇതിനുപുറമേ സ്വന്തമായി കൃഷിയും കച്ചവടവും നടത്തിവരുന്ന ഇദ്ദേഹം വിൻസെൻറു് ഡി പോൾ തുടങ്ങിയ സമൂഹ്യ സംഘടനകളിലെ ഒരു സജീവ പ്രവർത്തകനാണു്. ഇദ്ദേഹത്തിനു് മാത്യു, ജോസഫു് എന്നു രണ്ടാൺമക്കളും, റോസ, മേരി, ആലീസു്, ലൂസി എന്നു നാലു പെൺമക്കളുമുണ്ടു്. ക്രട്ടപ്പാക്കൽ മത്തായിയുടെ ഇളയപുത്രൻ ജോസഫു് (കുഞ്ഞുപ്പു്) ഇടപ്പാടി മുരിങ്ങയിൽ ചിറയ്ക്കൽപുരയിടത്തിൽനിന്നും റീത്താമ്മയെ വിവാഹം ചെയ്തു് ക്രട്ടപ്പാക്കൽ തറവാട്ടിൽ താമസിക്കുന്നു. ഇദ്ദേഹത്തിനു് ആഗസ്തി, മാത്യു എന്നു രണ്ടാൺമക്കളും റോസു്, ബസിലിപ്പാ എന്നു രണ്ടു പെൺമക്കളുമുണ്ടു്.

ക്രട്ടപ്പാക്കൽ ഔസേപ്പു്. ഔസേപ്പു് കൊല്ലപ്പള്ളി ചക്കുകഴിയിൽ ആഗസ്തിയുടെ മകൾ ഏലിയെ വിവാഹം ചെയ്തു് വെള്ളിയാമറ്റത്തു സ്ഥലം വാങ്ങി ക്രട്ടപ്പാക്കൽ എന്ന വീട്ടുപേരോടുകൂടി താമസിക്കുന്നു. ഇദ്ദേഹത്തിനു് രണ്ടാൺമക്കളും മൂന്നു പെൺമക്കളുമുണ്ടു്. പെൺമക്കളിൽ മറിയക്കുട്ടിയെ അറക്കളത്തു തേക്കുംകാട്ടിൽ കുര്യൻ വിവാഹം കഴിച്ചു. അച്ചാമ്മയെ

നെടിയശാലയിൽ മുഴത്തോറു വിവാഹം ചെയ്യിച്ചയ ച്ചു. ഇളയമകൾ മാമ്മി കന്യാസ്ത്രീയായി വിദേശത്തു പോയി. ആൺമക്കളിൽ മൂത്തയാൾ ജോസഫ് വൈ ദികനായി എറണാകുളം അതിരൂപതയിൽ ഇടവക ഭ രണം നടത്തുന്നു. ഇളയപുത്രൻ മാത്യു തുടങ്ങനാട്ടിൽ വരിക്കമാക്കൽ കുഞ്ഞിരാമൻറെ മകൾ കുട്ടിയമ്മയെ വി വാഹം ചെയ്തു വെള്ളിയാമറ്റത്തുതന്നെ താമസിക്കുന്നു.

B) തെക്കേത്തെരുവിൽ ശാഖ

മേടയ്ക്കലേക്കു താമസം മാറിയ മത്തായിയുടെ രണ്ടാം വിവാഹത്തിലെ മൂത്തപുത്രൻ മത്തായി വടക്കേ മുണ്ടാങ്കൽനിന്നു വിവാഹം ചെയ്തു തെക്കേത്തെരുവി ലേക്കു താമസംമാറിയ വിവരം മുകളിൽ പ്രസ്താവി ച്ചുവല്ലോ. ഇദ്ദേഹത്തിനു ഒരു മകളും, മത്തായി, തൊമ്മൻ, ഔസേപ്പു്, ദേവസ്യാ, കുര്യാക്കോ എന്നി ങ്ങനെ അഞ്ചാൺമക്കളും ജനിച്ചു. മത്തായിയുടെ ഏ കപുത്രിയെ അമ്പാറ അങ്ങാടിക്കൽ വിവാഹം ചെയ്വി ച്ചയച്ചു. മൂത്തമകൻ മത്തായി തെക്കേക്കണ്ടത്തിൽനി ന്നു വിവാഹം ചെയ്തു തൊട്ടുപുഴ താമസിച്ചുവരുന്നു. ഇദ്ദേഹത്തിനു മൂന്നു പുത്രന്മാരും, രണ്ടു പുത്രിമാരുമുണ്ടു്. തൊമ്മൻ പാലായിൽ കട്ടക്കയത്തുനിന്നു വിവാഹം ചെയ്തു മലബാറിൽ താമസിച്ചുവരുന്നു. മൂന്നു പുത്ര ന്മാരും, നാലു പുത്രിമാരുമാണു ഇദ്ദേഹത്തിനുള്ളതു്. ഔസേപ്പു് കടമാളൂർ ചാവറനിന്നു വിവാഹം ചെയ്തു മണ്ണാറമറ്റം പുരയിടത്തിൽ താമസിച്ചുവരുന്നു. ഇവ

ക്കു് മൂന്നു പുത്രന്മാരും, രണ്ടു പുത്രിമാരുമുണ്ടു്. തെക്കേ തെരുവിൽ മത്തായിയുടെ ഇളയപുത്രൻ കുര്യാക്കോസു് കാഞ്ഞിരപ്പള്ളി മട്ടക്കക്കുഴിയിൽനിന്നും വിവാഹം ചെയ്തു തറവാട്ടിൽത്തന്നെ താമസിക്കുന്നു. കുര്യാക്കോസിനു് ജോസു്, ജോണി, എന്ന, രണ്ടു പുത്രന്മാരും, തങ്കമ്മ, ലിസിയമ്മ, കൊച്ചുറാണി എന്നു മൂന്നു പുത്രിമാരും ജനിച്ചു. പെൺമക്കളിൽ മൂത്തയാൾ തങ്കമ്മ 19-ാമത്തെ വയസ്സിൽ 1968 നവംബർ 14-ാംനു- ചരമം പ്രാപിച്ചു. ഇളയകുട്ടികൾ വിദ്യാഭ്യാസം ചെയ്യുവരുന്നു. ജോസു് ഇപ്പോൾ പ്രവിത്താനം സെൻറു് മൈക്കൾസു് ഹൈസ്കൂളിൽ ജോലി ചെയ്യുന്നു. ജോസു് വിവാഹം ചെയ്തിരിക്കുന്നതു് അതിരമ്പുഴ പണ്ടാരക്കളത്തിൽ ഏലിയാമ്മ (ഓമന) യെയാണു്.

C) മരുതോലിൽ ശാഖ

മേടയ്ക്കൽ മത്തായിയുടെ മൂന്നാമത്തെ പുത്രൻ കുര്യൻ തറപ്പേൽനിന്നു് വിവാഹം ചെയ്തു് മരുതോലിലേക്കു മാറിത്താമസിച്ചു. ഇദ്ദേഹത്തിനു മൂന്നു പുത്രിമാരും, ഔസേപ്പു്, തൊമ്മൻ, മത്തായി, കുഞ്ഞു്, ദേവസ്യാച്ചൻ എന്നിങ്ങനെ അഞ്ചു പുത്രന്മാരും ജനിച്ചു. പെൺമക്കളിൽ മൂത്തയാളായ ഏലിയെ ചേപ്പുകൽ കുടുംബത്തിൽ വിവാഹം ചെയ്തിച്ചയച്ചു. രണ്ടാമത്തെ പുത്രി നിരുപാതയായി. മൂന്നാമത്തെ പുത്രിയെ കടനാട്ടിൽ കോഴിക്കോട്ടു വിവാഹം ചെയ്തിച്ചയച്ചു. മൂത്ത പുത്രൻ ഔസേപ്പു് മംഗലത്തിൽനിന്നു് വിവാഹം ചെ

യ്കതിൽ ഒരു പുത്രി മാത്രമേയുള്ളൂ. രണ്ടാമത്തെ പുത്രൻ ആട്ടും പുല്ലാട്ടനിന്നും പുനരായി തോട്ടക്കര കുടുംബത്തിൽനിന്നു് വീണ്ടും ചക്കുങ്കഴിയിൽനിന്നു് വിവാഹം ചെയ്തു. മൂന്നാമത്തെ പുത്രൻ മത്തായി പിഴകിൽ പന്തലാനിക്കൽനിന്നു് വിവാഹം ചെയ്തു പിഴകിൽ താമസിക്കുന്നു. നാലാമത്തെ പുത്രൻ കുഞ്ഞു് കൊഴുവനാൽ ചെല്ലംകോട്ടനിന്നു് പുനരായി പെരുവള്ളാത്തുനിന്നു് വിവാഹം കഴിച്ചു. ഇളയപുത്രൻ ദേവസ്യാച്ചൻ കൈനകരിയിൽ മാമ്പിള്ളിൽനിന്നു് വിവാഹം കഴിച്ചു മരുതോലിൽത്തന്നെ താമസിച്ചുവരുന്നു.

D) മേടയ്ക്കൽ ശാഖ

മേടയ്ക്കൽ മത്തായിയുടെ ഇളയപുത്രൻ ഇട്ടിയവിരാ കിഴക്കേക്കര പീടികയിൽനിന്നു വിവാഹം ചെയ്തു മേടയ്ക്കൽ താമസിച്ചു. ഒരു പുത്രി മാത്രം ജനിച്ചു. ഈ പുത്രിയെ മുണ്ടാങ്കൽ പൈലോയുടെ മൂത്തമകൻ തൊമ്മൻ വിവാഹം ചെയ്തു് ഭർത്തവകാശമായി മേടയ്ക്കൽത്തന്നെ താമസിച്ചുവരുന്നു. ഈ ദമ്പതിമാർക്കു് ജോസഫ്, മാത്യു, തോമസ്, സിറിയക്കു്, ജോസ് എന്നു് അഞ്ചാൺമക്കളും, ആലീസ്, ത്രെസ്യാമ്മ, മേരി, ഗ്രേസി എന്നിങ്ങനെ നാലു പെൺമക്കളുമുണ്ടു്. പെൺമക്കളിൽ ആലീസിനെ തൃശ്ശൂർ പാലോക്കാരന്റെ പുത്രൻ വിവാഹം ചെയ്തു. ത്രെസ്യാമ്മയെ മേലുകാവിൽ താഴത്തേലും, മേരിയെ പുളിങ്കുന്നിൽ വാച്ചാപറമ്പിലും വിവാഹം ചെയ്തിച്ചയച്ചു. ഇളയപുത്രി ഗ്രേസി അവിവാഹിതയാണു്.

മൂത്തമകൻ ജോസഫ് ആലപ്പുഴ ഇലഞ്ഞിക്കൽ നിന്നും, രണ്ടാമത്തെ മകൻ മാത്യു ഭരണങ്ങാനത്തു് ഈറ്റയ്ക്കക്കുന്നേൽനിന്നും, മൂന്നാമത്തെ മകൻ തോമസ് നെടുംകുന്നത്തു് കുമ്പളവേലിൽനിന്നും വിവാഹം ചെയ്തു. ഇളയപുത്രന്മാർ സിറിയക്കും (എം. റവി. സിറിയക്കു്, ബി. എ., ബി. എൽ.) ജോസും അവിവാഹിതരാണു്. ശ്രീ സിറിയക്കു് അഡ്വക്കേറ്റായി പാലായിൽ പ്രാക്ടീസ് ചെയ്യുന്നു. ഇദ്ദേഹം ഒരു പൊതുക്കാര്യപ്രസക്തനും വാഗ്മിയുമാണു്.

അദ്ധ്യായം പതിമൂന്നു്

പടിഞ്ഞാറേക്കര കുടുംബം

പടിഞ്ഞാറേക്കര കൊച്ചീപ്പൻ തരകന്റെ പൗത്രി അന്നയുടെ ഇളയപുത്രൻ തൊമ്മൻ ആദ്യം അതിരമ്പുഴ പീടിയേക്കൽനിന്നു് പുനരായി കിഴക്കേക്കര താഴത്തുവീട്ടിൽനിന്നു് വിവാഹം ചെയ്തു് പടിഞ്ഞാറേക്കര തറവാട്ടിൽത്തന്നെ താമസം തുടങ്ങി. ഇദ്ദേഹം വളരെ ആത്മശേഷിയും ദീനദയാലുതാവുമുള്ളയാളായിരുന്നു. ഇദ്ദേഹത്തിനു് ഇട്ടിയവിരാ, ചെറിയാൻ, ഈപ്പൻ എന്നു് മൂന്നു് ആൺമക്കളും, മറിയം, അക്കമ്മ, ഏലി എന്നു മൂന്നു പെൺമക്കളുമുണ്ടായി. ഇവരിൽ മറിയത്തിനെ രാമപുരത്തു് മുണ്ടയ്ക്കലും, അക്കമ്മയെ പൈങ്ങളത്തു് ക്രാറാരപ്പിള്ളി മേടയ്ക്കലും, ഏലി



പടിഞ്ഞാറെക്കര ഇട്ടിയവിരാ ജോസഫ് (കുഞ്ഞവുസേപ്പ്)
പടിഞ്ഞാറെക്കര വീട്, കരുർ

ജനനം 10 – 12 – 1899 മരണം 27 – 12 – 19

See Page 1



പരേതനായ പടിഞ്ഞാറെക്കര ജോസഫിന്റെ കുടുംബാംഗങ്ങൾ. നില്ക്കുന്നവർ (ഇ.വ.) ജെയ്സ്, ജേക്കബ്, തോമസ്, ജോസഫ്, ആകാശ്. ഇരിക്കുന്നവർ (ഇ.വ.) തങ്കച്ചൻ (അബ്രാഹം), മിസ്സിസ് റോസമ്മ ജോസഫ്

യെ ചിറക്കടവിൽ മണ്ണംപ്ലാക്കലും വിവാഹം ചെയ്തി ച്ചയച്ചു. മൂത്ത മകൻ ഇട്ടിയവിരാ വിവാഹാനന്തരം പടിഞ്ഞാറേക്കരത്തന്നെ താമസം തുടർന്നു. രണ്ടാമത്തെ പുത്രൻ ചെറിയാൻ പാലായിലുള്ള വസ്തുക്കൾ വിറ്റു മുഴിക്കാട്ടേക്കു താമസം മാറ്റി. മൂന്നാമൻ ഈപ്പൻ വിവാഹാനന്തരം കുന്നേപ്പീടികയിലേക്കു മാറിത്താമസിക്കയാണുണ്ടായതു്.

A) പടിഞ്ഞാറേക്കര ഇട്ടിയവിരാ

ഇദ്ദേഹത്തെ "പടിഞ്ഞാറേക്കര വലിയകൊച്ചു്" എന്നും "പടിഞ്ഞാറേക്കര ആശാൻ" എന്നും വിളിച്ചിരുന്നു. ഇദ്ദേഹം അതിവിദ്യാലുവും ധർമ്മിഷ്ഠനുമായിരുന്നു. ഇദ്ദേഹം കുന്നേൽ പുരയിടം വാങ്ങി അവിടെ താമസം തുടങ്ങി. പ്രാർത്ഥനകളിൽ അതിവ തത്പരനായിരുന്ന ഇദ്ദേഹത്തിനു സംഗീതത്തിലും നല്ല സാമർത്ഥ്യമുണ്ടായിരുന്നു. പെസഹാദിവസം പന്ത്രണ്ടു വീടുകളിൽ പോയി പാദവായിക്കുക ഇദ്ദേഹത്തിനു പതിവായിരുന്നു. എൺപതാമത്തെ വയസ്സിൽ പടിഞ്ഞാറേക്കര ആശാൻ നിര്യാതനായി. മുണ്ടാങ്കൽ പള്ളിയിലാണു് ഇദ്ദേഹത്തെ സംസ്കരിച്ചിരിക്കുന്നതു്. ഇദ്ദേഹം ആദ്യം കാഞ്ഞിരപ്പള്ളി കല്ലറയ്ക്കൽനിന്നും വീണ്ടും കിഴപറയാർ മുകളിതറക്കുന്നേൽനിന്നും വിവാഹം കഴിച്ചു. ആദ്യവിവാഹത്തിൽ ജാതയായ ഏകപുത്രി കുഞ്ഞാമ്മിയെ പൂഞ്ഞാറ്റിൽ കുന്നേൽ കുടുംബത്തിൽ വിവാഹം ചെയ്തിച്ചയച്ചു. രണ്ടാം വിവാഹ

ത്തിൽ തോമസ്, ജോസഫ് എന്ന രണ്ടാൺമക്കളും മറിയം എന്നമകളും ജാതരായി. മറിയത്തിനെ ചിറക്കടവിൽ മണ്ണംപ്ലാക്കൽ തോമ്മാച്ചൻ വിവാഹം ചെയ്തു.

പടിഞ്ഞാറേക്കര ഇട്ടിയവിരായുടെ പ്രഥമപുത്രൻ തോമസ് (പടിഞ്ഞാറേക്കര കുഞ്ഞമ്മൻ - പി. ജെ. തോമസ്) മൊട്ടർ മേടയിൽ അവിരാച്ചന്റെ മകൾ മറിയത്തിനെ വിവാഹം ചെയ്തു. ഈ ദമ്പതിമാക്ക് ഒരു മകൾ മാത്രമാണു ജനിയായിട്ടുള്ളത്. ശ്രീ തോമസ് വലിയ പരിശ്രമശാലിയായിരുന്നു. ഇദ്ദേഹം ആദ്യം കൃഷികാര്യങ്ങളിലാണ് ശ്രദ്ധ പതിച്ചത്. എന്നാൽ സാമ്പത്തികോന്നമനത്തിനു കൃഷിയേക്കാൾ വ്യവസായമാണുത്തമമെന്നു മനസ്സിലാക്കി വ്യവസായ കാര്യങ്ങളിൽ പിന്നീടിടപെട്ട് പാലായിൽ മോട്ടോർ വാഹനങ്ങളുടെ ബോഡി നിർമ്മാണത്തിനായി ഒരു വർക്ഷാപ്പ് ആരംഭിച്ചു പ്രവർത്തനം തുടങ്ങി. ഈ വ്യവസായം അഭിവൃദ്ധി പ്രാപിച്ചുതന്നുസരിച്ച് പാലാ-തൊടുപുഴയായി ഒരു ബസ്സ് സർവ്വീസാരംഭിച്ചു. പിൽക്കാലത്ത് മറ്റു സർവ്വീസുകളുമായി യോജിച്ച് ടി യുണൈറ്റഡ് മോട്ടോർ യൂണിയൻ (യു. എം. മോസ്സ്) എന്ന പേരിൽ ഒരു കമ്പനി തുടങ്ങുകയും കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ സ്ഥാനം ഏറ്റെടുക്കുകയും ചെയ്തു.

ഇതിനുശേഷം ഒരു സിനിമാതിയേറ്റർ ആരംഭിച്ച് പ്രവർത്തനം തുടങ്ങി. അദ്ദേഹം തുടങ്ങിയ തിയേറ്റർ ഇന്നും അദ്ദേഹത്തിന്റെ പുത്രൻ തുടർന്നു നട

ത്തിക്കൊണ്ടു പോരുന്നു. ബിസ്സിനസ്സ് സംബന്ധമായ ഏർപ്പാടുകൾ തന്റെ പൗത്രനെ എല്പിച്ചു സ്വസ്ഥ ജീവിതം നയിച്ചു വരവേ, ക്യാൻസർ രോഗം മൂലം 1947 മേയ് പതിന്നാലാം തീയതി ശ്രീ തോമസ് നിര്യാതനായി. ശ്രീ തോമസിന്റെ ഏകപുത്രി കുട്ടിയമ്മയെ വൈക്കത്ത് ഒഴൂർ തറയിൽ ഔതച്ചന്റെ മകൻ അപ്പച്ചൻ വിവാഹം ചെയ്തു. അപ്പച്ചൻ ആസ്ത്മാ രോഗം മൂലം 1959 മെയ് പത്തൊൻപതിനു നിര്യാതനായി. ഈ ദമ്പതികൾക്ക് ജോസ് എന്നൊരു പുത്രനും, പൊന്നമ്മ എന്ന ഒരുപുത്രിയുമുണ്ടായി. പൊന്നമ്മയെ ചേർത്തല പണിക്കരു വീട്ടിൽ പി. എൽ. ക്ലീററസ് (റിട്ടയേർഡ് ഡി. വൈ. എസ്. പി.) ന്റെ പുത്രൻ സ്റ്റാൻലി വിവാഹം ചെയ്തു. വാഷിംഗ്ടണിൽ ലോകബാങ്കിലെ ഒരു ഉദ്യോഗസ്ഥനായ ഇദ്ദേഹം പൊന്നമ്മയുമൊത്ത് അമേരിക്കയിൽ താമസിച്ചു വരുന്നു. കുട്ടിയമ്മയുടെ പുത്രൻ ജോസ് മൈസൂർ സെൻറ് ഫിലോമിനാസ് കോളെജിലെ വിദ്യാഭ്യാസാനന്തരം തന്റെ പിതാവിന്റെ കാലടികളെ പിൻതുടർന്ന് സിനിമാവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നു. അടുത്ത കാലത്തു രാമപുരത്ത് ജോസ് തിയേററർ എന്ന പേരിൽ ഒരു പുതിയ തിയേററു കൂടി ഇദ്ദേഹം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഇംഗ്ലീഷ് മരുന്നുകൾ ഉണ്ടാക്കുന്ന ഒരു കമ്പനി (Hind Chem–Drugs) ഏററുമാന്തൂരിൽ ആരംഭിച്ച് പ്രവർത്തിച്ചു വരുന്നു. ഇതിനും പുറമെ ചില സ്നേഹിതന്മാരുമൊത്ത്, ശാന്തിനിലയം എന്ന പേരിൽ ഒരു സിനിമാ നിർമ്മാണവും ആരംഭിച്ചിട്ടു

ണ്ട്. ഇദ്ദേഹം കണ്ടത്തിൽ ശ്രീ. ദേവസ്യായുടെ മകൾ പൊന്നമ്മയെ വിവാഹം ചെയ്തു. ഇവർക്കു സിന്ധു എന്നമകളും തോമ്മാച്ചൻ, സെബാസ്റ്റ്യൻ എന്ന രണ്ടാൺമക്കളുമുണ്ട്.

പടിഞ്ഞാറേക്കര ഇട്ടിയവിരായുടെ ഇളയ പുത്രൻ ജോസഫ് (പടിഞ്ഞാറേക്കര കുഞ്ഞവുസേപ്പ് പി. ജെ. ജോസഫ്) കാഞ്ഞിരപ്പള്ളി വയലിൽ കുടുംബത്തിൽ ജോസഫിന്റെ മകൾ റോസ (മാമ്മി) യെ വിവാഹം ചെയ്തു. ബാല്യകാലത്തെ വിദ്യാഭ്യാസത്തിനുശേഷം സ്വസഹോദരനുമൊത്ത് കൃഷിയിലും വ്യവസായത്തിലും ഇദ്ദേഹം സഹകരിച്ചു പ്രവർത്തിച്ചുപോന്നു. പില്ക്കാലത്ത് കൂടുതൽ ബസ്സുകൾ വാങ്ങി സഹോദരനുമൊത്ത് കമ്പനി രൂപീകരിക്കയും ഡയറക്ടറായി പ്രവർത്തിക്കയും ചെയ്തു. അതിനുശേഷം ഗവ: ലിക്കർ കോൺട്രാക്ട് എടുക്കുകയും മരണപര്യന്തം വിജയകരമായി നടത്തിപ്പോരുകയും ചെയ്തു. ഇദ്ദേഹത്തിന് അബ്രാഹം (തങ്കച്ചൻ) ആൻറണി (ഉമ്മച്ചൻ) ജോസഫ് (കുഞ്ഞു്) സെബാസ്റ്റ്യൻ (കുഞ്ഞൂഞ്ഞു്) തോമസ് (കുട്ടിച്ചൻ) ജേക്കബ് (ബേബി) എന്നിങ്ങനെ ആറു് ആൺമക്കളും, ഏലി (കുട്ടിയമ്മ) റോസ് (തങ്കമ്മ) എന്നു രണ്ടുപെൺമക്കളുമുണ്ടായി. പടിഞ്ഞാറേക്കര ശ്രീ. ജോസഫ് പ്രമേഹരോഗംമൂലം 50-ാ മത്തെ വയസ്സിൽ 1949 ഡിസംബർ 27 ന് നിര്യാതനായി.

ഇദ്ദേഹത്തിന്റെ മൂത്ത പുത്രി കുട്ടിയമ്മയെ കുടക്കച്ചിറ കുടുംബത്തിൽ ശ്രീ. ചെറിയാൻ ജോസഫി

ന്റെ മകൻ ഐസക് വിവാഹം ചെയ്ത് ചാലക്കുടി ക്കടുത്ത മുണ്ടൂർപ്പള്ളിയിൽ കുടക്കച്ചിറ എസ്റ്റേറ്റിൽ താമസിക്കുന്നു. രണ്ടാമത്തെ പുത്രി തങ്കമ്മയെ ആലപ്പുഴ തത്തമ്പിള്ളിൽ തയ്യിൽ കുടുംബത്തിൽ ശ്രീ. റവ. ഏ. വർഗ്ഗീസിന്റെ പുത്രനും, സെൻറ് ജോർജ്ജ് അംബ്രുലാ ഫാക്ടറി, സെൻറജിസ്റ്റോഴ്സ് എന്നിവയുടെ ഉടമസ്ഥനുമായ ബേബിച്ചൻ (റവ. വി. സ്കറിയ) വിവാഹം ചെയ്തു.

പടിഞ്ഞാറേക്കര ശ്രീ. ജോസഫിന്റെ പ്രഥമ പുത്രൻ തങ്കച്ചൻ പാലാ സെൻറ് തോമസ് ഹൈസ്കൂൾ, സാൻറാക്രൂസ് കൊച്ചി, ക്രിസ്ത്യൻ കോളെജ് മദ്രാസ് എന്നിവിടങ്ങളിലെ വിദ്യാഭ്യാസാനന്തരം ബിസിനസ്സ് രംഗത്തു പ്രവേശിച്ചു. തന്റെ പിതാവിന്റെ നിരുണ സമയത്തു നിലവിലുണ്ടായിരുന്ന കോൺട്രാക്ട്കരം ഏറെറടുത്തു ലാഭകരമായി നടത്തിപ്പോന്നു. യു. എം. എസ്. കമ്പനിയിൽ മാനേജരായും, സെക്രട്ടറിയായും, മാനേജിംഗ് ഡയറക്ടറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ ഭരണകാലത്തു കമ്പനി പലേ പ്രതിസന്ധികളേയും നേരിടേണ്ടിവന്നു. തന്റെ അഗ്രഹമനുസരിച്ചു കാര്യങ്ങൾ നീങ്ങുന്നില്ല എന്നു കണ്ട ശ്രീ. തങ്കച്ചൻ മാനേജർ സ്ഥാനം രാജിവച്ചു. പിന്നീടു കൃഷി കാര്യങ്ങളിലേക്കാണ് ഇദ്ദേഹം ശ്രദ്ധ പതിച്ചതു്. നാട്ടിൽ ആദ്യമായി റബ്ബർബഡ്ഡ്മരങ്ങൾ കൃഷി ചെയ്ത് ആദായകരമായി തോട്ടം വ്യവസായത്തിലേർപ്പെട്ടിരിക്കയാണിപ്പോൾ. ഇദ്ദേഹം വിവാഹം

ചെയ്തതു് വരാപ്പുഴ പുത്തൻപള്ളിയിൽ ജസ്റ്റീസ് വിതയത്തിന്റെ അനുജൻ വിതയത്തിൽ ലോനച്ചൻ വർക്കിയുടെ മകൾ കൊച്ചുത്രേസ്യായെയാണു്. ഈ ദമ്പതിമാർക്കു് ജോസ്(ജോയിച്ചൻ)മത്തേയൂസ് (ഷൈനച്ചൻ) എന്നു രണ്ടാൺകുട്ടികളുണ്ടു്. തങ്കച്ചൻ നല്ല ഒരു സ്പോർട്ട്സ്മാൻ കൂടിയാണു്. ഷോട്ട്പുട്ട്, 100മീററർ ഓട്ടം, പോൾവാൾട്ടു് എന്നിവയിൽ വിദഗ്ദ്ധനായ ഇദ്ദേഹം ധാരാളം സമ്മാനങ്ങൾ നേടിയിട്ടുണ്ടു.

ശ്രീ ജോസഫിന്റെ ദ്വിതീയ പുത്രൻ ഉമ്മച്ചൻ (പി. ജെ. ആൻറണി) പാലാ, ചങ്ങനാശ്ശേരി എറണാകുളം എന്നിവിടങ്ങളിലെ വിദ്യാഭ്യാസത്തിനു ശേഷം സ്വ സഹോദരനോടൊത്തു് കൃഷി കാര്യങ്ങളിലേർപ്പെട്ടു. പടിഞ്ഞാറേക്കര ശ്രീ ജോസഫിന്റെ എല്ലാ സന്താനങ്ങളും മികച്ച സ്പോർട്ട്സ് മാന്മാരാണു്. ഉമ്മച്ചൻ ഓട്ടങ്ങളിലും ഷോട്ട്പുട്ടിലും സ്റ്റേററ് ചാമ്പ്യൻ ഷിപ്പു നേടിയിട്ടുണ്ടു്. തീകഞ്ഞ രാഷ്ട്രീയ ബോധമുള്ള ശ്രീ ഉമ്മച്ചൻ ഇൻഡ്യൻ നാഷനൽ കോൺഗ്രസ് പാലാ മണ്ഡലം വൈസ്പ്രസിഡണ്ടു്, ഡി. സി. സി. മെമ്പർ, കേരളാ കോൺഗ്രസ് മണ്ഡലം പ്രസിഡണ്ടു് എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ടു് പാലാ മുനിസിപ്പാലിററിയിലെ ഒരു കൗൺസിലറായും, കേരളാ കോൺഗ്രസിന്റെ ഡി: എക്സിക്യൂട്ടീവ് മെമ്പറായും ഇരുന്നിട്ടുള്ള ശ്രീ ഉമ്മച്ചൻ, എല്ലാപ്രധാന രാഷ്ട്രീയ സംഭവവികാസങ്ങളിലും സജീവമായ പങ്കു വഹിച്ചിട്ടുണ്ടു്. ഒരു മികച്ച സഹകാരികൂടിയായ ഇ

ദ്ദേഹം, കിഴതടിയൂർ ബാങ്ക്, മിൽക്ക് സപ്ലൈസ് സൊസൈറ്റി എന്നിവയുടെ ഭരണസമിതി അംഗമാണ്. അടുത്തയിടനടന്ന സഹകരണ സ്കിൽ യൂണിയൻ തെരഞ്ഞെടുപ്പിലും ശ്രീ. ഉമ്മച്ചൻ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഇദ്ദേഹം ചങ്ങനാശ്ശേരിൽ തോട്ടാശ്ശേരി ശ്രീ. റവ. എം. മാത്യു എന്നവരുടെ പുത്രി കുഞ്ഞുഞ്ഞമ്മയെയാണ് വിവാഹം കഴിച്ചിരിക്കുന്നത്. ഈ ദമ്പതികൾക്ക് ആകാശ് എന്നൊരാൺകുട്ടിയും ആഴിമ, ആലീസ് എന്നീ രണ്ട് പെൺകുട്ടികളുമുണ്ട്.

ശ്രീ. ജോസഫിന്റെ മൂന്നാമത്തെ പുത്രൻ കുഞ്ഞ് (പി. ജെ. ജോസഫ്) അന്തർവിദ്യാലയ ഒരു സ്പോർട്സ് താരമാണ്. 100, 200, 400 മീറ്റർ ഓട്ടങ്ങളിലും Hop-step and jump തുടങ്ങിയ ഇനങ്ങളിലും പലവർഷം സ്കൂൾ ചാമ്പ്യനായിരുന്ന 400 മീറ്റർ ഓട്ടത്തിൽ സ്റ്റേറ്റ് റിക്കാർഡ് സ്ഥാപിച്ചിട്ടുണ്ട്. കേരള സംസ്ഥാനത്തെയും മൈസൂർ സംസ്ഥാനത്തെയും പ്രതിനിധാനം ചെയ്ത് അഖിലേന്ത്യാ മത്സരങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. ഇദ്ദേഹം ഒരു നല്ല നീന്തൽ വിദഗ്ധനും, നായാട്ടുപ്രേമിയും, ഫോട്ടോഗ്രാഫിയിൽ സമർത്ഥനുമാണ്. ശ്രീ. ജോസഫ് ബാങ്കുളർ ഹിന്ദുസ്ഥാൻ ലിവർ ക്രാഫ്റ്റിൽ ഇൻസ്പെക്ടറായി ജോലി നോക്കി വരികയായിരുന്നപ്പോൾ ശ്രീ ജോസഫിന്റെ നാലാമത്തെ പുത്രൻ കുഞ്ഞുഞ്ഞ് (പി. ജെ. സെബാസ്റ്റ്യൻ) പാലാ സെൻറ് തോമസ് കോളെജിലെ പഠ

നാനന്തരം ഗ്വാളിയർ റാണി ലക്ഷ്മീഭായി കോളെജിൽനിന്നു ഫിസിക്കൽ എഡ്യൂക്കേഷൻ ഡിഗ്രി സമ്പാദിച്ചു. തുടർന്നു് ഉപരിപഠനത്തിനായി ഇൻഡ്യാഗവ: സ്കോളർഷിപ്പോടുകൂടി റഷ്യയ്ക്കുപോയിരിക്കുന്നു. അദ്ദേഹം സേവ്യറർ റഷ്യയിൽ തന്റെ ഉപരി പഠനശീലനം വിജയകരമായി നടത്തി വരുന്നു. കേരളാ യൂണിവേഴ്സിറ്റിയേയും വിക്രം യൂണിവേഴ്സിറ്റിയേയും(മദ്ധ്യപ്രദേശ്) പ്രതിനിധാനംചെയ്തു് സ്പോട്ട്സിൽ ഉന്നത ബഹുമതികൾ നേടിയിട്ടുള്ളയാളാണു് ശ്രീ. ഉസബാസ്റ്റ്യൻ.

ശ്രീ. ജോസഫിന്റെ അഞ്ചാമത്തെ പുത്രൻ കുട്ടിയച്ചൻ (പി. ജെ. തോമസ്) സ്പോർട്ട്സ്, ഗെയിംസ് ഇനങ്ങളിൽ സമർത്ഥനായ ഒരു വിദ്യാർത്ഥിയാണു്. പടിഞ്ഞാറേക്കര ജോസഫിന്റെ ഇളയ പുത്രൻ ബേബി (ജേക്കബ് ജോസ്) യും പഠനം നടത്തിക്കൊണ്ടിരിക്കുന്നു. ബേബി വിശിഷ്ടസാധനങ്ങളിലും കൗതുകവസ്തുക്കളിലും സംഗീതം തുടങ്ങിയ സുകുമാരകലകളിലും താത്പര്യമുള്ളയാളാണു്.

B) പടിഞ്ഞാറേക്കര ചെറിയാൻ

പടിഞ്ഞാറേക്കര തൊമ്മച്ചന്റെ രണ്ടാമത്തെ പുത്രൻ ചെറിയാൻ പാലായിൽനിന്നു മൂഴിക്കാട്ടേക്കു താമസം മാറിയ വിവരം മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇദ്ദേഹം വെളിയനാട്ടു നാല്പതാം കളത്തിൽ കുടുംബത്തിൽനിന്നാണു് വിവാഹം കഴിച്ചതു്. ഇദ്ദേ



ഇരിക്കുന്നതു്: പടിഞ്ഞാറെക്കര ഇട്ടിയവിരാ തോമസു് (കുഞ്ഞമ്മൻ)
നില്ക്കുന്നതു്: കുഞ്ഞമ്മന്റെ ഏക പുത്രിയുടെ മകൻ ജോസു്
(യൂണിവേർസൽ തീയറ്റർ പ്രൊപ്പറൈറ്റർ)
ഇട്ടിയവിരാ തോമസു് ജനനം: 21–6–1900 മരണം: 14–5–1967

See Pages 130 & 131

പടിഞ്ഞാറെക്കര കുടുംബാംഗങ്ങൾ



മിസ്സസ് കുട്ടിയമ്മ ഐസക്ക്
കടക്കച്ചിറ (പാലാ)
(പടിഞ്ഞാറെക്കര
കുഞ്ഞവുസേപ്പിന്റെ പുത്രി)



മിസ്സസ് തങ്കമ്മ ബേബി
തയ്യിൽ (ആലപ്പുഴ)
(പടിഞ്ഞാറെക്കര
കുഞ്ഞവുസേപ്പിന്റെ പുത്രി)



പടിഞ്ഞാറെക്കര
മിസ്സസ്
ത്രസ്യാമ്മ തങ്കച്ചൻ



പടിഞ്ഞാറെക്കര
മിസ്സസ്
നാടാഷാ സെബാസ്റ്റ്യൻ



പടിഞ്ഞാറെക്കര
മിസ്സസ്
മേരിക്കുട്ടി ജോസഫ്

ഹത്തിനു് തോമസു്, ജോസഫു് എന്നു രണ്ടാൺമക്കളും മറിയം, അന്ന, ത്രേസ്യാ എന്നു മൂന്നുപെൺമക്കളുമുണ്ടായി. ഇവരിൽ മറിയത്തിനെ മൂഴിക്കാട്ടു് വെള്ളമറ്റം കുടുംബത്തിലെ കുഞ്ഞാണ്ടു് വിവാഹം ചെയ്തതു്. അന്നയെ മേനോൾ തുണ്ടത്തിൽ വിവാഹം ചെയ്യിച്ചയച്ചു. അന്നയും കുടുംബവും റാന്നിയിൽ പെരിനാടു് എന്നസ്ഥലത്താണു താമസം. ത്രേസ്യായെ പൌവത്തു് വിവാഹം ചെയ്യിച്ചയച്ചു. അവർ ഇപ്പോൾ പെരുവന്താനത്താണു താമസം. പുത്രന്മാരിൽ ജോസഫു് ചെറുപ്പത്തിലേതന്നെ നിരുതനായി. തോമസു് പനമറ്റത്തു് വയലക്കൊമ്പിൽ കുടുംബത്തിൽ നിന്നു റോസമയെ വിവാഹം കഴിച്ചു. ഇദ്ദേഹത്തിനു ചെറിയാൻ, ജോസഫു്, കുര്യാക്കോസു്, തോമസു് എന്നു നാലാൺമക്കളും റോസ, മറിയം എന്നു രണ്ടു പെൺമക്കളും ജനിച്ചു. പെൺമക്കളിൽ റോസയെ (മാമ്മി) പിണ്ണാക്കനാടു് വടകയിൽ കുടുംബത്തിൽ ശ്രീ. തങ്കുട്ടി വിവാഹം ചെയ്തു. അവർ ഉടുമ്പൻചോലയിൽ താമസിച്ചുവരുന്നു. മറിയത്തിനെ ഒപ്പെകയിൽ ഈഴക്കുന്നേൽ തോമസു് വിവാഹം ചെയ്തു. ഇവരും ഉടുമ്പൻചോലയിലാണു താമസം. പുത്രൻമാരിൽ മൂത്തയാൾ ചെറിയാൻ കുഞ്ഞിപ്പുള്ളി പീടികയിൽ ശ്രീമതി കുഞ്ഞിയെ വിവാഹംചെയ്തു് ഒപ്പറേഞ്ചിൽ താമസിക്കുന്നു. ഇവർക്കു് റോസ, അന്ന, മറിയം, കുഞ്ഞി എന്നു നാലുപെൺമക്കളുണ്ടു്. രണ്ടാമത്തെ പുത്രൻ ജോസഫു് മനോലിയിൽ മടുക്കാവുങ്കൽ കുടുംബത്തിൽനിന്നു ശ്രീമതി റോസയെ വിവാഹം ചെയ്തു് ഉടുമ്പൻചോ

യിൽ താമസിക്കുന്നു. ഈ ദമ്പതികൾക്കു ജോസഫ് എന്നൊരു പുത്രനും, റോസ (ലൂസി), മറിയം, ഏലിയാമ്മ എന്നു മൂന്നു പെൺമക്കളുമുണ്ട്. മൂന്നാമത്തെപുത്രൻ തോമസ് കാഞ്ഞിരപ്പള്ളിക്കു സമീപം പാലപ്ര എന്ന സ്ഥലത്തു് കൊച്ചുതെക്കേതിൽ ശ്രീമതി ത്രേസ്യായെ വിവാഹം കഴിച്ചു. ഇളയപുത്രൻ ശ്രീ കുര്യാക്കോസ് അവിവാഹിതനാണു്.

C) പടിഞ്ഞാറേക്കര ഈപ്പൻ

പടിഞ്ഞാറേക്കര തൊമ്മച്ചന്റെ ഇളയപുത്രൻ ഈപ്പൻ കടനാട്ടിൽ പ്ലാക്കണ്ണിക്കൽ അന്നയെ വിവാഹം കഴിച്ചു് കുന്നേൽപീടിക പുരയിടത്തിലേക്കു താമസം മാറ്റി. ഈ ദമ്പതിമാർക്കു് തൊമ്മൻ, അവിരാ, ദേവസ്യാ, ജോസഫ് എന്നു നാലു പുത്രന്മാരും, മറിയം, ഏലിമ്മ, അന്നമ്മ, പെണ്ണമ്മ എന്നു നാലു പുത്രിമാരും ജനിച്ചു. ഇവരിൽ മറിയത്തിനെ ചേപ്പുകൽ ചേന്നാട്ടു താഴെ വീട്ടിൽ ചാണ്ടിയും, ഏലിമ്മയെ കുമണ്ണിൽ വെട്ടത്തു മത്തായിയും, അന്നമ്മയെ തൊട്ടുപുഴ മയിലക്കൊമ്പിൽ കൊട്ടാരത്തിൽ ദേവസ്യായും വിവാഹം ചെയ്തു. ഇളയപുത്രി പെണ്ണമ്മ ചെറുപ്പത്തിലേതന്നെ ചരമമടഞ്ഞു. ആൺമക്കളിൽ മൂത്തയാൾ തൊമ്മൻ ഇളംതോട്ടം വടക്കൻ കുടുംബത്തിൽപ്പെട്ട പാഴുക്കുന്നേൽ ഏലിയെ വിവാഹം ചെയ്തു നെടിയകാട്ടിൽ കീരിയള്ളു് എന്ന സ്ഥലത്തു് പടിഞ്ഞാറേക്കര എന്ന വീട്ടുപേരിൽത്തന്നെ താമസിച്ചു. ഉദ്ദേശം പത്തുവർഷ

ങ്ങൾക്കു മുൻപു് ഇട്ടേഹം നിര്യാതനായി. ഇട്ടേഹത്തിനുമുന്നു് ആൺമക്കളും, അഞ്ചു പെൺമക്കളും ജനിച്ചു. പെൺമക്കളിൽ മാമ്മിയെ ഒറ്റപ്ലാങ്കു് പൈമ്പിള്ളിൽ ജോസഫും, കുട്ടിയെ തുടങ്ങനാട്ടിൽ മണപ്പുറത്തു് പുന്നന്റെ പുത്രൻ ജോസഫും, അച്ചാമ്മയെ പുറപ്പുഴ പന്നിക്കഴിവീട്ടിൽ കുഞ്ഞും, ത്രേസ്യാമ്മയെ തൊട്ടപുഴ കീരിക്കോടു് വാളനാംകുഴിയിൽ കുഞ്ഞും, ഇളയമകൾ പെണ്ണിയെ കരിങ്കുന്നത്തു് പുളിമൂട്ടിൽ കുഞ്ഞും, വിവാഹം ചെയ്തു. തൊമ്മന്റെ മൂത്തപുത്രൻ ജോസഫു് (ഒറ്റ സേപ്പച്ചൻ) രാമപുരത്തു വാഴച്ചാമിക്കു് മറിയക്കുട്ടിയെ വിവാഹം ചെയ്തതിൽ ഒരുമകനും രണ്ടു പെൺമക്കളുമുണ്ടു്. പെൺമക്കളിൽ ഒരാൾ കന്യാസ്ത്രീയാണു്; മറ്റു രണ്ടുപേരും വിദ്യോത്ഥികളാം. തൊമ്മന്റെ ദ്വിതീയ പുത്രൻ ജോസു് അഞ്ചിരി എന്നസ്ഥലത്തുനിന്നു വിവാഹം ചെയ്തു് കരിങ്കുന്നത്തു താമസിക്കുന്നു. ഇട്ടേഹത്തിനു രണ്ടു പെൺമക്കളുണ്ടു്. തൊമ്മന്റെ ഇളയമകൻ അവിരാച്ചൻ പുറപ്പുഴ വഴുതനപ്പള്ളിൽ പെണ്ണമ്മയെ വിവാഹംചെയ്തു കരിങ്കുന്നത്തു തന്നെ താമസിക്കുന്നു. ഇവർക്കും രണ്ടു പെൺമക്കളെയുള്ളു.

ഈപ്പന്റെ രണ്ടാമത്തെ പുത്രൻ അവിരാച്ചൻ മൂലമറ്റത്തിനു സമീപം എലുപ്പള്ളിക്കു, കണ്ണിക്കാലയിൽ മേടയ്ക്കൽ എന്ന വീട്ടിൽ താമസിക്കുന്നു. ഇട്ടേഹം കടനാട്ടിൽ പാറേമ്മാക്കൽ അന്തോനിയുടെ മകൾ അന്നയെ വിവാഹം ചെയ്തു. നാലു ആൺമക്കളും നാലു

പെൺമക്കളുമുണ്ട്. പെൺമക്കളിൽ മൂത്തവർ അന്നക്കുട്ടിയെ അറക്കളത്തു പെരുവള്ളാത്തു ദേവസ്യായുടെ പുത്രൻ ജോസഫ് വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ ഏലിക്കുട്ടിയെ അറക്കളത്തുതന്നെ നാട്ടുനിലത്തു മത്തായിയുടെ മകൻ ജോൺ (പാപ്പച്ചൻ) വിവാഹം ചെയ്തു. മൂന്നാമത്തെ മകൾ അച്ചാമ്മയെ മുലമറ്റത്തു് കാവിപ്പുരയിടത്തിൽ പാക്കോയുടെ മകൻ ജോസഫ് (കൊച്ചു്) അതാണ് വിവാഹം കഴിച്ചിരിക്കുന്നതു്. ഇളയമകൾ പെണ്ണമ്മ വിദ്യാർത്ഥിനിയാണ്. അവിരാച്ചന്റെ മൂത്തപുത്രൻ ജോസഫ് (കുഞ്ഞുകുട്ടി) മൈലക്കൊമ്പു് കൊട്ടാരത്തിൽ വർഗ്ഗീസിന്റെ പുത്രി അന്നക്കുട്ടിയെ വിവാഹം ചെയ്തു് ഇഞ്ചത്തൊട്ടിയെന്ന സ്ഥലത്തു് മേടയ്ക്കൽ എന്ന വീട്ടുപേരോടുകൂടി താമസിച്ചുവരുന്നു. ഇദ്ദേഹത്തിനു് ഒരു മകളും, നാലാൺമക്കളുമുണ്ടു്. അവിരാച്ചന്റെ മദ്ധ്യമപുത്രൻ തൊമ്മച്ചൻ കോടിക്കുളത്തു് കുണിയംപടിക്കൽ ജോസഫിന്റെ മകൾ അന്നക്കുട്ടിയെ വിവാഹം ചെയ്തു പിതാവിനോടൊത്തു താമസിക്കുന്നു. ഷെർലി, സിന്ധു എന്ന രണ്ടു പെൺമക്കളും, ഗ്ലെന്നി എന്ന ഒരാൺകുട്ടിയുമാണു് ഇദ്ദേഹത്തിന്റെ സന്താനങ്ങൾ. അവിരാച്ചന്റെ മൂന്നാമത്തെ പുത്രൻ ആന്റണിയും ഇളയപുത്രൻ ദേവസ്യാച്ചനും അദ്ദേഹത്തോടൊത്തു താമസിക്കുന്നു. ദേവസ്യാച്ചൻ പ്രീ യൂണിവേഴ്സിറ്റി വിദ്യാർത്ഥിയാണു്.

ഈപ്പന്റെ മൂന്നാമത്തെ പുത്രൻ ദേവസ്യാ (കൊച്ചു്) കുറുമണ്ണിൽ മേരിലാൻറ് ഇടവക ഇളമ്പാ

ശ്ശേരിൽ അന്നയെ വിവാഹം ചെയ്തു് അവിടെയടുത്തു താമസിക്കുന്നു. ഇവർക്കു മൂന്നു് ആൺമക്കൾ മാത്രമാണുള്ളതു്. ഈപ്പന്റെ ഇളയപുൻ ജോസഫ് (കുഞ്ഞു്) വിവാഹിതനാകുന്നതിനു്. മുൻപുതന്നെ ചരമം പ്രാപിച്ചു.

കുടുംബചരിത്രത്തിന്റെ ഇനിയുള്ള അദ്ധ്യായങ്ങളെപ്പററി

എറകോന്നിപുത്തമ്പുര മാതൃകുടുംബത്തിന്റെ പടിഞ്ഞാറെക്കര, ഒററപ്ലാക്കൽ ശാഖകളുടെ ചരിത്രം ഏററം സംക്ഷിപ്തമായി പതിമൂന്നു് അദ്ധ്യായങ്ങളിൽ ഒതുക്കിനിറുത്തിയിരിക്കുകയാണു്. ഇനിയുള്ള അദ്ധ്യായങ്ങൾ കിഴക്കേക്കര വിഭാഗത്തിന്റെ സംക്ഷിപ്തമായ ചരിത്രം ഉൾക്കൊള്ളുന്നവയാകുന്നു.

ഗ്രന്ഥനിർമ്മാണത്തിനു കഴിവുള്ളിടത്തോളം രേഖകൾ സമ്പാദിക്കുവാൻ പരമാവധി ശ്രമിച്ചിട്ടുണ്ടു്. വേണ്ടിടത്തോളം രേഖകൾ ലഭിക്കാഞ്ഞതിലും ലഭിച്ചവയിൽ പലതും അവ്യക്തമായിരുന്നതിനാലും കുടുംബചരിത്രം പൂർണ്ണമാണെന്നു് ഈ ഗ്രന്ഥനിർമ്മാണത്തിൽ പങ്കെടുത്തവരാരും അവകാശപ്പെടുന്നില്ലാ.

പ്രസാധകൻ

കിഴക്കേക്കര കുടുംബം

(മൂന്നാം അദ്ധ്യായത്തിന്റെ തുടർച്ച)

കിഴക്കേക്കര കൊച്ചിട്ടിഐപ്പ് (ഒന്നാം തലമുറ)

തൊമ്മപ്പണിക്കരുടെ ദ്വിതീയപുത്രൻ ഒന്നാം തലമുറ കൊച്ചിട്ടിയപ്പിനു് തൊമ്മൻ, ഐപ്പ്, ഇട്ടിച്ചെറിയ എന്നീ മൂന്നുപുത്രന്മാരും അഞ്ചു പുത്രിമാരും ഉണ്ടായി. ഒരു പുത്രിയെ പറമ്പറ ഉലുപ്പു വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രിയെ കണ്ടനാട്ടു തുടിയന്റെ വീട്ടിലും, മൂന്നാമത്തെവളെ ചങ്ങനാശ്ശേരി താഴ്ക്കിൽ കല്ലറയ്ക്കൽ തരകന്റെ വീട്ടിലും, നാലാമത്തവളെ കടനാട്ടു കരയിൽ വെട്ടിക്കാപ്പള്ളിൽ വീട്ടിലും, അഞ്ചാമത്തെ പുത്രിയെ പാലായിൽ നെച്ചിക്കാട്ടു കുടുംബത്തിലും വിവാഹം ചെയ്തയച്ചു. പുത്രന്മാരിൽ തൊമ്മൻ കിഴക്കേക്കര കുടുംബവീടിന്റെ തലവനും, ഇട്ടിച്ചെറിയ താഴത്തുവീടിന്റെ തലവനുമായി. ഐപ്പ് കോതമംഗലത്തു് ഇലഞ്ഞിക്കൽ നിന്നു വിവാഹം കഴിച്ചെങ്കിലും സന്താനമില്ലാതെ പ്രസ്തുത ശാഖ അവസാനിച്ചു.

അദ്ധ്യായം പതിന്നാല്

കരോട്ടെവീട്ടിൽ ശാഖ

കരോട്ടേവീട്ടിൽ തൊമ്മൻ (രണ്ടാം തലമുറ)

കൊച്ചിട്ടിയപ്പിന്റെ മൂത്തമകൻ തൊമ്മൻ ആരക്കഴ എടത്തട്ടേൽനിന്നു വിവാഹം ചെയ്തു് വടക്കേ കല്ലിപ്പുരയിടത്തിൽ താമസമാക്കി. തൊമ്മനു് ഇട്ടിയപ്പു് എന്ന പുത്രനും, മൂന്നു പുത്രിമാരും ഉണ്ടായിരുന്നു. ഒരു പുത്രിയെ പിറവം പുഴയ്ക്കു സമീപം പാഴൂക്കര വീട്ടിലും, രണ്ടാമത്തെ പുത്രിയെ വൈയ്ക്കത്തു് ഏറ്റുമാന്തുക്കാരന്റെ വീട്ടിലും, മൂന്നാമത്തവളെ രേണങ്ങാനത്തു പ്ലാത്തോട്ടത്തിലും വിവാഹം ചെയ്തയച്ചു.

കിഴക്കേക്കര ഇട്ടിയപ്പു് (മൂന്നാം തലമുറ)

തൊമ്മന്റെ പുത്രനായ ഇട്ടിയപ്പു് പാലായിൽ തറയിൽ മാപ്പിളയായ തയ്യിൽവീട്ടിൽ നിന്നു് വിവാഹം ചെയ്തു. അദ്ദേഹത്തിനു് തൊമ്മൻ, ഇട്ടിയപ്പു്, ഇട്ടിച്ചെറിയ, മത്തായി, വക്കി എന്നിങ്ങനെ അഞ്ചു പുത്രന്മാരും, രണ്ടു പുത്രിമാരും ഉണ്ടായിരുന്നു. ഇന്നാമത്തെ പുത്രി മറിയത്തിനെ പാലാ അങ്ങാടിയിൽ കൊട്ടുകാപ്പള്ളിൽ വിവാഹം ചെയ്തയച്ചു. രണ്ടാമത്തവളായ ഏലി അവിവാഹിതയായി സ്വപിതാവിനോടൊത്തു കഴിച്ചുകൂട്ടി. പുത്രന്മാരിൽ മൂത്തമകൻ തൊമ്മൻ പുത്തൻപുരയ്ക്കൽ ശാഖയുടെയും, ഇട്ടിയപ്പു് പീടിക

യിൽ ശാഖയുടെയും, ഇട്ടിച്ചെറിയ ആലയ്ക്കൽ ശാഖയുടെയും, വക്കി കരോട്ടേവീട്ട (തറവാട്ട്) ശാഖയുടേയും തലവന്മാരായി. മത്തായി മൂട്ടപിറ ഏറുമാന്തുക്കാരന്റെ വീട്ടിൽ ഭത്തവകാശിയായി താമസിച്ചു. ഒരു കുട്ടി ജനിച്ചെങ്കിലും ആ കുട്ടി മരിച്ചുപോയതിനാലും പിന്നീട് കുട്ടികളുണ്ടാകാതിരുന്നതിനാലും ആ ശാഖ അവസാനിച്ചു.

അദ്ധ്യായം പതിനഞ്ച്

പുത്തൻപുരയ്ക്കൽ കുടുംബം

A) തൊമ്മൻ (നാലാം തലമുറ)

മൂന്നാംതലമുറ ഇട്ടിയപ്പിന്റെ പ്രഥമപുത്രനായ തൊമ്മൻ അതിരമ്പുഴയിൽ കൊച്ചുപുരയ്ക്കൽ വീട്ടിൽ ഈപ്പന്റെ മകളെ വിവാഹം ചെയ്ത് പുത്തൻപുരയ്ക്കൽ എന്ന പേരുള്ള നടുവിലെ കൊട്ടമ്പൻ പുരയിടത്തിൽ താമസിച്ചു. നാലാം തലമുറ തൊമ്മനു് ഇട്ടിയപ്പു്, ഈപ്പൻ, മത്തായി എന്നീങ്ങനെ മൂന്നു പുത്രന്മാരും, ഒരു പുത്രിയും ഉണ്ടായി. പുത്രിയെ ളാലം കരയിൽ മയിലാടുംപാറ ഞാവള്ളിൽ ഉതുപ്പുതരകന്റെ മകൻ വിവാഹം ചെയ്തു. തൊമ്മന്റെ പ്രഥമപുത്രൻ ഇട്ടിയപ്പു് കാഞ്ഞിരപ്പള്ളിൽ കിഴക്കേത്തലയ്ക്കൽനിന്നു് വിവാഹം കഴിച്ചു് കൈതവയലിൽ താമസിച്ചു. ആ വക്കു് സന്താനമുണ്ടായില്ല. ദ്വിതീയപുത്രൻ ഈപ്പൻ പാലായിൽ കാപ്പിൽ ഉണ്ണിച്ചെറിയതിന്റെ മകൾ



1930 വരെ സജീവമായി പ്രവത്തിച്ചുവന്നിരുന്നതും പിന്നീട് പ്രവത്തനരഹിതമായതുമായ ''എറകോന്നി പുത്തന്വര കുടുംബയോഗ''ത്തിന്റെ 1928 ജൂണിൽ എറകോന്നി മൌണ്ടിൽവച്ചു നടന്ന സമ്മേളനത്തിൽ സംബന്ധിച്ചവരെയാണു് ഈ പടത്തിൽ കാണുന്നതു്. അവരിൽ പലരും ഇന്നു ജീവിച്ചിരിപ്പില്ല. ഈ കുടുംബയോഗമാണു് അന്നത്തെ പേരിൽ തന്നെ ഇപ്പോഴും പ്രവത്തനമാരംഭിച്ചിരിക്കുന്നതു.

See Page 220



കിഴക്കേക്കര പീടികയിൽ
ബ. യൌസേപ്പച്ചൻ
ജനനം 1 – 12 – 1864
മരണം 18 – 3 – 1944

See Pages 164 — 165



എ.ഒ. ജോസഫ് എം.എ ,എൽ റ്റി.
അഞ്ചേരിൽ
ജനനം 10 – 8 – 1898
മരണം 31 – 7 – 1961

See Pages 94 — 97

ഏലിയെ വിവാഹം ചെയ്ത് കെടുമ്പിൻ പുരയിടമായ പുത്തൻപുരയ്ക്കൽ താമസമാക്കി. തൃതീയപുത്രൻ മത്തായി ചങ്ങനാശേരിയിൽനിന്നു വിവാഹം കഴിച്ചെങ്കിലും സന്താനമുണ്ടാകാതെ ചെറുപ്പത്തിൽത്തന്നെ മരിച്ചു.

ഈപ്പൻ പുത്തൻപുരയ്ക്കൽ (അഞ്ചാം തലമുറ)

നാലാം തലമുറക്കാരനായ തൊമ്മന്റെ ദ്വിതീയപുത്രനായ ഈപ്പൻ പാലായിൽ കാപ്പിൽ ഏലിയെ വിവാഹം ചെയ്തു. അവർക്ക് തൊമ്മൻ, ഉണിചെറിയത്, ഇട്ടിഅയ്പ്, മത്തായി എന്നിങ്ങനെ നാലുപുത്രന്മാരും ഒരു പുത്രിയും ഉണ്ടായി. പുത്രിയായ മാമ്മിയെ ഇടമറ്റത്തു മുണ്ടാട്ടുചുണ്ടയിൽ വിവാഹം ചെയ്തു. അവർക്ക് ഒരു പുത്രിയുണ്ടായപ്പോൾ വിധവയായിത്തീർന്നതിനാൽ പിതൃഗൃഹത്തിൽ വന്നു മരണംവരെ താമസിച്ചു. ഈപ്പന്റെ പ്രഥമപുത്രൻ തൊമ്മൻ തട്ടാൻപറമ്പിൽ ശാഖയുടേയും, ഉണിചെറിയത്തു് ഈന്തുങ്കൽ പകുതി ശാഖടേയും, ഇട്ടിയയ്പ് കൈതവയലിൽ ശാഖയുടേയും മത്തായി പുത്തൻപുരയ്ക്കൽ ശാഖയുടേയും തലവന്മാരായി.

A) തട്ടാൻപറമ്പിൽ ശാഖ (ആറാം തലമുറ)

പുത്തൻപുരയ്ക്കൽ ഈപ്പന്റെ മകൻ തൊമ്മൻ പ്രവിത്താനം കരയിൽ "തറയിൽ മാപ്പിള"യുടെ വീടായ കുട്ടുങ്കൽനിന്നു് അന്നയെ വിവാഹം ചെയ്തു

പയപ്പാർ കരയിൽ തട്ടാൻപറമ്പിൽ താമസമാക്കി. അദ്ദേഹത്തിനു ഈപ്പൻ, ഔസേപ്പ് എന്നീ രണ്ടുപുത്രന്മാരും നാലു പുത്രിമാരും ഉണ്ടായി. ഒന്നാമത്തെ പുത്രി ഏലിയെ ഭരണങ്ങാനം പ്ലാത്തോട്ടത്തിൽ കുടുംബത്തിൽപ്പെട്ടതും, പ്രവിത്താനം ഇടവകയിൽപ്പെട്ടതുമായ വാഴചാരിക്കലിൽ തെങ്ങുംപള്ളിൽ തൊമ്മന്റെ മകൻ മാണി വിവാഹംചെയ്തു. രണ്ടാമത്തെ പുത്രി അന്നയെ പാലാപ്പള്ളി ഇടവക "കിഴക്കേടത്തു മാപ്പിള"യായ ഇല്ലിമൂട്ടിൽനിന്നും നീലൂർ താമസമാക്കിയ മത്തായി വിവാഹം ചെയ്തു. മൂന്നാമത്തെ പുത്രി സിസ്റ്റർ ജൽത്രൂദും, നാലാമത്തെ പുത്രി സിസ്റ്റർ അനസ്താസിയായും കുമ്മലിത്താമഠത്തിൽ കഴിയുന്നു.

a) <u>തട്ടാൻപറമ്പിൽ ഈപ്പൻ</u> (ഏഴാം തലമുറ)

തട്ടാൻപറമ്പിൽ തൊമ്മന്റെ മകൻ ഈപ്പൻ മൂന്നു വിവാഹം കഴിച്ചു. ആദ്യത്തെ വിവാഹം കടനാട്ടു കരയിൽ ഇല്ലിക്കൽനിന്നുമായിരുന്നു. മക്കളില്ലാതെ ഭാര്യ മരിച്ചതിനാൽ കുറവിലങ്ങാട്ടു പള്ളി ഇടവക കുമ്മനാട്ടുകരയിൽ മറ്റത്തിൽനിന്നും രണ്ടാമതു വിവാഹം കഴിച്ചു. ടി ഭാര്യയും സന്താനമില്ലാതെ മരിച്ചു. അതിനാൽ മണിമല മയിലാട്ടൂർനിന്നും മൂന്നാമതു വിവാഹം കഴിച്ചു് മനയ്ക്കണ്ടത്തിൽ കാഞ്ഞിരത്താംപറമ്പിൽ താമസമാക്കി. അദ്ദേഹത്തിനു് തൊമ്മൻ, ചാക്കോ, ജോസ് എന്നീ മൂന്നുപുത്രന്മാരും, മാമ്മി, അച്ചാമ്മ, ഏലമ്മ, ലിസമ്മ, എന്നീ നാലു പുത്രി

മാത്തുമുണ്ടായി. ഒന്നാമത്തെ പുത്രി മാമ്മിയെ ഇലഞ്ഞി കരയിൽ പള്ളിക്കാപ്പറമ്പിൽ കുഞ്ഞൂഞ്ഞു വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി അച്ചാമ്മ കമ്മലീത്താമഠത്തിൽ ചേന്നു. പാലാ അൽഫോൻസാ കോളേജിൽ 1968 മുതൽ മലയാളം ലക്ചററായി ജോലിനോക്കുന്ന സിസ്റ്റർ കൊളംബിയർ M. A. B. Ed. അവരാണു്. മൂന്നാമത്തെ പുത്രി ഏലമ്മ പാലാ നെല്ലുവേലിമഠത്തിൽ ചേന്നു. നാഗാലാൻഡിൽ മിഷൻപ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന സിസ്റ്റർ ലൂസീനാ M. Ed. ആണു് ആ കന്യാസ്ത്രീ. നാലാമത്തെ പുത്രി ലിസമ്മ B. Sc. യെ എറകോന്നിപടിഞ്ഞാറേക്കര ശാഖയിൽപ്പെട്ട ചക്കൻകളത്തു കളപ്പുരയിൽ ഔസേപ്പിന്റെ മകൻ ചെറിയാൻ വിവാഹം ചെയ്തു.

ഇയ്പ്പന്റെ ഒന്നാമത്തെ പുത്രൻ തൊമ്മൻ പൂവരണി ഇടവക മൊളോപ്പറമ്പിൽ കുര്യന്റെ മകൾ റോസയെ വിവാഹംചെയ്തു. അവർക്കു് ജോസഫ്, കുര്യൻ എന്നീ രണ്ടു പുത്രന്മാരും, ലൂസി, ആനി, ലിസി, ജമ്മ, മറിയമ്മ എന്നീ അഞ്ചു പുത്രിമാരും ജനിച്ചു. എല്ലാവരും വിദ്യാർത്ഥികളാണു്. ഇയ്പ്പന്റെ ദ്വിതീയപുത്രൻ ചാക്കോ ചങ്ങനാശ്ശേരിയിൽ കറുകച്ചാൽ കരയിൽ ജോബിന്റെ മകൾ സുസമ്മയെ വിവാഹം ചെയ്തു. അവർക്കു് ഇയ്പ്പൻ എന്ന ആൺകുട്ടിയും ആഷാ എന്ന പെൺകുട്ടിയും ജനിച്ചു. രണ്ടു കുട്ടികളും വിദ്യാർത്ഥികളാണു്. ഇയ്പ്പന്റെ തൃതീയപുത്രനു ജോസു് അവിവാഹിതനാണു്.

b) തട്ടാൻപറമ്പിൽ ഔസേപ്പ്

തട്ടാൻപറമ്പിൽ തൊമ്മന്റെ മകൻ ഔസേപ്പ് പാലാ ഇടവക പടിഞ്ഞാറേക്കര ശാഖയിൽപ്പെട്ട കുത്തിവളച്ചേൽ ഔസേപ്പിന്റെ മകൾ റോസമ്മയെ വിവാഹം ചെയ്ത് തറവാട്ടിൽ താമസിച്ചു. അദ്ദേഹത്തിനു് തൊമ്മൻ, ജോസ് ജോസഫ് എന്നീ രണ്ടുപുത്രന്മാരും, അന്നമ്മ, റോസമ്മ, ലീലാമ്മ എന്നീ മൂന്നു പുത്രിമാരും ഉണ്ടായി. ആദ്യത്തെ പുത്രി അന്നമ്മയെ പ്രവിത്താനം ഇടവക പ്ലാക്കൂട്ടത്തിൽ ദേവസ്യായുടെ മകൻ ജോസഫ് വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി റോസമ്മ കുമ്മലീത്താമഠത്തിൽ ചേന്നു് സിസ്റ്റർ ജെരാർഡ് എന്ന പേരു സ്വീകരിച്ചു് അവിടെ കഴിയുന്നു. മൂന്നാമത്തെ പുത്രി ലീലാമ്മ B. Sc. B. Ed. ആലുവാ ചുണങ്ങൻവേലി മഠത്തിൽ ചേന്നു.

ഔസേപ്പിന്റെ മൂത്തപുത്രൻ തൊമ്മൻ അവിവാഹിതനായി വീട്ടിൽ താമസിക്കുന്നു. രണ്ടാമത്തെ പുത്രൻ ജോസ് ജോസഫ് M. Sc. പാലാ സെൻറ് തോമസ് കോളജിലെ കെമിസ്ട്രി ലക്ചറാണു്. അദ്ദേഹം പയപ്പാറിൽ മയിലാട്ടൂർനിന്നും അറക്കളത്തു താമസിക്കുന്ന മത്തായിയുടെ മകൾ മേരിയെയാണു് വിവാഹം ചെയ്തിരിക്കുന്നതു്. അവൾക്കു് റോസ എന്നു പേരുള്ള ഒരു ശിശുവുണ്ടു്.

b) ഈന്തുങ്കൽ പകൃതി ശാഖ

ഉണിച്ചെറിയത്തു് — (താടിക്കാരൻ) (ആറാം തലമുറ)

അഞ്ചാം തലമുറ പുത്തൻപുരയ്ക്കൽ ഈപ്പന്റെ രണ്ടാമത്തെ പുത്രൻ ഉണിച്ചെറിയത്തു് പാലാ ഇടവക പൊരുന്നോലിലായ പടവിൽ വക്കിയുടെ മകൾ ത്രസ്യാ യെ വിവാഹം ചെയ്തു് ഈന്തുങ്കൽ പകൃതി പുരയിട ത്തിൽ പാർത്തു. കാലാന്തരത്തിൽ അദ്ദേഹം മാർത്തോ മ്മാ സഭാവിശ്വാസിയായിത്തീരുകയും കരിക്കന്നേൽ മാർത്തോമ്മാപള്ളി പണിക്കു സഹായിക്കുകയും ചെ യ്തു. 83-ാമത്തെ വയസ്സിൽ മരിച്ച അദ്ദേഹത്തെ കരി ക്കന്നേൽ മാർത്തോമ്മാ പള്ളിയുടെ ശവക്കോട്ടയിൽ സംസ്കരിച്ചു.

ഉണിച്ചെറിയത്തിനു് തൊമ്മൻ, വക്കി, ചെ റിയാൻ ഇട്ടിയപ്പു് എന്നീ നാലുപുത്രന്മാരും, ഏലി, മറിയം എന്നീ രണ്ടു പുത്രിമാരും ഉണ്ടായി. മൂത്ത പു ത്രി ഏലിയെ പാലാ പള്ളി ഇടവക പുഞ്ചക്കന്നേൽ ഈപ്പൻ വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി മറി യത്തിനെ തിരുവല്ലായിക്കടുത്തുള്ള ചാത്തങ്കരിയിൽ, മാർത്തോമ്മാ സമുദായത്തിൽപ്പെട്ട വായ്പനാൽ വീ ട്ടിൽ തോമസ് പുനർവിവാഹം ചെയ്തു. ഉണിച്ചെറി യത്തിന്റെ മൂത്തപുത്രൻ തൊമ്മൻ (ഏഴാം തലമുറ) പ്ര വിത്താനം പള്ളി ഇടവക അമ്മനാട്ടു കരയിൽ മാക്ക പ്പുളിക്കൽ മിഖായേലിന്റെ മകൾ ത്രസ്യാമ്മയെ വിവാ ഹം ചെയ്തു് തുടങ്ങനാട്ടിൽ ഇടമനത്തടം പുരയിട

ത്തിൽ താമസിച്ചു. പിന്നീട് തറവാടായ പാലായിൽ ഈന്തുങ്കൽ പകുതിപുരയിടത്തിൽത്തന്നെ താമസമാക്കി. 1970 ജൂൺ മാസത്തിൽ മരിച്ചു. ഇളംതോട്ടം പള്ളിയുടെ ശവക്കോട്ടയിൽ സംസ്കരിക്കപ്പെട്ടു. അദ്ദേഹത്തിനു് ചെറിയാൻ, മൈക്കിൾ, ഈപ്പൻ, തോമസ്, മത്തായി എന്നിങ്ങനെ അഞ്ചു പുത്രന്മാരുണ്ടായി. ഏഴാം തലമുറ തൊമ്മന്റെ മൂത്തപുത്രൻ ചെറിയാൻ (തലമുറ എട്ടു്) കൊല്ലത്തുള്ള കപ്പൂച്ചിൻ ആശ്രമത്തിൽ ചേർന്നു വൈദികനായി. റവ. ഫാദർ മാർക്കോ എന്ന പേരിലാണു് അദ്ദേഹം അറിയപ്പെട്ടിരുന്നതു്. തൊമ്മന്റെ രണ്ടാമത്തെ പുത്രൻ മൈക്കിൾ തൃശ്ശൂർ മിഷൻ കോർട്ടേഴ്സിൽ ഇരിങ്ങാലക്കുടക്കാരൻ വീട്ടിൽ ലീലാമ്മയെ വിവാഹം ചെയ്തു. ത്രേസ്യാ എന്ന ഒരു കുട്ടിയുണ്ടായി. തൊമ്മന്റെ മൂന്നാമത്തെ പുത്രൻ ഈപ്പൻ അവിവാഹിതനാണു്. ഈപ്പൻ ഇപ്പോൾ മണ്ണാർക്കാട്ടു താമസിക്കുന്നു. തൊമ്മന്റെ നാലാമത്തെ പുത്രൻ തോമസ് ഒരു ഭിന്നഡോക്ടറാണു്. ക്രിത്താട്ടുകുളത്തിനടുത്തു് വടകര പള്ളി ഇടവക ഉപ്പുകണ്ടം കുടുംബത്തിൽപ്പെട്ട തലോടിയിൽ സെലിനെ വിവാഹം ചെയ്തു് തുടങ്ങനാടു് ഇടമന ആടംപുരയിടത്തിൽ താമസിക്കുകയായിരുന്നു. എന്നാൽ പിതാവിന്റെ മരണശേഷം പാലായിലെ തറവാട്ടിലാണു് ഇപ്പോൾ താമസിക്കുന്നതു്. ടി തോമസിനു് അനിൽ എന്നൊരു ആൺകുട്ടിയും, മോൺസി എന്നൊരു പെൺകുട്ടിയും ഉണ്ടു്. തൊമ്മന്റെ അഞ്ചാമത്തെ പുത്രൻ മത്തായി

പാലാ പുത്തൻപള്ളി ഇടവക ചോക്കാട്ട ജോണിന്റെ മകൾ മേരിയെ വിവാഹം ചെയ്തു. അദ്ദേഹം എറണാകുളത്തു് കേരളാ ഗവ. സർവ്വീസിൽ ഫിഷറി ഇൻസ്പെക്ടറായി ജോലിനോക്കുന്നു.

ഈന്തുങ്കൽ പകുതിശാഖയിലെ ആറാം തലമുറ ഉണിച്ചെറിയതിന്റെ രണ്ടാമത്തെ മകൻ വക്കി (തലമുറ ഏഴു്) പാലാപ്പള്ളി ഇടവക കുട്ടക്കയത്തിൽ കുടുംബത്തിൽ മുപ്പറയിൽ അയ്പ്പിന്റെ മകൾ ചാച്ചിയെ വിവാഹം ചെയ്തു് തുടങ്ങനാട്ടിൽ തീപ്പുഴിക്കുന്നേൽ താമസമാക്കി. വക്കിക്കു് സ്കറിയാ, ജോസഫ്, മാമ്മൻ എന്നിങ്ങനെ മൂന്നു പുത്രന്മാരുണ്ടു്. മൂത്തപുത്രൻ സ്കറിയാ തിരുവല്ലാ താലൂക്കിൽ ചാത്തൻകരയിൽ മാർത്തോമ്മാ സമുദായത്തിൽപ്പെട്ട വായ്പനാരിയിൽ കുഞ്ഞൂഞ്ഞമ്മയെ വിവാഹംചെയ്തു. അദ്ദേഹത്തിനു് ജോൺ എന്നൊരു ആൺകുട്ടിയും എൽസി എന്നൊരു പെൺകുട്ടിയും ഉണ്ടു്. അവർവിദ്യാർത്ഥികളാണു്. വക്കിയുടെ ദ്വതീയപുത്രൻ, ജോസഫ് M. Sc. ആലപ്പുഴ പുത്തൻപുരയിൽ ഏലിയെ വിവാഹം ചെയ്തു. അദ്ദേഹം മൈസൂർ സെൻറ് ഫിലോമിനാ കോളജിൽ പ്രൊഫസറാണു്. അദ്ദേഹത്തിനു് ഒരു പുത്രനും, മൂന്നുപുത്രിമാരും ഉണ്ടു്. അവർ വിദ്യാർത്ഥികളാണു്. വക്കിയുടെ മൂന്നാമത്തെ പുത്രൻ മാമ്മൻ B. Sc. തിരുവല്ലാ താലൂക്കിൽ നിരണത്തു് മാർത്തോമ്മാ സമുദായത്തിൽപ്പെട്ട പൂതിയോട്ടു് ചെറിയാന്റെ മകൾ സാനിയെ വിവാഹംചെയ്തു. എറണാകുളത്തു്

ഇൻഡ്യാ ഗവ. സർവീസിൽ ഡിഫൻസ് വകുപ്പിൽ ടെക്നിക്കൽ സൂപ്പർവൈസറായി ജോലിനോക്കുന്നു. അദ്ദേഹത്തിന് ഒരു പുത്രനും ഒരു പുത്രിയും ഉണ്ട്. അവർ ശിശുക്കളാണ്. ഈന്തുങ്കൽ പകുതിശാഖയിലെ ഉണിച്ചെറിയതിന്റെ മൂന്നാമത്തെ പുത്രൻ ചെറിയാൻ 17-ാമത്തെ വയസ്സിൽ മരിച്ചു. ഉണിച്ചെറിയതിന്റെ നലാമത്തെ പുത്രൻ ഇട്ടിയപ്പ് (കെ. യു. ജോസഫ് B.A.)പാലാ പള്ളി ഇടവക കവിയിൽ കുടുംബത്തിൽപ്പെട്ട വെളുത്തേടത്തുപറമ്പിൽ തൊമ്മന്റെ മകൾ ഏലിയെവിവാഹം ചെയ്തു പിതാവിന്റെകൂടെ താമസിച്ചു. 38-ാമത്തെ വയസ്സിൽ ഇട്ടിയപ്പ് അകാലചരമംപ്രാപിച്ചു. ഇട്ടിയപ്പിന് ചെറിയാൻ, ജോസഫ് എന്ന് രണ്ടു പുത്രന്മാരുണ്ട്. മൂത്തമകൻ ചെറിയാൻ B. Sc.B. E. എൻജിനീയറിംഗ് പരീക്ഷ പാസ്സായി. രണ്ടാമൻ ജോസഫ് B. Sc. B. E. ടെക്നിക്കൽ പരീക്ഷപാസ്സായി. രണ്ടുപേരും മാതൃഗൃഹത്തിൽ താമസിക്കുന്നു.

കൈതവയലിൽ ശാഖ

കൈതവയലിൽ ഇട്ടിയവിപ്പ് (ആറാം ശാഖ)

അഞ്ചാം തലമുറ പുത്തൻപുരയ്ക്കൽ ഈപ്പന്റെ മൂന്നാമത്തെ പുത്രൻ ഇട്ടിയപ്പ് ചേർപ്പുങ്കൽ പള്ളി ഇടവക കെഴുവംകുളം കരയിൽ നെടുംപുറത്ത് ഏലിയെ വിവാഹംചെയ്തു. സന്താനമില്ലാതിരുന്ന പിതൃസഹോ



ീഴരക്കക്കര പുത്തൻപുരക്കൽ ഈപ്പൻ മത്തായി, മത്തായിയുടെ സഹോദരപുത്രൻ ഈപ്പൻ, ഈപ്പന്റെ പുത്രന്മാരായ മാമ്മൻ, കുഞ്ഞേപ്പ്, തോമ്മാച്ചൻ, പുത്രിമാരായ അച്ചാമ്മ, ചിന്നമ്മ, എന്നിവരും മറ്റു കുടുംബാംഗങ്ങളും.

See Pages 157 & 158



മുന്നുമാക്കൽ ജോസഫ് പെറിയനും കുടുംബവും

ഇ. വ. — ഹെലൻ, ഷർളി, പെറിയാൻ, മിസ്സസ് മേരി പെറിയാൻ, റൈറ്റസ് & സെലിൻ

See Page 215

ളരൻ ഇട്ടിയപ്പു താമസിച്ചിരുന്ന നടുവിലെ കൈതവ
യലിൽ താമസിച്ചു. അദ്ദേഹത്തിനു് ഇട്ടിയപ്പു്, മ
ത്തായി, തൊമ്മനു, ഈപ്പൻ, വക്കി എന്നീ അഞ്ചു
പുത്രന്മാരും ഏലി എന്ന ഒരു പുത്രിയും ജനിച്ചു. ടി.
ഇട്ടിയപ്പും ഭാര്യയും മരിച്ചു. ഇളംതോട്ടം പള്ളിയുടെ
ശവക്കോട്ടയിൽ സംസ്കരിക്കപ്പെട്ടു.

ഇട്ടിയപ്പിന്റെ പുത്രി ഏലിയെ പാലാപ്പള്ളി
ഇടവക "വയലക്കൊമ്പിൽ മാപ്പിള"യായ വടക്കയിൽ
കുടുംബത്തിൽനിന്നും പെരുവന്താനത്തു താമസിക്കുന്ന
സ്കറിയാ വിവാഹം ചെയ്തു. മൂത്തപുത്രൻ ഇട്ടിയപ്പു്
ഏഴാച്ചേരിൽക്കരയിൽ നെടുംപള്ളിൽ ഫ്രഞ്ചുവിന്റെ
മകൾ മറിയത്തെ വിവാഹം ചെയ്തു് തുടങ്ങനാട്ടു താമ
സമാക്കി. അദ്ദേഹത്തിനു് ജോസഫു്, ഫ്രഞ്ചു, മാമ്മൻ
എന്ന മൂന്നു പുത്രന്മാരും, ഏലി എന്ന ഒരു പുത്രിയും
ഉണ്ടു്. പുത്രി ഏലി ആരാധനമഠത്തിൽ ചേർന്നു. അ
കനൂസ്യായാണു് സിസ്റ്റർ സെറാഫിയാ B. A. B. Ed.
അവർ മലബാറിൽ തിരുവാമ്പാടി ഹൈസ്കൂൾ ഹെ
ഡ്മിസ്ട്രസ്സാണു്. മൂത്തപുത്രൻ ജോസഫു് ഇള
ന്തോട്ടംപള്ളി ഇടവക വരിയ്ക്കമാക്കൽ അന്നയെ വിവാ
ഹംചെയ്തു് തുടങ്ങനാട്ടുതന്നെ താമസിക്കുന്നു. ജോസ
ഫിനു് കുഞ്ഞൂഞ്ഞു് എന്ന ഒരു പുത്രനും ചിന്നമ്മ
എന്നൊരു പുത്രിയും ഉണ്ടായി. പുത്രൻ കുഞ്ഞൂഞ്ഞു്
വിദ്യാർത്ഥിയാണു്. പുത്രി ചിന്നമ്മ ബോംബയിൽ
സിസ്റ്റേഴ്സ് ഓഫ് സെൻറ് പോൾസ് മഠത്തിൽ
ചേർന്നു. ഇട്ടിയപ്പിന്റെ ദ്വിതീയപുത്രൻ ഫ്രഞ്ചു കപ്പാട്ടു്

കപ്പലുമാക്കൽ നിന്നു് വിവാഹം ചെയ്തു. സന്താനമി ല്ലാതെ ഭാര്യ മരിച്ചതിനാൽ കൊച്ചിയിൽ കറുക ററി എന്ന സ്ഥലത്തു് വൈനേടത്തു വീട്ടിൽ ക്ലാരയെ പുനർവിവാഹം ചെയ്തു് തുടങ്ങനാട്ടു് താമസമാക്കിയെ ങ്കിലും പിന്നീടു് മലബാറിൽ നിലംപൂരിലേക്കു താമ സംമാററി. ദമ്പതികൾം ഇൻഡ്യൻ ഡിഫൻസുവക പ്പിൽ ഉദ്യോഗത്തിലായിരുന്നു. അവർക്കു ജോസഫ്, അപ്രേം, മത്തായി, സെബാസ്റ്റ്യൻ എന്നീ നാലുകുട്ടിക ളുണ്ടു്. എല്ലാവരും വിദ്യാർത്ഥികളാണു്. ഇട്ടിയപ്പി ന്റെ രണ്ടാമത്തെ പുത്രൻ മാമ്മൻ കടനാട്ടു് പാണ്ടിയാമാ ക്കൽ ത്രേസ്യായെ വിവാഹംചെയ്തു തുടങ്ങനാട്ടു് പിതാ വിനോടുകൂടി താമസിക്കുന്നു. മാമ്മനു് ഗ്രേസി, സാലി എന്നീ രണ്ടു പുത്രിന്മാരുണ്ടു്. രണ്ടുപേരും പഠിക്കുന്നു.

ആറാം തലമുറ കൈതവയലിൽ ഇട്ടിയപ്പി ന്റെ മൂന്നാമത്തെ പുത്രൻ മത്തായി വൈദികനായി. അദ്ദേഹമാണു് റവ. ഫാദർ മാത്യു കീഴക്കേക്കര. മുണ്ടാ ങ്കൽ, മുത്തോലി, ആർപ്പൂക്കര, കടപ്ലാമററം, ചെമ്മല മററം, പൂവരണി, വിളക്കുമാടം, എന്നീ പള്ളികളിൽ വികാരിയായിരുന്നശേഷം ഇപ്പോൾ അദ്ദേഹം സ ന്തം ഇടവകയായ ഇളംതോട്ടം പള്ളിയിൽ വികാരി യാണു്. കൈതവയലിൽ ഇട്ടിയപ്പിന്റെ മൂന്നാമത്തെ പുത്രൻ തൊമ്മൻ (റവ. ഫാദർ തോമ്മസ്) നെല്ലൂർ രൂപതയിൽ ജോലിനോക്കുന്നു. ഇട്ടിയപ്പിന്റെ നാലാ മത്തെ പുത്രൻ ഈപ്പൻ പ്രവിത്താനം പള്ളി ഇടവക കഴിഞ്ഞാലിൽ ചെറിയതിന്റെ മകൾം ചാച്ചിയെ

വിവാഹം ചെയ്ത് തുടങ്ങനാട്ടിൽ താമസിക്കുന്നു. ഈ പ്പൻ, അച്ചാമ്മ, മേരി, ആലീസ്, കുഞ്ഞാമ്മ, ക്ലാര, റോസ എന്നീ ആറു പുത്രിമാർ മാത്രമേയുള്ളു. ഇവരിൽ അച്ചാമ്മയും, മേരിയും ഇരട്ടയാണ്. അവർ തുടങ്ങനാട്ടേരി ക്ലാരമഠത്തിൽ ചേർന്നു. ആലീസിനെ തുടങ്ങനാട്ട് പൂവത്തുങ്കൽ മത്തായി വിവാഹം ചെയ്തു. കുഞ്ഞാമ്മയെ (B. Sc. B. Ed) വാഴക്കുളത്തു നീറംപുഴവീട്ടിൽ വക്കിയുടെ മകൻ ഔസേഫ് (B. Sc. B. Ed) വിവാഹം ചെയ്തു. ക്ലാരയെ (ഹിന്ദി M. A.) പ്രവിത്താനം ചന്ദ്രൻകുന്നേൽ ലോനച്ചൻ, M. Sc. F. R. S, വിവാഹം ചെയ്തു. അദ്ദേഹം കേന്ദ്രഗവ. റവന്യൂവകുപ്പിൽ ഉയർന്ന ഉദ്യോഗസ്ഥനാണ്. ആറാമത്തെ പുത്രി റോസ അവിവാഹിതയാണ്.

ഇട്ടിയപ്പിന്റെ അഞ്ചാമത്തെ പുത്രൻ വക്കീ പാലാപ്പള്ളി ഇടവക കുടക്കച്ചിറ കുടുംബത്തിൽപ്പെട്ട മാടപ്പാട്ട പുതുപ്പള്ളിൽനിന്നു ഐക്കര താമസിക്കുന്ന കുരുവിന്റെ പുത്രി അന്നയെ വിവാഹം ചെയ്തു. സന്താനമില്ലാതെ ഭാര്യമരിച്ചു. അതിനാൽ മുത്തോലിപ്പള്ളി ഇടവക എറകോന്നിയായ മാതേപ്പള്ളിൽ വാഴവേലിക്കകത്തു വക്കിയുടെ മകൾ ഏലിയെ വിവാഹംചെയ്ത് പിതൃഗൃഹത്തിൽത്തന്നെ താമസമാക്കി. ഭാര്യ ഏലി 1961-ൽ മരിച്ചു. ഇളംതോട്ടം പള്ളിയുടെ ശവക്കോട്ടയിൽ സംസ്കരിക്കപ്പെട്ടു.

വക്കീക്ക് ഈപ്പൻ, ജോജ്ജ്, മത്തായി, തൊമ്മി എന്നിങ്ങനെ നാല പുത്രന്മാരും ഏലി, മേരി, അന്നമ്മ, ഫിലോമിനാ, ത്രസ്യ, സെലീൻ എന്നീ ആറു പുത്രിന്മാരും ഉണ്ട്. മൂത്തപുത്രൻ ഈപ്പൻ (കെ. വി. ഈപ്പൻ M. Sc) പാലാ സെൻറ തോമസ് കോള ജിൽ ലക്ചററാണ്. അദ്ദേഹം പുറപ്പുഴക്കരയിൽ ഷയറാട്ടിൽ ലീലാമ്മയെ വിവാഹംചെയ്തു. അവർക്ക ജോജ്ജ് എന്ന ഒരു ആൺകുട്ടിയുണ്ട്. വക്കിയുടെ ദ്വിതീയപുത്രൻ ജോജ്ജ് അലഹബാദിൽ സെൻറ് പോൾസ് സൊസൈറ്റിയിൽ ചേന്ന വൈദീകപഠ നം നടത്തുന്നു. മൂന്നാമത്തെ പുത്രൻ മത്തായിയും നാലാ മത്തെ പുത്രൻ തൊമ്മിയും വിദ്യാർത്ഥികളാണ്.

വക്കിയുടെ ആദ്യപുത്രി ഏലി B. Sc. B. Ed. (സിസ്റ്റർ ജോസിലിൻ) മദ്രാസിൽ ക്രമഠത്തിൽ ചേ ന്നു. രണ്ടാമത്തെ പുത്രി മേരിയെ വിളക്കുമാടം ഇടവക പൊണമറുകുവീട്ടിൽ പി. എ. മാത്യു B. Sc B. Ed. വി വാഹം കഴിച്ചു. മൂന്നാമത്തെപുത്രി അന്നയെ (B. Sc) ആരക്കുഴനിന്നും എറണാകുളത്തു താമസിക്കുന്ന മാതേ ക്കൽ തോമ്മസ് ജഡ്ജിയുടെ മകൻ മാത്യു M. Sc. വിവാഹം കഴിച്ചു. മി. മാത്യു സെൻറ് തോമ്മസ് കോളജ് ലക്ചററാണ്. നാലാമത്തെ പുത്രി ഫി ലോമിനാ, അഞ്ചാമത്തെ പുത്രി ത്രസ്യാ, ആറാമത്തെ പുത്രി സെലീൻ എന്നിവർ വിദ്യാർത്ഥിനികളാണ്.

D) പുത്തൻപുരയ്ക്കൽ തറവാട്

പുത്തൻപുരയ്ക്കൽ മത്തായി

ആറാം തലമുറ പുത്തൻപുരയ്ക്കൽ മത്തായി പടിഞ്ഞാറേക്കര ശാഖയിൽപ്പെട്ട ചീരാംകുഴിയിൽ തൊമ്മന്റെ മകൾ അന്നയെ വിവാഹം ചെയ്ത് നടുവിലെ കെടുമ്പൻപുരയിടത്തിൽ പുത്തൻപുരയ്ക്കൽ താമസമാക്കി. പിതൃസ്വത്തിനുപുറമേ അദ്ദേഹം മനയ്ക്കൽകണ്ടത്തിലും മൂലമററത്തും ചേരിക്കൽവാങ്ങി ദേഹണ്ഡിക്കുകയും ചൂണ്ടച്ചേരിപ്പുരയിടങ്ങളും നിലങ്ങളും വാങ്ങിക്കയുംചെയ്തു. അദ്ധ്വാനശീലനായ ഒരു കൃഷീവലനാണ് അദ്ദേഹം. കൊല്ലവർഷം 1092-ൽ ആരംഭിച്ച കിഴക്കേക്കര കുടുംബയോഗം രൂപീകരിക്കുന്നതിനും, അതിന് കുരങ്ങൻമല പുരയിടത്തിൽ ഒരു കെട്ടിടത്തിനുവേണ്ട സ്ഥലം സൗകര്യപ്പെടുത്തുന്നതിനും മുൻകൈയെടുത്തവരിൽ ഒരാളാണ് ശ്രീ മത്തായി.

അദ്ദേഹത്തിന് ഈപ്പൻ, തൊമ്മൻ, ഔസേഫ്, മത്തായി, വർക്കി എന്നീ അഞ്ചു പുത്രന്മാരും, ഏലി, ബ്രിജീത്താ എന്നീ രണ്ടു പുത്രിമാരുമുണ്ടായി. ഔസേപ്പും ബ്രിജീത്തായും ഇരട്ടസഹോദരങ്ങളാണ്. മൂത്തപുത്രി ഏലിയെ പാലാ ഇടവക മാടപ്പാട്ടു പുതുപ്പള്ളിൽ ചാക്കോയുടെ മകൻ കുര്യൻ വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി ബ്രിജീത്തായെ കിഴതടിയൂർ കരയിൽ മണ്ണൂരാംപറമ്പിൽ ജോസഫ് വിവാഹം ചെയ്തു.

മത്തായിയുടെ പ്രഥമപുത്രൻ ഈപ്പൻ പടിഞ്ഞാറേക്കര ശാഖയിൽപ്പെട്ട കൊട്ടാരത്തിൽ തൊമ്മന്റെ മകൾ മറിയത്തിനെ (കുഞ്ഞുപെണ്ണ്) വിവാഹം ചെയ്ത് പിതൃഗൃഹത്തിൽത്തന്നെ താമസിക്കുന്നു. ഈപ്പൻ പൊതുജനസമ്മതനും ധർമ്മിഷ്ഠനും പരോപകാരതല്പരനുമായ ഒരു നേതാവാണ്. അദ്ദേഹത്തിനു് മത്തായി, ഔസേപ്പ്, തൊമ്മൻ എന്നീ മൂന്നു പുത്രന്മാരും, അച്ചാമ്മ, അന്നമ്മ എന്നീ രണ്ടു പുത്രിമാരും ഉണ്ട്. മൂത്ത പുത്രി അച്ചാമ്മയെ കവീക്കുന്നു പള്ളിയിടവക കടളിക്കാട്ടിൽ ചെറിയാന്റെ മകൻ ജോസഫ് വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി അന്നമ്മ വിദ്യോത്ഥിനിയാണ്. ഈപ്പന്റെ മൂത്തപുത്രൻ മത്തായി (മാമ്മൻ) പടിഞ്ഞാറേക്കര ശാഖയിൽപ്പെട്ട പഴേമ്പാൻ കൈതവയലിൽ കുര്യാക്കോസിന്റെ മകൾ അന്നമ്മയെ വിവാഹം ചെയ്ത് മലബാറിൽ മണ്ണാർക്കാട്ടു താമസിക്കുന്നു. മാമ്മനു് ജോസഫ്, കുര്യാക്കോസ്, തോമസ്, മാത്യു, ലോറൻസ് എന്നീ അഞ്ചു പുത്രന്മാരും, മേരി, അന്നമ്മ എന്നീ രണ്ടു പുത്രിമാരും ഉണ്ട്. എല്ലാവരും പഠിക്കുന്നു. ഈപ്പന്റെ ദ്വിതീയപുത്രൻ ജോസഫ് പാലാപ്പള്ളി ഇടവക കുട്ടിയാനിയിൽ ദേവസ്യായുടെ മകൾ രാജമ്മയെ വിവാഹം ചെയ്തു. അവർക്ക് ജോസഫ്, സെബാസ്റ്റ്യൻ എന്ന രണ്ടു പുത്രന്മാരും, മേരി, എമിലി എന്ന രണ്ടു പുത്രിമാരും ഉണ്ട്. എല്ലാവരും കുഞ്ഞുങ്ങളാണ്. ഈപ്പന്റെ തൃതീയപുത്രൻ തോമസ് പാലാപ്പള്ളി ഇടവക കുട്ടിയാനിയിൽ ചാക്കോയുടെ മകൾ സോഫിയെ വിവാ

ഹം ചെയ്തു. അവക്ക് ജോസ്, ജേക്കബ് എന്നീ രണ്ടു ശിശുക്കളുണ്ട്.

ആറാം തലമുറ പുത്തൻപുരയ്ക്കൽ മത്തായിയുടെ ദ്വിതീയപുത്രൻ തൊമ്മൻ പ്രവിത്താനം പള്ളി ഇടവക ഇലവുങ്കൽ പാപ്പന്റെ മകൾ അന്നയെ വിവാഹം ചെയ്തു കീഴക്കേക്കര കരോട്ടുവീട്ടിൽ താമസിച്ചു. ഈ വിവാഹത്തിൽ മത്തായി എന്ന ഒരു പുത്രനും, റോസ, ഏലി എന്ന രണ്ടു പുത്രിമാരും ഉണ്ടായി. അപ്പോഴേക്കും ഭാര്യ മരിച്ചുപോയി. അതിനാൽ മുത്തേലി പള്ളിയിടവക നാഗന്തുലിൽകുന്നംപുറത്തു ചാക്കോയുടെ മകൾ ഏലിയെ പുനർവിവാഹം ചെയ്തു. അവക്ക് ഇയ്പ്പൻ, ചാക്കോ, തോമസ്, ജോഞ്ജ്, ഫ്രാൻസീസ് എന്ന അഞ്ചു പുത്രന്മാരും, ഏലി എന്ന ഒരു പുത്രിയും ഉണ്ട്. ഒന്നാമത്തെ പുത്രി റോസ ഭരണങ്ങാനം മേരിഗിരി മെഡിക്കൽ മിഷനിൽചേന്നു. അവരാണ് സിസ്റ്റർ ആത്മാ. രണ്ടാമത്തെ പുത്രി ഏലി (സിസ്റ്റർ ബന്നാറ്) ളാലം ക്ലാരമഠത്തിൽ ചേന്നു. മൂന്നാമത്തെ പുത്രി ഏലി B. Sc. കന്യാസ്ത്രീയായി. തൊമ്മന്റെ പുത്രൻ മത്തായി പാലാപ്പള്ളി ഇടവക കുട്ടിയാനിയിൽ ദേവസ്യായുടെ മകൾ മോളിയെ വിവാഹം ചെയ്തു. അവക്ക് തോമസ് എന്നൊരു ആൺകുട്ടിയും അന്നമ്മ, ബാറി, റോസ എന്നീ മൂന്നു പെൺകുട്ടികളും ഉണ്ട്. തൊമ്മന്റെ മറ്റു പുത്രന്മാർ വിദ്യാർത്ഥികളാണ്. ആറാം തലമുറ മത്തായിയുടെ മൂന്നാമത്തെ പുത്രൻ ഔസേപ്പ് ഭരണങ്ങാനം പള്ളിയിടവക പറമ

ണ്ടയിൽ കുര്യന്റെ മകൾ മറിയത്തിനെ വിവാഹം ചെയ്ത് മനയ്ക്കൽക്കണ്ടത്തിൽ താമസിക്കുന്നു. അവർക്ക് മത്തായി, കുര്യൻ, ജോസഫ്, തോമസ് എന്നീ നാലു പുത്രന്മാരുണ്ട്. അവരിൽ മൂത്തപുത്രൻ മത്തായി (K. J. മത്തായി M. A.) പടിഞ്ഞാറേക്കര ശാഖയിൽപ്പെട്ട തെക്കേക്കണ്ടത്തിൽനിന്നും മേലുകാവിൽ താമസിക്കുന്ന ഈപ്പന്റെ മകൾ മറിയക്കുട്ടിയെ വിവാഹം ചെയ്തു. മത്തായിക്ക് ജോസ് എന്ന ഒരു കുട്ടിയുണ്ട്. ഔസേപ്പിന്റെ ദ്വിതീയപുത്രൻ കുര്യൻ കത്തർ ഇടവക മൂരനാട്ട ചാണ്ടിയുടെ മകൾ പെണ്ണമ്മയെ വിവാഹംചെയ്തു. കുര്യനു ജോസ് എന്ന ഒരു പുത്രനും മേരി എന്ന ഒരു പുത്രിയും ഉണ്ട്. ഔസേപ്പിന്റെ മൂന്നാമത്തെ പുത്രൻ ജോസഫ് (റവ. ഫാദർ. കെ. ജെ. ജോസഫ്) പാലാരൂപതയിലെ ഒരു വൈദികനായി 1969-ൽ നവപൂജ അർപ്പിച്ചു. ഔസേപ്പിന്റെ നാലാമത്തെ പുത്രൻ തോമ്മസ് പാലായിടവക ക്രൂട്ടിയാനിയിൽ ദേവസ്യായുടെ മകൾ ലൂസിയെ വിവാഹം ചെയ്തു. ആറാംതലമുറ പുത്തൻപുരയ്ക്കൽ മത്തായിയുടെ നാലാമത്തെ പുത്രൻ മത്തായി (കെ. എം. മാത്യു B. Sc) കാഞ്ഞിരപ്പള്ളിൽ കരിപ്പാപ്പറമ്പിൽ ചെറിയാന്റെ മകൾ പെണ്ണമ്മ B. A യെ വിവാഹം ചെയ്തു മലബാറിൽ മണ്ണാർകാട്ട താമസിക്കുന്നു. അവിടത്തെ The National Plantation കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ അദ്ദേഹമാണു. അവിടെ മത്തായിയും സഹോദരന്മാരുംകൂടി ഒരു പള്ളിയും ആശുപത്രിയും പ



മുന്നമാക്കൽ ചാക്കോ ജോസഫ്
and
മിസ്സസ് ത്രസ്യാമ്മ ജോസഫ്



ചാക്കോ ചെറിയാൻ
കിഴക്കേക്കര വാകാനിയിൽ
ജനനം: 15 — 7 — 1891
മരണം: 14 — 11 — 1969



ശ്രീമതി അന്ന ചെറിയാൻ
കിഴക്കേക്കര വാകാനിയിൽ
ജനനം: 15 — 10 — 1897
മരണം: 17 — 9 — 1971

ണിയീച്ചു പൊതുജനങ്ങൾക്കായി വിട്ടുകൊടുത്തിട്ടുണ്ട്. മത്തായിക്കു് മാത്യു എന്നൊരു പുത്രനും അന്നമ്മ എന്നൊരു പുത്രിയും ഉണ്ടു്. മകൻ മെഡിക്കൽകോളജിലും അന്നമ്മ ആർട്ട്സ് കോളജിലും പഠിക്കുന്നു. ആറാംതലമുറ മത്തായിയുടെ അഞ്ചാമത്തെ പുത്രൻ വക്കി അരുവിത്തുറയിലവക ഇടയാടിയിൽ തൊമ്മൻ മകൾ മറിയത്തിനെ വിവാഹംചെയ്തു് അറക്കളത്തു താമസിക്കുന്നു. ഭാര്യമരിച്ചു് അറക്കളം പഴയപള്ളിയുടെ ശവക്കോട്ടയിൽ സംസ്കരിക്കപ്പെട്ട വക്കി അറക്കളം പഞ്ചായത്തുപ്രസിഡണ്ടാണു്. വക്കിക്കു് മത്തായി, ജോസഫ്, എന്ന രണ്ടു പുത്രന്മാരും കുട്ടിയമ്മ, കുഞ്ഞാമ്മ, അച്ചാമ്മ എന്ന മൂന്നു പുത്രിമാരുമുണ്ടു്. ഒന്നാമത്തെ പുത്രി കുട്ടിയമ്മയെ മീനച്ചിൽപ്പള്ളിയിടവക മാളിയേക്കൽ കുര്യാക്കോസിന്റെ മകൻ ജോസഫ് വിവാഹം ചെയ്തു. രണ്ടാമത്തെപുത്രി കുഞ്ഞാമ്മയെ ആനക്കല്ലുപള്ളിയിടവക മാതേക്കൽ കുര്യാക്കോസിന്റെ മകൻ മത്തായി വിവാഹം ചെയ്തു മൂന്നാമത്തെ പുത്രി അച്ചാമ്മ (സിസ്റ്റർ അന്നാറ്റ) ഭരണങ്ങാനം മെഡിക്കൽ മിഷൻവക മേരിഗിരി മഠത്തിൽ ചേന്നു. വക്കിയുടെ മൂത്തപുത്രൻ മത്തായി ഇടമറുകിൽ ചിരാംകുഴിയിൽ മാണിയുടെ മകൾ റോസയെ വിവാഹം ചെയ്തു. മത്തായിക്കു് വക്കി, മാണി എന്ന രണ്ടു പുത്രന്മാരും, മേരി, അന്നമ്മ, റോസ് എന്ന മൂന്നുപുത്രിമാരും ഉണ്ടു്. എപ്പോഴും പഠിക്കുന്ന വക്കിയുടെ ദ്വിതീയപുത്രൻ ജോസഫ് ഇളങ്ങുളം പള്ളിയിടവക

കരിപ്പാൽ മത്തായിയുടെ മകൾ ത്രേസ്യാമ്മയെ വിവാഹം ചെയ്തു. അവർക്ക് വക്കി, ജോസഫ് എന്ന രണ്ടു പുത്രന്മാരും, മേരി, അന്നമ്മ എന്ന രണ്ടു പുത്രിമാരും ഉണ്ട്. എല്ലാവരും പഠിക്കുകയാണ്.

അദ്ധ്യായം പതിനാറ്

പീടികയിൽ കുടുംബം

പീടികയിൽ ഇട്ടി ഐപ്പ് (നാലാം തലമുറ)

മൂന്നാം തലമുറ കിഴക്കേക്കര കരോട്ടേവീട്ടിൽ ഇട്ടിയയ്പ്പിന്റെ ദ്വിതീയപുത്രൻ ഇട്ടിയയ്പ് കാണിയേക്കാട്ടുകുന്നേൽ പാലാപ്പള്ളി ഇടവക കുടുമ്പുകാട്ടിൽ ചന്തിരക്കാരന്റെ മകൾ മറിയത്തിനെ വിവാഹം കഴിച്ച് വടക്കേക്കുടുമ്പൻ പുരയിടത്തിൽ ഇരിക്കുന്ന പീടികയിൽ താമസിച്ചു. പിതാവായ മൂന്നാംതലമുറ കിഴക്കേക്കര കരോട്ടേവീട്ടിൽ ഇട്ടിയയ്പ് 1029-ാമാണ്ട് ധനുമാസത്തിൽ മരിച്ച് പാലാ വലിയപള്ളിയിൽ സംസ്കരിക്കപ്പെട്ടു.

നാലാം തലമുറക്കാരൻ പീടികയിൽ ഇട്ടിയയ്പ് കച്ചവടംനടത്തുന്നകാലത്ത് തിരുവിതാംകൂറിലെ ദിവാൻ പേഷ്കാർ മുതലായ പ്രധാനഉദ്യോഗസ്ഥന്മാർ മീനച്ചിൽ സന്ദർശിക്കാൻ വരുമ്പോൾ പരിചരണത്തിനായും മറ്റും മേലുകാവിലുള്ള മലയരയന്മാരെ

വളരെയധികം പീഡിപ്പിച്ചിരുന്നു. അവർ ടി. ഇട്ടിയയ്പ്പിന്റെ പക്കൽ പരാതിപ്പെട്ടതിന്റെ ഫലമായി അദ്ദേഹം കോട്ടയത്തുനിന്നു് പള്ളത്തുസംയ്പിനെ വരുത്തുകയും സായ്പ് മേല്കാവിൽ ഒരു ചർച്ചുമിഷൻ പള്ളി സ്ഥാപിച്ചു് അവരെ സി. എം. എസ്സിൽ ചേർത്തു് ഉദ്ധരിക്കുകയും ചെയ്തു. ഈ വിവരം മേല്കാവു പള്ളിയിൽ ഒരു പ്രമാണരേഖയായി സൂക്ഷിച്ചിട്ടുണ്ടു്. നാലാംതലമുറക്കാരനും കടുമ്പുകാട്ടിൽനിന്നു വിവാഹംചെയ്തയാളുമായ ഇട്ടിയയ്പ് 1052-ാമാണ്ടു മരണംപ്രാപിച്ചു. നാലാംതലമുറ പീടികയിൽ ഇട്ടിയയ്പ്പിനു് ഇട്ടിയയിപ്പു്, ചാക്കോ, തൊമ്മൻ എന്നു മൂന്നു പുത്രന്മാരുണ്ടായി. ചാക്കോ അവിവാഹിതനായിരുന്നു; കാലാന്തരത്തിൽ സർപ്പദംശമേറ്റു മരിച്ചു.

പീടികയിൽ തറവാട്ടു്

പീടികയിൽ ഇട്ടിയയിപ്പു് (അഞ്ചാം തലമുറ)

നാലാംതലമുറ പീടികയിൽ ഇട്ടിയയിപ്പിന്റെ മകൻ അഞ്ചാം തലമുറ പീടികയിൽ ഇട്ടിയയിപ്പു് ചങ്ങനാശ്ശേരിതാലൂക്കിൽ കാത്തിക്കപ്പള്ളികുടുംബമായ വെട്ടിത്തുരുത്തേൽ കണ്ണവൈദ്യന്റെ മകൾ ഏലിയെ വിവാഹം ചെയ്തു് പിതൃഗൃഹത്തിൽ താമസിച്ചു. ടി. ഇട്ടിയയിപ്പിനു് യൗസേപ്പു്, ഇട്ടിയയ്പു്, എന്നു രണ്ടു പുത്രന്മാരും മറിയം, അച്ചാമ്മ, ഏലിത്തുസും എന്നു നാലു പുത്രിമാരുമുണ്ടായി. ഒന്നാമത്തെ

പുത്രി മറിയത്തിനെ ഭരണങ്ങാനംപള്ളിയിടവക "ആക്കീമാപ്പിള"യായ മററാമററത്തിൽ ഔസേപ്പു വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി അച്ചാമ്മയെ വാഴക്കുളം കരയിൽ ചൊള്ളാമഠത്തിൽ വിവാഹംചെയ്തയച്ചു. ഒരുകൊല്ലംകഴിഞ്ഞു് സന്താനമില്ലാതെ വിധവയായിത്തീരുകയും പിതൃഗൃഹത്തിൽ താമസിച്ചു് 1957-ഫെ 22-ാം തീയതി മരിച്ചു് ഇളംതോട്ടംപള്ളിയുടെ ശവക്കോട്ടയിൽ സംസ്കരിക്കപ്പെടുകയും ചെയ്തു. മൂന്നാമത്തെ പുത്രി ഏലിയെ കുറവിലങ്ങാടുപള്ളിയിടവക പകലോമററം കുടുംബമായ കോട്ടയിൽ ആലപ്പാട്ടു വിവാഹം ചെയ്തയച്ചു. നാലാമത്തെ പുത്രി ത്രസ്യായെ പടിഞ്ഞാറേക്കര ശാഖയിപ്പെട്ട മേടയ്ക്കൽ ഇട്ടിയവിരാ വിവാഹം ചെയ്തു. അഞ്ചാം തലമുറ ഇട്ടിയയ്പിന്റെ പുത്രൻ ഔസേപ്പിനെ (റവ ഫാ. ജോസഫ്) തിരുവല്ലായിൽ കോവൂർ കുടുംബക്കാരുമായുള്ള ബന്ധത്താൽ അവർ "നൈനാൻ" എന്നും സംബോധനം ചെയ്തിരുന്നു. ടീ. ഔസേപ്പു് നാലാംതലമുറ കരോട്ടേവീട്ടിൽ വർക്കിയുടെ തൃതീയപുത്രൻ യോഹന്നാനുമൊന്നിച്ചു് ളാലം പുത്തൻപ്പള്ളിയിടവക കണിയാരാകത്തു പെ. ബ. മാണിമല്പാന്റെ കൂടെ മേലൂസ് മെത്രാപ്പോലീത്തായുടെ കീഴിൽ വൈദീകപഠനം തുടങ്ങി. പെ. ബ. ഏലിയാമേലൂസു മെത്രാനോടു (ബാബേൽ പാത്രിയർക്കീസിന്റെ കീഴിൽ) പട്ടവും സ്വീകരിച്ചു. കൊല്ലവർഷം 1053-ാമാണ്ടു് വൃശ്ചികമാസം 8-ാം തീയതി ആണു് ഇളംതോട്ടംപള്ളി സ്ഥാപനം. മേലൂസു മല്പാ

നായ കണ്ണിയാമാകത്തു മാണി മല്ലാന്റെ പ്രേരണയാൽ നാലാം തലമുറ കരോട്ടേവീട്ടിൽ വക്കിയുടെ പരിശ്രമ ഫലമായി സ്ഥാപിച്ചതാണിതു്. ഇടമറ്റത്തു തൊണ്ട നാട്ടു് അന്തോനിയച്ചനാണു് മാർ അബ്ദീശോ മെത്രാപ്പോലീത്താ ആയതു്. അദ്ദേഹം 1069-ാമാണ്ടിടയ്ക്കു് തുശ്ശിവപേരൂർവച്ചു് മരണം പ്രാപിച്ചു. പീടികയിൽ ഔസേപ്പു ശെമ്മാശ്ശനും കരോട്ടേവീട്ടിൽ യോഹന്നാൻ ശെമ്മാശ്ശനും മാർ അബ്ദീശോ മെത്രാപ്പോലീത്തായിൽനിന്നും പട്ടം സ്വീകരിച്ചു കർബാന ചൊല്ലുകയുണ്ടായി. ബ. ഔസേപ്പച്ചൻ മാർ അബ്ദീശോ മെത്രാപ്പോലീത്തായുടെ മരണാനന്തരം ഇളംതോട്ടം പള്ളിയിൽ താമസിച്ചു് അതിന്റെ ഭരണം നടത്തുകയും പിന്നീടു് പള്ളിയും സ്വത്തുക്കളും റോമൻകത്തോലിക്കാസഭയ്ക്കു വിട്ടുകൊടുത്തുകൊണ്ടു് ആ സഭയുമായി ഐകൃപ്പെടുകയും ചെയ്തു. ഞണ്ടുപാറ, വെട്ടിമുകൾ, നീലൂർ, കവീക്കുന്നു മുതലായ പള്ളികളിൽ വികാരിയായിരുന്നിട്ടുണ്ടദ്ദേഹം. അദ്ദേഹം 1944 മാർച്ചു് മാസം 17-ാം തീയതി 79-മത്തെ വയസ്സിൽ നിര്യാതനായി. പാലാ വലിയ പള്ളിയിൽ സംസ്കരിക്കപ്പെട്ടു.

ഇളന്തോട്ടം പള്ളിയുടെ സ്ഥാപനം കഴിഞ്ഞ ഏടുത്തിലാണു്, പടിഞ്ഞാറേക്കര ശാഖയിൽപ്പെട്ട വെട്ടുകാട്ടിൽ ബ. ഔസേപ്പച്ചന്റെ പരിശ്രമത്താൽ കവീക്കുന്നുപള്ളിയും, കൊട്ടാരത്തിൽ ബ. യൗസേപ്പച്ചന്റെ പരിശ്രമത്താൽ മുണ്ടാങ്കൽപ്പള്ളിയും പണികഴിക്കപ്പെട്ടതു്.

പിടികയിൽ ഇട്ടിയയിപ്പ് (ആറാം തലമുറ)

അഞ്ചാം തലമുറ പിടികയിൽ ഇട്ടിയയ്പിന്റെ മൂ ന്നാമത്തെ പുത്രൻ ആറാം തലമുറ ഇട്ടിയയ്പ് "ഏറക്കോന്നി മാപ്പിള"യായ മുത്തോലി കരയിൽ നെയ്യൂത്ത കോയിപ്പുറത്തായ കളപ്പുരയ്ക്കൽ ഉലഹന്നന്റെ മകൾ ത്രേസ്യ (ചാച്ചി) യെ വിവാഹം ചെയ്ത് പിടികത്തറവാട്ടിൽ താമസിച്ചു. ഇദ്ദേഹമാണ് കൊ. വ. 1087-ാമാണ്ട് ചിങ്ങമാസം മൂന്നാം തീയതി എഴുതി 1088-ാമാണ്ട് ചിങ്ങമാസം മൂന്നാം തീയതി രജിസ്റ്റർ ചെയ്ത "കഴക്കേക്കര കുടുംബപരിപാലന ഉടമ്പടി"യുടെ കർത്തൃത്വം, 1092-ാമാണ്ടു മുതൽ നടത്തിപ്പോന്ന ടി. കുടുംബയോഗത്തിന്റെ ജനയിതൃത്വം, കൊ. വർഷം 1106 കുംഭമാസത്തിൽ എഴുതിയ "ഏറക്കോന്നി പുത്തൻപുര കുടുംബചരിത്ര"ത്തിന്റെ കർത്തൃത്വം അദ്ദേഹമാണ്. അതിന്റെ കൈയെഴുത്തുപ്രതിയിൽ നിന്നാണ് ഏറക്കോന്നിപുത്തൻപുര കുടുംബത്തിന്റെ ചരിത്രഗവേഷനകാലംവരെയുള്ള പൂർവ്വചരിത്രത്തെപ്പറ്റിയും അതോടനുബന്ധിച്ച സമാന്തരസംഭവങ്ങളെപ്പറ്റിയും പ്രസ്താവയോഗ്യമായവിധത്തിലുള്ള വിവരം ലഭിച്ചിട്ടുള്ളത്. അക്കാരണത്താൽ അനന്തരതലമുറക്കാർ അദ്ദേഹത്തോട് വളരെയികം കടപ്പെട്ടവരാണ്. സ്വചരിത്ര സംബന്ധമായും, കോടതിവ്യവഹാരസംബന്ധമായും അനന്യസാധാരണമായ പാണ്ഡിത്യം സിദ്ധിച്ചവനും കൂടാതെ നടനകലാനിപുണനുമായിരുന്നു അദ്ദേഹം. കൂടാതെ നടനകലാസമിതിതന്നെ അദ്ദേഹത്തിന്റെ

മാനേജരുമെൻറിൽ പ്രവർത്തിച്ചിരുന്നു. അദ്ദേഹത്തിനു് ഇട്ടിയയ്പു്, തൊമ്മൻ, ഉലഹന്നൻ, വക്കി എന്ന നാലു പുത്രന്മാരുണ്ടായി. പ്രശസ്തനായ ആറാംതലമുറ ഇട്ടിയയിപ്പു് 1961 ഏപ്രിൽ 27-ാം തിയതി 88-ാമത്തെ വയസ്സിൽ മരിച്ചു് ഇളംതോട്ടംപള്ളിയുടെ ശവക്കോട്ടയിൽ സംസ്കരിക്കപ്പെട്ടു. അദ്ദേഹത്തിൻറെ മാതൃസഹോദരി 1955 മാർച്ചുമാസം 9-ാം തിയതി മരിച്ചു് ടി. ശവക്കോട്ടയിൽ തന്നെ സംസ്കരിക്കപ്പെട്ടു.

ആറാംതലമുറ ഇട്ടിയയ്പ്പിൻറെ മൂത്തപുത്രൻ ഏഴാം തലമുറ ഇട്ടിയയ്പ്പു് പാലായിൽ കടക്കച്ചിറക്കുടുംബത്തിൽപ്പെട്ട പുളുപ്പള്ളിൽ ചാക്കോയുടെ മകൾ ഏലിയെ വിവാഹം ചെയ്തു് നിലൂർ കടവാഞ്ഞിലിപുരയിടത്തിൽ താമസമാക്കി. ടി. ഇട്ടിയയ്പ്പിനു് ഇട്ടിയയ്പു്, തൊമ്മൻ, എന്നീ രണ്ടു പുത്രന്മാരും, ത്രേസ്യാ, അന്ന, മറിയം എന്നീ മൂന്നു പുത്രിമാരും ജനിച്ചു. മൂത്തപുത്രി ത്രേസ്യയെ പാലാപ്പള്ളിയിടവക "തറയിൽ മാപ്പിള"യായ ഞാവള്ളിൽ പരേതനായ വീട്ടിൽനിന്നും തൊടുപുഴ മുട്ടംപള്ളിയിടവകയിൽ താമസിക്കുന്ന കരുവിളയുടെ മകൻ വക്കി വിവാഹം ചെയ്തു. രണ്ടാമത്തവൾ അന്ന(അച്ചാമ്മ)യെ പാലാ ഇടവക "പെയലക്കൊമ്പിൽ മാപ്പിള"യായ പുല്ലാട്ടുനിന്നും വാഴൂർ താമസിക്കുന്ന മാണിയുടെ മകൻ ജോസഫ് വിവാഹം ചെയ്തു. മൂന്നാമത്തെ പുത്രി മറിയത്തെ രാമപുരത്തു വളവനാട്ടു് കുടുംബത്തിൽപ്പെട്ട കൊരമ്പനാനിയിൽ പുള്ളോലിൽ കുരുവാക്കോയുടെ മകൻ ജോസഫ് വിവാഹം ചെയ്തു.

മൂത്തപുത്രൻ എട്ടാം തലമുറ ഇട്ടിയയ്പ് കടനാട്ടിൽ പാലത്തുംതല കുടുംബത്തിൽപ്പെട്ട പൂവത്തുങ്കൽ ദേവസ്യായുടെ മകൾ ത്രേസ്യായെ വിവാഹം ചെയ്തു. ദ്വിതീയപുത്രൻ തൊമ്മൻ ചെങ്ങളം പള്ളിയിടവക കോലടിക്കുടുംബത്തിൽപ്പെട്ട, ഭഗവതിപറമ്പിൽ കുട്ടിയമ്മയെ വിവാഹം ചെയ്തു. തൊമ്മനു മാർട്ടിൻ (സാജി) ജോസഫ് (ബേബി) സ്സറിയാ എന്നീ മൂന്നു പുത്രന്മാരും ഏലി (ബേബി) എന്ന ഒരു പുത്രിയുമുണ്ട്.

ആറാം തലമുറ പീടികയിൽ ഇട്ടിയയ്പ്പിന്റെ ദ്വിതീയപുത്രൻ തൊമ്മൻ കോട്ടയം അയർക്കുന്നം കരയിൽ "എറകോന്നിമാപ്പിള"യായ കടകശ്ശേരിൽ പടിഞ്ഞാറേക്കര ഫിലിപ്പോസി (പോത്തൻ)ന്റെ മകൾ അന്നയെ വിവാഹം ചെയ്തു. പൊരുന്നോലിലായ പുതുമന മത്തായി പോത്തന്റെ വകയായിരുന്നതും പിതൃവിഹിതമായി കിട്ടിയതുമായ പയ്യപ്പുതിക്കൽ പുരയിടത്തിൽ താമസിക്കുന്നു. അക്കാലത്തു കിഴക്കേക്കര കുടുംബത്തിൽനിന്നും സർവ്വകലാശാലാ വിദ്യാഭ്യാസം സിദ്ധിച്ച ചുരുക്കംപേരിലൊരാളാണു് അദ്ദേഹം. കിഴതടിയൂർ സഹകരണസംഘത്തിന്റെ ജനയിതാവു് അദ്ദേഹമാണു്. ആ സംഘത്തിന്റെ ആദ്യത്തെ കാര്യദർശിയും അദ്ദേഹമായിരുന്നു. കിഴക്കേക്കര കുടുംബയോഗക്കെട്ടിടത്തിന്റെ നിർമ്മാണത്തിനായി ഉത്സാഹിച്ചവരിൽ പ്രമുഖനാണദ്ദേഹം. ടി. തൊമ്മനു് ജോസഫ് (കുഞ്ഞു) തൊമ്മൻ എന്ന രണ്ടു പുത്രന്മാരുണ്ടു്. മൂത്തപുത്രൻ M. A. ബിരുദധാരിയാണു്. രണ്ടാമത്തെ



കിഴക്കേക്കര കുന്നേൽ ഇട്ടിയയിപ്പം (ഔസേപ്പച്ചൻ) കുടുംബവും
ഇ.വ. – സിബി (സെബാസ്റ്റ്യൻ), ഔസേപ്പച്ചൻ, സുബ്ബ (അന്നമ്മ), മിസ്സസ് ലില്ലിക്കുട്ടി ഔസേപ്പച്ചൻ & സാബു (ജോസഫ്)

See Page 177



തൊമ്മൻ തൊമ്മൻ കിഴക്കേക്കര

പാലാ

ജനനം 8– 11 – 1886

മരണം 7 – 7 – 1962

See Page 200



തൊമ്മൻ മറിയം കിഴക്കേക്കര

പാലാ

ജനനം 11 – 5 – 1886

മരണം 31 – 7 – 1968

See Page 200

പുത്രൻ തൊമ്മൻ ഭരണങ്ങാനത്തുനിന്നും പൂഞ്ഞാറിൽ ത മസിക്കുന്ന പാലമറ്റത്തിലായ ആലാനിക്കൽ അ ബ്രാഹത്തിന്റെ മകൾ മേരി (പെണ്ണമ്മ) യെ വിവാ ഹം ചെയ്തു.

ആറാം തലമുറ ഇട്ടിയപ്പിന്റെ തൃതിയപുത്രൻ ഉലഹന്നൻ (കുഞ്ഞിലോ) കടനാട്ടിൽ പാറേമ്മാക്കൽ കുടുംബത്തിൽപ്പെട്ട വാളിപ്ലാക്കൽ ജോസഫിന്റെ മകൾ മറിയത്തിനെ വിവാഹം ചെയ്ത് വെള്ളിയാമ റ്റത്ത് പന്നിമറ്റം ഇടവകയിൽ കാരിക്കോട്ട ചേരി ക്കലിൽ താമസിക്കുന്നു. ഉലഹന്നനു് ജോസഫ്, (കൊച്ചു്) തൊമ്മൻ, ഉലഹന്നൻ (ബേബി) ദേവസ്യാ (ജോയി) ജോർജ്ജു് എന്നീ അഞ്ചു പുത്രന്മാരും, മറി യം (മാമ്മി) അന്ന (അച്ചാമ്മ) ത്രസ്യാ, കുട്ടിയമ്മ, പെ ണ്ണമ്മ, ഫിലോമിനാ (വത്സമ്മ) എന്നീ ആറു പുത്രി രും ജനിച്ചു. മൂന്നുപുത്രി മറിയം (സിസ്റ്റർ മേരി മെലാനി) മാർത്താണ്ഡത്തു് ഡോട്ടേഴ്സ് ഓഫ് മേരി എന്ന മഠത്തിൽ ചേർന്നു കന്യാസ്ത്രീയായി. രണ്ടാ മത്തെ പുത്രി അന്ന (അച്ചാമ്മ) യെ തെക്കേക്കൊമ്പുപ ള്ളിയിടവക കീരിക്കോട്ടുവീട്ടിൽ മാണിയുടെ മകൻ മാത്യു വിവാഹം ചെയ്തു. മൂന്നാമത്തെ പുത്രി ത്രസ്യാ യെ കറുവിലങ്ങാട്ടുപള്ളിയിടവക കുരികിനാട്ടുകയിൽ പകലോമറ്റം കുടുംബത്തിൽപ്പെട്ട മറ്റത്തിൽ ഔസേ പ്പിന്റെ മകൻ മാത്യു വിവാഹം ചെയ്തു. നാലാമത്തെ പുത്രി കുട്ടിയമ്മ കൊല്ലംതാഴൂക്കിൽ കൊട്ടിയത്തു മഠ ത്തിൽ ചേർന്നു കന്യാസ്ത്രീയായി. അഞ്ചാമത്തെ പുത്രി

പെണ്ണമ്മ (സിസ്റ്റർ മേരി മെരിലിൻ) മൂവാറ്റുപുഴ വഴ ഴപ്പള്ളിമഠത്തിൽ ചേന്ന കന്യാസ്ത്രീയായി. ആറാംമ ത്തെ പുത്രി ഫിലോമിനാ വിദ്യാർത്ഥിനിയാണ്. പുത്ര ന്മാരിൽ രണ്ടാമനായ തോമ്മൻ ക്രുടല്ലൂർ പള്ളിയിട വകയിൽ മുണ്ടയ്ക്കൽ ജോസഫിന്റെ മകൾ മേരിയെ വിവാഹം ചെയ്തു തോമ്മന് മേരി എന്ന ഒരു ശിശു ഉണ്ട്.

ആറാം തലമുറ ഇട്ടിയപ്പിന്റെ നാലാമത്തെ പുത്രൻ വക്കീ (കെ. ഐ വക്കീ. B. Sc B. Ed) രേണ ങ്ങാനം ഇടവക ആക്കീമാപ്പിളയായ മാറാമറ്റത്തിൽ നിന്നും നെരിയങ്ങാനം കരയിൽ താമസിക്കുന്ന മാണി യുടെ മകൾ മറിയത്തിനെ വിവാഹം ചെയ്തു തറവാ ട്ടിൽ താമസമാക്കി 1935-ൽ അദ്ധ്യാപകവൃത്തി ആരംഭിച്ചു. പാലാ സെൻറ്തോമസ് L. P. സ്കൂൾ, നീലൂർ സെന്റ് ജോസഫ്സ് L. P. സ്കൂൾ, അറക്കു ളം സെൻറ് തേമസ് മഡ്ൽ സ്കൂൾ, പാലാ സെൻറ് തോമസ് ഹൈസ്കൂൾ എന്നീ വിദ്യാലയങ്ങളിൽക്കൂടി ക്കടന്ന് ഇപ്പോൾ പ്രവിത്താനം സെൻറ് മൈക്കിൾ സ് ഹൈസ്കൂളിൽ ജോലിയുടനുന്നു. 1953-ൽ B. Sc. ബിരുദവും 1969-ൽ B. Ed. ബിരുദവും നേടി. 1952-57 കാലഘട്ടത്തിൽ അദ്ദേഹം പാലാ മുൻസി പ്പൽ കൗൺസിലിൽ അംഗമായിരുന്നു. അക്കാലത്ത് ആർ. വി. തോമ്മസ് റോഡ്, ഇളംതോട്ടം പള്ളി റോഡ് പുലിമലക്കുന്നു റോഡ് മുതലായ മുനിസിപ്പൽ റോഡുകൾ പൊതുജനസഹകരണത്തോടെ വെട്ടിച്ചു

വാഹനഗതാഗതയോഗ്യമാക്കുകയും പുലിമലക്കുന്നു റോഡിൽ ഇലക്ട്രിസിററി സർവീസ് ലൈനും, വഴിവിളക്കുകളും അതതു ചുമതലക്കാർ മുഖേന ഏർപ്പെടുത്തുകയും ചെയ്തു. ടി ഏഴാം തലമുറ പീടികയിൽ ഇട്ടിയയ്പ്പ് വർക്കിയാണ് സ്വപിതാവിനാൽ ലിഖിതമായ കിഴക്കേക്കര കുടുംബചരിത്രം നവീകരിച്ച് എറകോന്നിപുത്തൻപുര കുടുംബചരിത്രത്തിന്റെ രണ്ടാം ഭാഗം (കിഴക്കേക്കരശ്ചയുടെ ചരിത്രം) തയാറാക്കിയത്. അദ്ദേഹം നിർവ്വഹിച്ച സേവനം എറകോന്നിപുത്തൻപുരകുടുംബം എക്കാലവും കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നതാണ്. ടി. വർക്കിക്ക്, ജോസഫ് ജേർജ്ജ് (കുഞ്ഞൂഞ്ഞ്), മാണി എന്ന രണ്ടു പുത്രന്മാരും, ത്രസ്യാ (ലീലാമ്മ) അന്ന (അച്ചാമ്മ) മറിയം (മോളി) ഫലോമിനാ (ബേബിക്കുട്ടി) എന്ന നാലു പുത്രിമാരുമുണ്ട്. എല്ലാവരും പഠിച്ചുകൊണ്ടിരിക്കുകയാണ്.

പീടികകൈതവയലിൽ തൊമ്മൻ (അഞ്ചാം തലമുറ)

നാലാം തലമുറ പീടികയിൽ ഇട്ടിയപ്പിന്റെ തൃതീയപുത്രൻ തൊമ്മൻ മയിലാട്ടൂർ മാപ്പിളയായ ഏഴാച്ചേരിൽ നെടുമ്പള്ളിൽനിന്നും വിവാഹം ചെയ്ത് തെക്കേകൈതവയൽ പുരയിടത്തിൽ താമസിച്ചു. അദ്ദേഹം ഒരു കോടതിനിയമപണ്ഡിതനും വാഗ്മിയും കോടതിയിൽ വ്യവഹരിക്കുന്ന വക്കീലുമായിരുന്നു. തൊമ്മന് ആഗസ്തി, ഇട്ടിയയിപ്പ് തൊമ്മൻ, ഉണി

ച്ചെറിയയ്യ് എന്നിങ്ങനെ നാലു പുത്രന്മാരും മാമ്മി, അന്ന, ഏലി, റോസ എന്ന നാലു പുത്രിമാരും ഉണ്ടായി. മൂത്ത പുത്രിയായ മാമ്മിയെ പാലാ അങ്ങാടിയിൽ പനയ്ക്കൽ വിവാഹംചെയ്തയച്ചു. വാദ്ധ്യകുകാലത്തു് പിതൃഗൃഹത്തിൽ താമസിച്ചു മരിച്ചു. രണ്ടാമത്തെപുത്രി അന്നയെ മാറിയിടം കയ്യിൽ വേങ്ങപ്പള്ളിൽ തൊമ്മൻ വിവാഹം ചെയ്തു മൂന്നാമത്തെപുത്രി ഏലി ശരീരാസ്വാസ്ഥ്യം നിമിത്തം അവിവാഹിതയായി പിതൃഗൃഹത്തിൽ താമസിച്ചു. നാലാമത്തെപുത്രി റോസയെ ഇലഞ്ഞി കയ്യിൽ തടത്തിൽ പാതാമ്പുഴ ഔസേപ്പു വിവാഹം ചെയ്തു.

അഞ്ചാം തലമുറ തൊമ്മന്റെ മൂത്തമകൻ ആഗസ്തി രണ്ടു വിവാഹം കഴിച്ചു. ആദ്യമായി പടിഞ്ഞാറേക്കര ശാഖയിൽപ്പെട്ട വെട്ടുകാട്ടിൽ ചീരാം കുഴിയിൽനിന്നും ഉണിച്ചെറിയതിന്റെ മകൾ റോസയെ വിവാഹം ചെയ്തു് ഈ ദമ്പതികൾ പകുതി പുരയിടത്തിൽ താമസിച്ചു മക്കളില്ലാതെ ഭാര്യ മരിക്കയാൽ രണ്ടാമതായി മേവിട എറകോന്നിക്കുടുംബത്തിൽപ്പെട്ട വെക്കരെനിന്നും ഏലിയെ വിവാഹം ചെയ്തു. കടബാധ്യതമൂലം ഏകസ്ഥാവരമായിരുന്ന തെക്കെദമ്പതികൾ പകുതി പുരയിടം കിഴക്കേക്കര കുടുംബയോഗത്തിനു് തീറെഴുതികൊടുത്തു് കുടുംബയോഗത്തിന്റെ മേൽനോട്ടത്തിൽ കടബാധ്യത തീർക്കുകയും മൂന്നാലുവർഷം കഴിഞ്ഞു് അവരെത്തന്നെ തിരികെ ഏല്പിക്കുകയും ചെയ്തു. ആഗസ്തിക്കു് തൊമ്മൻ എന്നൊരു പുത്രനും

അച്ചാമ്മ എന്നൊരു പുത്രിയും ജനിച്ചു. ജപരപ്പനി പിടിപെട്ട് ഭാര്യയും പുത്രിയും മരിച്ചു. പുത്രൻ തൊമ്മൻ മാഞ്ഞൂർ കരയിൽ ചേലകരികുടുംബത്തിൽപ്പെട്ട മുട്ടത്തുവീട്ടിൽ കുഞ്ഞൂഞ്ഞിന്റെ മകൾ ത്രസ്യായെ വിവാഹം ചെയ്ത് പിതാവിന്റെ ക്രൂടെ ഇന്തുങ്കൽ പകുതി പുരയിടത്തിൽ താമസമാക്കി. ടി. തൊമ്മനു് ആഗസ്തി, ബേബി, മാത്യു, ജോജ്ജ് എന്ന നലു പുത്രന്മാരും ഏലി എന്നൊരു പുത്രിയും ഉണ്ടായി പുത്രി ഏലിയെ കിഴക്കേക്കരശാഖയിൽപ്പെട്ട ഇളംതോട്ടത്തിൽ തൊമ്മന്റെ മകൻ മനയ്ക്കണ്ടത്തിൽ താമസിക്കുന്ന മാത്യു വിവാഹം ചെയ്തു. പുത്രന്മാരെല്ലാം വിദ്യാർത്ഥികളാണു്.

അഞ്ചാം തലമുറ തൊമ്മന്റെ ദ്വിതീയ പുത്രൻ ഇട്ടിയയിപ്പ് "തറയിൽ മാപ്പിള"യായ വയ്മറത്തിൽക്കുടുംബത്തിൽ ദേവസ്യായുടെ മകൾ ഏലിയെ വിവാഹം ചെയ്ത് കൈതവയലിൽ കുന്നേപുരയിടത്തിൽ താമസിച്ചു. കുന്നേൽ ഇട്ടിയയ്പ്പിനു് തൊമ്മൻ, ദേവസ്യാ, ഔസപ്പ്, മത്തായി, വക്കി, ഇട്ടിയയ്പ്പ് എന്ന ആറു പുത്രന്മാരും മാമ്മി, മറിയം, അന്നക്കുട്ടി, ഏലി എന്ന നാലു പുത്രിമാരും ജനിച്ചു. മൂത്ത പുത്രി മാമ്മിയെ മീനച്ചിൽ കരയിൽ "വയലക്കൊമ്പിൽ മാപ്പിള"യായ പുല്ലാട്ട വക്കിയുടെ മകൻ തൊമ്മൻ വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി മറിയം (സിസ്റ്റർ കോലേത്തുഭായി) ആജ്മീറിൽ പ്രവ്രജിതയായി ആശ്രമത്തിൽ ചേർന്നു കന്യാസ്ത്രീയായി. മൂന്നാമത്തെ

പുത്രി അന്നക്കുട്ടിയെ ഒപ്പെകയിൽ കുറിക്കാട്ടുവീട്ടിൽ തൊമ്മന്റെ മകൻ ജോസഫ് വിവാഹം ചെയ്തു നാലാമത്തെ പുത്രി ഏലിക്കുട്ടിയെ പാലായിൽ പൊന്നോലിൽ കുടുംബത്തിൽപ്പെട്ട പുതുമന പോത്തന്റെ മകൻ മണിമലത്താമസം ചാക്കോ (കുക്കു) വിവാഹം ചെയ്തു.

ഇട്ടിയയിപ്പിന്റെ പ്രഥമപുത്രൻ ഏഴാം തല മുറ തൊമ്മൻ പാലാ ഇടവക കുട്ടിക്കയത്തു മഠത്തന്റെ മകൾ മറിയത്തിനെ വിവാഹംചെയ്തു് അറക്കുളത്തു താമസിക്കുന്നു. തൊമ്മനു് ഇട്ടിക്കുഞ്ഞു്, ജോർജ്ജു്, ബേബി, ജോണി എന്ന നാലുപുത്രന്മാരും, മേരി, ലില്ലി, അൽഫോൻസാ എന്ന മൂന്നുപുത്രിമാരും ജനിച്ചു. മൂത്ത പുത്രി മേരിയെ പാലാ പുത്തൻപള്ളി ഇടവകയിൽ അറക്കുളത്തു താമസിക്കുന്ന കരിശ്ശുംമൂട്ടിൽ മത്തായിയുടെ മകൻ മത്തായി വിവാഹം ചെയ്തു ലില്ലി ആസാം മിഷനിൽ ചേർന്നു കന്യാസ്ത്രീയായി. ഏലി കോഴിക്കോട്ടു മഠത്തിൽ ചേർന്നു കന്യാസ്ത്രീയായി. അൽഫോൻസാ വിദ്യാർത്ഥിയാണു്. മൂത്തപുത്രൻ ഇട്ടിക്കുഞ്ഞു് വാഴക്കുളത്തു നമ്പ്യാപറമ്പിൽ വക്കിയുടെ മകൾ മറിയത്തെ വിവാഹം ചെയ്തു. രണ്ടാമൻ ജോർജ്ജു് ഇന്ത്യൻ മിലിറ്ററിസർവീസിൽ എയർഫോഴ്സു് വിഭാഗത്തിലെ ഒരു ജവാനാണു്. മൂന്നാമൻ ബേബി കോതമംഗലത്തു് മണ്ണാട്ട കുര്യാക്കോസിന്റെ മകൾ വത്സമ്മയെ വിവാഹം ചെയ്തു. അവർക്കു് തൊമ്മൻ എന്ന ഒരു ശിശു ഉണ്ടു്.

ആറാം തലമുറ ഇട്ടിയയ്പ്പിന്റെ രണ്ടാമത്തെ പുത്രൻ ദേവസ്യാ രണ്ടു വിവാഹം കഴിച്ചു. പാലായിൽ "തറയിൽ മാപ്പിള"യായ പടിഞ്ഞാറേ തയ്യിൽ വക്കിയുടെ മകൾ ഏലിയെ ആദ്യവിവാഹം ചെയ്തു് അറക്കളത്തു താമസമാക്കി. പ്രസ്തുത ഭാര്യയുടെ മരണാനന്തരം പൂഞ്ഞാറിൽ വയലിൽ ദേവസ്യായുടെ മകൾ ഏലിയെ രണ്ടാംവിവാഹം കഴിച്ചു. ദേവസ്യാക്കു് ആദ്യ വിവാഹത്തിൽ ജോസു് എന്ന ഒരു പുത്രനും അച്ചാമ്മ, അന്നമ്മ, പെണ്ണമ്മ, മേരി എന്ന നാലു പുത്രിമാരും, രണ്ടാംവിവാഹത്തിൽ തോമ്മസു്, ബേബി, മാത്തൻ എന്ന മൂന്നു പുത്രന്മാരും, ത്രേസ്യാ, അൽഫോൻസാ എന്ന രണ്ടു പുത്രിമാരും ജനിച്ചു. പുത്രി അച്ചാമ്മയെ ഭരണങ്ങാനത്തു കലയത്തിനാൽ കുടുംബത്തിൽപ്പെട്ട മഠത്തിൽപ്പറമ്പിൽ പാപ്പച്ചൻ വിവാഹം ചെയ്തു. അന്നമ്മ ആജ്മീർ മിഷ്യനിൽച്ചേർന്നു കന്യാസ്ത്രീയായി. പെണ്ണമ്മ കൽക്കട്ടാ മിഷ്യനിൽച്ചേർന്നു കന്യാസ്ത്രീയായി. മേരി പാലായിൽ തിരുഹൃദയമഠത്തിൽ ചേർന്നു കന്യാസ്ത്രീയായി. പ്രഥമപുത്രൻ ജോസു് കുടുവിനാൽപ്പള്ളിയിടവക മാപ്പിളകയിൽ പോത്തന്റെ മകൾ അന്നയെ വിവാഹം ചെയ്തു് മറയൂർ താമസിക്കുന്നു. ജോസിനു് മൂന്നു പെൺകുട്ടികളുണ്ടു്. ദേവസ്യായുടെ ശേഷം സന്താനങ്ങൾ വിദ്യാർത്ഥിനികളാണു്.

ആറാം തലമുറ ഇട്ടിയയ്പ്പിന്റെ തൃതീയപുത്രൻ ജോസഫു് (കുഞ്ഞു) രണ്ടുവിവാഹം കഴിച്ചു. പാലായിൽ "തറയിൽ മാപ്പിള"യായ ഞാവള്ളിൽ

തീക്കുഴിവയലിൽ ചാക്കോയുടെ മകൾ അച്ചാമ്മയെ ആദ്യവിവാഹം ചെയ്തു. പ്രസ്തുത ഭാര്യ മരിച്ചപ്പോൾ കോതനല്ലൂർ പള്ളിയിടവക കച്ചിലിക്കുടുംബത്തിൽപ്പെട്ട തയ്യിൽ ജോസഫിന്റെ മകൾ മേരിയെ പുനർവിവാഹം ചെയ്തു ഞൊണ്ടിമാക്കൽ കവലയിലുള്ള വരിക്കമാക്കൻ പുരയിടം വാങ്ങി താമസിച്ചു. ആദ്യവിവാഹത്തിൽ ചിന്നമ്മ എന്ന ഒരു പുത്രിയും രണ്ടാംവിവാഹത്തിൽ സാബു, ആൻറണി എന്ന രണ്ടു പുത്രന്മാരും ജനിച്ചു. പുത്രി ചിന്നയെ മീനച്ചിൽ കീഴ്പറയാർ കരയിൽ പൈനാടത്തകല്ലിൽ നിന്നും എലിക്കുളത്തു താമസിക്കുന്ന ദേവസ്യായുടെ മകൻ മത്തായി വിവാഹം ചെയ്തു. രണ്ടാംവിവാഹത്തിലെ കുട്ടികൾ ശിശുക്കളാണ്. ആറാം തമ്പുരാൻ ഇട്ടിയപ്പിന്റെ നാലാമത്തെ പുത്രൻ മത്തായി (കെ. ഐ. മാത്യു, M. Sc) മണിമല കളത്തൂർ കുടുംബത്തിൽപ്പെട്ട ചെമ്മരപ്പള്ളിൽ മാത്തുവിന്റെ മകൾ അച്ചാമ്മയെ വിവാഹം ചെയ്തു. മത്തായിക്ക് ജോസഫ് (ഷാജി) മാത്യു (സചി) എന്ന രണ്ടു പുത്രന്മാരും ലിസി (ഏലി), ടെസി എന്ന രണ്ടുപുത്രിമാരും ഉണ്ട്. അവർ വിദ്യാർത്ഥികളാണ്. (കെ.ഐ. മാത്യു, M. Sc.) മാത്യു ഇപ്പോൾ പാലാ സെൻറ് തോമസ് കോളജിൽ ലക്ചററാണ്. ഇട്ടിയയ്പ്പിന്റെ അഞ്ചാമത്തെ പുത്രൻ വക്കീൽ ശരീരാസ്വാസ്ഥ്യം മൂലം അവിവാഹിതനായി യൗവനദശയിൽ മരിച്ചു.

ആറാമത്തെ പുത്രൻ ഇട്ടിയയ്പ്പ് (ഔസേപ്പച്ചൻ) പാലായിൽ വടക്കൻ കുടുംബത്തിൽ ചാക്കോയു



കിഴക്കേക്കര തട്ടാൻപറമ്പിൽ തൊമ്മൻ ഔസേപ്പും കുടുംബവും
ഇരിക്കുന്നവർ: L. R. തൊമ്മൻ ഔസേപ്പ്, സി. ലീഡിയാ, സി. ജൂഡിത്ത്, ശ്രീമതി റോസ ഔസേപ്പ്
നില്ക്കുന്നവർ: L. R. ലക്ചറർ ജോസ് ജോസഫ്, മിസ്സസ് ജോസ് ജോസഫ്,
മിസ്സസ് അന്നമ്മ ജോസഫ് പ്ലാക്കൂട്ടത്തിൽ, ജോസഫ് പ്ലാക്കൂട്ടത്തിൽ

See Page 148



മുണ്ടാങ്കൽ വേലിക്കകത്തു ചെറിയാനും കുടുംബവും
ഇരിക്കുന്നവർ: L.R. ചെറിയാൻ തോമസ്, ചെറിയാന്റെ സഹോദരി മറിയാമ്മ, ചെറിയാൻ, ശ്രീമതി മറിയം ചെറിയാൻ
നില്ക്കുന്നവർ: L. R. മിസ്സസ് ത്രസ്യാമ്മ തോമസ്, മിസ്സസ് മേരി ജെയിംസ്, ജെയിംസ് ചെറിയാൻ മറ്റുള്ളവർ തോമസിന്റെയും ജെയിംസിന്റെയും മക്കളാണ്



ചെറിയാൻ ജോസഫ് (അപ്പച്ചൻ)
മുണ്ടാങ്കൽ, വേലിക്കകത്ത്

See Pages 114 & 115

ടെ മകൾ ലില്ലിക്കുട്ടിയെ വിവാഹം ചെയ്തു് പിതൃഗൃഹമായ കുന്നേൽ താമസിക്കുന്നു. ഔസേപ്പച്ചനു് ജോസഫു്, സെബാസ്റ്റ്യൻ എന്ന രണ്ടു പുത്രന്മാരും അന്ന എന്ന ഒരു പുത്രിയും ഉണ്ടു്. ഔസേപ്പച്ചൻ കേരള റബർ കമ്പനിയുടെ (പാലാ) പാർട്ടുനറും, ബഹുഭൂരിപക്ഷം റബർ കമ്പനിയുടെ പ്രൊപ്രൈറ്ററുമാണു്.

പീടികകൈതവയലിൽ അഞ്ചാം തലമുറ തൊമ്മന്റെ തൃതീയപുത്രൻ തൊമ്മൻ ചിറ്റാർകരയിൽ വെള്ളറങ്ങാട്ടുമാപ്പിളയായ കാട്ടുനിലത്തു് ഔസേപ്പിന്റെ മകൾ അന്നയെ വിവാഹം ചെയ്തു് വടക്കേക്കെട്ടമ്പൻ പുരയിടത്തിൽ (കടിലിപ്പുറമ്പിൽ) താമസിച്ചു. അദ്ദേഹം ആയുർവ്വേദ വൈദ്യശാസ്ത്രം പഠിച്ചിരുന്നു. അദ്ദേഹം മരിച്ചുപോയി. തൊമ്മനു് ജോസഫു്, തോമ്മസു് എന്ന രണ്ടുപുത്രന്മാരും, മാമ്മി, ത്രേസ്യാ, മറിയം, ബ്രിജീത്താ, അന്ന, ഏലി, അച്ചാമ്മ എന്ന ഏഴു പുത്രിമാരും ഉണ്ടായി. ഒന്നാമത്തെപുത്രി മാമ്മിയെ അരുവിത്തുറ വലിയവീട്ടിൽപ്പെട്ട വള്ളിക്കാപ്പിൽ കുഞ്ഞച്ചന്റെ മകൻ വക്കീ വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി ത്രേസ്യായെ, പാലായിൽ "തറയിൽ മാപ്പിള"യായ ഞാവള്ളിൽ മഞ്ഞക്കുന്നേൽ ജോസഫിന്റെ മകൻ കുഞ്ഞൗസേപ്പു വിവാഹം ചെയ്തു. മൂന്നാമത്തെമകൾ മറിയത്തിനെ ഭരണങ്ങാനത്തു കൊല്ലൻപറമ്പിൽ തൊമ്മൻ വിവാഹം ചെയ്തു. അധികകാലം കഴിയുംമുമ്പേ സന്താനമില്ലാതെ അവൾ മരിച്ചു. നാലാമത്തെ പുത്രി ബ്രിജീത്തായെ കടനാട്ടുപള്ളിയിടവക കുന്നത്തൂർ ചാ

ണ്ടിയുടെ മകൻ സെബാസ്റ്റ്യൻ വിവാഹം ചെയ്തു. അ
ഞ്ചാമത്തെ പുത്രി അന്നക്കുട്ടിയെ മാന്നാനത്തു തടത്തിൽ
ലൂക്കായുടെ മകൻ ജോസഫ് വിവാഹം ചെയ്തു. ആറാ
മത്തെ പുത്രി ഏലിക്കുട്ടിയെ പാണ്ടനാട്ടിൽ കത്തീ
ഡ്രൽ പള്ളി ഇടവക ആലപ്പുറത്തുകാട്ടിൽ മത്തായിയു
ടെ മകൻ തോമ്മസ് വിവാഹം ചെയ്തു. ഏഴാമത്തെ
പുത്രി അച്ചാമ്മയെ മങ്ങാട്ടുപള്ളിയിടവക താഴ
ത്തേൽ കുര്യാക്കോസിന്റെ മകൻ വക്കി വിവാഹം
ചെയ്തു. പ്രഥമ പുത്രൻ ജോസഫ് ഉള്ളനാട്ടു പള്ളി
ഇടവക വെള്ളിരിങ്ങാട്ടുകുടുംബമായ പനന്താനത്തു ജോ
സഫിന്റെ മകൾ ത്രസ്യായെ വിവാഹം ചെയ്ത് ഭര
വകാശമായി ഭാരുഗൃഹത്തിൽ താമസിക്കുന്നു. ജോസ
ഫിനു് തോമസ്, ജോസഫ്, സെബാസ്റ്റ്യൻ എന്ന
മൂന്നു പുത്രന്മാരും, റോസ, അന്നക്കുട്ടി എന്ന രണ്ടു പു
ത്രിമാരുമുണ്ടു്. പുത്രൻ തോമസ് പേണാട്ടകരയിൽ
ഉഴവനാൽ കുടുംബത്തിൽ ജോസഫിന്റെ മകൾ ഏ
ലിയെ വിവാഹം ചെയ്തു. തോമ്മസിനു ജോസഫ് എ
ന്ന ഒരു പുത്രനും ലാലി എന്ന പുത്രിയും ജനിച്ചു. രണ്ടു
പേരും വിദ്യാർത്ഥികളാണു്. ജോസഫിന്റെ രണ്ടാ
മത്തെ പുത്രൻ ജോസഫ് B. Sc. വീട്ടുകാര്യത്തിൽ
ഏർപ്പെട്ടിരിക്കുന്നു. മൂന്നാമൻ സെബാസ്റ്റ്യൻ വിദ്യാ
ർത്ഥിയാണു്. ഒന്നാമത്തെ പുത്രി റോസയെ തൊട്ടപു
ഴ അഞ്ചിരിക്കരയിൽ പാണങ്ങാട്ടുവീട്ടിൽ ജോസഫ്
വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി അന്ന കന്യാ
സ്ത്രീയായി. ആറാതലമുറ തൊമ്മന്റെ ചരിതമീ

പുത്രൻ തോമ്മസ് ചങ്ങനാശ്ശേരിൽ കത്തീഡ്രൽ ഇടവക കളീക്കൽ അബ്രാഹത്തിന്റെ മകൾ മേരിയെ വിവാഹം ചെയ്ത് പിതൃഗൃഹത്തിൽ താമസിക്കുന്ന തോമ്മസിനു് ജോസഫ് എന്ന ഒരു പുത്രനും, അന്നമ്മ, മേരി, സെലീൻ എന്നാ മൂന്നു പുത്രിമാരുമുണ്ടു്.

അഞ്ചാം തലമുറ പീടിക കൈതവയലിൽ തൊമ്മന്റെ നാലാമത്തെ പുത്രൻ ഉണിച്ചെറിയതു് രണ്ടു വിവാഹം കഴിച്ചു. ആദ്യം ഭാര്യാഗൃഹത്തു ഇടപ്പാടിക്കരയിൽ വാളിപ്ലാക്കൽ കണിയാംപടിക്കൽ സ്കറിയായുടെ മകൾ മറിയത്തിനെ വിവാഹം ചെയ്തു കൈതവയലിൽ തറവാട്ടിൽ താമസമാക്കി. ആ വിവാഹത്തിൽ തൊമ്മൻ, ചെറിയാൻ, ഇട്ടിയപ്പു് എന്ന മൂന്നു പുത്രന്മാരും, അച്ചാമ്മ എന്ന ഒരു പുത്രിയും ജനിച്ചു. ഭാര്യ മരിച്ചപ്പോൾ ഉണിച്ചെറിയതു് കിഴതടിയൂർ കരയിൽ കിഴക്കേടത്തുവീട്ടിൽനിന്നു് കിഴതടിയൂർ ചെമ്പിളായിൽ വീട്ടിൽ വിവാഹം ചെയ്തതും, വിധവയായിത്തീർന്നതുമായ റോസയെ വിവാഹം ചെയ്തു. റോസ മക്കളില്ലാതെ മരിച്ചു. ഉണിച്ചെറിയതു് വാകാനിയിൽ ശാഖയിൽപ്പെട്ട നെല്ലിമല ഇട്ടിയപ്പിന്റെ പുരയിടം വാങ്ങി അവിടേയ്ക്കു താമസം മാറി.

പുത്രി അച്ചാമ്മ ശരീരസുഖമില്ലാതെ അവിവാഹിതയായി പിതൃഗൃഹത്തിൽ താമസിക്കുന്നു. മൂത്ത പുത്രൻ തൊമ്മൻ, ഭാര്യഗൃഹത്തുനിന്നും തൊട്ടടുത്തു മുട്ടത്തു താമസിക്കുന്ന "തറയിൽ മാപ്പിള"യായ പള്ളിവാ

തുക്കൽ നിന്നും വിവാഹം ചെയ്തു. മക്കളില്ലാതെ തൊമ്മൻ മരിക്കയാൽ ഭാര്യ പുനർവിവാഹം കഴിച്ചു. രണ്ടാമത്തെ പുത്രൻ ചെറിയാൻ പയപ്പുർ കരയിൽ മയിലാട്ടൂർ ചാക്കോയുടെ മകൾ മറിയത്തിനെ വിവാഹം ചെയ്തു പിതാവിൻെറകൂടെ താമസിക്കുന്നു. ചെറിയാനു റോയി, സണ്ണി, ജയിംസ്, ദേവസ്യാ, സചി എന്ന അഞ്ചു പുത്രന്മാരും മേഴ്സി, ലൂസി, ലീനാ എന്ന നാലു പുത്രിന്മാരും ഉണ്ടു്. എല്ലാവരും പഠിക്കുകയാണു്. മൂന്നാമത്തെ പുത്രൻ ഇട്ടിയയ്പ്പു് (കെ. യു. ഇട്ടിയയ്പ്പു് B. Sc) ചേർപ്പുങ്കൽ കോലടിയിൽ കുടുംബത്തിൽപ്പെട്ട കാരാമയിൽ ചാക്കോയുടെ മകൾ തങ്കമ്മ B. Sc. യെ വിവാഹം ചെയ്തു് മലബാറിൽ മണ്ണാർകാട്ടു താമസിച്ചു കൃഷി നടത്തുന്നു. ഇട്ടിയയ്പ്പിനു സാബു എന്ന ഒരു പുത്രനും ജോളി, ജെസ്സി, ജാൻസി, ലീമോൾ, ബ്രിജിറ് എന്ന അഞ്ചു പുത്രിമാരും ജനിച്ചു. എല്ലാവരും വിദ്യാർത്ഥികളാണു്.

അദ്ധ്യായം പതിനാറു്

ആലയ്ക്കൽ കുടുംബം

ആലയ്ക്കൽ ഇട്ടിച്ചെറിയ (നലാം തലമുറ)

മൂന്നാം തലമുറ കിഴക്കേക്കര കരോട്ടേവീട്ടിൽ ഇട്ടിയയ്പ്പിൻെറ തൃതീയപുത്രൻ ഇട്ടിച്ചെറിയ പാലാ അങ്ങാടിയിൽ കുട്ടക്കയത്തിൽ ചെറിയാൻ മുതൽപിടിക്കാരൻെറ പുത്രിയെ വിവാഹം ചെയ്തു് ആല

യ്ക്കൽ താമസിച്ചു. ഇട്ടിച്ചെറിയ കരപ്രധാനിയും പാലാ വലിയപള്ളിയിലെ ഒരു യോഗപ്രധാനിയുമായിരുന്നു. സമീപത്തുള്ള കണ്ടങ്ങളിലെ നെല്ലുണക്കുന്നതിനായി കെട്ടിയുണ്ടാക്കിയ ആലയുണ്ടായിരുന്നതിനാലാണു് "ആലയ്ക്കൽ" എന്ന പേരുണ്ടായതു്. ഇട്ടിച്ചെറിയയ്ക്കു് ചെറിയാൻ, ഇട്ടിച്ചെറിയ, മത്തായി എന്ന മൂന്നു പുത്രന്മാരും അഞ്ചുപുത്രിമാരുമുണ്ടായി. ആദ്യ പുത്രിയെ മുത്തോലി കെഴവൻകുളത്തുകരയിൽ കയിപ്പുപ്ലാക്കൽ വിവാഹം ചെയ്തയച്ചു. രണ്ടാമത്തെ പുത്രിയെ ആരക്കുഴകരയിൽ ഇടത്തട്ടേൽ വിവാഹം ചെയ്തു. മൂന്നാമത്തെ പുത്രിയെ വാഴക്കുളത്തു പോളേകുന്നേൽ വിവാഹം ചെയ്തയച്ചു. നാലാമത്തെ പുത്രിയെ പാലാകരയിൽ ഞള്ളുക്കാട്ടു വിവാഹം ചെയ്തു. അഞ്ചാമത്തെ പുത്രിയെ മുത്തോലപുരം കരയിൽ പള്ളിക്കാപ്പുറമ്പിൽ വിവാഹം ചെയ്തു. പ്രഥമപുത്രൻ ചെറിയാൻ ആലപ്പുഴ ചെന്നക്കാട്ടുനിന്നും വിവാഹം കഴിച്ചു് വാകാനിയിൽ താമസിച്ചു. ടി ചെറിയാനു തൊമ്മൻ, ഇട്ടിച്ചെറിയ, വക്കീ, ഇട്ടിയയ്പ്പു്, ചെറിയാൻ എന്നീ അഞ്ചു പുത്രന്മാരും ഒരു പുത്രിയും ഉണ്ടായി. പുത്രിയെ വാഴക്കുളത്തു ചൊള്ളാമഠത്തിൽ വിവാഹം ചെയ്തു. ചെറിയാന്റെ പ്രഥമപുത്രൻ തൊമ്മൻ പള്ളിവാതുക്കൽ കുടുംബത്തിൽ മുളയന്തർനിന്നും ബ്രീജീത്തായെ വിവാഹം ചെയ്തു് വാകാനി കിഴക്കേപുരയിടത്തിൽ താമസിച്ചു. തൊമ്മനു് ചെറിയാൻ, ഇട്ടിച്ചെറിയ എന്ന രണ്ടുപുത്രന്മാരും മാമ്മി, കുഞ്ഞി എന്ന പുത്രിമാരും ജനിച്ചു. പുത്രി മാമ്മിയെ പാലാ അ

ങ്ങാടിയിൽ വടക്കൻ കുടുംബത്തിൽ വെള്ളാപ്പാട്ട പാപ്പൻ വിവാഹം ചെയ്തു. രണ്ടാമത്തെപുത്രി കത്രിയെ ചേപ്പുങ്കൽ കുളപ്പുറത്താഴെ തുരുത്തിക്കാവിൽ ചാക്കോ വിവാഹം ചെയ്തു. പുത്രൻ ചെറിയാൻ പാലാ വടക്കയിൽനിന്നും വിവാഹം ചെയ്തു. സന്താനമില്ലാതെ ഭാര്യ മരിക്കയാൽ ചിറക്കടവു കരയിൽ മണ്ണൻപ്ലാക്കൽ കുടുംബത്തിൽ ഏത്തയിൽ മത്തായിയുടെ മകൾ അന്നയെ വിവാഹം ചെയ്തു. ചെറിയാനു് തൊമ്മൻ, ഔസേപ്പു്, മത്തായി, ചാക്കോ എന്ന നാലു പുത്രന്മാരുണ്ടായി. പ്രഥമ പുത്രൻ തൊമ്മൻ പാലാ ഇടവക പടിഞ്ഞാറേക്കര ശാഖയിൽപ്പെട്ട തെക്കേക്കണ്ടത്തിൽ നിന്നും മേലുകാവിൽ താമസിക്കുന്ന മത്തായിയുടെ മകൾ ഏലിയെ വിവാഹം ചെയ്തു് വെള്ളിയാമറ്റത്തു താമസിക്കുന്നു. ടി. തൊമ്മനു് ചെറിയാൻ, ജയിംസു്, തോമസു് എന്ന മൂന്നു പുത്രന്മാരും, അന്ന, ഏലി, മറിയം, റോസ എന്ന നാലു പുത്രിമാരും ഉണ്ടു്. പുത്രി അന്ന വെള്ളിയാമറ്റം പ്രൈമറി സ്കൂൾ അദ്ധ്യാപികയാണു്. ഏലിയെ പാലാ ചിലമ്പിക്കുന്നേൽനിന്നും കുടയത്തൂർ താമസിക്കുന്ന തങ്കച്ചൻ വിവാഹം ചെയ്തു. ശേഷമുള്ളവർ പഠിക്കുന്നു.

ഏഴാം തലമുറ ചെറിയാന്റെ ദ്വിതീയപുത്രൻ ഔസേപ്പു് പാലാ ഇടവക മുണ്ടമറ്റത്തിൽ ജോസഫിന്റെ മകൾ ത്രേസ്യായെ വിവാഹം ചെയ്തു് തറവാട്ടിൽ താമസിക്കുന്നു. ഔസേപ്പിനു് ചെറിയാൻ, തോമസു്, ജോസഫു് എന്ന മൂന്നു പുത്രന്മാരും, അന്ന, മറിയം, ത്രേ

സ്യാ, റോസ എന്ന നാലു പുത്രിമാരും ഉണ്ടായി. പുത്രി അന്നയെ മേലുകാവിൽ കണ്ണംകുളത്തു ദേവസ്യായുടെ മകൻ കുര്യൻ വിവാഹം ചെയ്തു. മറ്റുള്ളവർ വിദ്യാർത്ഥികളാണു്. ചെറിയാന്റെ മൂന്നാമത്തെ പുത്രൻ മത്തായി തുടങ്ങനാട്ടു് കോതമ്പുനാനിയിൽ ഔസേപ്പിന്റെ മകൾ റോസയെ വിവാഹം ചെയ്തു. നാലാമത്തെ പുത്രൻ ചാക്കോ ഇന്ത്യൻ പ്രതിരോധവകുപ്പിൽ ജവാനാണു്.

ആറാം തലമുറ വാകാനിയിൽ തൊമ്മന്റെ ദ്വിതീയപുത്രൻ ഇട്ടിച്ചെറിയ (റവ. ഫാ. താർസീസ് സി. എം. ഐ.) കമ്മലീത്താസഭയിൽ ചേർന്നു വൈദികനായി.

വാകാനിയിൽ കുമ്പുക്കൽ ശാഖ

അഞ്ചാം തലമുറ വാകാനിയിൽ ചെറിയാന്റെ ദ്വിതീയപുത്രൻ ഇട്ടിച്ചെറിയ പൊരുന്നോലിൽ പുലിമലക്കുന്നേൽ കരോട്ടു മറിയത്തിനെ വിവാഹം ചെയ്തു് ഭത്തവകാശമായി താമസിച്ചു. ഇട്ടിച്ചെറിയതിനു് അഗസ്തി, മത്തായി എന്ന രണ്ടു പുത്രന്മാരുണ്ടായി. മൂത്തപുത്രൻ അഗസ്തി ഭരണങ്ങാനത്തു് അരമംപുളിക്കലായ കളപ്പുരയിൽ ചെറിയതിന്റെ മകൾ അന്നയെ വിവാഹം ചെയ്തു് ഉഴന്നംകല്ലുംപുരയിടത്തിൽ താമസിച്ചു. അഗസ്തിക്കു് മത്തായി, ഇട്ടിയപ്പു് എന്ന രണ്ടു പുത്രന്മാരും, മറിയം, അന്ന, ത്രേസ്യാ, ഏലി എന്ന മൂന്നു പുത്രിമാരും ജനിച്ചു. മൂത്തപുത്രി മറിയത്തിനെ

ഏഴാച്ചേരിൽ വേരനാനിക്കൽ ചെറിയാന്റെ മകൻ ഔസേപ്പ് വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി അന്നയെ ഭരണങ്ങാനത്തു മാറാമറ്റത്തിൽനിന്നു നരിയങ്ങാനത്തു താമസിക്കുന്ന മാണിയുടെ മകൻ ഔസേപ്പു വിവാഹം ചെയ്തു. മൂന്നാമത്തെ പുത്രി ത്രസ്സ്യായെ അന്തീനാട്ട് കാഞ്ഞിരത്തുങ്കൽ ഔസേപ്പിന്റെ മകൻ ഔസേപ്പു വിവാഹം ചെയ്തു. നാലാമത്തെ പുത്രി ഏലി (സിസ്റ്റർ മേരി ബനീഞ്ഞാ) മാത്താണ്ഡം Daughters of Mary വക മഠത്തിൽച്ചേർന്നു കന്യാസ്ത്രീയായി. ആഗസ്തിയുടെ മൂത്തപുത്രൻ മത്തായി പ്രവിത്താനത്തു കാരുംകൽ ബ്രിജീത്തായെ വിവാഹം ചെയ്ത് മലബാറിൽ ആലക്കോട്ട താമസിക്കുന്നു. മത്തായിക്ക് ആഗസ്തി, ഔസേപ്പ് എന്ന രണ്ടു പുത്രന്മാരും, അന്ന, ചിന്ന എന്ന രണ്ടു പുത്രിമാരും ഉണ്ട്. പുത്രി അന്നയെ പാലാ പുത്തൻപള്ളി ഇടവക പുതിയാപറമ്പിൽ മത്തായിയുടെ മകൻ കുട്ടപ്പൻ വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി ചിന്നയെ മുട്ടുചിറ നീരാക്കൽ ചാക്കോയുടെ മകൻ മാത്യു വിവാഹം ചെയ്തു. മത്തായിയുടെ മൂത്ത പുത്രൻ ആഗസ്തി ഇളങ്ങുളത്തുനിന്നു മലബാറിൽ ചെമ്പേരിൽ താമസിക്കുന്ന കുടുക്കുന്നേൽ വീട്ടിൽ ഇത്താമ്മയെ വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രൻ ഔസേപ്പ് വിദ്യാർത്ഥിയാണ്. കുമ്പുക്കൽ ആഗസ്തിയുടെ ദ്വിതീയപുത്രൻ ഇട്ടിയപ്പു ഉള്ളനാട്ട് അമ്മിക്കാട്ടു വക്കിയുടെ മകൾ അച്ചാമ്മയെ വിവാഹം ചെയ്ത് പിതൃഗൃഹത്തിൽ താമസിക്കുന്നു. ഇട്ടിയപ്പുനു സന്താനങ്ങളില്ല.



ഏറകോന്നി പുത്തമ്പുര കുടുംബയോഗം സെക്രട്ടറി ചീരാംകഴിയിൽ സി. കെ തോമസിന്റെ സീമന്തപുത്രി പെണ്ണമ്മയുടെ (സി. ആനി — മദ്ധ്യത്തിൽ) സഭാവസ്ത്രസ്വീകരണവേളയിൽ എടുത്ത പടം. സി കെ തോമസ് സി. കെ. ജോൺ, സി. കെ. ഏലിയാമ്മ, മാതാവ് അന്നമ്മ കുര്യൻ, തോമസിന്റെയും ജോണിന്റെയും

See Page 236

അഗസ്തിയുടെ അനുജൻ മത്തായി പൂഞ്ഞാർ തോട്ടക്കര മാത്തൻകുന്നേൽ കുരുന്നേറ മകൾ അന്നയെ വിവാഹം ചെയ്ത് പിതൃഗൃഹത്തിൽ താമസിച്ചു. അ ദ്ദേഹത്തിനു് ഇട്ടിച്ചെറിയ, മത്തായി, ചെറിയാൻ എ ന്ന മൂന്നു പുത്രന്മാരും, ഏലി, മാമ്മി, അച്ചാമ്മ, ത്രേ സ്യാ, റോസ, ബ്രിജീത്താ, മേരി എന്ന ഏഴു പുത്രിമാ രും ഉണ്ടായി. പിതാവായ മത്തായി മരിച്ചു് ഇളം തോട്ടം പള്ളിയിൽ സംസ്കരിക്കപ്പെട്ടു.

ഒന്നാമത്തെ പുത്രി ഏലിയെ നരിയങ്ങാനത്തു് പൈകടയിൽ തൊമ്മന്റെ മകൻ വക്കി വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി മരിച്ചുപോയി. മൂന്നാമ ത്തെ പുത്രി അച്ചാമ്മയെ കരുർ ഇടവക മയിലാട്ടൂർ തൊമ്മന്റെ മകൻ തൊമ്മൻ വിവാഹം ചെയ്തു. നാ ലാമത്തെ പുത്രി ത്രേസ്യായെ ഭരണങ്ങാനത്തു തുരുത്തി യിൽ മത്തായിയുടെ മകൻ മത്തായി വിവാഹം ചെയ്തു. അഞ്ചാമത്തെ പുത്രി റോസയെ മേരിലാൻഡിൽ കാ രുാങ്കൽ ഔസേപ്പിന്റെ മകൻ ജോൺ വിവാഹം ചെയ്തു. അടുത്തപുത്രി ബ്രിജീത്താ (സിസ്റ്റർ അപ്പോ നിയാ) കോതമംഗലത്തു് ആരാധനമഠത്തിൽ ചേർ ന്നു കന്യാസ്ത്രീയായി. ഏഴാമത്തെ പുത്രി മേരിയെ ഭരണ ങ്ങാനത്തു താഴത്തേൽ കുടുംബത്തിൽപ്പെട്ട വരിക്കയാ നിക്കൽ ജോസഫിന്റെ മകൻ അബ്രാഹം വിവാഹം ചെയ്തു.

മത്തായിയുടെ മൂത്തപുത്രൻ ഇട്ടിച്ചെറിയ പാലാ ഇടവക "മണിമല മാപ്പിള"യായ പൊടിമറ്റത്തിൽ

നിന്നും ചിറ്റാറ്റിൽ താമസിക്കുന്ന വെട്ടുകല്ലേൽ ചെറിയാന്റെ മകൾ മറിയത്തിനെ വിവാഹം ചെയ്തു. അളനാട്ടുകരയിൽ വരിക്കമാക്കൽ താമസിക്കുന്ന അദ്ദേഹത്തിനു് മത്തായി, ചെറിയാൻ എന്ന രണ്ടു പുത്രന്മാരും അന്ന, ഏലി, മറിയം, കൊച്ചുത്രേസ്യാ എന്ന നാലു പുത്രിമാരും ഉണ്ടു്. ഒന്നാമത്തെ പുത്രി അന്ന Little Sisters of the Poor എന്ന മഠത്തിൽ ചേർന്നു കന്യാസ്ത്രീയായി. ബാക്കി പെൺകുട്ടികൾ പഠിക്കുകയാണു്. പ്രഥമപുത്രൻ മത്തായി പൂവത്തോട്ടു പള്ളിയിടവക മാടപ്പള്ളികുടുംബത്തിൽ കിണറുകരവീട്ടിൽ ഔസേപ്പിന്റെ മകൾ മേരിയെ വിവാഹം ചെയ്തു. ടി. മത്തായിക്കു് മേരിയെന്നൊരു പുത്രിയുണ്ടു്. രണ്ടാമത്തെ പുത്രൻ ചെറിയാൻ ബാലനാണു്.

കുന്നുക്കൽ മത്തായിയുടെ രണ്ടാമത്തെ പുത്രൻ മത്തായി പ്ലാശനാൽ പുളിക്കൽത്താഴെ ഔസേപ്പിന്റെ മകൾ മറിയത്തിനെ വിവാഹം ചെയ്തു് മനയ്ക്കക്കണ്ടത്തിൽ താമസിക്കുന്നു. ടി. മത്തായിക്കു് മത്തായി, ജോസു്, അഗസ്തി എന്ന മൂന്നു പുത്രന്മാരും, അന്ന, ഏലി, ബ്രിജീത്താ, റോസ എന്ന നാലു പുത്രിമാരും ഉണ്ടു്. എല്ലാവരും വിദ്യാർത്ഥികളാണു്. ടി യാന്റെ മൂന്നാമത്തെ പുത്രൻ ചെറിയാൻ ഭരണങ്ങാനത്തു് വാളിപ്ലാക്കൽ കുടുംബത്തിൽപ്പെട്ട കളരിക്കൽ ഔസേപ്പിന്റെ മകൾ ചിന്നമ്മയെ വിവാഹം ചെയ്തു് പിതൃഗൃഹത്തിൽ താമസിച്ചു. ആ വിവാഹത്തിൽ അന്ന എന്ന ഒരു പുത്രിയും മാത്യു എന്ന ഒരു പുത്രനും ജനിച്ചു. അതിനുശേ

ഷം ആ ഭാര്യ മരിച്ചുപോയി. അതിനാൽ നിരപ്പേൽ പള്ളിയിടവക ചുങ്കപ്പാറവീട്ടിൽ മത്തായിയുടെ മകൾ ബ്രിജീത്തായെ പുനർവിവാഹം ചെയ്തു. ആ വിവാഹത്തിൽ മറിയം എന്ന ഒരു പുത്രിയും, ഔസേപ്പ് എന്ന ഒരു പുത്രനും ഉണ്ട്.

പടിഞ്ഞാറേ ആലഞ്ചേൽ വാകാനിയിൽ ശാഖ

അഞ്ചാം തലമുറ വാകാനിയിൽ ചെറിയാന്റെ തൃതീയപുത്രൻ വക്കി പാലായിൽ വടക്കൻ കുടുംബത്തിൽ തൊമ്മന്റെ മകൾ അന്നയെ വിവാഹം ചെയ്ത് വാകാനിയിൽ പടിഞ്ഞാറേതിൽ താമസിച്ചു. അവർക്ക് അന്ന എന്നൊരു പുത്രിമാത്രം ജനിച്ചു. പുത്രി അന്നയെ കിഴക്കേക്കര താഴത്തുനിന്നു മൂന്നമാക്കൽ താമസമാക്കിയ ചാക്കോയുടെ മകൻ ചെറിയാൻ വിവാഹം ചെയ്ത് ഭത്തവകാശമായി താമസിച്ചു. ടി. ചെറിയാനു് വക്കി, ഔസേപ്പ്, ചാക്കോ, ചെറിയാൻ, തൊമ്മൻ എന്ന അഞ്ചു പുത്രന്മാരും, കുഞ്ഞി, അന്ന, മറിയം, ഏലിക്കുട്ടി എന്ന നാലു പുത്രിമാരും ജനിച്ചു. പുത്രി കുഞ്ഞിയെ കുന്നർ പനമറ്റത്തിൽ വക്കിയുടെ മകൻ ഔസേപ്പ് വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി അന്നയെ പടിഞ്ഞാറേക്കരശാഖയിൽപ്പെട്ട കെടുമ്പൻപുരയിടത്തിൽ തൊമ്മന്റെ മകൻ കുരുവിള വിവാഹം ചെയ്തു. മൂന്നാമത്തെ പുത്രി മറിയത്തെ മുത്തോലിൽ നാകന്തുഖിൽ കോയിപ്പുറത്തു തൊമ്മന്റെ മകൻ K.T. തോമസ് B. A., B. L. വിവാഹം ചെയ്തു. നാലാമത്തെ പുത്രി ഏലിക്കുട്ടിയെ കുറവിലങ്ങാട് കാരാംവേലിൽ

ചാക്കോയുടെ മകൻ മാണി വിവാഹം ചെയ്തു. ഏലി ക്കുട്ടി ഗവ. സ്കൂൾ അദ്ധ്യാപികയാണ്.

പ്രഥമ പുത്രൻ വക്കി കുറുപ്പുംതറ "പകലോ മറ്റം കുടുംബ"ത്തിൽപ്പെട്ട വഴുതനപ്പള്ളിൽ തൊമ്മ ന്റെ മകൾ ഏലിയെ വിവാഹം ചെയ്ത് മലബാറിൽ പേരാമ്പ്ര ചേരിക്കലിൽ താമസിക്കുന്നു. അവർക്ക് ജോ സഫ്, ചെറിയാൻ, വക്കി എന്നീ മൂന്നു പുത്രന്മാരും, അന്ന, വത്സമ്മ, മേരി എന്നീ മൂന്നു പുത്രിമാരും ഉണ്ട്. പുത്രി അന്നയെ പെരുമാലിൽ അപ്പച്ചൻ വിവാഹം ചെയ്തു. മൂത്ത പുത്രൻ ജോസഫ് നെല്ലരിവീട്ടിൽ പെ ണ്ണമ്മയേയും, രണ്ടാമത്തെ പുത്രൻ ചെറിയാൻ മംഗല ത്തിൽ മറിയത്തിനെയും വിവാഹം ചെയ്തു. ദ്വിതിയ പുത്രൻ ഔസേപ്പ് പാലാ പുത്തൻപള്ളിയിടവക പു തിയാപറമ്പിൽ മത്തായിയുടെ മകൾ മറിയത്തിനെ വിവാഹം ചെയ്ത് മലബാറിൽ ആലക്കോട്ട് താമസി ക്കുന്നു. അവർക്ക് ജോസഫ്, ചെറിയാൻ, മാത്യു, വ ക്കി എന്നീ നാലു പുത്രന്മാരും, മേരി, അന്ന, ഏലി എ ന്നീ മൂന്നു പുത്രിമാരും ജനിച്ചു. മൂത്ത പുത്രി മേരിയെ കൈത്തോട്ടുങ്കൽ ജോസഫ് വിവാഹം ചെയ്തു. തൃതീ യപുത്രൻ ചാക്കോ പാലായിൽ കുട്ടിക്കയം കുടുംബത്തിൽ പ്പെട്ട ഇലഞ്ഞിക്കുന്നേൽ തൊമ്മന്റെ മകൾ മേരിയെ വിവാഹം ചെയ്ത് മലബാറിൽ പേരാമ്പ്ര താമസിക്കു ന്നു. ചാക്കോയ്ക്ക് ചെറിയാൻ, തോമസ്, ജോസ് ചാക്കോ, വക്കി, പോൾസൺ, സച്ചി എന്നീ ഏഴു പുത്രന്മാരും, അന്ന, ഏലി, എന്നീ രണ്ടു പുത്രിമാരും ജനിച്ചു.

നാലാമത്തെ പുത്രൻ 8-ാം തലമുറ ചെറിയാൻ ഭരണങ്ങാനത്തു് തേക്കിൻകാട്ടിൽ കുടുംബത്തിൽപ്പെട്ട പുന്നമററത്തിൽ ഔസേപ്പിന്റെ മകൾ മറിയത്തിനെ വിവാഹം ചെയ്തു് മലബാറിൽ പേരാമ്പ്ര താമസിക്കുന്നു. അവർക്കു് ചെറിയാൻ വർക്കി എന്ന രണ്ടു പുത്രന്മാരും, അന്ന, മറിയം, ഷാൻറി, ഷൈനി, കത്രി എന്ന അഞ്ചു പുത്രിമാരും ജനിച്ചു. അഞ്ചാമത്തെ പുത്രൻ 8-ാം തലമുറ തോമസ് തീക്കോയിൽ പരേരാകത്തു കുടുംബത്തിൽപ്പെട്ട അങ്ങാടിയിൽവീട്ടിൽ വർക്കിയുടെ മകൾ ബ്രിജീത്തായെ വിവാഹം ചെയ്തു് തറവാട്ടിൽ താമസിക്കുന്നു. അദ്ദേഹം പാലാ ടൗണിൽ സ്റ്റീൽപാത്രക്കട നടത്തുകയാണു്. തോമസിനു് ചെറിയാൻ എന്ന ഒരു പുത്രനും, അന്ന, ഏലി, മറിയം, ത്രസ്യാ, ബ്രിജീത്താ എന്ന അഞ്ചു പുത്രിമാരും ഉണ്ടു്. എല്ലാവരും വിദ്യാർത്ഥികളാണു്.

വാകാനിയിൽ നെല്ലിമല ശാഖ

നെല്ലിമല ഇട്ടിയയിപ്പ് (ആറാം തലമുറ)

അഞ്ചാം തലമുറ വാകാനിയിൽ ചെറിയാന്റെ നാലാമത്തെ പുത്രൻ ആറാം തലമുറ ഇട്ടിയയ്പ്പു് ഇടപ്പാടിയിൽ വാളിപ്ലാക്കൽ അന്നമ്മയെ വിവാഹം ചെയ്തു് ദത്തവകാശമായി താമസിച്ചു. ഒരു പുത്രനും, മാമ്മി, മറിയം, ഏലി എന്ന മൂന്നു പുത്രിമാരും ജനിച്ചു. പുത്രൻ മരിച്ചുപോയി. അദ്ദേഹം പുത്രിമാരോടൊന്നിച്ചു് കിഴതടിയൂർ നെല്ലിമലപ്പുരയിടത്തിൽ താമസമാക്കി. മൂത്ത

പുത്രി മാമ്മിയെ പടിഞ്ഞാറേക്കര ശാഖയിൽപ്പെട്ട ചീരാംകുഴിയിൽ തൊമ്മന്റെ മകൻ അയ്പ് വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രിയെ ഭരണങ്ങാനത്തു പ്ലാത്തോട്ടം കുടുംബത്തിൽപ്പെട്ട തോട്ടത്തിൽ മത്തായി വിവാഹം ചെയ്ത് ഭത്തവകാശമായി താമസിച്ചു. മൂന്നാമത്തെ പുത്രി ഏലിയെ ഭരണങ്ങാനത്തു പറമുണ്ടയിൽ ദേവസ്യായുടെ മകൻ മത്തായി വിവാഹം ചെയ്തു.

ഭത്തവകാശിയായ മത്തായി, ഇട്ടിയപ്പിന്റെ മരണശേഷം വസ്തുവകകളും വീടും മലബാറിൽ പോയി താമസമാക്കി. അധികം താമസിയാതെ മത്തായിയും മറിയവും മരിച്ചു. അവർക്ക് പാപ്പച്ചൻ, ഔസേപ്പ്, ചെറിയാൻ, ഇട്ടിയപ്പ് എന്നീ നാലു പുത്രന്മാരും ഉണ്ടായിരുന്നു. മൂത്തപുത്രൻ പാപ്പച്ചൻ നീലൂർ പടിഞ്ഞാറേൽ കുഞ്ഞിന്റെ മകളെ വിവാഹം ചെയ്തു. ഒരു പെൺകുട്ടി ജനിച്ചുകഴിഞ്ഞു തള്ള മരിക്കയാൽ പാലായിൽ ഇലഞ്ഞിയിൽനിന്നു പുനർവിവാഹം ചെയ്ത് മലബാറിൽ താമസിക്കുന്നു. രണ്ടാമത്തെ പുത്രൻ ഔസേപ്പ് കടനാട്ടിൽ പാണ്ടിയാമ്മാക്കൽനിന്നു വിവാഹം ചെയ്തു.

വാകാനിയിൽ കൊച്ചുമറ്റത്തിൽ ശാഖ

കൊച്ചുമറ്റത്തിൽ ചെറിയാൻ (ആറാം തലമുറ)

അഞ്ചാം തലമുറ വാകാനിയിൽ ചെറിയാന്റെ അഞ്ചാമത്തെ പുത്രൻ ചെറിയാൻ ചേറ്റുങ്കൽ കളപ്പുര

ത്താഴെ തുരുത്തിക്കാവിൽ അന്നയെ വിവാഹം ചെയ്ത് തൈത്തോട്ടം എന്ന പറയുന്ന കൊച്ചുമറ്റത്തിൽ താമസിച്ചു. ടി. ചെറിയാൻ് ചെറിയൻ, തൊമ്മൻ, പോത്തൻ എന്ന മൂന്ന പുത്രന്മാരും മാമ്മി, റോസ, മറിയം, ഏലി എന്ന നാല പുത്രിമാരും ജനിച്ചു. ആദ്യ പുത്രി മാമ്മിയെ ചീരാംങ്കുഴിയിൽ മാണിയുടെ മകൻ ഇടമറുകിൽ താമസിക്കുന്ന കഞ്ഞിറുക്കൻ വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി റോസയെ കിഴതടിയൂർ പൊന്നോലിൽ ഇട്ടിയവിരായുടെ മകൻ കഞ്ഞാപ്പൻ വിവാഹം ചെയ്തു. മൂന്നാമത്തെ പുത്രി മറിയത്തിനെ പ്രവിത്താനത്തു കാരുംകൽ ഇട്ടിയവിരായുടെ മകൻ ഇട്ടിയവിരാ വിവാഹം ചെയ്തു. നാലാമത്തെ പുത്രി ഏലിയെ കരൂർ ഞാവള്ളിൽ ക്രുന്താനത്തു ചാക്കോയുടെ മകൻ ഔസേപ്പു വിവാഹം ചെയ്തു.

മൂത്തപുത്രൻ ചെറിയാൻ രാമപുരത്തു കച്ചിറ മറ്റമായ ചീങ്കല്ലേൽ നിന്നും ത്രേസ്യായെ വിവാഹം ചെയ്ത് മനയ്ക്കൽക്കണ്ടത്തിൽ താമസമാക്കി. ടി. ചെറിയാൻ് ചെറിയാൻ, ഔസേപ്പ്, തൊമ്മൻ എന്ന മൂന്ന പുത്രന്മാരും അന്ന എന്ന ഒരു പുത്രിയും ജനിച്ചു. പുത്രി അന്നയെ പൂഞ്ഞാറിൽ കൊച്ചുവാലാനിക്കൽ സ്കറിയയുടെ മകൻ സ്കറിയാ വിവാഹം ചെയ്തു. മൂത്ത മകൻ ചെറിയാൻ ഭരണങ്ങാനത്തു കളരിപ്പുറമ്പിൽ ഏലിയെ വിവാഹംചെയ്ത് മലബാറിൽ കുടിയാമലെ താമസിക്കുന്നു. രണ്ടാമത്തെ പുത്രൻ തൊമ്മൻ പടിഞ്ഞാറേക്കരശാഖയിൽപ്പെട്ട പാലിയേക്കുന്നേൽ അവിരായുടെ

മകൾ മറിയത്തിനെ വിവാഹം ചെയ്തു വെള്ളിയാമറ
ത്തു താമസിക്കുന്നു. അദ്ദേഹത്തിനു ചെറിയാൻ അ
ബ്രാഹം എന്ന രണ്ടു പുത്രന്മാരും അന്ന, ഏലി, ലില്ലി,
ജോയി എന്ന നാലു പുത്രിമാരും ജനിച്ചു. പുത്രി അന്ന
യെ പാലായിൽനിന്നും തൊട്ടുപുഴ കുതുകപ്പള്ളിൽ താ
മസിക്കുന്ന വരിക്കമാക്കൽ കൊച്ചു വിവാഹം ചെയ്തു.
ലില്ലി ശരീരസുഖമില്ലാതെ വീട്ടിൽ കഴിയുന്നു. ബാക്കി
പുത്രിമാർ വിദ്യാർത്ഥിനികളാണു. മൂത്ത പുത്രൻ ചെറി
യാൻ കുരുർ ഞാവള്ളിൽപഴേടത്തു അന്നയുടെ മകൾ
ഏലിയെ വിവാഹം ചെയ്തു. ചെറിയാനു ടോമി,
ജോസു, റോയി, അവിരാ എന്ന നാലു പുത്രന്മാരും
ലിസി, ആൻസി, കൊച്ചുറാണി, സാലിമോൾ എന്ന
നാലു പുത്രിമാരും ജനിച്ചു. ദ്വിതീയപുത്രൻ അബ്രാ
ഹം പാലായിൽ മയിലാടൂർ വക്കീയുടെ മകൾ റോ
സയെ വിവാഹം ചെയ്തു.

മൂന്നാമത്തെ പുത്രൻ പോത്തൻ മീനച്ചിൽ
പുല്ലാട്ടു മാണിയുടെ മകൾ ത്രേസ്യായെ വിവാഹം ചെ
യ്തു തറവാട്ടിൽ താമസിക്കുന്നു. പോത്തനു ചെറി
യാൻ ,മാണി, തോമ്മസു എന്ന മൂന്നു പുത്രന്മാരും അ
ച്ചാമ്മ, ഏലി, മേരി എന്ന മൂന്നു പുത്രിമാരും ജനിച്ചു.
പുത്രി അച്ചാമ്മ നെല്ലിയാനിമഠത്തിൽ ചേന്നു. ബാക്കി
പുത്രിമാർ വിദ്യാർത്ഥിനികളാണു. പ്രഥമപുത്രൻ ചെ
റിയാൻ തൊട്ടുപുഴെ വെട്ടത്തു മത്തായിയുടെ മകൾ മ
റിയത്തിനെ വിവാഹം ചെയ്തു വെള്ളിയാമറത്തു താമ
സിക്കുന്നു. അവർക്കു പീറർ എന്ന പുത്രനും, ത്രേസ്യാ



കളപ്പുരയിൽ ബ. പൌലോസച്ചൻ

ജനനം 25 – 12 – 1848
ഗുരുപ്പട്ടം 25 – 12 – 1872
മരണം 22 – 12 – 1914

See Page 113



കൊട്ടാരത്തിൽ ബ. യൌസേപ്പച്ചൻ
മുണ്ടോങ്കൽ പള്ളിയുടെ സ്ഥാപകൻ

ജനനം 2 – 10 – 1848
ഗുരുപ്പട്ടം 3 – 8 – 1873
മരണം 23 – 3 – 1935

See Page 48



കെ. എം. മ`ത്യ (മത്തച്ചൻ)
കൊട്ടാരം (ചങ്കപ്പാറ)
ജനനം 15 – 5 – 1906
മരണം 1 – 6 – 1971

See Page 50



കുന്നിവളച്ചേൽ ജോസഫ് വ`ക്കി
(കെ. ജെ. വ`ക്കി)
ജനനം 27 – 2 – 1919
മരണം 6 – 9 – 1970

See Page 43

എന്ന പുത്രിയും ഉണ്ട്. ദ്വിതീയപുത്രൻ മാണി രാമപുരത്തു് പനച്ചിയപ്പള്ളിൽ ആഗസ്തിയുടെ മകൾ അച്ചാമ്മയെ വിവാഹം ചെയ്തു. തൃതീയപുത്രൻ തോമ്മസ് വിദ്യാർത്ഥിയാണു.

ആലയ്ക്കൽ ശാഖ

ആലയ്ക്കൽ ഇട്ടിച്ചെറിയ

നാലാം തലമുറ ആലയ്ക്കൽ ഇട്ടിച്ചെറിയയുടെ ദ്വിതീയപുത്രൻ അഞ്ചാം തലമുറ ഇട്ടിച്ചെറിയ പൂഞ്ഞാറിൽ തെള്ളിയിൽ നിന്നു വിവാഹം ചെയ്തു. മക്കളില്ലാതെ ഭാര്യ മരിച്ചു. അതിനാൽ വണ്ണമറ്റംകരയിൽ വണ്ണനാക്കരെനിന്നു് പുനർവിവാഹം ചെയ്തു് തറവാട്ടിൽ താമസിച്ചു. (ഇതാണു് കിഴക്കേക്കരകുടുംബത്തിലെ ആദ്യത്തെ പുനർവിവാഹം.) അദ്ദേഹത്തിനു ഇട്ടിയപ്പൻ എന്ന പുത്രനും ഏലി എന്ന പുത്രിയും ജനിച്ചു. പുത്രി ഏലിയെ കടമാളൂർ പെരുമാലിലായതോപ്പിൽ വിവാഹം ചെയ്തയച്ചു. പുത്രൻ ഇട്ടിയപ്പൻ ഭരണങ്ങാനത്തു് വാളിപ്ലാക്കൽ ഏലിയെ വിവാഹം ചെയ്തു. ഇട്ടിയപ്പനു് ഇട്ടിച്ചെറിയ, മത്തായി, എന്ന രണ്ടു പുത്രന്മാരും, ത്രസ്യാ ഏലി, മറിയം എന്ന മൂന്നു പുത്രിമാരും ജനിച്ചു. ഇട്ടിയപ്പൻ ആലയ്ക്കൽ തറവാട്ടവിറ്റു് അറക്കളത്തു താമസമാക്കി. മൂത്തപുത്രി ത്രസ്യയെ നിലമ്പൂർ പൂവത്തുങ്കൽ ദേവസ്യാ വിവാഹം ചെയ്തു. രണ്ടാമത്തെപുത്രി ഏലിയെ കടനാട്ടിൽ പാണ്ടിയാമ്മാക്കൽ ചാക്കോ വിവാഹം ചെയ്തു. മൂന്നാമത്തെപുത്രി മറിയത്തിനെ കിഴക്കമ്പലത്തു് വരാപ്പുഴവീട്ടിൽ അന്തപ്പൻ വിവാഹം ചെയ്തു.

ഇട്ടിയപ്പിന്റെ പ്രഥമപുത്രൻ ഇട്ടീച്ചെറിയ ഭരണങ്ങാനത്തു് കളപ്പുരയിൽ മത്തന്റെ മകളെ വിവാഹം ചെയ്തു് കാഞ്ഞിരപ്പിള്ളിൽ താമസിച്ചു. ആ വിവാഹത്തിൽ ഇട്ടിയപ്പൻ, മാണി എന്ന രണ്ടു പുത്രന്മാരുണ്ടായപ്പോൾ ഭാര്യ മരിച്ചതിനാൽ രണ്ടാമതായി മാനത്തൂർ താമസിക്കുന്ന വെള്ളരിങ്ങാട്ടു് ഈപ്പന്റെ മകളെ വിവാഹം ചെയ്തു. ടി. ഇട്ടീച്ചെറിയ അറക്കളത്തു നിന്നു് പുറപ്പുഴയ്ക്കു താമസം മാറി. പുത്രൻ ഇട്ടിയപ്പു് മലബാറിൽ ആലക്കോട്ടു് അതിരമ്പുഴവീട്ടിൽ നിന്നും വിവാഹം ചെയ്തു് ആലക്കോട്ടു് താമസിക്കുന്നു. രണ്ടാമത്തെ പുത്രൻ മാണി (കെ. ഐ. മാണി B. Sc.) കേന്ദ്രഗവൺമെൻറു സർവീസിൽ കൃഷിഡിപ്പാർട്ടുമെൻറിലെ ഒരു ഉദ്യോഗസ്ഥനായി ജോലിയിൽ പ്രവേശിച്ചു. പിന്നീടു് ആന്ധ്രാസ്റ്റേറ്റിൽ അഗ്രിക്കൾച്ചറൽ ഡിമോൺസ്ട്രേറ്ററായിത്തീർന്നു. മാണി പിറവത്തുള്ള ഒരു യാക്കോബായ കുടുംബത്തിൽ നിന്നും ഒരു അദ്ധ്യാപികയെ വിവാഹം ചെയ്തു.

ആറാം തലമുറ ഇട്ടിയപ്പിന്റെ ദ്വിതീയപുത്രൻ ഏഴാംതലമുറ മത്തായി ഭരണങ്ങാനത്തു മീനാട്ടൂർ നിന്നു വിവാഹം ചെയ്തു് അറക്കളത്തു താമസിക്കുന്നു. നാലാം തലമുറ ആലയ്ക്കൽ ഇട്ടിച്ചെറിയതിന്റെ തൃതീയപുത്രൻ മത്തായി (റവ. ഫാദർ. മാത്യു) അക്കരച്ചിറ പ്രവിത്താനം, ചേർപ്പുങ്കൽ മുതലായ ഇടവകപ്പള്ളികളിലും മുട്ടുചിറ, പാലാ മുതലായ ഫൊറോനാപ്പള്ളികളിലും വികാരിയായിരുന്നിട്ടുണ്ടു. മൂന്നാം തലമുറ കിഴ

ക്കേക്കര കരോട്ടേവീട്ടിൽ ഇട്ടിയയ്പ്പിന്റെ നാലാമത്തെ പുത്രൽ മത്തായി മുട്ടുചിറ ഏററുമാന്തൂക്കാരന്റെ വീട്ടിൽ നിന്നും വിവാഹം ചെയ്തു് ഭത്താവകാശമായിത്താമസിച്ചു. ഒരു കുട്ടി ജനിച്ചു പക്ഷേ, കാലതാമസംകൂടാതെ കുട്ടിയും തള്ളയും മത്തായിയും അടുത്തടുത്തു മരിച്ചുപോയി.

അദ്ധ്യായം പതിനേഴ്

കിഴക്കേക്കര കരോട്ടേവീട്ടിൽ കുടുംബം

കരോട്ടേവീട്ടിൽ ശാഖ (നാലാം തലമുറ)

മൂന്നാം തലമുറ കരോട്ടേവീട്ടിൽ ഇട്ടിയയ്പ്പിന്റെ അഞ്ചാമത്തെ പുത്രൻ വക്കി നാകന്തുലിൽ കുന്നുമ്പുറത്തു നിന്നു് വിവാഹംചെയ്തു് തറവാട്ടിൽ താമസിച്ചു. അദ്ദേഹത്തിനു് ഇട്ടിയയ്പ്പ്, തൊമ്മൻ, ഉലഹന്നൻ, വക്കി എന്നിങ്ങനെ നാലു പുത്രന്മാരും, ഏലി, മറിയം എന്ന രണ്ടു പുത്രിമാരും ജനിച്ചു. ഏലിയെ പാലായിൽ പടിഞ്ഞാറെ തയ്യിലും, മറിയത്തിനെ പാലായിൽ പുതുപ്പള്ളിലും വിവാഹം ചെയ്തയച്ചു.

പ്രഥമപുത്രൻ ഇട്ടിയയ്പ്പ് കാഞ്ഞിരപ്പള്ളിൽ കിഴക്കേത്തലയ്ക്കൽനിന്നു വിവാഹം ചെയ്തുവെങ്കിലും മക്കളില്ലാതെ മരിച്ചു. ദ്വിതീയപുത്രൻ തൊമ്മൻ (വൈദ്യൻ) അയർക്കുന്നത്തു് കുടകശ്ശേരിൽനിന്നും വി

വാഹം ചെയ്തു് പുലിമലക്കുന്നേൽ താഴെ താമസിച്ചു. തൊമ്മന്നു് വക്കി, തൊമ്മൻ എന്ന രണ്ടു പുത്രന്മാരും, മറിയം, അന്ന, റോസ എന്ന മൂന്നു പുത്രിമാരും ജനിച്ചു. പുത്രി മറിയത്തിനെ കിഴതടിയൂർ കരയിൽ ഇല്ലിമൂട്ടിൽ പാപ്പൻ വിവാഹം ചെയ്തു. കേരളാ സ്റ്റേറ്റു് അസംബ്ളി സെക്രട്ടറിയായിരുന്ന ശ്രീ. കെ. കരുവിള B. A. അവരുടെ ഏക പുത്രനാണു്. രണ്ടാമത്തെ പുത്രി അന്നയെ ആദ്യം മേവിടകരയിൽ മാതവപ്പള്ളിൽ വിവാഹം ചെയ്തു ഭർത്താവു മരിക്കയാൽ ഇലഞ്ഞിയിൽ പള്ളിക്കാപ്പറമ്പിൽ കൊററനാട്ടു മാത്തനും, മൂന്നാമത്തെ പുത്രി റോസയെ ഭരണങ്ങാനത്തു പ്ലാത്തോട്ടത്തിൽ മാണിയും വിവാഹം ചെയ്തു.

ഇളന്തോട്ടത്തിൽ വക്കി

അഞ്ചാം തലമുറ പുലിമലക്കുന്നേൽ തൊമ്മൻ വൈദ്യന്റെ പ്രഥമപുത്രൻ വക്കി കരൂർ പനമററത്തു കൃന്താനത്തു വക്കിയുടെ മകൾ മറിയത്തിനെ വിവാഹം ചെയ്തു് ഇളന്തോട്ടം മീനത്തേൽ മൂലപുരയിടത്തിൽ താമസമാക്കി. അദ്ദേഹവും മററു ചിലരുംചേർന്നു് ഇളപ്പുകല്ലുങ്കൽ കുറേക്കാലം കൈത്തറിത്തുണി നെയ്ത്തു നടത്തി. വക്കിക്കു് തൊമ്മൻ, വക്കി, ഇട്ടിയയ്പ്പ്, ഉലഹന്നൻ, മത്തായി, ചെറിയാൻ എന്ന ആറു പുത്രന്മാരും, റോസ, മറിയം, അന്നമ്മ എന്ന മൂന്നു പുത്രിമാരും ജനിച്ചു. പുത്രി റോസയെ പാലായിൽ തുമ്പശ്ശേരിൽ ജോസഫിന്റെ മകൻ ജോസഫും, മറിയത്തിനെ പാ

ലായിൽ മാത്തോത്തു അന്തോനിയുടെ മകൻ മാണിയും അന്നമ്മയെ പോടിഞ്ഞാറേക്കര ശാഖയിൽപ്പെട്ട കളപ്പുരയ്ക്കൽ തൊമ്മന്റെ മകൻ ജോസഫും വിവാഹം ചെയ്തു. പ്രഥമപുത്രൻ തൊമ്മൻ പ്രവിത്താനത്തു് കാരുാങ്കൽ അബ്രാഹത്തിന്റെ മകൾ മറിയത്തിനെ വിവാഹം ചെയ്തു് മനയ്ക്കണ്ണത്തിൽ താമസിച്ചു. അദ്ദേഹത്തിനു് വക്കി, ഇട്ടിച്ചെറിയ, തൊമ്മൻ, ജോസഫ് മാത്യു, ജോൺ എന്നീ ആറു പുത്രന്മാരും, മറിയം എന്നൊരു പുത്രിയും ജനിച്ചു. പുത്രി മറിയം (സിസ്റ്റർ ലൂസിമരിയാ) നെല്ലിയാനി ആരാധനമഠത്തിൽച്ചേർന്നു കന്യാസ്ത്രീയായി. പ്രഥമപുത്രൻ വക്കി പൂവരണി ചിലമ്പിൽ ബ്രിജീത്തായെ വിവാഹം ചെയ്തു് ഇട്ടക്കിയിൽ താമസിക്കുന്നു. അവർക്കു് തോമസ് എന്ന ഒരു പുത്രനും, മേരി, അന്ന, ബ്രിജീത്താ എന്നീ മൂന്നു പുത്രിമാരും ഉണ്ടു്. ദ്വിതീയപുത്രൻ ഇട്ടിച്ചെറിയ മുട്ടുചിറ നീരാക്കൽ ചാക്കോയുടെ മകൾ മറിയത്തിനെ വിവാഹം ചെയ്തു് ഇട്ടക്കിയിൽ താമസിക്കുന്നു. മൂന്നാമത്തെ പുത്രൻ തൊമ്മൻ പിതാവിന്റെകൂടെ താമസിക്കുന്നു. നാലാമത്തെ പുത്രൻ ജോസഫ് (റവ ഫാ. കെ. റാി. ജോസഫ്) ജബൽപ്പൂർ മിഷനറിയാണു്. അഞ്ചാമത്തെ പുത്രൻ മാത്യു കിഴക്കേക്കര ശാഖയിൽപ്പെട്ട ഈന്തുങ്കൽ പകുതിയിൽ തൊമ്മന്റെ മകൾ ഏലിയെ വിവാഹം ചെയ്തു. ആറാമത്തെ പുത്രൻ ജോൺ ജബൽപ്പൂർ മിഷനിൽ വൈദികവിദ്യാർത്ഥിയാണു്.

ഇളന്തോട്ടത്തിൽ വക്കിയുടെ ദ്വിതീയപുത്രൻ വക്കി കാണിയക്കാട്ടു കരയിൽ കടുനുകാട്ടിൽ വാകു

ത്തിനാൽ ഔതയുടെ മകൾ മറിയത്തിനെ വിവാഹം ചെയ്തു തെക്കെ ഇളന്തോട്ടം പുരയിടത്തിലുണ്ടായിരുന്ന നെയ്ത്താഫീസ് പുതുക്കിത്താമസിച്ചു. അദ്ദേഹത്തിനു വറുഗീസ്, ജോസഫ്, തോമസ് എന്നീ പുത്രന്മാരും, മറിയം, അന്ന, ചിന്നമ്മ, ലീലാമ്മ എന്നീ പുത്രിമാരും ജനിച്ചു. പുത്രി മറിയത്തിനെ ഇടമറുകിൽ ചീരാംകുഴിയിൽ മാണിയുടെ മകൻ ചെറിയാൻ വിവാഹം ചെയ്തു. അന്നയും (സിസ്റ്റർ സ്റ്റെല്ലാ മരിയാ) ചിന്നമ്മയും ലീലാമ്മയും ചങ്ങനാശ്ശേരിയിൽ വാഴപ്പള്ളി ആരാധന മഠത്തിൽ ചേർന്നു കന്യാസ്ത്രീകളായി. മൂത്തപുത്രൻ വറുഗീസ് കോട്ടാങ്ങൽ ചുങ്കപ്പാറ പനന്തോട്ടത്തിൽ ത്രേസ്യായെ വിവാഹം ചെയ്തു അരുണാപുരത്തു താമസിക്കുന്നു. വറുഗീസിനു വക്കീൽ എന്നൊരു പുത്രനുണ്ടു്. രണ്ടാമത്തെ പുത്രൻ ജോസഫ് പൂവരണിയിൽ പല്ലാട്ടു് ചെറിയാന്റെ മകൾ ത്രേസ്യായെവിവാഹം ചെയ്തു വാഴത്തോപ്പിൽ താമസിക്കുന്നു. ജോസഫിനു വക്കീൽ ഔസേപ്പു്, തൊമ്മൻ എന്നീ പുത്രന്മാരും, മറിയം, അന്ന എന്നീ പുത്രിമാരും ഉണ്ടു്. മൂന്നാമത്തെ പുത്രൻ തോമസ് നീലൂർ തച്ചാമ്പുറത്തു റോസയെ വിവാഹം ചെയ്തു തറവാട്ടിൽ താമസിക്കുന്നു.

ഇളന്തോട്ടത്തിൽ വക്കീയുടെ മൂന്നാമത്തെ പുത്രൻ ഇട്ടിയപ്പു് (റവ. ഫാ. വെർണർ സി. എം. ഐ.) 1945-ൽ 32-ാമത്തെ വയസ്സിൽ മരിച്ചു് ചെത്തിപ്പുഴ ആശ്രമദൈവാലയത്തിൽ സംസ്കരിക്കപ്പെട്ടു. നാലാമ

ത്തെ പുത്രൻ ഉലഹന്നൻ ഇളംതോട്ടം തെക്കേക്കണ്ട ത്തിൽ ഔസേപ്പിന്റെ മകൾ ക്ലാരയെ വിവാഹം ചെയ്ത് വെള്ളിയാമറ്റത്ത് താമസിക്കുന്നു. അദ്ദേഹത്തിനു് വക്കി, ജോസഫ്, മാത്യു എന്നീ പുത്രന്മാരും, മേരി, ഏലി, അന്ന, റോസ എന്നീ പുത്രിമാരും ജനിച്ചു. പുത്രി മേരിയെ കറുമണ്ണിൽ വരിക്കമാക്കൽ മത്തായിയുടെ മകൻ മാണിയും മൂന്നാമത്തെ പുത്രി അന്നയെ എലിക്കുളത്തു് പവ്വത്തുവീട്ടിൽ മാത്യുവിന്റെ മകൻ സെബാസ്റ്റ്യനും വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി ഏലി (സിസ്റ്റർ മേരി പ്രീമാ) കത്തോർ കർമ്മലീത്താമഠത്തിൽ ചേർന്നു. ഉലഹന്നന്റെ പ്രഥമപുത്രൻ വക്കീ ഏഴാച്ചേരി കരിങ്ങോഴയ്ക്കൽനിന്നു മുത്തുവന്ന ഔസേപ്പിന്റെ മകൾ മറിയത്തിനെ വിവാഹം ചെയ്തു് വെടിമറ്റത്തു താമസിക്കുന്നു. അദ്ദേഹത്തിനു് ജോൺ, ജോസഫ് എന്നീ പുത്രന്മാരും, ക്ലാര, എന്നൊരു പുത്രിയും ജനിച്ചു. ടിയാന്റെ മറ്റു സന്താനങ്ങളെപ്പറ്റി പഠിക്കുകയാണു്.

ഇളന്തോട്ടത്തിൽ വക്കിയുടെ അഞ്ചാമത്തെ പുത്രൻ മത്തായി പാലായിൽ തുമ്പയ്ക്കരിൽ വക്കിയുടെ മകൾ അന്നയെ വിവാഹംചെയ്തു് തറവാട്ടിൽ താമസിക്കുന്നു. അദ്ദേഹത്തിനു് സന്താനങ്ങളില്ല. മത്തായി ഒരു പരോപകാരതല്പരനാണു്. വക്കിയുടെ ആറാമത്തെ പുത്രൻ ചെറിയാൻ ഇളങ്ങുളത്തു് ചീരാംകുഴിയിൽ മാണിയുടെ മകൾ മറിയത്തിനെ വിവാഹം ചെയ്തു് വെള്ളിയാമറ്റത്തു താമസിക്കുന്നു. ചെറിയാനു് ജോജ്ജു്, മാണി, ചെറിയാൻ, ജോസഫ്, എന്നീ പുത്രന്മാരും

മേരി, റോസ, ത്രസ്യാ, അന്ന എന്നീ പുത്രിമാരും ജനിച്ചു. പുത്രി മേരിയെ മരങ്ങാട്ടുപള്ളിൽ തൊണ്ടിക്കൽ ചാക്കോയുടെ മകൻ കുഞ്ഞനും, റോസയെ മരങ്ങാട്ടുപള്ളിൽ മുഞ്ഞനാട്ട തോമ്മസും, ത്രസ്യാമയെ വെടിമറ്റത്തു് മാമ്മൂട്ടിൽ ജോണും വിവാഹം ചെയ്തു. മൂത്തപുത്രൻ ജോജ്ജ് (B. Sc. B. Ed) പെള്ളിയാമറ്റത്തു് തടവനാൽ അന്നമയെ വിവാഹം ചെയ്തു. മറ്റുള്ളവർ വിദ്യാർത്ഥികളാണു്.

പുലിമലക്കുന്നേൽ താഴെ തൊമ്മൻ വൈദ്യൻ

അഞ്ചാം തലമുറ പുലിമലക്കുന്നേൽത്താഴെ തൊമ്മൻ വൈദ്യൻ കിഴക്കടിയൂർ പുതുമന അബ്രാഹത്തിന്റെ മകനും മറിയത്തിനെ വിവാഹം ചെയ്തു് പിതൃഗൃഹത്തിൽ താമസിച്ചു. അദ്ദേഹം ആയുർവേദചികിത്സയിൽ വിദഗ്ധനായിരുന്നു. തൊമ്മനു് തോമ്മസ്, അബ്രാഹം, വക്കി, ജോൺ, ജോസഫ്, മാത്യു എന്ന ആറു പുത്രന്മാരും റോസ, ഏലി, മറിയം, അന്ന മറിയാ, ത്രസ്യാ എന്ന ആറു പുത്രിമാരും ജനിച്ചു

പുത്രി റോസയെ പ്രവിത്താനം ഇടവക കുഴിഞ്ഞാലിൽ ചെറിയതിന്റെ മകൻ ഇസഹാക്കു വിവാഹം ചെയ്തു. പുത്രി ഏലി (സിസ്റ്റർ റജീനാ) പാലാ ക്ലാരമഠത്തിലും മൂന്നാമത്തെ പുത്രി മറിയം (സിസ്റ്റർ സ്റ്റാൻസീലിസിയാ) ചക്കുനാശ്ശേരി ക്ലാരമഠത്തിലും, പുത്രി അന്ന വിശാഖപട്ടണം മിഷ്യനിലും അഞ്ചാമത്തെ പുത്രി മറിയവും ആറാമത്തെ പുത്രി ത്രസ്യായും മലബാ



The Government of India sponsored the Headmasters' Seminar held at Peermade in 1954. Delegates from Travancore-Cochin, Mysore and Coorg attended the Seminar. Seated: 2nd from left is Rev. Dr. C. T. Kottaram



The Managing Committee of the Indian Society at the Propaganda College, Rome, with the Bishops of Tuticorin and Kumbakonam on 5-9-1933. Reverendo Signore C. T. Kottaram (standing in the middle) is the Secretary. Others in the picture are:- L. R. Signori Chennatt, Rock Arokiaswamy, Sequeira & Mascarenhas



Syrian Catholic students at the Propaganda College, Rome, in 1933. Seated:- L. R. Signori L. J. Chittoor and Thomas Vadasserry. Standing:- L. R. Signori John Kachiramattam, N. A. Thomas, Thomas Moothedam and C. T. Kottaram

റിൽ ക്ലാരമഠത്തിലും ചേർന്ന കന്യാസ്ത്രീകളായി. പ്ര ഥമപുത്രൻ തോമ്മസ് B. Sc. കരുർ ക്രന്താനത്തു് ഔ സേപ്പിന്റെ മകൾ ഏലിയെ വിവാഹം ചെയ്തു. അ ദ്ദേഹം പാലാ സെൻറ് തോമസ് സ്കൂളിൽ അദ്ധ്യാപ കനായും, കുറുമണ്ണ മിഡിൽ സ്കൂൾ ഹെഡ് മാസ്റ്ററായും ജോലിനോക്കിയിരുന്നു. ശ്രീ. കെ. സി. സെബാസ്റ്റ്യൻ കഴിഞ്ഞാൽ കിഴക്കേക്കര കുടുംബത്തിലെ അടുത്ത ബി രുദധാരിയാണു് തോമ്മസ്. അദ്ദേഹം 1947–ൽ മരി ച്ചു് ഇളംതോട്ടം പള്ളി സെമിറ്ററിയിൽ സംസ്കരി ക്കപ്പെട്ടു. അദ്ദേഹത്തിനു തോമ്മസ്, ജോസഫ് എന്നീ രണ്ടു പുത്രന്മാർ ജനിച്ചു. പ്രഥമപുത്രൻ തോ മ്മസ് B. Sc. M. B. B. S. ഗവ. സർവീസിൽ ഡോക്ട റാണു്. അദ്ദേഹം ഇലഞ്ഞിയിൽ തോട്ടത്തിൽ നിന്നും തിരുവനന്തപുരത്തു താമസിക്കുന്ന പീറ്ററിന്റെ മകൾ മോളി B. Sc. യെ വിവാഹം ചെയ്തു. അവർക്കു് മറിയം എന്നൊരു കുട്ടി ജനിച്ചു. ദ്വിതീയപുത്രൻ ജോസഫ് B. Sc. B. Ed പാലായിൽ ബാങ്കിന്റെ മാനേജരായി ജോലിനോക്കുന്നു.

തൊമ്മന്റെ ദ്വിതീയപുത്രൻ അബ്രാഹം പു വിത്താനത്തു് അയ്യൻപറമ്പിക്കുന്നേൽ ഇട്ടിയവിരയു ടെ മകൾ ത്രേസ്യായെ വിവാഹം ചെയ്തു. മക്കളില്ലാതെ ഭാര്യ മരിച്ചു. അതിനാൽ മുത്തോലിൽ മാതവപ്പ ള്ളിൽ വക്കിയുടെ മകൾ ത്രേസ്യായെ വിവാഹം ചെയ്തു് മനയ്ക്കണ്ടത്തിൽ താമസിച്ചു. അവർക്കു് തൊമ്മൻ, വക്കി, ജോസ്, ജോൺ എന്നീ പുത്രന്മാരും, മേരി,

ത്രസ്യാ, റോസ എന്നീ പുത്രിമാരും ജനിച്ചു. പുത്രി മേരി പാലാ കണ്ണാടിയുറുമ്പു ക്ലാരമഠത്തിലും, രണ്ടാമത്തെ പുത്രി ത്രസ്യാ ഭരണങ്ങാനം മേരിഗിരി മെഡിക്കൽ മിഷനിലും മൂന്നാമത്തെ പുത്രി റോസ പാലാ ക്ലാരമഠത്തിലും ചേർന്നു കന്യാസ്ത്രീകളായി. പ്രഥമപുത്രൻ തൊമ്മൻ പ്രവർത്തനത്തു് ക്ലേശകൽനിന്നും ഇടമറുകിൽ താമസിക്കുന്ന ചിന്നയേയും, ദ്വിതീയപുത്രൻ വക്കീ പ്രവർത്തനത്തു് കുഴിഞ്ഞാലിൽ കൊച്ചിന്റെ മകൾ വത്സയെയും വിവാഹം ചെയ്തു് വെള്ളിയാമറ്റത്തു താമസിക്കുന്നു. വക്കീക്കു് സുമ എന്നൊരു പുത്രിയുണ്ടു്. തൃതീയപുത്രൻ ജോസു് B. Sc. കേന്ദ്രഗവ. ഫിഷറീസു് വകുപ്പിൽ നിയമിതനായി ബോംബയിൽ താമസമാണു്. ജോൺ വിദ്യാർത്ഥിയാണു്. തൊമ്മന്റെ തൃതീയപുത്രൻ വക്കീ (റവ. ഫാ. സിസ്ത്രൂസു് സി. എം. ഐ.) വൈദികനാണു്. നാലാമത്തെ പുത്രൻ ജോൺ പ്രവർത്തനത്തു് കാഞ്ഞിരത്തുങ്കൽ ചുമ്മാരുടെ മകൾ ത്രസ്യാമ്മയെ വിവാഹം ചെയ്തു് വെട്ടിമറ്റത്തു താമസിക്കുന്നു. അദ്ദേഹത്തിനു് തൊമ്മൻ എന്നൊരു പുത്രനും, മറിയം, ഏലി, അന്ന, റോസ, ത്രസ്യാ എന്ന അഞ്ചു പുത്രിമാരും ഉണ്ടു്. മൂത്തപുത്രി മറിയത്തിനെ കിഴതടിയൂർ പൊരുന്നോലിൽ സ്കറിയായുടെ മകൻ ജോസഫു് സ്കറിയാ B. Sc. B. Ed. വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി ഏലി ആരക്കുഴ കർമ്മലീത്താ മഠത്തിലും, മൂന്നും നാലും പുത്രിമാർ മലബാറിൽ ക്ലാരമഠത്തിലും ചേർന്നു കന്യാസ്ത്രീകളായി. അഞ്ചാമത്തെ പു

ശ്രീ. ജോസഫ് (റവ. ഫാ. ജെ. റാി. കിഴക്കേക്കര) പള്ളത്തു് M. C. B. S. കോൺഗ്രിഗേഷനിൽ ചേർന്നു വൈദികനായി. പിന്നീടു് തിരുവനന്തപുരം അതിരൂപതയിലേക്കു മാറി. ആറാമത്തെ പുത്രൻ മാത്യു പ്രവിത്താനത്തു് തെക്കേൽ സ്കറിയയുടെ മകൾ ഏലിയെ വിവാഹം ചെയ്തു. പാലായിലെ "Hindustan Tyres" എന്ന വ്യവസായം അദ്ദേഹത്തിന്റേതാണു്. മാത്യുവിനു് തൊമ്മൻ, സ്കറിയാ, ജെയിംസു് എന്ന മൂന്നു പുത്രന്മാരും, മേരി, അന്ന എന്ന രണ്ടു പുത്രിമാരും ജനിച്ചു. പുത്രി മേരിയെ പൈക പാമ്പൂക്കിൽ വറുഗീസു് M. Sc. വിവാഹം ചെയ്തു. മറു സന്താനങ്ങൾ വിദ്യാർത്ഥികളാണു്.

കരോട്ടേവീട്ടിൽ വക്കിയുടെ മൂന്നാമത്തെ പുത്രൻ ഉലഹന്നൻ (റവ. ഫാദർ. ജോൺ) ഇളംതോട്ടം ആസ്ഥാനമായിരുന്ന കൽദായ സുറിയാനിസഭയിലെ മെത്രാപ്പോലീത്തായുടെ പക്കൽനിന്നാണു് പട്ടമേറ്റതു്. പിന്നീടു് റോമൻ കത്തോലിക്കാസഭയിലേക്കു തിരിച്ചുവന്നു. ഇദ്ദേഹം കിഴക്കേക്കര പീടികയിൽ ബ. യൗസേപ്പച്ചന്റെ സഹപാഠിയായിരുന്നു. അദ്ദേഹം ഇളംതോട്ടം, മുത്തോലി, കോട്ടാങ്ങൽ മുതലായ പള്ളികളിൽ അസി. വികാരിയായിരുന്നിട്ടുണ്ടു്. അദ്ദേഹം (കുഞ്ഞലോച്ചൻ) മരിച്ചു് പാലാപള്ളിയിൽ സംസ്കരിക്കപ്പെട്ടു.

വക്കിയുടെ നാലാമത്തെ പുത്രൻ വക്കി ("തല മുടിക്കാരൻ") പടിഞ്ഞാറേക്കര ശാഖയായ തെരുവിൽ

നിന്നും വിവാഹംചെയ്ത് തറവാട്ടിൽ താമസിച്ചു. അ
ദ്ദേഹത്തിനു് വക്കീ എന്നൊരു പുത്രനും ഒരു പുത്രിയും
ഉണ്ടായി. പുത്രിയെ മീനച്ചിൽ പുല്ലാട്ട വിവാഹം
ചെയ്തയച്ചു. പുത്രൻ വക്കീ ഭരണങ്ങാനത്തു പ്ലാത്തോട്ട
ത്തിൽ റവ. ഫാദർ. കുരുവിളയുടെ സഹോദരി ഏലി
യെ വിവാഹംചെയ്ത് തറവാട്ടിൽ താമസിച്ചു. പിന്നീ
ട് പാലായിലുള്ള വസ്തുവകകൾ വിറ്റു് വെള്ളിയാമറ
ത്തു പുരയിടങ്ങൾ വാങ്ങി അവിടെ താമസമാക്കി. അ
ദ്ദേഹത്തിനു് വക്കീ, മാണി, ജോസഫ്, തൊമ്മൻ,
ഉലഹന്നൻ എന്ന അഞ്ചു പുത്രന്മാരും അന്ന, മറിയം,
ഏലി, ത്രസ്യാ, റോസ, ക്ലാര എന്ന ആറുപുത്രിമാരും
ജനിച്ചു. മൂത്തപുത്രി അന്നയെ പടിഞ്ഞാറേക്കര ശാ
ഖയിൽപ്പെട്ട കൊട്ടാരത്തിൽ കുഞ്ഞിയ്യൂ തൊമ്മന്റെ
മകൻ ജോസഫും രണ്ടാമത്തെ പുത്രി മറിയത്തിനെ പ
ന്തത്തല പരുന്തിരിക്കൽ അവിരായുടെ മകനും, ഏലി
യെ തൊട്ടുപുഴ മൈലക്കൊമ്പുകരയിൽ അമന്തുരുത്തിൽ
ഔസേപ്പിന്റെ മകൻ വക്കിയും വിവാഹംചെയ്തു. നാ
ലാമത്തെ പുത്രി ത്രസ്യാ വാഴപ്പള്ളി ആരാധനമഠത്തിൽ
ചേന്നു. അഞ്ചാമത്തെ പുത്രി മരിച്ചുപോയി. ആറാ
മത്തെ പുത്രി ക്ലാരയെ വാഴക്കുളത്തു മീറ്റത്താനിക്കൽ
മത്തായിയുടെ മകൻ മാത്യു വിവാഹംചെയ്തു.

മൂത്തപുത്രൻ വക്കീ മീനച്ചിൽ തൊട്ടുകയിൽ
പ്പെട്ട മൂലയിൽ വക്കിയുടെ മകൾ മറിയത്തിനെ വിവാ
ഹംചെയ്ത് ഫൈറോഞ്ചിൽ താമസിക്കുന്നു. അവർക്ക്
വക്കീ, സ്കറിയാ, ഔസേപ്പ്, എന്നീ പുത്രന്മാരും ഏലി,

അന്ന, റോസ, ത്രസ്യാ, മറിയം എന്നീ പുത്രിമാരും ജനിച്ചു. രണ്ടാമത്തെ പുത്രൻ മണ്ണീ അറക്കളത്തു് മഞ്ഞക്കുന്നേൽ ചാക്കോയുടെ മകൾ അന്നയെ വിവാഹം ചെയ്തു് വെള്ളിയാമറ്റത്തു താമസിക്കുന്നു. അവർക്കു് വക്കീ, ചാക്കോ, ജോസഫു് എന്നീ പുത്രന്മാരും, ഏലി എന്നൊരു പുത്രിയും ഉണ്ടു്. മൂന്നാമത്തെ പുത്രൻ ജോസഫു് കത്തൂർ ഞാവള്ളിൽ പനമറ്റത്തിൽ വക്കീയുടെ മകൾ ബ്രിജീത്തായെ വിവാഹംചെയ്തു. അദ്ദേഹത്തിനു് ജോസഫു്, വക്കീ, തൊമ്മൻ, ബേബി എന്നീ പുത്രന്മാരും ഏലീ എന്നൊരു പുത്രിയും ജനിച്ചു. നാലാമത്തെ പുത്രൻ തൊമ്മൻ നീല്യൂർ പുത്തേട്ടു് മത്തായിയുടെ മകൾ ത്രസ്യായെ വിവാഹംചെയ്തു. തൊമ്മനു് വക്കീ, മത്തായി എന്നീ പുത്രന്മാരും റോസ എന്നൊരു പുത്രിയും ഉണ്ടു്. അഞ്ചാമത്തെ പുത്രൻ ഉലഹന്നൻ തൊട്ടുപുഴ ചിലവുകരയിൽ പെരുമ്പള്ളിൽ താഴത്തു് ജോസഫിന്റെ മകൾ റോസയെ വിവാഹംചെയ്തു.

അദ്ധ്യായം പതിനെട്ടു്

കിഴക്കേക്കര അയ്പു് (രണ്ടാം തലമുറ)

പുത്തൻ പുരക്കൽ തൊമ്മപ്പണിക്കരുടെ ദ്വിതീയപുത്രൻ കൊച്ചുവീട്ടിയയ്യിന്റെ (ഒന്നാം തലമുറ) സീമന്തപുത്രൻ തൊമ്മൻ കരോട്ടെവീട്ടിൽ ശാഖയുടെ തലവനായി. കരോട്ടെവീട്ടിൽ ശാഖയുടെ ചരിത്രം മേൽ വിവരിച്ചുകഴിഞ്ഞു. കൊച്ചുവീട്ടിയയ്യിന്റെ ദ്വി

തീയപുത്രന്റെ പേരു ഐയ്യു് എന്നായിരുന്നു. (142-ാം പേജു് കാണുക) ഐയ്യു് കോതമംഗലത്തു് ഇലഞ്ഞിക്കൽ നിന്നാണു വിവാഹം കഴിച്ചതു്. ഈ വിവാഹത്തിൽ ഐപ്പിനു് ഒരു പുത്രിയുണ്ടായി. എന്നാൽ ഐയ്പ്പു് അകാലനിര്യാണം പ്രാപിക്കയാൽ പുത്രി ഇലഞ്ഞിക്കൽ സ്വമാതാവിനോടുകൂടി താമസിക്കുകയും ഇലഞ്ഞിക്കക്കാർ ആ പുത്രിയെ അല്വവാപ്രദേശത്തു് പഴവൂർ എന്ന വീട്ടിൽ വിവാഹം ചെയ്തിച്ചയക്കുകയും ചെയ്തു. അപ്പിന്റെ ശാഖയെപ്പറ്റി ഇതിൽ കവിഞ്ഞു യാതൊരറിവുമില്ല.

എന്നാൽ കൊച്ചിട്ടിയയ്പ്പിന്റെ തൃതീയപുത്രൻ താഴത്തേവീട്ടിൽ ശാഖയുടെ തലവനായി. ആ ശാഖയുടെ ചരിത്രമാണു് അടുത്ത അദ്ധ്യായത്തിൽ ചേർക്കുന്നതു്.

അദ്ധ്യായം പത്തൊമ്പതു്

താഴത്തുവീട്ടിൽ ശാഖ

താഴത്തുവീട്ടിൽ ഇട്ടിച്ചെറിയ വൈദ്യൻ

കൊച്ചിട്ടിയയ്പ്പിന്റെ മൂന്നാമത്തെ പുത്രൻ ഇട്ടിച്ചെറിയ ചങ്ങനാശ്ശേരിൽ കല്ലറക്കൽ നിന്നും വിവാഹം ചെയ്തു് താഴത്തുവീട്ടിൽ താമസിച്ചു. അദ്ദേഹം ചികിത്സാവിദഗ്ധനായിരുന്നു. ഈ വിവാഹത്തിൽ മൂന്നുപുത്രിമാർ ജനിച്ചു. അപ്പോൾ ഭാര്യ മരിക്കയാൽ

കെഴവൻകുളത്തു് കുളപ്പുരക്കൽ നിന്നും പുനർവിവാഹം കഴിച്ചു. ആ വിവാഹത്തിൽ സന്താനങ്ങൾ ഉണ്ടായി ല്ല. കൊ. വ. 965-ൽ മരിച്ചു. മൂത്തപുത്രിയെ അിരു വല്ലായിൽ കോവൂർ വിവാഹം ചെയ്തയച്ചു. രണ്ടാമ ത്തെ പുത്രിയെ പുളിങ്കുന്നിൽ കൊട്ടപാടത്തു പോത്തൻ വിവാഹം ചെയ്തു് താഴത്തുവീട്ടിൽ താമസിച്ചു. അവ ക്കു് രണ്ടു പുത്രിമാരുണ്ടായി. അപ്പോഴും ഭാര്യമരിച്ചു. അതിനാൽ പോത്തൻ പുനർവിവാഹം ചെയ്തു് പുളി ങ്കുന്നിൽ താമസമാക്കി. ആ വിവാഹത്തിലെ പുത്ര ന്റെ പുത്രനാണു് എറണാകുളം മെത്രാനായിരുന്ന പഴേ പറമ്പിൽ മാർ ളയീസ് തിരുമേനി. മൂന്നാമത്തെപു ത്രിയെ മേൽപ്പറഞ്ഞ പോത്തന്റെ സഹോദരൻ വി വാഹം ചെയ്തു.

താഴത്തുവീട്ടിൽ ഭത്തവകാശമായി താമസി ച്ചിരുന്ന പോത്തന്റെ മൂത്തപുത്രിയെ മുട്ടുചിറ നിലപ്പു നവീട്ടിൽ വിവാഹം ചെയ്തയച്ചു. രണ്ടാമത്തെ പുത്രി യെ കാപ്പിൽ ചെറിയാൻ കരുൻ വിവാഹം ചെയ്തു് ഭത്താവകാശമായി താഴത്തുവീട്ടിൽ താമസിച്ചു. അ വർക്കു് ദേവസ്യാ, ഉണിച്ചെറിയതു്, പോത്തൻ ഇട്ടി ച്ചെറിയതു് എന്നീ നാലു പുത്രന്മാരും മൂന്നു പുത്രിമാരും ജനിച്ചു. മൂത്തപുത്രിയെ വേഴാങ്ങാനത്തു വകചേരി ക്കലും രണ്ടാമത്തെ പുത്രിയെ ചങ്ങനാശ്ശേരിൽ ചക്കാ ലക്കലും മൂന്നാമത്തെ പുത്രിയെ പടിഞ്ഞാറേക്കരയും വിവാഹം ചെയ്തയച്ചു.

ഇളംപുരയിടം കുടുംബം

ദേവസ്യാ വൈദ്യൻ

താഴത്തവീട്ടിൽ ഭത്തവകാശമായി താമസിച്ചിരുന്ന കാപ്പിൽ ചെറിയാൻ കുരുന്റെ പ്രഥമപുത്രൻ ദേവസ്യാ മൂലമുണ്ടയിൽ നിന്നു വിവാഹം ചെയ്ത് ഇളംപുരയിടത്തിൽ താമസിച്ചു. അതിൽ നാലു പുത്രിമാരുണ്ടായി. മൂത്തപുത്രി അന്നയെ മൂലയിൽ ചെറിയാൻ വിവാഹം ചെയ്ത് ഇളംപുരയിടത്തിൽ ഭത്തവകാശമായി താമസിച്ചു. ഇദ്ദേഹത്തിന്റെ സഹോദരൻ ദേവസ്യാ പാറപ്പള്ളിൽ വയലിൽക്കളപ്പുരയിൽ നിന്നു വിവാഹം കഴിച്ചു ഭത്തവകാശമായി താമസിച്ചതിലുണ്ടായ പുത്രന്മാരിൽ ഒരാളാണ് പാലാ രൂപതയുടെ പ്രഥമമെത്രാൻ റൈറ്റ് റവ. ഡോക്ടർ സെബാസ്റ്റ്യൻ വയലിൽ തിരുമേനി. രണ്ടാമത്തെ പുത്രിയെ മംഗലത്തിൽ തൊമ്മന്റെ മകൻ ഉതുപ്പു വിവാഹം ചെയ്തു. മൂന്നാമത്തെ പുത്രിയെ കരുർ കയത്തും കരയും, നാലാമത്തെ പുത്രിയെ ആദ്യം കാപ്പിലും പിന്നീട് മംഗലത്തിലും വിവാഹം ചെയ്തയച്ചു.

മൂത്തപുത്രി അന്നയിൽ മൂലയിൽ ചെറിയാന് സ്കറിയാ, ദേവസ്യാ എന്ന രണ്ടു പുത്രന്മാരും, ഒരു പുത്രിയും ജനിച്ചു. പുത്രിയെ തെക്കേക്കണ്ടത്തിൽ തൊമ്മൻ വിവാഹം ചെയ്തു. പ്രഥമപുത്രൻ സ്കറിയാ തെക്കേക്കണ്ടത്തിൽ ഏലിയെ വിവാഹം ചെയ്ത് നീലൂർ താമസമാക്കി. അവർക്ക് ചെറിയാൻ, ദേവസ്യാ എന്ന



പാലായിലെ ഇൻറർ നാഷണൽ ലിംഗ്വിസ്റ്റിക് ആൻഡ് കംച്ചറൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ
പ്രഥമ കോൺവക്കേഷനിൽ അദ്ധ്യക്ഷം വഹിച്ച ഇൻഡ്യൻ വൈസ് പ്രസിഡണ്ട് ഡോ. ജി. എസ്. പാഠകിനും
ഇൻസ്റ്റിട്ടൂട്ടിന്റെ സ്ഥാപക ഡയറക്ടർ ഡോ. സി. ഠി. കെറ്റാരം സ്വാഗതം ആശംസ ക്കുന്നു (16–4–1970)



ഇൻറർ നാഷനൽ ലിംഗ്വിസ്റ്റിക്ക് ആൻഡ് കൾച്ചറൽ ഇൻസ്റ്റിറ്റ്യൂട്ട്, പാലാ.
അത്യുന്നത കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു ആശീർവ്വദിച്ച് ഉൽഘാടനംചെയ്ത ഈ കെട്ടിടം ഡോ. സി. റ്റി. കൊട്ടാരം സ്വന്തം ചിലവിൽ പണികഴിപ്പിച്ചിട്ടുള്ളതാണ്. സ്ഥലത്തിനും കെട്ടിടത്തിനുംകൂടി ഒരു ലക്ഷം രൂപാ ഇതിനകം ചിലവായിട്ടുണ്ട്. കെട്ടിടം പൂർത്തിയാക്കുന്നതിനുള്ള എസ്റ്റിമെയിറ്റ് 4 ലക്ഷം രൂപയാണ്

രണ്ടു പുത്രന്മാരും, അക്കാമ്മ, ഏലി എന്ന രണ്ടു പുത്രി മാരും ജനിച്ചു. അപ്പോൾ ഭാര്യ മരിക്കയാൽ സ്ക റിയാ രാമപുരത്തു് വഴിയ്ക്കൽ മോനിയെ പുനർവിവാ ഹം ചെയ്തു. അതിൽ ജോസഫ്, തോമസ്, ചെറി യാൻ, മാത്യു, സേവ്യർ എന്ന അഞ്ചു പുത്രന്മാരും, മറി യം, അക്കാമ്മ എന്ന രണ്ടു പുത്രിമാരും ജനിച്ചു. ഒന്നാ മത്തെ പുത്രി അക്കാമ്മയെ ളാലം കരയിൽ പനമറ്റം പറമ്പിൽ വക്കനും, രണ്ടാമത്തെ പുത്രി ഏലിയെ പ്ര വിത്താനത്തു് മണക്കാട്ട് മത്യവും, മൂന്നാമത്തെ പുത്രി മറിയത്തിനെ ആമ്പല്ലൂർ കരയിൽ കരിശ്ശുങ്കൽ വക്കച്ച നും, നാലാമത്തെ പുത്രി അക്കാമ്മയെ ക്രുടല്ലൂർ കറിച്ചി യേൽ മാത്യവും വിവാഹം ചെയ്തു. സ്കറിയായുടെ പ്ര ഥപുത്രൻ ചെറിയാൻ രാമപുരത്തു് എടക്കര ചക്കനാ നിക്കൽ ഉതുപ്പിന്റെ മകൾ റോസയെ വിവാഹം ചെ യ്തു് ഉപ്പുതറെ തോമസമാക്കി. അവക്കു് ജോസഫ്, സെബാസ്റ്റ്യൻ, തോമസ് എന്ന മൂന്നു പുത്രന്മാരും, ഏ ലി, ഗ്രേസി എന്ന രണ്ടു പുത്രിമാരും ജനിച്ചു. മൂത്ത പുത്രി ഏലിയെ കരിങ്കുന്നത്തു കരിശ്ശുംമൂട്ടിൽ ജോസ ഫും, രണ്ടാമത്തെ പുത്രി ഗ്രേസിയെ മൂന്നുമാക്കൽ പോ ത്തന്റെ മകൻ ജോസഫും വിവാഹം ചെയ്തു. ഒന്നാ മത്തെ പുത്രൻ ജോസഫ് (റവ. ഫാ. ജോസഫ് ചെ റിയാൻ S. D. B.) വൈദികനായി ഷില്ലോങ്ങിൽ സേ വനം അനുഷ്ഠിക്കുന്നു. മറ്റു രണ്ടു പുത്രന്മാരും പിതാ വിനോടൊത്തു തോമസിക്കുന്നു. സ്കറിയായുടെ ദ്വിതീ യപുത്രൻ സേബാസ്യൻ (T. C. Sebastian B. Sc. (Hons) P. H. D. (U. S. A.) കോട്ടയത്തുനിന്നും, ഫസ്റ്റ് ക്ലാസ്

മജിസ്ട്രേട്ടായിരുന്ന സെബാസ്റ്റ്യന്റെ മകൾ ത്രേസ്യാ യെ വിവാഹം ചെയ്തു. തിരുവനന്തപുരത്തു താമസിക്കുന്ന കേരളയൂണിവേഴ്സിറ്റി കോളജ്, എൻജിനീയറിംഗ് കോളജ്, അമേരിക്കൻ യൂണിവേഴ്സിറ്റി കോളജ്, എന്നിവിടങ്ങളിൽ പ്രൊഫസറായും, കേരളാ ഗവ. ജിയോളജിസ്റ്റായും സെബാസ്റ്റ്യൻ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അദ്ദേഹത്തിനു രാജൻ, ബാബു എന്ന രണ്ടു പുത്രന്മാരും, വത്സമ്മ, ഗീതമ്മ എന്ന രണ്ടു പുത്രിമാരുമുണ്ടായി.

സ്കറിയായുടെ മൂന്നാമത്തെ പുത്രൻ ജോസഫ് കുറുമണ്ണിൽ പനച്ചിക്കൽ അന്നമ്മയെ വിവാഹം ചെയ്തു നീലൂർ താമസിക്കുന്നു. അവർക്കു നാലു പുത്രന്മാരും ഒരു പുത്രിയും ഉണ്ട്. സ്കറിയായുടെ നാലാമത്തെ പുത്രൻ തോമസ് (T. S. Thomas M. A. B. L.) രാമപുരത്തു വാഴയ്ക്കമലയിൽ സേവ്യരുടെ മകൾ ഗ്രേസി B. Sc. B. Ed. നെ വിവാഹം ചെയ്തു. അവർ ഗവ. സർവീസിൽ അദ്ധ്യാപികയാണു്. തോമസ് മൂവാറ്റുപുഴ മുനിസിപ്പൽ കമ്മീഷണറായി ജോലിനോക്കുന്നു. അദ്ദേഹത്തിനു സ്കറിയാ എന്നൊരു പുത്രനും മോനി എന്നൊരു പുത്രിയും ജനിച്ചു. സ്കറിയായുടെ അഞ്ചാമത്തെ പുത്രൻ ചെറിയാൻ പാലായിൽ ചന്ത കുടുംബത്തിൽ ദേവസ്യായുടെ മകൾ തങ്കമ്മയെ വിവാഹം ചെയ്തു. ആറാമത്തെ പുത്രൻ മാത്യു (T. S. Mathew B. E.) കേന്ദ്രഗവ. സർവീസിൽ ആസ്സാം സ്റ്റോറിൽ എൻജിനീയറായി ജോലിനോക്കുന്നു. ഏ

ഴാമത്തെ പുത്രൻ സേവ്യർ പാലായിൽ ആനന്ദ് ബസ് സർവീസ് നടത്തുന്നു.

മൂലയിൽ ചെറിയാന്റെ രണ്ടാമത്തെ പുത്രൻ ദേവസ്യാ (കെ. സി. സെബാസ്റ്റ്യൻ B. A. L. T.) പുളിങ്കുന്നിൽ കൊട്ടപ്പാടത്തു മാത്യുവിന്റെ മകൾ ത്രേസ്യാമ്മയെ വിവാഹം ചെയ്ത് ഇളംപുരയിടത്തിൽ താമസിച്ചു. കിഴക്കേക്കര കുടുംബത്തിൽനിന്നും ആദ്യമായി സർവ്വകലാശാലാ ബിരുദം നേടിയ ആളാണദ്ദേഹം. പാലാ സെന്റ് തോമസ് ഹൈസ്കൂൾ, ട്രെയിനിംഗ് സ്കൂൾ എന്നിവിടങ്ങളിൽ അദ്ധ്യാപകനായും ഹെഡ്മാസ്റ്ററായും 37-വർഷം സ്തുത്യർഹമായ സേവനമനുഷ്ഠിച്ച് 1959-ൽ പെൻഷൻപറ്റി. അതിനുശേഷം പാലാ സെന്റ് തോമസ് ട്രെയിനിംഗ് കോളേജ് ലക്ചററായും, കിഴതടിയൂർ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ ഹെഡ്മാസ്റ്ററായും ജോലിനോക്കി. 1953 മുതൽ 56 വരെ പാലാ മുനിസിപ്പൽ ചെയർമാനായിരുന്നു. കേരളാ യൂണിവേഴ്സിറ്റിയിൽ തുടച്ചയായി 16 വർഷം സെനറ്റ് മെമ്പറായിരുന്നു. മലബാർ കാത്തലിക്ക് സ്റ്റുഡൻറ്സ് ലീഗിന്റെ ഉപാദ്ധ്യക്ഷനായി നാലു വർഷം സേവനം അനുഷ്ഠിച്ചു. പാലാ രൂപതയിലെ പാസ്റ്ററൽ കൗൺസിലിൽ കുറേക്കാലം അംഗമായിരുന്നു. കെ. സി സെബാസ്റ്റ്യൻ ഒരു അസാമാന്യ പ്രതിഭാശാലിയും ഗ്രന്ഥകർത്താവുമാണ്. അദ്ദേഹത്തിന് ആൻറണി, ചെറിയാൻ, മാത്യു, സെബാസ്റ്റ്യൻ, ജോസഫ്,

ജോജ്ജ് എന്നീ ആറു പുത്രന്മാരും, മറിച്ചമ്മ, ഗ്രേസി, അന്നമ്മ എന്നീ മൂന്നു പുത്രിമാരും ജനിച്ചു.

പുത്രി അച്ചുമ്മയെ കുര്യൻ ക്രന്താനെത്തു് ഔ സേപ്പിന്റെ മകൻ ജോസഫ് (കെ. ജെ. ജോസഫ് B. A. B. T.) വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി ഗ്രേസി (സിസ്റ്റർ അലോഷ്യ) I. B. M. V. ഓർഡറിൽ ചേന്നു് അലഹബാദിൽ സേവനമനുഷ്ഠിക്കുന്നു. മൂന്നാമത്തെ പുത്രി അന്നമ്മയെ അറക്കളത്തു മഞ്ഞക്കുന്നേൽ മിഖേലിന്റെ മകൻ ചാണ്ടി (M. M. Chandy M. Sc. B. T. Ph. D. വിവാഹം ചെയ്തു. ചാണ്ടി ഇരിങ്ങാലക്കുടെ കോളജു് പ്രൊഫസറാണു്. കെ. സി. സെബാസ്റ്റ്യന്റെ പ്രഥമപുത്രൻ ആൻറണി B. A. കുമാടിയിൽ പള്ളിവാതുക്കൽ വക്കച്ചന്റെ മകൾ ത്രേസ്യാമ്മയെ വിവാഹം ചെയ്തു. കേരളാ ഗവ. പ്ലാന്റേഷൻ കോർപ്പറേഷൻ അസി. സൂപ്രണ്ടായി ജോലി നോക്കുന്നു. അദ്ദേഹത്തിനു് സെബാസ്റ്റ്യൻ എന്നൊരു പുത്രനും, ത്രേസ്യാ, അലോഷ്യ എന്നു രണ്ടു പുത്രിമാരും ഉണ്ടു്. ദ്വിതീയപുത്രൻ ചെറിയാൻ (K. S. Cherian M. Sc. P. H. D. (U. A. S.) വിളക്കുമാടത്തു് കുള്ളിവയലിൽ മൈക്കിളിന്റെ മകൾ തങ്കമ്മയെ വിവാഹം ചെയ്തു. ചെറിയാൻ U. S. A. യിൽ കോളജ് പ്രൊഫസറാണു്. ചെറിയാനു് സെബാസ്റ്റ്യൻ, മൈക്കിൾ എന്നു രണ്ടു പുത്രന്മാരുണ്ടു്. മൂന്നാമത്തെ പുത്രൻ മാത്യു (T. S. Mathew B. Sc. M. D. Germany) ജർമ്മനിയിൽ ഡോക്ടറായി ജോലി നോക്കുന്നു. മാത്യു ഭാര്യ

ജോനത്തു് തറപ്പേൽ ജോസഫിന്റെ മകൾ ഏലിസ ബത്തിനെ വിവാഹം കഴിച്ചു. അദ്ദേഹത്തിനു് സെ ബാസ്റ്റ്യൻ എന്നൊരു പുത്രനുണ്ടു്. നാലാമത്തെ പുത്ര ൻ സെബാസ്റ്റ്യൻ (K. S. Sebastian M. Sc.) പാലാ സെന്റ് തോമസ് കോളജ് ലക്ചററാണു്. ചമ്പ ക്കുളത്തു പള്ളിവാതുക്കൽ വക്കച്ചന്റെ മകൾ ഏലി യെ വിവാഹം ചെയ്തു. അവൾക്കു് ത്രസ്യാ എന്നൊരു പുത്രിയുണ്ടു്. അഞ്ചാമത്തെ പുത്രൻ K. S. ജോസ് M. B, B. S. ഹൗസ് സർജനായി കഴിയുന്നു. ആറാമ ത്തെ പുത്രൻ K. S. ജോജ്ജ് B. Sc. പിതാവിന്റെ കൂടെ താമസിക്കുന്നു.

താഴത്തുവീട്ടിൽ ഉണിച്ചെറിയത്തു്

താഴത്തുവീട്ടിൽ അന്നയെ കാപ്പിൽ ചെറി യാൻ കുരുൻ വിവാഹം കഴിച്ചു ഭർത്തൃനിന്നതിൽ രണ്ടാ മത്തെ പുത്രനായ ഉണിച്ചെറിയത്തു് പൂഞ്ഞാറിൽ തെ ള്ളിയിൽനിന്നു വിവാഹംചെയ്തു് താഴത്തുവീട്ടിൽ താമ സിച്ചു. അദ്ദേഹത്തിനു് ചാക്കോ, ചെറിയാൻ എന്നാ രണ്ടു പുത്രന്മാരും, ഒരു പുത്രിയും ജനിച്ചു. പുത്രിയെ തലച്ചിറ തൊമ്മൻ വിവാഹംചെയ്തു.

മൂന്നുമാക്കൽ കുടുംബം

ഉണ്ണിച്ചെറിയതിന്റെ പ്രഥമപുത്രൻ ചാക്കോ കാഞ്ഞിരപ്പള്ളിൽ കിഴക്കേത്തലയ്ക്കൽ ഇട്ടിയവിരായു ടെ മകൾ കുഞ്ഞിയെ വിവാഹംചെയ്തു് കീഴതടിയൂർ മൂന്നു

മാവുപുരയിടത്തിൽ താമസിച്ചു. അദ്ദേഹത്തിനു് ചെറിയാൻ, ഔസേപ്പു്, ദേവസ്യാ, പോത്തൻ എന്ന നാലു പുത്രന്മാരും മാമ്മി, അന്നമ്മ എന്ന രണ്ടു പുത്രിമാരും ഉണ്ടായി. പുത്രി മാമ്മിയെ ചിരാംകുഴിയിൽ മാണി വിവാഹം കഴിച്ചു. അന്നമ്മയെ പൈങ്ങുളത്തു് തെറാലിക്കൽ പീലി വിവാഹംചെയ്തു.

പ്രഥമപുത്രൻ ചെറിയാൻ വാകാനിയിൽ വക്കിയുടെ ഏകപുത്രി മാമ്മിയെ വിവാഹം കഴിച്ചു് ഭത്തവകാശമായി താമസിച്ചു. ദ്വിതീയപുത്രൻ ഔസേപ്പു് വടക്കയിൽ തൊമ്മന്റെ മകൾ ത്രേസ്യായെ വിവാഹം ചെയ്തു് മൂണ്ടശ്ശേരിൽ താമസമാക്കി. അദ്ദേഹത്തിനു ചാക്കോ, തൊമ്മൻ, ഔസേപ്പു് ചെറിയാൻ, വക്കി എന്ന അഞ്ചു പുത്രന്മാരും കുഞ്ഞി, അന്ന എന്ന രണ്ടു പുത്രിമാരും ജനിച്ചു. ഒന്നാമത്തെപുത്രി കുഞ്ഞിയെ ചിരാംകുഴിയിൽ അയ്യിന്റെ മകൻ തൊമ്മനും, രണ്ടാമത്തെപുത്രി അന്നയെ ഭരണങ്ങാനത്തു് ഇടമലെ ചാണ്ടിയുടെ മകൻ അബ്രാഹവും വിവാഹം ചെയ്തു. പ്രഥമപുത്രൻ ചാക്കോ മൂലയിൽ കുഞ്ഞൂഞ്ഞിന്റെ മകൾ റോസയെ വിവാഹം ചെയ്തു മലബാറിൽ തോലാമ്പ്രയിൽ താമസിക്കുന്നു. അവർക്കു് നാലു പുത്രന്മാരും രണ്ടു പുത്രിമാരും ഉണ്ടു്. ദ്വിതീയപുത്രൻ തൊമ്മൻ പാലായിൽ വായ്മറ്റത്തിൽ ജോസഫിന്റെ മകൾ മേരിയെ വിവാഹം ചെയ്തു് മൂണ്ടശ്ശേരിൽ താമസിക്കുന്നു. അവർക്കു ത്രേസ്യാ എന്ന ഒരു പുത്രിയും ജോസു്, ഫ്രാൻസിസു്, മാത്യു, മാണി എന്ന

നാലു പുത്രന്മാരുമുണ്ട്. ഫ്രാൻസീസ് തലശ്ശേരിരൂപതയിൽ ഒരു അദ്ധ്യാപകനാണ്. ഔസേപ്പിന്റെ മൂന്നാമത്തെ പുത്രൻ ഔസേപ്പ് മനയാനിക്കൽ കുഞ്ഞുവിളയുടെ മകൾ ത്രേസ്യായെ വിവാഹം ചെയ്തു കിഴതടിയൂർ താമസിക്കുന്നു. അദ്ദേഹത്തിനു കുര്യൻ B. Sc., മാത്യു എന്നീ രണ്ടു പുത്രന്മാരും, ത്രേസ്യാ, മേരി എന്ന രണ്ടു പുത്രിമാരും ജനിച്ചു. ഔസേപ്പിന്റെ നാലാമത്തെ പുത്രൻ ചെറിയാൻ മൂവാറ്റുപുഴ തോട്ടത്തിൽ മേരിയെ വിവാഹം ചെയ്ത് മൂവാറ്റുപുഴ താമസിക്കുന്നു. ചെറിയാൻ കുവൈറ്റിൽ ക്ലർക്കും മേരി വാരപ്പെട്ടിസ്കൂൾ അദ്ധ്യാപികയുമാണ്. അവർക്കു സെലിൻ, ഫെലൻ, ഷെർലി എന്ന മൂന്നു പുത്രിമാരും ജോസഫ് എന്ന ഒരു പുത്രനും ഉണ്ട്. അഞ്ചാമത്തെ പുത്രൻ വക്കീൽ പൈകയിൽ തെക്കേതിൽ പുത്തൻപുരയ്ക്കൽ മത്തായിയുടെ മകൾ മേരിയെ വിവാഹം ചെയ്തു പിതൃഗൃഹത്തിൽ താമസിക്കുന്നു. അദ്ദേഹം മിലിറ്ററിയിൽ ഒരു ജവാനാണ്.

ചാക്കോയുടെ മൂന്നാമത്തെ പുത്രൻ ദേവസ്യാ പ്രവിത്താനത്തു് അഞ്ചുകണ്ടത്തിൽ കൊച്ചുപെണ്ണിനെ വിവാഹംചെയ്ത് ഇടപ്പാടിയിൽ താമസിക്കുന്നു. അദ്ദേഹത്തിനു് ചാക്കോ എന്നൊരു പുത്രനും കുഞ്ഞി എന്നൊരു പുത്രിയും ജനിച്ചു. പുത്രി കുഞ്ഞിയെ തൊടുപുഴ ഇലക്ട്രിസിറ്റിഡിപ്പാർട്ടുമെന്റിലുള്ള ഒരു ഉദ്യോഗസ്ഥൻ വിവാഹം കഴിച്ചു. കുഞ്ഞി താല്ക്കാലികച്ചേരിയിൽ ക്ലാർക്കാണ്. പുത്രൻ ചാക്കോ മരങ്ങാട്ടുപള്ളിയിൽനിന്നു്

അന്നക്കുട്ടിയെ വിവാഹം ചെയ്തു. അവർക്ക് രണ്ടു പുത്രന്മാരും ഒരു പുത്രിയും ഉണ്ട്. ചാക്കോയുടെ നാലാമത്തെ പുത്രൻ പോത്തൻ പൊന്നോലിൽ ഉലഹന്നന്റെ മകൾ അന്നയെ വിവാഹംചെയ്ത് തറവാട്ടിൽ താമസിക്കുന്നു. പോത്തനു ചാക്കോ, ജോസഫ്, ജോൺ എന്ന മൂന്നു പുത്രന്മാരും, കുഞ്ഞി, മേരി എന്ന രണ്ടു പുത്രിമാരും ഉണ്ട്. ഒന്നാമത്തെ പുത്രി കുഞ്ഞി M. A. B. Ed നെ ആലപ്പുഴെ അബ്രാഹം B. A. B. Ed. വിവാഹംചെയ്തു. രണ്ടാമത്തെ പുത്രി പാലാ അൽഫോൻസാ കോളജിൽ വിദ്യാർത്ഥിനിയാണു്. പ്രഥമപുത്രൻ ചാക്കോ ചീരാംകുഴിയിൽ മത്തായിയുടെ മകൾ റോസയെ വിവാഹംചെയ്തു. അവർക്ക് രണ്ടു പുത്രന്മാരും രണ്ടു പുത്രിമാരുമുണ്ട്. ദ്വിതീയപുത്രൻ ജോസഫ് താഴത്തെവീട്ടിൽനിന്നും ഉപ്പുതറെ താമസം ചെറിയാന്റെ മകൾ ഗ്രേസിയെ വിവാഹംചെയ്തു. അവർക്ക് ഒരു പുത്രനും രണ്ടു പുത്രിമാരുമുണ്ട്. ജോസഫ് ഗവ. ട്രഷറി ഉദ്യോഗസ്ഥനും ഗ്രേസി കവീക്കുന്നു സ്കൂൾ അദ്ധ്യാപികയുമാണു്. മൂന്നാമത്തെ പുത്രൻ ജോൺ കോഴിക്കോട്ട് ജസ്റ്റ്യൂട്ട് മിഷനിൽ ചേർന്നു വൈദികനായി.

താഴത്തെവീട്ടിൽ ചെറിയാൻ

താഴത്തെവീട്ടിൽ ഉണിചെറിയതിന്റെ ദ്വിതീയപുത്രൻ ചെറിയാൻ പടിഞ്ഞാറേക്കര ശാഖയിൽപ്പെട്ട വെട്ടുകാട്ടിൽ ഓടയ്ക്കൽ മറിയത്തിനെ വിവാഹംകഴിച്ചു് താഴത്തുവീട്ടിൽ തറവാട്ടിൽ താമസിച്ചു.



റോമ്മായിലെ പ്രൊപ്പഗാന്താ കോളജിൽ പഠിച്ചു വൈദികരായ കേരളീയർക്ക് ഒരു സംഘടനയുണ്ട്. അതിന്റെ Capo Gruppo ആയ ഡോ. സി. റ്റി. കൊട്ടാരവും മറ്റു പല അംഗങ്ങളും കോട്ടയം ബിഷപ്പ് തറയിൽ തിരുമേനിയുടെ മെത്രാഭിഷേകത്തിൽ സംബന്ധിച്ചപ്പോൾ



ചങ്ങനാശ്ശേരി എസ്. ബി. കോളജിലെ പ്രൊഫസറും S. H. ഹോസ്റ്റൽ വാർഡനും ആയ ഡോ. കൊട്ടാരം ഹോസ്റ്റൽ വിദ്യാർത്ഥികളും ഒരുമിച്ച് (1941)



ഡോ. സി. ഐ. കൊട്ടാരം പ്രവിത്താനം ഹൈസ്കൂളിൽ വച്ചു തന്റെ ശിഷ്യരായിരുന്ന കാലത്താനും വൈദികരും ഒരുമിച്ച് (സെന്റ് മൈക്കേൽസ് ബ്രദേർസ്)



പ്രവിത്താനം ഹൈസ്കൂളിൽനിന്നും S. S. L. C. പരീക്ഷക്കയച്ചേന്ന പ്രഥമ ബാച്ചിലെ (1949) വിദ്യാർത്ഥികളും ഹെഡ്മാസ്റ്റർ ഡോ. കൊട്ടാരവും അദ്ധ്യാപകരും ഒരുമിച്ച്

അല്ലേഹത്തിനു് മാമ്മി, അന്ന, അക്കമ്മ, ഏലി എന്ന നാലു പുത്രിമാരും ചെറിയാൻ, തൊമ്മൻ, ഔസേപ്പ് എന്ന മൂന്നു പുത്രിമാരും ജനിച്ചു. പ്രഥമപുത്രി മാമ്മിയെ പുളിങ്കുന്നിൽ കൊട്ടപാടത്തു പാറയ്ക്കലിൽ പോത്തനും, രണ്ടാമത്തെ പുത്രി അന്നയെ പ്രവിത്താനത്തു കാരുംകുൽ മാണിയും, മൂന്നാമത്തെ പുത്രി അക്കാമ്മയെ ഇല്ലിമൂട്ടിൽ മത്തായിയും നാലാമത്തെ പുത്രി ഏലിയെ കുര്യൻ ക്രന്തനേത്തു വക്കീയും വിവാഹംചെയ്തു.

പ്രഥമപുത്രൻ ചെറിയാൻ പൊരുന്നോലിൽ വള്ളമുണ്ടയിൽ തൊമ്മന്റെ മകൾ കൊച്ചുപെണ്ണിനെ വിവാഹം ചെയ്തു. അതിൽ മറിയമെന്നൊരു പുത്രി ജനിച്ചു. അപ്പോൾ ഭാര്യ മരിക്കയാൽ വെള്ളിയേപ്പള്ളിൽ പുളിക്കൽ മത്തായിന്റെ മകൾ മറിയത്തിനെ പുനർ വിവാഹം ചെയ്തു. അതിൽ അന്ന എന്നൊരു പുത്രിജനിച്ചു. ഒന്നാമത്തെ പുത്രി മറിയത്തിനെ നെടിയകാട്ടിൽ മണകുന്നത്തുദേവസ്യായും രണ്ടാമത്തെ പുത്രി അന്നയെ പാലാഅങ്ങാടിയിൽ മുഴയിൽ തോമ്മസ്സിന്റെ മകൻ ദേവസ്യായും വിവാഹം കഴിച്ചു. ദ്വിതീയപുത്രൻ തൊമ്മൻ തെരുവിൽ കുന്നേൽ പൊതിയിൽ ഉതുപ്പിന്റെ മകൾ ത്രേസ്യായെ വിവാഹം ചെയ്തു. രണ്ടു ആൺകുട്ടി ജനിച്ചപ്പോൾ ഭാര്യ മരിക്കയാൽ പൂഞ്ഞാറിൽ തോട്ടക്കരെ ഏലിയെ വിവാഹം ചെയ്തു് കാഞ്ഞിയാറിൽ താമസമാക്കി. 1971 ആഗസ്റ്റ് 11-ാം തീയതി തൊമ്മൻ മരിച്ചു. തൊമ്മനു് കുട്ടിയമ്മ, കുഞ്ഞമ്മ, മോളി എന്ന മൂന്നു പുത്രിമാ

രും, തോമസ്, ഔസേപ്പ്, അന്തോനി, കുഞ്ഞച്ചൻ എന്ന നാലു പുത്രന്മാരും രണ്ടാം വിവാഹത്തിൽ ഉണ്ടായി. ആദ്യവിവാഹത്തിലെ കുട്ടി ചെറുപ്പത്തിലേ മരിച്ചുപോയി. ഒന്നാമത്തെ പുത്രി കുട്ടിയമ്മയെ കുട്ടപ്പനയിൽ നരിപ്പാറെ വിവാഹം ചെയ്തയച്ചു. രണ്ടാമത്തെ പുത്രി പെണ്ണമ്മ (സിസ്റ്റർ മാർഗരേറ്റ്) ജർമ്മനിയിൽ കന്യാസ്ത്രീയാണ്. മൂന്നാമത്തെ പുത്രി മോളി പഠിക്കുകയാണ്. പ്രഥമപുത്രൻ തോമസ് കുട്ടപ്പന അറുതൊട്ടിയിൽ പെണ്ണമ്മയെ വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രൻ ഔസേപ്പ് നരിപ്പാറയിൽനിന്ന സഹോദരിയുടെ ഭർത്തൃസോദരിയെ വിവാഹം ചെയ്തു. ഒരു പെൺകുട്ടിയുണ്ടായപ്പോൾ ഔസേപ്പ് മരിച്ചു. മൂന്നാമത്തെ പുത്രൻ അന്തോനി കാഞ്ഞിയാറ്റിൽ ആനാക്കിൽ മാമ്മിയെ വിവാഹം കഴിച്ചു. അവർക്ക് സണ്ണി, സാബു, എന്ന രണ്ടു പുത്രന്മാരുണ്ടായി. നാലാമത്തെ പുത്രൻ കുഞ്ഞച്ചൻ കാഞ്ഞിയാറ്റിൽനിന്ന് ത്രസ്യയെ വിവാഹം ചെയ്തു. അവർക്ക് നോബിൾ എന്നൊരു പുത്രനുണ്ട്.

തൃതീയപുത്രൻ ഔസേപ്പ് ആദ്യം പാലായിൽ പനയ്ക്കൽ തുണ്ടത്തിൽ ഔസേപ്പു വൈദ്യന്റെ മകൾ ത്രസ്യയെ വിവാഹം ചെയ്തു. അതിൽ മറിയക്കുട്ടി, ത്രസ്യാ എന്ന രണ്ടു പുത്രിമാരും, ജോസഫ്, ചെറിയാൻ എന്ന രണ്ടു പുത്രന്മാരും ജനിച്ചു. ഭാര്യ മരിക്കയാൽ രണ്ടാമതായി ഇടമറ്റത്തു് വരകുകാലായിൽ പോത്തന്റെ മകൾ ഏലിയെ വിവാഹം ചെയ്തു. അ

തിൽ ഏലമ്മ, ആനിയമ്മ എന്ന രണ്ടു പുത്രിമാരും, ജോസ്, ദേവസ്യാ, ചെറിയാൻ എന്ന മൂന്നു പുത്രന്മാരും ജനിച്ചു. ഒന്നാമത്തെ പുത്രി മറിയക്കുട്ടിയെ കൊഴുവനാൽ മണിയങ്ങാട്ട് അബ്രാഹവും, രണ്ടാമത്തെ പുത്രി ത്രേസ്യയെ കോതനല്ലൂർ കുഴുപ്പള്ളിൽ വക്കിയും വിവാഹം കഴിച്ചു. പ്രഥമപുത്രൻ ജോസഫ് ഒരു മിഷൻ വൈദികനായി. രണ്ടാമത്തെ പുത്രൻ ചെറിയാൻ ബാല്യപ്രായത്തിൽ മരിച്ചു. ബാക്കിയുള്ളവർ ബാല്യപ്രായക്കാരാണ്.

താഴത്തുവീട്ടിൽ പോത്തനും ഇട്ടിച്ചെറിയത്തും

താഴത്തുവീട്ടിൽ അന്നയുടെ മൂന്നാമത്തെ പുത്രനായ പോത്തൻ മൂലയിൽനിന്നു വിവാഹം കഴിച്ച് ളാലത്തു തേനമ്മാക്കൽ താമസിച്ചു. താഴത്തുവീട്ടിൽ അന്നയുടെ മരണാനന്തരം ഭർത്താവായ കുപ്പിൽ ചെറിയാൻ കുറുൻ പുനർവിവാഹം ചെയ്തു തേനമ്മാക്കൽ താമസിക്കുന്നുണ്ടായിരുന്നു. അവർക്കു മക്കളില്ലായിരുന്നു. അതിനാലാണ് പോത്തൻ പിതാവിനോടൊന്നിച്ച് തേനമ്മാക്കൽ താമസമാക്കിയതു്.

താഴത്തുവീട്ടിൽ അന്നയുടെ നാലാമത്തെ പുത്രൻ ഇട്ടിച്ചെറിയ മണ്ണാറമറ്റത്തിൽനിന്നു വിവാഹം ചെയ്തു ഭവനകാശമായി അവിടെ താമസിച്ചു.

കുടുംബയോഗങ്ങൾ

ഏറകോന്നി പുത്തനുര മാതൃകുടുംബത്തിന്റെ ആദിപിതാവു് തൊമ്മപ്പണിക്കരുടെ മൂന്നു പുത്രന്മാരായ ഇട്ടിച്ചെറിയ, കൊച്ചിട്ടിഐയ്യു്, കൊച്ചുമത്തായി എന്നിവരാണു് യഥാക്രമം ഒറപ്ലാക്കൽ, കിഴക്കേക്കര, പടിഞ്ഞാറെക്കര എന്നീ കുടുംബങ്ങളുടെ നായകന്മാരായിത്തീർന്നതെന്നു് കുടുംബചരിത്രത്തിന്റെ ഒന്നാം അദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടു്. തങ്ങളുടെ പ്രശസ്തമായ പാരമ്പര്യവും കുടുംബ മാഹാത്മ്യവും പരിരക്ഷിക്കുന്നതിനും കുടുംബാംഗങ്ങൾ തമ്മിൽ പരസ്പരധാരണയിലും സൗഹാർദ്ദതയിലും സാഹോദര്യത്തിലും കഴിയുന്നതിനു് സഹായകമാകുന്നതിനുംവേണ്ടി കുടുംബയോഗങ്ങൾ നടത്തിപ്പോന്നിട്ടുണ്ടു്. കിഴക്കേക്കര ശാഖയിൽ ആരംഭിച്ച കുടുംബയോഗം ഇന്നും തുടർന്നുവരുന്നു. പടിഞ്ഞാറെക്കര ശാഖയും അംഗങ്ങളുടെ സംഖ്യ കുറവായ ഒറപ്ലാക്കൽ ശാഖയും ഒത്തൊരുമിച്ചാണു് കുടുംബയോഗം ആരംഭിച്ചതും നടത്തിവന്നിരുന്നതും. ഇടക്കാലത്തു് ഈ ശാഖാപ്രവർത്തനം മന്ദീഭവിക്കയുണ്ടായി. എന്നാൽ അടുത്തകാലത്തു് ഈ കുടുംബയോഗം വീണ്ടും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടു്. അതിന്റെ ഫലമായിട്ടാണു് "ഏറകോന്നി പുത്തനുര കുടുംബ"ത്തിന്റെ ഒരു സംക്ഷിപ്ത ചരിത്രം പ്രസിദ്ധപ്പെടുത്തുവാനുള്ള സാഹചര്യങ്ങൾ ഒത്തിണങ്ങിയതു്.

കിഴക്കേക്കര കുടുംബയോഗം "കിഴക്കേക്കര

കുടുംബപരിപാലനയോഗം" എന്ന പേരിലും പടിഞ്ഞാറേക്കര കുടുംബയോഗം "എറകോന്നി പുത്തമ്പുര കുടുംബയോഗം" എന്ന പേരിലും അറിയപ്പെടുന്നു. ഈ രണ്ടു കുടുംബയോഗങ്ങളെ സംബന്ധിച്ച് അതതിന്റെ ഭാരവാഹികൾ തയാറാക്കിത്തന്ന റിപ്പോർട്ടുകളാണു താഴെ ചേർക്കുന്നതു്.

1. കിഴക്കേക്കര കുടുംബപരിപാലനയോഗം

എറകോന്നി പുത്തമ്പുര തൊമ്മപ്പണിക്കരുടെ സന്താനങ്ങളിൽ നാലാം തലമുറക്കാരനായ കിഴക്കേക്കര തൊമ്മൻ ഇട്ടിയയിപ്പിന്റെ സന്താനങ്ങൾ പതിനേഴു കുടുംബങ്ങളിലായി താമസിച്ചിരുന്നു. മൂന്നു വൈദികർ പള്ളിയിലും താമസിച്ചിരുന്നു. ആ 17 കുടുംബങ്ങളുടെ നാഥന്മാരും മൂന്നു വൈദികരും ഉൾപ്പെടെ ഇരുപതു പേരുംകൂടി ഏകയോഗമായി രൂപീകരിച്ച സംഘടനയാണു് "കിഴക്കേക്കര കുടുംബപരിപാലനയോഗം".

പ്രസ്തുതയോഗം കൊല്ലവർഷം 1087 കുംഭമാസം 27-ാംനു- ഞായറാഴ്ച ആരംഭിച്ചു. 1088 ചിങ്ങം 1-ാംനു- മീനച്ചൽ സബ്റജിസ്ട്രാർ പാലാ വലിയപള്ളി മേടയിൽവച്ചു് 1-ാം നമ്പരായി സംഘടന റജിസ്റ്റരാക്കി. അതിലേക്കുള്ള സകല ചിലവുകളും പരേതനായ ബ. ആലയ്ക്കൽ മത്തായി അച്ചനാണു് വഹിച്ചതു്.

യോഗത്തിന്റെ പ്രധാനമായ ഉദ്ദേശ്യം യോഗാംഗങ്ങളിൽപ്പെട്ട ഏതൊരാൾക്കും സാമ്പത്തികമായി ക്ഷീണം ഉണ്ടായാൽ അയാളെ സഹായിക്കുകയെന്നുള്ളതാണു്. യോഗം സ്ഥാപിച്ചതിന്റെ 12-ാമത്തെ കൊല്ലത്തിൽ, അതായതു് 1099-ൽ, ഒരംഗത്തെ സാമ്പത്തികമായി വളരെയധികം സഹായിച്ചിട്ടുണ്ടു്. യോഗത്തിന്റെ മൂലധനത്തിൽനിന്നു് സഹായം ലഭിച്ച ആളിന്റെ മകൻ 1146-ൽ, അതായതു്, 47-ാമത്തെ വയ്ക്കത്തിലാണു് പലിശക്കുടാതെ ബാദ്ധ്യതകളെല്ലാം തീർത്തതു്.

1103-ൽ പ്രസ്തുത കുടുംബങ്ങളിൽപ്പെട്ട പ്രായപൂർത്തിയായ എല്ലാ അംഗങ്ങളും "കുടുംബയോഗ"ത്തിൽ അംഗങ്ങളായി ചേരണമെന്നു് അഭിപ്രായമുണ്ടായി. യോഗം വിപുലീകരിച്ചപ്പോൾ യോഗം കൂടുന്നതിനു സൗകര്യമായ ഒരു ഹാൾ വേണ്ടിവന്നു. അതാണു് 1103-ൽ സ്ഥാപിതമായ കേന്ദ്രാലയം.

കൊല്ലവർഷം 1147 "കുടുംബയോഗ"ത്തിനു് അറുപതു വയസ്സു തികയുന്ന ജൂബിലി വർഷമാണു്. ജൂബിലി സമുചിതമായി ആഘോഷിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടു്. 'കുടുംബയോഗ'ത്തിന്റെ 1971-72-ലെ ഭരണസമിതി അംഗങ്ങൾ താഴെ പേരു് ചേർത്തിരിക്കുന്നവരാണു്:-

1. ശ്രീ. ഇട്ടിയപ്പ് തൊമ്മൻ പീടികയിൽ (മാനേജർ)
2. ,, തൊമ്മൻ മാത്യു പുലിമലക്കുന്നേൽ
3. ,, ആഗസ്തി ഇട്ടിയപ്പ് കുന്നുക്കൽ
4. ,, മത്തായി ചെറിയാൻ കുന്നുക്കൽ

കിഴതടിയൂർ
9-10-1971

ഇട്ടിയപ്പ് തൊമ്മൻ പീടികയിൽ
മാനേജർ

കുടുംബയോഗവാർഷികങ്ങൾ സംയുക്താഭിമുഖ്യത്തിൽ

''എറകോന്നി പുത്തമ്പുര കുടുംബത്തിന്റെ ശാഖകളായ കിഴക്കേക്കര വിഭാഗത്തിനും പടാഞ്ഞാറെക്കര വിഭാഗത്തിനും അവയുടേതായ ''കുടുംബയോഗ'' സംഘടനകളും പ്രസ്തുത സംഘടനകൾക്ക് അതതിന്റേതായ ഭരണഘടനകളും നിയമാവലികളും നിലവിലുള്ളതിനാൽ, ഇരു സംഘടനകളും സമ്മേളനങ്ങൾ നടത്തിയും പ്രവർത്തനപരിപാടികൾ നടപ്പാക്കിയും അതതിന്റെ വ്യക്തിത്വം പുലർത്തുകയും ആണ്ടിലൊരിക്കൽ ഇരുശാഖകളും സംയുക്താഭിമുഖ്യത്തിൽ വാർഷികസമ്മേളനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യേണ്ടതാണെ''ന്ന് പടിഞ്ഞാറേക്കര വിഭാഗത്തിന്റെ സംഘടന 1969 ഏപ്രിൽ 6-ാംനു- ഒരു നിശ്ചയം അംഗീകരിച്ചിട്ടുണ്ട്. കിഴക്കേക്കര വിഭാഗത്തിന്റെ സംഘടയും 1969 ജൂലായി 3-ാംനു- ഇതേവിധത്തിലുള്ള ഒരു നിശ്ചയം പാസ്സാക്കിയിട്ടുണ്ട്. ഈ നിശ്ചയങ്ങളുടെ വെളിച്ചത്തിൽ വാർഷികസമ്മേളനങ്ങൾ സംയുക്താഭിമുഖ്യത്തിൽ നടന്നുവരുന്നു.

2. ഏറകോന്നി

പുത്തമ്പുര കുടുംബയോഗം

പടിഞ്ഞാറേക്കര, ഒറപ്ലാക്കൽ ശാഖകർ ഒത്തൊരുമിച്ചു് "ഏറകോന്നി പുത്തൻമ്പുര കുടുംബയോഗം" എന്നപേരിൽ നടത്തിവന്നിരുന്ന കുടുംബയോഗസംഘടന ഇടക്കാലത്തു് പ്രവർത്തനരഹിതമായിത്തീർന്ന വസ്തുത 220-ാം പേജിൽ സൂചിപ്പിച്ചിട്ടുണ്ടു്. സംഘടനയെ പുനരുജ്ജീവിപ്പിച്ചു പ്രവർത്തനപഥത്തിലേക്കു കൊണ്ടുവരുന്നതിനു മൻകൈയെടുത്തു പ്രവർത്തിച്ചതു് പ്രഗത്ഭനും പ്രശസ്തനുമായ റവ. ഡോക്ടർ സി. ററി. കൊട്ടാരം അവർകളാണു്.

1968 ഫെബ്രുവരി 4-ാംനു- പഴേകൈതോലിൽ ശ്രീ ജോസഫ് കുര്യാക്കോസിന്റെ വസതിയിൽവച്ചു് റവ. ഡോ. സി. ററി. കൊട്ടാരത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പടിഞ്ഞാറേക്കര, ഒറപ്ലാക്കൽ കുടുംബനാഥന്മാരുടെ സമ്മേളനം കുടുംബയോഗം പഴയപേരിൽത്തന്നെ പുനരുജ്ജീവിക്കണമെന്ന ഏകകണ്ഠമായിത്തീരുമാനിക്കുകയും സംഘടനയുടെ നടത്തിപ്പിലേക്കു് താഴെ പറയുന്നവരുൾപ്പെട്ട ഒരു ഭരണസമതിയെ തെരഞ്ഞെടുക്കുകയും ചെയ്തു.

ഭരണസമതി

രക്ഷാധികാരി: റവ. ഡോക്ടർ സി. ററി. കൊട്ടാരം
B. A., L. T., L. D., Ph. D.

ഉപരക്ഷാധികാരി: റവ. ഫാ. ജോർജ്ജു് കുത്തിവളച്ചേൽ



ഡോ. സി. ററി. കൊട്ടാരം അഖിലകേരള സെക്കണ്ടറിസ്കൂൾ ഹെഡ്മാസ്റ്റേർസ് അസ്സോസിയേഷന്റെ പ്രസിഡണ്ടും, പി. എം. ചെറിയാൻ തരകൻ ആ സംഘടനയുടെ ജനറൽ സെക്രട്ടറിയും, രണ്ടുപേരും കേരള സർവകലാശാലാ സെനററംഗങ്ങളും ആയിരുന്നപ്പോൾ (1965) എടുത്തപടം. (ഡോ കൊട്ടാരം 1954 മുതൽ ഇപ്പോഴും (1972) സെനററു മെമ്പറും 1956 മുതൽ ഇപ്പോഴും അഖിലഭാരത സെക്കണ്ടറിസ്കൂൾ ഹെഡ്മാസ്റ്റേർസ് അസ്സോസിയേഷൻ പ്രസിഡണ്ടുമാണ്)



റവ. ഡോ. സി. റ്റി. കൊട്ടാരം
ഉപരിപഠനത്തിനു റോമിലേക്കു പുറപ്പെട്ടുന്നതിനു
മുമ്പു് തന്റെ കോളജു് പ്രിൻസിപ്പാളം (St. Thomas
College, Trichur) മോൺ. ജോൺ പാലോക്കാരനും
ഒരുമിച്ചു് (1932)



റവ. ഡോ. സി. റ്റി. കൊട്ടാരം ചങ്ങനാശ്ശേരി
മെത്രാൻ ഡോ. ജെയിംസു് കാളാശ്ശേരി
തിരുമേനിയുടെ സെക്രട്ടറിയും ശ്രുപതാ ചാൻസലറു
മായിരുന്നപ്പോൾ തിരുമേനിയുമൊരുമിച്ചു് (1938)

പ്രസിഡൻറ്: ശ്രീ. പി. ഒ. കുര്യാക്കോസ്
പഴേപൈകെതവയലിൽ

വൈ. പ്രസിഡൻറ്: ,, കരുവിള തോമസ്
കെടുമ്പൻപുരയിടത്തിൽ

സെക്രട്ടറി: ,, സി. കെ. തോമസ്
ചീരാംകുഴിയിൽ

അസി. സെക്രട്ടറി: ,, വി. സി. ജോസഫ്
വെട്ടുകാട്ടിൽ

ഖജാൻജി: ,, സി. കെ. തോമസ്
ചീരാംകുഴിയിൽ

മറ്റു അംഗങ്ങൾ: സ്വശ്രീ ജോസഫ് മാത്യു അഞ്ചേരിൽ, പൈലോ തോമസ് മണ്ണാകൽ, ജോസഫ് സ്കറിയാ മറ്റപ്പള്ളിക്കൽ, സി. എം. ആൻറണി ചക്കൻകളം, ജോസഫ് അബ്രാഹം പടിഞ്ഞാറെക്കര, ഡോമനിക്ക് ജോസഫ് മണ്ണവത്തിൽ, ദേവസ്യാ ജോസഫ് തെരുവിൽ.

ഏറുകോന്നി പുത്തനൂര കുടുംബത്തിൻെറ ഒരു ചരിത്രം കുടുംബയോഗത്തിൻെറ ഉത്തരവാദിത്വത്തിൽ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തണമെന്നുള്ള റവ. ഡോ. കൊട്ടാരത്തിൻെറ നിർദ്ദേശം സമ്മേളനം സർവ്വാത്മനാ അംഗീകരിക്കയും ചരിത്രം തയ്യാറാക്കാൻ അതിനു തികച്ചും പ്രാപ്തനായ ശ്രീ ജോസഫ് മാത്യു അഞ്ചേരി, എം. എസ്സ്സി., യെ ചുമതലപ്പെടുത്തുകയും ചെയ്തു. അങ്ങനെ പഴേകൈതവയലിൽവച്ചു നടന്ന കുടുംബാംഗങ്ങളുടെ സമ്മേളനം ചരിത്രപ്രസിദ്ധമായിത്തീർന്നു.

പുനഃസംഘടിക്കപ്പെട്ട കുടുംബയോഗത്തിന്റെ പ്രഥമ സമ്മേളനം പടിഞ്ഞാറെക്കര വീട്ടിൽവച്ചാണു നടന്നതു്. ആ സമ്മേളനം കുടുംബയോഗ സംഘടനയുടെ ഭരണഘടനയും നിയമാവലിയും അംഗീകരിച്ചു. അതിലെ വ്യവസ്ഥ അനുസരിച്ചു് ഒന്നിടവിട്ടുള്ള എല്ലാ മാസങ്ങളിലും ആദ്യവെള്ളിയാഴ്ച കഴിഞ്ഞുവരുന്ന ഞായറാഴ്ചകളിൽ അംഗങ്ങളുടെ വസതികളിൽവച്ചു സാധാരണ സമ്മേളനങ്ങളും വാഷ്പിക സമ്മേളനങ്ങളും നടത്തിത്തുടങ്ങി. ആ പതിവു് ഇപ്പോഴും തുടരുന്നു. ഇതിനകം 23 സാധാരണ സമ്മേളനങ്ങളും മൂന്നു വാഷ്പിക സമ്മേളനങ്ങളും ഏറെറം ഭംഗിയായി നടന്നിട്ടുണ്ടു്. ഓരോ സമ്മേളനത്തിനു ശേഷം പരേതരായ കുടുംബാംഗങ്ങൾക്കുവേണ്ടി ഓരോ ദിവ്യബലിയും അർപ്പിക്കുന്നതിനുള്ള ഏർപ്പാടുകളും നിലവിലുണ്ടു്.

കുടുംബയോഗത്തിന്റെ ആദിമുഖത്തിലും എല്ലാ അംഗങ്ങളുടേയും പരിപൂർണ്ണമായ സഹകരണത്തിലും 1971 ആഗസ്റ്റു് 15-ാം തീയതി മുണ്ടാങ്കൽ ലിറിറിൽ പ്ലൗവ്വർ യു. പി. സ്കൂളിൽവച്ചു് ഒരു "ഏകദിന സെമിനാർ" വളരെ വിജയപ്രദമായി നടത്തുകയുണ്ടായി. കൊല്ലംതോറും ഇങ്ങനെയുള്ള സെമിനാറുകൾ നടത്താൻ ഭരണസമതി തീരുമാനം എടുത്തിരിക്കുകയാണു്.

കുടുംബയോഗത്തിന്റെ ഫണ്ടു് ഓരോ സമ്മേളനവേളയിലും അംഗങ്ങൾ നല്കുന്ന സഹസ്രപ്പിരിവു മാത്രമാണു്. ഫണ്ടു്, പ്രസിഡൻറിന്റെയും ഖജാൻജിയുടേയും പേരിൽ ബാങ്കിൽ നിക്ഷേപിച്ചിരിക്കുകയാ

ണ്ട്. കുടുംബയോഗത്തിനു ഒരു മന്ദിരം പണികഴിപ്പിക്കുന്നതിലേക്കു ഒരു പദ്ധതി തയാറാക്കാൻ ഒരു കമ്മറ്റി നിയുക്തമായിട്ടുണ്ട്. ഒരു പ്രത്യേക മന്ദിരം ഉണ്ടാവുന്നതുവരെ കുടുംബയോഗം ആഫീസ് എറകോന്നിമഠത്തിലുള്ള കൊട്ടാരം ബങ്കളാവിലായിരിക്കണമെന്നു ഭരണഘടനയിൽ വ്യവസ്ഥചെയ്തിരിക്കയാണ്.

കുടുംബയോഗത്തിന്റെ ആഭിമുഖ്യത്തിൽ സാമൂഹികപ്രവർത്തനം ആരംഭിക്കണമെന്നും, എന്നാൽ കുടുംബചരിത്രം പ്രസിദ്ധപ്പെടുത്തി കഴിഞ്ഞശേഷം മാത്രം കുടുംബയോഗഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തനപരിപാടി ആരംഭിച്ചാൽ മതിയെന്നും പ്രഥമ സമ്മേളനത്തിൽവച്ചുതന്നെ തീരുമാനിക്കപ്പെട്ടിട്ടുണ്ട്.

പാലാ നഗരാതിർത്തിയിൽ, "ളാലംപാല"ത്തിനു സമീപം, പാലാ—തൊടുപുഴ റോഡിൽനിന്നും "നെടുവേലി" നെൽപാടങ്ങൾക്കു കടന്നു "ളാലം പഴയ റോഡി"ലേക്കുള്ള ഗതാഗതസൗകര്യത്തിനായി 1969-ൽ പാലാ മുനിസിപ്പാലിറ്റി പണികഴിപ്പിച്ചിട്ടുള്ള റോഡിനുവേണ്ട സ്ഥലം എറകോന്നി കുടുംബാംഗങ്ങളായ റവ. ഡോ. സി. റ്റി. കൊട്ടാരം, സർവ്വശ്രീ തൊമ്മൻ ജോസഫ് കളപ്പുരയ്ക്കൽ, ജോസഫ് മാത്യു പഴേപ്പാർ, കെ. കെ. ജോസഫ് കളപ്പുരയ്ക്കൽ എന്നിവർ ദാനമായി നല്കിയതിനെ പരിഗണിച്ചും 'കുടുംബയോഗ'ത്തിന്റെ അഭ്യർത്ഥന അടരിച്ചും മുനിസിപ്പാലിറ്റി പ്രസ്തുത റോഡിനു "എറകോന്നി റോഡ്" എന്ന പേരു നല്കിയിരിക്കുകയാണ്.

ഏറകോന്നി പുത്തന്പുര കുടുംബയോഗം പുനഃ
രാരംഭിക്കുന്നതിനും, തുടന്നു് അതിന്റെ അഭിവൃദ്ധി
പരിതപ്പെട്ടുന്നതിനും, അതിന്റെ എല്ലാ പരി
പാടികളും, പ്രത്യേകിച്ചു് കുടുംബചരിത്ര പ്രസിദ്ധീ
കരണപദ്ധതി വിജയിപ്പിക്കുന്നതിനും അക്ഷീണയത്നം
ചെയ്യുന്ന കുടുംബയോഗം രക്ഷാധികാരി, റവ. ഡോ.
സി. ററി. കൊട്ടാരം, കുടുംബാംഗങ്ങളേവരുടേയും സ
വിശേഷമായ അഭിനന്ദനവും അപാരമായ കൃതജ്ഞത
യും അർഹിക്കുന്നു. പടിഞ്ഞാറെക്കര ഒറപ്ലാക്കൽ ശാ
ഖകളുടെ ചരിത്രം വളരെ ക്ലേശം സഹിച്ചു് വളരെ
ഭംഗിയായി തയാറാക്കിത്തന്ന ശ്രീ അഞ്ചേരിൽ ജോ
സഫ് മാത്യുവും കുടുംബയോഗത്തിന്റെ അഗാധമായ
കൃതജ്ഞത അർഹിക്കുന്നു. കുടുംബയോഗത്തിന്റെ അ
ഭിവൃദ്ധിക്കുവേണ്ടി ഉറവു പരിശ്രമിക്കുന്ന പ്രസിഡൻറു്
ശ്രീ. പി. ഒ. കുര്യാക്കോസു്, വൈ. പ്രസിഡൻറു് ശ്രീ
കുരുവിള തോമസു്, ഉപരക്ഷാധികാരി റവ. ഫാ. ജോ
ജ്ജു് കുത്തിവളച്ചേൽ, കുടുംബയോഗത്തിന്റെ സാധാര
ണസമ്മേളനങ്ങളും വാർഷികസമ്മേളനങ്ങളും തങ്ങള
ടെ വസതികളിൽവച്ചു് എത്രയും ഭംഗിയായി നടത്തു
ന്നതിനു സന്മനസ്സു കാണിച്ചിട്ടുള്ള സുഹൃത്തുക്കൾ ഉൾ
പ്പെടെ സംഘടനാപ്രവർത്തനങ്ങളോടു സഹകരിച്ചു പ്ര
വർത്തിക്കുന്ന എല്ലാ മഹത്തുക്കളോടും കൃതജ്ഞത പ്രകാ
ശിപ്പിക്കുന്നതിനു് ഞങ്ങൾക്കു സന്തോഷമുണ്ടു്.

സി. കെ തോമസു്, ചീരാംകുഴിയിൽ
വി. സി. ജോസഫു്, വെട്ടുകാട്ടിൽ

കുടുംബയോഗം ആഫീസു് (സെക്രട്ടറിമാർ)
ഏറകോന്നി മൗണ്ടു്, പാലാ
1—11—1971

3. എറകോന്നി വയലിൽ കൂട്ടംബയോഗം

കൊഴുവനാൽ

ഈ കൂട്ടംബയോഗം കൊഴുവനൽ കേന്ദ്രമാക്കി 1931 മാച്ച്മാസം 8-ാം തീയതി ശ്രീമാന്മാർ വടക്കേ മുറിയിൽ ഔസേപ്പു ദേവസ്യാ, പൂവക്കളത്തു മത്തായി മത്തായി, വയലിൽ മാത്യു ചാക്കോ എന്നിവരുടെ സഹകരണത്തിലും യശഃശരീരനായ ബ. നെടുന്തകിടിയേൽ അബ്രാഹം (സീനിയർ) അച്ചന്റെ നേതൃത്വത്തിലും ബ. അബ്രാഹമച്ചന്റെ തന്നെ വസതിയായ നെടുന്തകിടിയേൽ സമ്മേളിച്ചു പ്രവർത്തനം ആരംഭിച്ചു.

ഈ കൂട്ടംബയോഗത്തിന്റെ ആദ്യത്തെ പ്രസിഡൻറായി ബ. നെടുന്തകിടിയേൽ അബ്രാഹമച്ചനും സെക്രട്ടറിയും ഖജാൻജിയുമായി യഥാക്രമം ശ്രീമാന്മാർ പൂവക്കളത്തു ചെറിയതു പീലി, വടക്കേമുറിയിൽ ഔസേപ്പു ദേവസ്യാ എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു. നാളിതുവരെയുള്ള പ്രവർത്തനകാലഘട്ടങ്ങളിൽ ഈ കൂട്ടംബയോഗത്തിൽപ്പെട്ട പല അംഗങ്ങളും പിരിഞ്ഞുപോകയോ, മറ്റു സ്ഥലങ്ങളിലേക്കു താമസം മാറുകയോ ചെയ്തിട്ടുണ്ടെങ്കിലും ഇന്നും ഈ കൂട്ടംബയോഗം പ്രശസ്തമായ നിലയിൽ തുടർന്നു പ്രവർത്തിച്ചുപോരികയും കാലാകാലങ്ങളിൽ കൊഴുവനാൽ ഇടവകയിലെ സാംസ്കാരികമണ്ഡലങ്ങളിലും പ്രാദേശികപ്രവർത്തനങ്ങളിലും സജീവമായി ഇടപെട്ട് ഇതിന്റേതായ സംഭാവനകൾ നിർ

ല്ലോഭം നല്കിപ്പോരുകയും ചെയ്യുന്നുവെന്ന വസ്തുത അഭിമാനകരമാണ്.

ഇന്നു പ്രശസ്തമായ നിലയിൽ പ്രവർത്തിച്ചുപോരുന്ന കൊഴുവനാൽ ഫാത്തിമാ മിഷൻ ആശുപത്രിയുടെ നിർമ്മാണത്തിന് വിലപ്പെട്ട സംഭാവനകൾ ഈ യോഗത്തിൽനിന്നും ഇതിലേ അംഗങ്ങളിൽനിന്നും നല്കിയിട്ടുണ്ട്. നിർദ്ധനകുടുംബത്തിൽപ്പെട്ട സാധുയുവതികളുടെ വിവാഹത്തിന് ധനസഹായം നല്കുക, ആശുപത്രിക്കു കിടക്കകളും കട്ടിലുകളും നല്കുക, സ്ഥലത്തെ അഗതിമന്ദിരങ്ങൾക്കു സംഭാവന നല്കുക, മിഷൻ പ്രദേശങ്ങളിലേക്കു സാമ്പത്തികസഹായം എത്തിച്ചുകൊടുക്കുക, സർവ്വോപരി എല്ലാ മാസവും ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി കുർബാന ചൊല്ലിക്കുക ഇവയെല്ലാം ഈ കുടുംബയോഗത്തിന്റെ ബഹുവിധമായ പ്രവർത്തനങ്ങളിൽ ചിലതുമാത്രമാണ്.

ചരിത്രപരമായ വസ്തുതകൾ

എറകോന്നി വയലിൽ കുടുംബത്തിന്റെ ആഗമനത്തേ സംബന്ധിച്ച് ചരിത്രപരവും സുവ്യക്തവും ആധികാരികവുമായ രേഖകൾ ഒന്നുമില്ലെങ്കിലും പാരമ്പര്യമായി പറഞ്ഞറിയപ്പെടുന്നതും വിശ്വാസയോഗ്യവുമായ ചരിത്രവസ്തുതകൾ ഇപ്രകാരമാണ്.

എ. ഡി. പതിനേഴാം നൂററാണ്ടിന്റെ ആരംഭഘട്ടത്തിൽ, എറകോന്നി ഇട്ടിച്ചെറിയയുടെ കുടുംബ

ത്തിന്റെ വിവിധശാഖകളിൽ ഒന്നിൽനിന്നും തൊമ്മൻ എന്നു പേരുള്ള ഒരു കാരണവർ, മേവിട തോടിനു കിഴക്കുവശം "വെട്ടിക്കാട്ടു വയലിൽ" എന്ന കുടുംബപ്പേരിൽ വന്നു താമസിച്ചു. ആ തായ്‌വഴിയിലെ മറെറാരു കാരണവർ മേവിടത്തോടിനു് "അക്കര"യോട്ടു് (പടിഞ്ഞാറുവശം) മാറിത്താമസിച്ചു. പിൽക്കാലത്തു് "ഐക്കര" എന്ന പേരിലറിയപ്പെടുന്നതും പ്രശസ്തമായി ഇന്നും നിലനില്ക്കുന്നതുമായ ഐക്കര തറവാടിന്റെ ആരംഭം ഇപ്രകാരമാണെന്നു വിശ്വസിക്കപ്പെടുന്നു. വയലിൽനിന്നും ഒരു കാരണവർ മേവിട മലയിരുത്തിയിൽ പൂവക്കുളത്തു്, എന്ന വീട്ടുപേരിൽ മാറിത്താമസിച്ചു. തൊമ്മൻ എന്നു പേരുള്ള അദ്ദേഹത്തിനു് അഞ്ചു പുത്രന്മാരാണു് ഉണ്ടായിരുന്നതു്. അവരിൽ ചെറിയതു് എന്ന പേരിലറിയപ്പെടുന്നയാൾ പൂവക്കുളത്തു തറവാട്ടിലും, വക്കി എന്നയാൾ മുല്ലക്കരി തകടിയേൽ എന്ന വീട്ടുപേരിലും, അബ്രാഹം എന്നയാൾ വടയാററുകുന്നേൽ എന്ന വീട്ടുപേരിലും, തൊമ്മൻ എന്നയാൾ വടക്കേമുറിയിൽ എന്ന വീട്ടുപേരിലും അറിയപ്പെടുന്നു.

പൂവക്കുളത്തു കുടുംബം

ഈ ശാഖയിൽ ഇരുപത്തഞ്ചിൽപ്പരം കുടുംബങ്ങൾ ഇപ്പോഴുണ്ടു്. ഏതാനും കുടുംബക്കാർ ഇപ്പോൾ മലബാറിൽ കുടിയേറിപ്പാർത്തിട്ടുണ്ടു്. ഈ കുടുംബത്തിൽപ്പെട്ട ഫാ. മാത്തുക്കുട്ടി സഖറിയാസ് C. M. I. ഉത്തരേന്ത്യയിലുള്ള ചർദാമിഷനിൽ പ്രവർത്തിക്കുന്നു മറെറാരു വൈദികനായ ഫാ. തോമസ് സഖറിയാസ്

തലശ്ശേരി രൂപതയിൽ പ്രവർത്തിക്കുന്നു. പന്ത്രണ്ടു ബ. കന്യാസ്ത്രീകളും ധാരാളം ഉദ്യോഗസ്ഥരും അദ്ധ്യാപകരും ഈ കുടുംബത്തിലുണ്ട്.

വലിയപറമ്പിൽ കുടുംബം

ഈ ശാഖയിൽപ്പെട്ട വളരെയധികം കുടുംബങ്ങൾ കാഞ്ഞിരമറ്റം, വാഴൂർ, ചാമംപതാൽ എന്നീ സ്ഥലങ്ങളിലായി താമസിച്ചുവരുന്നു. അതിൽപ്പെട്ട സുപ്രധാന ശാഖയാണു വരിക്കമാക്കൽ കുടുംബം. ഈ തായ്‌വഴിയിലും ധാരാളം കന്യാസ്ത്രീകളും അദ്ധ്യാപകരും, ഉദ്യോഗസ്ഥരും വൈദികവിദ്യാർത്ഥികളുമുണ്ട്.

വടയാറുകുന്നേൽ കുടുംബം.

ഇവരിൽ പലരും കാഞ്ഞിരമറ്റം, വാഴൂർ മുതലായ സ്ഥലങ്ങളിലേക്കു താമസം മാറിയിട്ടുണ്ട്. പല അംഗങ്ങളും മലബാറിലേക്കു കുടിയേറിപ്പാർത്തിട്ടുമുണ്ട്. ഉദ്യോഗസ്ഥന്മാരും, കന്യാസ്ത്രീകളും അദ്ധ്യാപകരുമടക്കം സംസ്കാരസമ്പന്നമായ കുടുംബമാണിതു്.

വടക്കേമുറിയിൽ കുടുംബം.

ഏറ്റവും പ്രശസ്തമായ നിലയിൽ കഴിഞ്ഞുകൂടുന്ന സുപ്രധാനമായ തായ്‌വഴികളോടുകൂടിയ കുടുംബമാണിതു്. ഈ തായ്‌വഴിയിലും അഞ്ചുപേരാണുള്ളതു്. അതിൽ തൊമ്മൻ കൊച്ചുമുറിയിൽ എന്ന വീട്ടുപേരിലും (ഈ വിഭാഗത്തിലും പലേ കുടുംബങ്ങൾ ഇവിടെയുണ്ട്.) അബ്രാഹം വാക്കത്തുവടക്കേമുറി എന്ന വീട്ടുപേരിലും ഔസേപ്പു നെടുന്തകിടിയേൽ എന്ന വീ

See Pages 229 — 235



Rev. Fr. Abraham Nedumthacady (Senior)
First President



Rev. Fr. Emmanuel Nedumthacady
Second President



Rev. Fr. George Nedumthacady
Third President



V. E. Emmanuel B. A., B. T.
Nedumthacady
Present President



റവ. ഫാ. ജോസഫ് തണ്ണിപ്പാറ
പ്രിൻസിപ്പൽ, ദേവമാതാ കോളെജ്, കുറവിലങ്ങാട്

ട്ടുപേരിലും, മത്തായി കുഴിപ്പള്ളിൽ എന്ന പേരിലും വക്കി വടക്കേമുറിയിൽ എന്ന കുടുംബപ്പേരിലുമാണ് അറിയപ്പെടുന്നത്. ഈ കുടുംബങ്ങളും വീണ്ടും ശാഖോപശാഖകളായിപ്പിരിഞ്ഞിട്ടുണ്ട്.

ഇതിൽപ്പെട്ട സുപ്രധാന തായ്വഴിയാണ് നെടുന്തകിടിയേൽ കുടുംബം. ഈ കുടുംബയോഗത്തിന്റെ സ്ഥാപകനേതാവും യശഃശരീരനുമായ ബ. അബ്രാഹമച്ചൻ (സീനിയർ) ഈയിടെ നിര്യാതനായ ബ. അബ്രാഹം നെടുന്തകിടി B. A. B. T., ഫാ. എമ്മാനുവൽ നെടുന്തകിടി, ഫാ ജോഷ്വ നെടുന്തകിടി, ഫാ. ജോസ് നെടുന്തകിടി M. A., തലശ്ശേരി രൂപതയിൽ സേവനമനുഷ്ഠിക്കുന്ന ഫാ. ജോസഫ് നെടുന്തകിടി, ഫാ. തോമസ് നെടുന്തകിടി, ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് ശ്രീ. V. V. മാണി നെടുന്തകിടി, കരിക്കാട്ടർ C. C. M. ഹെഡ്മാസ്റ്റർ ശ്രീ. V. E. എമ്മാനുവൽ നെടുന്തകിടി B. A. B. T., N. M. അബ്രാഹം B. Sc. B. Com. L. L. B. (കാനഡാ) N. M. അബ്രാഹം B. Sc. B. Ed. (കാനഡാ) N. M. ജോസ് B. E. എന്നിവർ ഈ കുടുംബത്തിൽപ്പെട്ടവരാണ്. ക്രൂരതെ ധാരാളം കന്യാസ്ത്രീകളും അദ്ധ്യാപകരും ഈ കുടുംബത്തിലുണ്ട്.

തണ്ണിപ്പാറെ കുടുംബം

ഐക്കരനിന്നും മാറിപ്പോയ മറ്റൊരു ശാഖയാണ് തണ്ണിപ്പാറക്കുടുംബം. ഈ കുടുംബത്തിന്റെ അനവധി ശാഖകൾ കൊഴുവനാലും മൂഴൂരും വാഴൂരുമാ

യി സ്ഥിതിചെയ്യുന്നു. ഈ കുടുംബങ്ങളിൽപ്പെട്ടവരാണു്, കുറവിലങ്ങാടു ദേവമാതാ കോളെജു് പ്രിൻസിപ്പൽ റവ. ഫാ. ജോസഫ് തണ്ണിപ്പാറ, ക്രാമെത ഫാ: സക്കറിയാസു് തണ്ണിപ്പാറ, ഫാ. അലക്സാണ്ടർ തണ്ണിപ്പാറ C. M. I. ഫാ. അലക്സു് തണ്ണിപ്പാറ, ഫാ. മറിന്തുസു് C. M. I. ഫാ. അലക്സാണ്ടർ S. J, ഫാ. ലാസർ C. M. I, ഡോ. T. C. ജോസഫ് M. B. B. S. M. S, ഫാ. തോമസു് ഐക്കര C. M. I. എന്നിവർ. ക്രാമെത ധാരാളം ബ. കന്യാസ്ത്രീകളും മിഷനറി പ്രവർത്തകരും അദ്ധ്യാപകരും ഈ കുടുംബത്തിലുണ്ടു്.

മറു തായ്വഴികൾ

വയലിൽ കുടുംബത്തിലെ മറു മൂന്നു സുപ്രധാന തായ്വഴികളാണു്, മുണ്ടുപാലയ്ക്കൽ കുടുംബവും ഇടിയാകുന്നേൽ കുടുംബവും, പൂരക്കുന്നേൽ കുടുംബവും. ഈ കുടുംബത്തിൽപ്പെട്ട പലരും പല സ്ഥലങ്ങളിലായി താമസിക്കുന്നു. ഇന്നു വളരെ പ്രശസ്തമായ നിലയിൽ കഴിഞ്ഞുകൂടുന്ന കുടുംബങ്ങളാണു് ഇവ മൂന്നും.

ഈ കുടുംബയോഗത്തിന്റെ സമ്മേളനങ്ങൾ

എല്ലാ മാസവും ആദ്യഞായറാഴ്ച മുൻയോഗത്തിലെ തീരുമാനമനുസരിച്ചു് അംഗങ്ങളുടെ ഭവനങ്ങളിൽ ഉച്ചയ്ക്കു സമ്മേളിക്കുന്നു. ഉച്ചഭക്ഷണത്തിനു ശേഷം പ്രാർത്ഥനയോടുകൂടി യോഗനടപടികൾ ആരംഭിക്കുന്നു. വിവിധവിഷയങ്ങളെപ്പറ്റിയുള്ള ചർച്ചകളുടെ ഫലമായി അംഗങ്ങൾ തമ്മിലുള്ള ഐകൃവും സ്നേഹബന്ധവും കൂടുതൽ ദൃഢതരമാക്കാൻ കഴിയുന്നു. ഫീ

സുപരിവിനും അവസാനം ശ്രുതികരണാത്മാക്കൾക്കു വേണ്ടിയുള്ള പ്രാർത്ഥനയ്ക്കും ശേഷം യോഗം പിരിയുന്നു. ക്രൂടാതെ യോഗത്തിൽ അംഗങ്ങളെ ബാധിക്കുന്ന ദൈനംദിനപ്രശ്നങ്ങളെ സംബന്ധിച്ചും ചർച്ചചെയ്ത് തീരുമാനങ്ങൾ എടുക്കാറുണ്ട്.

ഇപ്പോഴത്തെ ഭരണസമിതി

പ്രസിഡൻറ്: ശ്രീ V. E. എമ്മാനുവൽ B. A. B. T. നെടുന്തകിടി

സെക്രട്ടറി: ,, K. T. സ്കറിയാ പൂവക്കുളം.

ട്രഷറർ: ,, തൊമ്മൻ ചെറിയാൻ കൊച്ചുമുറി

മറ്റു് അംഗങ്ങൾ:–

സർശ്രീ K. T. തോമസ് പൂവക്കുളം, C. O. ഫിലിപ്പ് തണ്ണിപ്പാറ, M. A. ജോൺ മുണ്ടുപാലയ്ക്കൽ, ചാക്കോ ചാക്കോ വയലിൽ, T. P. ബേബി തണ്ണിപ്പാറ, C. J. ജോസഫ് കൊച്ചുമുറി, T. T. ദേവസ്യാ പൂവക്കുളം.

ഈ കൂട്ടംബയോഗത്തിൽ ഇപ്പോൾ 53 അംഗങ്ങളുണ്ട്. സാമാന്യം നല്ല ഒരു തുക ഫണ്ടുമുണ്ട്. യോഗത്തിനു് ഒരു ഓഫീസ് സ്ഥിരമായി പണിയാനുള്ള ശ്രമം ആരംഭിച്ചിരിക്കുകയാണു്.

കൊഴുവനാൽ
15–12–1971

V. E. എമ്മാനുവൽ
പ്രസിഡൻറ്

അനുബന്ധം I

വെട്ടുകാട്ടിൽ ശാഖ

വെട്ടുകാട്ടിൽ കുര്യന്റെ കുടുംബം

(കൂടുതൽ വിവരങ്ങൾ—See Page 29)

കൊട്ടാരം തറവാട്ടിൽനിന്നും വെട്ടുകാട്ടിലേക്കു മാറിത്താമസിച്ച തൊമ്മന്റെ പ്രഥമ പുത്രൻ കുര്യൻ അരുവിത്തുറ കണ്ണമുണ്ടയിൽനിന്നുമാണു് വിവാഹം കഴിച്ചിരുന്നതു്. അദ്ദേഹത്തിനു തൊമ്മൻ എന്നു പേരായ ഒരു പുത്രനും മൂന്നു പുത്രിമാരുമാണുണ്ടായിരുന്നതു്. മൂത്തപുത്രി മറിയത്തിനെ പുളിങ്കുന്നു് കാവാലത്തു് വിവാഹം ചെയ്തയച്ചു. അവളുടെ സന്താനങ്ങളാണു് ഇപ്പോൾ പിഴകിലും രാമപുരത്തും മുട്ടത്തും താമസമാക്കിയിരിക്കുന്ന കാവാലം കുടുംബക്കാർ. രണ്ടാമത്തെ മകൾ അന്നമ്മയെ ഇടപ്പാടിയിൽ ചെറുവള്ളാത്തും ഇളയമകൾ ഏലിയെ അരുവിത്തുറ വെള്ളൂക്കുന്നേലും വിവാഹം ചെയ്തയച്ചു. പുത്രൻ തൊമ്മൻ പാലായിൽ പുഞ്ചക്കുന്നേൽ കുര്യന്റെ മകൾ അന്നയെ വിവാഹം ചെയ്തു. സ്വപിതാവു നിർമ്മിച്ചിരുന്നതും "ഇല്ലത്തു"" എന്ന പേരിലറിയപ്പെട്ടിരുന്നതുമായ പുതിയ കെട്ടിടത്തിലേക്കു താമസം മാറ്റി. ഇതോടുകൂടി തൊമ്മന്റെ കുടുംബം "ഇല്ലത്തു വെട്ടുകാട്ടിൽ" എന്നപേരിൽ അറിയപ്പെടാൻ തുടങ്ങി. ഇദ്ദേഹത്തിനു് ജോസഫ്, തൊമ്മൻ എന്നീ രണ്ടാൺമക്കളും മറിയം എന്ന ഒരു മകളും ജാതരായി. മകൾ മറിയത്തിനെ പൈകയിൽ

പാംബ്ലാനിയിൽ അവിരായുടെ മകൻ മത്തായി വിവാഹം ചെയ്തു.

A വെട്ടുകാട്ടിൽ V. T. ജോസഫ് (ഇല്ലത്തു കൊച്ചേട്ടൻ)

വെട്ടുകാട്ടിൽ ഇല്ലത്തു് തൊമ്മന്റെ പ്രഥമപുത്രൻ ജോസഫ് (വി. റ്റി. ജോസഫ്) മുട്ടുചിറ, ചിറയ്ക്കൽ വക്കീയുടെ മകൾ മറിയത്തെ വിവാഹം ചെയ്തു്, ചെത്തിമറ്റത്തുള്ള കൊളുന്തുംമാട്ടേൽ പുരയിടത്തിലേക്കു മാറിത്താമസിച്ചു. കൃഷികാര്യങ്ങളിൽ ശ്രദ്ധിച്ചുപോന്ന ശ്രീ ജോസഫ് താമസംവിനാ വ്യവസായകാര്യങ്ങളിലും ശ്രദ്ധപതിപ്പിച്ചുതുടങ്ങി. സ്വന്തമായി ഒരു മോട്ടോർ വാഹനം വാങ്ങുകയും ആദ്യമായി ഒരു ബസ്സ് സർവ്വീസ് ആരംഭിക്കുകയും ചെയ്തു. മോട്ടോർ വാഹനങ്ങൾ തുലോം കുറവായിരുന്ന ആ കാലഘട്ടത്തിൽ ഇത്തരം ഒരു സാഹസസംരംഭത്തിനു മുതിർന്ന ശ്രീ ജോസഫ് തുടക്കത്തിൽതന്നെ തന്റെ ബിസിനസ്സിൽ ഉയർച്ച പ്രാപിച്ചുതുടങ്ങി. ഏതാണ്ടു് ഇതേ അവസരത്തിൽതന്നെയാണു് പടിഞ്ഞാറേക്കര ശ്രീ പി. ജെ. തോമസ്, പി. ജെ. ജോസഫ് എന്നിവരും മോട്ടോർ വ്യവസായത്തിലേർപ്പെട്ടതു്. സ്വന്തം കുടുംബാംഗങ്ങൾ തമ്മിൽ ബിസ്സിനസ് മത്സരം ഉണ്ടാവാതിരിക്കുന്നതിനും, കൂടുതൽ പുരോഗതിയുണ്ടാക്കുവാനുമായി ശ്രീ. വി. റ്റി. ജോസഫ് പടിഞ്ഞാറേക്കര തെക്കേക്കുന്നേൽ എന്നീ കുടുംബക്കാരുമായി പങ്കുചേർന്നു് ടി യുണൈറ്റഡ് മോട്ടോർ യൂണിയൻ (U. M. S.) എന്ന പേരിൽ ഒരു മോട്ടോർ കമ്പനി ആരംഭിച്ചു. ഏതാണ്ടു് മുപ്പതു

വർഷത്തോളം പ്രസ്തുത കമ്പനിയിൽ വിവിധ തുറകളി ലായി ശ്രീ ജോസഫ് സേവനം അനുഷ്ഠിക്കുകയുണ്ടാ യി. ഇപ്പോൾ സർവ്വീസിൽനിന്നും വിരമിച്ചു സ്വഭ വനത്തിൽ വിശ്രമിച്ചുപോരുന്ന ശ്രീ ജോസഫിനു് തൊമ്മച്ചൻ, വക്കിച്ചൻ, കുട്ടപ്പൻ, അപ്പച്ചൻ, പാപ്പ ച്ചൻ എന്നിങ്ങനെ അഞ്ചു് ആൺമക്കളും, ത്രേസ്യാമ്മ, മേരിയമ്മ, ക്ലാരമ്മ എന്നു മൂന്നു പുത്രിമാരുമുണ്ടു്.

പ്രഥമപുത്രി ത്രേസ്യാമ്മയെ പാറപ്പള്ളിൽ കു ടുംബാടിൽ ശ്രീ കെ. പി. പൈലോ വിവാഹം ചെയ്തു വണ്ണൻമേട്ടിൽ താമസിച്ചുവരുന്നു. ഇവക്കു് ഒൻപതു സന്താനങ്ങളുണ്ടു്. രണ്ടാമത്തെ മകൾ മേരിയമ്മയെ പൂണ്ടച്ചേരി വട്ടവനാൽ കുഞ്ഞുവിളയുടെ മകൻ ജോസ ഫ് വിവാഹം കഴിച്ചു് മലബാറിൽ കാഞ്ഞൻകാട്ടു് താമസിക്കുന്നു. ഇവക്കു് ഏഴു കുട്ടികളുണ്ടു്. ഇളയപു ത്രി ക്ലാരമ്മയെ ഇടമറ്റം പൂവത്തോട്ടു് തുരുത്തിയിൽ ദേവസ്യായുടെ പുത്രൻ ജോസഫ് വിവാഹം കഴിച്ചു പൂഞ്ഞാറിൽ താമസിച്ചുവരുന്നു. ഇവക്കു് രണ്ടു കുട്ടി കളുണ്ടു്.

വി. ജെ. തോമസ് (തൊമ്മച്ചൻ) വെട്ടുകാട്ടിൽ ഇല്ല ത്തു ശ്രീ. വി. റവി. ജോസഫിന്റെ മൂത്ത പുത്രൻ തോ മസ് ഭരണങ്ങാനത്തു് കിഴക്കേക്കര തോമസിന്റെ മകൾ അന്നക്കുട്ടിയെ വിവാഹം കഴിച്ചു. തോമസിനു ഗ്രേസി എന്നു പേരായ ഒരു പെൺകുട്ടി മാത്രമാണുള്ള തു്. ഗ്രേസിയെ ചെറുമാണ്ടൂർ കുരിവിലോട്ടിൽ ശ്രീ ദേവസ്യായുടെ പുത്രൻ ഈസ്റ്റൺ റെയിൽവേയിലെ

ഒരുദ്യോഗസ്ഥനുമായ ശ്രീ ജോസഫാണ് വിവാഹം ചെയ്തിരിക്കുന്നത്. ഈ ദമ്പതികൾക്ക് ജോയി, ടോമി, മോഹനൻ, രാജു എന്ന നാലാൺമക്കളുണ്ട്. ഇവരിൽ ജോയി ബിസിനസ്സുകാരനും മററുള്ളവർ വിദ്യാർത്ഥികളുമാണ്.

വി. ജെ. ജോർജ്ജ് (വർക്കിച്ചൻ). ശ്രീ വി. ററി. ജോസഫിന്റെ രണ്ടാമത്തെ പുത്രൻ ജോർജ്ജ് താണോലിപ്പള്ളി ഇടവക അമ്പലമററത്തിൽ ശ്രീ സ്കറിയായുടെ പുത്രി അന്നയെ വിവാഹം ചെയ്ത് വണ്ടൻമേട്ടിൽ നെച്ചിത്തുഴ എന്ന സ്ഥലത്ത് താമസിച്ചുവരുന്നു. ഒരു പൊതുക്കാര്യപ്രസക്തനായ ഇദ്ദേഹം പ്രസ്തുത സ്ഥലത്തു സെൻറ് ജോർജ് എൽ. പി. സ്കൂൾ എന്ന പേരിൽ ഒരു സ്കൂൾ സ്ഥാപിക്കുകയും പിന്നീട് അതു് രൂപതയ്ക്കു ദാനംചെയ്യുകയും ചെയ്തു. പ്രസ്തുത സ്ഥാപനം സെൻറ് ജോസഫ് എൽ. പി. സ്കൂൾ എന്ന പേരിൽ ഇപ്പേൾ നെച്ചിത്തുഴ ഇടവകയുടെ കീഴിൽ നടന്നുവരുന്നു. ഇദ്ദേഹത്തിന് ബേബി, രാജു, ജോർജ്ജുകുട്ടി, വിനു, ജോണി, കുട്ടപ്പായി എന്നീ ആൺമക്കളും കുട്ടിയമ്മ, നിർമ്മല, മോളമ്മ, ജെസ്സി എന്നീ പെൺമക്കളുമുണ്ട്. മൂത്തമകൾ കുട്ടിയമ്മയെ ചെറുമാണ്ടൂർ കുരിവിലോട്ടിൽ ദേവസ്യയുടെ പുത്രൻ സെബാസ്റ്റ്യൻ വിവാഹം കഴിച്ചു.

വി. ജെ. ജോസഫ് (ഇല്ലത്തു് കുട്ടപ്പൻ). ശ്രീ വി. ററി. ജോസഫിന്റെ മൂന്നാമത്തെ പുത്രൻ ജോസഫ് പാലാപ്പള്ളി ഇടവക തെങ്ങുംപള്ളിൽ തോമസിന്റെ

മകൾ ആച്ചാമ്മയെ വിവാഹംചെയ്ത് മാതാപിതാക്കളോടൊത്തു തറവാട്ടിൽ താമസിക്കുന്നു. ഒരു ബിസിനസ്സുകാരനായ ശ്രീ ജോസഫ് നാട്ടിലെ എല്ലാ നല്ലകാര്യങ്ങളിലും ആത്മാർത്ഥതയോടുകൂടി മുന്നിട്ടുനിന്നു പ്രവർത്തിക്കുന്ന ഒരു പൊതുപ്രവർത്തകനാണ്. ഇദ്ദേഹത്തിനു് ജോസി, തങ്കച്ചൻ, ബെന്നി എന്നീ ആൺമക്കളും, മേരി, ലാലി എന്നീ പെൺകുട്ടികളുമുണ്ടു്. കുട്ടികൾ എല്ലാവരും വിദ്യാർത്ഥികളാണു്.

വി. ജെ. ജേക്കബ് (അപ്പച്ചൻ). ശ്രീ വി. റ്റി. ജോസഫിന്റെ നാലാമത്തെ മകൻ ജേക്കബ് (അപ്പച്ചൻ) പാലായിലെ സ്കൂൾ വിദ്യാഭ്യാസാനന്തരം മൈസൂർ സെൻറ് ഫിലോമിനാസ് കോളെജ്, മദ്രാസ് ലയോളാ കോളെജ് എന്നിവിടങ്ങളിൽ പഠിച്ചു് ബി. എ. ബിരുദം കരസ്ഥമാക്കി. തുടർന്നു പാലാ സെൻട്രൽ ബാങ്കിൽ സേവനമനുഷ്ഠിച്ചുപോന്നു. ഇദ്ദേഹം ഇപ്പോൾ വണ്ടൻമേട്ടിൽ രാജാക്കണ്ണം എന്ന സ്ഥലത്തു് സ്ഥിരതാമസമാണു്. വണ്ടൻമേട് സഹകരണബാങ്കിന്റെ സ്ഥാപകന്മാരിലൊരാളും അതിന്റെ പ്രഥമ പ്രസിഡൻറുമായ ശ്രീ ജേക്കബ് സഹകരണപ്രസ്ഥാനത്തിലെന്നപോലെതന്നെ മറ്റെല്ലാ പൊതുക്കാര്യങ്ങളിലും ഉൾപ്പെട്ട പ്രവർത്തിച്ചുപോരുന്നു. ഇദ്ദേഹത്തിന്റെ ഭാര്യ ഉള്ളനാട്ടിൽ കാക്കനാട്ട് ശ്രീ ആഗസ്തിയുടെ മകൾ ഏലിയാമ്മ നെച്ചിത്തൂഴ യു. പി. സ്കൂളിലെ ഒരധ്യാപികയാണ്. ഈ ദമ്പതികൾക്ക് ഷാജി, വിജു, ജിക്കു എന്നു മൂന്നു ആൺമക്കളുണ്ടു്.



റവ. ഫാ. ജോസഫ് തണ്ണിപ്പാറയുടെ പൌരോഹിത്യ രജതജൂബിലിയോടനുബന്ധിച്ച്
നടത്തിയ സമൂഹബലി

See Page 234



മുണ്ടാങ്കൽ പള്ളിസെമിറ്ററിയിൽ കൊട്ടാരത്തിൽ കുര്യാപ്പു തൊമ്മന്റെയും ശ്രീമതി ഏലിസബത്തു തൊമ്മന്റെയും പ്രത്യേകം പണികഴിപ്പിച്ചിട്ടുള്ള ശവകുടീരങ്ങളിൽ 1970 ഒക്ടോബർ 15—ാംതീയതി ശ്രീമതി ഏലിസബത്തിന്റെ മരണവാർഷിക ശുശ്രൂഷാകർമ്മങ്ങളും നടന്നപ്പോൾ എടുത്ത പടം. റവ. ഫാദേർസ് സക്കറിയാസ് തെക്കെക്കണ്ടം, മാത്യു കിഴക്കേക്കര, സി. റ്റി. കൊട്ടാരം, ബൽത്താസർ തടിക്കൽ, മാത്യു ആലക്കളം & സെബാസ്റ്റ്യൻ തുടിയൻപ്ലാക്കൽ എന്നിവരേയും പരേതരുടെ പുത്രിമാർ സിസ്റ്റർ മേരി തോമസ്, ശ്രീമതി മറിയം ഈപ്പൻ കിഴക്കേക്കര പുത്തമ്പുരക്കൽ, എന്നിവരെയും പല ബന്ധുക്കളെയും പടത്തിൽ കാണാം.

വി ജെ. സെബാസ്റ്റ്യൻ (പാപ്പച്ചൻ). ശ്രീ വി. റ്റി. ജോസഫിന്റെ ഇളയപുത്രൻ സെബാസ്റ്റ്യൻ പാലാ സെൻ്റ് തോമസ് കോളെജിൽനിന്നു B. Sc. പാസ്സായ ശേഷം സെൻട്രൽ ഗവണ്മെൻറിൽ N. D. S. ലെ ഒരു ഉദ്യോഗസ്ഥനായി സേവനമനുഷ്ഠിച്ചുവരുന്നു. ചെറുപ്പംമുതലേ കായികരംഗത്തും കലാരംഗത്തും താല്പര്യം പ്രദർശിപ്പിച്ചുപോന്ന ശ്രീ സെബാസ്റ്റ്യൻ ഈ രണ്ടു രംഗങ്ങളിലും തന്റെ വൈദഗ്ദ്ധ്യം പതിപ്പിച്ചിട്ടുണ്ട്. വിദ്യാർത്ഥിയായിരിക്കുമ്പോൾ കേരളാ യൂണിവേഴ്സിറ്റി വോളിബോൾ ടീമിൽ പല പ്രാവശ്യം അംഗമായിരുന്നിട്ടുണ്ട്. ഒരു വോളിബോൾ കോച്ചുകൂടിയായ ശ്രീ സെബാസ്റ്റ്യൻ കോട്ടയം ഡിസ്ട്രിക്ട് വോളിബോൾ അസ്സോസിയേഷൻ സെക്രട്ടറിയാണു്. ഇദ്ദേഹം ചേർത്തല പള്ളിപ്പുറത്തു് വാഴത്തറയിൽ ശ്രീ കുഞ്ഞന്റെ മകൾ തങ്കമ്മയെയാണു് വിവാഹം കഴിച്ചിരിക്കുന്നതു്.

B വെട്ടുകാട്ടിൽ ശ്രീ വി. റ്റി. തോമസ് (തൊമ്മൻ)

വെട്ടുകാട്ടിൽ ഇല്ലത്തു ശ്രീ തൊമ്മന്റെ ഇളയപുത്രൻ തൊമ്മൻ കുറവിലങ്ങാട്ടു് പുന്നാംതടത്തിൽ ഉലഹന്നന്റെ മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു സപത്നീകനായിരുന്നപ്പോൾ തറവാട്ടിൽ താമസമാക്കി. പിൽക്കാലത്തു കോഴായിലേക്കും അവിടെനിന്നും മലബാറിലേക്കും താമസംമാറ്റി. ഇദ്ദേഹത്തിനു് ആറു് ആൺമക്കളും, ഒരു പെൺകുട്ടിയുമാണുള്ളതു്. ഏകപുത്രി ഒരു കന്യാസ്ത്രീയാണു്. ശ്രീ തൊമ്മൻ സപുത്രന്മാരോടൊന്നിച്ചു് ഇപ്പോൾ മലബാറിൽ താമസിച്ചുവരുന്നു.

അനുബന്ധം II

മുത്തോലിലെ എറകോന്നി കുടുംബങ്ങൾ

(ജോർജ് തെത്തോട്ടം)

ക്രിസ്തുവർഷം ആയിരാമാണ്ടിടക്ക് മേവിട താമസിച്ചിരുന്ന എറകോന്നി കുടുംബത്തിൽപ്പെട്ട ഇട്ടിച്ചെറിയ എന്ന ഒരു കാരണവർ 17-ാം നൂറ്റാണ്ടിൽ മേവിട, വെട്ടിക്കാട്ട പുരയിടത്തിൽ മാറിത്താമസിക്കുകയുണ്ടായി. ഇദ്ദേഹത്തിനു് ഏഴു പുത്രന്മാരാണു് ഉണ്ടായിരുന്നതു്. അവരിൽ ഒരാളായ തൊമ്മപ്പണിക്കർ പാലായിലെ പുത്തനൂര കുടുംബത്തിന്റേയും മറ്റൊരാളായ പോത്തൻ മുത്തോലിലെ നാഗന്തുലി കുടുംബത്തിന്റേയും തലവന്മാരായിത്തീർന്നു. പുത്തനൂര കുടുംബത്തിന്റെ ചരിത്രം പ്രസിദ്ധപ്പെടുത്തുന്ന ഈ സന്ദർഭത്തിൽ നാഗന്തുലി കുടുംബത്തിന്റെ ചുരുങ്ങിയ ഒരു ചരിത്രം കൂടി അതിന്റെ അനുബന്ധമായി ചേർക്കുന്നതിനു ലഭിച്ച സുവർണ്ണാവസരം ഞങ്ങൾ സഹർഷം സ്വാഗതം ചെയ്യുകയാണു്.

നാഗന്തുലിൽ താമസമാക്കിയ പോത്തനു് നാലു് ആൺമക്കളാണുണ്ടായിരുന്നതു്. അവരിൽ ഒരാൾ തറവാട്ടിൽ താമസിക്കുകയും, മറ്റു മൂന്നുപേർ മണ്ണൂർ, പ്ലാത്തോട്ടം, കൊട്ടുകാപ്പള്ളി (പാലാ) എന്നീ കുടുംബങ്ങളുടെ തലവന്മാരായിത്തീരുകയും ചെയ്തു.

അദ്ധ്യായം I

നാഗന്തുലിൽ കുടുംബവും അതിന്റെ ശാഖകളും

നാഗന്തുലിൽ തറവാട്ടിൽ താമസമാക്കിയ ഇട്ടിച്ചെറിയുക്കു് ആറു് ആൺമക്കളുണ്ടായി. ഒന്നാമൻ മത്തായി പുതിയാത്തും, രണ്ടാമൻ വക്കി തറവാട്ടിലും. മൂന്നാമൻ പോത്തൻ കോക്കപ്പുറത്തും, നാലാമൻ ഔസേപ്പു് കോയിപ്പുറത്തും, അഞ്ചാമൻ ഉലഹന്നൻ കുന്നും പുറത്തും താമസിച്ചു. ആറാമൻ മത്തായിച്ചൻ വൈദികനായി സേവനമനുഷ്ഠിച്ചു.

തറവാട്ടിൽ താമസിച്ച വക്കീക്കു് അഞ്ചു പുത്രന്മാരുണ്ടായി. അവരിൽ ഒന്നാമൻ പോത്തൻ കിഴക്കേ നാഗന്തുലിലും, രണ്ടാമൻ കുര്യൻ തറവാട്ടിലും മൂന്നാമൻ ഉലഹന്നൻ ചൊള്ളനാനിക്കലും നാലാമൻ മത്തായി തെക്കേ കോയിപ്പുറത്തും താമസിച്ചു. ഇളയ പുത്രനാണു് വൈദികനായി ദീർഘകാലം സേവനം അനുഷ്ഠിച്ച ബ. നാഗന്തുലിൽ വലിയ തോമ്മച്ചൻ.

ചിറക്കടവിൽ കിഴക്കേത്തലയ്ക്കൽനിന്നും വിവാഹം കഴിച്ച കുര്യനു് രണ്ടു ആൺമക്കളും ആറു പെൺമക്കളും ഉണ്ടായി. നാഗന്തുലിൽ ബ. കുഞ്ഞുവക്കിച്ചനായിരുന്നു, ഇളയ പുത്രൻ. ഇദ്ദേഹം പാലാ സെന്റു് തോമസു് ഹൈസ്കൂളിന്റെ ആരംഭകാലത്തു് മാനേജരായും, അതിനുശേഷം, കടക്കച്ചിറ, രാമപുരം,

അതിരമ്പുഴ, കാഞ്ഞിരപ്പള്ളി മുതലായ ഇടവകകളിൽ വികാരിയായും പ്രശസ്തമാം വിധം സേവനമനുഷ്ഠിച്ചിട്ടുണ്ട്. പെൺമക്കളിൽ ഏലിയെ പാലായിൽ വട്ടമലയിലും, റോസയെ പ്ലവിത്താനത്തു് ഇലവുങ്കലും, അന്നയെ മുത്തോലിൽ ആഡ്രൂത്തും, ത്രേസ്യായെ പുവത്തോട്ടു് തുരുത്തിയിലും വിവാഹം കഴിപ്പിച്ചുവിട്ടു. പെൺമക്കളിൽ രണ്ടുപേർ കമ്മലമഠത്തിൽ ചേർന്നു. കമ്മലീത്താ മഠത്തിന്റെ പൊതുശ്രേഷ്ഠത്തിയായി ദീർഘകാലം സേവനമനുഷ്ഠിച്ച ബ. മാർഗരീത്താമ്മ അവരിൽ മൂത്തവളായിരുന്നു. മൂത്ത ആൺ ഔസേപ്പു് പാലാ പൂവേലിക്കൽനിന്നുമാണു് ആദ്യം വിവാഹം കഴിച്ചതു്. ഒരു പെൺകുട്ടി ജനിച്ചു് അധികം നാൾ കഴിയുന്നതിനു മുമ്പു്, ഭാര്യ മരണം പ്രാപിച്ചു. മകൾ കർമ്മലീത്താ മഠത്തിൽചേർന്നു് കന്യാസ്ത്രീ ആയിത്തീർന്നു. ഔസേഫു്, മാധവപ്പള്ളിൽ ചെറിയ മകൾ അന്നമ്മയെ പുനർവിവാഹംചെയ്തതിൽ നാലു പുത്രന്മാരും ഏഴു പുത്രിമാരും ഉണ്ടായി. പുത്രന്മാരിൽ കുഞ്ഞും, ജോസഫും ചെറുപ്പത്തിലെതന്നെ മരിച്ചുപോയി. രണ്ടാമൻ ചെറിയാൻ മുത്തോലിൽ പ്ലാക്കാട്ടു് ഇയ്യപ്പൻ മകൾ പെണ്ണമ്മയെ വിവാഹം ചെയ്തു് ഇപ്പോൾ മൈസൂരിൽ കടിയേറി താമസിക്കുന്നു. മൂന്നാമൻ വക്കീ മുത്തോലിൽ സെൻറ് ജോർജ്ജസ് സ്കൂളിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിക്കുന്നു. നാലുപുത്രന്മാരും രണ്ടു പുത്രിമാരും സന്താനങ്ങളായി ഉണ്ടു്.

ഔസേപ്പിന്റെ പെൺമക്കളിൽ റോസ കമ്മലിത്താമഠത്തിൽ ചേന്നു്, സി. ബ്രജിറ്റു് എന്ന പേരു സ്വീകരിച്ചു. അന്നമ്മ മംഗലാപുരം ബഥനിമഠത്തിൽ ചേന്നു് സി. ഫെബിയാനാ എന്ന പേരു സ്വീകരിച്ചു. ക്ലാരക്കുട്ടിയെ, പൂവരണിയിൽ അപ്പി പാറേക്കാട്ടും, ഏലിക്കുട്ടിയെ പ്ലാശനാൽ ഫിലിപ്പു് കടക്കച്ചിറയും, ത്രേസുക്കുട്ടിയെ പൂവരണിയിൽ തോമസു് മൊളോപ്പറമ്പിലും, ഇത്താമ്മയെ തീക്കോയിൽ ജോസഫു് കുന്നത്തും, മേരിയെ പൂവരണിയിൽ ബേബി മറ്റപ്പള്ളിയും വിവാഹം കഴിച്ചു.

നാഗന്തുലിൽ പുതിയാത്തു കുടുംബം

പുതിയത്തു് മത്തായിയ്ക്കു് മത്തായി, പോത്തുണ്ണി, കുഞ്ഞൊമ്മൻ എന്നു് മൂന്നു പുത്രന്മാരുണ്ടായി. ആദ്യത്തെ പുത്രനായ മത്തായി വൈദികനായി. സുപ്രസിദ്ധ വാഗ്മിയായിരുന്ന അദ്ദേഹം ദീർഘനാൾ വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സിലെ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിട്ടുണ്ടു്. രണ്ടാമത്തെ മകൻ പോത്തുണ്ണി മേവിട മൂലമുണ്ടയിൽനിന്നും വിവാഹം കഴിച്ചു് മൂലമുണ്ടയിൽത്തറവാടു് തറവാടാക്കി. മൂന്നാമൻ കുഞ്ഞൊമ്മൻ പുളിങ്കുന്നു് വാച്ചുപ്പറമ്പിൽനിന്നും വിവാഹം കഴിച്ചു. സന്താനങ്ങളില്ലാതെ മരിച്ചുപോയി. സ്വസഹോദരന്റെ മരണാനന്തരം പോത്തുണ്ണി പുതിയാത്തു തിരികെവന്നു് താമസിച്ചു. പോത്തുണ്ണിക്കു് പാപ്പി എന്നു വിളിക്കുന്ന ഒരു പുത്രനും

രണ്ടു പുത്രിമാരുമുണ്ടായി. പാപ്പി മാന്നാനം പെരു മാലിൽനിന്നു് വിവാഹം കഴിച്ചു. ഒരു മകളെ മേവിട ഞാറക്കഴിയിൽനിന്നു് വിവാഹം ചെയ്യിപ്പിച്ചു്, മൂലമുണ്ടയിൽ താമസിപ്പിച്ചു. പാപ്പിക്കു് രണ്ടു പുത്രന്മാരുണ്ടായി. മൂത്തയാൾ വക്കീ പുതിയാത്തു താമസിച്ചു. രണ്ടാമൻ കുഞ്ഞു് മൂലമുണ്ടയിൽ താമസിച്ചു. മൂത്ത പുത്രൻ വർക്കിക്കു് ജോസഫ്, സ്കറിയാ, പാപ്പി, ഫിലിപ്പു് എന്നിങ്ങനെ നാലു പുത്രന്മാരുണ്ടായിരുന്നു. ഇവരിൽ ജോസഫ് കൊഴുവനാൽ നെടുയിന്തുങ്കലേക്കു് താമസമാക്കി. ജോസഫിനു വക്കച്ചൻ, അബ്രാഹം, മത്തച്ചൻ എന്നു മൂന്നു പുത്രന്മാരും, അന്നമ്മ എന്നു പേരുള്ള ഒരു പുത്രിയുമുണ്ടായി. അന്നമ്മ കർമ്മലീത്താ മഠത്തിൽ ചേർന്നു്, സ്കൂളിൽ പഠിപ്പിച്ചുപോരുന്നു.

വക്കച്ചനു് നാലു പുത്രന്മാരും, ഒരു പുത്രിയുമുണ്ടു്. മൂത്തപുത്രൻ C. M. I. വൈദികവിദ്യാർത്ഥിയാണു്. രണ്ടാമൻ അബ്രാഹത്തിനു് അഞ്ചു പുത്രന്മാരും നാലു പുത്രിമാരുമുണ്ടു്. പൊതുജനസമ്മതനും പൊതുക്കാര്യപ്രസക്തനുമായ അബ്രാഹം ഇപ്പോൾ മുത്തോലി പഞ്ചായത്തു മെമ്പറാണു്.

വക്കിയുടെ രണ്ടാമത്തെ പുത്രൻ സ്കറിയായ്ക്കു് ജോസഫ് എന്ന പേരോടുകൂടി ഏക പുത്രൻമാത്രമാണുള്ളതു്. ജോസഫിനു് രണ്ടു പുത്രന്മാരും മൂന്നു് പുത്രികളുമുണ്ടു്. വക്കിയുടെ മൂന്നാമത്തെ പുത്രൻ പാപ്പി വൈദിക വിദ്യാർത്ഥിയായിരുന്ന കാലത്തു് ചരമ

മടഞ്ഞു. ഇളയപുത്രൻ ഫീലിപ്പ് അയർക്കുന്നത്തു കടകശ്ശേരിൽനിന്നു വിവാഹം കഴിച്ചു. നാലു പുത്രന്മാരും മൂന്നു പുത്രിമാരുമുണ്ട്.

മൂലമുണ്ടയിൽ താമസിച്ച കുഞ്ഞിനു് ഒരു മകനും ആറു പെൺമക്കളുമുണ്ടായി. മകൻ ജോസഫ് മൂലമുണ്ടയിൽ, പുള്ളിയിൽ കുഞ്ഞേപ്പു് എന്നു് അറിയപ്പെടുന്നു. അദ്ദേഹത്തിനു അഞ്ചുപുത്രന്മാരും നാലുപുത്രിമാരുമുണ്ട്.

നാഗന്തുലിൽ കോക്കപ്പുറത്തു കുടുംബം

കോക്കപ്പുറത്തു് താമസിച്ച പോത്തനു് ഇട്ടിച്ചെറിയ, പോത്തൻ, കുരുവിള, ഔസേഫ് എന്നീ നാലു പുത്രന്മാരുണ്ടായി. മൂത്ത ആൾ ഇട്ടിച്ചെറിയ വൈദികനായിത്തീരുകയും (ബ. ഇട്ടിച്ചെറിയച്ചൻ) വികാരിയായി പല പള്ളികളിൽ സേവനം അനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ടു്. ഒടുവിൽ സ്വന്തം ഇടവകയായ മുത്തോലിൽ കുരിശുപള്ളിയിൽ വന്നു താമസിക്കുകയും അവിടെ വച്ചു് ചരമമടയുകയും ചെയ്തു.

തറവാട്ടിൽ താമസിച്ച കുരുവിളക്കു പോത്തൻ എന്ന ഒരു പുത്രനുണ്ടായിരുന്നു. പോത്തൻ ചേർപ്പുങ്കൽ നെടുമ്പുറത്തുനിന്നും വിവാഹം ചെയ്തതിൽ രണ്ടു പുത്രിമാർ ജനിച്ചു. മൂത്ത പുത്രിയെ കൊഴുവനാൽ തോണക്കരയിലും രണ്ടാമത്തെ പുത്രിയെ ആനിക്കാട്ടു് പാലാപ്പുറമ്പിലും വിവാഹം ചെയ്തു വിട്ടു.

കുരുവിളയുടെ സഹോദരൻ, കരൂർ കയത്തുംകരയിൽനിന്നും വിവാഹം ചെയ്തതിൽ കുറു, ജോസഫ് എന്നു രണ്ടു പുത്രന്മാർ ജനിച്ചു. കുറു വിവാഹം കഴിച്ച് തറവാട്ടിൽ താമസിച്ചു. ജോസഫ് വിവാഹം കഴിച്ച് മാതൃഭവനമായ കയത്തുങ്കരയും താമസിച്ചു. കുറുവിന്റെ ആദ്യവിവാഹത്തിൽ ഒരു പുത്രനും ഒരു പുത്രിയും ജനിച്ചു. പുത്രൻ പൂവരണിയിൽ നരിക്കുഴിയിൽനിന്നും വിവാഹം കഴിച്ച് ഭാര്യവീട്ടിൽ താമസിക്കുന്നു. കുറുവിന്റെ പുനർവിവാഹത്തിൽ നാലു പുത്രന്മാരും നാലു പുത്രിമാരും ജനിച്ചു. കുറുവിന്റെ മരണശേഷം മക്കൾ സ്ഥലം വിററ് മരങ്ങാട്ടുപിള്ളിയിൽ താമസമാക്കി.

<u>ഈററിയാങ്കൽ ശാഖ:</u> കോക്കപ്പുറത്ത് ഔസേപ്പ് ഈററിയാങ്കൽ താമസിച്ചു. പോത്തൻ എന്ന ഒരു പുത്രനുണ്ടായിരുന്നു. പോത്തന്റെ ഏക പുത്രിയാണ് അന്ന. അന്നയ്ക്ക് ജോസഫ് എന്ന ഒരു പുത്രനും ഏലമ്മ, മറിയക്കുട്ടി എന്നീ പുത്രിമാരും ഉണ്ടായി. പുത്രിമാർ രണ്ടുപേരും അദ്ധ്യാപകവൃത്തിയിലാണ്.

നാഗനൂലിൽ

വടക്കേ കോയിപ്പുറത്തു കുടുംബം

വടക്കേകോയിപ്പുറത്തേക്ക് മാറിത്താമസിച്ച ഔസേപ്പിന്, പോത്തൻ, ഔസേപ്പ്, ഉലഹന്നൻ, മത്തായി എന്ന് നാലു പുത്രന്മാർ ജനിച്ചു. ഒന്നാമൻ പോത്തൻ ഞാററുകാലാക്കുന്നേലും, രണ്ടാമൻ ഔസേ



ഇൻറർ നാഷനൽ ലിംഗ്വിസ്റ്റിക് & കൾച്ചറൾ ഇൻസ്റ്റിട്ടുട്ടിലെ രണ്ടാമത്തെ കോൺവക്കേഷനിൽ കേരളാ ചീഫ് മിനിസ്റ്റർ ശ്രീ സി. അച്ചുതമേനോൻ ആദ്ധ്യക്ഷം വഹിച്ച പ്രസംഗിക്കുന്നു. ഡോ. കൊട്ടാരം, മിസ്സസ് അച്ചുതമേനോൻ എന്നിവരാണു സമീപം.



ഇൻറർ നാഷനൽ ലിംഗ്വിസ്റ്റിക് & കൾച്ചറൾ ഇൻസ്റ്റിട്ടുട്ട് കെട്ടിടത്തിൻെറ ഉദ്ഘാടനം കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ തിരുമേനി നിർവ്വഹിച്ചു. പാലാ മെത്രാൻ ഡോ. സെബാസ്റ്റ്യൻ വയലിൽ തിരുമേനിയും തദവസരത്തിൽ സന്നിഹിതനായിരുന്നു. (15-9-1969)



ഇൻഡ്യൻ വൈസ് പ്രസിഡണ്ട് ഡോ. ജി. എസ് പാൾക് ഇൻസ്റ്റിട്ടുട്ടിലെ പ്രഥമ കോൺവക്കേഷനിൽ ആദ്ധ്യക്ഷം വഹിച്ചു 142 പേർക്കു ഡിപ്ലോമാ നല്കി. (16-4-1970)

പ്പ് വടക്കേകോയിപ്പുറത്തും, മൂന്നാമൻ ഉലഹന്നൻ കളപ്പുരയ്ക്കലും താമസിച്ചു. നാലാമൻ മത്തായി വൈദികവൃത്തിക്കുപോയി വൈദികനായി. ഞാറുകാലാക്കന്നേൽ പോത്തനു് കുഞ്ഞമ്മൻ, ഇട്ടപ്പു് എന്നു രണ്ടു പുത്രന്മാരുണ്ടായി. കുഞ്ഞമ്മൻ മഠത്തിൽപുരയിടത്തിലേക്കു് താമസം മാറി. അദ്ദേഹത്തിനു് ഒരു പുത്രനും ഒരു പുത്രിയുമുണ്ടായി. പുത്രിയെ ഏറുമാനൂർ ഞമ്പുരിൽ വിവാഹം കഴിപ്പിച്ചുവിട്ടു. ഏകപുത്രൻ പീലി മഠത്തിൽപുരയിടത്തിൽ പാർത്തുപോന്നു. പീലിക്കു് രണ്ടു പുത്രന്മാരും ഒരു പുത്രിയുമുണ്ടു്.

തറവാട്ടിൽ താമസിച്ച ഇട്ടപ്പുനു് രണ്ടു പുത്രിന്മാർ മാത്രമേ ഉണ്ടായിരുന്നൊള്ളൂ. മൂത്ത ആറാം കമ്മലീത്താ മഠത്തിൽ ചേർന്ന സൂസന്നാമ്മയാണു്. ഇളയ പുത്രിയെ പാലാ പുഞ്ചക്കുന്നേൽ ഔസേഫ്വിവാഹം ചെയ്തു് ദത്തവകാശത്തിൽ താമസിക്കുന്നു. ഔസേഫിനു് ജോസഫ് എന്ന ഒരു പുത്രനും ഒരു പുത്രിയുമുണ്ടു്. പുത്രി മേരി ചങ്ങനാശ്ശേരി അസംപ്ഷൻ കോളെജ് ലക്ചററാണു്. ജോസഫിനു് മൂന്നു പുത്രന്മാരും നാലു പുത്രിമാരുമുണ്ടു്.

വടക്കേകോയിപ്പുറത്തുനിന്നും കളപ്പുരക്കലേക്കു് മാറിത്താമസിച്ച ഉലഹന്നനു് തമ്പി, ഔസേഫ് മാത്തൻ എന്നു് മൂന്നു പുത്രന്മാർ ഉണ്ടായിരുന്നു. തമ്പി തറവാട്ടിലും ഔസേഫ് എരുമേലിലും, മാത്തൻ വാഴയും താമസമാക്കി. മൂത്ത മകൻ തമ്പിസന്താനമില്ലാതെ മരിച്ചു. ഔസേഫിനു രണ്ടു പുത്രന്മാരുണ്ടു്.

നാഗർകോവിൽ വടക്കേ കോയിപ്പുറത്തു ശാഖ

വടക്കേ കോയിപ്പുറത്തു താമസിച്ച ഔസേപ്പിനു് ഒരു പുത്രനും രണ്ടു പുത്രിമാരും ജനിച്ചു. ഒരു പുത്രി ഏലിയെ കൊഴുവനാൽ വെട്ടുവേലിൽ ഉലഹന്നൻ വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി ത്രേസ്യയെ കുരുവനാൽ കല്ലുർകുന്നേലും വിവാഹം ചെയ്തു് അയച്ചു. ഏക പുത്രൻ കുഞ്ഞൊമ്മൻ പൂവരണിയിൽ പുല്ലാട്ടു നിന്നും വിവാഹം ചെയ്തു. ഒരു പുത്രി ജനിച്ചു. ആ മകളെയാണു് മാധവപ്പള്ളിൽ വർക്കി വിവാഹം ചെയ്തതു്. കുഞ്ഞൊമ്മന്റെ ഭാര്യ മരിച്ചു പോകയാൽ ഇടമറ്റത്തു് ഇലഞ്ഞിമറ്റത്തു നിന്നും പുനർ വിവാഹം ചെയ്തു. ജോസഫ്, തോമസ്, ജോർജ്ജ്, മാത്യു എന്നു നാലു പുത്രന്മാരും, മറിയക്കുട്ടി ഏലിക്കുട്ടി എന്നു് രണ്ടു പുത്രിന്മാരും, ജനിച്ചു. മറിയക്കുട്ടിയെ പാലായിൽ കട്ടക്കയത്തിൽ വിവാഹം ചെയ്തു വിട്ടു. രണ്ടാമത്ത പുത്രി ഏലിക്കുട്ടി ആരാധന മഠത്തിൽ ചേർന്നു. ഇപ്പോഴത്തെ പേർ സിസ്റ്റർ ഫിലോമിനാ എന്നാണു്. കുഞ്ഞൊമ്മന്റെ മൂത്ത പുത്രൻ ജോസഫ് പാലായിൽനിന്നും തെരുവിൽ അന്നമ്മയെ വിവാഹംകഴിച്ചു്, വാഴൂരിൽ താമസിക്കുന്നു. തോമസ്, ജോസഫ്, മാത്യു, ജോജ്ജ്, ബേബി, ജോസ് എന്നു് ആറു പുത്രന്മാരും അഞ്ചു പുത്രിമാരും ഉണ്ടു്. മൂത്ത പുത്രൻതോമസ്, ഈശോ സഭാ വൈദികനും മാത്യു ജോജ്ജ് എന്നിവർ ഹൈസ്കൂൾ അദ്ധ്യാപകരും മറ്റുള്ളവർ വിദ്യാർത്ഥികളുമാണു്.

കുഞ്ഞാമ്മന്റെ രണ്ടാമത്തെ പുത്രൻ തോമസ്, ഒരു അഡ്വക്കേറ്റാണ്. മലബാറിൽ സ്ഥലം വാങ്ങി മാറിത്താമസിക്കുന്നു. അദ്ദേഹത്തിനു് തോമസ്, ചെറിയാൻ, ജോസ്, ജോജ്ജ്, റോം എന്നീ പുത്രന്മാരും മൂന്നു പുത്രിമാരുമുണ്ടു്. മൂത്ത പുത്രൻ തോമസ് കമ്മിലിത്താ വൈദികനാണു്. ഇപ്പോഴത്തെ പേർ ഫാ. ജസ്റ്റിൻ, എന്നാണു്. കമ്മിലിത്താ സഭയുടെ കൺസൾട്ടറായി ഇപ്പോൾ റോമിൽ ജോലി ചെയ്തു വരുന്നു. ചെറിയാൻ പിതാവിന്റെ കൂടെ താമസിക്കുന്നു. ഒരു പുത്രിയെ, പാലായിൽമാധവത്തു ജോയി വിവാഹം കഴിച്ചു. മറ്റുള്ളവർ പഠിക്കുന്നു.

കുഞ്ഞാമ്മന്റെ മൂത്ത പുത്രൻ ബാല്യദശയിൽതന്നെ മരിച്ചുപോയി. നാലാമത്തെ പുത്രൻ പാപ്പച്ചൻ വടക്കേ കോയിപ്പുറത്തു തറവാട്ടിൽ താമസിക്കുന്നു. കർത്താർ കയത്തുംകരയിൽനിന്നും വിവാഹം കഴിച്ചു. ജോയി, ജോസ്, ബേബി എന്നു മൂന്നു പുത്രന്മാരും നാലുപുത്രിമാരുമുണ്ടു്. പുത്രിമാരിൽ ലീലാമ്മയും, ലൂസിയും ആരാധനമഠത്തിൽ ചേർന്നു് സി. എലിസബത്തു്, സി. മരീനാ എന്നീ പേരുകൾ സ്വീകരിച്ചു.

നാഗനൂച്ചിൽ കുന്നുംപുറത്തു് ശാഖ

നാഗനൂച്ചിൽ നിന്നു കുന്നുംപുറത്തു താമസിച്ച ഉലഹന്നനു് രണ്ടു പുത്രന്മാരും ആറു പുത്രിമാരുമുണ്ടായി. പുത്രന്മാർ രണ്ടും മരിച്ചുപോയതിനാൽ മുന്നാ

മരത്ത പുത്രിയെ ഭരണങ്ങാനത്തു തോട്ടത്തിൽ മാണി എന്ന ആളെക്കൊണ്ടു് വിവാഹം ചെയ്യിച്ചു് മത്തവ കാശത്തിൽ താമസിപ്പിച്ചു. അവൾക്ക കുഞ്ഞച്ചൻ എന്ന മറുനാമമുള്ള ഉലഹന്നൻ ജനിച്ചു. കുഞ്ഞച്ചൻ മുട്ടു ചിറ മുരിക്കൽ കുടുംബത്തിൽനിന്നും വിവാഹം ചെയ്തു. ഔസേഫ് ചാക്കോ എന്ന പുത്രന്മാരും അഞ്ചു പുത്രിമാരും ജനിച്ചു. അവരിൽ ഒരാൾ കർമ്മലീത്താ മഠത്തിൽ ചേർന്നു് അർസീനാമ്മ എന്ന പേരു സ്വീകരിച്ചു. മൂത്ത പുത്രൻ ഔസേഫ് പൂവരണിയിൽ പാറേക്കാട്ടിൽ നിന്നു വിവാഹം കഴിച്ചു. ജോൺ, ജോസഫ്, ചെറിയാൻ എന്നു് മൂന്നു പുത്രന്മാരും അന്നമ്മ, റോസമ്മ, ഏലിക്കുട്ടി എന്ന പുത്രിമാരും ജനിച്ചു. രണ്ടാമത്തെ പുത്രി റോസമ്മ കർമ്മലീത്താ മഠത്തിൽ പ്രവേശിച്ചു് ലൂസിയാമ്മ എന്നറിയപ്പെട്ടു.

മൂത്ത പുത്രൻ ജോൺ പുളിംകുന്നിൽ ഇല്ലിപ്പറമ്പിൽനിന്നും വിവാഹം ചെയ്തു. ജോസഫ് എന്ന ഒരു പുത്രൻ ജനിച്ചു. ഇപ്പോൾ കോതമംഗലത്തു താമസിക്കുന്നു. ജോണിന്റെ ഭാര്യയുടെ മരണാനന്തരം പാലായിൽ ചെമ്പകശ്ശേരിൽനിന്നു് പുനർവിവാഹം ചെയ്തു. ജോൺ, ഗീ, ജോസഫ്, എന്ന പുത്രന്മാരും നാലു പുത്രിമാരുണ്ടു്. ഒരു പുത്രി കന്യകാമഠത്തിൽ പ്രവേശിച്ചു് പശ്ചിമജർമ്മിനിയിൽ പഠനം നടത്തുന്നു. മറ്റു പുത്രിമാർ വിദ്യാർത്ഥികളാകുന്നു.

ഔസേഫിന്റെ രണ്ടാത്തെ മകൻ ജോസഫ് പുളിംകുന്നിൽ കല്ലിപ്പറമ്പിൽനിന്നു് വിവാഹം ചെ

യ്ത് മലബാറിൽ താമസിക്കുന്നു. മൂന്നു പുത്രന്മാരും 4 പുത്രിമാരുമുണ്ട്. രണ്ടു പുത്രന്മാർ എൻജനിയറിങ്ങ് പാസ്സായി, ഇപ്പോൾ ഉദ്യോഗത്തിലാണ്. ഔസേപ്പിന്റെ മൂന്നാമത്തെ പുത്രൻ തെക്കൻതിരുവിതാംകൂറിൽ കുഴിത്തുറയിൽ താമസിക്കുന്നു. ആലപ്പുഴയിൽ തെങ്ങുംമൂട്ടിൽ ചെന്നക്കാട്ടിൽ നിന്നു വിവാഹം കഴിച്ചു. മൂന്നു പുത്രന്മാരും 4 പുത്രിമാരുമുണ്ട്. മൂത്ത പുത്രൻ ജോളി ഒരു ഡെൻറൽ ഡോക്ടർ ആണ്.

കുന്നംപുറത്ത് കുഞ്ഞച്ചന്റെ രണ്ടാമത്തെ പുത്രൻ ചാക്കോ മുട്ടുചിറ നിധിയിരിക്കൽനിന്നും വിവാഹം കഴിച്ചു. ജോൺ, ജോജ്ജ്, ജോസഫ്, തോമസ് എന്നു് നാലു പുത്രന്മാരും നാലു പുത്രിമാരുമുണ്ടായി. മൂത്തപുത്രൻ ജോൺ ചങ്ങനാശ്ശേരിൽ തച്ചങ്കരിയിൽ നിന്നും വിവാഹം കഴിച്ചു. മൂന്നു പുത്രന്മാരും നാലു പുത്രിമാരുമുണ്ട്. രണ്ടാമത്തെ പുത്രൻ ജോജ്ജ് പുളിങ്കുന്നിൽ വാച്ചാപാമ്പിൽനിന്നും വിവാഹം ചെയ്തു. നാലു പുത്രന്മാരും രണ്ടു പുത്രിമാരുമുണ്ടായി. മൂന്നാമത്തെ മകൻ ജോസഫ് കടപ്ലാമറ്റം വി. എക്സ്. ചെറിയാന്റെ മകളെ പെണ്ണമ്മയെ വിവാഹം ചെയ്ത് മലബാറിൽ താമസിക്കുന്നു. നാലാമത്തെ മകൻ തോമസിനു് രണ്ടു പുത്രന്മാരും ഒരു പുത്രിയുമുണ്ട്. മൂന്നുപേരും പഠിച്ചുകൊണ്ടിരിക്കുന്നു.

കീഴക്കേനാഗന്തുലിൽ ശാഖ

നാഗന്തുലിൽ വക്കീയുടെ മകൻ പോത്തൻ കീഴക്കേനാഗന്തുചിൽ താമസിച്ചു. ഏലി എന്ന ഒരു പുത്രി മാത്രം ജനിച്ചു. മൂത്തോലി കീഴക്കേക്കര ജോസഫ്, ഏലിയെ വിവാഹം ചെയ്ത് ഭത്തവകാശമായി നാഗന്തുവിൽ താമസമാക്കുകയും ചെയ്തു. ജോസഫിനു് രണ്ടു പെൺമക്കൾ ജനിച്ചു. മൂത്തപുത്രി ബ്രിജിത്തായെ കുര്യൻ ഞാവള്ളിൽ തുണ്ടങ്കൽ വിവാഹംചെയ്തുവിട്ടു. രണ്ടാമത്തെ പുത്രി റോസയെ പാലാ ചീരാങ്കുഴിയിൽ മത്തി വിവാഹം ചെയ്ത്, കീഴക്കേ നാഗന്തുലിൽ ഭത്തവകാശമായി താമസിച്ചു. മത്തായിക്കു് ഫിലിപ്പ്, ഏലിക്കുട്ടി അന്നമ്മ എന്നീ മൂന്നു സന്താനങ്ങളുണ്ടായി. ഏലിക്കുട്ടി കമ്മലീത്താ മഠത്തിൽച്ചേന്നു് സി. സെലീനാ എന്ന പേരു സ്വീകരിച്ചു. ഇപ്പോൾ പാലാ കമ്മലാരമം ഹോസ്റ്റലിലാണു്. അന്നമ്മയെ പൂവത്തോട്ട് കൊട്ടാരത്തുംകുഴിയിൽ മത്തായി വിവാഹം കഴിച്ചു. മത്തയുടെ ഭാര്യ മരിച്ചുപോയതിനാൽ മൂത്തോലി പ്ലാക്കാട്ട കോരയുടെ മകൾ കുഞ്ഞാമ്മിയെ വിവാഹം ചെയ്ത് ചെരികുന്നേൽ താമസമാക്കി. തോമസ്, കുര്യൻ, ജോസഫ്, മാത്യു, ദേവസ്യാ, ചാക്കോ എന്നു് 6 പുത്രന്മാരും, തെയ്യാമ്മ, മറിയാമ്മ, ഏലമ്മ എന്നു 3 പുത്രിമാരുമുണ്ടായി. മൂത്തപുത്രി തെയ്യാമ്മയെ വാഴൂർ കളത്തൂരും, ഏലമ്മയെ കാഞ്ഞിരമറ്റം വെട്ടുവേലിലും വിവാഹം ചെയ്തയച്ചു. മറിയാമ്മ കമ്മലീത്താ മഠത്തിൽച്ചേന്നു് സി. അനൻസിയാ എന്ന പേരു സ്വീകരിച്ച് ഇപ്പോൾ മൂത്തോലി മഠത്തിൽ താമസിക്കുന്നു.

കിഴക്കേനടഗന്തൂലിൽ (ചെരികുന്നേൽ) ഫിലി പ്പ്, മുത്തോലിൽ മണ്ണൂർ ലൂക്കാ തൊമ്മൻറെ മകൾ മാ മ്മിയെ വിവാഹം ചെയ്തു. അവക്ക് തോമസ്, ജോസ ഫ്, ഫിലിപ്പ്, മാത്യു, ജോർജ്ജ്, സെബാസ്റ്റ്യൻ എ ന്നു 6 പുത്രന്മാരും, റോസ, ഏലിക്കുട്ടി എന്നു രണ്ടു പുത്രിമാരുമുണ്ടായി. റോസയെ പൈങ്ങളത്തു കുഴി കളത്തിൽ വിവാഹം ചെയ്തയച്ചു. ഏലിക്കുട്ടി കന്മ ലീത്താമഠത്തിൽ ചേന്നു സി. ജൂസാ എന്ന പേരു സ്വീ കരിച്ചു. തോമസ് കുറവിലങ്ങാട്ട് പാറാനിയിൽ നിന്നും, ജോസഫ് പാലായിൽ കിഴക്കേടത്തുനിന്നും, മാത്യു പൈങ്ങളം പുന്നക്കുന്നേൽനിന്നും, ഫിലിപ്പ്, ഐക്കരച്ചിറ കളമ്പാട്ടുഭാഗത്തിൽനിന്നും, ജോർജ് കുപ്പാ ട്ട് തെരുവുംകുന്നേൽനിന്നും, സെബാസ്റ്റ്യൻ കുറവി ലങ്ങാട്ട് പാറാനിയിൽനിന്നും വിവാഹം കഴിച്ചു. തോ മസും, മാത്യുവും, ഫിലിപ്പും കഴിത്തൂറയും, ജോസഫ് കുപ്പാട്ട് മുഴിക്കാട്ടും മാറിത്താമസിക്കുന്നു.

മത്തയുടെ രണ്ടാമത്തെ മകൻ തൊമ്മച്ചൻ മുത്തോലി മണ്ണൂർ പെറിയയ്യ തൊമ്മൻ മകൾ കുഞ്ഞു പെണ്ണിനെ വിവാഹം കഴിച്ചു. അവക്ക് രണ്ട് ആൺ മക്കളും 6 പെൺമക്കളും ഉണ്ട്. പെൺമക്കളിൽ മൂത്തമകൾ മേരിയെ കട്ടക്കയത്തു ചെറിയാച്ചൻ വി വാഹം ചെയ്തു. രണ്ടാമത്തെ മകൾ അച്ചാമ്മയും മൂന്നാമത്തെ മകൾ ഫിലോമിനായും തിരുവല്ലയാ ത്തിൽ ചേന്നു, സി. മൈക്കിൾ മേരി, സി കൺസീ ലിയാ എന്നീ പേരുകളിൽ അറിയപ്പെട്ടു.

ജോസഫ് പാലായിൽ കുട്ടക്കത്തുനിന്നും വിവാഹം ചെയ്തതിൽ രണ്ടുപുത്രന്മാരും മൂന്നു പുത്രിമാരുമുണ്ട്. മാത്യു തോടനാൽ നായിപ്പുരയിടത്തുനിന്നും വിവാഹം ചെയ്ത് ഭത്തുനില്ക്കുന്നു. മൂന്നു പുത്രന്മാരും നാലു പുത്രിമാരുമുണ്ട്. ഭേവസ്യാച്ചൻ എടമറുക് മുക്കൻതോട്ടത്തുനിന്നും വിവാഹംചെയ്തു. രണ്ടുപുത്രന്മാരും രണ്ടു പുത്രിയുമുണ്ട്. വക്കച്ചൻ തുങ്കുഴിയിൽനിന്നും വിവാഹം കഴിച്ചു. മൂന്നു പുത്രന്മാരും അഞ്ചു പെൺമക്കളുമുണ്ട്. ചാക്കോ ഭരണങ്ങാനത്തു കുലയത്തിനാൽനിന്നും വിവാഹം കഴിച്ച് കുടുംബത്തിൽ താമസിക്കുന്നു. തൊമ്മച്ചനും, ജോസഫും, വക്കച്ചനും കുഴിത്തൂറയ്ക്കുടുത്ത് നെട്ടയിൽ താമസിക്കുന്നു.

നാഗന്തുലിൽ, ചൊള്ളനാനിക്കൽ ശാഖ

നാഗന്തുലിൽനിന്നും ചൊള്ളനാനിക്കൽ താമസിച്ച വക്കി ഉലഹന്നനു് ഔസേപ്പ്, വക്കി എന്നു് രണ്ടു പുത്രന്മാരും, കുഞ്ഞുപെണ്ണു്, മാമ്മി എന്ന രണ്ടു പുത്രിമാരുമുണ്ടായി. കുഞ്ഞുപെണ്ണിനെ ചേർപ്പുങ്കൽ വാകത്താനത്തു കുടുംബത്തിലും, മാമ്മിയെ അരുവിത്തുറ വലിയവീട്ടിലും വിവാഹം കഴിപ്പിച്ചു വിട്ടു. ഉലഹന്നന്റെ മൂത്തപുത്രൻ ഔസേപ്പ്, മുത്തോലിൽ ഐക്കരയിലും പിന്നീടു് കുന്നയിലും മാറിത്താമസിച്ചു. പയപ്പാറയിൽ പുഞ്ചൻകണ്ടത്തിൽനിന്നും വിവാഹം ചെയ്തു. അവർക്കു് ജോൺ, വക്കി, ചാക്കോ, ജോസഫ്, തോമസ് എന്ന പുത്രന്മാരും, മാമ്മി അന്നക്കുട്ടി

എന്ന പുത്രിമാരും ജാതരായി. മാമ്മി തിരുഹൃദയ മഠത്തിൽ ചേർന്നു. അന്നക്കുട്ടിയെ കുപ്പാട്ട് കണ്ടത്തിൽ വിവാഹം ചെയ്തിച്ചു വിട്ടു.

ഔസേപ്പിന്റെ മൂത്തപുത്രൻ ജോൺ കുപ്പാട്ട് കരിപ്പാൽനിന്നും വിവാഹം ചെയ്തു. നാലു പുത്രന്മാരും മൂന്നു പുത്രിമാരും ജനിച്ചു. അവരെല്ലാവരും ഇപ്പോൾ മലബാറിൽ കാഞ്ഞങ്ങാട്ടിൽ താമസിക്കുന്നു. ഔസേപ്പിന്റെ രണ്ടാമത്തെ പുത്രൻ വക്കി, പിഴകിൽ കരുപള്ളിൽനിന്നും വിവാഹം ചെയ്തു. രണ്ട് ആൺകുട്ടികളും അഞ്ചു പെൺകുട്ടികളുമുണ്ട്. ഔസേപ്പിന്റെ മൂന്നാമത്തെ മകൻ ചാക്കോ അരുവിത്തുറ പുളിക്കൽനിന്നും വിവാഹംചെയ്തു കല്ലാനിക്കാട്ട് താമസിക്കുന്നു. രണ്ടു പുത്രന്മാരും ഒരു പുത്രിയുമുണ്ട്. ഔസേപ്പിന്റെ നാലാമത്തെ മകൻ ജോസഫ് മീനച്ചിൽ കാഞ്ഞിരപ്പള്ളിയിൽ മുത്തുപോയിരിക്കയാണു്. മൂന്ന് ആൺകുട്ടികളും രണ്ടു പെൺകുട്ടികളുമുണ്ട്. ഔസേപ്പിന്റെ അഞ്ചാമത്തെ പുത്രൻ തോമസ് പൈങ്ങുളത്തു് പട്ടേട്ടനിന്നു് വിവാഹംചെയ്തു് മലബാറിൽ കാഞ്ഞങ്കാട്ട് താമസിക്കുന്നു. രണ്ടു പുത്രന്മാരും രണ്ടു പുത്രിമാരുമുണ്ട്.

ചൊള്ളനാനിക്കൽ ഉലഹന്നന്റെ ഇളയ പുത്രൻ വക്കി തറവാട്ടിൽ താമസിച്ചു. പാലായിൽ വെള്ളിപ്പാട്ടു നിന്നും വിവാഹം ചെയ്തു. ജോൺ, തെയ്യാമ്മ, അന്നക്കുട്ടി, മറിയക്കുട്ടി എന്നു് നാലു സന്താനങ്ങൾ ജനിച്ചു. ഏക പുത്രനായ ജോൺ രാമപുരത്തു്

ഇടക്കരയിൽ നിന്നും വിവാഹം ചെയ്തു. ഇപ്പോൾ മലബാറിൽകാഞ്ഞംകാട്ട താമസിക്കുന്നു. രണ്ടു പുത്രന്മാരും രണ്ടു പുത്രിമാരുമുണ്ട്. മൂത്ത പുത്രൻ ജോജ്ജ് അദ്ധ്യാപകനാണ്.

നാഗന്തുലിൽ തെക്കേ കോയിപ്പുറത്തു ശാഖ

നാഗന്തുലിൽനിന്നും തെക്കേകോയിപ്പുറത്തു താമസിച്ചു വക്കി മത്തായി പാലായിൽ മണ്ഡവത്തിൽ നിന്നും വിവാഹം ചെയ്തു. വക്കി, തൊമ്മൻ, ജോസഫ്, ഫിലിപ്പ് എന്ന അഞ്ചു പുത്രന്മാരും, കുഞ്ഞേലി, കൊച്ചന്ന എന്ന രണ്ടു പുത്രിമാരും, അവർക്ക് ഉണ്ടായി. മൂന്നാമത്തെ മകൻ ജോസഫ് വൈദികനായിത്തീർന്നു. അദ്ദേഹം അഞ്ചു വർഷകാലം പാലാ സെൻറ് തോമസ് ഹൈസ്കൂൾ മാനേജരായും പിന്നീട് ഇടമുറി, പുന്നത്തുറ, അറക്കുളം, കുറമണ്ണ്, തുടങ്ങനാട്, അരുവിത്തുറ, ഇലഞ്ഞി, മട്ടുചിറ, പാലാ കത്തീഡ്രൽ മുതലായി പല പള്ളികളിലും വികാരിയായും സ്തുത്യർഹമാംവിധം ഭരണം നടത്തിയിട്ടുണ്ട്. 1970—ൽ അദ്ദേഹം ജോലിയിൽനിന്നു വിരമിച്ചു കത്തീഡ്രൽ പള്ളിമേടയിൽ വിശ്രമിച്ചുവരുന്നു.

മത്തായിയുടെ പുത്രിമാരായ കുഞ്ഞേലിയെ പാലായിൽ പുളിക്കലും, കൊച്ചന്നയെ പൂവരണിയിൽ പുല്ലാട്ട് കണ്ടത്തിൻകരയും വിവാഹം ചെയ്തുവിട്ടു. മത്തായിയുടെ മൂത്തപുത്രൻ വക്കി മേവിട വെട്ടിക്കാട

കന്നേൽനിന്നു് വിവാഹം കഴിച്ചു് പഴനിലത്തു താമസിക്കുന്നു. മത്തായി, ജോസഫ്, ത്രേസ്യാ, മറിയം, ഏലിക്കുട്ടി എന്നിവരാണു് സന്താനങ്ങൾ. പെൺമക്കളിൽ ത്രേസ്യായെ പൈകയിൽ വെച്ചും, മറിയത്തിനെ നായിപ്പുരയിടത്തിലും വിവാഹം ചെയ്തിച്ചുവിട്ടു. ഏലിക്കുട്ടി കമ്മലിത്താമഠത്തിൽ പ്രവേശിച്ചു് സി. പടിഷ്യാ എന്ന പേരു സ്വീകരിച്ചു. വക്കിയുടെ മൂത്തപുത്രൻ മത്തായി കൊങ്ങാണ്ടൂർ കച്ചിറമറ്റത്തിൽനിന്നും വിവാഹം ചെയ്തു് പുന്നക്കലേക്കു് മാറിത്താമസിച്ചു. ജോസു്, ജോഞ്ജു്, എന്ന പുത്രന്മാരും, നാലു പുത്രിമാരുമുണ്ടു്. ജോസു് മിലിട്ടറിൽ ചേർന്നു് രാജുസേവനം നടത്തുന്നു. പെൺമക്കളായ അച്ചാമ്മയും ചിന്നമ്മയും ആരാധനമഠത്തിൽ ചേർന്നു് സി. ആനീസു്, സി. മരിയാ എന്നീ പേരുകളും സ്വീകരിച്ചു. വക്കിയുടെ ദ്വിതീയപുത്രൻ ജോസഫു് പഴനിലത്തു് തറവാട്ടിൽ താമസിക്കുന്നു. മൂന്നു പുത്രന്മാരും നാലു പുത്രിമാരുമുണ്ടു്.

തെക്കേ കോയിപ്പുറത്തു് മത്തായിയുടെ രണ്ടാമത്തെ പുത്രൻ തൊമ്മൻ പാലായിൽ വാഴയിൽനിന്നും വിവാഹം ചെയ്തു. ത്രേസ്യാമ്മ എന്ന ഒരു പുത്രിമാത്രം ജാതയായി. കിഴപറയാറ്റിൽ തറപ്പേൽ വക്കി ജോസഫു് വിവാഹം ചെയ്തു. ജോസഫു് ഇപ്പോൾ മീനച്ചിൽ പഞ്ചായത്തു പ്രസിഡൻറാണു്.

മത്തായിയുടെ നാലാമത്തെ പുത്രൻ മത്തായി പൊൻകുന്നത്തു് കന്നേൽനിന്നും മാമ്മിയെ വിവാഹം

ചെയ്തു ദത്തവകാശത്തിൽ പൊൻകുന്നത്തു താമസി ക്കുന്നു. മത്തായി, തൊമ്മച്ചൻ, കുട്ടിയച്ചൻ എന്ന പുത്ര ന്മാരും, മറിയക്കുട്ടി ചിന്നമ്മ എന്ന പുത്രിമാരും അവ ക്കുണ്ടു്. മത്തായിയുടെ ഇളയപുത്രൻ ഫിലിപ്പു് തെ ക്കേ കോയിപ്പുറത്തു് തറവാട്ടിൽ താമസിക്കുന്നു. അയ ക്കുന്നം കൊടകശ്ശേരിൽനിന്നും വിവാഹംചെയ്തു. മത്താ യി, ജോസഫ്, സ്കറിയാ, ജോജ്ജു് എന്ന നാലു പുത്ര ന്മാരുണ്ടു്. എല്ലാവരും വിവാഹിതരാണു്. മൂത്ത പുത്രൻ മത്തായി മലബാറിൽ സ്ഥലം വാങ്ങി താമ സിക്കുന്നു.

മണ്ണൂർ കുടുംബം

നാഗസ്ഥചിൽനിന്നും മണ്ണൂക്കു് മാറിത്താമസി ച്ചു ഇട്ടിച്ചെറിയതിനു് കുഞ്ഞൻ, തൊമ്മൻ, ചെറിയതു്, മത്തായി, കൗസേപ്പു് എന്ന അഞ്ചു പുത്രന്മാരും, രണ്ടു പുത്രിമാരും ഉണ്ടായി. മൂത്തപുത്രിയെ പാലാ തെ രുവിൽ വിവാഹം ചെയ്തയച്ചു. രണ്ടാമത്തെ പുത്രി യെ വിവാഹംചെയ്തു് മുരിക്കനാട്ടു് തയ്യിൽ താമസിച്ചു. മണ്ണൂർനിന്നു് കുഞ്ഞൻ പ്ലാക്കാട്ടും, ചെറിയതു് മാധവപ്പ ള്ളിലും, മത്തായി, തലക്കുളത്തിലും മാറിത്താമസിച്ചു. തൊമ്മൻ തറവാട്ടിൽ താമസിച്ചു. അഞ്ചാമത്തെ പു ത്രൻ വൈദികവിദ്യാർത്ഥിയായിരിക്കുമ്പോൾ മരണം പ്രാപിച്ചു.



ഫാദർ ജോസഫ് മണ്ണൂരിന്റെ ശ്രമഫലമായി മണക്കടവിൽ (തലശ്ശേരി രൂപത) പണിതിരിക്കുന്ന നവീന ദൈവാലയം. ഇതിന്റെ വെഞ്ചരിപ്പു കർമ്മം 1972 ഫെബ്രുവരി 13–ന് നടന്നു.

See Page 26



റവ. ഫാ. ജോസഫ് മണ്ണൂർ (തലശ്ശേരി) 1967 മാച്ച് 11–ാംതീയതി മുത്തോലി കമ്മലീത്താ ആശ്രമ ദൈവാലയത്തിൽവച്ച് റൈറ്റ് റവ. ഡോ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തിരുമനസ്സിൽനിന്നും വൈദികപട്ടം സ്വീകരിച്ചപ്പോഴം എടുത്ത ഗ്രൂപ്പ്ഫോട്ടോ. വെരി. റവ. മോൺ. ജേക്കബ് വെള്ളരിങ്ങാട്ട്, ഫാ സക്കറിയാസ് മണ്ണൂർ, ഫാ. ഗ്രാസ്യാൻ മണ്ണൂർ, ഫാ. റമിജിയൂസ് മണ്ണൂർ, ഫാ. സക്കറിയാസ് മണ്ണൂർ (Jr.), ഫാ. തോമസ് മണ്ണൂർ, ഫാ. ജോജ്ജ് ചെല്ലംകോട്ട് മുതലായ വൈദികരെ ഫോട്ടോയിൽ കാണാം.

മണ്ണൂർ തറവാട്ടിൽ താമസിച്ച തൊമ്മൻ മണി മല കളത്തൂർനിന്നും വിവാഹംചെയ്തു. തൊമ്മൻ, ചെറിയതു് എന്ന രണ്ടു പുത്രന്മാരും രണ്ടു പുത്രിമാരും ജനിച്ചു. പുത്രിമാരിൽ ഒരാളെ വെയ്ക്കത്തു് പറയ്ക്കാട്ടും മറെറയാളെ പാലായിൽ തലച്ചിറയും വിവാഹം ചെയ്തുവിട്ടു. മുത്തോലി പള്ളി പണിയുന്നതിനു് മുന്നിട്ടനിന്ന പ്രവത്തിച്ച തൊമ്മൻ 38-ാമത്തെ വയസ്സിൽ ചരമംപ്രാപിച്ചു.

മണ്ണൂർ ഇട്ടിച്ചെറിയതു്- തൊമ്മന്റെറ മൂത്ത പുത്രൻ തൊമ്മൻ വിവാഹാനന്തരം യൗവ്വനത്തിൽ തന്നെ മരിച്ചു. ഇളയ പുത്രൻ മണ്ണൂർ ചെറിയതു് (കുഞ്ഞച്ചൻ) ഭരണങ്ങാനത്തു് പൂണ്ടിക്കുളത്തു നിന്നും ആദ്യം വിവാഹംകഴിച്ചു. തൊമ്മൻ, ലൂക്കാ, ചെറിയതു് എന്നു് മൂന്നു പുത്രന്മാരും, ത്രേസ്യാ, ഇത്തമ്മ എന്നു് രണ്ടു പുത്രിമാരും ജാതരായി. മൂത്തപുത്രൻ തൊമ്മച്ചൻ തൊടുത്തോട്ടത്തിലും, ലൂക്കാ വള്ളികാട്ടുകുഴിയിലും ചെറിയതു് തറവാട്ടിലും താമസിച്ചു. പുത്രിമാരിൽ ത്രേസ്യായെ പാലായിൽ പനയ്ക്കൽ കല്ലുങ്കന്നേലും, ഇത്തമ്മയെ പനയ്ക്കൽ കാരയ്ക്കാട്ടും വിവാഹംകഴിപ്പിച്ചുവിട്ടു. ചെറിയതിന്റെറ ഭാര്യ മരിച്ചുപോകയാൽ പുളിങ്കുന്നു് മാളിയംപുരയ്ക്കൽനിന്നും പുനർവിവാഹംചെയ്തു. ഔസേപ്പു്, വക്കി എന്ന പുത്രന്മാരും, മറിയാമ്മ എന്ന ഒരു പുത്രിയും ജനിച്ചു. ഔസേപ്പു് ചേറ്റുങ്കൽ ചെറുശ്ശേരിൽനിന്നും, വക്കി അയക്കുന്നതു് കുടകുശ്ശേരിൽനിന്നും വിവാഹം ചെയ്തു. പുത്രി

യെ ചേർപ്പുങ്കൽ ചെറുശ്ശേരിൽ (മാന്നാത്തു്) വിവാഹം ചെയ്തയച്ചു. ചെറിയതു് തന്റെ പുനർവിവാഹത്തിലെ മക്കളോടൊന്നിച്ചു് കൊങ്ങാണ്ടൂരിൽ സ്ഥലമെടുത്തു താമസിക്കുമ്പോഴാണു്, കൂർക്കമററത്തിൽ കുടുംബാംഗങ്ങളുടെ സഹകരണത്തോടുകൂടി പാദുവാപ്പള്ളി പണിയിച്ചതു്. പിന്നീടു് താമസംവിനാ മുത്തോലിലേക്കു് തിരിച്ചുവന്നു് വാർദ്ധക്യകാലം മണ്ണൂർ തറവാട്ടിൽ തന്നെ താമസിച്ചു. മുത്തോലി കർമ്മലീത്താ ആശ്രമവും കർമ്മലീത്താ മഠവും സ്ഥാപിക്കുന്നതിനു്, ആവശ്യമായ സ്ഥലം കൊടുത്തും ധനസഹായം ചെയ്തും മുൻകൈ എടുത്തു് പ്രവർത്തിച്ചതു് ഇദ്ദേഹമാണു്. 1929 – ഓഗസ്റ്റ് 8-ാനു- അദ്ദേഹം ചരമം പ്രാപിക്കുകയും മുത്തോലി ആശ്രമ ദേവാലയത്തിൽ സംസ്കരിക്കപ്പെടുകയും ചെയ്തു.

കുഞ്ഞച്ചന്റെ മൂന്നാമത്തെ പുത്രൻ ചെറിയതു് (കുഞ്ഞപ്പൻ) തറവാട്ടിൽ താമസിച്ചു. കുഞ്ഞപ്പൻ പാലായിൽ കൊട്ടുകാപ്പള്ളി പുതുമനയിൽ നിന്നും ത്രേസ്യായെ വിവാഹം ചെയ്തു. സ്കറിയാ, തൊമ്മൻ, ഇത്താക്കു്, ജോസഫ്, മത്തായി എന്നു് അഞ്ചു പുത്രന്മാരും, കുഞ്ഞേലി, അന്നമ്മ എന്നു് രണ്ടു പുത്രിമാരും ജനിച്ചു. മൂത്ത പുത്രൻ സ്കറിയാ വൈദികനായി. അദ്ദേഹം കാഞ്ഞിരപ്പള്ളി, കവീക്കുന്നു്, മലയിഞ്ചിപ്പാറ, ചേനപ്പാടി, കൂട്ടിക്കൽ, മണിമല, കൊഴുവനാൽ, കാക്കൂർ, മീനച്ചിൽ, മുത്തോലി എന്നീ പള്ളികളിൽ സ്തുത്യർഹമാം വിധം സേവനം അനുഷ്ഠി

ച്ചിട്ടുണ്ട്. മലയിഞ്ചിപ്പാറ, ചേനപ്പാടി എന്നീ പള്ളികളും, കൊഴുവനാൽ ആശ്രമപള്ളിയും അദ്ദേഹത്തിന്റെ സ്ഥിരപരിശ്രമത്തിന്റെയും കഠിനാധ്വാനത്തിന്റെയും ഫലമായി പണിതുയർത്തിയിട്ടുള്ളതാകുന്നു. മൂന്നാമത്തെ പുത്രൻ ഇത്താക്ക് കമ്മലീത്താ സന്യാസിയായി ഗ്രാസ്യാനച്ചൻ എന്ന പേരിലറിയപ്പെടുന്നു. അദ്ദേഹം തലോർ, പള്ളിപ്പുറം, മംഗലാപുരം എന്നീ കൊവന്തകളിൽ പ്രിയോരായും ദീപികാഫീസിലും, മാന്നാനം പ്രസ്സിലും മാനേജരായും സേവനം ചെയ്തിട്ടുണ്ട്.

ചെറിയതിന്റെ രണ്ടാമത്തെ പുത്രൻ തൊമ്മൻ വള്ളോംപുരയടത്തിൽനിന്നും മറിയാമ്മയെ വിവാഹം കഴിച്ചു. സ്കറിയാ, തോമസ്, ഐസക്ക്, ജോസഫ്, എന്നു് നാലു പുത്രന്മാരും, മറിയം ത്രേസ്യാ എന്നു് രണ്ടു പുത്രിമാരും ജനിച്ചു. സ്കറിയാ മാന്നാനത്തു് പഴയകരിയിൽ മറിയമ്മയെ വിവാഹം കഴിച്ചു് ഇപ്പോൾ മലബാറിൽ വെള്ളരിക്കുണ്ടിൽ താമസിക്കുന്നു. തോമസ്, ജോസ്, ജോജൻ എന്നു് മൂന്നു ആൺമക്കളും, മേരി, റോസമ്മ, ത്രേസ്യാമ്മ എന്നു് മൂന്നു പെൺമക്കളും സ്ഥിയായുണ്ടു്. മേരി പാലാ തിരുഹൃദയമഠത്തിൽ ചേർന്നു് സി. ലോറൻസ്യാ എന്ന പേരു സ്വീകരിച്ചു. ഇപ്പോൾ പൂണിത്തുറ യു. പി. സ്കൂളിൽ പഠിപ്പിക്കുന്നു.

തൊമ്മന്റെ ദ്വിതീയ പുത്രൻ തോമസ് വൈദികനായിത്തീർന്നു. മുത്തോലപുരം, മുത്തോലി,

ചക്കാമ്പുഴ എന്നീ ഇടവകകളിൽ ജോലിനോക്കിയിട്ടുണ്ട്. ചക്കാമ്പുഴ ആശുപത്രിയുടെ ആരംഭകാലത്തു് തുടച്ചയായി അദ്ദേഹം പത്തുവർഷക്കാലം ഡയറക്ടറായി നിസ്തുലസേവനം അനുഷ്ഠിക്കുകയുണ്ടായി. ഇപ്പോൾ ഫാ. തോമസ് പാലാ സെൻറ് തോമസ് പ്രസ്സ് മാനേജരാണു്.

മൂന്നാമത്തെ പുത്രൻ ഐസക്ക് കത്തർ ക്കുട്ടപ്പാക്കൽ മേരിയെ വിവാഹം ചെയ്തു. ഒരു പുത്രനും മൂന്നു പുത്രിമാരുമുണ്ട്. നാലാമത്തെ പുത്രൻ ജോസഫ് വൈദികനായി തലശ്ശേരി രൂപതയിൽ ജോലിചെയ്യുന്നു. ആലക്കോടിനടുത്തു് നവീനരീതിയിൽ പണികഴിപ്പിച്ച മണക്കടവു് ദൈവാലയം ഇദ്ദേഹത്തിൻറെ സേവനത്തിൻറെ പ്രതീകമത്രേ.

തൊമ്മൻറെ ഇളയ പുത്രി ത്രേസ്യാ തിരുഹൃദയ മഠത്തിൽ ചേർന്നു് തോമസ് മേരി എന്ന പേരു സ്വീകരിച്ചു. ഇപ്പോൾ മൂലമറ്റം യു. പി. സ്കൂളിൽ പഠിപ്പിക്കുകയാണു്. തൊമ്മൻറെ മൂത്ത പുത്രി മറിയത്തിനെ (കുഞ്ഞുപെണ്ണു്) ചീരാങ്കുഴിയിൽ (ചെരികുന്നേൽ) മത്തൻറെ മകൻ തൊമ്മച്ചൻ വിവാഹം ചെയ്തു് ഇപ്പോൾ കന്യാകുമാരി ഡിസ്ട്രിക്ടിൽ നെട്ടയിൽ താമസിക്കുന്നു. സി. മൈക്കിൾ മേരി, സി. കൺസീലിയ, എന്നു് രണ്ടു പുത്രിമാർ കന്യാസ്ത്രീകളായി തിരുഹൃദയമഠത്തിൽ ഉണ്ടു്.

ചെറിയതിന്റെ നാലാമത്തെ പുത്രൻ ജോസഫ് മരണഞ്ജാനത്തു് പൈകടയിൽ നിന്നു് കുഞ്ഞേലിയെ വിവാഹം ചെയ്തു. ഒരു പുത്രി ജനിച്ചു. 24-ാമത്തെ വയസ്സിൽ ജോസഫ് മരണമടഞ്ഞു. അഞ്ചാമത്തെ പുത്രൻ മത്തായി തോട്ടക്കാട്ടു് നിന്നു് പെരുമങ്ങാട്ടു് റോസയെ വിവാഹം ചെയ്തു. സ്കറിയാ ജോർജ്ജ് എന്നു് രണ്ടു പുത്രന്മാരും, തെയ്യാമ്മ, ആലമ്മ, ഫിലോമിനാ എന്നു് മൂന്നു് പുത്രിമാരുമുണ്ടു്. സ്കറിയാ മറിക്കരയിൽ മറിക്കരോട്ടു നിന്നും അന്നമ്മയെ വിവാഹം ചെയ്തു. നാലു പുത്രന്മാരും മൂന്നു പുത്രിമാരും ഉണ്ടു്. തെയ്യാമ്മ, ആരാധനമഠത്തിലും, ഫിലോമിനാ തിരുഹൃദയമഠത്തിലും ചേർന്നു്, യഥാക്രമം ലോറൻസ്, റജീനാമേരി എന്നീ പേരുകൾ സ്വീകരിച്ചു. ആലമ്മയെ കൊഴുവനാൽ വെട്ടുവേലിൽ അവിരാച്ചൻ വിവാഹംചെയ്തു. മത്തായിയുടെ ഇളയമകൻ ജോർജ്ജ് മോനിപ്പള്ളിൽ വെട്ടത്തു മേരിയെ വിവാഹം ചെയ്തു്, തളിപ്പറമ്പിൽ താമസിക്കുന്നു. ഒരു പുത്രനും ഒരു പുത്രിയുമുണ്ടു്.

ചെറിയാന്റെ പെൺമക്കളിൽ മൂത്ത ആൾ കർമ്മലീത്താമഠത്തിൽ ചേർന്നു് സിസ്റ്റർ റജീനാ എന്ന പേരു സ്വീകരിച്ചു. റജീനാമ്മ രാമപുരം സ്കൂളിൽ 20 വർഷക്കാലം ജോലി നോക്കിയിട്ടുണ്ടു്. രാമപുരം കർമ്മലീത്താ മഠത്തിന്റെ മദർ സുപ്പീരിയറായിരിക്കവേ 1954-ൽ ജ്വരപ്പനി പിടിപെട്ടു് മരണം പ്രാപിച്ചു. ഇളയ പുത്രി അന്നമ്മയെ കൊഴുവനാൽ വെട്ടുവയലിൽ അബ്രാഹം വിവാഹം ചെയ്തു. വി. എ. ജോൺ ബി. എ. അന്നമ്മയുടെ ഏക പുത്രനാണു്.

മണ്ണൂർ ഇട്ടിച്ചെറിയ (കുഞ്ഞച്ചൻ) യുടെ മൂത്ത മകൻ തൊമ്മച്ചൻ തൈത്തോട്ടത്തിൽ മാറിത്താമസിച്ചു. ചേപ്പുങ്കൽ കുളപ്പുറത്താഴെനിന്നും വിവാഹം കഴിച്ചു. ഔസേപ്പ്, കുഞ്ഞേലി എന്ന രണ്ടു സന്താനങ്ങൾ ജനിച്ചു. പുത്രിയെ പാലായിൽ കടമ്പുകാട്ടിൽ വിവാഹം ചെയ്തുവിട്ടു. ഔസേപ്പ് കുറുമ്പനാടത്തു് കുറിക്കണ്ടത്തിൽനിന്നും കുഞ്ഞേലിയെ വിവാഹംചെയ്തു് തൈത്തോട്ടത്തിൽ വടക്കേപുരയിടത്തിൽ താമസിച്ചു. മൂന്നുപുത്രിമാർ ജനിച്ചു. മൂത്തപുത്രിയെ പൈങ്ങളത്തു് പുന്നക്കുന്നേൽ വിവാഹം ചെയ്തയച്ചു. രണ്ടാമത്തെ പുത്രി അന്നമ്മയെ പാലായിൽ മൂലയിൽ മാത്യുവിനെക്കൊണ്ടു് വിവാഹം ചെയ്യിച്ചു് ഭർത്തവകാശത്തിൽ നിർത്തി. അവർക്കു് മൂന്നു പുത്രന്മാർ ഉണ്ടു്. ഔസേപ്പിന്റെ ഇളയപുത്രി അച്ചാമ്മ ക്ലാരമഠത്തിൽ പ്രവേശിച്ചു് സി. ലോറൻസ് എന്ന പേരു സ്വീകരിച്ചു. ഇപ്പോൾ മണലുങ്കൽ സ്കൂളിൽ അധ്യാപികയാണു്.

തൊമ്മച്ചന്റെ ആദ്യഭാര്യയിൽ രണ്ടു സന്താനങ്ങൾ ജനിച്ചപ്പോൾ ഭാര്യ മരിച്ചുപോകയാൽ ചങ്ങനാശ്ശേരി ഒളശ്ശയിൽനിന്നും അന്നമ്മയെ പുനർവിവാഹംചെയ്തു. ചാണ്ടി, ചെറിയാൻ, തോമസ്, ജോർജ്ജ് എന്നു നാലു പുത്രന്മാരും, മാമ്മി, ഏലിമ്മ, ക്ലാരമ്മ എന്നു മൂന്നു പുത്രിമാരും ജനിച്ചു. മാമ്മിയെ പൂവരണിയിൽ മണ്ണവത്തിൽ സ്കറിയാ വിവാഹംചെയ്തു. ഏലി

മ്മ അവിവാഹിതയായി തെത്തോട്ടത്തിൽ താമസി ക്കുന്നു. ഇളയപുത്രി ക്ലാരമ്മയെ ചേന്നങ്കരിയിൽ കുട്ട മ്മേൽ മാത്യു വിവാഹം ചെയ്തു. മൂത്തപുത്രൻ ചാണ്ടി തോട്ടയ്ക്കാട്ട് കൊണ്ടോടിക്കൽനിന്നും വിവാഹം കഴി ച്ചു. ഇരുവരും ചരമംപ്രാപിച്ചു. അവർക്ക് സന്താന ങ്ങളില്ലായിരുന്നു. രണ്ടാമത്തെ പുത്രൻ ചെറിയാൻ പാലായിൽ തെരുവിൽനിന്നും റോസയെ വിവാഹം ചെയ്ത് തറവാട്ടിൽ താമസിക്കുന്നു. ഒരു പുത്രനും മൂന്നു പുത്രിമാരും ജനിച്ചു. മൂത്തപുത്രിയെ ചേറ്റുങ്കൽ ഐ രമനയിൽ ചെറിയാൻ വിവാഹം കഴിച്ചു. രണ്ടാമ ത്തെ പുത്രി അക്കാമ്മയെ പുളിങ്കുന്നു കണ്ണാടിയിൽ പു ത്തൻകളത്തിൽ മാത്യു വിവാഹം ചെയ്തു. പുത്രൻ തോമസ് മരങ്ങാട്ടുപള്ളിൽ ഇട്ടിയേക്കാട്ടുനിന്നു തങ്ക മ്മയെ വിവാഹംചെയ്തു. ഡയസി എന്നും, ബാബു എ ന്നും രണ്ടു സന്താനങ്ങളുണ്ട്. തൊമ്മച്ചന്റെ മൂന്നാമ ത്തെ പുത്രൻ തോമസ്, പറവൂർ മാണിക്കനാംപറ മ്പിൽനിന്നും മറിയക്കുട്ടിയെ വിവാഹം കഴിച്ചു. മല ബാറിൽ തിരുവമ്പാടിയിൽ മാറിത്താമസിച്ചു. നാ ലാമത്തെ പുത്രൻ ജോർജ്ജ് അവിവാഹിതനാണ്.

മണ്ണൂർ കുടുംബം—വള്ളികാട്ടുകഴിയിൽ ശാഖ

മണ്ണൂർ ചെറിയതിന്റെ രണ്ടാമത്തെ പുത്രൻ ലൂക്കാ ചേറ്റുങ്കൽ അറയ്ക്കൽനിന്നും മറിയാമ്മയെ വി വാഹംചെയ്ത് വള്ളികാട്ടുകഴിയിൽ താമസിച്ചു. ആറു പുത്രന്മാരും, രണ്ടു പുത്രിമാരും ജനിച്ചു. ആദ്യത്തെ പു

ത്രി കുഞ്ഞേലിയെ പുളിങ്കുന്നിൽ മാളിയംപുരയ്ക്കൽ കുഞ്ഞവിരാ വിവാഹം കഴിച്ചു. സിനിമാലോകത്തു് കോളിളക്കം സൃഷ്ടിച്ച ഉദയാ ഫിലിംസ് മാനേജർ കുഞ്ചാക്കോ കുഞ്ഞേലിയുടെ സീമന്തപുത്രനാണു്. കുഞ്ഞേലിയുടെ സഹോദരി, കുമ്മലീത്താ മഠത്തിൽ പ്രവേശിച്ചു് സി. പൗളിൻ എന്ന പേരിൽ അറിയപ്പെട്ടു.

ലൂക്കായുടെ ഒന്നാമത്തെ പുത്രൻ ഔസേപ്പ് ചെറുകിഴങ്ങനാനിക്കൽ താമസിച്ചു. ഔസേപ്പ് പാലായിൽ വയലിൽക്കളപ്പുരയിൽനിന്നും മറിയാമ്മയെ വിവാഹംകഴിച്ചു. നാലു പുത്രന്മാരും, നാലു പുത്രിമാരും ജനിച്ചു. പുത്രിമാരായ മറിയക്കുട്ടിയെ പ്രവിത്താനത്തു് ചന്ദ്രൻകുന്നേലും, അച്ചാമ്മയെ മാന്നാനത്തു് മുടിയൂർക്കരയിലും വിവാഹം കഴിച്ചു. ഏലിമ്മയും, അന്നമ്മയും ക്ലാരമഠത്തിൽച്ചേന്നു്, സി. റോസ്മേരി, സി. ഫെലിച്ചിത്താസ് എന്നീ പേരുകൾ സ്വീകരിച്ചു.

ഔസേപ്പിന്റെ മൂത്തമകൻ ജോസഫ് (അപ്പച്ചൻ) പാലായിൽ വെള്ളൂരിക്കാട്ടുനിന്നും വിവാഹം കഴിച്ചു്, തീക്കോയിലേക്കു് മാറിത്താമസിച്ചു. മൂന്നു പുത്രന്മാരും അഞ്ചു പുത്രിമാരും ജനിച്ചു. പാലാ സെന്റ് തോമസ് കോളെജ് ലക്ചറർ വി. ജെ. ജോസഫ് എം. എ. അപ്പച്ചന്റെ മൂത്തപുത്രനാണു്.

ഔസേപ്പിന്റെ രണ്ടാമത്തെ പുത്രൻ ലൂക്കാ പാലായിൽ ആനിമൂട്ടിൽനിന്നും വിവാഹംചെയ്തു് മല

ബാറിൽ കുറിയാടിയിൽ താമസിക്കുന്നു. ലൂക്കായ്ക്ക് രണ്ട് പെൺമക്കൾ മാത്രമേ ഉള്ളൂ. ഔസേപ്പിന്റെ മൂന്നാമത്തെ മകൻ ദേവസ്യാ മൈക്കത്തു് പറക്കാട്ടത്തറയിൽനിന്നും വിവാഹംചെയ്തു. രണ്ടു പുത്രന്മാരും നാലു പുത്രിമാരുമുണ്ട്. ഔസേപ്പിന്റെ നാലാമത്തെ മകൻ സ്കറിയാ വിദ്യാർത്ഥിയായിരിക്കവേ ചരമംപ്രാപിച്ചു.

വള്ളികാട്ടകുഴിയിൽ ലൂക്കായുടെ രണ്ടാമത്തെ മകൻ കുഞ്ഞമ്മൻ, ചെറുമാണ്ടൂർ കൊച്ചുപുരയ്ക്കൽ നിന്നും വിവാഹംചെയ്തു് മുത്തോലിൽ തെക്കേമണ്ണേക്കു് മാറിത്താമസിച്ചു. ലൂക്കാ, മാമ്മി, കുഞ്ഞേലി എന്നു് മൂന്നു് സന്താനങ്ങളുണ്ടായി. ലൂക്കാ ചെറുപ്പത്തിലെതന്നെ മരിച്ചുപോയി. മൂത്തപുത്രി മാമ്മിയെ കിഴക്കേനാഗന്തുലിൽ ഫിലിപ്പ് വിവാഹംചെയ്തു. രണ്ടാമത്തെ പുത്രി കുഞ്ഞേലിയെ പൂവരണിയിൽ പാമ്പളാനിയിൽ മത്തായി ജോസഫ് വിവാഹം കഴിച്ചു. കുഞ്ഞമ്മന്റെ ഭാര്യ മരിച്ചുപോയതിനാൽ, പൈങ്ങുളത്തു് പുന്നക്കുന്നേൽ മത്തായിയുടെ മകൾ മറിയത്തെ പുനർവിവാഹം ചെയ്തു. രണ്ടു പുത്രന്മാരും ആറു പുത്രിമാരും ജനിച്ചു. പുത്രിമാരിൽ, സിസ്റ്റർ അകപിലിയാ, സി. ഫെലിക്കുളാ, സി. മേരി അനി എന്നിവർ അരാധനാമഠത്തിലും, സി. മലാക്കി, സി. ലയോൺസിയാ എന്നിവർ കർമ്മലീത്താമഠത്തിലും കന്യാസ്ത്രീകളാണ്. അവർ അഞ്ചുപേരും അദ്ധ്യാപകവൃത്തിയിൽ സേവനം അനുഷ്ഠിച്ചുപോരുന്നു.

കുഞ്ഞൊമ്മന്റെ മൂത്ത പുത്രൻ മത്തായി ആനിക്കാട്ട് പാലപ്പറമ്പിൽ നിന്നും വിവാഹം ചെയ്തു. നാലു പുത്രിമാർ ജനിച്ചു. മൂത്ത പുത്രി മറിയക്കുട്ടിയെ പാലായിൽ ആണ്ടൂക്കുന്നേലും ആനിയെ പാലായിൽ ഞാവള്ളിലും, കൊച്ചുത്രസ്യായെ കൊഴുവനാൽ പുതിയാത്തും വിവാഹം ചെയ്യിച്ചുവിട്ടു. മത്തായിയുടെ ആദ്യ ഭാര്യ മരിച്ചു പോകയാൽ, അരുവിത്തുറ കുന്നേൽ പറമ്പിൽനിന്നും ത്രേസ്യായെ പുനർ വിവാഹം ചെയ്തു. തോമസ്, കൊച്ചുറാണി, ലൂസി, സിസിലി എന്ന് നാലു സന്താനങ്ങളുണ്ട്.

കുഞ്ഞൊമ്മന്റെ രണ്ടാമത്തെ പുത്രൻ സ്കറിയാച്ചൻ വൈദികനാണ്. മുട്ടുചിറ, കയ്യൂർ, പൈങ്ങളം, മേലുകാവ് മുതലായ പള്ളികളിൽ പ്രശസ്തമായ സേനം ചെയ്തശേഷം, ഇപ്പോൾ രൂപതവക സീവ്യൂ എസ്റ്റേററിന്റെ മാനേജരായും, പറത്താനം പള്ളിയുടെ വികാരിയായും ഭരണം നടത്തുന്നു.

വള്ളികാട്ടുകുഴിയിൽ ലൂക്കായുടെ മൂന്നാമത്തെ പുത്രൻ ഇത്താക്ക് പാലായിൽ തെരുവിൽനിന്നും ഏലിയെ വിവാഹം ചെയ്ത് തെക്കെവള്ളികാട്ടുകുഴിയിൽ താമസമാക്കി. തോമസ്, ലൂക്കാ, സ്കറിയാ എന്ന് മൂന്നു പുത്രന്മാരും, മാമ്മി, അക്കാമ്മ, അച്ചാമ്മ, സൂസമ്മ എന്ന് നാലു പുത്രിമാരും ജനിച്ചു.

ഒന്നാമത്തെ പുത്രി മാമ്മിയെ മുത്തോലിൽ വാഴവേലികത്തും (മാധവപ്പള്ളിൽ) അക്കാമ്മയെ ഇടമ

റത്തു് മുണ്ടാട്ടം, അച്ചാമ്മയെ ഇടമറ്റത്തു് ചെമ്പകശ്ശേരിയിലും, സൂസമ്മയെ കുറവിലങ്ങാട്ടു് വെള്ളായിപ്പുറമ്പിലും വിവാഹം ചെയ്യിച്ചുവിട്ടു. മൂത്ത പുത്രൻ തോമസു് (പാപ്പച്ചൻ) പാലായിൽ കണിയാരശേരിൽ നിന്നും വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രൻ ലൂക്കാ (കുട്ടപ്പൻ) ഭരണങ്ങാനത്തു് കിണറുകരയിൽ നിന്നും വിവാഹം ചെയ്തു. മൂന്നു പുത്രന്മാരും മൂന്നു പുത്രിമാരുമുണ്ടു്. പാപ്പച്ചനും, കുട്ടപ്പനും തുശ്ശൂരിനടുത്തു് വടക്കാഞ്ചേരിൽ താമസിക്കുന്നു. ഇത്താക്കിന്റെ ഇളയമകൻ സ്കറിയാ തറവാട്ടിൽ പാർക്കുന്നു. രണ്ടു പുത്രന്മാരും മൂന്നു പുത്രിമാരുമുണ്ടു്.

റവ. ഫാദർ റമീജിയൂസു് സി. എം. ഐ. ലൂക്കായുടെ നാലാമത്തെ പുത്രനാണു്. ഇപ്പോൾ പാലാ കൊവേന്തയിൽ, ശുപതയിലെ മഠങ്ങളുടെ വിസിറ്ററായി ജോലി നോക്കുന്നു. ഇദ്ദേഹം ക്രമമ്മാവു്, അമ്പഴക്കാടു്, ചെത്തിപ്പുഴ, പുളിംകുന്നു്, കോട്ടയം എന്നീ കൊവേന്തകളിൽ പ്രിയോരായും, കർമ്മലീത്താ സഭയുടെ കൺസട്ടറായും ദീർഘകാലം പ്രശസ്തമാംവിധം സേവനം അനുഷ്ഠിച്ചിട്ടുണ്ടു്.

ലൂക്കായുടെ അഞ്ചാമത്തെ പുത്രൻ ലൂക്കാ പൂവരണിയിൽ പുല്ലാട്ടു നിന്നും വിവാഹം ചെയ്തു. ലൂക്കാ (കുട്ടപ്പൻ) ജോസഫു് എന്ന രണ്ടു പുത്രന്മാരും, ഏഴു പുത്രിമാരും ജനിച്ചു. മൂത്ത പുത്രൻ കുട്ടപ്പൻ പൈങ്ങളം അരനാട്ടുനിന്നും വിവാഹം ചെയ്തു. രണ്ടു ആൺ കുട്ടികളും ഒരു പെൺകുട്ടിയും ജനിച്ചു. രണ്ടാ

മത്തെ പുത്രൻ ജോസഫ് കുറിച്ചിത്താനത്തു് കുന്നിക്കൽനിന്നും വിവാഹം കഴിച്ചു. ഒരു പെൺകുട്ടിയുണ്ടു്. ലൂക്കായുടെ പെൺമക്കളിൽ മൂത്ത ആൾ അവിവാഹിതയാണു്. രണ്ടാമത്തെ മകൾ ഏലിക്കുട്ടിയെ അന്ത്യാളത്തു് പുത്തൻകണ്ടത്തിൽ മാത്യു വിവാഹം ചെയ്തു. കുഞ്ഞമ്മയെ ചേർപ്പുങ്കൽ വൈപ്പനയിലും, കൊച്ചുത്രേസ്യായെ ഏഴാച്ചേരിൽ നെടുമ്പള്ളിലും, ഇത്തമ്മയെ ഭരണങ്ങാനത്തു് പറമുണ്ടയിലും വിവാഹം കഴിപ്പിച്ചുവിട്ടു. പുത്രി ത്രേസ്യാമ്മ കന്യകാലയത്തിൽ ചേർന്നു് മിഷൻപ്രവർത്തനത്തിലാണു്. പുത്രി റോസമ്മ വടക്കേ ഇൻഡ്യയിൽ നഴ്സിംഗ് ജോലിയിലാണു്.

വള്ളിക്കാട്ടുകുഴിയിൽ ലൂക്കായുടെ ഇളയ പുത്രൻ ദേവസ്യാ തറവാട്ടിൽ താമസിക്കുന്നു. പാലായിൽ കടമ്പുകാട്ടിൽ നിന്നും കുഞ്ഞുമറിയത്തെ വിവാഹം ചെയ്തു. പാപ്പച്ചൻ എന്ന ഒരു പുത്രനും മറിയക്കുട്ടി ചിന്നമ്മ എന്ന രണ്ടു പുത്രിമാരുമുണ്ടായി. പാപ്പച്ചൻ ഭരണങ്ങാനത്തു് കുററിയാനിക്കൽനിന്നു വിവാഹം ചെയ്തു. രണ്ടു പുത്രന്മാരും മൂന്നു പുത്രിമാരുമുണ്ടു്. ദേവസ്യായുടെ മൂത്ത പുത്രി മറിയക്കുട്ടിയെ മുണ്ടാങ്കൽ മൈലാട്ടുരും, ഇളയ പുത്രി ചിന്നമ്മയെ പുളിംകുന്നിൽ കല്ലുപുരക്കലും വിവാഹം കഴിപ്പിച്ചുവിട്ടു.



Dr. Rajendra Prasad, President of India, gave a National Award to Rev. Dr. C. T. Kottaram "in public recognition of his valuable services to the community as a teacher of outstanding merit" at New Delhi on Republic Day, 1960. Dr. Kottaram is the first one in Kerala who received the National Award. The National Award system was instituted in India in 1960.

See Page 55 — 56



His Holiness Pope Pius XII received Rev. Dr. C. T. Kottaram in private audience on 27th Nov. 1955.
During the audience His Holiness gave Dr. Kottaram his own tonsure cap and a gold medal as souvenirs. Dr. Kottaram was visiting Rome on his way back from Oxford where he attended the International Educational Conference as a delegate from India.

മണ്ണൂർ കുടുംബം—മണിമല ശാഖ

മണ്ണൂർ കുഞ്ഞച്ചന്റെ പുനർ വിവാഹത്തിലെ മൂത്ത പുത്രൻ യൗസേഫ് ചെറുശ്ശേരിൽനിന്നും ബ്രിജീത്തായെ വിവാഹം ചെയ്ത് മണിമല താമസമാക്കി. ചെറിയാൻ, ഭേവസ്യാ, യൗസേഫ്, തോമസ് എന്നീ പുത്രന്മാരും മറിയാമ്മ എന്ന പുത്രിയും ജനിച്ചു. മറിയാമ്മ ഏഴാം വയസ്സിൽ ചരമം പ്രാപിച്ചു.

മൂത്ത പുത്രൻ ചെറിയാൻ പുന്നത്തുറ ചാത്തിമറ്റത്തിൽനിന്നും കുഞ്ഞിയെ വിവാഹം ചെയ്തു. ജോസഫ് എന്ന പുത്രനും കുഞ്ഞുപെണ്ണ്, ഭരതി, അന്നക്കുട്ടി, ത്രേസ്യാമ്മ എന്നീ പുത്രിമാരും ജനിച്ചു. ജോസഫ് കൊഴുവനാൽ പുഞ്ചാൽനിന്നും വിവാഹം ചെയ്തു. മൂന്നു പുത്രന്മാരും ഒരു പുത്രിയും ജനിച്ചു. കുഞ്ഞുപെണ്ണിനെ ചെമ്മച്ചിറ ഒഴുകയിൽ പാപ്പച്ചൻ വിവാഹം ചെയ്തു. സന്താനങ്ങളാരും ഇല്ല. മേരിയെ കൊഴുവനാൽ, മണിയങ്ങാട്ട് പാപ്പച്ചൻ വിവാഹം ചെയ്തു. രണ്ടു പുത്രന്മാരും ഒരു പുത്രിയും ജനിച്ചു. അന്നക്കുട്ടിയെ ചോനപ്പാടി പുരയാറൂ, അപ്രേൻ വിവാഹം ചെയ്തു. ഒരു പുത്രി ജനിച്ചു. ത്രേസ്യാമ്മയെ പിണ്ണാക്കനാട്ട് തെക്കേക്കരയിൽ കുഞ്ഞ് വിവാഹം ചെയ്തു. ഒരു പുത്രി ജനിച്ചു.

രണ്ടാമത്തെ പുത്രൻ പുന്നത്തുറ, താഴത്തുകുന്നേൽനിന്നും കുഞ്ഞിയെ വിവാഹം ചെയ്തു. അപ്പിക്കുഞ്ഞ്, ചാക്കോച്ചി എന്നീ പുത്രന്മാരും, ഈത്തമ്മ,

മറിയാമ്മ, ത്രേസ്യാമ്മ, കുഞ്ഞിക്കുട്ടി, കുഞ്ഞന്നമ്മ എന്നീ പുത്രിമാരും ജനിച്ചു. അപ്പിക്കുഞ്ഞു കടമാളൂർ താഴത്തുനിന്നും മേരിക്കുട്ടിയെ വിവാഹംചെയ്തു. ഒരു പുത്രി ജനിച്ചു ഈത്തമ്മയെ, അയർക്കുന്നത്തു് കണിയാം കുന്നേൽ ദേവസ്യാ വിവാഹം ചെയ്തു. നാലു പുത്രന്മാരും അഞ്ചു പുത്രിമാരും ജനിച്ചു. മറിയാമ്മയെ മറ്റക്കര, തുളുമ്പന്മാക്കൽ മാത്യു വിവാഹം ചെയ്തു. അഞ്ചു പുത്രന്മാരും മൂന്നു പുത്രിമാരും ജനിച്ചു. ത്രേസ്യാമ്മയെ കോട്ടാങ്ങൽ മാതരംമ്പള്ളിൽ കുഞ്ഞപ്പൻ വിവാഹം ചെയ്തു. നാലു പുത്രന്മാരും രണ്ടു പുത്രിമാരും ജനിച്ചു. കുഞ്ഞിക്കുട്ടിയെ മുത്തോലിൽ പരിന്തിരിക്കൽ അപ്പച്ചൻ വിവാഹം ചെയ്തു മൂന്നു പുത്രിമാരും രണ്ടുപുത്രന്മാരും ജനിച്ചു. കുഞ്ഞന്നമ്മയെ കാഞ്ഞിരപ്പള്ളിൽ പന്തിരുവേലിൽ ജോളി വിവാഹം ചെയ്തു. മൂന്നു പുത്രിമാർ ജനിച്ചു ചാക്കോച്ചി അവിവാഹിതനാണു്.

മൂന്നാമത്തെ പുത്രൻ ഔസേഫ് ചിറക്കടവിൽ മണാത്തുനിന്നും അന്നയെ വിവാഹം ചെയ്തു. കുഞ്ഞച്ചൻ, പാപ്പച്ചൻ, ബേബി, ജോയി എന്നീ പുത്രന്മാരും, ത്രേസി എന്ന പുത്രിയും ജനിച്ചു. ത്രേസിയെ മേവിട അഴകത്തു് തോമസ് വിവാഹം ചെയ്തു. കുഞ്ഞച്ചൻ ചെറുവള്ളിൽ പതാലിൽനിന്നും ലീലാമ്മയെ വിവാഹം ചെയ്തു. രണ്ടു പുത്രന്മാരും, രണ്ടു പുത്രിമാരും ജനിച്ചു. പാപ്പച്ചൻ മുട്ടാറിൽ മണലിൽ നിന്നും റോസിക്കുട്ടിയെ വിവാഹം ചെയ്തു. ഒരു പുത്രൻ ജനിച്ചു. ബേബി, ജോയി എന്നിവർ അവിവാഹിതരാണു്.

നാലാമത്തെ പുത്രൻ തോമസ് എരുമേലിൽ കുടമ്പനാട്ടുതാഴെനിന്നും കുഞ്ഞേലിയെ വിവാഹംചെയ്തു. അപ്പച്ചൻ, ചാക്കോച്ചൻ, കുഞ്ഞൂട്ടി, പാപ്പച്ചി, ബാബുക്കുട്ടി, ടോമി എന്നീ ആറു പുത്രന്മാരും, മോളി, ദീനാമ്മ, മേഴ്സി, അക്കാമ്മ എന്നീ നാലു പുത്രിമാരും ജനിച്ചു. അപ്പച്ചൻ മണിമല പാണ്ടിമാക്കൽനിന്നും, അച്ചാമ്മയെ വിവാഹം ചെയ്തു. ഒരു പുത്രനും, ഒരു പുത്രിയും ജനിച്ചു. ചാക്കോച്ചൻ കാഞ്ഞിരപ്പള്ളിൽ അയല്പുപ്പറമ്പിൽ മറിയക്കുട്ടിയെ വിവാഹം ചെയ്തു. ഒരു പുത്രി ജനിച്ചു. കുഞ്ഞൂട്ടി, പാപ്പച്ചി, ബാബുക്കുട്ടി, ടോമി, മോളി, ദീനാമ്മ, മേഴ്സി, അക്കാമ്മ എന്നിവർ അവിവാഹിതരാണ്.

മാധവപ്പള്ളിൽ കുടുംബം

മണ്ണൂർ ഇട്ടിച്ചെറിയയുടെ മൂന്നാമത്തെ പുത്രൻ ചെറിയതു് മാധവപ്പള്ളിലേക്കു് മാറിത്താമസിച്ചു. ചെറിയതിനു് രണ്ടു പുത്രന്മാരും, രണ്ടു പുത്രിമാരും ഉണ്ടായിരുന്നു. മൂത്തപുത്രൻ ചെറിയതു് ചെല്ലുംകോട്ടും, രണ്ടാമത്തെ പുത്രൻ വർഗീസ് മാധവപ്പള്ളിൽ തറവാട്ടിലും താമസിച്ചു. മൂത്തപുത്രിയെ പാലായിൽ കളരിയാമ്മാക്കലും, രണ്ടാമത്തെ പുത്രിയെ ചെറുമാണ്ടൂർ പന്നാംതൊട്ടിയിലും വിവാഹം ചെയ്തയച്ചു.

തറവാട്ടിൽ താമസിച്ച വർഗീസ്, ചേർപ്പുങ്കൽ പാറയിൽനിന്നും അന്നയെ വിവാഹം ചെയ്തു.

ചെറിയത്തു്, വക്കി, മത്തായി, തോമസു്, ഔസേപ്പു്, കൊച്ചുകുഞ്ഞു് എന്നു് ആറു പുത്രന്മാരും, അന്നമ്മ, ത്രേസ്യാമ്മ എന്നു് രണ്ടു പുത്രിമാരും ജനിച്ചു. മൂത്ത പുത്രി അന്നമ്മയെ കാഞ്ഞിരപ്പള്ളിൽ കരിമ്പനാലും, രണ്ടാമത്തെ പുത്രി ത്രേസ്യാമ്മയെ കാഞ്ഞിരപ്പള്ളിൽ കരിപ്പാപറമ്പിലും വിവാഹം ചെയ്തു. ഇളയപുത്രന്മാരായ ഔസേപ്പും കൊച്ചുകുഞ്ഞും യൗവനകാലത്തുതന്നെ മരണമടഞ്ഞു. നാലാമത്തെ പുത്രൻ തോമസു് വൈദികനായി. ദീർഘനാൾ അദ്ദേഹം പാലാ സെൻറു് തോമസു് ഹൈസ്കൂൾ മാനേജരായി സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. മൂന്നുനിലയിലുള്ള ഇന്നത്തെ ഹൈസ്കൂൾ കെട്ടിടം പണിതതു് അദ്ദേഹത്തിൻെറ ഭരണകാലത്താണു്.

മാധവപ്പള്ളിൽ വർഗീസിൻെറ പുത്രൻ ചെറിയത്തു് ചേറ്റുങ്കൽ മൂത്തശ്ശേരിൽനിന്നു്, ഏലിയെ വിവാഹം ചെയ്തു് തറവാട്ടിൽ താമസിച്ചു. വക്കി എന്നപേരുള്ള ഒരു പുത്രനും, അന്നമ്മ, കുഞ്ഞുമറിയം, കുഞ്ഞുപെണ്ണു്, ത്രേസ്യാമ്മ, ഇത്തമ്മ എന്നു് അഞ്ചു പുത്രിമാരും ഉണ്ടായി. അന്നമ്മയെ മുത്തോലിൽ നാഗന്തലിൽ ഔസേപ്പും, ത്രേസ്യായെ പൂവരണിയിൽ ഈററത്തോട്ടത്തിൽ ഔസേപ്പച്ചനും വിവാഹം കഴിച്ചു. കുഞ്ഞുമറിയവും, കുഞ്ഞുപെണ്ണും കുമ്മലീത്താമഠത്തിൽ ചേന്നു് സി. ഇമ്മൽഡാ, സി. അന്നാമ്മ എന്നീ പേരുകൾ സ്വീകരിച്ചു. ഇളയമകൾ ഇത്തമ്മ കുമ്മലീത്താ ഒന്നാം സഭയിൽ ചേന്നു് സി. ജയിൻ എന്ന പേരിൽ അറി

യപ്പെട്ടന്നു. ചെറിയതിന്റെ ഏക പുത്രൻ വക്കി മത്തോഷിൽ കോയിപ്പുറത്തുനിന്നു് ത്രേസ്യായെ വിവാഹം ചെയ്തു. ചെറിയാൻ, തോമസ്, ജോജ്ജ് എന്നു മൂന്നു പുത്രന്മാരും, ഏലിക്കുട്ടി, തെയ്യാമ്മ എന്നു രണ്ടു പുത്രിമാരും ഉണ്ടായി. മൂത്തപുത്രി ഏലിക്കുട്ടിയെ ചിറക്കടവിൽ കിഴക്കേത്തലയ്ക്കൽ ചക്കോച്ചൻ വിവാഹം ചെയ്തു. ഇപ്പോൾ മലബാറിൽ താമസിക്കുന്നു. രണ്ടാമത്തെ മകൾ തെയ്യാമ്മയെ പ്രവിത്താനത്തു് തെപ്പറമ്പിൽ ജോസഫ് വിവാഹം ചെയ്തു. ചെറിയാൻ പാലായിൽ മണ്ണാറമറ്റത്തിൽനിന്നും തങ്കമ്മയെ വിവാഹം ചെയ്തു, മലബാറിൽ മണ്ണാറക്കുട്ടു് താമസിക്കുന്നു. ഏഴു് ആൺമക്കളും ഒരു പുത്രിയുമുണ്ടു്. തോമസ് വിളക്കുമാടത്തു് പഴൂർവടക്കേടത്തുനിന്നും മേരിയെ വിവാഹം ചെയ്തു് ഇപ്പോൾ മലബാറിൽ കാഞ്ഞം കാട്ടു് താമസിക്കുന്നു. തോമസിനു് മൂന്നു പുത്രന്മാരും നാലു പുത്രിമാരുമുണ്ടു്. തറവാട്ടിൽ താമസിക്കുന്ന ജോർജ്ജു് അതിരമ്പുഴ പേമലയിൽനിന്നും മേരിയെ വിവാഹം ചെയ്തു. നാലു പുത്രന്മാരും, നാലു പുത്രിമാരും ഉണ്ടു്.

മാധവപ്പള്ളി–വാഴവേലിക്കകത്തു് ശാഖ

മാധവപ്പള്ളിൽ വർഗീസിന്റെ രണ്ടാമത്തെ പുത്രൻ വക്കി കാഞ്ഞിരപ്പള്ളിൽ പറമ്പകത്തു നിന്നും മറിയാമ്മയെ വിവാഹം കഴിച്ചു. ജേജ്ജു്, തോമസ് എന്ന പുത്രന്മാരും, മറിയമ്മ, ത്രേസ്യാക്കുട്ടി ഏലിക്കുട്ടി, മാമ്മി എന്ന പുത്രിമാരും ജനിച്ചു. മാ

മ്മിയെ പൂവരണിയിൽ തേവർകോട്ടയിലും മറിയാമ്മയെ എടത്തുവായിൽ വെള്ളാപ്പള്ളിലും, ത്രേസ്യാക്കുട്ടിയെ പാലായിൽ കിഴക്കേമേയിലും വിവാഹം ചെയ്തുവിട്ടു. ഇളയമകൾ ഏലിക്കുട്ടിയെ കിഴക്കേക്കരവക്കിച്ചൻ വിവാഹം ചെയ്തു.

മൂത്തപുത്രൻ ജോജ്ജ് (പാപ്പച്ചൻ) ചെങ്ങളം കരിപ്പായിൽ നിന്നും മറിയത്തിനെ വിവാഹം ചെയ്തു. ഒരു പുത്രനും രണ്ടു പുത്രിന്മാരും ജനിച്ചു. പുത്രിമാരിൽ മാമ്മിയെ ആലപ്പുഴ മലയിൽ ലോനച്ചൻ വിവാഹം ചെയ്തു. ഇളയപുത്രി അന്നമ്മയെ ഏറ്റുമാനൂർ ചിറയിൽ പോൾ വിവാഹം ചെയ്തു. ഏകപുത്രൻ ജോജ്ജ് പാലാ സെൻറ്തോമസ്കോളേജ് ലക്ചറർ ആണ്. മൂവാറ്റുപുഴ പിട്ടാപ്പള്ളിൽ മത്തായിമകൾ ലിസ്സിയെ വിവാഹം ചെയ്തു. ജോജി, അനിൽ എന്നു രണ്ടു പുത്രന്മാരും, ഷർളി എന്ന ഒരു പുത്രിയുമുണ്ട്.

വറുഗീസ് വക്കിയുടെ ഇളയപുത്രൻ തോമസ് (കൊച്ചുഞ്ഞു) ചേർപ്പുങ്കൽ വള്ളികാട്ടുകഴിയിൽ ഇഞ്ഞാക്കു മകൾ മാമ്മിയെ വിവാഹം ചെയ്തു. അഞ്ചു പുത്രന്മാരും ആറുപുത്രിമാരും ജനിച്ചു. അവരെല്ലാവരും മലബാറിൽ ആലക്കോട്ടുത്തു് സ്ഥലമെടുത്തു് കൃഷിയിൽ ഏർപ്പെട്ടിരിക്കുകയാണ്.

മാധവപ്പള്ളിൽ പനച്ചിക്കൽ ശാഖ

മാധവപ്പള്ളിൽ വർഗീസ് മത്തായി വൈക്കത്ത് പഴയകടവിൽനിന്നും മറിയാമ്മയെ വിവാഹംചെയ്ത് പനച്ചിക്കൽ താമസമാക്കി. ജോജ്ജ് എന്ന ഒരു പുത്രനും, മറിയം, അച്ചാമ്മ, മാമ്മച്ചൻ എന്നു മൂന്നു പുത്രിമാരും ജനിച്ചു. അച്ചാമ്മ ബാല്യപ്രായത്തിൽത്തന്നെ ചരമം പ്രാപിച്ചു. മറിയത്തിനെ ഐക്കരയിൽ തോമസ് വിവാഹംചെയ്തു എങ്കിലും ഏറെത്താമസിയാതെ മരണംപ്രാപിച്ചു. മാമ്മച്ചനെ കരുർ ഉഴത്തുവാൽ പുത്തൻപുരക്കൽ ജോസഫ് വിവാഹം ചെയ്തു. മത്തായിയുടെ ഏകപുത്രൻ ജോജ്ജ് കറവിലങ്ങാട്ട് മറ്റത്തിൽനിന്നും തങ്കമ്മയെ വിവാഹം ചെയ്തു. അഞ്ചു പുത്രന്മാരും, ആറു പുത്രിമാരും ജനിച്ചു. അവരെല്ലാവരും മലബാറിൽ കാഞ്ഞംകാട്ട് കൃഷിയിൽ ഏർപ്പെട്ടിരിക്കുകയാണു്.

ചെല്ലംകോട്ട് കുടുംബം

മാധവപ്പള്ളിൽ ചെറിയതിന്റെ മൂത്തപുത്രൻ ചെറിയതു് ചേപ്പുങ്കൽ ചെല്ലംകോട്ടേക്കു് മാറിത്താമസിച്ചു. ചെറിയതിനു് അഞ്ചു പുത്രന്മാരും രണ്ടു പുത്രിമാരും ഉണ്ടായി. മൂത്തപുത്രി അന്നമ്മയെ മുളക്കുളത്തു് പെരിയപ്പുറത്തും, മറിയത്തിനെ ചങ്ങനാശേരിൽ കാവാലത്തും വിവാഹം ചെയ്തു. മൂത്തപുത്രൻ ചെറിയതു മത്തായി തെക്കേവള്ളികാട്ടകുഴിയിലേക്കു് മാറി

ന്താമസിച്ചു കൊഴുവനാൽ കുന്നത്തുമഠക്കൽനിന്നും വി
വാഹംകഴിച്ച മത്തായ്ക്ക് ചെറിയത്, മത്തായി, ഔ
സേപ്പ്, ജോർജ്ജ് എന്നു് നാലു പുത്രന്മാരും, ഏലി,
മമ്മി എന്നു് രണ്ടു പുത്രിമാരും ജനിച്ചു. മൂത്തപുത്രി
ഏലിയെ കൊഴുവനാൽ പുള്ളിറവും, രണ്ടാമത്തെ പു
ത്രിമാമ്മിയെ, കട്ടച്ചിറ ഇടപ്പുക്കാട്ടും വിവാഹംകഴിച്ചു.
മൂത്തപുത്രൻ ചെറിയത് ചെല്ലുങ്കോട്ടേക്ക് മാറിത്താ
മസിച്ചു. മേവിട പരിന്തിരിക്കൽനിന്നും വിവാഹം
ചെയ്തു. ഒരു പുത്രൻ മാത്രം ജനിച്ചു. ഏകപുത്രൻ ജോ
സഫ്, ചേർപ്പുങ്കൽ മൂത്തേടത്തിൽനിന്നും വിവാഹം
ചെയ്തു. തോമസ്, സ്കറിയാ, ജോർജ്ജ് എന്നു മൂന്നു
പുത്രന്മാരും, ഏലി, അന്ന, മറിയം, ത്രേസ്യാ എന്നീ
നാലു പുത്രിമാരും ഉണ്ടു്.

ചെല്ലുംകോട്ടു് മത്തായിയുടെ രണ്ടാമത്തെ പു
ത്രൻ മത്തായി കൊഴുവനാൽ, കൊച്ചുകൊഴുവനായിൽ
നിന്നും, മറിയത്തെ വിവാഹം ചെയ്തു് ചേർപ്പുങ്കൽ
മുറിഞ്ഞകല്ലേൽ താമസിച്ചു. മത്തായി, വക്കി, ചെ
റിയത് എന്നു് മൂന്നു പുത്രന്മാർ ജനിച്ചു. മൂത്ത പുത്രൻ
മത്തായി കടപ്ലാമറ്റത്തു് മൂശാരിയേട്ടനിന്നും വിവാഹം
ചെയ്തു. മൂന്നു പുത്രിമാർ ജനിച്ചു. അവർ വിദ്യാർത്ഥിനി
കളാണു്. രണ്ടാമത്തെ പുത്രൻ വക്കി, ചേർപ്പുങ്കൽ
വെട്ടിക്കൊമ്പിൽനിന്നും വിവാഹം ചെയ്തു. രണ്ടു പുത്ര
ന്മാരും, രണ്ടു പുത്രിമാരുമുണ്ടു്.

ചെല്ലുംകോട്ടു് മത്തായിയുടെ മൂന്നാമത്തെ പു
ത്രൻ ഔസേപ്പ് ചേപ്പുങ്കൽ പുല്ലാനപ്പള്ളിയിൽനിന്നും

ത്രേസ്യായെ വിവാഹം ചെയ്തു. ഒരു പുത്രൻ ജനിച്ചു. തുരുത്തിയിൽ താമസിച്ചു. അവർക്ക് ജോസഫ് എന്ന ഏകപുത്രൻ ജനിച്ചു. ജോസഫ് അതിരമ്പുഴ പേമലയിൽനിന്നും വിവാഹം ചെയ്തു. ആറു സന്താനങ്ങൾ ജനിച്ചു. അവർ വിദ്യാർത്ഥികളാണ്.

മത്തായിയുടെ നാലാമത്തെ പുത്രൻ ജോർജ്ജ് വൈദികപദവിയിലേക്ക് ഉയർത്തപ്പെട്ടു. കുമ്പനാടം, പുന്നത്തുറ, മരങ്ങാട്ടുപിള്ളി, ചേപ്പുങ്കൽ, വെള്ളികുളം, പാളയം, കൊഴുവനാൽ, വിളക്കുമാടം മുതലായ പള്ളികളിൽ സ്തുത്യർഹമാംവിധം ഇദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കൊഴുവനാൽ ദൈവാലയം നവീനരീതിയിൽപുതുക്കിപണിയുയർത്തിയതു് ഇദ്ദേഹത്തിന്റെ അക്ഷീണയത്നത്തിന്റെ ഫലമായിട്ടാണ്. പാലാ രൂപതയുടെ സിവ്യ. എസ്റ്റേറ്റിന്റെ മാനേജരായി ഇദ്ദേഹം മൂന്നു വർഷക്കാലം ജോലിനോക്കി. വിളക്കുമാടം വികാരിയായിരിക്കവേ, 1969 ഡിസംബർ 15-നു ബ. ജോർജ്ജച്ചൻ ഭാഗ്യമരണം പ്രാപിച്ചു.

ചെല്ലങ്കോട്ട് പുളിക്കിയിൽ ശാഖ

ചെല്ലങ്കോട്ട നിന്നും പുളിക്കിയിൽ മാറിത്താമസിച്ച ചെറിയതു ചെറിയതു് പാലായിൽ ചക്കുങ്കളത്തുനിന്നും വിവാഹം ചെയ്തു. ഔസേഫ്, ചെറിയതു്, തൊമ്മൻ, മത്തായി എന്ന നാലു പുത്രന്മാർ ജനിച്ചു. അവർ നാലുപേരും മലബാറിൽ കുടിയേറി പാർത്തു.

ചെല്ലങ്കോട്ട് ചാത്തക്കൽ ശാഖ

ചെല്ലങ്കോട്ട് നിന്നും ചാത്തക്കൽ താമസമാക്കിയ ചെറിയതു് ഔസേപ്പു് മാന്നാനത്തു് ഇല്ലിച്ചിറയിൽ നിന്നാണു് വിവാഹം ചെയ്തതു്. മാന്നാനത്തു് ഇല്ലിച്ചിറ വീട്ടു് ഭത്തവകാശമായി ലഭിക്കുകയും കാലാന്തരത്തിൽ ഔസേപ്പു് അവിടെ താമസമാക്കുകയും ചെയ്തു. ഔസേപ്പിനു്, സ്കറിയാ, കറു, തൊമ്മൻ, ഔസേപ്പു്, പാലു എന്നു് അഞ്ചു പുത്രന്മാരും രണ്ടു പുത്രിമാരും ജനിച്ചു. അവരിൽ തൊമ്മനും ഔസേപ്പും ചെറുപ്പത്തിലെ മരണം പ്രാപിച്ചു. സ്കറിയാ കാഞ്ഞിരമറ്റം കളപ്പുരത്തുനിന്നു് വിവാഹം ചെയ്തു. ഏറെത്താമസിയാതെ പരമംപ്രാപിച്ചു. കറു പാലായിൽ കളപ്പുരയ്ക്കൽ ഭത്തവകാശത്തിൽ പോയി താമസിച്ചു. നാലു ആൺകുട്ടികളും രണ്ടു പെൺകുട്ടികളും ജനിച്ചു. ഔസേപ്പിന്റെ ഇളയ പുത്രൻ പാലു മാന്നാനത്തു് ഇല്ലിച്ചിറയിൽ കുടുംബസമേതം താമസിക്കുന്നു.

ചെല്ലങ്കോട്ട് തറവാട്ടിൽ താമസിച്ച ചെറിയതു ചാണ്ടി കുടക്കച്ചിറ പുത്തേട്ടു നിന്നും വിവാഹം ചെയ്തു. നാലു ആൺമക്കളും രണ്ടു പെൺമക്കളും ഉണ്ടായി. പുത്രന്മാരിൽ രണ്ടുപേർ ചെറുപ്പത്തിലേതന്നെ മരിച്ചു പോയി. രണ്ടു പുത്രന്മാർ വിവാഹിതരായി മലബാറിൽ കുടിയേറി താമസിക്കുന്നു.

ചെല്ലങ്കോട്ട് ചെറിയതിന്റെ അഞ്ചാമത്തെ പുത്രൻ തൊമ്മൻ ആനിക്കാട്ടു് പനച്ചിക്കൽ കുടുംബ

ത്തിലേക്ക് മാറ്റിപോയി. നാലു പുത്രന്മാരും മൂന്നു പുത്രിമാരും ജനിച്ചു. ആദ്യത്തെ പുത്രി മേരി കന്യകാമഠത്തിൽ പ്രവേശിച്ചു. അന്നമ്മ, ഏലിയാമ്മ എന്നിവരെ വിവാഹം കഴിപ്പിച്ചു വിട്ടു. പുത്രന്മാരിൽ മൂത്തവർ, കുഞ്ഞുപ്പൻ വിവാഹിതനെങ്കിലും സന്താനങ്ങളില്ല. രണ്ടാമത്തെ പുത്രൻ മത്തായിക്ക് നാലു് ആൺമക്കളും രണ്ടു പെൺമക്കളുമുണ്ടു്. മൂന്നാമൻ സ്കറിയാ എളംപള്ളിയിലേക്ക് മാറിത്താമസമാക്കി. രണ്ടു പുത്രന്മാരും നാലു പുത്രിമാരും ജനിച്ചു. നാലാമത്തെ പുത്രൻ തോമസ് മലബാറിൽ കുടിയേറി താമസിച്ചു. രണ്ടു പുത്രന്മാരും രണ്ടു പുത്രിന്മാരും ഉണ്ടു്.

പ്ലാക്കാട്ടു കുടുംബം

മണ്ണൂർ നിന്നും പ്ലാക്കാട്ടേക്ക് മാറിത്താമസിച്ച കുര്യനു്, മത്തായി, വക്കി, ഔസേപ്പു് എന്നു് മൂന്നു പുത്രന്മാരും, നാലു പുത്രിമാരും ജനിച്ചു. ആദ്യത്തെ പുത്രിയെ കൈനകരയിൽ കോയിത്രയും, രണ്ടാമത്തെ പുത്രിയെ അരുവിത്തുറ വലുവീട്ടിലും, മൂന്നാമത്തെ പുത്രിയെ കുറവിലങ്ങാടു് മറ്റത്തിലും, നാലാമത്തെ പുത്രിയെ കാഞ്ഞിരപ്പള്ളിൽ ഇടശ്ശേരിലും വിവാഹം കഴിപ്പിച്ചു വിട്ടു. കുര്യന്റെ ഇളയ പുത്രൻ ഔസേപ്പു് ചേന്നങ്കരി വലുപാറ ചാക്കോ മകൾ അന്നമ്മയെ വിവാഹം ചെയ്തു. പന്ത്രണ്ടു കൊല്ലത്തെ വൈവാഹിക ജീവിതത്തിൽ അവർക്കു് സന്താനലാഭമുണ്ടായില്ല. ഔ

സേപ്പ് യൗവ്വനത്തിൽത്തന്നെ അകാലചരമമടയുകയും വിധവയായ അന്നമ്മയെ ചമ്പക്കുളത്തു് കുര്യാളശ്ശേരിൽ ചാക്കോ പുനർവിവാഹം ചെയ്കയും ചെയ്തു. അങ്ങനെ കുര്യാളശ്ശേരിൽ തോമ്മാ മെത്രാനച്ചൻ തിരുമനസ്സിലെ മദ്ധ്യവായിത്തിരുന്നതിനുള്ള ഭാഗ്യം ഈ മഹതിക്കു് ഉണ്ടായി. കുര്യൻറെ മൂത്ത പുത്രൻ മത്തായി പ്ലാക്കാട്ടു് തറവാട്ടിൽ താമസിച്ചു. സ്കറിയാ, കോര, ഉലഹന്നാൻ എന്ന പുത്രന്മാരും, മാമ്മി, ഏലി, ത്രേസ്യാ എന്ന പുത്രിമാരും ജനിച്ചു. മാമ്മിയെ പൈങ്ങളത്തു് കുന്നത്തേടത്തും, ഏലിയെ ഭരണങ്ങാനത്തു് ക്രറനാലും ത്രേസ്യായെ ചേപ്പുങ്കൽ കോലടിയിലും വിവാഹം കഴിച്ചു.

തറവാട്ടിൽ താമസിച്ച കോര പാലാ പുഞ്ചക്കുന്നേൽ മണിമല പുരയിടത്തിൽ നിന്നും മറിയാമ്മയെ വിവാഹം ചെയ്തു. അവർക്കു് പുത്രന്മാരായി മത്തായി, തോമസ്, ഇയ്യപ്പൻ എന്നിവരും, പുത്രിമാരായി ഏലി, മറിയം, ത്രേസ്യാ, ചിന്ന എന്നിവരും ജാതരായി. മൂത്തപുത്രി കുഞ്ഞേലിയെ പാലായിൽ കയത്തുംകരയിലും, രണ്ടാമത്തെ പുത്രി കുഞ്ഞാമ്മിയെ (മറിയം) മുത്തോലിൽ കിഴക്കേനാഗന്തുലിലും, നാലാമത്തെ പുത്രി ചിന്നമ്മയെ ഭരണങ്ങാനത്തു് മച്ചിയാനിക്കലും വിവാഹം ചെയ്തു. മൂന്നാമത്തെ പുത്രി ത്രേസ്യാ കർമ്മലീത്താമഠത്തിൽ പ്രവേശിച്ചു് കന്യാസ്ത്രീയായി ചരമംപ്രാപിച്ചു.



''ചരിത്രപ്രസിദ്ധമായ പാലാ വലിയപള്ളി സ്ഥാപിച്ചതു് ക്രി. 1002–ൽ ആണു്. എറകോന്നി, വയലക്കൊമ്പു, തറയിൽ, കുട്ടങ്കൽ എന്നീ നാലു കുടുംബക്കാരാണു് പാലാ വലിയപള്ളി വെപ്പിച്ചതു്.''



എറകോന്നി കുടുംബാംഗമായ തലച്ചിറെ ബ. കൊച്ചുമത്തായി അച്ചൻ പുത്തൻപള്ളി സെമിനാരിയിൽ വച്ചു ഗ്രന്ഥപ്പട്ടം സ്വീകരിച്ചപ്പോഴും അവിടെ പഠിച്ചിരുന്ന പാലാ ഇടവകക്കാരായ ശമ്മാശ്ശന്മാരും ഒന്നിച്ചു്



Smt. Elizabeth Thomas Kottaram died on 15-10-1948.
Her sons and daughters and some relations including her cousin brother, Rev. Fr. Joseph Vechianikal, are seen in this picture taken at Kottaram House, the residence of K. T. Mathew Kottaram



A marble slab was laid over the tomb of
Rev. Fr. Joseph Kottaram at the Mundamkal Church on 14-3-1954. Their Excellencies Bishops Kavukatt, Sebastian Vayalil and Vallopilly were present

കോരയുടെ മൂത്തപുത്രൻ മത്തായി (കുട്ടി) കൊ
ങ്ങാണ്ടൂർ ക്രുക്മറ്റത്തിൽനിന്നും അന്നമ്മയെ വിവാ
ഹം ചെയ്തു. കുഞ്ഞാക്കോസ്, ചെറിയാൻ, തോമസ്,
ജോസഫ്, മാത്യു എന്നു് അഞ്ചു പുത്രന്മാരും, മറിയം,
അന്ന, ത്രേസ്യാ എന്നു് മൂന്നു പുത്രിമാരും ജനിച്ചു.
പൊതുക്കാര്യപ്രസക്തനും, സമുദായസ്നേഹിയുമായ മ
ത്തായി, മുത്തോലി പഞ്ചായത്തു മെമ്പർ, മുത്തോലി പ
ള്ളിയുടെ കൈക്കാരൻ എന്നീ നിലകളിൽ ദീർഘകാ
ലം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ടു്.

മത്തായിയുടെ മൂത്തപുത്രൻ കുഞ്ഞാക്കോസ് പാ
ലായിൽ വരിക്കമാക്കൽനിന്നും അച്ചാമ്മയെ വിവാഹം
ചെയ്തു. നാലു പുത്രന്മാരും, നാലു പുത്രിമാരും ജനിച്ചു.
അവരെല്ലാവരും ഇപ്പോൾ മണിമല പെരുമ്പട്ടിൽ താ
മസിക്കുന്നു. മക്കളിൽ ജോജ്ജും, തോമസും, C. M. I.
സഭയിൽ വൈദികവിദ്യാർത്ഥികളാണു്. മത്തായിയു
ടെ ഇളയമകൾ ത്രേസ്യാ തിരുഹൃദയമഠത്തിൽ ചേർന്നു്,
ഇപ്പോൾ തലശ്ശേരി ശ്രുതയിൽ ജോലിചെയ്യുന്നു.
രണ്ടാമത്തെ പുത്രൻ ചെറിയാൻ C. M. I. സഭയിൽ
വൈദികനായി ഫാ. ക്രിസ്റ്റുൻ എന്ന പേരിൽ അറി
യപ്പെടുന്നു. പന്ത്രണ്ടു വർഷക്കാലം അംബികാപൂർ ശ്രു
തയിൽ സേവനമനുഷ്ഠിച്ചശേഷം ഇപ്പോൾ ഛരന്ദാ
മിഷ്യനിൽ സേവനം അനുഷ്ഠിക്കുന്നു. മത്തായിയുടെ
മൂന്നാമത്തെ പുത്രൻ തോമസ് മേവിട ഐക്കരയിൽ
അച്ചാമ്മയെ വിവാഹം ചെയ്തു, മലബാറിൽ ആല
ക്കോട്ടു് താമസിക്കുന്നു. അഞ്ചു പുത്രന്മാരും, നാലു പു

ത്രിമാരും ഉണ്ട്. മത്തായിയുടെ നാലാമത്തെ പുത്രൻ ജോസഫ് മണിമല കോട്ടാങ്കൽ കലത്തുംമുറിയിൽനിന്നും ഏലമ്മയെ വിവാഹം ചെയ്തു, മലബാറിൽ ആലക്കോട്ട് താമസിക്കുന്നു. രണ്ടു പുത്രന്മാരും, രണ്ടു പുത്രിമാരും ഉണ്ട്. അഞ്ചാമത്തെ പുത്രനായ മാത്യു (അപ്പച്ചി) പ്ലാക്കാട്ട തറവാട്ടിൽ താമസിക്കുന്നു. ഭരണങ്ങാനത്തു് ചൊവ്വാറുകുന്നേൽനിന്നും ചാച്ചമ്മയെ വിവാഹം ചെയ്തു. രണ്ടു പുത്രന്മാരും മൂന്നു പുത്രിമാരുമുണ്ട്.

മത്തായി കോരയുടെ രണ്ടാമത്തെ പുത്രൻ തോമസ് വൈദികപദവിയിലേക്കുയർത്തപ്പെട്ടു. അരുവിത്തുറ, അതിരമ്പുഴ, ഇടമറുക്, തോടനാൽ, മണിമല, ചെങ്ങളം, കാഞ്ഞിരമറ്റം, തുടങ്ങനാട്, ചേർപ്പുങ്കൽ, കടുത്തുരുത്തി, വടകര, മുട്ടുചിറ, പ്രവിത്താനം മുതലായ പള്ളികളിൽ ഭരണം നടത്തുകയും അനന്യസാധാരണമായ ഭരണപാടവം പ്രകടിപ്പിക്കുകയും ചെയ്തു. തോടനാൽ പള്ളി പണതു പൂർത്തിയാക്കിയതു് ഇദ്ദേഹത്തിന്റെ കാലത്താണു്.

മത്തായി കോരയുടെ മൂന്നാമത്തെ പുത്രൻ ജോസഫ് (ഈപ്പച്ചൻ) പാലായിൽ മാധവത്തു് മാമ്മിയെ വിവാഹം ചെയ്തു. നാലു പുത്രിമാർ ജനിച്ചു. ഇവരിൽ ഇളയപുത്രി അച്ചാമ്മ കർമ്മലീത്താമഠത്തിൽ പ്രവേശിച്ചു് കന്യാസ്ത്രീയായി. മൂത്തപുത്രി മേരിയെ വൈക്കരയിൽ ജോസഫ് (കുഞ്ഞുകുട്ടി) വിവാഹം ചെയ്തു് ദീർഘകാലത്തിൽ താമസിച്ചു പുത്രന്മാരായ

ഇയ്യപ്പച്ചനും, പാപ്പച്ചനും ജനിച്ചു് അധികനാൾ കഴിയുന്നതിനുമുമ്പു് മേരി ചരമംപ്രാപിക്കുകയും, കുഞ്ഞുകുട്ടി, മേരിയുടെ സഹോദരി എൽസിയെ പുനർവിവാഹം ചെയ്യുകയും ചെയ്തു. നാലു പുത്രന്മാരും, നാലു പുത്രിമാരും ജനിച്ചു. അവരിൽ ഒരാൾ C. M. I. സഭയിൽ, വൈദികവിദ്യാർത്ഥിയാണു്. എൽസിയുടെ ജ്യേഷ്ഠത്തി പെണ്ണമ്മയെ നാഗന്തുലിൽ ചെറിയാൻ വിവാഹം കഴിച്ചു.

പ്ലാക്കാട്ടു് തെക്കേതോട്ടത്തിൽ ശാഖ

പ്ലാക്കാട്ടു് കുഞ്ഞൻ മത്തായിയുടെ മൂത്തപുത്രൻ സ്കറിയാ ചേപ്പുങ്കൽ കൊള്ളപ്പുറത്താഴെനിന്നും മറിയത്തിനെ വിവാഹംകഴിച്ചു് തെക്കേതോട്ടത്തിൽ മാറിത്താമസിച്ചു. മത്തായി, ജോസഫ്, ജോൺ, തോമസ് എന്നു് നാലു പുത്രന്മാരും, ത്രേസ്യാമ്മ എന്ന ഒരു പുത്രിയും ജനിച്ചു. ത്രേസ്യാമ്മ കന്യകാമഠത്തിൽ പ്രവേശിച്ചു് കന്യാസ്ത്രീയായി. മൂത്തപുത്രൻ മത്തായി ചേപ്പുങ്കൽ മറ്റത്തിൽനിന്നും വിവാഹംചെയ്തു. സ്കറിയാ, ജോൺ എന്നു് രണ്ടു പുത്രന്മാരും, അന്നമ്മ, മറിയാമ്മ, ഏലിക്കുട്ടി, റോസമ്മ എന്ന നാലു പുത്രിമാരും ജാതരായി. ഇവരെല്ലാവരും മലബാറിൽ ക്രൂടിലഞ്ഞിയിൽ സ്ഥലമെടുത്തു കുടിയേറിപ്പാർത്തു.

മൂത്തപുത്രൻ സ്കറിയാ കുമ്പനാട്ടു് പാറത്തിൽനിന്നും വിവാഹംചെയ്തു. മൂന്നു പുത്രന്മാരും മൂന്നു പുത്രിമാരും ജനിച്ചു. രണ്ടാമത്തെ മകൻ ജോൺ വി

ളക്കമാടത്തു് തെക്കേക്കുറുനിന്നും വിവാഹം കഴിച്ചു. അഞ്ചു പുത്രന്മാരും, ആറു പുത്രിമാരും ജനിച്ചു.

മത്തായി സ്കറിയായുടെ പെൺമക്കളിൽ, ഏലിക്കുട്ടിയെ കൊഴുവനാൽ തോണക്കരയിലും, മറിയാമ്മയെ പ്രവിത്താനത്തു് ഒറപ്ലാക്കലും, റോസമ്മയെ പാലായിൽ തലച്ചിറയും വിവാഹം കഴിച്ചു. അന്നമ്മ തിരുഹൃദയമഠത്തിൽ പ്രവേശിച്ചു് കന്യാസ്ത്രീയായി.

മത്തായി സ്കറിയായുടെ രണ്ടാമത്തെ പുത്രൻ ജോസഫ് (കുഞ്ഞവുത) പാലാ മുതുകുളത്തുനിന്നും വിവാഹം ചെയ്കയും താമസിയാതെ മരണംപ്രാപിക്കുകയുംചെയ്തു. മൂന്നാമൻ ജോൺ, ചങ്ങനാശ്ശേരി ഒളശ്ശയിൽനിന്നും മറിയാമ്മയെ വിവാഹംചെയ്തു് തറവാട്ടിൽ താമസിക്കുന്നു. ജോസഫ്, സ്കറിയാ, ജോൺ, പാപ്പച്ചൻ എന്നു് നാലു പുത്രന്മാരും, ചിന്നമ്മ, പെണ്ണമ്മ എന്നു് രണ്ടു പുത്രിമാരും ജനിച്ചു. പുത്രിമാർ കന്യകാലയത്തിൽ പ്രവേശിച്ചു് കന്യാസ്ത്രീകളായി. അവരിൽ ചിന്നമ്മ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി സഭയിലും, പെണ്ണമ്മ കമ്മലമഠത്തിലുമാണു്. ജോണിന്റെ മൂത്തപുത്രൻ ജോസഫ് അതിരമ്പുഴ പണ്ടാരക്കളത്തുനിന്നും മേരിയെ വിവാഹം കഴിച്ചു. രണ്ടു പുത്രന്മാരും, ഒരു പുത്രിയും ജനിച്ചു. ജോണിന്റെ രണ്ടാമത്തെ പുത്രൻ സ്കറിയാ അതിരമ്പുഴ പേമലയിൽനിന്നും ലിസമ്മയെ വിവാഹം കഴിച്ചു. മൂന്നാമൻ ജോൺ സൈനികസേവനം ചെയ്യുന്നു. മറ്റുള്ളവർ വിദ്യാർത്ഥികളാണു്.

പ്ലാക്കാട്ട്—കിഴക്കേക്കര ശാഖ

മണ്ണൂർനിന്നും പ്ലാക്കാട്ടതാമസിച്ച കുഞ്ഞന്റെ പുത്രൻ വക്കി, മുത്തോലിൽ കിഴക്കേക്കര മാറിത്താമച്ചു. പ്രവിത്താനത്തു് തെങ്ങുംപള്ളിൽനിന്നു് വിവാഹം കഴിച്ച വക്കിക്കു്, ഈപ്പൻ, വക്കി, കൊച്ചിട്ടി, കുഞ്ഞേപ്പു് എന്നു് നാലു പുത്രന്മാരും, കൊച്ചേലി, മറിയം എന്നു് രണ്ടു പുത്രിമാരും ജനിച്ചു. കൊച്ചേലിയെ ചേപ്പുങ്കൽ കൊള്ളപ്രത്താഴെയും, മറിയത്തിനെ പ്രവിത്താനത്തു് തെങ്ങുംപള്ളിലും വിവാഹം ചെയ്തു.

ഈപ്പൻ മഠത്തിക്കാട്ടകുന്നേലും, വക്കി തറവാട്ടിലും താമസിച്ചു. കുഞ്ഞേപ്പു് കിഴക്കേനാഗന്തുരുത്തിൽനിന്നും ഏലിക്കുട്ടിയെ വിവാഹംചെയ്തു്, ഒത്തായി അവിടെ താമസിച്ചു. കിഴക്കേക്കര തറവാട്ടിൽ താമസിച്ച വക്കി മുത്തോലിൽ കളപ്പുരയ്ക്കൽ മറിയത്തിനെ വിവാഹം ചെയ്തു കുഞ്ഞിലോ, കുഞ്ഞവുത, മത്തായി എന്നു് മൂന്നു പുത്രന്മാരും, ഈത്തമ്മ എന്ന പുത്രിയും ജനിച്ചു. ഈത്തമ്മയെ കുഴുനാട്ടു് മറ്റത്തിൽ വിവാഹം കഴിച്ചു. കുഞ്ഞിലോ ചേപ്പുങ്കൽ അയ്യങ്കാനായിൽനിന്നും വിവാഹംചെയ്തു അവർക്കു് സന്താനങ്ങൾ ഉണ്ടായിരുന്നില്ല. കുഞ്ഞവുത മറ്റക്കര മാമ്പഴയ്ക്കൽനിന്നും വിവാഹംചെയ്തു. കുഞ്ഞുവക്കി എന്ന പുത്രൻ ജനിച്ചു് ഒരു വർഷം കഴിഞ്ഞപ്പോൾ കുഞ്ഞവുത ചരമമടഞ്ഞു. വിധവയായ മാതാവിനോടുകൂടി കുഞ്ഞുവക്കി മറ്റക്കരക്കു പോയി താമസിച്ചു.

മൂന്നാമത്തെ മകൻ മത്തായി കിഴക്കേക്കര തറവാട്ടിൽ താമസിച്ചു. മററക്കര ഐക്കരയിൽ റോസമ്മയെ വിവാഹംചെയ്തു. വക്കി (അപ്പച്ചൻ) ജോസഫ്, കുഞ്ചിലോ, തോമസ് എന്നു് നാലു പുത്രന്മാരും മേരി എന്നു് ഒരു പുത്രിയും ജനിച്ചു. മേരി തിരുഹൃദയമഠത്തിൽ ചേർന്നു് കന്യാസ്ത്രീയായി. വക്കിയും ജോസഫും മലബാറിൽ കൂടലഞ്ഞിയിലും, കുഞ്ചിലോയും തോമസും കോഴിക്കോടിനു സമീപം അരൂരും താമസിക്കുന്നു.

പ്ലാക്കാട്ടു് മഠത്തിക്കാട്ടുകുന്നേൽ ശാഖ

കിഴക്കേക്കരയിൽനിന്നും മഠത്തിക്കാട്ടുകുന്നേൽ താമസമാക്കിയ ഈപ്പനു് കുഞ്ചിലോ, തൊമ്മൻ, കുഞ്ഞേപ്പ്, ഇട്ടിച്ചെറിയ, വക്കി എന്നു് അഞ്ചു പുത്രന്മാരും, ത്രേസ്യാ, ഈത്ത, ഏലി എന്നു് മൂന്നു പുത്രിമാരും ജനിച്ചു. ത്രേസ്യായെ പാലായിൽ മേനാംപറമ്പിൽ വിവാഹം ചെയ്തയച്ചു. ഏറെത്താമസിയാതെ ഭർത്താവു മരിച്ചുപോയതിനാൽ വിധവയായ ത്രേസ്യാ സഹോദരൻ വക്കിയോടുകൂടി സ്വഭവനത്തിൽവന്നു താമസിച്ചു. ഈത്തമ്മയെ പാലായിൽ തൊഴുത്തുങ്കവയലിലും, ഏലിയെ പാലായിൽ ചീരാംകുഴിയിലും വിവാഹം ചെയ്തയച്ചു.

തറവാട്ടിൽ താമസിച്ച ഇളയപുത്രൻ വക്കി കരൂർ ആണ്ടൂക്കുന്നേൽ ചാണ്ടി മകൾ സാറാമ്മയെ വിവാഹം ചെയ്തു. ഈപ്പച്ചൻ, ചാണ്ടി, തോമസ്

എന്ന പുത്രന്മാരും മേരി, കുഞ്ഞമ്മ എന്ന പുത്രിമാരും ജനിച്ചു: മൂത്തപുത്രി മേരിയെ കുറവിലങ്ങാട്ട് പാറേനിയിൽ കുര്യാച്ചനെക്കൊണ്ടു വിവാഹം ചെയ്യിച്ചു. ഇരുവരും അല്പോപകവൃത്തിയിൽ ഏർപ്പെട്ടിരിക്കകൊണ്ട് സൗകര്യാത്ഥം മുത്തോലിൽ ഇളംതോട്ടത്തുകുന്നേൽ എന്ന സ്ഥലംവാങ്ങി അവിടെ താമസിക്കുന്നു. രണ്ടാമത്തെ മകൾ കുഞ്ഞമ്മ തിരുഹൃദയമഠത്തിൽ പ്രവേശിച്ച് സിസ്റ്റർ അനികേതനെൻ എന്ന പേരു് സ്വീകരിച്ചു. മൂത്തപുത്രൻ ഈപ്പച്ചൻ മൈനകരിയിൽ കണിച്ചേരിയിൽ മാർഗ്ഗരറിനെ വിവാഹംചെയ്തു. മലബാറിൽ വെള്ളരിക്കുണ്ടിൽ താമസിക്കുന്നു. ജോജ്ജ് തോമസ്, കാരിച്ചൻ, ജയിംസ് എന്നു് നാലുപുത്രന്മാരും അൽഫോൻസാ, കൊച്ചുറാണി, കുഞ്ഞുമോൾ എന്ന മൂന്നു പുത്രിമാരും ജനിച്ചു. രണ്ടാമത്തെ പുത്രൻ ചാണ്ടി ഐക്കരയിൽ ചിന്നയെ വിവാഹം കഴിച്ചു് തറവാട്ടിൽ താമസിക്കുന്നു. ജോജ്ജ്, മാത്യു, അനിയമ്മ എന്നു മൂന്നു മക്കൾ ഉണ്ടു്.

ഈപ്പന്റെ മൂത്തപുത്രന്മാരായ കുഞ്ചിലോ, തൊമ്മൻ, കുഞ്ഞേപ്പു്, ഇട്ടിച്ചെറിയ എന്ന പുത്രന്മാർ വാഴൂർ കടനിക്കാട്ടു് ചേരിക്കൽ എട്ടത്തു് താമസമാക്കി. കുഞ്ചിലോ, മുട്ടാറിൽ ശ്രാമ്പിക്കൽ നിന്നും ഈത്തമ്മയെ വിവാഹം ചെയ്തു. ഈപ്പൻ എന്ന ഏകപുത്രൻ മാത്രമേ ജനിച്ചുള്ളു. തൊമ്മൻ കൊഴുവനാൽ ആമക്കൽനിന്നും വിവാഹം ചെയ്തു. തൊമ്മനു് ഈപ്പൻ എന്ന പുത്രനും, മറിയം, ഏലി എന്ന പുത്രി

മാത്രം ജനിച്ചു. ഈപ്പൻ തോട്ടക്കാട്ട് കൊണ്ടോടി ക്കൽനിന്നും ത്രേസ്യായെ വിവാഹം ചെയ്തു. മറിയ ത്തെ കാഞ്ഞിരപ്പള്ളിയിൽ പറമ്പിലും ഏലിയെ ഭര ണങ്ങാനത്തു പറമുണ്ടയിലും വിവാഹം ചെയ്തിച്ചു. കു ഞ്ഞേപ്പു്, മറിയക്കര കുഴിമറ്റത്തിൽനിന്നും അന്നയെ വിവാഹം ചെയ്തു. മറിയാമ്മ എന്ന ഏകപുത്രി ജനി ച്ചു. ചങ്ങനാശ്ശേരിൽ കാക്കാംതോട്ടത്തിൽ അബ്രാഹം മറിയാമ്മയെ വിവാഹം കഴിച്ചു് ഭർത്താവുകാശത്തിൽ താമസിക്കുന്നു. രണ്ടു പുത്രന്മാരും നാലു പുത്രിമാരുമു ണ്ടു്. ഇട്ടിച്ചെറിയ മണിമല പൈങ്ങോട്ടനിന്നും അ ച്ചാമ്മയെ വിവാഹം കഴിച്ചു. ഒരു പുത്രനും നാലു പു ത്രിമാരും ജനിച്ചു. ഈപ്പൻ വിവാഹിതനാകുന്നതിനു മുമ്പേ മരണമടഞ്ഞു. ക്ലാര, ഈത്തമ്മ, തെയ്യാമ്മ എ ന്നിവരെ കല്യാണംകഴിപ്പിച്ചുവിട്ടു. മറിയാമ്മ കുടും ബത്തിൽ താമസിക്കുന്നു.

തലക്കുളം കുടുംബം

മണ്ണൂർ ഇട്ടിച്ചെറിയയുടെ നാലാമത്തെ പുത്രൻ മത്തായി തലക്കുളത്തിൽ താമസിച്ചു. മത്തായുടെ് ചെ റിയതു്, തൊമ്മൻ, മറിയം, ഏലി എന്ന നാലു സ ന്താനങ്ങളും ജനിച്ചു. ആദ്യപുത്രി മറിയത്തെ പുളിം കുന്നിൽ കാഞ്ഞിക്കലും ഏലിയെ ചങ്ങനാശ്ശേരിൽ ഒ ളശ്ശയിലും വിവാഹം കഴിപ്പിച്ചുവിട്ടു. ചെറിയതു് തെ ക്കേ തലക്കുളത്തിലും, തൊമ്മൻ വടക്കേ തലക്കുളത്തിലും താമസിച്ചു.



ഡോ. കെട്ടോരം അമേരിക്കയിൽ ചിക്കാഗോയിലെ ''മറിയാ'' ഗേൾസ് ഹൈസ്കൂളിൽ പ്രസംഗിച്ചശേഷം (1955) സ്കൂളധികൃതർ നല്കിയ ലഞ്ചു സൽക്കാരത്തിൽ സംബന്ധിച്ചു. സ്കൂൾ മാനേജരും ചിക്കാഗോയിലെ സഹായമെത്രാനും സൽക്കാരത്തിൽ പങ്കെടുത്തിരുന്നു. ഹൈസ്കൂളിലെ വിവിധ സംഘടനാപ്രതിനിധികളെയും പടത്തിൽ കാണാം.

See Page 56



ഡോ. സി. ററി. കെ-ട്ടാ൩ം 1954 മുത൯ തുടച്ചയായി കേരളാസവ്വകല. ശാലാ സെനററിലെ തെരഞ്ഞെടുക്കപ്പെട്ട അംഗ
വും, 1969 മുതൽ കോഴിക്കോട്ട സവ്വകലാശാലയിൽ ഫാക്കൽററി ഓഫ് എഡ്യൂക്കേഷനിലെ നോമിനേററു ചെയ്യ
പ്പെട്ട അംഗവുമാണ്. 1971 നവംബറിൽ നടന്ന കേരളാസവ്വകലാശാലാ കോൺവക്കേഷനിൽ അദ്ദേഹം (x) പങ്കെ
ടുക്കുന്നതായി പടത്തിൽ കാണാം. സെനററു മെമ്പറന്മാർ കോൺവക്കേഷൻ ഹാളിലേക്കു പോകുന്നു.

See Page 56

I A. തെക്കേതലക്കളം ശാഖ

തലക്കളത്തിൽ ചെറിയത്തു പാലായിൽ പുഞ്ച
ക്കുന്നേൽനിന്നും മറിയത്തെ വിവാഹം ചെയ്തു് തെക്കേ
തലക്കളത്തിൽ താമസിച്ചു. മത്തായി, തോമസ്, ഇ
ട്ടിച്ചെറിയ എന്നീ പുത്രന്മാരും ഏലി, മറിയം, ത്രേ
സ്യാ എന്നീ പുത്രിമാരും ജനിച്ചു. രണ്ടാമത്തെ പു
ത്രനായ തോമസ് വൈദിക വിദ്യാർത്ഥിയായിരിക്ക
മ്പോൾ ചരമം പ്രാപിച്ചു. പുത്രിമാരിൽ മറിയത്ത
ഞയർക്കുന്നത്തു് കുടകല്ലേരി പടിഞ്ഞാറെക്കയിലും,
ഏലിയെ കുടനാട്ടിൽ നെടുംകുന്നേലും ത്രേസ്യായെ കാ
ഞ്ഞിരപ്പള്ളിൽ കൊണ്ടൂപറമ്പിലും വിവാഹം കഴി
പ്പിച്ചു.

ചെറിയതിന്റെ മൂത്ത പുത്രനായ മത്തായി
കുന്പനാടത്തു മറ്റത്തിൽനിന്നും വിവാഹം ചെയ്തു്
ഏറെത്താമസിയാതെ ഭാര്യ മരിച്ചുപോകയാൽ കു
ന്പനാടത്തു മുക്കാട്ടുകുന്നേൽനിന്നും അന്നയെ വിവാഹം
നടത്തി. ചെറിയത്തു് (പാപ്പച്ചൻ) തോമസ് എന്ന
പുത്രന്മാർ ജനിച്ചു. ചെറിയത്തു് പാലായിൽ പുത്തുമന
യിൽനിന്നും അന്നയെ വിവാഹം ചെയ്തു, വാഴൂർ കട
നിക്കാട്ടു് സ്ഥലമെടുത്തു താമസിച്ചു. തോമസ്, കു
ഞ്ഞുകുട്ടി, ജോസഫ് എന്ന പുത്രന്മാരും ചിന്നമ്മ, ഏ
ലിക്കുട്ടി എന്ന പുത്രിമാരും ജനിച്ചു. മൂത്തപുത്രൻ
തോമസ് ഇളങ്ങുളത്തു് ചീരാംകുഴിയിൽനിന്നും അന്ന
ക്കുട്ടിയെ വിവാഹം ചെയ്തു. ബേബിച്ചൻ, വക്കിച്ചൻ,

തോമസ് എന്ന പുത്രന്മാരും, അന്നമ്മ, ലിസ്സി, മോളി എന്ന പുത്രിമാരും ജാതരായി. അന്നിയമ്മയെ ചേർപ്പുങ്കൽ കോയിക്കൽ വിവാഹം ചെയ്യിച്ചു. മറ്റുള്ളവർ വിദ്യാർത്ഥികളാണ്. ചെറിയതിന്റെ പുത്രിമാരിൽ ചിന്നമ്മയെ പാലായിൽ പതിപ്പള്ളിലും ഏലിക്കുട്ടിയെ കണ്ണാടിയിൽ ആശാരിപ്പറമ്പിലും വിവാഹം ചെയ്തു വിട്ടു.

ചെറിയതിന്റെ രണ്ടാമത്തെ പുത്രൻ കുഞ്ഞുകുട്ടി, ഭാര്യ അന്നമ്മയോടുകൂടി മലബാറിൽ പേരാമ്പ്രയിൽ താമസിക്കുന്നു. നാലു പുത്രന്മാരും, അഞ്ചു പുത്രിമാരും ഉണ്ട്. ചെറിയതിന്റെ മൂന്നാമത്തെ പുത്രൻ ജോസഫ് വാഴൂർ കടനിക്കുട്ട് മഠത്തിക്കാട്ടകത്തിൽ നിന്നും തങ്കമ്മയെ വിവാഹം ചെയ്തു. ചെറിയാൻ, അന്നമ്മ എന്നു് രണ്ടു മക്കളുണ്ട്.

B. തെക്കേ തലക്കുളത്തിൽ ശാഖ.

തെക്കേ തലക്കുളത്തിൽ മത്തായിയുടെ രണ്ടാമത്തെ പുത്രൻ തോമസ്, മുട്ടാറിൽ ചിറയിൽ പറമ്പിൽനിന്നു് അന്നയെ വിവാഹം ചെയ്തു. മത്തായി (അപ്പച്ചൻ) തോമസ്, ചെറിയാൻ, ജോസഫ് എന്നീ പുത്രന്മാരും, അന്ന, മറിയം, ഏലി, ത്രേസ്യാ, റോസ, ക്ലാര, കുഞ്ഞി എന്നീ പുത്രിമാരും ജനിച്ചു. റോസയും (ഫൊലൻ) ക്ലാരയും (ത്രേഷ്യാ) മദ്രാസിൽ ക്ലാരമഠത്തിൽ ചേർന്നു് കന്യാസ്ത്രീകളാണ്. അന്നയെ വിളക്കുമാടത്തു് തേവർകോട്ടയിൽ തോമസും, മറിയക്കുട്ടി

യെ ഭരണങ്ങാനത്തു് പൈകടയിൽ തോമസും, ഏലി
ക്കുട്ടിയെ ഭരണങ്ങാനത്തു് നെല്ലിക്കാനിരപ്പേൽ കുഞ്ഞു
കുട്ടിയും, ത്രേസ്യായെ കുരുവനാൽ ആറുപുറത്തു് കു
ഞ്ഞും, കത്രിയെ തൊട്ടുപുഴ പുഞ്ചക്കുന്നേൽ ചെറിയാ
നും വിവാഹം ചെയ്തു.

മൂത്തപുത്രൻ മത്തായി (അപ്പച്ചൻ) കടനാട്ടിൽ
തെക്കേൽനിന്നു് മറിയക്കുട്ടിയെ വിവാഹം ചെയ്തു്,
മഞ്ചാറിൽ പേരാമ്പ്ര താമസിക്കുന്നു. നാലു പുത്രന്മാ
രും, മൂന്നു പുത്രിമാരുമുണ്ടു്. തോമസിന്റെ രണ്ടാമ
ത്തെ പുത്രൻ തോമസു്, രാമപുരത്തു് മാടോനായിൽ
നിന്നു് ഏലിക്കുട്ടിയെ വിവാഹം ചെയ്തു്, കുട്ടപ്പനയിൽ
താമസിക്കുന്നു. തോമസു്, ആഗസ്തി, ലീല, മേരി,
ഏലി, റോസ, ആൻസി എന്നീ പുത്രിപുത്രന്മാർ ജനി
ച്ചു. ലീല ക്ലാരമഠത്തിൽ പ്രവേശിച്ചു് ഉപരിപഠന
ത്തിനായി ഇറാലിക്കുപോയി. തോമസിന്റെ മൂന്നാ
മത്തെ പുത്രൻ ചെറിയാൻ മുത്തോലി അരിപ്പൻക
ന്നേൽനിന്നു് അന്നയെ വിവാഹം ചെയ്തു. തോമസു്,
ജോജ്ജു്, എന്ന രണ്ടു പുത്രന്മാരുണ്ടു്. നാലാമത്തെ
പുത്രൻ ജോസഫു് കൊഴുവനാൽ പൊന്നൻപുരയിട
ത്തിൽനിന്നു് ചിന്നയെ വിവാഹം ചെയ്തു. തോമസു്,
അവിരാ, ചെറിയാൻ, ആൻസി എന്നീ സന്താനങ്ങൾ
ജനിച്ചു.

C. തെക്കേ തലക്കുളം തെത്തോട്ടം ശാഖ.

തെക്കേ തലക്കുളത്തിൽ ചെറിയതിന്റെ മൂന്നാ
മത്തെ പുത്രൻ ഇട്ടിച്ചെറിയയു്, കുറുമ്പനാടത്തു് പവ്വ

ത്തിൽനിന്നു് ഏലിയെ വിവാഹം ചെയ്തു് തൈത്തോട്ട
ത്തിൽ താമസിച്ചു. സ്കറിയാ, ജേക്കബ്, കുഞ്ഞവുത,
ജാൺ, മറിയാമ്മ, ത്രേസ്യാമ്മ എന്നീ പുത്രീപുത്ര
മാർ ജനിച്ചു. കുഞ്ഞവുതയും, ത്രേസ്യാമ്മയും ചെറു
പ്പത്തിലെതന്നെ മരിച്ചുപോയി. മറിയാമ്മയെ കുരി
ത്താവള്ളിൽ പൗരനാട്ടു് ജോസഫ് വിവാഹം ചെയ്തുവെ
കിലും കുറെക്കഴിഞ്ഞു് മരണം പ്രാപിച്ചു.

ഇട്ടിച്ചെറിയയുടെ രണ്ടാമത്തെ പുത്രനാണു്
റവ. ഫാ. ജേക്കബ് തൈത്തോട്ടം. ആലപ്പുഴ, തത്തം
പള്ളി, ചങ്ങനാശ്ശേരി മുതലായ പള്ളികളിൽ അസേ
സ്തിയായും, പിന്നീടു് പുറക്കാട്ടു്, കവീക്കുന്നു്, മീന
ച്ചിൽ, കടയത്തൂർ, വയലാ, ആർപ്പൂക്കര, നീലൂർ,
പൂവത്തോടു്, മേലുകാവു്, പൂഞ്ഞാർ, കടനാട്ടു്, ചേർ
പ്പുങ്കൽ, കൊഴുവനാൽ എന്നീ പള്ളികളിൽ വികാരി
യായും സഭാസേവനം ചെയ്തിട്ടുണ്ടു്. മേലുകാവുപള്ളി
നവീനരീതിയിൽ പുതുക്കിപ്പണിതതു് ഇദ്ദേഹത്തിന്റെ
കാലത്താണു്.

ഇട്ടിച്ചെറിയയുടെ മൂത്തപുത്രൻ സ്കറിയാ
കാവാലത്തു് നെടുംപറമ്പിൽ ത്രേസ്യായെ വിവാഹം
ചെയ്തു. ഭാര്യ മരിച്ചുപോകയാൽ രണ്ടാമതു കുരുപ്പ
ള്ളി ഇടവക കുരുപ്പള്ളിയിൽ ഏലിയെ വിവഹം ചെ
യ്തു. ഒരു പുത്രി ജനിച്ചപ്പോൾ ഭാര്യ മരിച്ചുപോയി.
ഏക പുത്രി തങ്കമ്മയെ കുരുർ ആണ്ടുക്കുന്നേൽ വിവാ
ഹം കഴിപ്പിച്ചുവിട്ടു. സ്കറിയാ പാലായിൽ പന

ക്കൽ കൊച്ചേലിയെ മൂന്നാം വിവാഹം ചെയ്ത് തെ
ത്തോട്ടത്തിൽനിന്നും വടക്കേത്തലക്കളത്തിലേക്ക് (മേട
ക്കൽ) മാറിത്താമസിച്ചു. ഒരു പുത്രനും അഞ്ചു പുത്രി
മാരും ജനിച്ചു. പുത്രൻ ചെറിയാൻ (പാപ്പച്ചൻ) കു
ടമാളൂർ താഴത്തു കരിമ്പാനിൽ തങ്കമ്മയെ വിവാഹം
ചെയ്തു. ചെറിയാനു്, ഡോളി, ബാബു, ഐസക്ക്,
ജയിംസ് എന്നു നാലുമക്കളുണ്ടു്. സ്കറിയായുടെ പു
ത്രിമാരായ പെണ്ണമ്മ (സി. ഐഡാ) മറിയക്കുട്ടി
(സി. തുലിയോള) ചിന്നമ്മ (സി. ദാനിയേൽ) റോസ
മ്മ (സി. മേരി) ഫിലോമിനാ (സി. ജയിംസ്) എ
ന്നിവർ Sisters of Charity എന്ന സന്ന്യാസസഭയിൽ
ചേന്നു്, കന്യാസ്ത്രീകളായി ആതുരസേവനം നടത്തുന്നു.

ഇട്ടിച്ചെറിയയുടെ ഇളയപുത്രൻ ജോൺ ചേർ
പ്പുങ്കൽ കളപ്പുറത്താഴെനിന്നും ഏലിക്കുട്ടിയെ വിവാ
ഹം ചെയ്തു. ഭാര്യ അകാലചരമം പ്രാപിക്കുകയും,
മിശ്രക്കരിയിൽ നെച്ചിവീട്ടിൽനിന്നും തങ്കമ്മയെ
(ഏലിയെ) പുനർ വിവാഹം ചെയ്യുകയും ചെയ്തു. ചെ
റിയാൻ, ജയിംസ്, ജോസഫ്, ജോൺ എന്ന പുത്രന്മാ
രും എൽസി, മേരി എന്ന പുത്രിമാരും ജനിച്ചു. മൂത്ത
പുത്രി എൽസിയെ പുത്തൻകരിശിൽ മാറാട്ടുകള
ത്തിൽ തോമസ്കുട്ടിയെക്കൊണ്ടും മേരിയെ കുട്ടനാ
ടിയിൽ നെയ്യത്തുപറമ്പിൽ ജോയിച്ചനെക്കൊണ്ടും
വിവാഹം ചെയ്യിച്ചുവിട്ടു.

II വടക്കേത്തലക്കളം ശാഖ

തലക്കളത്തിൽ മത്തായിയുടെ പുത്രൻ തൊമ്മൻ തറവാട്ടിൽ (വടക്കേത്തലക്കളം) താമസിച്ചു. അദ്ദേഹം ഇടമററം കള്ളുവേലിൽ നിന്നും വിവാഹം ചെയ്തു. മത്തായി എന്ന ഏകപുത്രനും ഒരു പുത്രിയും ജനിച്ചു. പുത്രിയെ കടനാട്ടിൽ ഉപ്പുമാക്കൽ വിവാഹം കഴിപ്പിച്ചുവിട്ടു. മത്തായി പുഞ്ചക്കുന്നേൽ കണിയാരശ്ശേരിൽ നിന്നും അന്നമ്മയെ വിവാഹം ചെയ്തു. മറിയാമ്മ എന്ന ഏകപുത്രി ജനിച്ചു. മറിയാമ്മയെ അയർക്കുന്നത്തു പടിഞ്ഞാറേക്കര കുഞ്ഞാക്കോയെക്കൊണ്ടു് വിവാഹം കഴിപ്പിച്ചു് ദത്തു നിറുത്തി. ചിന്ന, മേരി എന്നു് രണ്ടു പുത്രിമാർ ജനിച്ചു. കാലാന്തരത്തിൽ മറിയാമ്മയും സ്വഭർത്താവു് കുഞ്ഞാക്കോയും ചരമം പ്രാപിക്കയാൽ പുത്രിമാർ രണ്ടുപേരും വലിയമ്മയായ അന്നമ്മയുടെ സംരക്ഷണയിൽ വളർന്നുവന്നു. യൗവ്വനാരംഭത്തോടുകൂടി വിദ്യാർത്ഥികളായിരുന്ന ചിന്നമ്മയും മേരിയും വലിയമ്മയോടുകൂടി മത്തോലി കർമ്മലീത്താമഠത്തിൽ പ്രവേശിച്ചു കന്യാസ്ത്രീകളായി, മർത്താ, മറിയം എന്ന പേരു സ്വീകരിച്ചു. അവർ തങ്ങൾക്കു അവകാശമായിക്കിട്ടിയ കുടുംബസ്വത്തുക്കൾ മഠത്തിനു ദാനമായി കൊടുത്തു. തറവാടു് കൈമാററവിലക്കു് തെക്കേ തലക്കളത്തിൽ ഇട്ടിച്ചെറിയ്ക്കു് നല്കുകയും ചെയ്തു.

ഒരു തിരുത്തു് (പേജ് - 261)

മണ്ണൂർ തറവാട്ടിൽ താമസിച്ച ഇട്ടിച്ചെറിയതു് മകൻ തൊമ്മനു്, ചെറിയതു് (കുഞ്ഞച്ചൻ) എന്നു പേരുള്ള ഏക പുത്രനും, രണ്ടു പുത്രിമാരും മാത്രമേ സന്താനങ്ങളുണ്ടായിരുന്നുള്ളു. 261-ാം പേജിൽ രണ്ടു പുത്രന്മാർ എന്നു പറഞ്ഞിരിക്കുന്നതു് തെററാണു്.

അനുബന്ധം III

ഡോക്ടർ സി. റ്റി. കൊട്ടാരം

കുടുംബയോഗം രക്ഷാധികാരി

കുറിപ്പ്: എറണാകുന്നി പുത്തൻപുര കുടുംബയോഗം പുനരുദ്ധരിക്കുന്നതിലും അതിന്റെ ആഭിമുഖ്യത്തിൽ ഈ കുടുംബചരിത്രം പ്രസിദ്ധപ്പെടുത്തുന്നതിലും സുപ്രധാന പങ്കുവഹിച്ച കുടുംബയോഗം രക്ഷാധികാരി റവ. ഡോ. സി. റ്റി. കൊട്ടാരം അവർകളുടെ നേർക്ക് കുടുംബയോഗത്തിനുള്ള അഗാധമായ കടപ്പാടിന്റെ ഒരു സൂചനയായി അദ്ദേഹത്തിന്റെ ഷഷ്ട്യബ്ദപൂർത്തിയാഘോഷവേളയിൽ പത്രമാസികകളിൽവന്ന ലേഖനങ്ങളിൽ മൂന്നെണ്ണം (ദീപിക, മനോരമ, ഗിരിദീപം എന്നിവയിൽ വന്നവ) താഴെ ചേർക്കുകയാണ്.

അതുല്യപ്രഭാവനായ
ഡോ. സി. റ്റി. കൊട്ടാരം
(മുട്ടത്തു വർക്കി)

ദീപിക, 20—5—1967

ഇന്ന് അറുപതു വയസ്സ് പൂർത്തിയാവുകയാണ് ഡോ. സി. റ്റി. കൊട്ടാരത്തിന്. ആ മഹാപുരുഷനു നമുക്കു നന്മകൾ നേരുക.

"എന്റെ നാടിന്റെ ഒരഭിമാനസ്തംഭമാണ് പ്രവിത്താനം സെന്റ് ഒമെക്കിരിസ് ഇംഗ്ലീഷ് ഹൈസ്കൂൾ" – ചങ്ങനാശേരി മെത്രാപ്പോലീത്താ മാർ മാത്യു കാവുകാട്ട് തിരുമേനിയുടെ ഈ അഭിമാനത്തിനു കാരണഭൂതൻ കർമ്മധീരനായ സാക്ഷാൽ റവ. ഡോ. സി. റ്റി. കൊട്ടാരം തന്നെയാകുന്നു. കേരളത്തിലെ വിദ്യാ

ഭ്യാസവിഹായസ്സിൽ ഉജ്ജ്വലഭാസ്സോടെ വിരാജിക്കുന്ന പ്രവിത്താനം സെൻറ് മൈക്കിൾസ് എന്ന വിദ്യാക്ഷേത്രത്തിൽ കാൽശതാബ്ദക്കാലം പൂജാരിയായിരുന്നു അദ്ദേഹം.

അപ്രതിമമായ പ്രതിഭാവിലാസവും, അദമ്യമായ സേവനതൃഷ്ണയും, ത്യാഗോദാരമായ കർമ്മകുശലതയും ഡോ. സി. ററി. കൊട്ടാരത്തെ, കേരളത്തിലെ വിദ്യാഭ്യാസധുരന്ധരുടെ ഗണത്തിൽ മദ്ധ്യമാണികുസ്തംഭമായി ഉയർത്തി. ആ മഹാതേജസ്വിയുടെ സാന്ദ്രചൈതന്യത്താൽ അനുഗൃഹീതമായ പ്രവിത്താനം സെൻറ് മൈക്കിൾസ് ഹൈസ്കൂളാകട്ടെ, കേരളത്തിലെ കേളികേട്ട മറെറല്ലാ ഹൈസ്കൂളുകളെയും നിഷ്പ്രഭങ്ങളാക്കിക്കൊണ്ടു ഡോ. കൊട്ടാരത്തിൻെറ മഹത്ത്വത്തിൻെറ നിത്യസ്മാരകമായി നിലകൊള്ളുന്നു. "ഈ വിദ്യാലയം റവ. ഡോ. സി. ററി. കൊട്ടാരത്തിൻെറ കർമ്മധീരതയുടെയും, ധിഷണാവൈഭവത്തിൻെറയും ഉദാത്തമായ പ്രതീകമാകുന്നു" എന്നു് പുണ്യശ്ലോകനായമാർ ഈവാനിയോസ് മെത്രാപ്പോലീത്താ സസന്തോഷം രേഖപ്പെടുത്തി.

പുരുഷായുസ്സിൻെറ പാതി

പുരുഷായുസ്സിൻെറ പകുതിവരെയേ അദ്ദേഹം എത്തിയിട്ടുള്ളു. അതുതന്നെയും അദ്ദേഹം പറഞ്ഞപ്പോഴാണു് വിശ്വാസമായതു്. എന്തുകൊണ്ടെന്നാൽ ഇപ്പോഴും അദ്ദേഹത്തിൽ യുവത്വത്തിൻേറതായ പ്രസ



Dr. C. T. Kottaram is addressing the International Educational Conference held at Oxford in 1955. The Chairman of the Conference is also seen in the picture

See Pages 55, 56, 302 & 308



Rev. Dr. C. T. Kottaram was a delegate representing the Travancore-Cochin State at the International Educational Conference held at St. Magdalen College, Oxford, in 1955 under the auspices of the University of Oxford. He is seen in the second row, 13 from left, and also in the inset.

See Pages 299 & 314

രിപ്പും, അക്ഷീണമായ പ്രസന്നതയും നിറഞ്ഞുനില്ക്കുന്നു. അതുകൊണ്ടു അദ്ദേഹത്തിനു് അറുപതുവയസ്സു് തികഞ്ഞുഎന്നും, പ്രവിത്താനം ഹൈസ്കൂളിന്റെ സാരഥ്യത്തിൽ നിന്നു അദ്ദേഹം വിരമിക്കുന്നു എന്നുമുള്ള വാർത്ത ഒരത്ഭുതമായിട്ടേ തോന്നുന്നുള്ളൂ.

കണ്ണോടിക്കൽ

1907 മെയ്മാസം 20-ാംനു- പാലായിലെ പുരാതനപ്രസിദ്ധമായ കൊട്ടാരം കുടുംബത്തിൽ അദ്ദേഹം ഭ്രജാതനായി. പാലാ സെൻറ് തോമസ് ഹൈസ്കൂൾ, തൃശ്ശൂർ സെൻറ് തോമസ് കോളെജ്, ആലുവാ സെൻറ് ജോസഫ്സ് അപ്പസ്തോലിക് സെമിനാരി, റോമിലെ പ്രൊപ്പഗാന്താ കോളെജ് എന്നീ കോളെജുകളിൽനിന്നു് ലൗകികവും ആദ്ധ്യാത്മികവുമായ വിദ്യാഭ്യാസം നിർവ്വഹിച്ചു. 1935 ഡിസംബർ 21-ാംനു- റോമിൽവച്ചു് ഉത്തുപ്പട്ടം സ്വീകരിക്കുകയും, റോമിലെ സെൻറ് പീറേഴ്സ് ബസലിക്കായിൽ വിശുദ്ധ പത്രോസിന്റെ കബറിടത്തിങ്കൽ പ്രഥമ ദിവ്യപൂജ അർപ്പിക്കുകയും ചെയ്തു. യൂറോപ്യൻ ഭ്രഖണ്ഡത്തിലുടനീളം സന്ദർശനപര്യടനം നടത്തിയശേഷം 1936-ൽ ഇന്ത്യയിലേക്കു മടങ്ങി.

ഉദ്യോഗങ്ങൾ:- ചങ്ങനാശേരി പാറേൽ സെൻറ് മേരീസ് ജൂബിലി ചാപ്പലയിൻ, ചങ്ങനാശേരി എസ്. ബി. കോളെജ് ഹോസ്റ്റൽ ആദ്ധ്യാത്മികോപദേഷ്ടാവു്, കാളാശ്ശേരി മാർ ജയിംസ് മെത്രാന്റെ

സിക്രട്ടറി, ചങ്ങനാശ്ശേരി രൂപതാ ചാൻസലർ, എസ്. ബി. കോളെജ് പ്രൊഫസർ, എസ്. എച്ച്. ഹോസ്റ്റൽ വാർഡൻ, പ്രവിത്താനം സെൻറ് മൈക്കിൾസ് സ്കൂൾ ഹെഡ്മാസ്റ്റർ, പാലാ സെൻറ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ ഹെഡ്മാസ്റ്റർ.

മറ്റു മണ്ഡലങ്ങളിൽ:- മലബാർ ട്രൂത്ത് സൊസൈറ്റിയുടെ സ്ഥാപകഡയറക്ടർ എന്ന നിലയിൽ സാമൂഹ്യവും വിദ്യാഭ്യാസപരവും ആയ നാനാ വിഷയങ്ങളെ ക്രോഡീകരിച്ച് പത്തുലക്ഷത്തിൽപ്പരം ലഘുലേഖകൾ പ്രസിദ്ധപ്പെടുത്തി; ഇന്ത്യാഗവണ്മെൻറിന്റെ ആഭിമുഖ്യത്തിൽ പീരുമേട്ടിൽവച്ച് 1954-ൽ നടത്തപ്പെട്ട സെമിനാറിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു; തിരുവനന്തപുരത്തുവച്ചു കൂടിയ അഖിലേന്ത്യാ വിദ്യാഭ്യാസ കോൺഫ്രൻസിൽ ഒരു പ്രബന്ധം അവതരിപ്പിച്ചു; 1955-ൽ ഓക്സ്ഫോർഡിൽ നടത്തപ്പെട്ട അന്തർദ്ദേശീയ വിദ്യാഭ്യാസകോൺഫ്രൻസിൽ ഇന്ത്യയുടെ പ്രതിനിധിയായി സംബന്ധിച്ചു; പല ഗ്രന്ഥങ്ങളും രചിക്കുകയും, നിരവധി ലേഖനങ്ങൾ പത്രമാസികകളിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു; കേരളാ യൂണിവേഴ്സിറ്റി സെനറ്റ് മെമ്പറായി സേവനം അനുഷ്ഠിച്ചു; ഗവണ്മെൻറ് ഏർപ്പെടുത്തിയ പല കമ്മറ്റികളിലേക്കും തിരഞ്ഞെടുക്കപ്പെട്ടു; 1935-ൽ പതിനൊന്നാം പീയൂസ് മാർപ്പാപ്പായും, 1955-ൽ പന്ത്രണ്ടാം പീയുസ് മാർപ്പാപ്പായും അദ്ദേഹത്തിനു സപകാരുസന്ദർശനം അനുവദിച്ചു. ഇംഗ്ലണ്ട്, അയർലണ്ട്, ബൽജിയം, ഫ്രാൻസ്,

ഇറാലി, ഹോളണ്ട്, സ്വിറ്റ്സർലണ്ട്, ഇംഗ്ലീഷ്, പോർച്ചുഗൽ, സ്പെയിൻ, യുണൈറ്റഡ് സ്റ്റേറ്റ്സ് മുതലായ രാജ്യങ്ങളിൽ വിപുലമായ തോതിൽ വിദ്യാഭ്യാസപരമായ പര്യടനങ്ങൾ നടത്തി. "അധ്യാപകനെന്ന നിലയിൽ അസാധാരണമായ പ്രതിഭാവിലാസത്തോടെ ജനസമുദായത്തിനു നൽകിയ വിലയേറിയ സേവനത്തെ പരിഗണിച്ച്" ഇന്ത്യാഗവണ്മെൻറ് അദ്ദേഹത്തിനു് ദേശീയ അവാർഡു് നല്കി. ഇട്ടാവാ സംസ്കൃത സവ്വകലാശാലക്കാർ അദ്ദേഹത്തിനു് "സാഹിത്യാലങ്കാർ" എന്ന ബഹുമതി ബിരുദം നല്കി. 1960-ൽ മോണ്ട്മേരി സർവ്വകലാശാലയിലെ സന്ദർശക പ്രൊഫസ്സറായി അദ്ദേഹം 10 കൊല്ലത്തേയ്ക്കു് നിയമിക്കപ്പെട്ടു. ഐകൃരാഷ്ട്ര സംഘടനയുടെ പിന്തുണയുള്ള ഇന്ത്യാ ഐകൃവിദ്യാലയസംഘടനയുടെ ഓണററി ഡയറക്ടറായി നിയമിതനായി. അഖിലകേരള സംസ്കൃതസെക്കണ്ടറിസ്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻറെയും, അഖിലേന്ത്യാ സെക്കണ്ടറി സ്കൂൾ ഹെഡ്മാസ്റ്റേർസ് അസ്സോസിയേഷൻറെയും പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു.

മഹജ്ജീവിതം

"ഒരു നറുംമലർപോലെ അതു വിടർന്നു് ക്രൈസ്തവവിദ്യാഭ്യാസ അന്തരീക്ഷത്തിൽ പരിമളം പരത്തട്ടെ" എന്നു സെൻറ് മൈക്കിൾസ് ഹൈസ്കൂൾ വാഷി കുന്നത്തിനു പാലാ മെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽ തിരുമനസ്സുകൊണ്ടു് നല്കിയ ആശംസ ഡോ. കൊട്ടാരത്തെ സംബന്ധിച്ചിടത്തോളം തികച്ചും അന്വ

ത്ഥമാകുന്നു. ക്രൈസ്തവ വിദ്യാഭ്യാസാന്തരീക്ഷത്തിൽ ഡോ. സി. റ്റി. കൊട്ടാരം എന്നെന്നും ഒരു ദ്രുവദീപമായി പ്രകാശിക്കട്ടെ എന്നു നമുക്കു ആശംസിക്കാം.

ചങ്ങനാശ്ശേരി കുഞ്ഞുപിള്ളയുടെയും, കൈനിക്കര പത്മനാഭപിള്ളയുടേയും സാഹിത്യകൃതികൾക്കു അവതാരിക എഴുതിയ മഹാപണ്ഡിതനും, സാഹിത്യവിമർശനനും ആയ ഫാ. ഏബ്രാഹം വടക്കേൽ ഡോ. സി. റ്റി. കൊട്ടാരത്തെപ്പറ്റി എഴുതിയ അഭിനന്ദനലേഖനത്തിലെ ഒരു വാചകം മാത്രം ഇവിടെ ഉദ്ധരിക്കട്ടെ: "അനന്യസാധാരണകർമ്മധീരനും, പ്രതിഭാശാലിയും അജയ്യനും അപ്രതിഹതനും ആയ ഉൽക്കർഷോത്സുകയാൽ അനുഗൃഹീതനും, അഖിലഭാരതപ്രശസ്തനുമായ റവ. ഡോ. സി. റ്റി. കൊട്ടാരത്തിന്റെ വിസ്മാപകമായ നേതൃത്വത്തിൽ, ഒരു ഐന്ദ്രജാലികന്റെ പിഞ്ഞാപ്രചലനത്താലെന്നോണം, സെൻറ് മൈക്കിൾസ്, ക്രമപ്രവൃദ്ധമെന്നല്ല, ക്ഷണപ്രവൃദ്ധമായ അഭിവൃദ്ധിയുടെ ഏതേതുപരിണാമവിശേഷങ്ങളെ അചിരേണപ്രാപിച്ചു എന്നോക്കുന്നതുതന്നെ, ആ വത്സലസ്ഥാപനത്തിന്റെ സർവതോമുഖമായ ശ്രേയസ്സിൽ ഭഗവദവധാനനായ ഈയുള്ളവനു് ചാരിതാർത്ഥ്യജനകമാണു്."

വിശ്വവിഖ്യാതനായ ബിഷപ്പ് ഫുൾട്ടൻ ജെ. ഷീൻ റവ. ഡോ. കൊട്ടാരത്തെപ്പറ്റി പറയുന്നതു് ഇങ്ങനെയാണു്: "സഭയ്ക്കും, ഇന്ത്യയ്ക്കും, ക്രൈസ്തവമിഷ്യനുകളെ സ്നേഹിക്കുന്ന എല്ലാവർക്കും അഭിമാനംപരത്തിയ ഒരു കത്തോലിക്കാ വിദ്യാഭ്യാസപ്രവർത്തകനാണു് ഡോ. സി. റ്റി. കൊട്ടാരം."

ബോംബെ മെത്രാപ്പോലീത്താ കർദ്ദിനാൾ വലേറിയൻ ഗ്രേഷ്യസ് പറയുന്നു. "സെൻറ് മൈക്കിൾസ് ഹൈസ്കൂളിൻെറ ഉൽക്കർഷത്തിനു നിദാനം ഡോ. സി. റ്റി. കൊട്ടാരത്തിൻെറ വ്യക്തിപരമായ മഹത്വവും, കഴിവും ആണെന്നതിൽ സംശയമില്ല."

"പിരിഞ്ഞുപോകുമ്പോൾ കാലത്തിൻെറ മണൽപ്പരപ്പിൽ പാദമുദ്രകൾ പതിക്കാൻ നമുക്കും സാധിക്കുമെന്നു മഹാചേതികളുടെ ജീവിതങ്ങൾ നമ്മെ അനുസ്മരിപ്പിക്കുന്നു" എന്നുള്ള മഹാകവി ലോംഗ്ഫെല്ലോയുടെ അഭിപ്രായമാകുമാണു് ഡോ. കൊട്ടാരത്തെപ്പറ്റി ചിന്തിക്കുമ്പോൾ ഓർമ്മവരിക. കേരളത്തിലെ അദ്ധ്യാപകർക്കും, ഹെഡ്മാസ്റ്റർമാർക്കും, വിദ്യാഭ്യാസപ്രവർത്തകർക്കും അദ്ദേഹം ഒരു മാതൃകാപുരുഷനാണു്.

അദ്ദേഹം പുരുഷായുസ്സിൻെറ പരമാവധി ജീവിച്ചിരുന്ന നാടിനെയും സമുദായത്തെയും സഭയേയും സേവിക്കാൻ ജഗദീശ്വരൻ അനുഗ്രഹിക്കണമെന്നേ അദ്ദേഹം ഷഷ്ടിപൂർത്തി ആഘോഷിക്കുന്ന ഈ സുദിനത്തിൽ നമുക്കു പ്രാർത്ഥിക്കുവാനുള്ളൂ.

ബുദ്ധശിഷ്യനായ ഉപഗുപ്തനെപ്പറ്റി മഹാകവി കുമാരനാശാൻ രചിച്ച രണ്ടുവരികൾ ഇവിടെ പകർത്തട്ടെ.

"നമസ്കാരമുപഗുപ്താ! വരികയീവാൻ നിർവാണ
നിമഗ്നനാവാതെ വീണ്ടുംലോകസേവയ്ക്കായ്."

ഡോക്ടർ കൊട്ടാരത്തിന്റെ അറുപതു തികയുന്നു

(ബാബു ചെങ്ങന്നൂർ)

മനോരമ, 20-5-1967

റവ. ഡോ. സി. റ്റി. കൊട്ടാരത്തിന് ഇന്ന് 60 വയസ്സു തികയുകയാണു്. ആദ്ധ്യാത്മികരംഗത്തു് മാത്രമായി തന്റെ സേവനം പരിമിതപ്പെടുത്താതെ സാമൂഹ്യസേവനരംഗങ്ങളിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിട്ടുള്ള ഡോ. കൊട്ടാരം ഇന്നു് ഒരു യുവാവിന്റെ പ്രസരിപ്പോടുകൂടി വിവിധ രംഗങ്ങളിൽ സേവനം അനുഷ്ഠിച്ചുവരികയാണു്. പുരോഗമനപരമായ ആശയങ്ങളും തേടിപ്പിടിക്കാനും അവ പ്രാവർത്തികമാക്കാനും ഡോ. കൊട്ടാരത്തിനു് ഒരു പ്രത്യേക കഴിവുണ്ടു്. തെറ്റു് എവിടെ കണ്ടാലും അദ്ദേഹമതു തുറന്നു പറയും. വർത്തിക്കാനിലെ പ്രൊപ്പഗാന്താ കോളെജിൽ ഇന്ത്യൻ വിപ്ലവകാരികളിൽ അഗ്രഗണ്യനായിരുന്ന സുഭാഷ് ചന്ദ്രബോസിനെ വിളിച്ചുവരുത്തി പ്രസംഗിപ്പിക്കാൻ യുവാവായിരുന്ന കാലത്തു ഡോ. കൊട്ടാരത്തിനു കഴിഞ്ഞുവെന്നുള്ളതുതന്നെ അദ്ദേഹത്തിന്റെ രാജ്യസ്നേഹത്തിനും സ്വാതന്ത്ര്യാഭിവാഞ്ഛയ്ക്കുമുള്ള ഒരു തെളിവാണു്.

1907 മെയ് 20-നു- പാലായിൽ ജനിച്ച ഇദ്ദേഹത്തെ വിദ്യാഭ്യാസം ചെയ്യിച്ച സ്ഥാപനങ്ങളാ

ണ പാലാ സെൻറ് തോമസ് ഹൈസ്കൂൾ, തൃശ്ശൂർ സെൻറ് തോമസ് കോളെജ്, ആലുവാ അപ്പോസ്തോലിക് സെമിനാരി, റോമിലുള്ള ഉർബൻ കോളേജ് ഓഫ് പ്രൊപ്പഗാൻഡാ ഫീഡെ ഇവയൊക്കെ. വൈദികസ്ഥാനം ഏറെറടുത്തതു റോമിലാണ്. 1935 ഡിസംബറിൽ പട്ടതപദവിയിലേക്കയർന്ന അദ്ദേഹം അടുത്ത ദിവസം സെൻറ് പീറേറഴ്സ് ബസ്ലിക്കായിലുള്ള പത്രോസ് അപ്പോസ്തോലൻെറ കല്ലറയുടെ മുമ്പിൽ വിശുദ്ധ ബലി അർപ്പിച്ചു. അദ്ദേഹത്തിൻെറ വൈദിക സിൽവർ ജൂബിലി 1960 ഡിസംബർ 21 -ന് ആഘോഷിക്കുകയുണ്ടായി.

കാലം ചെയ്ത ബിഷപ്പ് ജെയിംസ് കാളാശ്ശേരിയുടെ സെക്രട്ടറി, ചങ്ങനാശേരി രൂപതയുടെ ചാൻസലർ, എസ്. ബി. കോളെജ് പ്രഫസർ, പാലാ സെൻറ് തോമസ് എച്ച്. എസ്., വിളക്കുമാടം, സെൻറ് ജോസഫ്സ് എച്ച്. എസ്., പ്രവിത്താനം സെൻറ് മൈക്കൽ എച്ച്. എസ്. തുടങ്ങിയവയുടെ ഹെഡ്മാസ്റ്റർ എന്നീ നിലകളിൽ അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. സാമൂഹ്യ-വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും നടത്തുന്ന മലബാർ ട്രൂത്ത് സൊസൈറേറിയുടെ സ്ഥാപകനായ റവ. കൊട്ടാരം, കേരളാ യൂണിവേഴ്സിറേറി സെനറേറ് മെമ്പറും, കേരളാ പ്രൈവറേറ് സെക്കൻഡറി സ്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ, ഓൾ ഇന്ത്യാ സെക്കൻഡറിസ്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ ഇവയുടെ പ്രസിഡൻറുംക്ര

ടിയാണു്. തിരുവനന്തപുരത്തു നടന്ന ഓറം ഇന്ത്യാ എഡ്യൂക്കേഷനൽ കോൺഫ്രൻസിൽ സംബന്ധിച്ചിട്ടുള്ള അദ്ദേഹം 1955–ൽ ഓക്സ്ഫോർഡിൽ നടന്ന അന്തർദ്ദേശീയ വിദ്യാഭ്യാസ കോൺഫ്രൻസിൽ ഇന്ത്യയെ പ്രതിനിധീകരിച്ചു സംബന്ധിക്കുകയുണ്ടായിട്ടുണ്ടു്. യൂറോപ്പു്, അമേരിക്ക എന്നീ വിദൂര ഭൂഖണ്ഡങ്ങളിൽ നീണ്ട പര്യടനങ്ങൾ നടത്തി വേണ്ടത്ര ലോക പരിചയം ഇതിനിടെ അദ്ദേഹം ആർജ്ജിച്ചുകഴിഞ്ഞിട്ടുണ്ടു്. വാസനാസമ്പന്നനായ ഒരധ്യാപകൻ എന്ന നിലയ്ക്കു് അദ്ദേഹത്തിന്റെ അമൂല്യസേവനങ്ങൾക്കുള്ള ഒരു ബഹുമതിയായി ഇന്ത്യാ ഗവർമെൻറിന്റെ ദേശീയ അവാർഡും ഫാ. കൊട്ടാരം നേടിയിട്ടുണ്ടു്. കേരളത്തിൽ ഇത്തരത്തിലുള്ള അവാർഡ് ആദ്യം നേടിയതും ഡോ. കൊട്ടാരംതന്നെയാണു്.

11–ാം പീയൂസ് മാപ്പ്പ്പാ 1935–ൽ ഫാദർ കൊട്ടാരത്തെ ഒരു സപകാരുസന്ദർശനംവഴി ബഹുമാനിച്ചെങ്കിൽ 20 വർഷം കഴിഞ്ഞു 12–ാം പീയൂസ് മാപ്പ്പ്പായും അദ്ദേഹത്തെ സപീകരിച്ചാശീർവദിച്ചു.

ഫാ. കൊട്ടാരത്തിന്റെ സാമൂഹ്യസേവനങ്ങളെപ്പറ്റി മതിപ്പുനിറഞ്ഞ ഒരു വലിയ ആരാധകസമൂഹമാണു് ഏതു തുറയിലുമുള്ളതു്. തങ്ങളുടെ പ്രിയങ്കരനായ ആ അധ്യാപകനോടുള്ള സ്നേഹാദരവുകളും കൃതജ്ഞതയും ഉള്ളിൽ നിറഞ്ഞുനില്ക്കുന്ന ശിഷ്യഗണങ്ങളാണെങ്കിൽ അതിലേറെയും.



Bishop Fulton J. Sheen & Dr. C. T. Kottaram on a Television stage in New York in 1955 during Dr. Kottaram's tour in the United States.

"Dr. Kottaram is a Catholic Educator who has honoured the Church, India and all who love the Missions....." said Bishop Sheen in his television address on Mission Sunday in October 1955.

See Page 56



മുകളിൽ: ഡോ. സി. റ്റി. കൊട്ടാരം അയർലണ്ടിലെ വിദ്യാഭ്യാസമന്ത്രി യുമൊത്തുമിച്ച് (1955)

താഴെ: ഡോ. കൊട്ടാരം അമേരിക്കയിൽ ചിക്കാഗോ പട്ടണത്തിലെ വിദ്യാഭ്യാസവകുപ്പു മേധാവിയും ഒത്തുമിച്ച് (1955)

See Page 65

ഡോക്ടർ സി. റ്റി. കൊട്ടാരം

പ്രസിദ്ധനായൊരു വിദ്യാഭ്യാസപ്രവർത്തകൻ

(റവ. ഫാ. മാത്യു മരങ്ങാട്ടുപിള്ളി)

ഗിരിദീപം മാസിക, ജൂലായി ലക്കം, 1967

അസ്സലായിട്ടലക്കിത്തേച്ച കുപ്പായം, കണിശവും കഴിവും കാണിക്കുന്ന മുഖഭാവം. മിനുസമേറിയ കപാലദേശത്തുനിന്ന് മുടിയെല്ലാം കടിയിറക്കുവാനുള്ള കഷണ്ടിയുടെ സംരംഭത്തെ സർവ്വശക്തിയോടുകൂടി പരാജയപ്പെടുത്തിക്കൊണ്ട് വിജയശ്രീലാളിതരായി വിരാജിക്കുന്ന കേശഭടന്മാർ. അറിവിന്റെയും ആത്മവിശ്വാസത്തിന്റെയും ലക്ഷണമൊത്ത ഫാലദേശം— ഡോക്ടർ സി. റ്റി. കൊട്ടാരത്തിന്റെ ബാഹ്യരൂപമാണിതെല്ലാം. പ്രസിദ്ധനായൊരു പുരോഹിതനാണദ്ദേഹം. പ്രഗത്ഭനായൊരു വിദ്യാഭ്യാസപ്രവർത്തകനും. അംഗീകരിക്കപ്പെട്ട ഒരു സാഹിത്യകാരനുമാണ്; അതിസമർത്ഥനായൊരു ഭരണാധികാരിയും.

ദേശത്തിലായാലും വിദേശത്തിലായാലും മഹോന്നത വ്യക്തികളുമായി പരിചയപ്പെടുന്നതിലും, ആ പരിചയം പരിപൂർണ്ണമായും ഫലപ്രദമാക്കുന്നതിലും അദ്ദേഹത്തിന് അസാമാന്യമായ കഴിവുണ്ട്. പ്രസിഡൻറ് ഡോക്ടർ രാജേന്ദ്രപ്രസാദ് ഒരു ദേശീയസമ്മാനം നല്കി കൊട്ടാരത്തിന്റെ വിദ്യാഭ്യാസപ്രവർത്തന

ങ്ങളെ സമാദരിച്ചു. പ്രതാപവാനായ പന്ത്രണ്ടാം പീയൂസ് തന്റെ പട്ടംമൂടിത്തൊപ്പി സമ്മാനിച്ച് അദ്ദേഹത്തെ ബഹുമാനിച്ചു. പ്രസിദ്ധനായ ബിഷോപ്പ് ഫ്രൂട്ടൻ ജെ. ഷീൻ കൊട്ടാരത്തിന്റെ സേവനങ്ങളെ മുക്തകണ്ഠം പ്രശംസിച്ചു. തന്റെ കഴിവുകളെ പ്രകടിപ്പിക്കുന്നതിലും അതിൽ അഭിമാനിക്കുന്നതിലും അദ്ദേഹം ശ്രദ്ധിക്കാറില്ല. പണം ലോകോപകാരത്തിനായി ചെലവാക്കുന്നതിലും അദ്ദേഹത്തിനു ലോഭമില്ല. കൊളുത്തപ്പെട്ട ദീപം വിളക്കുപീഠത്തിലാണു വയ്ക്കപ്പെടേണ്ടതു്; അല്ലാതെ അതു ഒളിച്ചുവയ്ക്കുക ഉചിതമല്ലല്ലൊ.

ആയുസിന്റെ ഒരു നല്ലഭാഗം പ്രവിത്താനം ഹൈസ്കൂളിലാണു് അദ്ദേഹം ചിലവഴിച്ചതു്. പ്രവിത്താനം ഹൈസ്കൂളിന്റെ പ്രശസ്തിക്കു് ഡോക്ടർ കൊട്ടാരത്തിന്റെ സംഭാവന വളരെ വലുതാണ്. "കൊട്ടാരത്തിലച്ചന്റെ സ്കൂൾ" എന്ന അപരനാമവും കൂടിയുണ്ടു് പ്രസ്തുത സ്ഥാപനത്തിനു്.

അറുപതുവർഷംമുമ്പു് പാലായിൽ നാമ്പെടുത്ത ആ ജീവതരുവിനു് പാലായിലെ ഹൈസ്കൂളും തൃശ്ശൂരെ കോളേജും ആലുവായിലെ സെമിനാരിയും റോമിലെ കലാലയവും പോഷണമേകി. 1935-ൽ റോമിൽവച്ചു് പുരോഹിതനായി അഭിഷേകം ചെയ്യപ്പെട്ടു. യൂറോപ്യൻ പര്യടനം കഴിഞ്ഞു് കേരളത്തിലെത്തിയ മിടുക്കനായ കൊച്ചച്ചൻ കാളാശ്ശേരി മെത്രാന്റെ

സെക്രട്ടറിയായി നിയമിക്കപ്പെട്ടു. അതിനുശേഷം ശ്രീ പത്രാ ചാൻസലർ, എസ്. ബി. കോളെജ് പ്രൊഫസർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചശേഷം കഴിഞ്ഞ 25 വർഷങ്ങളായി പ്രവീണ്യാനം ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി ജോലിനോക്കുകയായിരുന്നു. നിയമത്തിനു വിധേയനായി ഇക്കൊല്ലം അദ്ദേഹം ജോലിയിൽനിന്നു വിരമിച്ചു. ഇന്നും ഒരു ചെറുപ്പക്കാരന്റെ ചുറുചുറുക്കും പ്രസരിപ്പുമുണ്ടദ്ദേഹത്തിന്.

ലക്ഷക്കണക്കിനു ലഘുലേഖകൾ പ്രസിദ്ധീകരിച്ചുകഴിഞ്ഞ മലബാർ ട്രൂത്ത് സൊസൈറ്റിയുടെ സ്ഥാപകനാണു ഡോക്ടർ കൊട്ടാരം. പത്രമാസികകളിൽ പ്രസിദ്ധീകരിക്കപ്പെട്ട ലേഖനങ്ങൾ അനവധി. പുസ്തകങ്ങൾ നാലഞ്ചു് പ്രസിദ്ധീകരിച്ചുകഴിഞ്ഞു. സംസ്കൃത സർവ്വകലാശാല അദ്ദേഹത്തിന്റെ സാഹിത്യസംരംഭങ്ങളെ അംഗീകരിച്ചുകൊണ്ടു് "സാഹിത്യാലങ്കാർ" എന്ന ബിരുദം നല്കി. കേരളായൂണിവേഴ്സിറ്റി സെനറ്റംഗമെന്നവരായും മറ്റു പല സർക്കാർകമ്മിറ്റികളിൽ ഓരോവിധ ഭാരവാഹിയായും വലിയ സേവനമനുഷ്ഠിച്ചുവരികയാണിപ്പോഴും. അഖിലേന്ത്യാ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ പ്രസിഡൻറാണിന്നും അദ്ദേഹം. കഴിഞ്ഞ മെയ്മാസത്തിൽ പ്രസ്തുത സംഘടനയുടെ വാർഷികം എറണാകുളത്തുവച്ചു് ഏറെ മാനുമായ രീതിയിൽ നടക്കുകയുണ്ടായല്ലൊ. കൊട്ടാരത്തിലച്ചന്റെ കഴിവും കർമ്മകുശലതയും

പ്രകടമാക്കുന്ന മറ്റനവധി രംഗങ്ങളുണ്ട്. അദ്ദേഹത്തിന്റെ നേട്ടങ്ങളിൽ ചിലവയാണ് മേല്പറയപ്പെട്ട വസ്തുതകൾ.

തന്റെ മഹത്ത്വത്തിനും വിജയത്തിനുമൊക്കെ നിദാനം സ്ഥിരോത്സാഹവും ആത്മവിശ്വാസവുമാണെന്ന് അദ്ദേഹം അവകാശപ്പെടുന്നു. രാവിലെ 5 മണിക്കുണർന്നാൽ രാത്രി 11 മണിവരെ വിശ്രമമില്ലാതെ പണിയെടുക്കും. ഒരു ദിവസം നൂറോളം എഴുത്തുകൾ വരുന്നുണ്ട്. അതുവശ്യപ്പെട്ട മറുപടികൾ, ആവശ്യമെന്നു തോന്നുന്ന കത്തുകൾ, എല്ലാം കൃത്യമായി അയയ്ക്കുന്നതിൽ കണിശക്കാരനാണദ്ദേഹം. വീട്ടിലായാലും ഓഫീസിലായാലും ദൃശ്യമാകുന്ന ക്രമവും ചിട്ടയും പ്രത്യേകം ശ്രദ്ധാർഹമാണ്. സമയം ശരിയായി വിനിയോഗിക്കുന്നതിൽ താൻ നീതിചെയ്തിട്ടുണ്ട് എന്നു അദ്ദേഹം അവകാശപ്പെടുന്നു. കഴ്ചയിൽ അറുപതു വയസ്സായെന്ന് ആരും പറയുകയില്ല. ആന്തരികമായും ബാഹ്യമായും അദ്ദേഹം "അറുപതു വയസ്സായ ഒരു യുവാവാ"ണ്.

കൊട്ടാരത്തിലച്ഛന്റെ അസാമാന്യകഴിവിലും അസാധാരണമായ നേട്ടങ്ങളിലും പലർക്കും അസൂയയും ശത്രുതാമനോഭാവവും തോന്നിയിട്ടുണ്ട്. അസൂയ മനുഷ്യസഹജമായ ബലഹീനതയാണല്ലോ. ഒരു മനുഷ്യനും പരിപൂർണ്ണനല്ല. മാനുഷികമായ വല്ല ബലഹീനതയും അദ്ദേഹത്തിനുണ്ടായിരിന്നിരിക്കണം. എന്നാൽ

മഹാന്മാരുടെ ചെറിയ തെറ്റുകൾ വലുതാക്കിക്കാണിച്ച് ചെറിയ മനുഷ്യർ വലുതാകുവാൻ ശ്രമിക്കുന്ന അപ്രവണത എന്നുമുണ്ട്. നിയമങ്ങൾ അനുസരിക്കുന്ന കാര്യത്തിലും അനുസരിപ്പിക്കുന്ന കാര്യത്തിലും അദ്ദേഹം ചിലപ്പോൾ കാർക്കശ്യം കാണിച്ചിട്ടുണ്ട്. എന്തൊക്കെയായാലും അദ്ദേഹം ഒരു "മനുഷ്യ"നാണ്. മറ്റുള്ളവരുടെ വിഷമപ്രശ്നങ്ങൾ അവർ പറയാതെതന്നെ മനസ്സിലാക്കുകയും അവരെ സഹായിക്കുകയും ചെയ്യുന്നതിൽ അദ്ദേഹം മുന്നോട്ടുവന്നിട്ടുണ്ട്. സഹപ്രവർത്തകരെന്നല്ല വിദ്യാർത്ഥികളോ പരിചയക്കാരോ നാട്ടുകാരോ ഒക്കെ അദ്ദേഹത്തിന്റെ സന്മനോഭാവത്തിന്റേയും മനുഷ്യത്വത്തിന്റേയും മാധുര്യം അനുഭവിച്ചിട്ടുള്ളതിന്റെ ഉദാഹരണങ്ങൾ എത്രവേണമെങ്കിലുമുണ്ട്. നല്ലകാര്യങ്ങൾക്കുവേണ്ടി സ്വന്തം ശമ്പളത്തിന്റെ ഒരു നല്ലഭാഗം ചിലവാക്കുന്നതിൽ മടിയില്ല. ആചാരമര്യാദകളിൽ മറ്റുള്ളവരും തന്നെപ്പോലെ ഉയർന്നനിലവാരം പുലർത്തണമെന്നാണ് അദ്ദേഹത്തിന്റെ അഭിലാഷം.

നാഷണൽ അവാർഡു ലഭിക്കുന്ന ആദ്യത്തെ കേരളീയനാണ് ഡോക്ടർ കൊട്ടാരം. അദ്ദേഹം അർഹിക്കുന്നിടത്തോളം പ്രോത്സാഹനം സമുദായമോ സർക്കാരോ നല്കുന്നില്ല എന്നുള്ളതു് ഒരു പരമാർത്ഥമാണ്. ഒരു യൂണിവേഴ്സിറ്റി വൈസ്ചാൻസലറോ, വിദ്യാഭ്യാസമന്ത്രിയെ ഒക്കെ ആയിരിക്കാൻ കഴിവും സാമർത്ഥ്യവുമുണ്ട്. എങ്കിലും അദ്ദേഹത്തിന്റെ മനസ്സും

പുരോഹിതൃവും അതിനു വിലങ്ങുതടികളുണ്ടെന്നു തോന്നിപ്പോകുന്നു. എന്നാൽ അവ രണ്ടുമില്ലാത്ത പദവിയെയോ പരിപാടിയെയോ അദ്ദേഹത്തിനുവേണ്ടതാനും. "ഇനിയെന്തു"" എന്ന ചോദ്യം അനേകംപേർ ചോദിച്ചിട്ടുണ്ട്. മറുപടി ഏറ്റവും മാതൃകാപരമാണു്. "ഞാനൊരു പുരോഹിതനാണു്. എന്റെ മെത്രാൻ നിശ്ചയിച്ചുതന്ന ജോലി ചെയ്യുകയാണു് എന്റെ ദാവി. സഭയേയും സഹജീവികളേയും സേവിച്ചു് ശിഷ്ടായുസ്സു് കഴിക്കാനാണു് എന്റെ നിശ്ചയം."

കുറിപ്പു്:- ഡോ. സി. റ്റി. കൊട്ടാരത്തിനു് 1967 മെയ് 20-ാം തിയതി 60 വയസ്സു പൂർത്തിയാവുകയും അന്നു് അദ്ദേഹം സ്കൂൾ ജോലിയിൽനിന്നു വിരമിക്കുകയും ചെയ്തു. പ്രവിത്താനം ഹൈസ്കൂളിലെ അദ്ധ്യാപകാദ്ധ്യാപികമാരും നാട്ടുകാരുംചേർന്നു് അദ്ദേഹത്തിനു ഗംഭീരമായ ഒരു യാത്രയയപ്പു നല്കുകയും അദ്ദേഹത്തിന്റെ സ്മരണ നിലനിറുത്തുന്നതിനു വർഷംതോറും ആ സ്കൂളിൽനിന്നും എസ്. എസ്. എൽ. സി. പരീക്ഷയിൽ ഒന്നാമതായി പാസ്സാകുന്ന വിദ്യാർത്ഥിക്കു് "Dr. C. T. Kottaram Gold Medal" എന്ന പേരിൽ ഒരു സ്വർണ്ണമെഡലും, രണ്ടാമതായി പാസ്സാകുന്ന വിദ്യാർത്ഥിക്കു് Dr. C T. Kottaram Silver Medal എന്നപേരിൽ ഒരു വെള്ളിമെഡലും നല്കുന്നതിനു R 1200/- മാനേജ്മെന്റിനെ ഏല്പിക്കുകയും, അസംബ്ലിഹാളിനു "Dr. Kottaram Hall" എന്ന പേരു് യാത്രയയപ്പുയോഗത്തിൽവച്ചു നല്കുകയും ചെയ്തു. റെഹസ്കൂളിലെ അസ്സംബ്ലിഹാളിലെ പ്ലാറ്റ്ഫോറവും അവിടത്തെ കൊടിമരവും ഡോ. കൊട്ടാരത്തിന്റെ സ്വന്തം ചിലവിൽ നിർമ്മിച്ചിട്ടുള്ളതാണു്. പ്രവിത്താനത്തെ U. P. സ്കൂൾ 1945-46 ൽ ഒരു ഹൈസ്കൂളായി ഉയർത്തുന്നതിനു ഗവൺമെന്റനുമതി നേടിയെടുത്തതു് ഡോ. കൊട്ടാരത്തിന്റെ പരിശ്രമഫലമായാണു് നടന്നതും പ്രകൃതത്തിൽ സ്മരണീയമാണു്. "It is a miracle in these days ' (Archbishop Mar Ivanies). സർ സി. പി. യുടെ ഗവൺമെന്റു് പ്രൈവറ്റു് സ്കൂളുകൾ നിരോധിച്ചിരുന്ന കാലമായിരുന്നു അതു്.

അനുബന്ധം IV

തിരുത്തലുകളും ഭേദഗതികളും

കുറിപ്പ്:— ചരിത്രം തയ്യാറാക്കുന്നതിനു ലഭിച്ച രേഖകളില്ലും, മാറ്റർ പ്രസ്സിൽ കൊടുത്തപ്പോഴും പകർത്തിയെഴുത്തു നടത്തിയതിലും, അച്ചടിച്ചതിലും ചില പിശകുകളും ഉണ്ടായിട്ടുണ്ട്. അച്ചടി പൂർത്തിയായശേഷം തെറ്റുകളും വല്ലതുമുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കുവാൻ എല്ലാ കുടുംബനാഥന്മാരോടും അഭ്യർത്ഥിച്ചു. അച്ചടിച്ച പ്രതികളും എല്ലാവർക്കും നോക്കി പരിശോധിക്കാനുള്ള സൗകര്യവും ഉണ്ടാക്കിക്കൊടുത്തു. ഏതാനുംപേർ അച്ചടിച്ചപ്രതികളും വായിച്ചു് ചില തിരുത്തലുകളും ഭേദഗതികളും കുറിച്ചതനുസരിച്ചാണ് അതിന്റെ അടിസ്ഥാനത്തിലാണു് ചില തിരുത്തലുകളും ഭേദഗതികളും താഴെ ചേർക്കുന്നതു്. വശങ്ങളും, ഖണ്ഡികകളും, വരികളും കാണിക്കുന്നതിനു ഉപയോഗിച്ചിരിക്കുന്ന അടയാളങ്ങളം:—

P: വശം. Pr: ഖണ്ഡിക. L: വരി.

N. B. പടിഞ്ഞാറേക്കര വീടുഗത്തിന്റെ ചരിത്രത്തിന്റെ അച്ചടി 1969—ൽ പൂർത്തിയായതാണു്. അക്കാലത്തിനുശേഷമുള്ള വിവരങ്ങളും പുസ്തകത്തിൽ ചേർക്കുവാൻ കഴിഞ്ഞിട്ടില്ലാ. അറിയുവാൻ കഴിഞ്ഞവ ''ഭേദഗതി'' കളിൽ വരുത്തിയിട്ടുണ്ടു്.

1 P. 25. Pr. 2. തെരുവിൽ തൊമ്മന്റെ പുത്രി അന്നമ്മയുടെ പേരുകൂടി ചേർത്തു വായിക്കണം. അന്നമ്മയെ കോയിപ്പുറത്തു വിവാഹം ചെയ്തിച്ചയച്ചു. മൂന്നാമത്തെ പുത്രിയാണു് അവിവാഹിതയായി വീട്ടിൽ താമസിക്കുന്നതു്.

2 P. 29. ഒന്നാം ഖണ്ഡികക്കു പകരം അനുബന്ധം I, P. 236 കാണുക.

3 P. 43. കുത്തിവളച്ചേൽ വക്കീലു് (കുഞ്ഞിനു്) റോസമ്മ എന്ന ഒരു പുത്രിക്കുടിയുണ്ടു്. റോസമ്മയെ വിവാഹം ചെയ്യിച്ചയച്ചു. മൂത്തപുത്രി അന്നക്കുട്ടിയെ ചിറായിൽ അവിരാച്ചനാണു് വിവാഹം ചെയ്തിരിക്കുന്നതു്. കുഞ്ഞു് 6-9-70-ൽ നിര്യാതനായി. ഔസേപ്പിന്റെ രണ്ടാമത്തെ മകൻ പൈലോയിക്കു് രണ്ടു പുത്രന്മാരും അഞ്ചു പുത്രിമാരുമാണുള്ളതു്.

4 P. 45. ജോസഫിന്റെ മറ്റു കുട്ടികൾ. സ്കറിയാ (കുഞ്ഞാക്കോസല്ലാ), ഏലി, മേരി, എന്നിവരാണു്. L. 12. നരിവേലിൽ കടക്കുഴിയിൽ ഏലിക്കുട്ടിയെ പുനഃ വിവാഹം ചെയ്തു. അഞ്ചു് ആൺമക്കളും മൂന്നു പെൺമക്കളുമുണ്ടു്. L. 12. ഡോക്ടർ മത്തായിക്കു് രണ്ടു ആൺ കുട്ടികളുണ്ടു്.

5 P. 46. L. 1. മൂത്തപുത്രൻ തൊമ്മൻ വണ്ടമറത്തു് പുത്തൻപുരയ്ക്കൽനിന്നും വിവാഹം ചെയ്തു് ഇളങ്ങുളത്തു് കുട്ടനാനിയിൽ താമസമാക്കി. ടി വിവാഹത്തിൽ മത്തായി മറിയാമ്മ എന്നു് രണ്ടു സന്താനങ്ങൾ ഉണ്ടായി. മറിയാമ്മയെ ഏളങ്ങുളത്തു് വാതല്ലൂർ വിവാഹം ചെയ്യിച്ചയച്ചു. മകൻ മത്തായിയുടെ ആദ്യവിവാഹത്തിൽ ഒരു പുത്രിയുണ്ടായി. ഭാര്യ മരിക്കയാൽ ഏളങ്ങുളത്തു്



H. E. Dr. Sebastian Vayalil, Bishop of Palai, blessed the *Room for Priests* at the I H M. Hospital, on 8-12-1954

Copy of the letter addressed to Rev. Dr. C. T. Kottaram by the then Mother Superior of the Hospital

"On behalf and in the name of the management of the Hospital of Immaculate Heart of Mary, Bharananganam, I have pleasure to accept the ROOM FOR PRIESTS donated by Rev. Dr C. T. Kottaram as a Marian Year gift on the following conditions:-

1. The Room shall be reserved for the clergy and shall be occupied while they are in need of hospitalisation according to the doctors' decision.

2. It is mutually agreed that the rate of rent for the clergy will be reduced to a moderate rate, not, however, lower than half of the rate charged for the other rooms in the payward in the hospital and the other charges will be less than the rates prevailing in the case of other such rooms attached to the hospital for in-patients."

Sd/-
Sister M. Damien, S. S. M. M.
Superior
I. H. M. Hospital, Bharananganam

Bharananganam,
8th Dec 1954



അഖിലേന്ത്യാ സെക്കണ്ടറി സ്കൂൾ ഹെഡ്മാസ്റ്റേർസ് അസ്സോസിയേഷന്റെ ഹെഡ് ആഫീസ് താല്ക്കാലികമായി പാലായിലെ എറകോന്നി മൌണ്ടു ബങ്കളാവിൽ മന്ത്രി ശ്രീ. ബി. വെല്ലിംഗ്ടൺ ഉദ്ഘാടനം ചെയ്തപ്പോൾ (9–7–1967). ഈ സംഘടനയുടെ പ്രസിഡന്റ് ഡോ. സി. റ്റി. കൊട്ടാരമാണ് (മന്ത്രിക്കു നൽകിയ സ്വീകരണം)



അഖിലേന്ത്യാ സെക്കണ്ടറി സ്കൂൾ ഹെഡ്മാസ്റ്റേർസ് അസ്സോസിയേഷൻ പ്രസിഡണ്ടും (ഡോ. സി. റ്റി. കൊട്ടാരം) വൈസ്പ്രസിഡണ്ടും (മി.ജെ.മൊറയസ്, ഡൽഹി) കപ്പലിൽവച്ചു ലഞ്ചു കഴിക്കുന്നു. ഈ സംഘടന രജിസ്റ്റർ ചെയ്യപ്പെട്ടതാണ്

ചിരങ്കേഴിയിൽനിന്നും പുനർവിവാഹം ചെയ്തു. അതിൽ ഏഴു സന്താനങ്ങൾ ഉണ്ടായി. ഇപ്പോൾ തോവാളയിൽ താമസമാണു്.

(പുസ്തകത്തിൽ കാണുന്ന പിശകു് മേൽ കാണിച്ചവിധം തിരുത്തിവായിക്കേണ്ടതാണു്.)

6 P. 50. കൊട്ടാരത്തിൽ മത്തായിയുടെ മൂന്നാമത്തെ മകൻ മാത്യു 1-6-71-ൽ നിര്യാതനായി. (ബ്ലോക്കു ചേർത്തിട്ടുണ്ടു്.)

7 P. 52. കൊട്ടാരത്തിൽ കുര്യപ്പിന്റെ അഞ്ചു് പുത്രിമാരിൽ ഒരാളായ ത്രേസ്യയെ കടപ്ലാമറ്റം ഇടവകയിൽ മറിയിടത്തു് പാലക്കൽ കുഞ്ഞവുസേപ്പു് വിവാഹം ചെയ്തു. മാമ്മി (മേരി) യെ വിവാഹം ചെയ്തതു് വാഴക്കളത്തു പൽപ്പറമ്പിൽ ചാക്കോയാണു്. (പുസ്തകത്തിൽ ചേർത്തിരിക്കുന്ന ഭാഗം തിരുത്തി വായിക്കേണ്ടതാണു്.)

8 P. 53. കൊച്ചു കുര്യപ്പിന്റെ പുത്രി അന്നമ്മയെ നീലൂർ ചന്ദ്രൻകുന്നേൽ ആൻറണിയാണു് വിവാഹം ചെയ്തിരിക്കുന്നതു്.

9 P. 57. കുര്യപ്പു തൊമ്മന്റെ മൂന്നാമത്തെ മകൻ കുഞ്ഞവുസേപ്പിന്റെ മൂത്തപുത്രി എമിലിയെ പാലായിൽ വടക്കയിൽ തറവാട്ടിൽ വി. റ്റി. ജോസഫിന്റെ പുത്രൻ വി ജെ. മാത്യുവും രണ്ടാമത്തെ പുത്രി മേരിയെ തൃശ്ശൂർ ബ്രഹ്മകുളം തെന്നത്തു് പൗലോസിന്റെ മകൻ ആൻറണി

യും വിവാഹം ചെയ്തു. കുഞ്ഞവുസേപ്പിന്റെ മൂത്തപുത്രൻ പാപ്പച്ചനു് മോളി, ബെറ്റ്സി എന്ന രണ്ടു പെൺമക്കളും, ജോജി എന്ന ഒരു ആൺ കുട്ടിയും ഉണ്ടു്.

10 P. 59. സി. കെ. തോമസ്. ചീരാംകുഴിയിൽ കുരുവിന്റെ സീമന്തപുത്രൻ സി. കെ. തോമസ് എറകോന്നി പുത്തനൂര കുടുംബയോഗത്തിന്റെ സെക്രട്ടറിയും ഖജാൻജിയുമാണു്. കുടുംബയോഗത്തിന്റെ വിജയപ്രദമായ നടത്തലിനു് അദ്ദേഹം വളരെയധികം പ്രയത്നിക്കുന്നുണ്ടു്. കേരളത്തിലെ "ലീജിയൻ ഓഫ് മേരി"യുടെ സെനാത്തുസ് പ്രസിഡൻറും തോമസാണു്. പാലായിലെ മതപരമായ എല്ലാ പ്രവർത്തനങ്ങളിലും അദ്ദേഹം സജീവമായി പങ്കെടുക്കുന്നു. സി. കെ. തോമസ് പൊതുജനസമ്മതനുമാകുന്നു. തോമസ് രാമപുരത്തു കോലത്തുജോസഫിന്റെ മകൾ മേരിയെ വിവാഹം ചെയ്തു. അവർക്കു് ബേബി, (സിറിയക്കു്) എന്ന ഒരു പുത്രനും പെണ്ണമ്മ, ത്രേസ്യാമ്മ, എന്ന രണ്ടു പുത്രിമാരുമുണ്ടു്. പുത്രിമാർ രണ്ടുപേരും കന്യാസ്ത്രീകളാണു്.

11 P. 77. ചക്കൻകുളത്തു മാത്തുവിന്റെ മൂന്നാമത്തെ പുത്രൻ ഇട്ടിച്ചെറിയ പയപ്പാറയിൽ ചക്കൻകുളത്തു കളപ്പുരയിൽ താമസിച്ചു. "കളപ്പുര"യിൽ എന്നു കാണുന്നതെല്ലാം "ചക്കൻകുളത്തു കളപ്പുരയിൽ" എന്നു തിരുത്തി വായിക്കേ

ണ്ടതാണ്". 85-ാം പേജിൽ (3) കളപ്പുരയിൽ ശാഖ എന്നുള്ള തലക്കെട്ട് "ചക്കൻകുളത്തു കളപ്പുരയിൽശാഖ" എന്നും തിരുത്തിവായിക്കമെല്ലോ.

12 P. 77. P. 2. തറപ്പേൽ ശാഖയിലെ ഈപ്പന് ഒരു പുത്രനും മൂന്നുപുത്രിമാരുമാണുള്ളതു. (രണ്ടു എന്നുള്ളതു പിശകാണു".) ഈപ്പന്റെ മൂത്ത പുത്രി അന്നയെ വള്ളിക്കാപ്പിൽ കൊറനാട്ട് മാത്തൻ വിവാഹം ചെയ്തിരുന്നു.

13 P. 78. L. 10. റവ. ജെ. മാത്യു വിവാഹം ചെയ്തിരിക്കുന്നതു് നീലിയറ റോസയെ ആകുന്നു. (ത്രേസ്യാമ്മയെ അല്ല)

p. 79. L. 3 റവ. എം. മാത്യു മീനച്ചൽതാലൂക്കു കർഷകസംഘം സ്ഥാപക സെക്രട്ടറിയാണു". (പാലാ എന്നുള്ളതു പിശകാണു.)

14 P. 89 ചക്കൻകുളത്തു മാത്തുവിന്റെ പുത്രൻ കുര്യാക്കോസ് മനയാനിക്കൽ മറിയത്തിനെ വിവാഹം ചെയ്തു. മറിയം 1961-ൽ നാരായണയായി. കുര്യാക്കോസ് ഇപ്പോൾ സ്വ സഹോദരനായ സി. എം. ആൻറണിയുടെകൂടെ താമസിച്ചുവരുന്നു.

15 P. 90 L 15 തോമസ്സാണു" (ജോസല്ലാ) ഇഡുൻ ഏയർ ഫോർസിൽ ജോലിനോക്കുന്നതു".

16 P. 101 അഞ്ചേരിൽ ഔസേപ്പിന്റെ നാലാമത്തെ പുത്രൻ സ്കറിയായുടെ ഭാര്യയുടെ പേരു് ഏലി എന്നാണു്. (ത്രേസ്യയെന്നല്ലാ)

17 P. 102 അഞ്ചേരിൽ ഈപ്പൻ' ബേബി' റോമി, സണ്ണി, എന്ന മൂന്നു പുത്രന്മാരും, എത്സമ്മ, കുമാരി, തങ്കമ്മ, റോസലി, ടെറസം, എന്ന അഞ്ചു പുത്രിമാരുമാണുള്ളതു്. (റോസലി, ടെറസാ എന്ന പേരുകൾ പുസ്തകത്തിലില്ല)

18 P. 130–135 പടിഞ്ഞാറേക്കര കുഞ്ഞമ്മന്റെ പേരു് പി. ഐ. തോമസാണു്, കുഞ്ഞവുസേപ്പിന്റെപേരു് പി. ഐ. തോമസു് എന്നുമാണു്. കുഞ്ഞമ്മൻ നിര്യാതനായതു 14-5-1967 ലാണു. കുട്ടിയമ്മയുടെ ഭർത്താവു് അപ്പച്ചൻ നിര്യാതനായതു വൃഷഭസ്ഥനം മൂലമാണു്. കുഞ്ഞവുസേപ്പിന്റെ മൂന്നാമത്തെ മകൻ കുഞ്ഞു് (പി. ജെ. തോമസു്) ബാങ്കളൂരിൽ ഹിന്ദുസ്ഥാൻ എയർ ക്രാപ്റ്റിൽ എൻജനീയറായി ജോലിനോക്കുന്നു.

19 P. 146–147 തട്ടാംപറമ്പിൽ ഈപ്പൻ മൂന്നാമതു വിവാഹം ചെയ്തതു് മണിമല മൈലാടൂർ ചാക്കോയുടെ മകൾ അന്നമ്മയെ ആകുന്നു. ഈപ്പന്റെ തൃതീയപുത്രൻ കുഞ്ഞിരപ്പള്ളിയിൽ കടമപ്പുഴെ നിന്നും അലീസിനെ വിവാഹം ചെയ്തിക്കുന്നു.

20 P. 149. L. 17. "വായ്പനാരിയിൽ" എന്നാണു് വീട്ടുപേരു് (വായ്പനാൽ അല്ല.)

P. 114 Pr 2. മുണ്ടാങ്കൽ വേലിക്കകത്തു ചെറിയാന്റെ പുത്രൻ തോമസിന്നു് ചെറിയാൻ, ജോസഫു്, ആന്റനി, സെബാസ്റ്റ്യൻ എന്നു് നാലു ആൺമക്കളും മേരി, റോസമ്മ എന്നു് രണ്ടു പെൺമക്കളുമാണുള്ളതു്.

കുടുംബനായകനായ ചെറിയാൻ 19-10-1970 ലും ശ്രീമതി മറിയം ചെറിയാൻ 17-16-1970 ലും നിര്യാതരായി.

1 P. 150. L. 20. ഇടമനത്തടം പുയ്യരിടം (ഇടമനം അവുടം അല്ല.)

2 P. 152. കൈതവയലിൽ ശാഖ— കൈതവയലിൽ ഇട്ടിയയിപ്പു (ആറാം തലമുറ) എന്നാണു വേണ്ടതു്. (ഇട്ടിയവിരാ എന്നുള്ളതു അച്ചടിപ്പിശകാണു്.)

3 P. 153. L. 18 മുതൽ p. 154. . L4 വരെ ഇട്ടിയയിപ്പിന്റെ മൂത്തപുത്രൻ ജോസഫു് ആദ്യം കപ്പാട്ടു് കപ്പിലുമാക്കൽനിന്നു വിവാഹം ചെയ്തു. സന്താനമില്ലാതെ ഭാര്യ മരിക്കുകയാൽ ഇളംതോട്ടംപള്ളി ഇടവകയിൽ വരിക്കമാക്കൽനിന്നും അന്നയെ വിവാഹം ചെയ്തു. ഇട്ടിയയിപ്പിന്റെ ദ്വിതീയപുത്രൻ പ്രാഞ്ചു കൊച്ചിയിൽ കറുകറ്റി എന്ന സ്ഥലത്തു് വൈനോത്തുവീട്ടിൽ ക്ലാരമ്മയെ വിവാഹം ചെയ്തു. (പുനർവിവാഹമെന്നതു തെറ്റാണു്.) ഈ തിരുത്തലുകളോടെ പ്രസ്തുത ഭാഗം വായിക്കേണ്ടതാകുന്നു.

24 P. 158 & 159, പുത്തൽപുരക്കൽ മത്തായി ഈപ്പന്റെ മക്കളെയും മരുമക്കളേയും വിളിച്ചുവരുന്ന പേരുകൾ ബ്രാക്കറിൽ ചേർത്തിരിക്കുന്നു:- മത്തായി (മാമ്മൻ), ഔസേപ്പ് (കുഞ്ഞേപ്പ്) തൊമ്മൻ (തോമ്മാച്ചൻ); മാമ്മന്റെ മക്കൾ:- ജോസഫ് (കുട്ടിയച്ചൻ), കുര്യാക്കോസ് (ജോയിച്ചൻ), തോമസ് (റോമി,) മാത്യു (മാത്തച്ചൻ) & ലോറൻസ്; മേരി (ലാലി), & അന്നമ്മ (മോളി), കുഞ്ഞേപ്പിന്റെ മക്കൾ:- ജോസഫ് (സണ്ണി), സെബാസ്റ്റ്യൻ (സിബി), മേരി (വിമല)& എമിലി. തോമ്മാച്ചന്റെ മക്കൾ: ജോസ് (ഈപ്പച്ചൻ), & ജേക്കബ് (ചാക്കോച്ചൻ).

25 P. 159. മത്തായിയുടെ മകൻ തൊമ്മന്റെ ആദ്യവിവാഹത്തിലെ പുത്രൻ മത്തായിയെ വിളിക്കുന്നതു് കുഞ്ഞുമത്ത എന്നാണു്. കുഞ്ഞുമത്തയുടെ മക്കളെ വിളിക്കുന്നതു് തോമസ് (തോമ്മാച്ചൻ), അന്നമ്മ (ആനി), ബേറി, റോസ (റിഗ് സ്) എന്നിങ്ങനെയാണു്.

26 P. 160. L. 8. ഔസേപ്പിന്റെ മകൻ കെ. ജെ. മത്തായിക്കു് ജോസ് എന്ന ഒരു പുത്രനും, മേരി എന്ന ഒരു പുത്രിയുമുണ്ടു്. L. 28. ഔസേപ്പിന്റെ നാലാമത്തെ മകൻ തോമസിനു് ജോസ്, സെബാസ്റ്റ്യൻ എന്നു രണ്ടു പുത്രന്മാരുണ്ടു്.

27 P. 161. L. 8. വക്കിയുടെ ഭാര്യയെ സംസ്കരിച്ചിരിക്കുന്നതു് അറക്കളം പുത്തൻപള്ളിയിലാണു് (പഴയ പള്ളിയിലല്ല).

28 P. 174. L. 12. തൊമ്മനു് മേരി, ലില്ലി, ഏലി, അൽഫോൻസാ എന്ന നാലു പുത്രിമാരാണുള്ളതു്. (മൂന്നു് എന്നുള്ളതു് പിശകാണു്).

29 P. 176. L. 10. 'പൊന്നെടുത്തുകല്ലേൽ' എന്നാണു വേണ്ടതു്.

30 P. 178. L. 15 & 16. 'പോണാടുകര'യിൽ എന്നും 'ഉഴത്തുവലിൽ' എന്നും തിരുത്തണം.

31 P. 180. L. 7. പീടികക്കെതോലിൽ ഉണ്ണിച്ചെറിയയുടെ മകൻ ചെറിയാനു് മേഴ്സി, ലാലി, ലൂസി, ലീനാ എന്ന നാലു പുത്രിമാരാണുള്ളതു്.

32 P. 195. കരോട്ടെവീട്ടിൽ വക്കിയുടെ മകൾ മറിയത്തിനെ പയ്യപ്പള്ളിയിലാണു് വിവാഹം ചെയ്യിച്ചയച്ചിരിക്കുന്നതു്.

33 P. 200. L. 4. പെട്ടിമറ്റമാണു്. L. 18. സി. റജീനാ, സി. സ്റ്റാൻസിലാസിയാ, ചങ്ങനാശേരി—ഈ തിരുത്തലുകൾ ആവശ്യമാണു്.

34 P. 202. L. 7. ഇടമറുകിൽ താമസിക്കുന്ന ജോസഫിന്റെ മകൾ ചിന്ന എന്ന ഭേദപ്പെടുത്തണം. L. 25. തൊമ്മന്റെ അഞ്ചാമത്തെ

പുത്രൻ ജോസഫാണു് റവ. ഫാ. ജെ. ററി. കിഴക്കേക്കര.

35 P. 217. L. 3. മൂന്നു പുത്രന്മാരാണു്. (പുത്രി കളല്ലാ.)

36 P. 215. മൂന്നുമാക്കൽ ഔസേപ്പിന്റെ നാലാമത്തെ മകൻ ചെറിയാൻ മൂവാറ്റുപുഴ തോട്ടത്തിൽ കുരുവിന്റെ മകൾ മേരിയെ വിവാഹം ചെയ്തു് വാരപ്പെട്ടിയിൽ താമസിക്കുന്നു. ചെറിയാൻ കാനറാബാങ്കിന്റെ കോതമംഗലം ശാഖയിലെ ഒരു ഉദ്യോഗസ്ഥനും, മേരി ഇളങ്ങവംസ്കൂളിലെ ഒരു അദ്ധ്യാപികയുമാണു്. ചെറിയാന്റെ പുത്രന്റെ പേരു റൈറ്ററസ്സ് ആണു് (ജോസഫ് എന്നു പുസ്തകത്തിൽ കാണുന്നതു ശരിയല്ല.)

37 P. 243. L. 1 നാഗന്തുഖിൽ തറവാട്ടിൽ താമസമാക്കിയതു് 'പോത്തൻ' ആണു്. ഇട്ടിച്ചെറിയതു് അല്ല.

38 P. 261. L. 2. മണ്ണൂർ തറവാട്ടിൽ താമസിച്ച ഇട്ടിച്ചെറിയതു് മകൻ തൊമ്മനു് ചെറിയതു് (കുഞ്ഞച്ചൻ) എന്നു പേരുള്ള ഏക പുത്രനും, രണ്ടു പുത്രിമാരും മാത്രമേ സന്താനങ്ങളുണ്ടായിരുന്നുള്ളു. രണ്ടു പുത്രന്മാർ എന്നു പറഞ്ഞിരിക്കുന്നതു് തെറ്റാണു്.

39 P. 267 L. 2 മണ്ണൂർ — തെത്തോട്ടത്തിൽ തൊമ്മച്ചന്റെ ഇളയപുത്രി ക്ലാരമ്മയെ ചേന്ന



The All-India Secondary School Headmasters' Association celebrated the 60th birth-day of its President, Dr. C. T. Kottaram, at the International Hotel, Ernakulam, on 20th May 1967. The Chief Minister of Kerala, Shri E. M. S. Nampoodiripad, presided over the meeting and Shri A. N. Tampi, Chairman of the State Education Advisory Board, proposed the toast.



Dr. C. T. Kottaram replies to the toast proposed by Shri A. N. Tampi at the meeting held at Ernakulam to congratulate him on his 60th birth-day (20-5-1967) Chief Minister Shri E. M. S. Nampoodiripad, Shri A. N. Tampi and Shri Alexander Parampithara (Assembly Speaker) are seen in the picture.



Dr. Zakir Hussain, President of India, in conversation with Dr. Kottaram, the President of All India Secondary School Headmasters' Association, at a meeting of the Association held at Ernakulam



His Grace the Most Rev. Dr. Donald Cogan, Member of the House Lords and Arch-bishop of York in England, visited the International Linguistic and Cultural Institute Palai, on 6-1-1972. He was received by Dr. Kottaram and staff and students of the Institute

ങ്കരിയിൽ, വിടോൻ സി. മാത്യു കുട്ടമ്മേൽ വിവാഹം ചെയ്തു. അവർക്ക് പുഷ്പമ്മമാത്യു M. sc. ജോസഫ് മാത്യു B. sc. തോമസ് മാത്യു എന്നു് മൂന്നുമക്കൾ ഉണ്ടു്.

40 P. 267. L. 10 പെറിയാന്റെ രണ്ടാമത്തെ പുത്രി അക്കമ്മയെ പുളിങ്കുന്നു കണ്ണാടിയിൽ പുത്തൻകളത്തിൽ മാത്യു (Manager Vimala Films, Kottayam) വിവാഹം ചെയ്തു. മൂന്നാമത്തെ പുത്രി കുഞ്ഞമ്മ അവിവാഹിതയാണു്.

41 P. 268. Pr 2 മണ്ണൂർ വള്ളികാട്ടുകഴിയിൽ ഔസേപ്പു് പാലായിൽ വയലിൽകളപ്പുരയിൽ മറിയാമ്മയെ (പാലാ മെത്രാൻ, വയലിൽ സെബാസ്റ്റ്യൻ തിരുമനസ്സിലെ മൂത്ത സഹോദരി) വിവാഹം ചെയ്തു.

42 P. 326. മണ്ണൂർ കുടുംബം–അങ്കമാലി ശാഖ അനുബന്ധമായി ചേർത്തിരിക്കുന്നതു്, 275–ാം പേജിൽ മണിമല ശാഖക്കു ശേഷം വരേണ്ടതാണു്.

N. B. നിർദ്ദേശിക്കപ്പെട്ട തിരുത്തലുകൾ എല്ലാം ചേർത്തിട്ടുണ്ടു്. നിര്യാതരായവരുടെ വിവരങ്ങൾ അറിഞ്ഞിടത്തോളം ചേർക്കാൻ കഴിഞ്ഞിട്ടുണ്ടു്. അതുപോലെതന്നെ 1968–നു ശേഷം വിവാഹം ചെയ്തവരുടേയും അറിഞ്ഞിടത്തോളം ചേർക്കുവാൻ കഴിഞ്ഞു.

അനുബന്ധം V

മുത്തോലിലെ എറകോന്നി കുടുംബങ്ങൾ (തുടർച്ച)

മണ്ണൂർ കുടുംബം – അങ്കമാലി ശാഖ

മണ്ണൂർ കുഞ്ഞച്ചന്റെ പുനർവിവാഹത്തിലെ ഇളയമകൻ വക്കി അയക്കുന്നത്തു കുടകശ്ശേരി കുന്നപ്പള്ളിയിൽനിന്നും മറിയാമ്മയെ വിവാഹം ചെയ്തു. അവർക്കു സന്താനങ്ങളായി ചെറിയ, തൊമ്മൻ, അന്തോനി എന്ന 3 ആൺ മക്കളും, ഏലി, മറിയം, ചിന്നമ്മ എന്ന 3 പെൺമക്കളും ഉണ്ടായി. 2 പെൺകുട്ടികൾ ശിശുപ്രായത്തിൽത്തന്നെ മരിച്ചു. മൂത്ത മകൾ ഏലി സി. കാറോളിന എന്ന പേരിൽ മറക്കുട മഠത്തിൽ താമസിക്കുന്നു. ബാക്കി കുടുംബാംഗങ്ങൾ 1927-ൽ തൊടുപുഴയ്ക്കു താമസം മാറ്റുകയും, രണ്ടു വർഷത്തിനു ശേഷം അവിടെനിന്നു അങ്കമാലിക്കടുത്ത തുറവൂർ ഗ്രാമത്തിൽ സ്ഥിരതാമസമാക്കുകയും ചെയ്തു. മറിയാമ്മ 1965-ൽ 80-ാമത്തെ വയസ്സിലും, വക്കി 1968-ൽ 85-ാമത്തെ വയസ്സിലും മരിച്ചു.

മൂത്തമകൻ ചെറിയ അയക്കുന്നത്തു തോട്ടപുറത്തുനിന്നും ത്രേസ്യായെ വിവാഹം കഴിച്ചു. വർഗ്ഗീസ്, ജോസ്, ഉലഹന്നൻ, കുര്യച്ചൻ എന്നീ ആൺമക്കളും

മറിയാമ്മ, ചിന്നമ്മ എന്നീ പെൺമക്കളും അവരുടെ സന്താനങ്ങളാണ്. ചെറിയ, ഇളയമകൻ കുര്യാച്ചനോടുകൂടി തൊടുപുഴെ താമസിക്കുന്നു. മററു മക്കൾ വിവാഹിതരായി മലബാറിൽ താമസിക്കുന്നു.

തുറവൂർ താമസിക്കുന്നവരിൽ തൊമ്മൻ ചാലക്കുടിയിൽ മഞ്ഞളിവിട്ടിൽനിന്നും മറിയക്കുട്ടിയെ വിവാഹം കഴിച്ചു. അവരുടെ മക്കൾ വക്കച്ചൻ, പൗലോസ്, മേരി, അൽഫോൻസാ എന്നിവരോടുകൂടി കാർഷികവൃത്തിയിൽ കഴിയുന്നു.

വക്കിയുടെ ഇളയമകൻ ആൻറണിയും ചാലക്കുടി മഞ്ഞളിവീട്ടിൽനിന്നുതന്നെ അന്നമ്മയെ വിവാഹം കഴിച്ചു. അവർക്ക് ജോസഫ്, പൗലോസ്, ജോർജ്ജ്, ഫ്രാൻസീസ്, ഫിലിഫ്, അഗസ്റ്റിൻ എന്ന് 6 ആൺമക്കളുണ്ട്. എല്ലാവരും വിദ്യാർത്ഥികളാണ്. ആൻറണി ഇപ്പോൾ ആഴകം ഗവ. എൽ. പി. സ്കൂളിൻെറ ഹെഡ്മാസ്റ്ററായി ജോലി നോക്കുന്നു.

M. V. Antony, Mannoor

അനുബന്ധം VI

സംഭാവന ലിസ്റ്റ്.

കുറിപ്പ്:— എറകോന്നി പുത്തമ്പുര കുടുംബചരിത്രം തയ്യാറാക്കി പ്രസിദ്ധപ്പെടുത്തണമെന്നു തീരുമാനമെടുത്തതു് ''എറകോന്നി പുത്തമ്പുരകുടുംബയോഗ''മാണു് ആ കുടുംബയോഗത്തിലെ അംഗങ്ങളം പടിഞ്ഞാറെക്കരവിഭാഗത്തിൽപ്പെട്ടവരാണു്. കിഴക്കേക്കര വിഭാഗത്തിലുള്ളവക്കു് പ്രത്യേകം കുടുംബയോഗമുണ്ടു്. ഇരുവിഭാഗക്കാർക്കുംവേണ്ടി നിലകൊള്ളുന്ന ഒരു സംഘടനയായിട്ടാണു് പടിഞ്ഞാറേക്കരകുടുംബയോഗം സംഘടിതമായതെന്നു കരുതേണ്ടിയിരിക്കുന്നു. ഇന്നു പ്രവർത്തനത്തിലിരിക്കുന്ന സംഘടന നേരത്തെ പ്രവർത്തനത്തിലിരുന്നതും പിന്നീടു് പ്രവർത്തനരഹിതമായതുമായ സംഘടന പുനരുദ്ധരിക്കപ്പെട്ടതാണു്. (See pages 220-228)

കുടുംബചരിത്രം പടിഞ്ഞാറേക്കരവിഭാഗത്തിന്റെയു മാത്രമായിരിക്കട്ടെ തല്ക്കാലം എന്നാണു് കുടുംബയോഗം തീരുമാനിച്ചതു്. (See P. 226) കുടുംബചരിത്രം അച്ചടിക്കുന്നതിനു കുടുംബയോഗഫണ്ടു് വിനിയോഗിക്കാനും തീരുമാനമുണ്ടായി. ഫണ്ടു് ഇതിനുതികയുമോ എന്നു നിശ്ചയിക്കാൻ കഴിയാഞ്ഞതിനാൽ ഓരോ കുടുംബനായകനും അഞ്ചുരൂപാവീതം പ്രത്യേകസംഭാവനയായി നല്കണമെന്നും സംഭാവന നല്കുന്നവക്കു് ഓരോ പുസ്തകം സൗജന്യമായി നല്കുകയും, മറ്റുള്ളവക്കു പുസ്തകം വിലക്കു വില്ക്കുകയുമാണു വേണ്ടതെന്നും അന്നതന്നെ തീരുമാനിക്കപ്പെട്ടു. പുസ്തകം പ്രസിദ്ധപ്പെടുത്തുന്ന ഘട്ടംവരെ കൂടുതൽ സംഭാവന നല്കുന്നവക്കു് അഞ്ചുരൂപാസ്സു് ഒരു പുസ്തകം വീതം നല്കണമെന്നും യോഗം അഭിപ്രായം രേഖപ്പെടുത്തിയിരുന്നു. സംഭാവനലിസ്റ്റു പുസ്തകത്തിൽ ചേർക്കണമെന്നുള്ളതു് യോഗത്തിന്റെ മറൊരു തീരുമാനമായിരുന്നു.

I

പടിഞ്ഞാറേക്കര വിഭാഗത്തിൽപ്പെട്ടവരിൽനിന്നും ലഭിച്ച പ്രത്യേക സംഭാവന വിവരങ്ങൾ

അഞ്ചു രൂപാവീതം നൽകിയവർ: 1) വെള്ളിമൂഴയിൽ മാത്യു പൗലോസ് 2) വെള്ളിമൂഴയിൽ മാത്യു തൊമ്മൻ

3) തെക്കേക്കണ്ടത്തിൽ മത്തായി ഈപ്പൻ 4) വെട്ടുകാട്ടിൽ സി. സി. മാത്യു 5) കുത്തിവളപ്പിൽ കെ. ജെ. ജോസഫ് 6) തെരുവിൽ ജോസഫ് ജോസഫ് 7) വെള്ളിമൂഴയിൽ ഔസേപ്പ് തൊമ്മൻ 8) പൗലോസ് ജെ. വെള്ളിമൂഴയിൽ 9) ഒ. ജെ. സ്കറിയാ ഒറപ്പാക്കൽ 10) തെരുവിൽ ഫ്രാൻസിസ് തോമസ് 11) മത്തായി മാണി തെരുവിൽ 12) കുത്തിവളപ്പിൽ ജോസഫ് വക്കി 13) തെരുവിൽ ജോസഫ് ആഗസ്തി 14) സി. കെ. ജോൺ ചീരാങ്കുഴി 15) സി. എം. ആൻറണി ചക്കൻകളം 16) ഈപ്പൻ തൊഴുത്തുങ്കവയലിൽ (കാരിപ്പടവിൽ) തൃശ്ശൂർ 17) എം. എം. പോത്തൻ മുണ്ടാങ്കൽ 18) തോമസ് ഡോമനിക്ക് മണ്ഡപത്തിൽ 19) ജോസഫ് കുര്യാക്കോസ് കൊട്ടാരത്തിൽ 20) കുര്യാക്കോസ് സിറിയക്ക് കൊട്ടാരത്തിൽ 21) എ. ജെ. ഈപ്പൻ അഞ്ചേരിൽ 22) കെ. കെ. ജോസഫ് കളപ്പുരയ്ക്കൽ 23) പൈലോ തോമസ് മേടയ്ക്കൽ 24) റവ. ഫാ. ജോർജ്ജ് കുത്തിവളപ്പിൽ 25) റവ. എം. മാത്യു തറപ്പേൽ 26) ജോസഫ് അബ്രാഹം പടിഞ്ഞാറേക്കര 27) പി. ജെ. ആൻറണി പടിഞ്ഞാറേക്കര 28) ജോസഫ് പൈലോ കുത്തിവളപ്പിൽ 29) മത്തായി വക്കി ചക്കൻകളത്തു കളപ്പുരയിൽ 30) ജോസഫ് ദേവസ്യാ തെരുവിൽ 31) കെ. റവ. മാത്യു കൊട്ടാരം 32 കെ. കെ. മാത്യു കൊട്ടാരം 33) റവ. ഡോ. സി. റവ കൊട്ടാരം 34) പി. ഒ. കുര്യാക്കോസ് പഴേകൈതോലിൽ 35) ജോസഫ് തോമസ് പടിഞ്ഞാറേക്കര 36) തൊമ്മൻ ദേവസ്യാ മണ്ഡപത്തിൽ 37) തോമസ് കുരുവിള കെട്ടമ്പൻപുരയിടം 38) പി. എ. ചെറിയാൻ പാലിയേക്കുന്നേൽ 39) മാണി മാത്യു ചീരാങ്കുഴി 40) സി. കെ. തോമസ് ചീരാങ്കുഴി 41) ചാക്കൊ ചെറിയാൻ മുണ്ടാങ്കൽ 42) തോമസ് ചെറിയാൻ മുണ്ടാങ്കൽ 43)

ി. സി. ജോസഫ് വെട്ടുകാട്ടിൽ 44) ജോസഫ് ഡ്ഡറിയാ അഞ്ചേരിൽ 45) വി. ജെ. ജോസഫ് ഇല്ലത്തു വട്ടുകാട്ടിൽ 46) ജോസഫ് കളപ്പുരയ്ക്കൽ 47) ജോ സഫ് മാത്യു തൊഴുത്തുങ്കവയലിൽ 48) തൊമ്മൻ അ ത്രയോസ് തെക്കേക്കണ്ടത്തിൽ 49) മിസ്സസ് കെ. സി. ജാൺ പുതിയിടം 50) റവ. ഫാ. തോമസ് കൊട്ടാരം .. C. M. ചർച്ച് മരിയാപുരം, കടപ്പാ P. O. / A. P., 51) ജോസഫ് കൊട്ടാരം കപ്പാട്. 52) കെ. ററി. ചെറി യാൻ കൊട്ടാരം 53) ററി. ജോസ് ചക്കൻകുളം. 54) മാത്യു ജോസഫ് (കുഞ്ഞ്) തറപ്പേൽ 55) കുര്യൻ തോ സ് ചക്കൻകുളം 56) തൊമ്മൻ ജോസഫ് മണ്ടപത്തി 57) എ. ജെ. ജോസഫ് അഞ്ചേരിൽ. 58) ജോ സഫ് അബ്രാഹം പടിഞ്ഞാരേക്കര (Rs. 20 നാലു പ്രതി ാൾക്കു കൂടി)

II

കിഴക്കേക്കര വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും ലഭിച്ച സംഭാവന വിവരങ്ങൾ

റിപ്പ്:— പടിഞ്ഞാറെക്കരവിഭാഗത്തിന്റെ ചരിത്രം 1969—ൽ യാറാക്കി അച്ചടിപ്പിച്ചുകഴിഞ്ഞപ്പോൾ, കിഴക്കേക്കരവിഭാഗത്തി ന്റെ ചരിത്രം ആ വിഭാഗത്തിൽപ്പെട്ട ഒരു വിദഗ്ദ്ധനെക്കൊണ്ട് തയാ ക്കിച്ച് അതുംകൂടിചേർത്ത് മാതൃകുടുംബത്തിന്റെ ചരിത്രം പൂർണ്ണരൂ ത്തിൽ പ്രസിദ്ധപ്പെടുത്തണമെന്നും അതിലേക്കു വേണ്ടിവരുന്ന ചി വ് നല്കുവാൻ കിഴക്കേക്കരവിഭാഗത്തിലെ കുടുംബനാഥന്മാരോ യ്ത്ഥിക്കാമെന്നും, വേണ്ടിവന്നാൽ, ചിലവുമുഴുവൻ താൻതന്നെ ഹിച്ചുകൊള്ളാമെന്നും കുടുംബയോഗം രക്ഷാധികാരി റവ. ഡോ. ി. ററി. കൊട്ടാരം നിർദ്ദേശിച്ചു. ആ നിർദ്ദേശം കുടുംബയോഗം കകണ്ഠമായി സ്വീകരിച്ചു. അതനുസരിച്ചു ഡോ. കൊട്ടാരം ശ്രീ. ., ഐ. വർക്കിയെ സമീപിച്ച് കിഴക്കേക്കരവിഭാഗത്തിന്റെ ച

ർത്രം തയാറാക്കിത്തരുവാൻ അഭ്യർത്ഥിക്കയും അദ്ദേഹം അതു സസ
ന്തോഷം സ്വീകരിച്ചു ചരിത്രം 1971–ൽ തയാറാക്കിത്തരികയും ചെ
യ്തു. ചരിത്രത്തിന്റെ അച്ചടി പൂർത്തിയാകാറായപ്പോഴും അച്ചടിച്ചിലേ
വിലേക്കു് സംഭാവനയും നല്കുവാൻ സന്തോഷമുള്ളവർ അപ്രകാരം
ചെയ്യണമെന്നു ഡോ. കൊട്ടാരം കിഴക്കേക്കരവിഭാഗത്തിലെ നാല്പ
തോളം കുടുംബനാഥന്മാർക്കു് സ്വന്തം കൈപ്പടയിൽ കത്തുകളും എഴു
തി അയച്ചു. കിഴക്കേക്കരവിഭാഗത്തിലെ ബ. വൈദികർക്കും പ്ര
ത്യേകം എഴുതിയിരുന്നു. ഡോ. കൊട്ടാരത്തിന്റെ അഭ്യർത്ഥനയ്ക്കു്
കിഴക്കേക്കരവിഭാഗത്തിലെ സഹോദരന്മാരിൽനിന്നുണ്ടായ പ്രതിക
രണം ഏറ്റവും പ്രോത്സാഹജനകമായിരുന്നുവെന്നു് എടുത്തുപറയേണ്ട
തായിട്ടുണ്ടു്. 27 പേരിൽനിന്നും സംഭാവനകൾ ലഭിച്ചു.

രൂപാ 50 വീതം: 1) കെ. എം. ഈപ്പൻ കിഴക്കേക്കര
പുത്തൻപുരയ്ക്കൽ. 2) തൊമ്മൻ മാത്യു കിഴക്കേക്കര പു
ത്തൻപുരയ്ക്കൽ (കരോട്ടെവീട്ടിൽ). രൂപാ 35: വക്കീ
മത്തായി ഇളംതോട്ടം. രൂപാ 30: തൊമ്മൻ ജോസഫ്
തട്ടാൻപറമ്പിൽ. രൂപാ 25: 1) വക്കീ വക്കീ ഇള
തോട്ടം. 2) ഇട്ടിയയ്പ്പ് ഇട്ടിയയ്പ്പ് (ഔസേപ്പച്ചൻ)
കന്നേൽ. 3) തൊമ്മൻ മാത്യു പുലിമലക്കുന്നേൽ
രൂപാ 20: 1) വക്കീ വക്കീ കിഴക്കേക്കര കരോട്ടവ
ട്ടിൽ. 2) മൂന്നുമാക്കൽ ജോസഫ് ചെറിയാൻ
രൂപാ 15:- ഇട്ടിയയ്പ്പ് വർക്കി കൈതോലിൽ
രൂപാ 10:- 1) ആഗസ്തി തൊമ്മൻ ഈന്തുങ്കൽപ്പോത്
2) ചെറിയാൻ പോത്തൻ കൊച്ചുമറ്റം. 3) ചെറിയാ
ൻ ചെറിയാൻ കൊച്ചുമറ്റം. 4) ചെറിയാൻ തൊമ്മൻ
കൊച്ചുമറ്റം. 5) ഇട്ടിയേപ്പ് ഇട്ടിയേപ്പ് കൈതോലി
ൽ. 6) തൊമ്മൻ ഈപ്പൻ തട്ടാൻപറമ്പിൽ. 7) കെ
എം. മാത്യു കിഴക്കേക്കര 8) കെ. എം. ജോസഫ്
കിഴക്കേക്കര. 9) വക്കീ തൊമ്മൻ ഇളംതോട്ടം 10
K. T. ജോൺ പുലിമലക്കുന്നേൽ 11) ജോസഫ് ജേ

സഫ് കുന്നേൽ 12) മത്തായി ചെറിയാൻ കുമ്പുക്കൽ 13) തൊമ്മൻ ജോസഫ് പുലിമലക്കുന്നേൽ 14) ഇട്ടി ായപ്പ് തൊമ്മൻ പീടികയിൽ 15) ഇട്ടിയേപ്പ് ഇട്ടി ായപ്പ് പീടികയിൽ. 16) വക്കി ഉലഹന്നൻ (കുഞ്ഞി ലാ) കിഴക്കേക്കര. 17) സ്ലറിയാ ജോസഫ് താഴത്തു ചീട്ടിൽ.

N. B. 1. സംഭാവനകളം നൽകി കുടുംബചരിത്രപ്രസ്ഥാനം വി ജയിപ്പിച്ചവരോടുള്ള കൃതജ്ഞത സ്നേഹപൂർവ്വം രേഖപ്പെ ടുത്തുന്നു.

2. കുടുംബചരിത്ര പ്രസിദ്ധീകരണം സംബന്ധിച്ചുള്ള വ രവുചിലവു കണക്കു് യഥാകാലം ബന്ധപ്പെട്ടവരെ അ റിയിക്കുന്നതായിരിക്കും.

3. പത്തു രൂപായിക്കു് ഒരു പുസ്തകം വീതം എന്ന നിരക്കി ൽ സംഭാവന നൽകിയവർക്കെല്ലാം പുസ്തകങ്ങളം സംഭാ വനയായി നൽകുന്നതുമായിരിക്കും.

പ്രസാധകൻ.